

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തിരുവനന്തപുരം കോർപ്പറേഷൻ

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം-695033

ഇ-മെയിൽ: corptvm.ksad@kerala.gov.in
ഫോൺ : 0471-2320821

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം.കെ.എസ്.എ.704/ടി.വി.സി.9/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം-695033
തീയ്യതി: 28/03/2025
ഇ-മെയിൽ:
corptvm.ksad@kerala.gov.in
ഫോൺ: 0471-2320821

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ബഹു.മേയർ (സെക്രട്ടറി മുഖേന)
തിരുവനന്തപുരം കോർപ്പറേഷൻ

സർ,

വിഷയം : തിരുവനന്തപുരം കോർപ്പറേഷന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവനന്തപുരം കോർപ്പറേഷന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ((ഉപരിപത്രം സഹിതം)
2. ഡയറക്ടർ, നഗരകാര്യ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
   തിരുവനന്തപുരം(ഉപരിപത്രം സഹിതം) നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ, കൊല്ലം
4. കാര്യാലയ പകർപ്പ്

നമ്പർ: നം.കെ.എസ്.എ.704/ടി.വി.സി.9/2024 തീയ്യതി: 28/03/2025

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം കോർപ്പറേഷന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം കോർപ്പറേഷന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 454 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 244 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ശ്രീജ.കെ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	16-04-2024	31-03-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
01-06-2024	14-03-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ഹേമ.പി.കമ്മത്ത്,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി. വാലന്റീന.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി. സ്വപ്ന.ആർ.കെ,ഓഡിറ്റ് ഓഫീസർ

ശ്രീമതി. ആശ.റ്റി.ആർ,അസി: ഓഡിറ്റ് ഓഫീസർ

ശ്രീ. മോഹൻശങ്കർ.പി,അസി: ഓഡിറ്റ് ഓഫീസർ

ശ്രീമതി. ശ്യാമപ്രിയ.എസ്.എസ്,അസി: ഓഡിറ്റ് ഓഫീസർ

ശ്രീ. സുരേഷ് ബാബു.ബി,അസി: ഓഡിറ്റ് ഓഫീസർ

ശ്രീ.ആനന്ദ്.വി,അസി: ഓഡിറ്റ് ഓഫീസർ

ശ്രീമതി. ദീപ.എസ്.ആർ,അസി: ഓഡിറ്റ് ഓഫീസർ

ശ്രീമതി. സീന.കെ,അസി: ഓഡിറ്റ് ഓഫീസർ (21.01.2025 മുതൽ)

ശ്രീ.കിരൺ.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. റജീന.എ.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ (23.10.2024മുതൽ 04.11.2024വരെ)

ശ്രീ.ബിജിത് കുമാർ.ആർ.വി,ഓഡിറ്റർ

ശ്രീമതി. അമലദേവ്,ഓഡിറ്റർ

ശ്രീമതി.വന്ദന.വി.എസ്,ഓഡിറ്റർ

ശ്രീമതി.പൗർണ്ണമി.വി,ഓഡിറ്റർ (23.11.2024 FN വരെ)

ശ്രീ. വിഷ്ണുദാസ്.വി,ഓഡിറ്റർ (20.12.2024 AN മുതൽ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ആര്യ രാജേന്ദ്രൻ	മേയർ	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയ (വരെ
ശ്രീ. ബിനു ഫ്രാൻസിസ്	സെക്രട്ടറി	01-04-2023	18-03-2024
ശ്രീ. സജികുമാർ.വി	സെക്രട്ടറി (ഇൻ-ചാർജ്ജ്)	19-03-2024	31-03-2024
ശ്രീമതി. ലക്ഷ്മി.എസ്	ഡെപ്യൂട്ടി സെക്രട്ടറി	01-04-2023	31-03-2024
ശ്രീ. സജികുമാർ.വി	അഡീഷണൽ സെക്രട്ടറി	01-04-2023	31-03-2024
വിനോദ് കുമാർ.എസ്.എ	പ്രോജക്ട് ഓഫീസർ, യു.പി.എ.സെൽ	01-04-2023	31-03-2024
ശ്രീ. സഞ്ജീവ്.എസ്.ജെ	അഗ്രികൾച്ചർ ഓഫീസർ, ഉള്ളൂർ	01-04-2023	31-03-2024
ശ്രീ. മനു നരേന്ദ്രൻ	അഗ്രികൾച്ചർ ഓഫീസർ, ശ്രീകാര്യം	01-04-2023	31-03-2024
ശ്രീമതി. സിത്താര സഹദേവൻ	അഗ്രികൾച്ചർ ഓഫീസർ, തിരുവല്ലം	01-04-2023	31-03-2024
ശ്രീമതി. അഖില.എം.യു	അഗ്രികൾച്ചർ ഓഫീസർ, വിഴിഞ്ഞം	01-04-2023	31-03-2024
ശ്രീമതി. ഐശ്വര്യ.സി.എസ്	അഗ്രികൾച്ചർ ഓഫീസർ, കടകംപള്ളി	01-04-2023	31-03-2024
ശ്രീ.സുധീർ.എം.എൻ	അഗ്രികൾച്ചർ ഓഫീസർ, ആറ്റിപ്ര	01-04-2023	31-03-2024

ശ്രീമതി. മലർ.ഡി	അഗ്രികൾച്ചർ ഓഫീസർ, നേമം	01-04-2023	31-03-2024
ശ്രീ. പ്രശാന്ത്.പി.വി	അഗ്രികൾച്ചർ ഓഫീസർ, കുടപ്പനക്കുന്ന്	01-04-2023	31-03-2024
ശ്രീമതി. ഗിരിജ.എസ്.എസ്	അഗ്രികൾച്ചർ ഓഫീസർ, തിരുവനന്തപുരം നഗരസഭ	01-04-2023	31-03-2024
ശ്രീമതി.വിപിത.വി.പി	അഗ്രികൾച്ചർ ഓഫീസർ, കഴക്കൂട്ടം	01-04-2023	31-03-2024
ശ്രീമതി. തുഷാര.ടി.ചന്ദ്രൻ	അഗ്രികൾച്ചർ ഓഫീസർ, വട്ടിയൂർക്കാവ്	01-04-2023	31-03-2024
ശ്രീമതി. നീന.എൻ	പട്ടികജാതി വികസന ഓഫീസർ, ഗ്രേഡ്.I	01-04-2023	31-03-2024
ശ്രീമതി. ഷീജ മേരി.എ.പി	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2023	31-03-2024
ഡോ.ശ്രീരാഗ് ജയൻ.കെ.എസ്	വെറ്ററിനറി സർജൻ, നഗരസഭ മെയിൻ ഓഫീസ്	01-04-2023	31-03-2024
ഡോ. സേതുമാധവൻ.ആർ	സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി ഹോസ്പിറ്റൽ, പേട്ട	01-04-2023	31-03-2024
ഡോ.എസ്.എസ്. സുനിത	സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറിഹോസ്പിറ്റൽ, തിരുവല്ലം	01-04-2023	31-03-2024
ഡോ. ജയകൃഷ്ണൻ.റ്റി.എൻ	സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി ഹോസ്പിറ്റൽ,കഴക്കൂട്ടം	01-04-2023	31-03-2024
ഡോ.സിന്ധു.വി	സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി ഹോസ്പിറ്റൽ, വട്ടിയൂർക്കാവ്	01-04-2023	31-03-2024
ഡോ.എ. ഷെജി	സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി ഹോസ്പിറ്റൽ, നാലാഞ്ചിറ	01-04-2023	31-03-2024
ശ്രീമതി. സിന്ധു.ആർ	ഡെപ്യൂട്ടി ഡയറക്ടർ, ഡയറി ഡവലപ്പ്മെന്റ്	01-04-2023	25-10-2023
ശ്രീമതി. നിഷ.എ. സലീം	ഡെപ്യൂട്ടി ഡയറക്ടർ, ഡയറി ഡവലപ്പ്മെന്റ്	26-10-2023	31-03-2024
ശ്രീമതി. സുജ.എസ്.ജെ	സി.ഡി.പി.ഒ, അർബൻ I	01-04-2023	31-03-2024
ശ്രീമതി. ദീപ.എ.എസ്	സി.ഡി.പി.ഒ, അർബൻ II	01-04-2023	31-03-2024
ശ്രീമതി. സജിത.എൻ.നായർ	സി.ഡി.പി.ഒ, അർബൻ III	01-04-2023	31-03-2024
ശ്രീമതി. ഷീബ എഡ്വേർഡ്	സി.ഡി.പി.ഒ, അർബൻ IV	01-04-2023	31-03-2024
ഡോ. സ്മിത.എ	ചീഫ് മെഡിക്കൽ ഓഫീസർ, ഗവ. സിദ്ധ ഹോസ്പിറ്റൽ, വളളക്കടവ്	01-04-2023	31-03-2024
ഡോ. പ്രബിഷ	സീനിയർ മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ഡിസ്പെൻസറി, കോവളം	01-04-2023	16-08-2023
ഡോ. സ്മിത റാണി.കെ.എസ്	സീനിയർ മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ഡിസ്പെൻസറി, കോവളം	17-08-2023	31-03-2024
ഡോ. ജാകപലിൻ.എ	മെഡിക്കൽഓഫീസർ, ആയുർവേദ ഡിസ്പെൻസറി/ ഹോസ്പിറ്റൽ, പൂജപ്പുര	01-04-2023	31-03-2024
ഡോ. ശിവകുമാരി.പി	സീനിയർ മെഡിക്കൽഓഫീസർ, ആയുർവേദ ഡിസ്പെൻസറി/ഹോസ്പിറ്റൽ, സെക്രട്ടേറിയേറ്റ്	01-04-2023	31-03-2024

ഡോ. സീമാ മുരളി	ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി കടകമ്പള്ളി	01-04-2023	31-03-2024
ഡോ. കോശി	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വട്ടിയൂർക്കാവ്	01-04-2023	31-03-2024
ഡോ. ശിവകുമാർ.എം	സൂപ്രണ്ട്, നേമം ഹോസ്പിറ്റൽ	01-04-2023	31-03-2024
ശ്രീ. കൃഷ്ണകുമാർ.സി.സി	ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം	01-04-2023	09-08-2023
ശ്രീമതി. തങ്കമണി.ജെ	ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം	09-08-2023	05-02-2024
ശ്രീ. സുരേഷ് ബാബു.ആർ.എസ്	ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം	05-02-2024	31-03-2024
ഡോ. ഗോപകുമാർ.ആർ.എസ്	ഹെൽത്ത് ഓഫീസർ ഗ്രേഡ് I	01-04-2023	31-03-2024
ശ്രീ. ശശികുമാർ.പി.കെ	ഹെൽത്ത് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ. ബിജു.ബി	ഹെൽത്ത് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ. അജയകുമാർ.ബി	ഹെൽത്ത് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ. അജിത്.എ.വി	ഹെൽത്ത് ഇൻസ്പെക്ടർ, സെക്രട്ടേറിയറ്റ്	01-04-2023	31-03-2024
ശ്രീ. രാജേഷ്.കെ.എസ്	വ്യവസായ വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീ. ബിജു.കെ	എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൗത്ത് സോൺ	01-04-2023	31-03-2024
ശ്രീമതി. ബിന്ദു ജാസ്മിൻ.ഡബ്ല്യൂ.എസ്	എക്സിക്യൂട്ടീവ് എഞ്ചിനീയർ, നോർത്ത് സോൺ	01-04-2023	13-11-2023
ശ്രീ. ബിജു.ഡി	എക്സിക്യൂട്ടീവ് എഞ്ചിനീയർ, നോർത്ത് സോൺ	14-11-2023	31-03-2024
ശ്രീമതി. ബിന്ദു ജാസ്മിൻ.ഡബ്ല്യൂ.എസ്	എക്സിക്യൂട്ടീവ് എഞ്ചിനീയർ, സെൻട്രൽ സോൺ	01-04-2023	31-03-2024
ശ്രീ. ജോസ്.എച്ച്.ജോൺ	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, നേമം, തിരുവല്ലം, വിഴിഞ്ഞം സോണൽ	01-04-2023	15-11-2023
ശ്രീമതി.രമാകുമാരി.ബി.ആർ	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, നേമം, തിരുവല്ലം, വിഴിഞ്ഞം സോണൽ	16-11-2023	31-03-2024
ശ്രീമതി. ധന്യ.എസ്.നായർ	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഉള്ളൂർ, കടകമ്പള്ളി, കഴക്കൂട്ടം, ശ്രീകാര്യം, ആറ്റിപ്ര സോണൽ	01-04-2023	31-03-2024
ശ്രീമതി. സുമ.എസ്	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെയിൻ ഓഫീസ്	01-04-2023	31-03-2024
ശ്രീ. രാജീവ്.ആർ	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെയിൻ ഓഫീസ്, വട്ടിയൂർക്കാവ് സോണൽ	01-04-2023	31-03-2024
ശ്രീ.ജോസ്.എച്ച്.ജോൺ	അസി.എക്സിക്യൂട്ടീവ് എഞ്ചനീയർ, ഫോർട്ട് സോണൽ	01-04-2023	31-03-2024
ശ്രീമതി. രാമസുധ.എസ്.എസ്	അസിസ്റ്റന്റ് എഞ്ചിനീയർ വട്ടിയൂർക്കാവ്	01-04-2023	31-03-2024

ശ്രീമതി. രശ്മി.സി.എസ്	അസിസ്റ്റന്റ് എഞ്ചിനീയർ കുടപ്പനക്കുന്ന്	01-04-2023	31-03-2024
ശ്രീ. ജലജകുമാർ.വൈ	അസിസ്റ്റന്റ് എഞ്ചിനീയർ ഫോർട്ട് സോണൽ	01-04-2023	31-03-2024
ശ്രീമതി. ഗ്രീഷ്മ.എ.വി	അസിസ്റ്റന്റ് എഞ്ചിനീയർ ഫോർട്ട് സോണൽ	01-04-2023	31-03-2024
ശ്രീ.ലോറൻസ്.എച്ച്	അസിസ്റ്റന്റ് എഞ്ചിനീയർ ഫോർട്ട് സോണൽ	01-04-2023	31-03-2024
ശ്രീമതി. ലക്ഷ്മി.റ്റി.എൻ	അസിസ്റ്റന്റ് എഞ്ചിനീയർ നേമം സോണൽ	01-04-2023	31-03-2024
ശ്രീമതി. ശ്രീപ്രിയ.ആർ.എസ്	അസിസ്റ്റന്റ് എഞ്ചിനീയർ മെയിൻ ഓഫീസ്	01-04-2023	18-07-2023
ശ്രീമതി. സിന്ധു ദേവി	അസിസ്റ്റന്റ് എഞ്ചിനീയർ മെയിൻ ഓഫീസ്	19-07-2023	31-03-2024
ശ്രീമതി. ഹിമ.എസ്.യു	അസിസ്റ്റന്റ് എഞ്ചിനീയർ മെയിൻ ഓഫീസ്	01-04-2023	31-03-2024
ശ്രീ.ഷഫീക്ക്.എ	അസിസ്റ്റന്റ് എഞ്ചിനീയർ മെയിൻ ഓഫീസ്	01-04-2023	31-03-2024
ശ്രീ. കൃഷ്ണകുമാർ.എസ്	അസിസ്റ്റന്റ് എഞ്ചിനീയർ മെയിൻ ഓഫീസ്	01-04-2023	31-03-2024
ശ്രീ. സുബിൻ ശേഖർ	അസിസ്റ്റന്റ് എഞ്ചിനീയർ മെയിൻ ഓഫീസ്	01-04-2023	31-03-2024
ശ്രീമതി. നാജിയ.എൻ	അസിസ്റ്റന്റ് എഞ്ചിനീയർ മെയിൻ ഓഫീസ്	01-04-2023	31-03-2024
ശ്രീമതി. സുജ.എസ്	അസിസ്റ്റന്റ് എഞ്ചിനീയർ തിരുവല്ലം സോണൽ	01-04-2023	31-03-2024
ശ്രീമതി. ഗീതു പ്രശാന്ത്	അസിസ്റ്റന്റ് എഞ്ചിനീയർ - ശ്രീകാര്യം സോണൽ	01-04-2023	31-03-2024
ശ്രീ. ആരിഫ് മുഹമ്മദ്.എം	അസി.എഞ്ചിനീയർ, കടകംപള്ളി	01-04-2023	31-03-2024
ശ്രീ അജിത്കുമാർ ജി എസ്	കോർപറേഷൻ എഞ്ചിനീയർ	01-04-2023	06-06-2023
ശ്രീമതി ബിന്ദു ജാസ്മിൻ ഡബ്ല്യു എസ്.	കോർപറേഷൻ എഞ്ചിനീയർ	07-06-2023	13-11-2023
ശ്രീ സജീഷ് ആർ	കോർപറേഷൻ എഞ്ചിനീയർ	16-11-2023	31-03-2024
ശ്രീമതി നാജിയ എൻ	അസി. എഞ്ചിനീയർ, കഴക്കൂട്ടം	01-04-2023	10-04-2023
ശ്രീ ഷഫീക്ക് എ	അസി. എഞ്ചിനീയർ, കഴക്കൂട്ടം	10-04-2023	25-07-2023
ശ്രീ ആരിഫ് മുഹമ്മദ് എം	അസി. എഞ്ചിനീയർ, കഴക്കൂട്ടം	27-07-2023	31-03-2024
ശ്രീ. ആരിഫ് മുഹമ്മദ്.എം	അസി.എഞ്ചിനീയർ, ആറ്റിപ്ര	01-04-2023	25-07-2023
ശ്രീ.ശ്രീരാഗ്.ആർ.കെ	അസി.എഞ്ചിനീയർ, ആറ്റിപ്ര	25-07-2023	10-11-2023
ശ്രീ. ആരിഫ് മുഹമ്മദ്.എം	അസി.എഞ്ചിനീയർ, ആറ്റിപ്ര	15-11-2023	21-11-2023

ശ്രീ. ഷഫീക്.എ (അഡീ.ചാർജ്ജ്)	അസി.എഞ്ചിനീയർ, ആറ്റിപ്ര	23-11-2023	31-03-2024
ശ്രീ.വൈ.ജലജകുമാർ	അസി.എഞ്ചിനീയർ, വിഴിഞ്ഞം	01-04-2023	08-08-2023
ശ്രീ.ഗോകുൽ.കെ.എൽ	അസി.എഞ്ചിനീയർ, വിഴിഞ്ഞം	10-08-2023	31-03-2024
ശ്രീ.ഷഫീക്ക്.എ	അസി.എഞ്ചിനീയർ, ഉള്ളൂർ	01-04-2023	26-06-2023
ശ്രീമതി.ലക്ഷ്മി.സി.എസ്	അസി. എഞ്ചിനീയർ, ഉള്ളൂർ	12-07-2023	31-03-2024
ശ്രീമതി.ബിന്ദു ശിവദാസ്	പ്രിൻസിപ്പാൾ,ഗവ.ജി.എച്ച്.എസ്.എസ് ,പേരൂർക്കട	01-04-2023	31-03-2024
ഡോ.കെ.ലൈലാസ്	പ്രിൻസിപ്പാൾ,ഗവ.ജി.എച്ച്.എസ്.എസ്,പട്ടം	01-04-2023	31-03-2024
ശ്രീ.സജൻ എസ് ബെൻസൺ	പ്രിൻസിപ്പാൾ,ഗവ.ജി.എച്ച്.എസ്.എസ് ,മണക്കാട്	01-04-2023	31-03-2024

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	കെ-സ്മാർട്ട് പ്രകാരമുള്ള അക്കൗണ്ടിംഗ്-കണക്കുകൾ പൊരുത്തപ്പെടുന്നില്ല.	1-1-1
3	വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല.	1-1-2
4	നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.	1-1-3
5	ആസ്തികളുടെ ഡിപ്രീസിയേഷൻ-പത്രിക ലഭ്യമാക്കിയില്ല.	1-1-4
6	Prior Period Item I(18) Writeoff ചെയ്തതിന്റെ കൗൺസിൽ വിവരങ്ങൾ ലഭ്യമായില്ല.	1-1-5
7	അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.	1-1-6
8	തനത് വരുമാനം-ഡി.സി.ബി. ലഭ്യമാക്കിയില്ല.	1-1-7
9	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ വരുത്തുന്നില്ല.	1-1-8
10	അക്കൗണ്ടുകളിൽ നെഗറ്റീവ് ബാലൻസ് വരുന്നു.	1-1-9
11	സാംഖ്യ, കെ-സ്മാർട്ട് എന്നിവയിലെ റിപ്പോർട്ടുകൾ പൊരുത്തപ്പെടുന്നില്ല.	1-1-10
12	മുൻവർഷങ്ങളിലെ ബാധ്യതകൾ ക്രമീകരിച്ചിട്ടില്ല.	1-1-11
13	Capital Work In Progress-സുസ്ഥിര ആസ്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.	1-1-12
14	ക്യാഷ് അടിസ്ഥാനത്തിലുള്ള തനത് വരവുകൾ-പൊരുത്തക്കേട് നിലനിൽക്കുന്നു.	1-1-13
15	ബാങ്ക് ബുക്ക് പ്രകാരമുള്ള തുകകൾ-ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടില്ല.	1-1-14
16	ബാധ്യതാഫണ്ടുകൾക്ക് ലഭിച്ച പലിശ-വരുമാനമായി അക്കൗണ്ട് ചെയ്യുന്നു.	1-1-15
17	മുൻവർഷങ്ങളിലെ അഡ്വാൻസ്-നാളിതുവരെ ക്രമീകരിച്ചിട്ടില്ല.	1-1-16
18	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ അഡ്വാൻസ്-ക്രമീകരിക്കേണ്ടതുണ്ട്.	1-1-17
19	ഗ്രാന്റ് തുകകൾ വിവിധ റിപ്പോർട്ടുകൾ പ്രകാരം പൊരുത്തപ്പെടുന്നില്ല.	1-1-18
20	രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.	1-1-19
21	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി-ക്യാഷ് ബുക്കിലെ വിവരങ്ങളും എ.എഫ്.എസിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല..	1-1-20
22	KUDRFC ലോൺ വിവരങ്ങൾ-പൊരുത്തപ്പെടുന്നില്ല.	1-1-21
23	CFC ഫണ്ടിലെ വകമാറ്റൽ -വിശദീകരണം ലഭ്യമാക്കിയില്ല.	1-1-22
24	ബാധ്യതാ തുകകൾ വരുമാനം ഹെഡിൽ അക്കൗണ്ട് ചെയ്യുന്നു.	1-1-23
25	തൊഴിൽ നികുതി അരിയർ ഡിമാന്റ് ഈടാക്കിയിട്ടില്ല.	1-1-24
26	സർക്കാർ ഏജൻസികൾക്ക് നൽകേണ്ട തുക-നൽകാൻ അവശേഷിക്കുന്നു.	1-1-25
27	ഡെപ്പോസിറ്റ് ഇനത്തിൽ സ്വീകരിച്ച തുക-ക്രമീകരിച്ചിട്ടില്ല.	1-1-26
28	ബാങ്ക് ബുക്കിലെയും പാസ്ബുക്കിലെയും തുകകൾ-വ്യത്യാസം ക്രമീകരിച്ചിട്ടില്ല.	1-1-27
29	കരാറുകാർക്ക് നൽകിയ അഡ്വാൻസ് തുക ഭീമമായ തുക ക്രമീകരിക്കാനവശേഷിക്കുന്നു.	1-1-28
30	ജേണൽ വൗച്ചറുകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.	1-1-29
31	വാർഷിക ധനകാര്യ പത്രികയിൽ എല്ലാ ബാങ്ക് അക്കൗണ്ടുകളും ഉൾപ്പെടുന്നില്ല	1-1-30
32	ബജറ്റ്	1-2
33	സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പെയ്മെന്റ് പ്രകാരം)	1-3

34	ഗ്രാന്റ് വിനിയോഗം	1-4
35	തൊഴിലുറപ്പ് പദ്ധതി	1-5
36	ക്ഷേമ പദ്ധതികൾ	1-6
37	ക്യാഷ് പരിശോധന	1-7
38	പദ്ധതി ആസൂത്രണം - നടത്തിപ്പ് - അവലോകനം	1-8
39	ആഭ്യന്തര നിയന്ത്രണം	1-9
40	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
41	പണമാകാത്ത ചെക്കുകൾ/ഡി.ഡി-കൾ 13,64,306/- രൂപ നഗരസഭാ ഫണ്ടിൽ വരവ് വന്നില്ല.	1-11
42	മാനവൽ രസീത് ബുക്കുകളുടെ സ്റ്റോക്ക് വിവരങ്ങളുടെ പരിശോധന – ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും.	1-12
43	രസീതുബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധന – തൻവർഷത്തെ സ്റ്റോക്ക് വിശദാംശങ്ങൾ മുൻവർഷത്തെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല – സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ	1-12-1
44	നഗരസഭയിൽ മാനവൽ രസീതുകളുടെ ഉപയോഗം സംബന്ധിച്ച് അവ്യക്തത – ബന്ധപ്പെട്ട കൗൺസിൽ തീരുമാനം ലഭ്യമാക്കിയില്ല.	1-12-2
45	EPOS കളക്ഷൻ - അപാകങ്ങൾ	1-12-3
46	KSMART സോഫ്റ്റ് വെയറിൽ ലഭ്യമായ ലോഗിൻ- ഓഡിറ്റ് സമഗ്രമായി നിർവ്വഹിക്കുന്നതിന് പര്യാപ്തമല്ല.	1-13
47	വിനോദ നികുതി പരിശോധന - സ.ഉ(കൈ) 17/2024/തസ്വഭവ, തീയതി 31.01.2024 ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെ സ്ഥാപനം പ്രവർത്തിക്കുന്നു. വിനോദ നികുതി ഒടുക്കാത്തതുമൂലം നഗരസഭാ ഫണ്ടിന് ഭീമമായ നഷ്ടം.	1-14
48	1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ട്-ലെ നിർദ്ദേശങ്ങൾ പാലിച്ചില്ല – തീയറ്ററുകളിൽ നിന്നും സിനിമാസെസ് ഈടാക്കി കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ ഒടുക്കിയില്ല – നഗരസഭ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ച – നടപടി അനിവാര്യം	1-14-1
49	ബിൽഡിംഗ് പെർമിറ്റ്- റഗുലറൈസേഷൻ ഫീ വരവ് - കണക്കുകളിൽ ക്യത്യതയില്ല	1-15
50	IBPMS മുഖേനയുള്ള ബിൽഡിംഗ് പെർമിറ്റ് ഫീ വരവ് കറണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നു- നഗരസഭക്ക് വരുമാന നഷ്ടം	1-15-1
51	ക്രമവൽക്കരണം,പെർമിറ്റ് പുതുക്കൽ എന്നിവയിൽ അപേക്ഷാഫീസ് ഈടാക്കിയില്ല അഥവാ കുറവായി ഈടാക്കി	1-15-2
52	കെട്ടിട നിർമ്മാണ പെർമിറ്റ്- റെഗുലറൈസേഷൻ -കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കി	1-15-3
53	ക്രമവൽകരണ ഫീസ് കണക്കാക്കുന്നതിനുള്ള സ്ലാബ് നിർണ്ണയത്തിലെ അപാകത	1-15-4
54	കെട്ടിട നിർമാണാനുമതി പുതുക്കാതെ ക്രമവൽക്കരണം നടത്തി	1-15-5
55	2019-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് - ചട്ടങ്ങളുടെ ലംഘനം -അധിക വിസ്തീർണമുള്ള നിർമ്മിതിയ്ക്ക് പെർമിറ്റ് അനുവദിച്ചു.	1-15-6
56	IBPMS മുഖേന പെർമിറ്റ് അനുവദിക്കൽ – അപാകതകൾ	1-15-7
57	ബിൽഡിംഗ് പെർമിറ്റ്- പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല	1-15-8
58	വസ്തുനികുതി	1-16
59	നഗരസഭയുടെ വിജ്ഞാപനം പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുത്തിയില്ല – മുൻ വർഷത്തെ നിരക്കുകളിൽ	1-16-1

	വസ്തുനികുതി നിർണയം നടത്തി -32 വാർഡുകളിൽ നിന്നായി നഗരസഭാ ഫണ്ടിന്- 2,41,843/- രൂപയുടെ കുറവ്.	
60	വസ്തു നികുതി കുറവായി നിർണ്ണയിച്ചു- 74,017രൂപ നഷ്ടം	1-16-2
61	സേവന ഉപനികുതി, സർവ്വീസ് ചാർജ്ജ് എന്നിവ ഈടാക്കുന്നതിൽ നഗരസഭ കാര്യക്ഷമത പുലർത്തുന്നില്ല – 10,56,80,139 രൂപ ഈടാക്കാനവശേഷിക്കുന്നു.	1-16-3
62	വസ്തു നികുതി -61,09,99,750/- രൂപ കുടിശ്ശിക	1-16-4
63	അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ 7.61 കോടി രൂപ കുടിശ്ശിക	1-16-4-1
64	സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക -50,18,98,383/- രൂപ	1-16-4-2
65	വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക- 2.25 കോടി രൂപ	1-16-4-3
66	മൊബൈൽ ടവറുകളുടെ വസ്തുനികുതി 1,03,92,660/- രൂപ കുടിശ്ശിക	1-16-4-4
67	വസ്തു നികുതി -വാർഷിക ധനകാര്യ പത്രിക പ്രകാരം ഈടാക്കാനവശേഷിക്കുന്ന തുക സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ല.	1-16-5
68	കേന്ദ്രസർക്കാർ കെട്ടിടങ്ങളുടെ സർവ്വീസ് ചാർജ്ജ് കുടിശ്ശിക.	1-16-6
69	ആറ്റിപ്ര സോണൽ - VSSC യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഇനത്തിലെ കുടിശ്ശിക-189169/-രൂപ.	1-16-7
70	അനധികൃത കെട്ടിടങ്ങളെ പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി ക്രമവൽക്കരിക്കുന്നു	1-16-8
71	ഓക്യുപ്പെൻസി അനുവദിക്കുന്നതിലെ കാലതാമസം - അർദ്ധവർഷത്തെ വസ്തുനികുതി നഷ്ടമായി	1-16-9
72	നികുതി കുടിശ്ശികയുള്ള കെട്ടിടത്തിനു വേക്കൻസി റെമിഷൻ അനുവദിച്ചു നൽകി.	1-16-10
73	കെ- സ്മാർട്ട് മുഖേനയുള്ള വസ്തുനികുതി നിർണയം - മേഖലാ നിർണയത്തിലെ അപാകത	1-16-11
74	വാർഷിക വർദ്ധനവ് പ്രാബല്യത്തിൽ വരുത്തിയില്ല - വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്	1-16-12
75	വേക്കൻസി റെമിഷൻ, വിമുക്തഭടൻമാരുടെ വസ്തു നികുതി ഇളവ് വിവരങ്ങൾ എന്നിവ പൂർണമായും KSMART സോഫ്റ്റ്വെയറിലേക്ക് പോർട്ട് ചെയ്തിട്ടില്ല.	1-16-13
76	വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് - അധിക തുക ഈടാക്കി.	1-16-14
77	പ്രത്യേകപാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തെ പാർപ്പിടഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണയിച്ചു.	1-16-15
78	ഒറ്റത്തവണ നികുതി ഈടാക്കിയിട്ടില്ല.	1-16-16
79	KSMART ലേയ്ക്ക് ഡേറ്റ പോർട്ട് ചെയ്തതിലെ അപാകത – അർദ്ധവർഷത്തെ വസ്തുനികതി പൂർണമായും ഈടാക്കിയില്ല	1-16-17
80	ഫ്ലാറ്റ് സമുച്ചയങ്ങളുടെ വസ്തുനികുതി അസസ്മെന്റ് ഫയലുകളുടെ പരിശോധന – വസ്തുനികുതി അസസ് ചെയ്ത യൂണിറ്റുകളുടെ എണ്ണത്തിൽ വ്യത്യാസം	1-16-18
81	ഒക്യുപ്പൻസിയിൽ മാറ്റം വരുത്തി പരിഷ്ക്കരിച്ച നിരക്കിൽ വസ്തുനികുതി ഈടാക്കുന്നില്ല	1-16-19
82	തൊഴിൽ നികുതി ശേഖരണം - അപാകതകൾ	1-17
83	നഗരസഭാ മെയിൻ ഓഫീസ് തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	1-17-1

84	സോണൽ കാര്യാലയങ്ങൾ - ജീവനക്കാരുടെ തൊഴിൽ നികുതി നിർണയത്തിൽ അപാകം	1-17-2
85	ജീവനക്കാരുടെ തൊഴിൽ നികുതി ആറ്റിപ്ര സോണൽ- 16,366 /-രൂപയുടെ കുറവ്.	1-17-2-1
86	നേമം സോണൽ-950/-രൂപയുടെ കുറവ്	1-17-2-2
87	ജീവനക്കാരുടെ തൊഴിൽ നികുതി കടകംപള്ളി സോണൽ - 7,886 /-രൂപയുടെ കുറവ്.	1-17-2-3
88	കടകംപള്ളി സോണൽ - ജീവനക്കാരുടെ തൊഴിൽ നികുതി അധികമായി ഈടാക്കി.	1-17-2-4
89	വിവിധ സോണൽ പരിധിയിൽ വരുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.	1-17-2-5
90	സോണൽ കാര്യാലയങ്ങൾ - വ്യാപാരികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-17-3
91	ആറ്റിപ്ര സോണൽ- 6,63,520 /-രൂപ കുടിശ്ശിക	1-17-3-1
92	ശ്രീകാര്യം സോണൽ- 4,77,200/-രൂപ കുടിശ്ശിക.	1-17-3-2
93	കുടപ്പനകുന്ന് സോണൽ 15660 /-രൂപ കുടിശ്ശിക.	1-17-3-3
94	കടകംപള്ളി സോണൽ - 41800 /-രൂപയുടെ കുടിശ്ശിക.	1-17-3-4
95	വട്ടിയൂർക്കാവ് സോണൽ-3,15,420/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.	1-17-3-5
96	കഴക്കൂട്ടം സോണൽ-വ്യാപാരികളുടെ തൊഴിൽ നികുതി പൂർണമായും പിരിച്ചെടുത്തിട്ടില്ല.	1-17-3-6
97	സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല.	1-17-4
98	ശ്രീകാര്യം സോണൽ-സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതു മൂലം നഗരസഭാ ഫണ്ടിന് 16250/- രൂപയുടെ കുറവ്	1-17-4-1
99	സ്ഥാപനതൊഴിൽ നികുതി ഒടുക്കിയില്ല.	1-17-4-2
100	ഫോർട്ട് സോണൽ-സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനനികുതിയും അടവാക്കിയിട്ടില്ല.	1-17-5
101	തൊഴിൽ നികുതി സംബന്ധിച്ച മറ്റ് അപാകതകൾ	1-17-6
102	IFTE&OS ലൈസൻസ് - അപാകതകൾ	1-18
103	IFTE&OS ലൈസൻസ്- ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു.നഗരസഭാ ഫണ്ടിന് നഷ്ടം	1-18-1
104	കടംകപള്ളി സോണൽ ഓഫീസ്- IFTE & OS ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു. നഗരസഭാ ഫണ്ടിന് 47,500/- രൂപയുടെ നഷ്ടം	1-18-1-1
105	ആറ്റിപ്ര സോണൽ - IFTE & OS ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു- 2500/- രൂപ കുടിശ്ശിക.	1-18-1-2
106	വട്ടിയൂർക്കാവ്- IFTE & OS ലൈസൻസ് ഫീസ് 14,000/- രൂപ കുടിശ്ശിക	1-18-1-3
107	കഴക്കൂട്ടം സോണൽ - ലൈസൻസ് ഫീസ് പൂർണമായും ഈടാക്കിയിട്ടില്ല.	1-18-2
108	IFTE & OS ലൈസൻസ് ഫീസ് പരിശോധന -ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.	1-18-3
109	IFTE & OS ലൈസൻസ് നൽകൽ- സ്ഥാപനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ്.	1-18-4
110	IFTE & OS ലൈസൻസ് പുതുക്കാതെ സ്ഥാപനം പ്രവർത്തിച്ചു. നഗരസഭാ ഫണ്ടിന് നഷ്ടം	1-18-5
111	പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നില്ല.	1-18-6
112	റോഡ് കട്ടിംഗ് പ്രവൃത്തികളുടെ നിർവഹണം – സുഗമ പോർട്ടലിൽ ഓഡിറ്റർ ലോഗിൻ ലഭ്യമല്ല. ഓഡിറ്റ് പരിശോധന ഭാഗികമായി മാത്രം സാധ്യം	1-19

113	നഗരസഭ മെയിൻ ഓഫീസ് -റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ പ്രവൃത്തികൾ - അപാകതകൾ	1-19-1
114	നഗരസഭ മെയിൻ ഓഫീസ് റോഡ് കട്ടിംഗ് ഫീ - കുറവായി ഈടാക്കി - 1,86,164/- രൂപ നഗരസഭാ ഫണ്ടിന് നഷ്ടം.	1-19-2
115	തിരുവല്ലം സോണൽ-റോഡ് കട്ടിംഗ് ചാർജ് കുറഞ്ഞ നിരക്കിൽ ഈടാക്കി.നഷ്ടം-4,829/- രൂപ	1-19-3
116	കടകംപള്ളി സോണൽ - ഈടാക്കിയ റെസ്റ്റോറേഷൻ ചാർജ്ജിൽ കുറവ്- നഗരസഭാ ഫണ്ടിന് 2889/- രൂപയുടെ നഷ്ടം	1-19-4
117	കോൺക്രീറ്റ് റോഡ് കട്ടിംഗ് ഫീസ് - കുറഞ്ഞ നിരക്കിൽ ഈടാക്കി, നഷ്ടം - 2358/- രൂപ	1-19-5
118	നേമം-സോണൽ തെറ്റായ ശീർഷകത്തിൽ തുക വരവ് വച്ചു-വാർഷിക ധനകാര്യപത്രികയിലെ കണക്കുകളിലെ കൃത്യത ഇല്ലായ്മയ്ക്ക് കാരണമാകുന്നു.	1-19-6
119	ആറ്റിപ്ര സോണൽ- റോഡ് കട്ടിംഗ് ചാർജ് ഹെഡ് മാറി അടവാക്കി	1-19-7
120	റോഡ് റെസ്റ്റേറേഷൻ ചാർജ്ജ് 3,06,13,869/- രൂപ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.	1-19-8
121	ഭീമമായ വാടക കുടിശ്ശിക -കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി അനിവാര്യം.	1-20
122	നഗരസഭ മെയിൻ ഓഫീസ് പരിധിയിലെ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക –1,54,97,901/- രൂപ.	1-20-1
123	വിഴിഞ്ഞം പീപ്പിൾ ഹാൾ- വാടകയ്ക്ക് നൽകൽ-പിഴപ്പലിശയിനത്തിൽ 70,224/- രൂപ ലഭ്യമാകാനവശേഷിക്കുന്നു.	1-20-2
124	കടകംപള്ളി സോണൽ ഓഫീസ് പരിധിയിൽ കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല – നഗരസഭ ഫണ്ടിന് 46,020/- രൂപയുടെ നഷ്ടം	1-20-3
125	വട്ടിയൂർക്കാവ് സോണൽ-കടമുറികളുടെ വാടക കുടിശ്ശിക 52,752/-രൂപ	1-20-4
126	കഴക്കൂട്ടം സോണൽ-ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.	1-20-5
127	ലേലം - നടപടിക്രമങ്ങളിലെ അപാകം - തനതു വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു.	1-21
128	നഗരസഭ മെയിൻ ഓഫീസ് ലേലത്തുക കുടിശ്ശിക-6,89,881/- രൂപ.	1-21-1
129	ആറ്റിപ്ര സോണൽ- പബ്ലിക് മാർക്കറ്റ് ലേലം - 1,23,998/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.	1-21-2
130	വിഴിഞ്ഞം സോണൽ ഓഫീസ് പരിധിയിലെ കടമുറികളുടെ ലേലം-വാടകയിനത്തിൽ കുടിശ്ശിക തുക 89,295/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.	1-21-3
131	വിഴിഞ്ഞം സോണൽ -സെയിൽ ഓഫ് ഫോംസ് പരിശോധന – കണക്കുകളിൽ കൃത്യതയില്ല.	1-22
132	റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ വിതരണം - മുൻസിപ്പാലിറ്റി ഡി.സി.ആർ.ബി റൂൾസ് 1996 ലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.	1-23
133	നഗരസഭയിലെ സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ വിതരണം - ബിൽ തയ്യാറാക്കൽ മാനുവൽ രീതിയിൽ നിന്ന് സോഫ്റ്റ്വെയർ മുഖേനയുള്ള ഓട്ടോമേറ്റഡ് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് അടിയന്തിര നടപടി അനിവാര്യം	1-23-1
134	കണ്ടിജന്റ് പെൻഷണർമാരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണം - നഗരസഭയിലെ പെൻഷൻ രജിസ്റ്റർ, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ കണ്ട അപാകതകൾ.	1-23-1-1
135	കണ്ടിജന്റ് ജീവനക്കാരുടെ - പെൻഷൻ രേഖകളുടെ പരിശോധന – അർഹരായവർ മാത്രമാണോ വാങ്ങുന്നതെന്ന് ഉറപ്പാക്കുന്നില്ല	1-23-1-2

136	പൗരാവകാശരേഖ തയ്യാറാക്കിയിട്ടില്ല.	1-24
137	യഥാസമയം മെയിന്റനൻസ് നടത്താതെ ലേലത്തിൽ പങ്കെടുപ്പിക്കാനാകാത്ത ആസ്തികൾ നിലവിൽ നിഷ്ക്രിയ ആസ്തികളായി തുടരുന്നതിലൂടെ നഗരസഭയ്ക്ക് നഷ്ടം	1-25
138	തിരുവല്ലം സോണൽ പരിധിയിൽ പ്രവർത്തിച്ചു വരുന്ന ഫെറി സർവ്വീസുകളുടെ നടത്തിപ്പ്- സർക്കാർ ഉത്തരവിന്റെ പിൻബലമില്ലാതെ വള്ളവാടക നല്കി.	1-26
139	അമ്പലത്തറ പള്ളത്തു കടവ് കടത്ത് നടത്തിപ്പ്- 9150/-രൂപ തടസ്സപ്പെടുത്തുന്നു.	1-26-1
140	തെരുവ് വിളക്കുകളുടെ സംരക്ഷണവും പരിപാലനവും പദ്ധതി - ആധികാരികത ഇല്ലാതെ ചെലവുകൾ - 22,71,024/- രൂപ തടസ്സപ്പെടുത്തുന്നു.	1-27
141	തെരുവ് വിളക്കുകളും പരിപാലനവുമായി ബന്ധപ്പെട്ട് 2023-24 ൽ നടപ്പിലാക്കിയ പദ്ധതി - Implementation Of Energy Efficient LED Street Light Along With Centralised Control And Monitoring System (CCMS)- നടത്തിപ്പിൽ അപാകതകൾ	1-27-1
142	മുൻകൂറായി നൽകിയ 1,78,62,100/- രൂപ ക്രമീകരിച്ചിട്ടില്ല	1-28
143	വിവിധ ചെലവുകൾക്ക് മുൻകൂറായി അനുവദിച്ച തുക ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല - 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു.	1-28-1
144	മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല-7,00,000രൂപ തടസ്സപ്പെടുത്തുന്നു	1-28-2
145	മുൻകുറുകൾ ക്രമീകരിക്കൽ-81000 രൂപ തടസപ്പെടുത്തുന്നു	1-28-3
146	വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങൾ - നഗരസഭയിൽ കൃത്യമായ കണക്കില്ല.	1-29
147	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ	1-30
148	എന്റെ കേരളം -മിനി പ്ലാന്റ് ഇൻസ്റ്റലേഷൻ - 159300/- രൂപ തടസ്സപ്പെടുത്തുന്നു.	1-31
149	പരസ്യചാർജ്ജ് - സർക്കാർ ഉത്തരവ് പ്രകാരമുള്ള കിഴിവ് കുറവ് ചെയ്യാതെ തുക നൽകന്നത് നഗരസഭയ്ക്ക് അധികചെലവിന് കാരണമാകുന്നു.	1-32
150	പത്രപ്പരസ്യം-ഡിസ്കൗണ്ട് ലഭ്യമാകാത്തതിന് നഗരസഭ നടപടി സ്വീകരിക്കുന്നില്ല.	1-32-1
151	സംസ്ഥാന ലൈഫ് ഇൻഷ്വറൻസ്- അടിസ്ഥാന ശമ്പളത്തിനാനുപാതികമായ പ്രീമിയം അടവ് വരുത്തുന്നില്ല.	1-33
152	നഗരസഭ പരിധിയിൽ നിന്നും ലെഗസി വേസ്റ്റ് നീക്കം ചെയ്ത വകയിൽ ക്ലീൻ കേരള കമ്പനിയ്ക്ക് അധികത്തുക അനുവദിച്ചു - 28,910/- രൂപ നിരാകരിക്കുന്നു.	1-34
153	ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – ചെലവ് തുക 1331159/- രൂപ തടസ്സപ്പെടുത്തുന്നു	1-35
154	ചെലവ് രേഖകൾ ഹാജരാക്കിയില്ല – 54000/- രൂപ തടസ്സപ്പെടുത്തുന്നു.	1-35-1
155	ചെലവ് രേഖകൾ ഹാജരാക്കിയില്ല – 1845766/-/- രൂപ തടസ്സപ്പെടുത്തുന്നു.	1-35-2
156	അമൃത് പദ്ധതി ഫയലുകളുടെ പരിശോധന – മൾട്ടിലെവൽ കാർ പാർക്കിംഗ് - ഫയർ ഫൈറ്റിംഗ് & ഇലക്ട്രിക്കൽ പ്രവൃത്തികൾ - പ്രവർത്തനക്ഷമത ഉറപ്പുവരുത്താതെ തുക നൽകി 49,23,907/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	1-36
157	സെക്രട്ടറി നിർവഹണം നടത്തിയ വിവിധ മേഖലകളിലെ പദ്ധതികൾ- ഫണ്ട് വിനിയോഗം 50%നും താഴെ-പദ്ധതിപ്പണം പാഴാകുന്നു	1-37

158	നഗരസഞ്ചയം- പദ്ധതികളുടെ നടത്തിപ്പും, അക്കൌണ്ടിംഗും കാര്യക്ഷമമല്ല	1-38
159	നഗരസഞ്ചയം പദ്ധതി - കണക്കുകകളിൽ അവ്യക്തത- 8,27,97,297രൂപ തടസ്സപ്പെടുത്തുന്നു	1-39
160	നഗര സഞ്ചയം പദ്ധതി-വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം-കോടികൾ കേരളവാട്ടർ അതോറിട്ടിയിൽ നിക്ഷേപിച്ചു-പദ്ധതി പൂർത്തിയാക്കുന്നതിൽ കാലവിളംബം-5,10,50,000/-രൂപ തടസ്സപ്പെടുത്തുന്നു.	1-40
161	നഗരസഞ്ചയം പദ്ധതി - ഡെപ്പോസിറ്റ് വർക്കുകൾ- കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് UC ലഭിച്ചില്ല- 17769314/- രൂപ തടസ്സപ്പെടുത്തുന്നു.	1-40-1
162	നഗരസഞ്ചയം - ഡെപ്പോസിറ്റ് പ്രവൃത്തികൾ - എസ്റ്റിമേറ്റ്, കരാർ ഹാജരാക്കിയില്ല - ഫണ്ട് വിനിയോഗത്തിൽ 7,15,41,000രൂപയുടെ പൊരുത്തക്കേട്	1-41
163	നഗരസഞ്ചയം - തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും വിവിധ പദ്ധതികൾക്കായി നല്കിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല- 17870430രൂപ തടസ്സപ്പെടുത്തുന്നു.	1-42
164	ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-2,25,00,000 രൂപ തടസ്സപ്പെടുത്തുന്നു	1-43
165	തിരുവനന്തപുരം നഗരസഭ- ഹെൽത്ത് ഗ്രാന്റ് -ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല- കണക്കുകളിൽ പൊരുത്തക്കേട്	1-44
166	ചെലവ് രേഖകൾ ഹാജരാക്കിയില്ല – 10,76,642/- രൂപ തടസ്സപ്പെടുത്തുന്നു	1-44-1
167	ഹെൽത്ത് & വെൽനസ്സ് സെന്ററുകളിലേക്ക് ഫർണിച്ചർ വാങ്ങൽ-അപാകതകൾ	1-45
168	ഇ ഗവേണൻസ് പദ്ധതി - ബാക്കി തുക നൽകൽ – പദ്ധതി നിർവഹണത്തിലെ അപാകത - 7300061/- രൂപ തടസ്സപ്പെടുത്തുന്നു, ബില്ലിൽ നിന്നും ടിഡിഎസ് കുറവ് ചെയ്തില്ല- 88209/- രൂപ കേന്ദ്ര സർക്കാർ സ്ഥാപനത്തിന് നഷ്ടം	1-46
169	വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി - പ്രോജക്ട് നടത്തിപ്പിലെ അപാകത – 10132000/- രൂപ തടസ്സപ്പെടുത്തുന്നു, ടിഡിഎസ് റിക്കവറി നടത്തിയതിലെ കുറവ് 68000/-രൂപ കേന്ദ്രസർക്കാരിന് നഷ്ടം	1-47
170	ദ്രുതഗതിയിലുള്ള ദുരന്തപ്രതികരണത്തിനായി അടിയന്തിര ഉപകരണങ്ങൾ വാങ്ങൽ – പദ്ധതി നടത്തിപ്പിലെ അപാകത - 11,89,310/- രൂപ തടസ്സപ്പെടുത്തുന്നു	1-48
171	കൈമാറിക്കിട്ടിയസ്ഥാപനങ്ങളുടെ കുടിവെള്ളം, ടെലിഫോൺ ചാർജ് അടവാക്കൽ - രേഖകൾ ഹാജരാക്കിയില്ല - 18,34,055/- രൂപ തടസ്സപ്പെടുത്തുന്നു	1-49
172	സേവാകേന്ദ്രം-വാർഡ് കേന്ദ്രം - മതിയായ രേഖകൾ ഹാജരാക്കിയില്ല – 12,04,000/-രൂപ തടസ്സപ്പെടുത്തുന്നു	1-50
173	സ്കൂൾ സുരക്ഷാ പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകത - 14,69,746/- രൂപ തടസ്സപ്പെടുത്തുന്നു.	1-51
174	തണൽ പാലിയേറ്റീവ് കെയർ പദ്ധതി-8,29,230/-രൂപ നിരാകരിക്കുന്നു	1-52
175	ഹെൽത്ത് സ്കാഡിനായി വാഹനം വാങ്ങൽ -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.	1-53
176	പി.എച്ച്.സി., സി.എച്ച്.സി., യു.പി.എച്ച്.സി താലൂക്കാശുപത്രി എന്നിവിടങ്ങളിൽ അനധികൃത സ്റ്റാഫ് നിയമനം 66,99,924/-രൂപ തടസ്സപ്പെടുത്തുന്നു.	1-54
177	മാർഗരേഖയ്ക്ക് വിരുദ്ധമായി സ്വകാര്യ ആശുപത്രികളിൽ ചികിത്സ നേടിയവർക്ക് സൗജന്യമായി മരുന്ന് വിതരണം ചെയ്തു	1-55

178	ക്യാൻസർ കെയർ പ്രവർത്തനങ്ങൾ - രേഖകളുടെ അഭാവത്തിൽ ചെലവ് തുക 6,15,000/- രൂപ തടസ്സപ്പെടുത്തുന്നു.	1-56
179	നഗരമേഖലയിൽ പൊതുജനാരോഗ്യ യുണിറ്റ് സ്ഥാപിക്കൽ-ചെലവ് തുക 80,95,000/- രൂപ തടസ്സപ്പെടുത്തുന്നു.	1-57
180	പ്രോജക്ട്, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയില്ല - 16,53,716/- രൂപ തടസ്സപ്പെടുത്തുന്നു.	1-58
181	ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ് എന്റോൾമെന്റ് - പദ്ധതി നടത്തിപ്പിൽ അപാകതകൾ - 10,91,499/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-59
182	ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല – 12,02,752/- രൂപ തടസ്സപ്പെടുത്തുന്നു.	1-60
183	സ്റ്റോക്ക് വിതരണ രേഖകൾ ലഭ്യമാക്കിയില്ല – 45,48,899/- രൂപ തടസ്സപ്പെടുത്തുന്നു.	1-61
184	മാനദണ്ഡങ്ങൾ പാലിക്കാതെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വി ജി എഫ് നൽകി - 14,77,009/ രൂപ തടപ്പെടുത്തുന്നു.	1-62
185	ടാങ്കർ ലോറി വാങ്ങൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല – 45,83,336/- രൂപ തടസ്സപ്പെടുത്തുന്നു.	1-63
186	ഉറവിടമാലിന്യ സംസ്കരണം - ബയോകമ്പോസ്റ്റർ ബിൻ സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ - 1,39,45,571/- രൂപ തടസ്സപ്പെടുത്തുന്നു.	1-64
187	അനന്തപുരി മെഡിക്കൽസ് നടത്തിപ്പും പരിപാലനവും - മരുന്നുകൾ ലഭ്യമാക്കിയില്ല - പദ്ധതി ലക്ഷ്യം കണ്ടില്ല – 92,300/- രൂപ തടസ്സപ്പെടുത്തുന്നു	1-65
188	ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല - 6,52,224 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-66
189	സർക്കാർ ഉത്തരവ് പ്രകാരം ഈടാക്കാവുന്ന പരമാവധി വിലയിലധികരിച്ച തുകയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി മൾട്ടി മീഡിയ പ്രൊജക്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി -32,46,197/-രൂപ നിരാകരിക്കുന്നു.	1-67
190	സർക്കാർ ഉത്തരവ് പാലിക്കാതെ സ്കൂളുകൾക്കായി ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ നഗരസഭയ്ക്ക് നഷ്ടം-20,12,827/-രൂപ,ജിഎസ് ടി രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് ജിഎസ് ടി നൽകി-നഷ്ടം-92,973/-	1-68
191	ടെണ്ടർ ഒഴിവാക്കിയുള്ള വാങ്ങൽ -സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിലധികരിച്ച് തുക ഈടാക്കി നഗരസഭയ്ക്ക് നഷ്ടം-6116/-രൂപ,KADCO യുടെ പ്രൊപ്പോസലിലെ വിലയിലധികരിച്ച് തുക നൽകി നഷ്ടം-4961/-രൂപ	1-69
192	സ്കൂളുകളിൽ സിസിടിവി സ്ഥാപിക്കൽ-അനുബന്ധരേഖകളുടെ അഭാവത്തിൽ 4,91,050/-രൂപ തടസ്സപ്പെടുത്തുന്നു.ജിഎസ് ടി റ്റിഡിഎസ് ഈടാക്കുകയോ നികുതി അടവ് ഉറപ്പാക്കുകയോ ചെയ്തിട്ടില്ല.	1-70
193	സ്കൂളുകളിൽ ഡിജിറ്റൽ ലൈബ്രറി സജ്ജമാക്കൽ പദ്ധതി -സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായതിനാലും രേഖകൾ ഹാജരാക്കാത്തതിനാലും ചെലവ് തുകയായ 1,72,63,400/-രൂപ തടസ്സപ്പെടുത്തുന്നു. ആദായനികുതി 2,92,600/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തില്ല കേന്ദ്രസർക്കാരിന് നഷ്ടം	1-71
194	സാക്ഷരത തുടർ വിദ്യാഭ്യാസ പദ്ധതി-അനുബന്ധ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു-40,00,000/-രൂപ	1-72
195	എസ്എസ്എൽസി,+2പരിഹാരബോധനം-സർക്കാർ മാർഗ്ഗരേഖയ്ക്ക് വിധേയമായി പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.	1-73

196	സ്കൂളുകളിൽ ശുദ്ധമായ കുടിവെള്ളം - വാട്ടർ പ്യൂരിഫയർ ഇൻസ്റ്റലേഷൻ റിപ്പോർട്ടിന്റെ അഭാവത്തിൽ 1,84,454/-രൂപ തടസ്സപ്പെടുത്തുന്നു	1-74
197	ജെൻഡർ എജുക്കേഷൻ-ചെലവ് വൌച്ചറുകളുടെ അഭാവത്തിൽ 2,70,000/ രൂപ തടസ്സപ്പെടുത്തുന്നു.	1-75
198	പ്രീ പ്രൈമറി വിദ്യാലയങ്ങൾക്ക് പഠനോപകരണങ്ങൾ,കളിക്കോപ്പുകൾ വാങ്ങലിൽ സർക്കാർ ഉത്തരവുകളും സ്റ്റോർ പർച്ചേയ്സ് മാനുവലിലെ നിബന്ധനകളും പാലിച്ചില്ല.	1-76
199	"ഉണർവ് - പ്രഭാത ഭക്ഷണം" പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല-ചെലവ് തുക 3,68,62,441/-രൂപ തടസ്സപ്പെടുത്തുന്നു.	1-77
200	കായികാരോഗ്യം Open Gym ലൂടെ - പദ്ധതി ആസൂത്രണത്തിലെ പാളിച്ചകൾ	1-78
201	സ്കൂൾ എസ്.എം.എസ് - സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി - 24,14,186/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-79
202	കുട്ടികൾക്ക് കളരി പരിശീലനം - പദ്ധതി നടത്തിപ്പിൽ അപാകതകൾ - 4,71,842/- രൂപ തടസ്സപ്പെടുത്തുന്നു.	1-80
203	യോഗ പരിശീലനം - യോഗ മാറ്റുകൾ സ്കൂളിൽ സൂക്ഷിക്കാതെ കുട്ടികൾക്ക് സ്വന്തമായി നൽകി.	1-81
204	വോളന്റിയർമാർക്ക് അധിക വേതനം നൽകി - 8500/-രൂപ തടസ്സപ്പെടുത്തുന്നു.	1-82
205	പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പിലായില്ല. പദ്ധതിപ്പണം പാഴായി.	1-83
206	ഭവനപുനരുദ്ധാരണം-ജനറൽ മുഴുവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല- അർഹതയില്ലാത്ത ഗുണഭോക്താവിന് പദ്ധതി ആനുകൂല്യം നൽകി-100000/- രൂപ നിരാകരിക്കുന്നു.	1-84
207	ലൈഫ് ഭവനപദ്ധതി- വസ്തുവാങ്ങൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്.	1-85
208	സായാഹ്നം-വൃദ്ധസദനത്തിലെ ഭക്ഷണവും തുടർനടത്തിപ്പും-ചെലവുരേഖകൾ പൂർണമായും ഹാജരാക്കിയില്ല. 36409/-രൂപ തടസ്സപ്പെടുത്തുന്നു.	1-86
209	യാചകപുനരധിവാസ കേന്ദ്രത്തിന് ഭക്ഷണം നൽകലും തുടർനടത്തിപ്പും. ചെലവ് രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 4602/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-87
210	അഗതിരഹിത കേരളം പ്രോജക്ട്- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. 3000000/- രൂപ	1-88
211	പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാജനസെൽ, നിർവഹണം നടത്തിയ പ്രോജക്ടുകൾ-ഫയലുകൾ ലഭ്യമാക്കിയില്ല- 3144535/-രൂപ തടസ്സം ചെയ്യുന്നു	1-89
212	മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള നന്മ സ്കോളർഷിപ്പ് വിതരണം- തുക നൽകിയതിൽ ഇരട്ടിപ്പ് വിശദീകരണം ലഭ്യമാക്കിയില്ല-3021000/-രൂപ തടസ്സപ്പെടുത്തുന്നു	1-90
213	അംഗനവാടി ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ - പദ്ധതി നടത്തിപ്പിൽ അപാകതകൾ-809140/-തടസ്സപ്പെടുത്തുന്നു	1-91
214	അംഗനവാടി കുട്ടികൾക്ക് സ്കൂൾ യൂണിഫോം - വർണപകിട്ട് എന്ന പേരിൽ നടപ്പിലാക്കിയ പദ്ധതിയുടെ ആവശ്യകത വിലയിരുത്തേണ്ടത് അനിവാര്യം	1-92
215	ജാഗ്രതാ സമിതിയുടെ പ്രവർത്തനം	1-93
216	സ്മാർട്ട് സിറ്റി പ്രോജക്ട്-അവലോകനം	1-94

217	കാർഷിക മേഖലയിലെ പദ്ധതികൾ- ഗുണഭോക്തൃലിസ്റ്റിലൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി - 2,00,050/- രൂപ തടസ്സപ്പെടുത്തുന്നു.	1-95
218	കാലിത്തീറ്റ വിതരണ പദ്ധതി- അപാകങ്ങൾ	1-96
219	തെരുവ് നായ പ്രജനന നിയന്ത്രണവും വാക്സിനേഷനും - വൻ തുക ചെലവഴിക്കുന്നു. നഗരസഭയുടെ അനിവാര്യ ചുമതലയുടെ നടത്തിപ്പ് ലക്ഷ്യം നേടുന്നില്ല	1-97
220	പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണവും നിർവഹണവും- അവലോകനം	1-98
221	ഓടയുടെ സൈഡ് വാൾ (വശങ്ങളിലെ കോൺക്രീറ്റ്) നിർമ്മാണം ഉയർന്ന നിരക്കിലുള്ള കോൺക്രീറ്റ് ഉപയോഗിച്ചു. നഷ്ടം- 28802.06/- രൂപ	1-99
222	ഉദിയന്നൂർ തമ്പുരാൻ റോഡ്, കൂട്ടാംവിള ശ്രീചിത്ര നഗർ റോഡ്, അനശ്വര റോഡ് എന്നീ പ്രവൃത്തികളുടെ നിർവഹണത്തിലെ അപാകതകൾ-1100000/-രൂപ തടസ്സം ചെയ്യുന്നു.	1-100
223	എൽ.പി.എസ് കോമ്പൗണ്ടിലെ അംഗനവാടി കെട്ടിടനിർമ്മാണം- അണമുഖം വാർഡ്- പ്രവൃത്തിയിലെ അപാകതകൾ- 1214712/-രൂപ തടസ്സം ചെയ്യുന്നു.	1-101
224	പ്രവൃത്തി ഭാഗികമായി മാത്രം പൂർത്തീകരിച്ചു - തുടർനടപടി സ്വീകരിച്ചില്ല – പദ്ധതിപ്പണം പാഴാകുന്നു.	1-102
225	ടെണ്ടർ വർദ്ധനവ് രേഖപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾ റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല	1-103
226	എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ ആവശ്യകത ആധികാരികമായി ഉറപ്പിക്കാതെ കൂടിയ നിരക്ക് നൽകി.	1-104
227	കളിസ്ഥലങ്ങൾ സജ്ജമാക്കൽ (ടർഫ് നിർമാണം) പ്രോജക്ട് നിർവഹണത്തിലെ അപാതകൾ - 2453949/- രൂപ തടസ്സപ്പെടുത്തുന്നു	1-105
228	റോഡ് കോൺക്രീറ്റിന് തെറ്റായ നിരക്ക് അനുവദിച്ചു	1-106
229	പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - പിഴ ഈടാക്കിയില്ല/ ഈടാക്കിയതിൽ കുറവ്	1-107
230	ഓടനിർമ്മാണത്തിലെ മണ്ണ് കുഴിച്ചുടുക്കൽ പ്രവൃത്തിക്ക് ഉയർന്ന നിരക്കിലുള്ള സ്പെസിഫിക്കേഷൻ കോഡ് ഉപയോഗിച്ചതിലൂടെ അധിക നിരക്ക് നൽകാനിടയായി	1-108
231	വിവിധ സ്ഥലങ്ങളിൽ എയ്റോബിൻ/എം ആർ എഫ് സ്ഥാപിക്കൽ - എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് അധിക അളവിൽ പ്രവൃത്തി ചെയ്തു - പദ്ധതി നടത്തിപ്പിൽ അവ്യക്തത- സമഗ്ര പരിശോധന അനിവാര്യം	1-109
232	ഇൻഷ്വറൻസ് സാക്ഷ്യപത്രം ലഭ്യമാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കുന്നില്ല..	1-110
233	മുട്ടളക്കുഴി വെട്ടുവിള റോഡ് കോൺക്രീറ്റിംഗും കന്നുകാൽച്ചണ്ട് ബണ്ട് റോഡ് ടാറിംഗും പ്രവൃത്തി എസ്റ്റിമേറ്റ് പുതുക്കി നിർവഹിച്ച പ്രവൃത്തിയിനങ്ങൾ – അപാകത - 262828/-രൂപ തടസ്സപ്പെടുത്തുന്നു	1-111
234	പ്രോജക്ടുകളുടെ എം.ബുക്ക് ലഭ്യമാക്കിയിട്ടില്ല- 4153916 രൂപ തടസ്സം ചെയ്യുന്നു.	1-112
235	മരാമത്ത് പ്രവൃത്തി -നിർവ്വഹണത്തിൽ അപാകതകൾ	1-113
236	മരാമത്ത് ഫയലുകൾ ഹാജരാക്കിയില്ല 101406880/-രൂപ തടസ്സത്തിൽ വയ്ക്കുന്നു	1-114
	ഭാഗം 2	
1	പണമാകാത്ത ചെക്കുകൾ/ഡി ഡികൾ-13,64,306/-രൂപ നഗരസഭാ ഫണ്ടിൽ വരവ് വന്നില്ല	2-1
2	വസ്തു നികുതി കുറവായി നിർണ്ണയിച്ചു- 74,017രൂപ നഷ്ടം	2-2

3	കടംകപള്ളി സോണൽ ഓഫീസ്- IFTE & OS ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു. നഗരസഭാ ഫണ്ടിന് 47,500/- രൂപയുടെ നഷ്ടം	2-3
4	ആറ്റിപ്ര സോണൽ - IFTE & OS ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു- 2500/- രൂപ കുടിശ്ശിക.	2-4
5	വട്ടിയൂർക്കാവ്- IFTE & OS ലൈസൻസ് ഫീസ് 14,000/- രൂപ കുടിശ്ശിക	2-5
6	നഗരസഭ മെയിൻ ഓഫീസ് റോഡ് കട്ടിംഗ് ഫീ - കുറവായി ഈടാക്കി - 1,86,164/- രൂപ നഗരസഭാ ഫണ്ടിന് നഷ്ടം	2-6
7	തിരുവല്ലം സോണൽ-റോഡ് കട്ടിംഗ് ചാർജ് കുറഞ്ഞ നിരക്കിൽ ഈടാക്കി.നഷ്ടം-4,829/-രൂപ	2-7
8	കടകംപള്ളി സോണൽ - ഈടാക്കിയ റെസ്റ്റോറേഷൻ ചാർജ്ജിൽ കുറവ്- നഗരസഭാ ഫണ്ടിന് 2889/- രൂപയുടെ നഷ്ടം	2-8
9	കോൺക്രീറ്റ് റോഡ് കട്ടിംഗ് ഫീസ് - കുറഞ്ഞ നിരക്കിൽ ഈടാക്കി, നഷ്ടം - 2358/- രൂപ	2-9
10	നഗരസഭ മെയിൻ ഓഫീസ് പരിധിയിലെ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക-1,54,97,901/-രൂപ	2-10
11	വിഴിഞ്ഞം പീപ്പിൾ ഹാൾ- വാടകയ്ക്ക് നൽകൽ-പിഴപ്പലിശയിനത്തിൽ 70224/- രൂപ ലഭ്യമാകാനവശേഷിക്കുന്നു.	2-11
12	കടകംപള്ളി സോണൽ ഓഫീസ് പരിധിയിൽ കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല – നഗരസഭ ഫണ്ടിന് 46020/- രൂപയുടെ നഷ്ടം	2-12
13	വട്ടിയൂർക്കാവ് സോണൽ-കടമുറികളുടെ വാടക കുടിശ്ശിക 52,752/-രൂപ	2-13
14	നഗരസഭ മെയിൻ ഓഫീസ് ലേലത്തുക കുടിശ്ശിക-6,89,881/- രൂപ.	2-14
15	ആറ്റിപ്ര സോണൽ- പബ്ലിക് മാർക്കറ്റ് ലേലം - 1,23,998/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.	2-15
16	വിഴിഞ്ഞം സോണൽ ഓഫീസ് പരിധിയിലെ കടമുറികളുടെ ലേലം- വാടകയിനത്തിൽ കുടിശ്ശിക തുക 89295/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.	2-16
ഭാഗം 3		
1	നഗരസഭ പരിധിയിൽ നിന്നും ലെഗസി വേസ്റ്റ് നീക്കം ചെയ്ത വകയിൽ ക്ലീൻ കേരള കമ്പനിയ്ക്ക് അധികത്തുക അനുവദിച്ചു - 28,910/- രൂപ നിരാകരിക്കുന്നു.	3-1
2	തണൽ പാലിയേറ്റീവ് കെയർ പദ്ധതി-8,29,230/-രൂപ നിരാകരിക്കുന്നു	3-2
3	സർക്കാർ ഉത്തരവ് പ്രകാരം ഈടാക്കാവുന്ന പരമാവധി വിലയിലധികരിച്ച തുകയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി മൾട്ടി മീഡിയ പ്രൊജക്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി -32,46,197/-രൂപ നിരാകരിക്കുന്നു.	3-3
4	സർക്കാർ ഉത്തരവ് പാലിക്കാതെ സ്കൂളുകൾക്കായി ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ നഗരസഭയ്ക്ക് നഷ്ടം-20,12,827/-രൂപ,ജിഎസ് ടി രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് ജിഎസ് ടി നൽകി-നഷ്ടം-92,973/-	3-4
5	ടെണ്ടർ ഒഴിവാക്കിയുള്ള വാങ്ങൽ -സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിലധികരിച്ച് തുക ഈടാക്കി നഗരസഭയ്ക്ക് നഷ്ടം-6116/-രൂപ,KADCO യുടെ പ്രൊപ്പോസലിലെ വിലയിലധികരിച്ച് തുക നൽകി നഷ്ടം-4961/-രൂപ	3-5
6	ഭവനപുനരുദ്ധാരണം-ജനറൽ മുഴുവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല- അർഹതയില്ലാത്ത ഗുണഭോക്താവിന് പദ്ധതി ആനുകൂല്യം നൽകി-100000/- രൂപ നിരാകരിക്കുന്നു.	3-6
7	മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള നന്മ സ്കോളർഷിപ്പ് വിതരണം- തുക നൽകിയതിൽ ഇരട്ടിപ്പ് വിശദീകരണം ലഭ്യമാക്കിയില്ല-3021000/-രൂപ തടസ്സപ്പെടുത്തുന്നു	3-7

8	ഓടയുടെ സൈഡ് വാൾ (വശങ്ങളിലെ കോൺക്രീറ്റ്) നിർമ്മാണം ഉയർന്ന നിരക്കിലുള്ള കോൺക്രീറ്റ് ഉപയോഗിച്ചു. നഷ്ടം- 28802.06/- രൂപ	3-8
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ വായ്പാ തിരിച്ചടവ്.	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	പണമാകാത്ത ചെക്കുകൾ	
4	IBPMS മുഖേനയുള്ള ബിൽഡിംഗ് പെർമിറ്റ്/റഗുലറൈസേഷൻ -151 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണമുള്ള വാണിജ്യ നിർമ്മിതികൾക്ക് ഗാർഹിക/വ്യാവസായിക നിർമ്മിതികളുടെ നിരക്ക് ഈടാക്കി	
5	നഗരസഭയുടെ വിജ്ഞാപനം പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുത്തിയില്ല – മുൻ വർഷത്തെ നിരക്കുകളിൽ വസ്തുനികുതി നിർണയം നടത്തി - നഗരസഭയ്ക്ക് നഷ്ടം- 2,41,843/- രൂപ	
6	അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ 7.61 കോടി രൂപ കടിശ്ശിക	
7	സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക -50,18,98,383/- രൂപ	
8	വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി 2.25 കോടി രൂപ കുടിശ്ശിക.	
9	മൊബൈൽ ടവറുകളുടെ വസ്തുനികുതി 1,03,92,660/- രൂപ കുടിശ്ശിക	
10	ആറ്റിപ്ര സോണൽ - VSSC യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഇനത്തിലെ കുടിശ്ശിക-189169/-രൂപ.	
11	ആറ്റിപ്ര സോണൽ- 16,366 /-രൂപയുടെ കുറവ്	
12	കടകംപള്ളി സോണൽ - 7,886 /- രൂപയുടെ കുറവ്	
13	കടകംപള്ളി സോണൽ - ജീവനക്കാരുടെ തൊഴിൽ നികുതി അധികമായി ഈടാക്കി.	
14	വിവിധ സോണൽ പരിധിയിൽ വരുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	
15	ആറ്റിപ്ര സോണൽ- 6,63,520 /-രൂപ കുടിശ്ശിക	
16	ശ്രീകാര്യം സോണൽ 4,77,200/-രൂപ കുടിശ്ശിക	
17	കുടപ്പനകുന്ന് സോണൽ 15660 /-രൂപ കുടിശ്ശിക	
18	കടകംപള്ളി സോണൽ - 41800 /-രൂപയുടെ കുടിശ്ശിക	
19	വട്ടിയൂർക്കാവ് സോണൽ-3,15,420/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു	
20	കഴക്കൂട്ടം സോണൽ-വ്യാപാരികളുടെ തൊഴിൽ നികുതി പൂർണമായും പിരിച്ചെടുത്തിട്ടില്ല	
21	സ്ഥാപനതൊഴിൽ നികുതി ഒടുക്കിയില്ല	
22	ഫോർട്ട് സോണൽ-സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനനികുതിയും അടവാക്കിയിട്ടില്ല.	
23	കടകംപള്ളി സോണൽ ഓഫീസ് - IFTE & OS പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു. നഗരസഭാ ഫണ്ടിന് 47,500/- രൂപയുടെ നഷ്ടം	
24	വട്ടിയൂർക്കാവ്-IFTE & OS ലൈസൻസ് ഫീസ് 14,000/-രൂപ കുടിശ്ശിക	

25	കഴക്കൂട്ടം സോണൽ- ലൈസൻസ് ഫീസ് പൂർണമായും ഈടാക്കിയിട്ടില്ല
26	IFTE & OS ലൈസൻസ് ഫീസ് പരിശോധന – ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.
27	2023-24 സാമ്പത്തിക വർഷത്തെ മെയിൻ ഓഫീസ് വാടക കുടിശ്ശിക – 1,54,97,901/- രൂപ.
28	വിഴിഞ്ഞം സോണൽ ഓഫീസ് പരിധിയിലെ കടമുറികളുടെ ലേലം- വാടകയിനത്തിൽ കുടിശ്ശിക തുക 89295/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.
29	കണ്ടിജന്റ് ജീവനക്കാരുടെ - പെൻഷൻ രേഖകളുടെ പരിശോധന – അർഹരായവർ മാത്രമാണോ വാങ്ങുന്നതെന്ന് ഉറപ്പാക്കുന്നില്ല
30	മുൻകൂറായി നൽകിയ 1,78,62,100/- രൂപ ക്രമീകരിച്ചിട്ടില്ല.
31	നഗരസഞ്ചയം പദ്ധതി - ഡെപ്പോസിറ്റ് വർക്കുകൾ- കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് UC ലഭിച്ചില്ല- 17769314/- രൂപ തടസ്സപ്പെടുത്തുന്നു.
32	നഗരസഞ്ചയം - തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും വിവിധ പദ്ധതികൾക്കായി നല്കിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല- 17793980രൂപ തടസ്സപ്പെടുത്തുന്നു.
33	മരാമത്ത് ഫയലുകൾ ഹാജരാക്കിയില്ല-10,14,06,880 രൂപ തടസ്സപ്പെടുത്തുന്നു
34	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

തിരുവനന്തപുരം കോർപ്പറേഷന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11.09.2024 തീയതിയിലെ 3(എ) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 13.09.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുവനന്തപുരം കോർപ്പറേഷന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തിരുവനന്തപുരം (ഒപ്പ്)

28.03.2025 സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

1-1-1 കെ-സ്മാർട്ട് പ്രകാരമുള്ള അക്കൗണ്ടിംഗ്-കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

നഗരസഭയിൽ 01.01.2024 മുതൽ കെ-സ്മാർട്ട് ആപ്ലിക്കേഷൻ മുഖേനയാണ് അക്കൗണ്ടിംഗ് നടത്തിയിട്ടുള്ളത്. 2023-24 വർഷം നഗരസഭയുടെ അക്കൗണ്ട്സ് തയ്യാറാക്കിയിട്ടുള്ളത് കെ-സ്മാർട്ടിൽ നിന്നും 01.01.2024 മുതൽ 31.03.2024 വരെയുള്ള ഡേറ്റാ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്തിട്ടാണ്. എന്നാൽ പോർട്ട് ചെയ്ത ഇടപാടുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന യാതൊരു രേഖകളും/ടൂളുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 01.01.2024 മുതൽ 31.03.2024-വരെ കെ-സ്മാർട്ടിലൂടെ നടത്തിയിട്ടുള്ള മുഴുവൻ വരവ് ചെലവുകളും 2023-24 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ശ്രദ്ധേയമായ അപാകതകൾ താഴെ പറയുന്നു.

1. 2023-24 വാർഷിക കണക്ക് പ്രകാരമുള്ള വരവ്/ചെലവ് എന്നത് സാംഖ്യ പ്രകാരം 01.04.2023 മുതൽ 31.12.2023 വരെയുള്ള വരവ്/ചെലവിന്റേയും കെ-സ്മാർട്ട് പ്രകാരം 01.01.2024 മുതൽ 31.03.2024 വരെയുള്ള വരവ്/ചെലവിന്റേയും ആകെ തുകയാകേണ്ടതാണ്. എന്നാൽ പല ഇനങ്ങളിലും സാംഖ്യ പ്രകാരം 01.04.2023 മുതൽ 31.12.2023 വരെയുള്ള വരവിന്റെയും കെ-സ്മാർട്ട് പ്രകാരം 01.01.2024 മുതൽ 31.03.2024 വരെയുള്ള വരവിന്റെയും ആകെ തുകയല്ല വാർഷിക ധനകാര്യ പത്രിക പ്രകാരം 31.03.2024-ലെ വരവ് തുക എന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 01.01.2024 മുതൽ 31.03.2024 വരെ ചില ഇനങ്ങളിലുള്ള ചെലവുകൾ കെ-സ്മാർട്ടിലോ സാംഖ്യ ലഡ്ജറിലോ ഉൾപ്പെട്ടിട്ടില്ല.

2. കെ-സ്മാർട്ടിലെ ഇടപാടുകൾ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്ത ശേഷം 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിൽ അഡ്ജസ്റ്റ്മെന്റ് എൻട്രികൾ, Past Data Entry എന്നിവ സാംഖ്യയിൽ വരുത്തിയതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

3. സാംഖ്യയിൽ ഹെഡുകൾ അനുവദിച്ചിരുന്ന പല ഇനങ്ങൾക്കും കെസ്മാർട്ടിൽ ഹെഡുകൾ അനുവദിക്കപ്പെട്ടിട്ടില്ല. കൂടാതെ പല ഇനങ്ങളുടെയും സാംഖ്യ പ്രകാരമുള്ള ഹെഡ് ഓഫ് അക്കൗണ്ടും കെസ്മാർട്ടിലെ ഹെഡ് ഓഫ് അക്കൗണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ വസ്തുനികുതി പിരിക്കുന്നതിനായി ഉപയോഗിക്കുന്ന ഇ-പോസ് മെഷീനുകളുടെ കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റ്, ഇ-പോസ് മെഷീനുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് ബുക്ക്, പ്രസ്തുത ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് എന്നിവ പൊരുത്തപ്പെടുന്നില്ല.

5. കെ-സ്മാർട്ട് നിലവിൽ വന്നശേഷം വിവിധ അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് തുകകൾ ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തുന്നതിനായി മുൻമാസങ്ങളിലെ/വർഷങ്ങളിലെ റിക്കൺസിലിയേഷനുകളിൽ ഉൾപ്പെട്ട തുകകൾ പരിശോധന കൂടാതെ സാംഖ്യയിൽ അഡ്ജസ്റ്റ്മെന്റ് എൻട്രികൾ നൽകി ക്രമീകരിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

കെ-സ്മാർട്ട് മുഖേനയുള്ള അക്കൗണ്ടിംഗ് ആരംഭിച്ചതിന്റെ ഭാഗമായി മേൽ അപാകങ്ങൾ നിലനിൽക്കുന്നതിനാൽ വാർഷിക ധനകാര്യ പത്രികയിലെ പല നീക്കിയിരിപ്പുകളും ഓഡിറ്റിൽ അംഗീകരിക്കാൻ കഴിയുന്നില്ല. പ്രസ്തുത പൊരുത്തക്കേടുകൾ ക്രമീകരിച്ച് പോർട്ട് ചെയ്ത ഡാറ്റായുടെ കൃത്യമായ കണക്കുകൾ ലഭ്യമാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതിന്റെ ഉത്തരവാദിത്തം സ്ഥാപനത്തിനുണ്ട്. തുടർ വർഷത്തെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കി സമർപ്പിക്കുന്നതിനു മുമ്പ് പ്രശ്നപരിഹാരം നടത്താത്തപക്ഷം പൊരുത്തക്കേടുകൾ നിലനിൽക്കുന്നതായി നിരീക്ഷിച്ച് 2024-25 ലെ മുന്നിരിപ്പുകൾ ഓഡിറ്റിനു അംഗീകരിക്കാൻ കഴിയാതെ വരും.

കെ-സ്മാർട്ട് ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങളുടെ സംഗ്രഹം ഖ-1-13ൽ ചേർത്തിട്ടുണ്ട്.

1-1-2 വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല.

1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ) ചട്ടം 11(1) പ്രകാരം ജൂലൈ 31-ന് മുമ്പായി മുൻവർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക 13.09.2024-നാണ് ഓഡിറ്റിന് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻകയറി നം 106/തീയതി 18.11.2024 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ 01.04.2024 മുതൽ കെ-സ്മാർട്ട് നിലവിൽ വന്നതിനാലാണ് വാർഷികധനകാര്യ പത്രിക സമർപ്പിക്കാൻ കാലതാമസം നേരിട്ടത് എന്നാണ് അറിയിച്ചിരിക്കുന്നത്.

1-1-3 നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

മുനിസിപ്പൽ ഫണ്ട് മുൻവർഷ നീക്കിയിരിപ്പും B-1 (5,79,98,42,121) തൻവർഷ മുന്നിരിപ്പും (1,35,11,41,344/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മുനിസിപ്പൽ ഫണ്ട് Excess Of Income Over Expenditure എന്നീ ഇനങ്ങളിലെ മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ തൻവർഷ മുന്നിരിപ്പ് (Landscape Statement) തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ളത് (നീക്കിയിരിപ്പ്)	(Landscape Statement) പ്രകാരമുള്ള മുന്നിരിപ്പ്.
മുനിസിപ്പൽ ഫണ്ട്	57,99,842,121	1,351,141,344.30
Excess Of Income Over Expenditure	20,23,724,899	6,472,425,675.42

1-1-4 ആസ്തികളുടെ ഡിപ്രീസിയേഷൻ-പത്രിക ലഭ്യമാക്കിയില്ല.

തൻവർഷത്തെ സുസ്ഥിര ആസ്തികൾക്ക് (Fixed Asset) നൽകിയിരിക്കുന്ന Depreciation, Income & Expenditure പത്രികയിൽ ചെലവായി ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഡിപ്രീസിയേഷൻ പത്രിക പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആസ്തികൾക്ക് നൽകിയിരിക്കുന്ന ഡിപ്രീസിയേഷൻ ശരിയായ രീതിയിൽതന്നെയാണോ കണക്കാക്കിയിരിക്കുന്നത് എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആയത് IKM ന്റെ സാങ്കേതിക തകരാർ മൂലം വന്നിട്ടില്ലാത്തതാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

1-1-5 Prior Period Item I(18) Writeoff ചെയ്തതിന്റെ കൗൺസിൽ വിവരങ്ങൾ ലഭ്യമായില്ല.

Prior Period Item I(18)-ൽ വസ്തുനികുതി ഇനത്തിൽ 61,123/- രൂപയും, Interest & Finance Charges ഇനത്തിൽ 52,35,740/- രൂപയും, Miscellaneous Expense ഇനത്തിൽ 64,00,000/- രൂപയും Write Off ചെയ്തതായി കാണുന്നു. ആയതിന്റെ കൗൺസിൽ തീരുമാനം, ഫയൽ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. എൻകയറിയിലൂടെ കൗൺസിൽ തീരുമാനം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.

1-1-6 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങൾ 2007 ചട്ടം 58(F) -ൽ നിഷ്കർഷിക്കും പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. സാംഖ്യയിൽ Key Ratio Report ലഭ്യമല്ലാത്തതിനാലാണ് ആയത് വാർഷികധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കാത്തത് എന്നാണ് മറുപടി ലഭ്യമാക്കിയത്.

1-1-7 തനത് വരുമാനം-ഡി.സി.ബി. ലഭ്യമാക്കിയില്ല.

അക്രുവലായി വരുമാനം രേഖപ്പെടുത്തുന്ന ഇനങ്ങളുടെ ഡി.സി.ബി പത്രിക പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. DCB പത്രിക ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം 106/18.11.2024 ലൂടെ ആവശ്യപ്പെട്ടിരുന്നു. ആയത് ലഭ്യമാക്കാൻ വിവിധ സെക്ഷനുകൾക്ക് നിർദ്ദേശം നൽകിയിരുന്നുവെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും രജിസ്റ്ററുകൾ പരിശോധനയ്ക്കായി നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ വൻ കുടിശ്ശിക കാണുന്നു. ഈ കുടിശ്ശിക വർഷം തോറും കൂടിവരുന്ന പ്രവണത നിലനിൽക്കുന്നതിനാൽ ഇവ ക്രമീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-8 സമയബന്ധിതമായി ഡിമാന്റ് എൻടികൾ വരുത്തുന്നില്ല.

അക്രുവലായി ഡിമാന്റ് രേഖപ്പെടുത്തേണ്ട ഇനങ്ങളിൽ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ തീയതി

431300298	Receivables For Other Fees (Current)	31.03.2024
431190100	Receivables For Profession Tax - Institutions/Professional/Traders	ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല
431300201	Receivables For Licence Fees (Current)	31.03.2024

ഈ ഇനങ്ങളുടെ ഡിമാന്റ് സാമ്പത്തിക വർഷമാദ്യവും തുടർമാസങ്ങളിലും രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

1-1-9 അക്കൗണ്ടുകളിൽ നെഗറ്റീവ് ബാലൻസ് വരുന്നു.

ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ക്രെഡിറ്റ് ബാലൻസ് /നെഗറ്റീവ് ബാലൻസ് ആകാൻ പാടില്ലാത്തതാണ്. എന്നാൽ ചുവടെ ചേർക്കുന്ന ബാങ്ക് ബുക്കുകളിൽ നെഗറ്റീവ് ബാലൻസ് വന്നിട്ടുണ്ട്. അപാകതകൾക്ക് മറുപടി ലഭ്യമാക്കിയില്ല.

ഹെഡ് ഓഫ് അക്കൗണ്ട്	തീയതി	ക്രെഡിറ്റ് ബാലൻസ് തുക (രൂപ)
450250300	31.09.2024	19701417
450620300	16.09.2023	32300
450610130	10.04.2023	13859008
450220300	08.11.2023	28794088
450610200	01.04.2023	659136532

ആസ്തി ശീർഷകങ്ങളിൽ ഡെബിറ്റ് ബാലൻസ് ആണ് വരേണ്ടത്. എന്നാൽ431190100 എന്ന ഹെഡിൽ 10.05.2023-ൽ 2500/- രൂപ ക്രെഡിറ്റ് ബാലൻസ് ഉള്ളതായി കാണുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കിയില്ല.

1-1-10 സാംഖ്യ, കെ-സ്മാർട്ട് എന്നിവയിലെ റിപ്പോർട്ടുകൾ പൊരുത്തപ്പെടുന്നില്ല.

01.04.2023 മുതൽ 31.12.2023 വരെയുള്ള കാലയളവിലെ സാംഖ്യ പ്രകാരമുള്ള Head Wise Consolidation Report, 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിലെ KSMART പ്രകാരമുള്ള Head Wise Consolidation Report, എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഇനങ്ങളുടെ ആകെ കളക്ഷൻ തുകയിൽ പൊരുത്തക്കേട് വന്നിട്ടുണ്ട്.

ഇനം	കെ-സ്മാർട്ട് പ്രകാരമുള്ള ഹെഡ് ഓഫ് അക്കൗണ്ട്	01.04.2023 മുതൽ 31.12.2023 വരെ സാംഖ്യ പ്രകാരം	01.01.2024 മുതൽ 31.03.2024 വരെ KSMART പ്രകാരം	ആകെ (സാംഖ്യ പ്രകാരവും, കെ-സ്മാർട്ട് പ്രകാരവും	വാർഷിക ധനകാര്യ പത്രിക പ്രകാരം 01.04.2023 മുതൽ 31.03.2024 വരെ
Entertainment Tax	1108004	35741845	11171860	46913705	51289589
Other Rents	1308099	5678286	1780531	7458817	7646317

1-1-11 മുൻവർഷങ്ങളിലെ ബാധ്യതകൾ ക്രമീകരിച്ചിട്ടില്ല.

2023-24 ബാലൻസ് ഷീറ്റിൽ (B-4) ചുവടെപ്പറയുന്ന ഇനങ്ങളിൽ വർഷങ്ങളായി ബാധ്യത നിലനിൽക്കുന്നു.

ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	തുക
320300100	Other Govt. Agencies	1,170,000.000
320801000	Beneficiary Contribution	4,664,049.00
320100100	Grant Contribution For Other Purposes-Central Government	1,451,725,910
320801000	Beneficiary Contribution	4,664,049

പ്രസ്തുത തുകകൾ നിക്ഷേപിച്ചിരിക്കുന്ന അക്കൗണ്ട് സംബന്ധിക്കുന്ന വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയില്ല. പ്രസ്തുത തുക ഏത് അക്കൗണ്ടിലാണെന്ന് വ്യക്തമാക്കേണ്ടതും തിരികെ അടവാക്കേണ്ടതുണ്ടെങ്കിൽ അടവാക്കി തുക ക്രമീകരിക്കേണ്ടതുമാണ്. ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിലെ തുക അടവാക്കേണ്ട സ്ഥാപനത്തിന് അടവാക്കേണ്ടതും ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടത് തിരികെ നൽകേണ്ടതുമാണ്.

320809900 (Other Grants And Contribution For Special Purpose) ഇനത്തിൽ RP-24 പ്രകാരം തൻവർഷം 329,902,439/- രൂപയുടെ വരവുണ്ട്. ഈ തുക 450610200 എന്ന ബാങ്ക് ബുക്കിലാണ് Receipt ചെയ്തിരിക്കുന്നത്. എന്നാൽ 31.03.2024-ൽ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പില്ല. പ്രസ്തുത തുക ചെലവഴിച്ചത് സംബന്ധിക്കുന്ന വിവരങ്ങൾ, മറ്റ് ഏതെങ്കിലും അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

1-1-12 Capital Work In Progress-സുസ്ഥിര ആസ്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

Capital Work In Progress ഇനത്തിൽ വിവിധ ഇനങ്ങളിൽ മുൻവർഷം നിലനിന്നിരുന്ന നീക്കിയിരിപ്പ് തൻവർഷം ആസ്തിയായി മാറ്റിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	തുക
412010100	Municipal Fund	210,843,985
412100100	Development Fund	1,778,635,407
412100200	JnNURM Grant	159,153,840
412100500	Funds For Transferred Institutions	334,769,503
412109900	Other Specific Grants	3964947
412200100	Special Funds	4791759

ഇതിൽ പൂർത്തീകരിച്ച പദ്ധതികൾ ഉണ്ടെങ്കിൽ ആയത് സ്ഥിര ആസ്തിയാക്കി മാറ്റിയിട്ടുണ്ടോ എന്നത് സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല. എഞ്ചിനീയറിംഗ് വിഭാഗം തൻവർഷം ആസ്തി സൃഷ്ടിക്കുന്ന പ്രോജക്ടുകൾക്ക് നൽകിയ പാർട്ട് ബിൽ തുകകളുടെ വിവരവും ലഭ്യമാക്കിയിട്ടില്ല. കൂടാതെ അക്കൗണ്ട് ഹെഡുകളിൽ നിലനിൽക്കുന്ന തുകകൾ സുസ്ഥിര ആസ്തികളാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കേണ്ടതും, അനിയോജ്യമായ അക്കൗണ്ട് ഹെഡുകളിലേക്ക് അവ മാറ്റേണ്ടതുമാണ്.

1-1-13 ക്യാഷ് അടിസ്ഥാനത്തിലുള്ള തനത് വരവുകൾ-പൊരുത്തക്കേട് നിലനിൽക്കുന്നു.

ചുവടെപ്പറയുന്ന ഇനങ്ങളിലെ (I & E പ്രകാരമുള്ളത്) ക്യാഷ് അടിസ്ഥാനത്തിലുള്ള ഡിമാന്റും യഥാർത്ഥ വരവും (R&P പ്രകാരമുള്ളത്) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	I&E പ്രകാരമുള്ള ഡിമാന്റ്	RP പ്രകാരമുള്ള യഥാർത്ഥ വരവ്
110160100	Entertainment Tax	51,289,589	51,306,447
130200100	Rent From Staff Quarters	66,050	52,490
140120200	Fees For Installation Of Machinery	5000	76500
140200200	Penal Interest	41289613	41275558

ക്യാഷ് അടിസ്ഥാനത്തിൽ വരവായി ലഭിക്കുന്ന തുകകളുടെ യഥാർത്ഥ വരവും ഡിമാന്റും തമ്മിൽ വ്യത്യാസം വരാൻ പാടില്ലാത്തതാണ്. എന്നാൽ മേൽ സൂചിപ്പിച്ചിരിക്കുന്ന ഇനങ്ങളിലെ വ്യത്യാസത്തിന് മറുപടി ലഭ്യമാക്കിയില്ല,

1-1-14 ബാങ്ക് ബുക്ക് പ്രകാരമുള്ള തുകകൾ-ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടില്ല.

PNB A/C No. 00104 (Head Of Account 450620100)-ന്റെ ബാങ്ക് ബുക്ക് പ്രകാരം വരവായി ബുക്ക് ചെയ്തിട്ടുള്ള ചുവടെപ്പറയുന്ന തുകകൾ പാസ്ബുക്കിൽ വരവ് വന്നിട്ടില്ല. ബാങ്ക് ബുക്കിൽ വരവായി ബുക്ക് ചെയ്തിട്ടുള്ള ചുവടെപ്പറയുന്ന തുകകൾ പ്രസ്തുത ബാങ്കിൽ ക്രെഡിറ്റ് വരാത്തതിന് സ്ഥാപനം സ്വീകരിച്ച നടപടികൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

തീയതി	ബാങ്ക് ബുക്ക് പ്രകാരമുള്ള വരവ് തുക	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്
31.03.2024	157773	ഇല്ല
	38244	ഇല്ല
	156292	ഇല്ല

1-1-15 ബാധ്യതാഫണ്ടുകൾക്ക് ലഭിച്ച പലിശ-വരുമാനമായി അക്കൗണ്ട് ചെയ്യുന്നു.

ബാധ്യതാ ഫണ്ടിൽ പലിശയിനത്തിൽ വരവ് വന്ന തുകകളെ വരുമാനയിനത്തിലെ പലിശയായിട്ടാണ് കണക്കാക്കിയിരിക്കുന്നത് (171100100). വിശദാംശം ചുവടെ ചേർക്കുന്നു.

തീയതി	ഹെഡ് ഓഫ് അക്കൗണ്ട്	ബാങ്ക് അക്കൗണ്ട് നം.	തുക
31.03.2024	450620100	PNB00104	6282860
31.03.2024	450620200	PNB00092	342776

ബാധ്യതാ തുകകൾ സൂക്ഷിക്കുന്ന അക്കൗണ്ടുകളിൽ ലഭിക്കുന്ന പലിശകൾ സ്ഥാപനത്തിന്റെ വരുമാനമായി കണക്കാക്കാൻ പാടില്ലാത്തതാണ്. ഈ തുകകൾ ഇത്തരത്തിൽ വരുമാനമായി ഉൾപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കിയില്ല.

കൂടാതെ വിവിധ ആവശ്യങ്ങൾക്കായി (Specific Purpose) ആരംഭിച്ച അക്കൗണ്ടിൽ നിന്നുള്ള പലിശ തനത് ഫണ്ട് അക്കൗണ്ടിലെ പലിശയോടൊപ്പം വരവായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് ഓഫ് അക്കൗണ്ട് (ബാങ്ക് ബുക്ക്)	ഇനം	തുക
450610500	Storm Water Drainage Account 40002210007115	982833 66621 338169
450610120	AUEGS Account	65349
450610800	JnNURM Sewerage	206107 207537 206702 208120

ബാധ്യതാ ഇനങ്ങളിൽ സൂക്ഷിക്കുന്ന ഫണ്ടുകൾ സ്ഥാപനത്തിന്റേതല്ലാത്തതിനാൽ ആയതിന്റെ പലിശ അതേ അക്കൗണ്ടിൽത്തന്നെ സൂക്ഷിക്കേണ്ടതും സ്ഥാപനത്തിന്റെ വരുമാനമായി കണക്കാക്കാൻ പാടില്ലാത്തതുമാണ്. ടി അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-1-16 മുൻവർഷങ്ങളിലെ അഡ്വാൻസ്-നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷം നൽകിയ ചുവടെപ്പറയുന്ന അഡ്വാൻസുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	തുക
460400201	Advance To Contractors (Advance Paid, Municipal Fund)	667819
460400205	Advance To Contractors – Materials Issued To Contractors Municipal Fund	51012873
460500102	Advance To Beneficiary Committee – Conveners Specific Grants	100000
460500302	Advance To Projects Specific Grants	6475962
460600100	Electricity Deposits	1462069
460600200	Telephone Deposits	48050
460600300	Water Deposits	19674434
460609900	Other Deposits With External Agencies	325786

സർക്കാർ ഉത്തരവ് (എം.എസ്) 419/2011 ധന.തീയതി 04.10.2011 പ്രകാരം മുൻകൂറുകൾ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണെന്നും അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചില്ലെങ്കിൽ മുഴുവൻ തുകയും 18% പിഴ ഉൾപ്പെടെ തിരികെ ഈടാക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അഡ്വാൻസ് ക്രമീകരണം സംബന്ധിക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് (B-18) പ്രകാരം സ്റ്റാന്റിംഗ് അഡ്വാൻസ് എന്നിയിനത്തിൽ 23514452/- രൂപ ഇനിയും ക്രമീകരിക്കാനുണ്ട്. (Head 460100500) ടി തുക സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

1-1-17 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ അഡ്വാൻസ്-ക്രമീകരിക്കേണ്ടതുണ്ട്.

KSEB/Water Authority മുഖേനയുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി പ്രോജക്ട് പ്രകാരം ചുവടെപ്പറയുന്ന തുക അഡ്വാൻസായി നൽകിയിട്ടുണ്ട്.

പ്രോജക്ട് നം.	ഇനം	തുക
1697	പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (KWA)	10,00,000
2042	"	20,00,000
1700	"	30,55,000
1698	"	35,00,000
1703	"	3,51,37,000
1702	"	5,38,98,000
1699	"	41,00,000

പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചതു സംബന്ധിച്ചും, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതു സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും അപ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-1-18 ഗ്രാന്റ് തുകകൾ വിവിധ റിപ്പോർട്ടുകൾ പ്രകാരം പൊരുത്തപ്പെടുന്നില്ല.

ചുവടെപ്പറയുന്ന ഫണ്ടുകളുടെ AFS പ്രകാരമുള്ള ചെലവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഫണ്ടിനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്	AFS പ്രകാരമുള്ള ചെലവ്
വികസന ഫണ്ട് ജനറൽ	1072847474	1106542109
CFC (Tied)	300846144	288120168

AFS പ്രകാരവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരവുമുള്ള ഗ്രാന്റുകളിലെ പൊരുത്തക്കേടുകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-19 രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

വസ്തുനികുതി, ലൈസൻസ്, സ്ഥാപനം/വ്യാപാരി തൊഴിൽ നികുതി, Rent Received From Civic Amenities എന്നിവയുടെ രജിസ്റ്റർ/DCB Statement, Demand നിർണ്ണയിച്ച ജേണൽ വൗച്ചറുകൾ, 2023-24 സാമ്പത്തിക വർഷം സേവന മുഖേന വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ DBT പത്രിക, Loan Register, Depreciation കണക്കാക്കിയതിന്റെ പത്രിക, എന്നീ രേഖകൾ/ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടിട്ടും ആയവ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

1-1-20 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി-ക്യാഷ് ബുക്കിലെ വിവരങ്ങളും എ.എഫ്.എസിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല..

AUEGS ഇനത്തിൽ തൻവർഷം (250200100) 42,844,242/- രൂപ Revenue Expenditure ഉള്ളതായി കാണുന്നു. ഇതിൽ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന തുക, അഡ്മിൻ തുക എന്നിവ സംബന്ധിക്കുന്ന വേർതിരിച്ച വിവരം ലഭ്യമല്ല. എന്നാൽ പ്രസ്തുത തുക Revenue Head-ൽ I-(6) വരവായി ഉൾപ്പെടുത്തിയിട്ടില്ല. ഈ ഇനത്തിനായി സൂക്ഷിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിൽ 25,945,333 രൂപ മുന്നിരിപ്പും 3,358,164/-രൂപ നീക്കിയിരിപ്പും കാണുന്നു. സ്ഥാപനം സൂക്ഷിക്കുന്ന ക്യാഷ് ബുക്കിലെ വിവരം, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ചാർജ്ജ് ഓഫീസർ സാക്ഷ്യപ്പെടുത്തിത്തന്ന വിവരം എന്നിവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ചാർജ്ജ് ഓഫീസർ ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	15167627
വരവ് (തനത് ഫണ്ടിൽനിന്നും)	30000000
ബാങ്ക് പലിശ	65439
ഭരണച്ചെലവ്	1049864
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക	38640377
നീക്കിയിരിപ്പ്	5542735

ചാർജ്ജ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയിരിക്കുന്ന പത്രികയിലെ നീക്കിയിരിപ്പ് തുക (5542735/-) മുന്നിരിപ്പ് ഉൾപ്പെടെയുള്ള ആകെ വരവിൽ നിന്നും ചെലവ് കുറയ്ക്കുമ്പോൾ വരുന്ന നീക്കിയിരിപ്പുമായി (5542825/-) പൊരുത്തപ്പെടുന്നില്ല.

1-1-21 KUDRFC ലോൺ വിവരങ്ങൾ-പൊരുത്തപ്പെടുന്നില്ല.

KURDFC വായ്പ സംബന്ധിച്ച് പൊരുത്തക്കേട് നിലനിൽക്കുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

ലോൺ വിവരങ്ങൾ	തുക	റിമാർക്ക്സ്

മുന്നിരിപ്പ്	7,98,897,772/-	ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ്
തൻവർഷ വരവ്	2,60,000/-	തൻവർഷ വായ്പ തുക (RP-25)
ആകെ	7,99,157,772/-	-
തിരിച്ചടവ്	69,093,333	സെക്രട്ടറിയുടെ പ്രോജക്ട് ചെലവ് പത്രിക (സുലേഖ പത്രിക) പ്രകാരം 6 പ്രോജക്ടുകളിലായി തിരിച്ചടച്ച തുക)
നീക്കിയിരിപ്പ്	690,933,332	ബാലൻസ് ഷീറ്റ് B5 പ്രകാരം സാമ്പത്തിക വർഷാവസാനം ഒടുക്കുവരുത്തുവാനുള്ള തുക

ഈ വിവരങ്ങളിൽ പൊരുത്തക്കേട് ഉണ്ട്. ലോൺ രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B5 പ്രകാരം സാമ്പത്തിക വർഷാവസാനം ഒടുക്കുവരുത്തുവാനുള്ള തുകയ്ക്ക് തുല്യമായ തുക ആസ്തി ശീർഷകത്തിലെ Prepaid Programme Expenses ൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഉൾപ്പെടുത്തിയിട്ടില്ല. തിരിച്ചടവ് തുക റവന്യൂ ചെലവ് ആയതിനാൽ ടി തുക എക്സ്പെൻഡിച്ചർ ഹെഡിലും ഉൾപ്പെടുത്തേണ്ടിയിരുന്നു. ആയതും ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-1-22 CFC ഫണ്ടിലെ വകമാറ്റൽ -വിശദീകരണം ലഭ്യമാക്കിയില്ല.

2022-23 AFS ബാലൻസ് ഷീറ്റ് B-4 പ്രകാരം 320200104 (Development Fund-CFC) ഗ്രാന്റിനത്തിൽ 6,01,220/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. പ്രസ്തുത തുക 31.03.2024-ൽ 280209900 (Prior Period Income) എന്ന ഹെഡിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ആയതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

1-1-23 ബാധ്യതാ തുകകൾ വരുമാനം ഹെഡിൽ അക്കൗണ്ട് ചെയ്യുന്നു.

അമൃത് അക്കൗണ്ടിലേയ്ക്ക് Special Grant ആയി വരുന്ന തുകകൾ 160101100 ഹെഡിൽ Income ആയി Receipt ചെയ്തതായി കാണുന്നു. പ്രസ്തുത ഗ്രാന്റ് Liability ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്. എന്നാൽ ഈ തുക വരുമാനം ഹെഡിൽ അക്കൗണ്ട് ചെയ്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിട്ടും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത ഗ്രാന്റ് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ (450610130) നിലവിൽ ബാലൻസ് ഉണ്ട്.

1-1-24 തൊഴിൽ നികുതി അരിയർ ഡിമാന്റ് ഈടാക്കിയിട്ടില്ല.

2022-23 ൽ B-15 പ്രകാരം തൊഴിൽ നികുതി (431190101) ഹെഡിൽ 10,836,164/- രൂപ കുടിശ്ശിക ഉണ്ടായിരുന്നു. എന്നാൽ പ്രസ്തുത തുക 2023-24 ൽ വരവ് വന്നതായി കാണുന്നില്ല. കുടിശ്ശിക തുക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

1-1-25 സർക്കാർ ഏജൻസികൾക്ക് നൽകേണ്ട തുക-നൽകാൻ അവശേഷിക്കുന്നു.

31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം ബാധ്യത Head -ലെ ചില ഇനങ്ങളിലെ തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക്/ ഏജൻസികളിലേയ്ക്ക്/വകുപ്പുകളിലേയ്ക്ക് ഒടുക്കു വരുത്തിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	തുക
350300100	Library Cess	23081590
350300700	CGST	2286142
350300800	SGST	2286141
350309900	Other Payable	31709296
350300500	Service Tax	3916774

ഒടുക്കുവാൻ അവശേഷിക്കുന്ന തുക മാർച്ച് 2024-ൽ മാത്രം വരവായി ലഭിച്ച തുകയാണോയെന്നും മുൻ മാസങ്ങളിൽ/വർഷങ്ങളിൽ ലഭിച്ച തുക കൂടി ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഒടുക്ക് വരുത്താത്തതിന്റെ കാരണം വിശദമാക്കാനും ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1-1-26 ഡെപ്പോസിറ്റ് ഇനത്തിൽ സ്വീകരിച്ച തുക-ക്രമീകരിച്ചിട്ടില്ല.

ഡെപ്പോസിറ്റ് ഇനത്തിൽ മുൻവർഷത്തെ ബാധ്യത അതേപോലെ തന്നെ തൻവർഷവും നിലനിൽക്കുന്നു.

ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	തുക
340100105	Suppliers EMD	223350
340100201	Contractors SD	5000
340100205	Suppliers SD	46301
340200300	Water Deposit	9427
340200400	Electricity Deposit	20000

ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച ചുവടെപ്പറയുന്ന തുകകൾ തിരികെ നൽകാൻ അവശേഷിക്കുന്നു.

ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	തുക
340100101	Contractors EMD	154040
340100301	Contractors Retention	96376535

340100305	Suppliers Retention	609986
340200100	Rent Deposit	33434197
340200200	Auction Deposit	37741089
340200600	Election Deposit	381000
340800100	Deposit Received From Others	15552189
340809900	Other Deposits Received	5519954

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോയെന്നും, പ്രസ്തുത തുകകളിൽ കാലഹരണപ്പെട്ട തുക വരുമാനമാക്കി മാറ്റുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

1-1-27 ബാങ്ക് ബുക്കിലെയും പാസ്ബുക്കിലെയും തുകകൾ-വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

EPOS Canara Bank A/C (No. 120027792429) 31.03.2024-ലെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 3,73,49,563/- രൂപയാണ്. എന്നാൽ പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് 2,73,92,909/- രൂപയാണ്. 99,56,654/- രൂപ പണമായിട്ടുണ്ടോയെന്നും മൂന്ന് മാസത്തിന് ശേഷവും പണമാകാത്ത ചെക്കുകൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

SBT A/C No. 67136978148(EP) A/C ലെ 31.03.2024-ലെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 24,38,96,138/- രൂപയാണ്. എന്നാൽ പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് 15,07,63,336/- രൂപയാണ്. നീക്കിയിരിപ്പിലെ വ്യത്യാസം ക്രമീകരിച്ചിട്ടുണ്ടോയെന്നും റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടും വിവരം ലഭ്യമാക്കിയില്ല.

1-1-28 കരാറുകാർക്ക് നൽകിയ അഡ്വാൻസ് തുക ഭീമമായ തുക ക്രമീകരിക്കാനവശേഷിക്കുന്നു.

2020-21 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ Advance To Contractors–Materials Issued To Contractors Municipal Fund (Head.460400205) എന്ന ഹെഡിൽ തുക ക്രമീകരിക്കാനുള്ളതായി കാണുന്നു.

വർഷം	ക്രമീകരിക്കാനുള്ള തുക
2020-21	51012873
2021-22	51012873
2022-23	51012873
2023-24	51012873

2020-21 സാമ്പത്തിക വർഷം മുതൽ ക്രമീകരിക്കാനുണ്ടായിരുന്ന പ്രസ്തുത തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ടി തുക ഏത് ഇനത്തിനായി, ആർക്ക് നൽകിയ മുൻകൂർ ആണെന്നും ടി തുക നാളിതുവരെ ക്രമീകരിക്കാത്തതിന് കാരണം എന്താണെന്നും തുക ക്രമീകരിക്കാത്തതിന് നഗരസഭ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ആവശ്യപ്പെട്ട് നൽകിയ എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുക ക്രമീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-29 ജേണൽ വൗച്ചറുകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ജേണൽ വൗച്ചറുകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വൗച്ചറുകളിലെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-30 വാർഷിക ധനകാര്യ പത്രികയിൽ എല്ലാ ബാങ്ക് അക്കൗണ്ടുകളും ഉൾപ്പെടുന്നില്ല

2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.1-1-1-ൽ നഗരസഭ പരിപാലിക്കുന്നതും എന്നാൽ AFS ൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമായ ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഇതിൽ IBPMS-മായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് മാത്രമാണ് 2023-24 ലെ AFS ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. AFS ൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

* ഗാന്ധി പാർക്ക്- (SBI A/C No. 57044146583)

* സ്ഥിരനിക്ഷേപങ്ങളുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ- (നം.37462822046, 67131919518)

* ശുചിത്വ പരിപാലന സമിതിയുമായി ബന്ധപ്പെട്ട അക്കൗണ്ട് - (Punjab National Bank A/C No. 3301000104116493)

* മേയറുടെ പേരിലുള്ള ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട അക്കൗണ്ട് - (SBI A/C No. 57044156477)

* HREDC യുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ -

* സുജലം (Federal Bank A/C No. 10210200019969)

* SBI Vikas Bhavan A/C No. 67038771144

* SBI Vikas Bhavan A/C No. 67069296773

* SBI Statue A/C No. 6717169390

ഇത് കൂടാതെ സ്ഥിരനിക്ഷേപങ്ങളുമായി ബന്ധപ്പെട്ട ചുവടെപ്പറയുന്ന അക്കൗണ്ടുകളും AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

1. HDFC Bank, PMG Branch – A/C No. 50300673884879

2. Insusland Bank, Pettah Branch – (ലഭ്യമല്ല)

3. Bank Of Baroda, Vallakkadavu - (A/C No. 19390300018732, 19390300018733)

4. Federal Bank, Palayam Branch – (A/C No.10210301156041, 10210301156058)

5. SBI, Vikas Bhavan Branch – (A/C No.41759999547, 41760108265, 41760109246, 41760110161, 40507912775)

നഗരസഭ പരിപാലിക്കുന്ന മുഴുവൻ ബാങ്ക് അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താതിരിക്കുന്നത് അതീവ ഗുരുതരമായ അപാകമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ബജറ്റ് 16.03.2023-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ചു. 17.02.2024-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 2023-24-ലെ ബജറ്റ് പുതുക്കി അംഗീകരിച്ചു. യഥാർത്ഥ ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 16,40,16,46,068/- രൂപ വരവും 15,04,28,08,000/- രൂപ ചെലവും 1,35,88,38,068/- രൂപ നീക്കിയിരുപ്പുമാണ് പ്രതീക്ഷിച്ചിട്ടുള്ളത്. റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

ഇനം	റിവൈസ്ഡ് ബജറ്റ് പ്രകാരം	യഥാർത്ഥത്തിലുള്ളത് (AFS)
വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	14722741621	11215369909.23
ചെലവ്	10185501854	7646496547

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.2.1) വകയിരുത്താതെ ചെലവ് ചെയ്തിരിക്കുന്നു

കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടങ്ങളിലെ സെക്ഷൻ 293(6) പ്രകാരം അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവാക്കുവാൻ പാടില്ലാത്തതാകുന്നു എന്നിരിക്കെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് പരിശോധിച്ചപ്പോൾ (2023-24ലെ പുതുക്കിയ ബജറ്റിൽ) വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് നടത്തിയ ചുവടെ ചേർക്കുന്നവയ്ക്ക് തുക വകയിരുത്തിയിട്ടില്ല.

Sl No.	Account Head Code (AFS പ്രകാരം)	Head Of Account	Amount
1	230800500	Contribution For The Repairs And Maintenance Of Railways, PWD, KSEB & Other Firms	50,000
2	250401902	Distribute Grants & Subsidies	25,10,00,204
3	251420201	Anganwadi Related Services	73,958
4	250500200	Programmes/Expenditures Of Transferred Institutions – Animals Husbandry	24,45,000
5	250500300	Programmes/Expenditures Of Transferred Institutions - Fishing	2,05,031
6	253200401	Minor Irigation – Providing Individual Facilitites - General	6,64,146
7	253101701	Agricultural And Related Sectors - Floriculture - General	3,48,625
8	253101301	Agricultural And Related Sectors - Tubercrops - General	78,60,300

1.2.2) ബജറ്റിൽ വകയിരുത്തിയ തുകയേക്കാളും കൂടുതൽ ചെലവ് ചെയ്തിരിക്കുന്നു.

കേരള മുനിസിപ്പാലിറ്റി സെക്ഷൻ (5) പ്രകാരം ഒരു വർഷത്തിനിടയ്ക്ക് മുനിസിപ്പാലിറ്റിയിലെ വരവിനെയോ. ചെലവിനെയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്നു കാണുന്നുവെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ് തയ്യാറാക്കേണ്ടതാണ്.എന്നാൽ 2023-24 ലെ പുതുക്കിയ ബജറ്റിൽ അത്തരത്തിലുള്ള മാറ്റം വരുത്തിയിട്ടില്ല. ബജറ്റിൽ വകയിരുത്തിയ തുകയേക്കാളും കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നു.വാർഷിക ധനകാര്യപത്രികയിലെ Income & Expenditure ലെ തുകകളും ബജറ്റിലെ തുകകളുമാണ് പരാമർശത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

Sl No.	Head Of Account	Head Code	Amount
1	Electricity Charges	2301001 (Budget) 230100100 & 230100101(AFS)	11,00,00,000 13,48,30,634
2	Miscellaneous Communication Expenses	2201299 (Budget) 220129900 (AFS)	3,00,000 4,34,313

3	Miscellaneous Administration Expenses	2208099 (Budget) 220809900 (AFS)	55,00,000 2,02,09,283
4	Development Fund Programme - Housing	2504007 (Budget) 250400700 & 250400702, 250400706, 250400707 (AFS)	80,00,00,000 1,16,50,27,792
5	Agriculture And Related Sectors – Other Crops -General	2531002 (Budget) 253100201 (AFS)	1,60,000 6,63,313
6	Agriculture And Related Sectors – Paddy	2531001 (Budget) 253100101 (AFS)	6,00,000 33,28,357
7	Plan Formulation, Implementation	2516005 (Budget) 251600501 (AFS)	30,00,000 41,63,995
8	Vehicle Hire Charge	2304001 (Budget) 230400100 (AFS)	69,00,000 83,79,823
9	Maintenance & Repair – Roads And Pavements	2305001 (Budget) 230500100 (AFS)	3,70,00,000 8,90,89,524
10	Maintenance & Repair – Water	2305003 (Budget) 230500300 (AFS)	5,00,000 17,50,945
11	Maintenance & Repair – Street Light	2305006 (Budget) 230500600 (AFS)	40,00,000 49,85,589
12	Maintenance & Repair – Markets	2305104 (Budget) 230510400 (AFS)	10,00,000 13,05,733
13	Maintenance & Repair – Schools	2305103 (Budget) 230510300 (AFS)	35,00,000 85,91,138
14	Maintenance & Repair – Parks & Gardens	2305105 (Budget) 230510500 (AFS)	5,00,000 27,22,623
15	Maintenance & Repair – Public Toilets	2305111 (Budget) 230511100 (AFS)	5,00,000 6,31,709
16	Maintenance & Repair – Stadium	2305113 (Budget) 23051100 (AFS)	2,50,000 10,24,655
17	Maintenance & Repair – Vehicles	2305301 (Budget) 230530100 (AFS)	45,00,000 46,19,307
18	Maintenance & Repair – Machinery	2305901 (Budget) 230590100 (AFS)	13,00,000 37,31,402

മേൽ വിഷയം സംബന്ധിച്ച് 30.01.2025 ൽ നൽകിയ 167/24 നം ഓഡിറ്റ് എൻകൃയറിക്ക് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച കൊണ്ട് ഭാവിയിൽ ബജറ്റ് തയ്യാറക്കുവാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും ധനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

സ്ഥാപനം ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള കണക്കുകൾ ആണ് താഴെ നല്കിയിരിക്കുന്നത്. കെ-സ്മാർട്ട് ആപ്ലിക്കേഷൻ വഴിയുള്ള വരവ് ചെലവ് അക്കൗണ്ടിംഗ് 1.1.2024 ൽ ആരംഭിച്ച സാഹചര്യത്തിൽ വാർഷിക ധനകാര്യപത്രികയിലെ നീക്കിയിരിപ്പ് സംബന്ധിച്ച പൊരുത്തക്കേടുകൾ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. വിശദാംശങ്ങൾ ഖ 1-1 ലും ഖ 1-13 ലും പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽത്തന്നെ ആകെ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഓഡിറ്റ് അംഗീകരിച്ചിട്ടില്ല

മുന്നിരിപ്പ്	377,00,00,570.52
വരവ്	744,53,69,338.71
ആകെ	1121,53,69,909.23
ചെലവ്	764,64,96,547
നീക്കിയിരിപ്പ്	356,88,73,362.23

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള		ഉപയോഗിക്കാതെ ലാപ്സായ ഫണ്ട്
	വരവ്	ചെലവ്	
വികസന ഫണ്ട് (ജനറൽ)	1528733130	1072847474	455885656
വികസന ഫണ്ട് (എസ്.സി.പി)	399464667	268762382	130702285
വികസന ഫണ്ട് (റ്റി.എസ്.പി)	8618100	150000	8468100
സി.എഫ്.സി (Tied)	333000000	300846144	32153856
മെയിന്റനൻസ് ഫണ്ട് (റോഡ്)	159560600	76858454	82702146
മെയിന്റനൻസ് ഫണ്ട് (റോഡിതരം)	190813400	133117181	57696219

1-5 തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയ്ക്കായി സ്ഥാപനം സൂക്ഷിക്കുന്ന ക്യാഷ് ബുക്കിലെ വിവരം, ചാർജ്ജ് ഓഫീസർ സാക്ഷ്യപ്പെടുത്തിത്തന്ന വിവരം എന്നിവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ചാർജ്ജ് ഓഫീസർ ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	15167627
വരവ് (തനത് ഫണ്ടിൽനിന്നും)	30000000
ബാങ്ക് പലിശ	65439
ഭരണച്ചെലവ്	1049864
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക	38640377
നീക്കിയിരിപ്പ്	5542735

. ചാർജ്ജ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയിരിക്കുന്ന പത്രികയിലെ നീക്കിയിരിപ്പ് തുക (5542735/-) മുന്നിരിപ്പ് ഉൾപ്പെടെയുള്ള ആകെ വരവിൽ നിന്നും ചെലവ് കുറയ്ക്കുമ്പോൾ വരുന്ന നീക്കിയിരിപ്പുമായി (5542825/-) പൊരുത്തപ്പെടുന്നില്ല.

. 2023-24 സാമ്പത്തിക വർഷത്തിലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ (ഡിഡി)വകുപ്പിന്റെ 3.11.2017 ലെ സ.ഉ(കൈ) നം.216/2017/തസ്വഭവ യുടെ പുതുക്കിയ മാർഗ്ഗനിർദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>പ്രവൃത്തികളുടെ അളവുകൾ – പരിശോധന അളവെടുപ്പ് നടത്തിയിട്ടില്ല.</u>

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.1പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുടെ അളവുകൾ യഥാസമയമെടുക്കേണ്ടത് അസി.എഞ്ചിനീയർ / ഓവർസീയർമാരാണ്. ഓരോ ആഴ്ച്ചയിലും തൊഴിലാളികൾക്ക് വേതനം ലഭ്യമാക്കും വിധം അളവ് രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധന അളവെടുപ്പ് യഥാസമയം ചെയ്യേണ്ടതാണെന്നിരിക്കെ നഗരസഭയിലെ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ലഭ്യമായ ഏതാനും ഫയലുകളും എം.ബുക്കുകളും പരിശോധിച്ചതിൽ അസി.എഞ്ചിനീയർ അളവുകൾ എടുത്തിട്ടുണ്ടെങ്കിലും ആയത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്തിയിട്ടില്ല. കൂടാതെ മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകാരം തയ്യാറാക്കിയിട്ടുള്ള അനുബന്ധം 6 ആയി നൽകിയിട്ടുള്ള മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ അസി.പ്രോജക്ട് ഓഫീസർ യു.പി.എ ആണ് പരിശോധന ഉദ്യോഗസ്ഥന്റെ സ്ഥാനത്ത് സാക്ഷ്യപ്പെടുത്തൽ നടത്തിയിരിക്കുന്നത്.

അസി.എഞ്ചിനീയർ അളവുകൾ എടുക്കുകയും എന്നാൽ ആയത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്താത്തതും വഴി എം.ബുക്കിൽ അപാകത വന്ന ഫയലിന്റെ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര് :- കോട്ടപ്പുറം വാർഡ് - പഴയപാലം മുതൽ സെന്റ് ജോസഫ് കുരിശടി ഗംഗയാൻ തോട് നവീകരണം

പദ്ധതി- എം.ബുക്ക് നം 378/22-23.

മേൽ പ്രവൃത്തിക്ക് മസ്റ്റർ റോൾ 280/22-23 പ്രകാരം 23.06.2023 ൽ 2,21,200/-രൂപ അനുവദിച്ചിരിക്കുന്നു.എന്നാൽ പ്രസ്തുത പദ്ധതിയുടെ എം.ബുക്ക് പ്രകാരം 2,67,987/-രൂപയാണ് ആകെ പ്രവൃത്തി മൂല്യം ആയി വന്നിരിക്കുന്നത്. എം.ബുക്കിലെ തുകകൾ കൂട്ടിയെടുത്തതിൽ വ്യത്യാസം വന്നിട്ടുണ്ട്. യഥാർത്ഥത്തിൽ എം.ബുക്ക് പ്രകാരം1,80,798/-രൂപ മാത്രമാണ് തുക വരുന്നത്. ഇപ്രകാരം ആകെ തുകയിലെ വ്യത്യാസം മൂലം കുറഞ്ഞ തുകയായ 1,80,798/- ന പകരം 2,21,200/- രൂപ നൽകി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം .221/കെ.എസ്.എ/ടിവിസി.12/2024, തീയതി.28.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗനിർദേശങ്ങൾ കർശനമായി പാലിക്കുവാനും നടപ്പിലാക്കുവാനും ഉദ്യോഗസ്ഥർ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2.<u>പൗരാവകാശരേഖ പുറപ്പെടുവിച്ചിട്ടില്ല</u>

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 13.1.1 പ്രകാരം ഓരോ നഗരസഭയും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചുമതലകളും നൽകുന്ന സേവനങ്ങളും ഉൾക്കൊള്ളുന്ന പൗരാവകാശരേഖ പ്രസിദ്ധീകരിക്കേണ്ടതാണ്. പൗരാവകാശരേഖ പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം .221/24 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.<u>സാധാരണക്കാരുടെ ഭാഷയിൽ എസ്റ്റിമേറ്റും പ്രവൃത്തി വിവരങ്ങളും തയ്യാറാക്കുന്നില്ല.</u>

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 13.1.2 പ്രകാരം പ്രാദേശിക ഭാഷയിൽ ലളിതമായ പ്രയോഗങ്ങളിലൂടെ സാധാരണ വ്യക്തിക്ക് അനായാസം മനസ്സിലാകുന്ന രീതിയിൽ ജനകീയ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുകയും തൊഴിൽ സ്ഥലത്ത് ലഭ്യമാകുകയും വേണമെന്നിരിക്കെ ഇത്തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം .221/24 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും വിധത്തിൽ ഭാവിയിൽ സാധാരണ വ്യക്തിക്ക് മനസ്സിലാക്കുന്ന രീതിയിൽ പ്രാദേശിക ഭാഷയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4.<u>മാർഗ്ഗരേഖ നിർദ്ദേശപ്രകാരമുള്ള മറ്റ് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല.</u>

പദ്ധതി മാർഗ്ഗരേഖ 7.1.1 പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ പട്ടിക ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഈ സാമ്പത്തിക വർഷത്തിൽ കൃഷി, ബണ്ട്റോഡ്, ചാനൽ, ഓട, കുളം എന്നിവയുടെ നവീകരണവും മാലിന്യനിർമ്മാർജ്ജനവും എന്നീ പ്രവൃത്തികൾ മാത്രമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയിരിക്കുന്നത്. നഗരസഭയുടെ ഭൂപ്രകൃതിയുടെ തരമനുസരിച്ച് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മറ്റ് പ്രവൃത്തികൾ കൂടി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. <u>കുളം നവീകരണം പോലുള്ള പദ്ധതികൾ എഞ്ചിനീയറിംഗ് വിഭാഗത്തിനു നൽകിയിരിക്കുന്നു.</u>

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ മാർഗരേഖ ഖണ്ഡിക 7.1 പ്രകാരം തൊഴിലുറപ്പ് പദ്ധതിയായി ഏറ്റെടുത്ത് നടപ്പിലാക്കാവുന്ന പദ്ധതികളായ സൂക്ഷ്മ -ചെറുകിട ജലസേചന പ്രവൃത്തികളും, തോടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ്, ജലസേചന കുളങ്ങളുടെയും, മറ്റ് ജല സ്രോതസ്സുകളുടെയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും ഏറ്റെടുത്ത് നടപ്പിലാക്കാം എന്നിരിക്കെ കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗം പദ്ധതി വിഹിതവും, തനത് ഫണ്ടും വകയിരുത്തി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് തുക വകയിരിത്തിയിരിക്കുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു.

1. **പദ്ധതിപ്പണം വകയിരുത്തി ചെലവഴിക്കാത്തതിന്റെ പട്ടിക ചുവടെ ചേർക്കുന്നു.**

ക്രമ നം.	പ്രോജക്ട് നം.	പദ്ധതിയുടെ പേര്	ഫണ്ടിനം	വകയിരുത്തിയ തുക
1	1648	പി.റ്റി.പി നഗർ വാർഡിലെ കോണത്തുകുളങ്ങര കുളം നവീകരണം	വികസന ഫണ്ട്	10,00,000
2	624	മുട്ടത്തറ വാർഡിലെ ശിവജി ലെയിൻ പൊതുകിണർ നവീകരണം	തനത് ഫണ്ട്	10,00,000
3	1306	ചന്തവിള പെരുംചിറക്കോണം റോഡിനു പാർശ്വഭിത്തി നിർമ്മാണവും കുളം നവീകരണവും	വികസന ഫണ്ട് (എസ്.സി.പി) തനത് ഫണ്ട്	15,25,000 975000
4	335	പട്ടം വാർഡിലെ മങ്ങന്നൂർക്കോണം കുളം നവീകരണം	വികസന ഫണ്ട് തനത് ഫണ്ട്	10,00,000 10,00,000
5	1346	വേട്ടമുക്ക് കുളം നവീകരണം	വികസന ഫണ്ട്	1,00,000
6	436	പൗണ്ടകടവ് വാർഡിലെ ചാന്നേൻ വിളാകം കുളം നവീകരണം	വികസന ഫണ്ട് തനത് ഫണ്ട്	1404386 404386
7	923	കുറവൻകോണം വാർഡിലെ കുളം നവീകരണം	തനത് ഫണ്ട്	1304963

2. <u>പദ്ധതിപ്പണം വകയിരുത്തിയെങ്കിലും കുറവായി ചെലവഴിച്ചതിന്റെ പട്ടിക ചുവടെ ചേർക്കുന്നു.</u>

ക്രമ നം.	പ്രോജക്ട് നം.	പദ്ധതിയുടെ പേര്	ഫണ്ടിനം	വകയിരുത്തിയ തുക	ചെലവഴിച്ച തുക
1	1677	ആറ്റിപ്ര വാർഡിലെ കാവുകോണം കുളം നവീകരണം	മെയിന്റനൻസ് ഫണ്ട് (റോഡ്)	10,00,000	8,51,174
2	1696	ശ്രീകാര്യം വാർഡിലെ മഠത്തിൽ കുളം നവീകരണം	വികസന ഫണ്ട്	35,00,000	9,28,805
3	1263	ഇടവക്കോട് വാർഡിലെ മാവൂർക്കോണം കുളം നവീകരണം	തനത് ഫണ്ട്	35,00,000	16,69,385
4	414	കുളത്തൂർ വാർഡിലെ ചായക്കാരൻ കുളം നവീകരണം	വികസന ഫണ്ട് തനത് ഫണ്ട്	14,00,000 5,00,000	5,00,000
5	1284	പൗഡിക്കോണം വാർഡിൽ ഇടത്തറ പോട്ടൂർ കുളം നവീകരണം	വികസന ഫണ്ട്	12,83,175	12,79,228

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.223/കെ.എസ്.എ/ടിവിസി.12/2024, തീയതി. 01.03.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. കുളം നവീകരണം പോലുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതികൾ വഴി നടപ്പിലാക്കുമ്പോൾ മറ്റ് അടിസ്ഥാന വികസനങ്ങൾക്കായുള്ള പ്രവൃത്തികൾ ഏറ്റെടുക്കുവാൻ സ്ഥാപനത്തിനു കഴിയുന്നു. അതിനാൽ ഭാവിയിൽ മേൽപ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-6 ക്ഷേമ പദ്ധതികൾ

2023-24 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	മുൻവർഷം വരെ നിലവിലുണ്ടായിരുന്നഗുണഭോക്താക്കളുടെ എണ്ണം	തൻവർഷം ഉൾപ്പെടുത്തിയ പുതിയ ഗുണഭോക്താക്കളുടെ എണ്ണം	തൻവർഷം ലിസ്റ്റിൽ നിന്ന് നീക്കം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം	ആകെ ഗുണഭോക്താക്കളുടെ എണ്ണം	തൻവർഷം ചെലവഴിച്ച തുക
തൊഴിൽ രഹിത വേതനം	189	-	187	2	720
കർഷകത്തൊഴിലാളി പെൻഷൻ	1587	15	726	876	12893400
വിധവാ പെൻഷൻ	37103	930	10881	27152	293558200
വാർദ്ധക്യകാലപെൻഷൻ	64071	3554	10429	57196	60658200
ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	9632	252	2653	7231	82101800
അമ്പത് വയസിനു മുകളിൽ അവിവാഹിത പെൻഷൻ	1480	23	396	1107	12838000
വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹധനസഹായം	66	84	-	150	-

സാമൂഹ്യ ക്ഷേമ പെൻഷൻ - അർഹരായവർക്ക് മാത്രം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നഗരസഭ ജാഗ്രത പാലിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമ പെൻഷൻ തുക അർഹരായവർക്ക് മാത്രം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സർക്കാർ വിവിധ ഉത്തരവുകളും സർക്കുലറുകളും ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്.പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നത് സംബന്ധിച്ച വിവരം ആരാഞ്ഞ് *06.09.2024* ൽ ഓഡിറ്റ് എൻക്വയറി നം.*38/*കെഎസ്എ/ടിവിസി.*9/2023-24* നൽകിയിരുന്നു. ഇതിന് നൽകിയ മറുപടിയിലെ വിവരങ്ങളും ഓഡിറ്റ് നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

23.09.2020 ലെ സ.ഉ(എം.എസ്)നം.97/2020/ധന നിബന്ധന സി 12 പ്രകാരം മരണപ്പെടുന്നവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ 2023-24 സാമ്പത്തിക വർഷം ഇത്തരത്തിൽ ഗുണഭോക്താക്കളെയൊന്നും ഒഴിവാക്കിയിട്ടില്ലെന്നും ടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഉത്തരവ് 'ഡി' മാനദണ്ഡ പ്രകാരം മെച്ചപ്പെട്ട ഭൗതീക സാഹചര്യങ്ങളുള്ള ഗണത്തിൽ ഉൾപ്പെടുത്തി 71 അപേക്ഷകൾ മെയിൻ ഓഫീസ് പരിധിയിൽ നിരസിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വിവിധ ബോർഡുകളിൽ നിന്നും പെൻഷൻ ലഭിക്കുന്ന 156 ഗുണഭോക്താക്കളെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ ലിസ്റ്റ് പ്രകാരം ഒഴിവാക്കിയിട്ടുണ്ടെന്നും ക്ഷേമനിധി ബോർഡ് 626 സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താക്കളെ 30.04.2019 ലെ 39/2019/ധന നമ്പർ സർക്കുലർ പ്രകാരം സസ്പെന്റ് ചെയ്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

ശ്രീ.രാജേന്ദ്രൻ (പെൻഷൻ ഐഡി-101670242353) എന്ന വ്യക്തി അനർഹമായി കൈപ്പറ്റിയ വാർദ്ധക്യ കാല പെൻഷൻ തുകയായ 111900/- രൂപയിൽ 25,000/- തിരികെ ഈടാക്കിയതായും ബാക്കി തുക ഒടുക്കുന്നതിൻ സാവകാശം തേടിയിട്ടുള്ളതും പ്രസ്തുത അപേക്ഷ ഡി.ബി.റ്റിലേയ്ക്ക് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.തിരികെ ഈടാക്കുന്നതിനുള്ള 94,000/-രൂപയും 12.12.2024 ലെ 71/224/ധന നമ്പർ നിർദ്ദേശ പ്രകാരമുള്ള 18% പലിശയും അടിയന്തിരമായി തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ശ്രീ.തങ്കപ്പൻ.കെ (പെൻഷൻ ഐഡി-101670242353), ശ്രീമതി.സുധർമ്മദേവി (പെൻഷൻ ഐഡി-101670271642) എന്നിവർ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ അടച്ചിട്ടുണ്ടെങ്കിലും പലിശ അടവാക്കിയിട്ടില്ല. ഇത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

നിലവിൽ സർക്കാർ ജോലി ലഭ്യമായതിനുശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റി വന്നിരുന്ന ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്തിട്ടുള്ളതും ടിയാൾക്കാർ അനർഹമായി കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഒടുക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പേര്	പെൻഷനർ ഐഡി	അനർഹമായി കൈപ്പറ്റിയ	റിമാർക്സ്
1	പത്മകുമാരി.കെ	101670605359	177150	ബാക്കി 18550രൂപയും പലിശയും ഒടുക്കാനുണ്ട്
2.	അജിമോൾ.ജി	101670605525	20800	തുകയും പലിശയും ഒടുക്കാനുണ്ട്.
3.	സജീന ബീവി	101670630173	12800	തുകയും പലിശയും ഒടുക്കാനുണ്ട്.
4.	ലതിക.എൽ	101670611953	11200	തുകയും പലിശയും ഒടുക്കാനുണ്ട്.
5.	ഷീല.എസ്	101670625711	72900	തുകയും പലിശയും ഒടുക്കാനുണ്ട്.
6.	ബിനു.കെ	101670407463	20800	തുകയും പലിശയും ഒടുക്കാനുണ്ട്.
7.	രാജേശ്വരി.എം	101670618037	49500	തുകയും പലിശയും ഒടുക്കാനുണ്ട്.
8.	ഷീന.എസ്	101670632628	3200	തുകയും പലിശയും ഒടുക്കാനുണ്ട്.
9.	മിനി.ജെ	101670610518	6400	തുകയും പലിശയും ഒടുക്കാനുണ്ട്.

10.	സിന്ധു.എസ്.എസ്	101670405319	8000	തുകയും പലിശയും ഒടുക്കാനുണ്ട്.
11.	പ്രദീപ്.എൻ	101670407125	3200	തുകയും പലിശയും ഒടുക്കാനുണ്ട്.
12.	ശ്രീദേവി.എസ്	101670632593	11200	തുകയും പലിശയും ഒടുക്കാനുണ്ട്.
13.	ശോഭലത	101670628893	72500	തുകയും പലിശയും ഒടുക്കാനുണ്ട്.
14.	സുലതകുമാരി	101670602993	48000	തുകയും പലിശയും ഒടുക്കാനുണ്ട്.

പ്രസ്തുത വ്യക്തികൾ അനർഹമായി കൈപ്പറ്റിയ തുക 18% പലിശ സഹിതം അടിയന്തിരമായി തിരികെ ഈടാക്കുന്നതിന് 23.01.2020ലെ 07/2020/ധന നമ്പർ സർക്കുലറിലെ നിർദ്ദേശം 4 പ്രകാരം ബന്ധപ്പെട്ട വകുപ്പ് തലവൻമാരെ അറിയിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താവ് മരണപ്പെട്ട വിവരം ലഭ്യമായതിനെ തുടർന്ന് 2023-24 കാലയളവിൽ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്ഷേമപെൻഷന്റെ പേര്	ഒഴിവാക്കിയ ഗുണഭോക്താക്കളുടെ എണ്ണം
കർഷകത്തൊഴിലാളി പെൻഷൻ	57
വിധവാപെൻഷൻ	155
വാർദ്ധക്യകാല പെൻഷൻ	917
ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	73
ആകെ	1202

ഗുണഭോക്താക്കൾ മരണപ്പെട്ട വിവരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ സേവന സോഫ്റ്റ് വെയറിൽ രേഖപ്പെടുത്താറുണ്ടെങ്കിലും മരണതീയതി രേഖപ്പെടുത്താത്തതിനാൽ സേവന സോഫ്റ്റ് വെയറിൽ പെൻഷൻ സസ്പെന്റ് ചെയ്യാൻ കഴിയുന്നില്ലെന്നും ആയതിനാൽ മരണതീയതി കൂടി റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുന്നതിനായി രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിന് കത്ത് നൽകി നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.നിലവിൽ ഇത്തരം ഗുണഭോക്താക്കളുടെ മരണതീയതി അന്വേഷണ ഉദ്യോഗസ്ഥൻ മുഖേന കണ്ടെത്തി തുടർനടപടി സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.

25.04.2019 ലെ സർക്കുലർ നമ്പർ 36/2019/ധന പ്രകാരം നോൺപ്രയോറിറ്റി റേഷൻ കാർഡിൽ ഉൾപ്പെട്ട പെൻഷൻ അർഹരല്ലാത്തവരെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനായി ഭക്ഷ്യ പൊതു വിതരണ വകുപ്പിൽ നിന്നും വെബ് സർവീസ് മുഖേന ലഭ്യമാക്കിയ നോൺപ്രയോറിറ്റി റേഷൻ കാർഡ് വിവരങ്ങൾ സേവനയിൽ ലഭ്യമാക്കുമെന്ന അറിയിച്ചിരുന്നു. എന്നാൽ ഇത്തരത്തിൽ ലിസ്റ്റ് സേവനയിൽ ലഭ്യമാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

നിലവിൽ മസ്റ്ററിംഗ് പൂർത്തീകരിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്ഷേമപെൻഷന്റെ പേര്	ആകെ	മസ്റ്ററിംഗ് പൂർത്തിയാക്കിയവർ
കർഷകത്തൊഴിലാളിപെൻഷൻ	975	858
വിധവാപെൻഷൻ	28507	26416
വാർദ്ധക്യകാല പെൻഷൻ	59104	52779
ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	7436	6755
അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	1154	1080
ആകെ	97176	87888

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവ്,സർക്കുലർ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും കർശനമായി പാലിച്ച് സാമൂഹ്യക്ഷേമ പെൻഷൻ അർഹരായവർക്ക് മാത്രം ലഭിക്കുന്നുവെന്ന് നഗരസഭ ഉറപ്പുവരുത്തേണ്ടതാണ്.

1-7 ക്യാഷ് പരിശോധന


1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.03.2025 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27,51,857/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 പദ്ധതി ആസൂത്രണം - നടത്തിപ്പ് - അവലോകനം

നഗരസഭയുടെ പരിധിയിലുള്ള ഭൂപ്രദേശത്തെയും അവിടുത്തെ ജനങ്ങളുടെയും അടിസ്ഥാന വികസനം ഉൾപ്പെടെയുള്ള സമഗ്ര വികസനത്തിനായി സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കി ലക്ഷ്യപ്രാപ്തി കൈവരിക്കുക എന്നതാണ് പദ്ധതി നടത്തിപ്പിലൂടെ ലക്ഷ്യമിടുന്നത്. തിരുവനന്തപുരം നഗരസഭയുടെ 2023-24 വർഷത്തെ പദ്ധതി നടത്തിപ്പിന്റെ അവലോകനം നടത്തിയതിൽ ലഭ്യമാകുന്ന പദ്ധതി വിഹിതം ഉപയോഗയോഗ്യമാക്കുന്നതിൽ ജാഗ്രത കുറവ് കാണുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ നഗരസഭ അംഗീകാരം നൽകിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

ആകെ അംഗീകാരം നൽകിയ പദ്ധതികൾ	നടപ്പിലാക്കിയ പദ്ധതികൾ	നടപ്പിലാക്കാത്തവ	ശതമാനം
1872	801	1071	42.78%



നഗരസഭ ആകെ 1872 പ്രോജക്ടുകളാണ് വിവിധ ഫണ്ടുകൾ വകയിരുത്തി അംഗീകാരം നൽകിയിരിക്കുന്നത്. അതിൽ 801 പദ്ധതികൾ നടപ്പിലാക്കുകയും അതിൽ തന്നെ 192 പദ്ധതികൾ മാത്രമാണ് മുഴുവൻ തുകകളും ചെലവഴിച്ച് നടപ്പിലാക്കിയത്. സ്ഥാപനം ലഭ്യമാക്കിയ സുലേഖാ ചെലവ് പത്രിക പ്രകാരം വിവിധ പദ്ധതികൾക്കായി 5,26,62,98,277/- രൂപ വകയിരുത്തുകയും 2,11,91,84,410/- രൂപ (എല്ലാ ഫണ്ടുകളുമുൾപ്പെടെ) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ തൻവർഷത്തെ പദ്ധതി/ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടുകൾ എണ്ണം	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	അടങ്കൽ	ചെലവ്	ചെലവ് ശതമാനം(%)
1	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	10	10	0	35116154	34951559	99.53
2	മെഡിക്കൽ ഓഫീസർ (ഹോമിയോ)	4	4	0	4663000	3866131	82.91
3	സെക്രട്ടറി	177	57	120	774285518	442403890	57.13
4	കൃഷി ഓഫീസർ.അസി.ഡയറക്ടർ	118	108	10	68714060	50826745	73.96
5	മെഡിക്കൽ ഓഫീസർ (കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ)	12	2	10	24781402	3668878	14.80
6	ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം)	25	25	0	152196150	145542362	95.62
7	പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജനന സെൽ	18	13	5	294797374	205211811	69.61
8	പട്ടികജാതി വികസന ഓഫീസർ	9	8	1	329465004	235291616	71.41
9	ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ	24	14	10	222661229	85432592	38.36
10	മെഡിക്കൽ ഓഫീസർ, ഗവ. ഹോസ്പിറ്റൽ	8	7	1	9455667	6802432	71.94
11	ഡെപ്യൂട്ടി ഡയറക്ടർ (ക്ഷീര വികസനം)	4	4	0	17165000	6754452	39.35
12	പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ	14	6	8	19388208	3179956	16.40
13	വെറ്ററിനറി സർജൻ	12	12	0	24575520	17236598	70.13
14	സീനിയർ വെറ്ററിനറി സർജൻ	1	1	0	600000	320479	53.41
15	ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	24	5	19	41000000	680500	1.65
16	മെഡിക്കൽ ഓഫീസർ (സിദ്ധ)	6	6	0	4600000	4600000	100
17	പ്രിൻസിപ്പാൾ,ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ	15	1	14	40944621	2414186	5.89
18	ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്	14	13	1	63536916	25422858	40.01
19	കോർപ്പറേഷൻ എഞ്ചിനീയർ	7	3	4	134349517	50492973	37.58
20	ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ	48	35	13	181141619	135639191	74.88
21	ഡെപ്യൂട്ടി സെക്രട്ടറി	2	0	2	650000	0	0
22	അഡീഷണൽ സെക്രട്ടറി	54	17	37	161480135	77757930	48.15
23	ഹെൽത്ത് സൂപ്പർവൈസർ	53	14	39	296849524	53971191	18.81


24	അസി.എഞ്ചിനീയർ	298	88	210	224837991	52560953	23.37
25	എക്സി. എഞ്ചിനീയർ	135	54	81	774973759	98772471	12.74
26	അസി.എക്സി.എഞ്ചിനീയർ	771	294	477	1353098980	375382656	27.74
27	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	9	0	9	10971001	0	0
	ആകെ	1872	801	1071	5266298349	2119184410	40.24

വകയിരുത്തിയ തുകയുടെ 80 ശതമാനത്തിനു മുകളിൽ ചെലവ് നടത്തിയിരിക്കുന്നത് മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) മെഡിക്കൽ ഓഫീസർ (ഹോമിയോ) ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) എന്നിവർ മാത്രമാണ്. 100% തുകയും ചെലവഴിച്ചിരിക്കുന്നത് മെഡിക്കൽ ഓഫീസർ (സിദ്ധ) മാത്രമാണ്. മുനിസിപ്പൽ എഞ്ചിനീയർമാർ പദ്ധതി തുക ചെലവഴിക്കുന്നതിൽ വളരെ പിന്നിലാണ്. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/എഫ്.എച്ച്.സി) ഡെപ്യൂട്ടി സെക്രട്ടറി എന്നിവർ പദ്ധതിയൊന്നും നടപ്പിലാക്കിയിട്ടില്ല. 1.65% ചെലവ് മാത്രമാണ് ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ നടത്തിയിരിക്കുന്നത്.

സർക്കാരിൽ നിന്നും ലഭ്യമാകുന്ന തുകകൾ യഥാവിധി വിനിയോഗിക്കുവാൻ കഴിയാതെ നഷ്ടപ്പെടുന്നത് കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. ഇത്തരത്തിലുള്ള ഫണ്ട് നഷ്ടത്തിനു ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്ക് പുറമേ അതതു മേഖലയിലുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ, മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ഭരണസമിതി എന്നിവർക്കെല്ലാം ഉത്തരവാദിത്തമുണ്ട്.

സർക്കാരിൽ നിന്നും ലഭിച്ച തുക യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ടഷറിയിൽ ബിൽ സമർപ്പിക്കുവാൻ കഴിയാത്തതിനാൽ വികസന ഫണ്ട് - ജനറൽ, എസ്.സി.പി, റ്റി.എസ്.പി, മെയിന്റനൻസ് ഗ്രാന്റ് (റോഡ്), മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ എന്നിവ പൂർണമായും വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. എ.സി.ആർ പ്രകാരമുള്ള വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫണ്ടിനം	അലോട്ട്മെന്റ് തുക (സംസ്ഥാന ബജറ്റ് അനബന്ധം -4, വിവിധ ഗവ. ഉത്തരവുകൾ മുഖേന)(A)	ചെലവഴിച്ച തുക (സൂലേഖ ചെലവ് പത്രിക പ്രകാരം) (B)	ബാലൻസ് തുക/ ലാപ്സായ തുക (C)
1	വികസന ഫണ്ട് (ജനറൽ)(F1)	1528733130	1199673637	329059493
2	വികസന ഫണ്ട് (എസ്.സി.പി)(F2)	399464667	279928848	119535819
3	വികസന ഫണ്ട് (ടി.എസ്.പി)(F3)	8618100	150000	8468100
4	മെയിന്റനൻസ് ഫണ്ട് (റോഡ്)(F4)	159560600	137288427	22272173
5	മെയിന്റനൻസ് ഫണ്ട് (റോഡിതരം)(F5)	190813400	165776888	25036512
	ആകെ	**2287189897**	**1782817800**	**504372097**





മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ച 2,28,71,89,897/- രൂപയിൽ 1,78,28,17,800/- രൂപ മാത്രമേ നഗരസഭയ്ക്ക് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

നഗരസഭ ലഭ്യമാക്കിയ സൂലേഖ ചെലവ് പത്രിക പ്രകാരം വിവിധ ഫണ്ടുകളിൽ നിന്നും നടത്തിയ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫണ്ടിനം	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
1	വികസന ഫണ്ട് (ജനറൽ)	1968403170	1072847474	54.50
2	വികസന ഫണ്ട് (എസ്.സി.പി)	467315479	268762382	57.51

3	വികസന ഫണ്ട് (ടി.എസ്.പി)	10293100	150000	1.45
4	മെയിന്റനൻസ് ഫണ്ട് (റോഡ്)	318195305	76858454	24.15
5	മെയിന്റനൻസ് ഫണ്ട് (റോഡിതരം)	317437941	133117181	41.93
6	കേന്ദ്രാവിഷ്കൃത ഫണ്ട്	145771183	52921778	36.30
7	സംസ്ഥാനാവിഷ്കൃത ഫണ്ട്	72646663	22720585	31.27
8	തനത് ഫണ്ട്	817268386	122407059	14.97
9	മറ്റുള്ളവ	33310545	5733126	17.21

വികസന ഫണ്ട് (ജനറൽ) വകയിരുത്തിയ 1968403170/- രൂപയിൽ 1072847474/- രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. എസ്.സി.പി, ടി.എസ്.പി ഫണ്ടുകളുടെ ചെലവ് ശതമാനം വളരെ കുറവായാണ് കാണുന്നത്. എസ്.സി.പി ഫണ്ട് പ്രകാരം വകയിരുത്തിയ തുക 467315479/- രൂപയിൽ 268762382/- രൂപ (57.51%) മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. അതുപോലെ ടി.എസ്.പി ഫണ്ടിൽ 10293100/- രൂപ വകയിരുത്തിയതിൽ 150000/- രൂപ (1.45%) മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. സ.ഉ(പി) നമ്പർ 86/22/LSGD, തീയതി.19.04.2022 ഖണ്ഡിക.3.4.1(4) പ്രകാരം പട്ടികജാതി/വർഗ്ഗ ഉപപദ്ധതി വിഹിതത്തിലെ വിനിയോഗ ശതമാനം 80 ൽ കുറവാണെങ്കിൽ ക്യാരി ഓവറായി സർക്കാർ അനുവദിക്കുന്ന 20% കിഴിച്ചുള്ള സംഖ്യ തൻവർഷത്തെ (2024-25) പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തണം. ഈ നിബന്ധന പ്രകാരം ഓഡിറ്റ് വർഷം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ ചെലവിലുള്ള കുറവ് വഴി സാമ്പത്തിക വർഷം (2024-25) വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും നല്ലൊരു തുക പരിഹാര വകയിരുത്തലായി മാറ്റി വയ്ക്കേണ്ടി വരും.

മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ 24.15%, നോൺ റോഡിനത്തിൽ 41.93% മാത്രമാണ് ചെലവ് ചെയ്തിരിക്കുന്നത്. അതിനാൽ പ്രസ്തുത ഇനത്തിൽ യഥാക്രമം 55.85% രൂപയും 38.07% രൂപയും വരും വർഷത്തിൽ സർക്കാർ ക്യാരി ഓവർ വിഹിതമായി ലഭിക്കുന്ന 20% തുക കിഴിച്ച് യഥാക്രമം 177712077.84/- രൂപയും 120848624.13/- രൂപയും തിരികെ ലഭിക്കാത്തവിധം നഗരസഭയ്ക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് വിഭവങ്ങളുടെ ലഭ്യത പരിഗണിച്ച് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ നടപ്പിലാക്കുവാൻ അംഗീകാരം നേടിയ ചില പദ്ധതികളിൽ 1000/- രൂപ മാത്രം വകയിരുത്തിയിരിക്കുന്നതായും ചില പദ്ധതികളിൽ ഫണ്ട് വിവരം രേഖപ്പെടുത്താതതെയും കാണുന്നു. വിഭവലഭ്യത പരിഗണിക്കാതെ പദ്ധതികൾ ആവിഷ്കരിക്കുന്നതു മൂലമാണ് ഇത്തരത്തിൽ ആവശ്യമായ വകയിരുത്തലുകൾ ഇല്ലാതെ പദ്ധതികൾ രൂപീകരിക്കേണ്ടി വരുന്നത്.

ഉദാ:-

ക്രമ നം.	പ്രോജക്ട് നം	അടങ്കൽ	ചെലവ്
1	2159/24	1000	0
2	2144/24	1000	0
3	2164/24	1000	0

ആസൂത്രണസമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ 19.04.2022 ലെ ഉത്തരവ് (കൈ) നമ്പർ 86/2022/തസ്വഭവ ആയി പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗ രേഖയുടെ ഖണ്ഡിക 3.1.1 എ (7) പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞതു 3 മാസത്തിലൊരിക്കലെങ്കിലും ആസൂത്രണ സമിതി യോഗം ചേരണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തണം ഇത്തരത്തിൽ വിവരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നു (ഓഡിറ്റ് എൻക്വയറി നം 197/24 തീയതി: 17.02.2025) . ആയതിന് മറുപടി നല്കിയില്ല. ആസൂത്രണകമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ആസൂത്രണസമിതിയുടെ ചുമതലകൾ എത്രത്തോളം നിർവഹിച്ചിട്ടുണ്ടെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

പദ്ധതി മാർഗരേഖയിലെ 3.1.2 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1-നു മുൻപ് നിലവിലുള്ള ആസൂത്രണ സമിതികൾ ആവശ്യമെങ്കിൽ പുനസംഘടിപ്പിക്കേണ്ടതാണെന്നിരിക്കെ ഇത്തരത്തിൽ നഗരസഭയുടെ വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിട്ടുണ്ടോയെന്നുള്ള അന്വേഷണത്തിനു (ഓഡിറ്റ് എൻക്വയറി നം 197/24) മറുപടി ലഭ്യമാക്കിയിട്ടില്ല.

എന്നാൽ ഏതാനും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സ് ബുക്ക് പരിശോധിച്ചതിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I. ആരോഗ്യകാര്യ വർക്കിംഗ് ഗ്രൂപ്പ് (യോഗ തീയതി - 24.01.2023)

1. ഹെൽത്ത് ഓഫീസർ

A. **പദ്ധതിയ്ക്ക് തുക വകയിരുത്തിയെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.**

പ്രോജക്ട് നം.631/2024, ജില്ലാ ക്യാൻസർ നിയന്ത്രണ പദ്ധതി-3,00,000/- രൂപ, വികസന ഫണ്ട്

B. **പദ്ധതി രൂപീകരണത്തിൽ ഉൾപ്പെടുകയും എന്നാൽ നടപ്പിലാക്കാത്തതുമായ പദ്ധതികൾ.**

നഗരസഭാ പരിധിയിൽ AIDS ബാധിതർക്ക് മരുന്ന് ലഭ്യമാക്കൽ

2. *മെഡിക്കൽ ഓഫീസർ (ഹോമിയോ)*

ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

A. 'കന്നിമണി'- അംഗനവാടികളുടെ സമഗ്ര ആരോഗ്യ പരിപാലനം ഹോമിയോപ്പതിയിലൂടെ

B 'അമൃതംഗമയ' – ജീവിതശൈലി രോഗപ്രതിരോധ നിയന്ത്രണ ചികിത്സാ പദ്ധതി

C. ആയുർവ്വേദ കിടത്തി ചികിത്സ

II. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് - കുടിവെള്ളം (യോഗ തീയതി - 19.03.2023)

ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

A. വിവിധ ആവശ്യങ്ങൾക്കായി നഗരത്തിൽ എത്തുന്ന പൊതുജനങ്ങൾക്കും മറ്റും കുടിവെള്ളം ലഭിക്കുന്നതിനായി വാട്ടർ കിയോസ്ക് സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയ പദ്ധതി.

B. കുടിവെള്ള ദൗർലഭ്യം നേരിടുന്ന നഗരത്തിലെ എല്ലാ പ്രദേശങ്ങളിലും ചെറിയ ടാങ്കുകൾ സ്ഥാപിച്ച് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതി.

C. എസ്.സി, എസ്.ടി കോളനികളുടെ ലിസ്റ്റ് തയ്യാറാക്കി ജലദൗർലഭ്യം ഉള്ള കോളനികളിൽ മുൻഗണന നൽകി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

D. 100% കുടിവെള്ള കണക്ഷൻ ലഭ്യമായ വാർഡുകളിൽ പൊതു ടാപ്പുകൾ പൂർണമായും ഒഴിവാക്കുന്നതിനും മറ്റു സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി പൊതു ടാപ്പുകൾ കുറയ്ക്കുന്നതിനുമുള്ള പദ്ധതി.

III ക്ഷീരവികസനം, മൃഗസംരക്ഷണം വർക്കിംഗ് ഗ്രൂപ്പ് (യോഗ തീയതി - 27.01.2023)

ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

A. കന്നുകുട്ടി പരിപാലനത്തോടൊപ്പം തന്നെ കാളക്കുട്ടി പരിപാലനം ചെയ്യുന്നതിനുള്ള പദ്ധതി.

B. താറാവ് വളർത്തുന്നതിന് ആനുകൂല്യം നൽകുന്ന പദ്ധതി.

C. ഇൻഷുറൻസ് ഇല്ലാത്ത പശുക്കൾക്ക് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതി.

D. കാലിത്തൊഴുത്ത് നവീകരണം.

IV ദാരിദ്ര്യ നിർമ്മാർജ്ജന വർക്കിംഗ് ഗ്രൂപ്പ് (യോഗ തീയതി - 21.02.2023)

1. പദ്ധതിയ്ക്ക് തുക വകയിരുത്തിയെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.

വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട പ്രോജക്ട് നം.1147/2024, 126250/- രൂപ, വികസന ഫണ്ട്

2. ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

A. തീരദേശ മേഖലകളുടെ ദാരിദ്ര്യ നിർമ്മാർജനത്തിനായി പ്രത്യേക പാക്കേജ്, ചെറുകിട വ്യവസായ സംരംഭങ്ങൾ, കുടുംബശ്രീ മാതൃകയിൽ പുരുഷ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് തൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കുക.

B. തീരദേശ മേഖലയിലെ കുട്ടികൾക്ക് ആവശ്യമായ വിദ്യാഭ്യാസ ലോൺ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

C. ജനകീയ ഹോട്ടലുകൾ വഴി നഗരസഭയെ വിശപ്പുരഹിത നഗരമായി മാറ്റാൻ വേണ്ടി സൗജന്യമായി നൽകുന്ന ഊണിന്റെ എണ്ണം വർദ്ധിപ്പിച്ച് അതിന്റെ സബ്സിഡി നഗരസഭയിൽ നിന്നും നൽകുന്നതിനുള്ള പദ്ധതി.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം 201/24 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

ആസ്തി സംരക്ഷണ പദ്ധതി.

സ.ഉ(കൈ) നം. 86/2022/തസ്വഭവ, തീയതി. 19.04.2022-ലെ പദ്ധതി മാർഗരേഖ ഖണ്ഡിക 6.8.1 പ്രകാരം ആസ്തി സംരക്ഷണ പദ്ധതി നഗരസഭ തയ്യാറാക്കിയിട്ടുണ്ടോ, ഖണ്ഡിക 6.8.2 പ്രകാരം അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് GIS സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ, നഗരസഭയുടെ വൈബ്സൈറ്റിൽ സജ്ജമാക്കിയിട്ടുള്ള 'നഗരഭൂമി' യിൽ നഗരസഭയുടെ ആസ്തിയുടെ സമ്പൂർണ വിവരം ആധികാരികമായി സാക്ഷ്യപ്പെടുത്തി ഉൾപ്പെടുത്തിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.198/24 തീയതി.20.02.2025)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രോജക്കുകൾ പരിശോധിച്ചതിൽ ആസ്തി സൃഷ്ടിക്കുന്നുണ്ടെങ്കിൽ ആയതിന്റെ യൂണീക്ക് നമ്പർ പ്രോജക്ടിൽ (ക്രമ നം .36) ഉൾപ്പെടുത്തേണ്ടതാണ്.സ്ഥാപനം ഹാജരാക്കിയ ആസ്തി രജിസ്റ്ററിൽ യൂണിക്ക് നമ്പർ രേഖപ്പെടുത്തിയിട്ടുമില്ല.

പദ്ധതി ആസൂത്രണം സംബന്ധിച്ച മാർഗരേഖ കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾ എന്നിവ കൃത്യമായി പാലിച്ച് തുക പാഴാക്കാതെ വികസന പ്രവർത്തനങ്ങളിലൂടെ നഗരസഭയുടെ മുന്നേറ്റം പ്രാവർത്തികമാക്കുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

വാർഷിക റിപ്പോർട്ടിൽ നൽകിയിരിക്കുന്ന വിവരങ്ങളിൽ പൊരുത്തക്കേട്

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 63 പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും ഓരോ വർഷവും സർക്കാർ നിർദ്ദേശിക്കുന്ന ഫോറത്തിൽ അതിന്റെ ഭരണത്തെ സംബന്ധിച്ച് ഒരു റിപ്പോർട്ട് ഈ വകുപ്പിന്റെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കി വരുന്ന വർഷം 30-ാം തീയതിയ്ക്കകം പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അപ്രകാരം നഗരസഭ 2023-24 സാമ്പത്തിക വർഷത്തിൽ പുറപ്പെടുവിച്ച വാർഷിക ഭരണറിപ്പോർട്ട് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു.

പട്ടിക 17 പ്രകാരം പട്ടികജാതി വികസനം എന്ന വിഷയത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ പട്ടികജാതി മേഖലയിൽ വകയിരുത്തി ചെലവ് ചെയ്തിരിക്കുന്നത് 86.32% ആണെന്നു രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ ഓഡിറ്റിനു ഹാജരാക്കിയ സുലേഖ ചെലവ് പത്രിക പ്രകാരം പട്ടികജാതി വികസന ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നിർവഹണം നടത്തിയ 9 പദ്ധതികളുടെ ചെലവ് ശതമാനം 56.34% മാത്രമാണ്.വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമനം	പ്രോജക്ട് നം	പദ്ധതിയുടെ പേര്	സൂലേഖ പ്രകാരമുള്ള അടങ്കൽ	സൂലേഖ പ്രകാരമുള്ള ചെലവ്	വാർഷിക റിപ്പോർട്ട് പ്രകാരമുള്ള ചെലവ്
1	1114	നഗരസഭ റിപ്രോഗ്രാഫിക്ക് സെന്ററിനു ഫോട്ടോ കോപ്പിയർ,കളർ മെഷീൻ മിനി ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ	40,00,000	0	38,47,980
2	2066	പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രിതവിവാഹിതർക്ക് ധനസഹായം	49,50,000	9,00,000	41,25,000
3	176	ഭവന പൂർത്തീകരണം തുടർ ഗഡുക്കൾ നൽകൽ	25,00,000	10,36,000	10,36,000
4	46	സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 8-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മേശ കസേര വിതരണം	60,00,000	11,85,616	52,11,770
5	51	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം	1,00,00,000	70,10,000	73,20,000
6	47	വിവാഹധനസഹായം പട്ടികജാതി കുടുംബങ്ങൾക്ക്	1,00,00,000	97,50,000	1,00,00,000
7	43	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം	1,40,00,000	1,17,40,000	1,19,75,000
8	49	വീട് വാസയോഗ്യമാക്കൽ (എസ്.സി)	6,22,13,728	4,96,50,000	5,87,25,000
9	52	ലൈഫ് മിഷൻ പദ്ധതിക്ക് സ്ഥലം വാങ്ങൽ(എസ്.സി)	21,58,01,276	15,40,20,000	18,21,68,000

യഥാർത്ഥ ചെലവ് വിവരം കാണിക്കാതെ ചെലവ് വിവരം ഉയർത്തികാണിച്ചതു വഴി നഗരസഭയുടെ ചെലവ് സംബന്ധിച്ച സ്ഥാപനത്തിനുള്ള വ്യക്തതയില്ലായ്മയാണ് കാണുന്നത്.ഭാവിയിൽ ചെലവ് വിഹിതങ്ങളുടെ കൃത്യത പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

1-9 ആഭ്യന്തര നിയന്ത്രണം

കാര്യക്ഷമമായ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന് മാത്രമേ നഗരസഭ പോലുള്ള വ്യാപ്തിയേറിയ ഒരു തദ്ദേശ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ചിട്ടയോടെയും ഊർജ്ജസ്വലതയോടെയും മുന്നോട്ട് കൊണ്ട് പോകാനും, ജനക്ഷേമത്തിലും അടിസ്ഥാന വികസനത്തിലുമുന്നി പുരോഗതിയുടെ പാതയിലൂടെ മുന്നേറുവാനും സാധിക്കു. ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും തങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങളും, ചുമതലകളും ഫലപ്രദമായി വിനിയോഗിച്ച് സേവനവും, സദ്ഭരണവും പ്രദാനം ചെയ്യേണ്ടതുണ്ട്. ആയതിന് സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം അനുയോജ്യമായ രീതിയിൽ രൂപീകരിക്കേണ്ടതുണ്ട്. നഗരസഭയുടെ എല്ലാ വിഭാഗങ്ങളും സംയുക്തമായി സഹകരിച്ച് പ്രവർത്തിച്ചാൽ മാത്രമേ ആഭ്യന്തരനിയന്ത്രണ സംവിധാനം ശക്തമാകുകയുള്ളു. നഗരസഭയുടെ വിവിധ വിഭാഗങ്ങളായ അക്കൌണ്ട്സ്, റവന്യൂ, ഹെൽത്ത്, എഞ്ചിനീയറിംഗ് ഇവ തമ്മിലുള്ള ഏകോപനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. പല വിഷയങ്ങളിലും മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിക്കുന്ന അപാകങ്ങൾ നിലനിൽക്കുന്നു. അവ പരിഹരിക്കുന്നതിന് നഗരസഭയ്ക്ക് കഴിയുന്നില്ല എന്നത് നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചയായി വിലയിരുത്തുന്നു.
നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ താഴെപ്പറയുന്നു.

1. ഓഫീസ് ജോലിവിഭജന പ്രകാരമുള്ള കർത്തവ്യനിർവ്വഹണത്തിൽ ജാഗ്രതക്കുറവ്

നഗരസഭയുടെ പ്രവർത്തനങ്ങളിൽ വിവിധ സെക്ഷനുകളുടെ ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ടെങ്കിലും കാര്യക്ഷമമായി കൃത്യനിർവ്വഹണം നടത്തുന്നതിൽ ജാഗ്രതക്കുറവ് കാണുന്നു. കറസ്പോൺഡൻസ് ഫയൽ, നോട്ട് ഫയൽ എന്നിവയുടെ ക്രമീകരണം, വിഷയാധിഷ്ഠിതമായി കൃത്യതയോടെ ഫയൽ സൂക്ഷിക്കുക എന്നിവ ശ്രദ്ധയൂന്നേണ്ട വിഷയമാണ്. വൗച്ചറുകൾ, പ്രോജക്ടുകൾ സംബന്ധിച്ച ഫയലുകൾ എന്നിവയുടെ ക്രമീകരണം പൂർണവും ആധികാരികവുമല്ല.

2. ബജറ്റും അക്കൗണ്ടിംഗും - നിയമാനുസൃത ക്രമീകരണങ്ങളുടെ അഭാവം

1. ബജറ്റിൽ വകയിരുത്തിയ തുകകൾ യഥാർത്ഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 293 പ്രകാരം സ്ഥാപനത്തിന്റെ വികസനം മുൻകൂട്ടി കണ്ടുകൊണ്ട് തയ്യാറാക്കുന്ന ബജറ്റ് കുറ്റമറ്റതാകേണ്ടതാണ്. അങ്ങനെ തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടാത്ത ഒരു ചെലവും ചെയ്യാൻ പാടില്ലാത്തതാണ്. ബജറ്റിൽ ഉൾപ്പെടാത്തയിനങ്ങൾക്ക് ചെലവ് ചെയ്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ അനുപൂരക ബജറ്റ് തയ്യാറാക്കേണ്ടതാണ്. അനുപൂരക ബജറ്റ് തയ്യാറാക്കുന്നതിൽ സ്ഥാപനത്തിനു വീഴ്ച വന്നിട്ടുണ്ട്. വികസനത്തിലൂന്നി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചർച്ച ചെയ്ത തയ്യാറാക്കുന്ന ബജറ്റിൽ വരവുകളും ചെലവുകളും കൃത്യമായിരിക്കേണ്ടതാണ്. വൻ തുകകൾ ബജറ്റിൽ വകയിരുത്തി കുറവ് തുക ചെലവഴിച്ചത് വഴി മറ്റ് മേഖലകളിലേയ്ക്ക് തുക വകയിരുത്തുന്നതിൽ കുറവുണ്ടാകുവാൻ സാധ്യതയുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിനുള്ള ചർച്ചകളിലൂടെ തുകകൾ ആവശ്യമായ മേഖലയിലെ വകയിരുത്തലുകൾ സംബന്ധിച്ച് വ്യക്തമായ തീരുമാനവും ലക്ഷ്യവുമുണ്ടാകേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

2. വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായും അക്കൗണ്ടിംഗുകളിലെ അപാകങ്ങൾ പരിഹരിച്ച് കൃത്യമായി പൊരുത്തപ്പെടുത്തി സമർപ്പിക്കുന്നതിലും ജാഗ്രതക്കുറവുണ്ട്.

3. ഓഡിറ്റിന്റെ സുഗമമായ നടത്തിപ്പിന് ഫയലുകൾ, മറുപടികൾ എന്നിവ ലഭ്യമാക്കുന്നില്ല.

സുഗമമായ ഓഡിറ്റ് നടത്തുന്നതിനായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, ഓഡിറ്റ് എൻകുയറികൾക്കുള്ള മറുപടികൾ എന്നിവ അനിവാര്യമാണ്. രജിസ്റ്ററുകളും ഫയലുകളും റിക്വിസിഷൻ വഴി ആവശ്യപ്പെട്ടുവെങ്കിലും ആയത് അപൂർണമായി മാത്രമാണ് ലഭ്യമാക്കിയത്. ലഭ്യമായ രജിസ്റ്ററുകളിൽ ആസ്തി രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കാലികമാക്കി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഫയലുകളും എൻക്വയറിയ്ക്കുള്ള മറുപടികളും ലഭ്യമാക്കുന്നതിലെ അനാസ്ഥ സംബന്ധിച്ച് മുനിസിപ്പാലിറ്റി ആക്ട്, ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് എന്നീ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സ്ഥാപനത്തിനും മേധാവികൾക്കുമുള്ള ഉത്തരവാദിത്തം, ബാധ്യത എന്നിവ ചൂണ്ടിക്കാണിച്ചു കൊണ്ട് സെക്രട്ടറിയ്ക്ക് 03.03.2025-ന കെ.എസ്.എ/26/ടിവിസി.9/2025 നമ്പർ കത്തു നൽകിയിട്ടുണ്ട്. എന്നിട്ടും മറുപടികളും ഫയലുകളും നൽകുന്നതിന് നഗരസഭയുടെ ഭാഗത്തുനിന്നും ജാഗ്രതക്കുറവുണ്ട്. ഓഡിറ്റിനു വേണ്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ ലഭ്യമാക്കി ഓഡിറ്റ് സുഗമമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ 454 ഓഡിറ്റ് എൻക്വയറികൾ (സോണൽ കാര്യാലയങ്ങൾ ഉൾപ്പെടെ) നൽകിയതിൽ 244 എണ്ണത്തിനു മാത്രമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. വിഷയം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും സജീവ പരിഗണനയ്ക്ക് വിധേയമാകേണ്ടതാണ്.

4. മൻക്കൂർ തുകകൾ ക്രമീകരിക്കുന്നതിൽ അനാസ്ഥ – സാമ്പത്തിക അച്ചടക്കമില്ലായ്മയുടെ സൂചന

മൻക്കൂർ രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയിലെ ഉദ്യോഗസ്ഥർക്ക് വിവിധ പ്രവൃത്തികൾക്കായി മുൻക്കൂർ നൽകിയ തുകകളിൽ പലതും സാമ്പത്തിക വർഷം അവസാനിച്ച് ഒരു വർഷമായിട്ടും ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ഖ. 1-28 പ്രതിപാദിച്ചിട്ടുണ്ട്. ഗുരുതരമായ ഇത്തരം അപാകങ്ങൾ സാമ്പത്തിക അച്ചടക്കമില്ലായ്മയെ സൂചിപ്പിക്കുന്നു.

5. രസീത് ബുക്കുകൾ പ്രിന്റിംഗും സ്റ്റോക്കിലെടുക്കലും – അപാകങ്ങൾ

രസീത് ബുക്കുകൾ പ്രിന്റ് ചെയ്യുന്നതിലും സ്റ്റോക്കിലെടുക്കുന്നതിലും അതത് സാമ്പത്തിക വർഷത്തെ ഉപയോഗത്തിനായി രസീതു ബുക്കുകളുടെ കൃത്യത/സുതാര്യതക്കുറവ് സാമ്പത്തിക ക്രമക്കേടിന് വഴിയൊരുക്കുന്ന സാഹചര്യം നിലനിൽക്കുന്നു.

6. മുൻ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിലുള്ള അപാകങ്ങൾ ആവർത്തിക്കുന്നു. നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല.

1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനങ്ങളും) ചട്ടങ്ങൾ 14 (2), (3) എന്നിവ പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പിനു മേൽ സെക്രട്ടറി തയ്യാറാക്കിയ കുറിപ്പോടുകൂടി പ്രത്യേകമായി വിളിച്ചു ചേർത്ത കൗൺസിൽ യോഗത്തിൽ പരിഗണിക്കുകയും ആയതു ചർച്ച ചെയ്ത് റിപ്പോർട്ടിലെ പ്രസ്തുത പരാമർശങ്ങൾക്ക് വ്യക്തമായ തീരുമാനമെടുക്കേണ്ടതുമാണ്. ചട്ടം 15(1) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൻമേൽ കൗൺസിൽ എടുത്ത തീരുമാനം രണ്ടാഴ്ചക്കുള്ളിൽ ഓഡിറ്റർക്ക് നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള മറുപടികൾ പൂർണ്ണമായും ഓഡിറ്റിന് ലഭ്യമാക്കുന്നില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിക്കാതെ നിലവിലും ആവർത്തിക്കുന്നതായി കാണുന്നു. മേൽ വിഷയത്തിൽ കൗൺസിൽ പ്രത്യേക ശ്രദ്ധയും പരിഗണനയും നൽകേണ്ടതാണ്.

7. തനതു വരുമാന ശേഖരണത്തിൽ ശ്രദ്ധയുന്നുന്നില്ല- വൻകുടിശ്ശിക

വസ്തുനികുതി, തൊഴിൽ നികുതി, റോഡ് കട്ടിംഗ്, ബിൽഡിംഗ് പെർമിറ്റ് തുടങ്ങിയ നികുതി നികുതിയേതര വരുമാനങ്ങൾ ശേഖരിക്കുന്നതിലും കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിലും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. 18.10.2022 ലെ സ.ഉ(കൈ)179/22/ധന നം ഉത്തരവ് പ്രകാരം തനത് റവന്യു ഡിമാന്റിന്റെ 90% പിരിച്ചെടുക്കാത്ത തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ട്(ജനറൽ) ന്റെ മൂന്നാം ഗഡുവിൽ നിന്ന് 1% തുക കുറവ് വരുത്തുന്നു. അപ്രകാരം തിരുവനന്തപുരം നഗരസഭയ്ക്ക് വികസനഫണ്ടിനത്തിൽ ലഭിക്കേണ്ട 1,63,65,370 രൂപയുടെ കുറവ് വന്നിട്ടുണ്ട്. പ്രസ്തുത ഇനങ്ങളിലെ വൻകുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

8. വരവ് അക്കൗണ്ടിംഗിലെ പിഴവുകൾ – വരുമാന നഷ്ടം സംഭവിക്കുന്നു

സ്ഥാപനത്തിന് ലഭിക്കുന്ന ചെക്കുകൾ/ഡി.ഡികൾ സ്വീകരിച്ച് രസീത് നൽകുകയും എന്നാൽ യഥാസമയം പണമാകാതിരിക്കുകയും, ഇത്തരത്തിൽ ലഭിക്കുന്ന വൻ തുക ക്രെഡിറ്റാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ തുടർനടപടികളിലൂടെ തുക ഈടാക്കേണ്ടതുണ്ട്. പ്രസ്തുത വിഷയം നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിൽ ആവർത്തിച്ച് റിപ്പോർട്ട് ചെയ്തിട്ടും പണമാകാത്ത ചെക്കുകളിന്മേൽ മുനിസിപ്പൽ അക്കൌണ്ട്സ് ചട്ടങ്ങൾ ചട്ടം 20 പ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തിയിട്ടുണ്ട്. ആയത് നഗരസഭ അക്കൗണ്ട്സ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ പോരായ്മകളിലേക്കും, അപര്യാപ്തതകളിലേക്കുമാണ് വിരൽ ചൂണ്ടുന്നത്.

9. നഗരസഭയുടെ വാഹനങ്ങൾ, ജീവനക്കാർ (താൽക്കാലിക) എന്നീ കണക്കുകളിൽ അവ്യക്തത

നഗരസഭയുടെ കസ്റ്റഡിയിലുള്ള വാഹനങ്ങളുടെ എണ്ണം താൽക്കാലിക ജീവനക്കാരുടെ എണ്ണം എന്നിവയിൽ നഗരസഭ ലഭ്യമാക്കുന്ന കണക്കുകളിൽ പൊരുത്തക്കുറവ് ഉണ്ട്. വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

10. അനിവാര്യ ചുമതലകൾ നടപ്പാക്കുന്നതിലെ അപാകതകൾ

നഗരസഭയുടെ അനിവാര്യ ചുമതലകളിൽപ്പെടുന്ന തെരുവ് വിളക്ക് പ്രകാശിപ്പിക്കൽ, തെരുവ് നായ്ക്കൾ സംബന്ധിച്ച പ്രശ്നപരിഹാരം, ശുചിത്വ പരിപാലനം, മാലിന്യ സംസ്കരണം എന്നിവയിലെ അപാകങ്ങൾ, നിരുത്തരവാദപരമായ സമീപനം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

11. ഗുണഭോക്തൃ ലിസ്റ്റുകൾ ആധികാരികവും സുതാര്യവും അല്ല

പല പദ്ധതികളുടെയും ഗുണഭോക്തൃ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ച് സ.ഉ(കൈ) നം. 86/2022/തസ്വഭവ, തീയതി.19.04.2022 ഖ.12.3.15-ന്റെ അടിസ്ഥാനത്തിൽ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. തൻമൂലം അനർഹർ ആനുകൂല്യം കൈപ്പറ്റുന്നതിന്റെ സാധ്യതയാണ് തെളിയുന്നത്. ഓഡിറ്റ് അന്വേഷണങ്ങൾ വഴി ഇത്തരത്തിലുള്ളവരെ കണ്ടെത്തി അറിയിക്കുമ്പോൾ അവരെ പുതുതായി ലിസ്റ്റിൽ ഉൾപ്പെടുത്തി നൽകുന്നതായും കാണുന്നു. ഇത് പദ്ധതികളുടെ ഉദ്ദേശലക്ഷ്യം നേടുന്നതിന് തടസ്സമാകുന്നു. അർഹതപ്പെട്ടവർക്കുള്ള നീതി നിഷേധവുമാകുന്നു.

12. പദ്ധതി പണം ഫലപ്രദമായി ചെലവഴിക്കുന്നില്ല

നഗരസഭാ വിവിധ പദ്ധതികൾക്കായി തുകകൾ വകയിരുത്തുന്നുണ്ടെങ്കിലും ആയതു ഫലപ്രദമായി ചെലവഴിക്കുന്നില്ല.1872 പദ്ധതികളിൽ 1071 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. പദ്ധതിയിനത്തിൽ 42.78% പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്.അവയുടെ ചെലവ് ശതമാനത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ 40.24% മാത്രമാണ് ചെവഴിച്ചിരിക്കുന്നത്. ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കണമെന്ന് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ചർച്ച ചെയ്ത അംഗീകാരം നേടി പ്രോജക്ടായി രൂപാന്തരം വന്നിട്ടും ആയതു നടപ്പിലാക്കിയിട്ടില്ല. വകയിരുത്തിയ പദ്ധതികൾ നടപ്പിലാക്കാത്തതു വഴി ഭാവിയിൽ അവയ്ക്കുള്ള പദ്ധതി വിഹിതം കുറയുന്നതിനും കാരണമാകും. നൂതന പ്രോജക്ടുകൾ വർക്കിംഗ്

ഗ്രൂപ്പുകൾ വഴി പദ്ധതികളായി വരുന്നുണ്ടെങ്കിലും അവയൊന്നും നടപ്പിലാക്കുന്നില്ല. നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

13. ചെലവ് പത്രികയിൽ കൃത്യതയില്ല

സ്ഥാപനം തയ്യാറാക്കി നൽകുന്ന സൂലേഖ ചെലവ് പത്രികയിൽ നിന്നാണ് ആ സാമ്പത്തിക വർഷത്തെ വകയിരുത്തിയ തുകയും ചെലവും കണ്ടെത്തുന്നത്. എന്നാൽ സൂലേഖ ചെലവ് പത്രികയിൽ ഫണ്ടിനം രേഖപ്പെടുത്താതെ പദ്ധതികൾക്ക് തുക വകയിരുത്തിയിരിക്കുന്നു. പൊതുമരാമത്ത് അസി. എഞ്ചിനീയർമാർ നടപ്പിലാക്കേണ്ട പദ്ധതികളിലാണ് ഇത്തരത്തിൽ ഫണ്ട് രേഖപ്പെടുത്താതെ തുക വകയിരുത്തിയിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം	പ്രോജക്ടിന്റെ പേര്
1	1932/24	മുട്ടട UPHC യ്ക്ക് പോളിക്ലിനിക്കുകൾ അപ്ഗ്രേഡ് ചെയ്യുന്നതും അനുബന്ധ പ്രവൃത്തികളും
2	1918/24	കുര്യാത്തി ആറ്റുകാൽ UPHC യ്ക്ക് പോളിക്ലിനിക്കുകൾ അപ്ഗ്രേഡ് ചെയ്യുന്നതും അനുബന്ധ പ്രവൃത്തികളും
3	1919/24	കോവളം UPHC യ്ക്ക് പോളിക്ലിനിക്കുകൾ അപ്ഗ്രേഡ് ചെയ്യുന്നതും അനുബന്ധ പ്രവൃത്തികളും

മേൽ പദ്ധതികൾക്ക് അടങ്കൽ തുക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ ചെലവ് പത്രിക തയ്യാറാക്കി ഓഡിറ്റിനു സമർപ്പിച്ചതിൽ സ്ഥാപനത്തിന്റെ ജാഗ്രത കുറവാണ് കാണുന്നത്.

മേൽ ചൂണ്ടിക്കാണിച്ച വിഷയങ്ങൾ ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും ഉദ്യോഗസ്ഥരും ചേർന്ന് ചർച്ചയിലൂടെ പരിഹാരം കണ്ടെത്തേണ്ടതും തുടർ വർഷങ്ങളിൽ ഒഴിവാക്കേണ്ടതുമാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	04.12.2024	2022-23	ഇല്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	30.12.2024	2023-24	10.02.2025

1-11 പണമാകാത്ത ചെക്കുകൾ/ഡി.ഡി-കൾ 13,64,306/- രൂപ നഗരസഭാ ഫണ്ടിൽ വരവ് വന്നില്ല.

01.04.2023 മുതൽ 31.12.2023 വരെ നികുതി നികുതിയേതര ഇനങ്ങളിലെ വരവ് സംബന്ധിച്ച സാംഖ്യ ചെക്ക്/ഡിഡി രജിസ്റ്റർ പരിശോധിച്ചതിൽ 5,83,657/- രൂപ മൂല്യമുള്ളതും 01.01.2024 മുതൽ 31.03.2024 വരെ കെസ്മാർട്ട് മുഖേനയുള്ള നികുതി നികുതിയേതര ഇനങ്ങളിലെ വരവ് സംബന്ധിച്ച ചെക്ക്/ഡിഡി രജിസ്റ്റർ പരിശോധിച്ചതിൽ 7,80,649/- രൂപ മൂല്യമുള്ളതുമായ ചെക്കുകൾ/ഡിഡികൾ നഗരസഭയുടെ എസ്.ബി.ഐ സേവിംഗ്സ്/കറണ്ട്/സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ 3 ബാങ്ക് അക്കൗണ്ടുകളിലും വരവ് വന്നതായി കാണുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-12 മാന്വൽ രസീത് ബുക്കുകളുടെ സ്റ്റോക്ക് വിവരങ്ങളുടെ പരിശോധന – ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും.

ഇ-ഗവേണൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭയിൽ 01.01.2024 മുതൽ കെ-സ്മാർട്ട് നിലവിൽ വന്നു. തുടർന്ന് നികുതി പിരിവിന് മാന്വൽ രസീതുകൾക്ക് പകരം ഇ-പോസ് മെഷീനുകൾ ഉപയോഗത്തിൽ വരുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ മാന്വൽ രസീതുകളുടെ തുടർന്നുള്ള ഉപയോഗം, സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിലെ അപാകത എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് സ്ഥാപനം മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-12-1 രസീതുബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധന – തൻവർഷത്തെ സ്റ്റോക്ക് വിശദാംശങ്ങൾ മുൻവർഷത്തെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല – സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ

മുൻവർഷത്തെ (2022-23) ലെ റവന്യൂ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 31.03.2023-ൽ ഉപയോഗിക്കാത്ത രസീത് ബുക്കുകളുടെ എണ്ണം 49 ആണ്. എന്നാൽ 2023-24-ലെ സ്റ്റോക്ക് രജിസ്റ്ററിൽ മുൻ വർഷത്തെ ഉപയോഗിക്കാത്ത രസീത് ബുക്കുകൾ റീനമ്പർ ചെയ്തതു മുഖേന 194 എണ്ണം രസീത് ബുക്കുകൾ ഓപ്പണിംഗ് ബാലൻസ് ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. 145 എണ്ണം ബുക്കുകളുടെ വ്യത്യാസം മുൻവർഷത്തെ ക്ലോസിംഗ് ബാലൻസും തൻവർഷത്തെ ഓപ്പണിംഗ് ബാലൻസും തമ്മിൽ കാണുന്നു. ഇപ്രകാരമുള്ള വ്യത്യാസം സംബന്ധിച്ച് 08.08.2024-ലെ 15/കെ.എസ്.എ/ടിവിസി.6/2024 നമ്പർ ഓഡിറ്റ് എൻക്വയറി സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തിലേക്ക് 2000 എണ്ണം മാന്വൽ രസീത് ബുക്കുകൾ പ്രിന്റ് ചെയ്ത് നൽകുന്നതിന് 30.03.2023 ലെ ജി.എ.2/15325/19 നമ്പർ കത്ത് പ്രകാരം നഗരസഭ റിപ്രോഗ്രാഫിക് സെന്റർ ഡയറക്ടർക്ക് വർക്ക് ഓർഡർ നൽകുകയും RC-043/05.07.2023, RC-058/14.07.2023 ഇൻവോയിസുകൾ പ്രകാരം ആകെ 983 എണ്ണം രസീത് ബുക്കുകൾ റിപ്രോഗ്രാഫിക് സെന്റർ സപ്ലൈ ചെയ്യുകയും ടി സ്റ്റോക്ക് നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം എത്ര രസീത് ബുക്കുകൾ പ്രിന്റ് ചെയ്യേണ്ടതുണ്ട് എന്നതിന് അംഗീകാരം നൽകുന്ന കൗൺസിൽ തീരുമാനം ലഭ്യമായില്ല.

2023-24 ലെ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 31.03.2024-ലെ ക്ലോസിംഗ് ബാലൻസ് 707 ആണ്. എന്നാൽ നഗരസഭയിലെ വിവിധ സെക്ഷനുകളിൽ (റവന്യൂ, ജനകീയാസൂത്രണ സെൽ, വനിതാ ഹോസ്റ്റൽ തുടങ്ങിയവ) നൽകിയവയിൽ ഉപയോഗിക്കാത്ത രസീത്

ബുക്കുകൾ എത്രയാണെന്നും അവ തിരികെ നൽകിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മേൽപ്പറഞ്ഞ പ്രകാരമുള്ള റിട്ടേൺ വരവുകൾ ഉൾക്കൊള്ളിച്ച് യഥാർത്ഥ ക്ലോസിംഗ് ബാലൻസ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി, ഉപയോഗിക്കാത്ത രസീത് ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ അക്കൗണ്ട് ചെയ്യപ്പെടാതെ ദുരുപയോഗം ചെയ്യുന്നതിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്. ക്ലോസിംഗ് ബാലൻസിലെ അപാകത സംബന്ധിച്ച് 17.08.2024 ലെ 21/കെ.എസ്.എ/ടിവിസി.6/2024 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള ട്രഷറി കോഡ് വോള്യം I ആർട്ടിക്കിൾ 90(B) യിലെ ക്രിപ്പ് 3 പ്രകാരം ആവശ്യമായ രസീത് പുസ്തകങ്ങൾ മെഷീൻ നമ്പറോട് കൂടിയവ നിയന്ത്രണാധികാരി ലഭ്യമാക്കേണ്ടതും താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതുമാണ്. ലഭ്യമായതും വിതരണം ചെയ്തതുമായ പുസ്തകങ്ങളുടെ എണ്ണം ഓരോന്നിലെയും ഫോറങ്ങളുടെ എണ്ണം സഹിതം സൂചിപ്പിക്കുന്ന സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. ക്രിപ്പ് 4 പ്രകാരം വിതരണം ചെയ്ത രസീത് പുസ്തകങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 ചട്ടം 74 പ്രകാരവും രസീത് ബുക്കുകളുടെ സ്റ്റോക്ക് സംബന്ധിച്ച് കൃത്യമായ നിയമങ്ങൾ നിഷ്കർഷിക്കുന്നുണ്ട്.

രസീത് ബുക്കുകളുടെ ദുരുപയോഗം സാമ്പത്തിക ക്രമക്കേട് എന്ന ഗുരുതരമായ അപാകതയായി പരിഗണിക്കപ്പെടുമെന്നതിനാൽ ഉപയോഗിച്ചതും ബാക്കിയായതുമായ രസീത് ബുക്കുകളുടെ കൃത്യമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-12-2 നഗരസഭയിൽ മാന്വൽ രസീതുകളുടെ ഉപയോഗം സംബന്ധിച്ച് അവ്യക്തത – ബന്ധപ്പെട്ട കൗൺസിൽ തീരുമാനം ലഭ്യമാക്കിയില്ല.

ഡിജിറ്റലൈസേഷന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭയിൽ 01.01.2024ാം തീയതി പ്രാബല്യത്തിൽ ഇ-പോസ് മെഷീൻ (Electronic Point Of Sales) മുഖേനയുള്ള നികുതി കളക്ഷൻ നിലവിൽ വരികയും വസ്തു നികുതി കളക്ഷൻ പൂർണമായും EPOS സിസ്റ്റത്തിലേക്ക് മാറുകയും ചെയ്തു. ആയതിനാൽ നഗരസഭയ്ക്ക് മാന്വൽ രസീത് ഉപയോഗിക്കേണ്ട ആവശ്യമില്ലാത്ത സാഹചര്യത്തിൽ EPOS മെഷീൻ മുഖേനയുള്ള കളക്ഷൻ രീതി ആരംഭിച്ചതു മുതൽ ഉപയോഗരഹിതമായ രസീത് ബുക്കുകളുടെ കൃത്യമായ കണക്ക് എടുക്കുകയും ടി ബുക്കുകൾ ദുരുപയോഗം ചെയ്യുന്നില്ല എന്ന് ഉറപ്പിക്കാൻ ആവശ്യമായ നടപടികൾ നഗരസഭ കൈക്കൊള്ളേണ്ടതുമുണ്ട്. എന്നാൽ അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഒന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 01.01.2024 മുതലുള്ള മാന്വൽ രസീത് ബുക്കുകളുടെ ഉപയോഗം സംബന്ധിച്ചും മാന്വൽ രസീത് ബുക്കുകളുടെ സൂക്ഷിപ്പ് സംബന്ധിച്ചുമുള്ള നഗരസഭ കൗൺസിലിന്റെ തീരുമാനം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്.എ21/ടിവിസി.6/2024, തീയതി.17.08.2024 നമ്പർ ഓഡിറ്റ് എൻക്വയറി നഗരസഭാ സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ-പോസ് മെഷീൻ മുഖേനയുള്ള കളക്ഷൻ രീതി ആരംഭിച്ചതിനെ തുടർന്ന് ഉപയോഗരഹിതമായിരിക്കുന്ന രസീതുബുക്കുകളുടെ കൃത്യമായ കണക്ക് എടുത്ത് ടി ബുക്കുകൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കുന്നതിനുള്ള ഉചിതമായ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-12-3 EPOS കളക്ഷൻ - അപാകങ്ങൾ

കെസ്മാർട്ട് നിലവിൽ വന്നതിനു ശേഷം 05.03.2024 മുതലാണ് EPOS മെഷീൻ ഉപയോഗിച്ചു തുടങ്ങിയത്. EPOS മെഷീൻ വഴി കളക്ട് ചെയ്യുന്ന ക്യാഷ് SBI Account ആയ 57044087376 ലും Card, UPI, Cheque Collection എന്നിവ കാനറാ ബാങ്ക് അക്കൗണ്ടിലും (120027792479) ആണ് ക്രെഡിറ്റ് ആകുന്നത്.

01.01.2024 മുതൽ 31.03.2024 വരെയുള്ള EPOS കൺസോളിഡേറ്റഡ് റിപ്പോർട്ടിൽ (KSMART പ്രകാരമുള്ളത്) UPI Amount + Card Amount, 3,68,35,729.19/- രൂപയാണ്. എന്നാൽ EPOS CANARA (120027792429) മാർച്ച് മാസത്തിലെ റിക്കൺസിലിയേഷൻ റിപ്പോർട്ടിൽ 31.03.2024-ൽ 3,73,49,563.19/- രൂപ ബാലൻസ് കാണിക്കുന്നു. 2023-24 വാർഷിക ധനകാര്യ പത്രിക RP 40(B) പ്രകാരവും 31.03.2024ലെ ബാലൻസ് 3,73,49,563/- രൂപയാണ്. 5,13,834/- രൂപ EPOS Consolidated Report-ൽ കുറവ് വന്നിട്ടുണ്ട്. ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 175/കെ.എസ്.എ/ടിവിസി.2/2024, തീയതി.31.01.2025). 01.01.2024 മുതൽ കെസ്മാർട്ട് തുടങ്ങിയെങ്കിലും 2023-24 സാമ്പത്തിക വർഷത്തെ റിക്കൺസിലിയേഷൻ പൂർത്തിയാക്കിയിട്ടുള്ളത് സാംഖ്യ സോഫ്റ്റ്വെയറിലാണെന്നും കാനറാ ബാങ്കിന്റെ (120027792429) ബാങ്ക് ബുക്കിൽ 2023-24 ക്ലോസിംഗ് ബാലൻസ് 37349563.19/- രൂപയാണ് കാണിക്കുന്നതെന്നും ടി തുകയാണ് റിക്കൺസിലിയേഷൻ റിപ്പോർട്ടിൽ Closing Balance As Per Bank എന്ന് കാണിക്കുന്നതെന്നും അറിയിച്ചു. IKM പൂൾ അക്കൗണ്ടിൽ നിന്നാണ് ടി അക്കൗണ്ടിൽ Bulk Posting ആയി തുക വരുന്നത് എന്നതിനാൽ ഓരോ എൻട്രിയും ക്രെഡിറ്റ് ആയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ നിലവിൽ നിർവ്വാഹമില്ല എന്ന മറുപടി ലഭ്യമാക്കി. ഇപ്രകാരം കെസ്മാർട്ടിൽ നിന്നും ഡേറ്റ സാംഖ്യയിലേക്ക് പോർട്ട് ചെയ്തതിന്റെ വിശദാംശങ്ങൾ, പോർട്ട് ചെയ്യുന്നതിനു മുൻപ് സാംഖ്യയിലുണ്ടായിരുന്ന തുകയുടെ വിശദാംശങ്ങൾ എന്നിവയൊന്നും IKM മുഖേന നഗരസഭ ലഭ്യമാക്കാത്തതിനാൽ ടി അക്കൗണ്ടിന്റെ റിക്കൺസിലിയേഷനിലെ 31.03.2024-ലെ ക്ലോസിംഗ് ബാലൻസ് തുക, ബാലൻസ് തുകയുമായുള്ള വ്യത്യാസം എന്നിവ വ്യക്തതയോടെ വിശദമാക്കുന്നതിനോ, EPOS കൺസോളിഡേഷൻ റിപ്പോർട്ടിൽ ഉൾപ്പെടുന്ന 3,68,35,729.19/- രൂപ മുഴുവനായും 3,73,49,563.19/- ൽ ഉൾപ്പെടുന്നുണ്ടോ, ചെക്ക് തുകകൾ കൂടി ടി തുകയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. കെസ്മാർട്ടിൽ നിന്നും ഡേറ്റ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്തപ്പോൾ ക്ലോസിംഗ് ബാലൻസിൽ 5,13,834/- രൂപ എങ്ങനെ അധികം വന്നു എന്നതിലും വ്യക്തത വന്നിട്ടില്ല.

കാനറാ ബാങ്ക് അക്കൗണ്ടിന്റെ (120027792429) മാർച്ച് 2024 റിക്കൺസിലിയേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള Cheque Deposited But Not Collected From Bank എന്ന ഇനത്തിലെ 99,56,654/- രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 175/കെ.എസ്.എ/ടിവിസി.2/2024, തീയതി.31.01.2025) ടി തുക അടുത്ത തീയതികളിലെ Bulk Posting ൽ ഉൾപ്പെട്ട് വരുമെന്നും IKM പൂൾ അക്കൗണ്ടിൽ നിന്നും ടി അക്കൗണ്ടിലേക്ക് Bulk Posting ആയി തുക വരുന്നതിനാൽ ഓരോ എൻട്രിയും ക്രെഡിറ്റ് ആയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ നിലവിൽ നിർവ്വാഹമില്ല എന്നും അറിയിച്ചു. കെസ്മാർട്ടിൽ റിക്കൺസിലിയേഷൻ ഉടനെ നിലവിൽ വരുമെന്നും

ഓരോ പേയ്മെന്റിനും ഡയറക്ട് റെസീപ്റ്റ് ആകുന്നതിനാൽ മേൽ വിഷയങ്ങൾക്ക് പരിഹാരമാകുമെന്നും IKM ൽ നിന്നും അറിയിച്ചിട്ടുള്ളതായി മറുപടി നൽകി. എന്നാൽ പ്രസ്തുത തുകയുടെ Split Up പരിശോധിച്ചതിൽ അതിൽ ഉൾപ്പെട്ട തുകകൾ ഭൂരിഭാഗവും Card, UPI പെയ്മെന്റുകൾ ആണെന്നു കാണുന്നു. പ്രസ്തുത തുകകൾ Epos മുഖേന രസീതു നൽകുന്ന മുറക്ക് തന്നെ ബാങ്കിൽ ക്രഡിറ്റ് ആകുന്നതാണ്. എങ്കിലും 31.3.2024 ന് ഇത്രയും വലിയ തുക നഗരസഭയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ആകാത്തതിന്റെ കാരണവും നഗരസഭക്ക് വിശദീകരിക്കാൻ കഴിയുന്നില്ല.

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 2007 റൂൾ 21, KFC 7(2) എന്നിവ പ്രകാരം നഗരസഭയിൽ ഒരു ദിവസം ഏത് രീതിയിൽ വരവ് വന്ന തുകയും അടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കേണ്ടതാണ് എന്നിരിക്കെ ഭീമമായ തുക ബാങ്കിൽ അടവാക്കാത്തത് ഗൗരവമായ കൃത്യവിലോപമായി കണക്കാക്കേണ്ടതാണ്. സാമ്പത്തിക ഇടപാടുകൾ ഒറ്റ ക്ലിക്കിൽ പൂർത്തിയാകുന്ന ഈ കാലത്ത് നഗരസഭയുടെ തനത് വരുമാനം അക്കൗണ്ടിലേക്ക് എത്തുന്നതിൽ ഇത്രയും കാലതാമസം വരുന്നതും നഗരസഭ ഉദ്യോഗസ്ഥർക്ക് പോലും സ്ഥാപനത്തിന്റെ ഇടപാടുകളെ പരിശോധിക്കാൻ കഴിയാതിരിക്കുന്നതും നഗരസഭാ പ്രവർത്തനങ്ങളുടെ സുതാര്യതയ്ക്കും വിശ്വാസ്യതയ്ക്കും കോട്ടം തട്ടുന്നതാണ്. ആയത് പരിഹരിക്കുന്നതിന് നഗരസഭ അധികൃതർ മുൻകൈയ്യെടുക്കേണ്ടതാണ്.

1-13 KSMART സോഫ്റ്റ് വെയറിൽ ലഭ്യമായ ലോഗിൻ- ഓഡിറ്റ് സമഗ്രമായി നിർവ്വഹിക്കുന്നതിന് പര്യാപ്തമല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള ഒരു IKM സോഫ്റ്റ് വെയറാണ് Kerala Solution For Managing Administrative Reformation And Transformation- KSMART. എല്ലാ പ്രാദേശിക സേവന ആപ്ലിക്കേഷനുകളും ഒരൊറ്റ പ്ലാറ്റ് ഫോമിൽ സംയോജിപ്പിച്ച്, പൊതുജനങ്ങൾക്ക് ആവശ്യമായ പ്രധാന സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്ന ഒരു സംരംഭമാണിത്. തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈനാക്കുകയും പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുകയും ചെയ്യുന്ന ഈ ആപ്ലിക്കേഷൻ തിരുവനന്തപുരം നഗരസഭയിൽ 2024 ജനുവരി 01 മുതൽ ആരംഭിച്ചു.

എന്നാൽ ഓഡിറ്റിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കാനും, ഫയലുകളും ധനകാര്യ ഇടപാടുകളും സമഗ്രമായും ക്രമപ്രകാരവും ഓഡിറ്റ് നിർവ്വഹിക്കുന്നതിനുതകുന്നതുമായ സജ്ജീകരണം നിലവിൽ KSMART ആപ്ലിക്കേഷനിലെ ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല. ഈ കാര്യാലയത്തിലെ ജീവനക്കാർക്ക് 15.10.2024-ൽ ആണ് KSMART സോഫ്റ്റ് വെയറിൽ ലോഗിൻ ലഭ്യമായത്, ഇതു തന്നെ ഓഡിറ്റർ ലോഗിന് പകരം ഭൂരിഭാഗം സർവ്വീസിന്റെയും വിവരങ്ങൾ ലഭ്യമല്ലാത്ത ഒരു എംപ്ലോയി ലോഗിൻ ആണ്. ഓഡിറ്റിന് ആവശ്യമായ വിവരങ്ങൾ ഭാഗികമായി മാത്രമെ ലഭ്യമാകുന്നുള്ളൂ. ടി ലോഗിനിലെ നിലവിലെ പരിമിതികൾ കാരണം പൂർണമായ രീതിയിൽ ഓഡിറ്റ് നിർവ്വഹിക്കാൻ സാധിക്കുന്നില്ല. ഈ അപാകതകൾ പരിഹരിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഐ.കെ.എം ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 2024 നവംബർ 27, 28 തീയതികളിൽ ശിൽപ്പശാല സംഘടിപ്പിക്കുകയും ഓഡിറ്റ് പരിശോധനയ്ക്ക് KSMART ൽ നിന്ന് ലഭ്യമാകേണ്ട അനിവാര്യമായ റിപ്പോർട്ടുകളുടെ വിവരം തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിരുന്നു. മിക്ക അപാകതകളും പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരുന്നുവെങ്കിലും തുടർന്നും KSMART- ലോഗിനിലെ ന്യൂനതകൾ പരിഹരിക്കപ്പെട്ടിട്ടില്ല. KSMART ലെ വിവരങ്ങൾ 01.01.2024 മുതൽ 31.03.2024 വരെയുള്ളത് സാംഖ്യയിലേക്ക് പോർട്ട് ചെയ്ത് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതായാണ് നഗരസഭ അറിയിച്ചിട്ടുള്ളത്. ഇപ്രകാരം 01.04.2023 മുതൽ 31.12.2023 വരെ സാംഖ്യ പ്രകാരമുള്ള വരവ് ചെലവ് കണക്കും 01.01.2024 മുതൽ 31.03.2024 വരെ KSMART പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും സംയോജിപ്പിച്ച് തയ്യാറാക്കിയ വാർഷിക ധനകാര്യ പത്രിക അടിസ്ഥാനമാക്കി 2023-24 ലെ ഓഡിറ്റ് പരിശോധന KSMARTൽ നടത്തുന്നതിൽ നേരിട്ട പ്രായോഗിക പ്രശ്നങ്ങളും പരിമിതികളും ചുവടെ ചേർക്കുന്നു.

1. KSMART ലോഗിനിൽ നിന്നും ലഭ്യമായ 31.03.2024-ലെ നീക്കിയിരിപ്പ് തുകയും സ്ഥാപനം ലഭ്യമാക്കിയ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്ത കണക്കുകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

2. 2023-24 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം ഓരോ ഇനം വരവുകളും ആ ഇനത്തിലെ സാംഖ്യ പ്രകാരമുള്ള വരവിന്റെയും KSMART പ്രകാരമുള്ള വരവിന്റെയും ആകെ തുക ആകേണ്ടതാണ്. എന്നാൽ പല ഇനങ്ങളിലും അത് അപ്രകാരമല്ല. കൂടാതെ 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിൽ KSMART ൽ അക്കൗണ്ട് ചെയ്തിട്ടുള്ള ധനമിടപാടുകൾ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്തതിന്റെ വിശദാംശങ്ങളോ ഇതു സംബന്ധിച്ച രേഖകളോ പരിശോധിക്കാൻ നൽകിയിട്ടില്ല. ഉദാഹരണമായി, പെർമിറ്റ് ഫീ വരവ് പരിശോധിക്കുമ്പോൾ 01.04.2023 മുതൽ 31.12.2023 വരെയുള്ള സാംഖ്യ പ്രകാരമുള്ള വരവ് 16.85 കോടിയും, 01.01.2024 മുതൽ 31.03.2024 വരെയുള്ള KSMART പ്രകാരമുള്ള വരവ് 8.98 കോടി രൂപയും ചേർന്ന് ആകെ 25.82 കോടി രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ഇത് 37.36 കോടിയാണ്. 11.54 കോടി രൂപയുടെ ഈ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. അതേ സമയം IBPMS സോഫ്റ്റ് വെയർ മുഖേന ടി സോഫ്റ്റ് വെയർ സേവനം ആരംഭിച്ചതു മുതൽ 31.03.2024 വരെ ആകെ 13.53 കോടി രൂപ വരവായി വന്നിട്ടുണ്ട് (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം). പ്രസ്തുത വരവ് എപ്രകാരം അക്കൗണ്ട് ചെയ്തെന്നോ, ഇതിൽ എത്ര രൂപയാണ് തൻവർഷ വരവായി ഉൾപ്പെടുത്തിയിട്ടുള്ളതെന്നോ, ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ എപ്രകാരമാണ് ഉൾപ്പെടുത്തിയതെന്നോ പരിശോധിക്കുന്നതിലേയ്ക്ക് ആവശ്യമായ വിവരങ്ങളോ, രേഖകളോ ലഭ്യമാക്കിയിട്ടില്ല.

3. ടി ആപ്ലിക്കേഷനിലെ Digital Management Services എന്ന മെനുവിലെ Service, Temporary Disposed Files, Archived Files, Search Files, Reports എന്നീ ഓപ്ഷനുകളാണ് ഉള്ളത്. ഇത് ഓഡിറ്റിനുപരി എംപ്ലോയിക്ക് ഉപയുക്തമാകുന്ന രീതിയിൽ ഉള്ളതാണ്. ഇതിൽ സർവ്വീസസ് എന്ന മെനുവിൽ Service Name, Code എന്നിവയാണുള്ളത്. ഓഡിറ്റിന് പൂർണമായ File ലഭ്യമാകുന്ന സംവിധാനമില്ല.

4. Temporary Disposed Files, Archived Files എന്നിവയിലും ഫയലുകൾ പരിശോധനയ്ക്ക് പൂർണമായി ലഭ്യമാകുന്നില്ല.

5. Search File Option-ൽ Category, Date ഇവയൊന്നും തിരിക്കാതെ ഫയലുകൾ ലിസ്റ്റ് ചെയ്യുവരുന്നു. Search-ൽ Advanced Search എന്ന Option-ൽ Module, Sub Module എന്നിങ്ങനെ സെലക്ട് ചെയ്ത് ഫയലുകൾ View ചെയ്യാൻ കഴിയും. എന്നാൽ Zonal Wise, Main Office എന്നിങ്ങനെ തരംതിരിച്ച് Consolidated List എടുക്കുന്നതിന് സാധിക്കുന്നില്ല.

6. Finance Management എന്ന Option-ൽ Cash Book, Bank Book, Chellan, Ledger എന്നീ റിപ്പോർട്ടുകൾ കിട്ടുന്നുണ്ട്. ഇതിൽ Detailed Headwise Report എന്നതിൽ ആകെ തുക ലഭിക്കുന്നില്ല.

7. Cheque Issue Register-ലും Cheque Received Register-ലും Date Of Clearance കോളത്തിൽ Entry ഇല്ല.

8. EPOS Consolidated Report എന്ന Option ഉണ്ട് എങ്കിലും ഏതെങ്കിലും ദിവസത്തെ കളക്ഷൻ തുക ബാങ്ക് അക്കൗണ്ടിൽ (EPOS വരവിനായുള്ള Canara Bank A/C No.120027792429) വരുന്നതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല. ഉദാഹരണമായി 08.03.2024-ലെ EPOS Consolidated Report പ്രകാരം ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

UPI Amount	Card Amount	Total
422519	353403	775922

എന്നാൽ പ്രസ്തുത ദിവസം CANARA Bank അക്കൗണ്ടിൽ വരവ് വന്ന തുക 696860/- രൂപയാണ്.

9. Finance Management Reports-ൽ ബാങ്ക് റിക്കൺസിലിയേഷൻ റിപ്പോർട്ട് ചേർത്തിട്ടില്ല.

10. അക്കൗണ്ട് ഹെഡുകൾ സാംഖ്യയിൽ ഉള്ളതിൽ നിന്നും വ്യത്യസ്തമായിട്ടാണ് KSMART-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സാംഖ്യയിൽ ഹെഡുകൾ അനുവദിച്ചിട്ടുള്ള പല ഇനങ്ങൾക്കും KSMART-ൽ ഹെഡുകൾ അനുവദിക്കപ്പെട്ടിട്ടില്ല. അക്കൗണ്ട് ഹെഡുകളുടെ ആധികാരികത/ സർക്കാർ അംഗീകാരം എന്നിവ സംബന്ധിച്ച് വ്യക്തതയില്ല.ഇതു സംബന്ധിച്ച് വകുപ്പിന്റെ പരിശോധനകൾക്കുശേഷം അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരുന്നുവെങ്കിലും നിലവിലെ സ്ഥിതി വ്യക്തമല്ല.

ഉദാഹരണം

ഇനം	ഹെഡ് ഓഫ് അക്കൗണ്ട് സാംഖ്യ	ഹെഡ് ഓഫ് അക്കൗണ്ട് കെ-സ്മാർട്ട്
Recoveries Payable- Income Tax Deducted At Source	350200201	3502025

11. ഓഡിറ്റ് പരിശോധനയ്ക്കാവശ്യമായ വിവിധ റിപ്പോർട്ടുകൾ KSMART ൽ ലഭ്യമല്ല.

ഉദാഹരണമായി വിവിധ വരവിനങ്ങളുടെ Detailed DCB Report, കുടിശ്ശിക ഇനങ്ങളുടെ Detailed Report, വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ റിപ്പോർട്ട് എന്നിവ ലഭ്യമല്ല.

12. Services എന്ന മെനുവിൽ Submenu ആയ, Building Permit ൽ നിലവിൽ വിവരം ലഭ്യമല്ല (No Services എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്), മറ്റൊരു Submenu ആയ Property Tax ൽ വിവരങ്ങൾ 2/2025 മുതൽ മാത്രമാണ് ലഭ്യമായത്. ഇതിൽ Building Search, Report എന്നിങ്ങനെ രണ്ട് ഓപ്ഷനുകളാണ് ഉള്ളത്. Building Search Option മുഖാന്തിരം ഒരു കെട്ടിടത്തിന്റെ വസ്തു നികുതി വിവരങ്ങൾ ലഭ്യമാകുന്നുവെങ്കിലും ഫോം-6 ലഭ്യമല്ല. ഇത്തരത്തിൽ നികുതി കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ നികുതി നിർണയത്തിലെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല. Report Option ൽ നിന്നും Building List Reports പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ചുള്ള വാർഡ് അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ ലഭിക്കുന്നുണ്ടെങ്കിലും സർക്കാർ കെട്ടിടങ്ങളുടെ ലിസ്റ്റ് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.കൂടാതെ കെട്ടിടങ്ങളെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച പട്ടികയും പുതിയതായി വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തരംതിരിച്ച പട്ടികയും ലഭ്യമല്ല. Building Count റിപ്പോർട്ട് പ്രകാരം ആകെ കെട്ടിടങ്ങളുടെ എണ്ണം ലഭ്യമാണ്. Profession Tax, Licence Fee എന്നിവയും KSMART മുഖേന പരിശോധിക്കാൻ കഴിയുന്നില്ല.

13. ഇതു കൂടാതെ ഒരു സോണൽ കാര്യാലയത്തിലെ ഒരു പ്രത്യേക വിഷയത്തിൽ സാമ്പത്തിക വർഷത്തെ മുഴുവൻ ഫയലുകളും ഒരുമിച്ച് ലഭ്യമാകുന്ന തരത്തിലുള്ള ക്രമീകരണം നിലവിൽ KSMART-ൽ ഉൾക്കൊള്ളിച്ചിട്ടില്ല. വിവിധ സോണൽ കാര്യാലയങ്ങളിൽ നിന്നും ലഭ്യമാക്കിയ Headwise Consolidation Report പ്രകാരമുള്ള വരവിനങ്ങളുടെ ഫയൽ പരിശോധിച്ച് ഇതിന്റെ കൃത്യത ഉറപ്പുവരുത്താൻ നിലവിൽ ലഭ്യമായ ലോഗിൻ മുഖേന കഴിയുന്നില്ല. കൂടാതെ വിരവിനങ്ങളുടെ DCB Statement -ഉം ലഭ്യമല്ല.

14. KSMART മുഖേനയുള്ള Cash വരവുകൾ മാത്രമെ ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്തു നോക്കി ഉറപ്പു വരുത്താൻ കഴിയുന്നുള്ളു, UPI, Card Payment എന്നിവ ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്തു നോക്കി ഉറപ്പു വരുത്താൻ കഴിയുന്നില്ല.

15. കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളിലും നിർവചിച്ചിട്ടുള്ള വിവിധ ഫോമുകളുടേയും രജിസ്റ്ററുകളുടേയും മാതൃകയിൽ മാറ്റം വരുത്തി കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

16. കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ വസ്തു നികുതി പിരിക്കുന്നതിനായി ഉപയോഗിക്കുന്ന ഇ-പോസ് മെഷീനുകളുടെ കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റ്, ഇ-പോസ് മെഷീനുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് ബുക്ക്, പ്രസ്തുത ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് ഇവ പൊരുത്തപ്പെടുന്നില്ല.

17. ഒരു നികുതിദായകൻ ഒരു ചെക്ക് ഉപയോഗിച്ച് ഒന്നിലേറെ ഡിമാന്റ് തുകകൾ ഒടുക്കി രസീതുകൾ കൈപ്പറ്റുന്ന സംഗതികളിൽ പലപ്പോഴും എല്ലാ രസീതുകൾ പ്രകാരമുള്ള തുകയും ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ ചെക്ക് റിസീവ്ഡ് രജിസ്റ്റർ, ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയിൽ പൊരുത്തക്കേട് നിലനിൽക്കുന്നു.

18. ഒരു നികുതിദായകൻ ഒരു ഡിമാന്റ് തുകയുടെ ഒരു ഭാഗം ചെക്ക് മുഖേനയും ശേഷിക്കുന്നത് ക്യാഷ് മുഖേനയും ഒടുക്ക് വരുത്തുന്ന സന്ദർഭത്തിൽ ചെക്ക് റിസീവിഡ് രജിസ്റ്ററിൽ ആകെ വരവ് തുക ചെക്കും ക്യാഷും കൂടി ചേർന്ന തുകയാണ് രേഖപ്പെടുത്തുന്നത്. എന്നാൽ ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയിൽ പൊരുത്തക്കേട് നിലനിൽക്കുന്നു.

19. ഒരു നികുതിദായകൻ ഒന്നിലേറെ ചെക്കുകൾ ഉപയോഗിച്ച് ഒരു ഡിമാന്റ് ഒടുക്കി രസീത് കൈപ്പറ്റുന്ന സംഗതിയിൽ ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ സമർപ്പിക്കപ്പെട്ട ചെക്കുകളുടെ ആകെ തുക ഓരോ ചെക്കിനു നേരെയും രേഖപ്പെടുത്തുന്നു. ആയതിനാൽ ചെക്ക് റിസീവ്ഡ് രജിസ്റ്റർ, ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയിൽ പൊരുത്തക്കേട് നിലനിൽക്കുന്നു.

20. ഓരോ ശീർഷകങ്ങൾക്കുമെതിരെയുള്ള ഹെഡ് വൈസ് കൺസോളിഡേഷൻ റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ ഡിമാന്റ് തുക പൂർണമായി പിരിച്ചെടുക്കപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് KSMART ഓഡിറ്റർ ലോഗിൻ കൂറ്റമറ്റതാക്കി തുടർ വർഷങ്ങളിലെ ഓഡിറ്റ് സമഗ്രമായി നിർവ്വഹിക്കാൻ കഴിയുന്ന രീതിയിലുള്ള ക്രമീകരണം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്.

1-14 വിനോദ നികുതി പരിശോധന - സ.ഉ(കൈ) 17/2024/തസ്വഭവ, തീയതി 31.01.2024 ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെ സ്ഥാപനം പ്രവർത്തിക്കുന്നു. വിനോദ നികുതി ഒടുക്കാത്തതുമൂലം നഗരസഭാ ഫണ്ടിന് ഭീമമായ നഷ്ടം.

1961-ലെ ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ട് ചട്ടം 3 പ്രകാരം വിനോദ പ്രവൃത്തികൾ സംഘടിപ്പിക്കുന്ന സ്ഥാപനങ്ങളിൽ പ്രസ്തുത എന്റർടെയിൻമെന്റിൽ പങ്കെടുക്കുന്നയാളിൽ നിന്ന് ഈടാക്കുന്ന 'പ്രൈസ് ഓഫ് അഡ്മിഷൻ' തുകയുടെ മേൽ നിശ്ചിത ശതമാനം നിരക്കിൽ വിനോദ നികുതി നഗരസഭ നിശ്ചയിക്കേണ്ടതും ഓരോ മാസത്തെയും നികുതി തൊട്ടടുത്ത മാസത്തെ 5-ാമത്തെ പ്രവൃത്തി ദിനത്തിനകം നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്. തിരുവനന്തപുരം നഗരസഭയിലെ കടകംപള്ളി സോണൽ ഓഫീസ് പരിധിയിലുള്ള ആക്കുളത്ത് ലുലു ഇന്റർനാഷണൽ ഷോപ്പിംഗ് മാൾസ് (പ്രൈവറ്റ് ലിമിറ്റഡ്) ന്റെ ഉടമസ്ഥതയിലുള്ള മാളിൽ 'ഫൺട്യൂറ' എന്ന സ്ഥാപനത്തിന് 140167042300194/28.04.2023 നമ്പർ IFTE &OS ലൈസൻസ് നഗരസഭ 2023-24 വർഷത്തേക്ക് അനുവദിച്ചിട്ടുള്ളതാണ്. ടി ലൈസൻസിൽ പ്രസ്തുത സ്ഥാപനത്തിൽ 'ഗെയിം സെന്റർ' പ്രവർത്തിക്കുന്നതായി നഗരസഭാധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് സ്ഥാപനം ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 33260/2024 ന്റെ വസ്തുതാവിവരണത്തിൽ ആവേശകരമായ റൈഡുകൾ ആയ Roller Coaster, Bumper Car, Video Games മുതലായ വിനോദോപാധികൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന് വിശദീകരിച്ചിട്ടുണ്ട്. ടി സ്ഥാപനത്തെ വാണിജ്യാടിസ്ഥാനത്തിൽ വിനോദ പ്രവൃത്തികൾ സംഘടിപ്പിക്കുന്ന സ്ഥാപനം എന്ന നിലയ്ക്ക് വിനോദനികുതി അസസ്മെന്റിന് നിയമപരമായി വിധേയമാക്കേണ്ടിയിരുന്നു എന്നിരിക്കെ നഗരസഭ ടി സ്ഥാപനത്തിന് ബാധകമായ നികുതി നിരക്ക് നിശ്ചയിക്കുകയോ തുക ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നഗരസഭാ സെക്രട്ടറിയ്ക്ക് നൽകിയ 10/കെ.എസ്.എ/ടിവിസി.6/2024, തീയതി 25.07.2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ നഗരസഭ ഓഡിറ്റ് അന്വേഷണം പരാമർശിച്ച് വിനോദനികുതി അടവാക്കുന്നതിന് സ്ഥാപനത്തിന്റെ ബാദ്ധ്യത ചൂണ്ടിക്കാട്ടി നികുതി അടവാക്കുന്നതിന് അറിയിപ്പ് നൽകുകയും തുടർന്ന് സ്ഥാപനം ആയതിനെതിരായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

31.01.2024-ലെ സ.ഉ(കൈ) 17/2024/എൽ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം മേൽപ്പറഞ്ഞ സ്ഥാപനത്തിന് പ്രസ്തുത ഉത്തരവിലെ ക്രമ നമ്പർ 2(4) പ്രകാരമുള്ള നിരക്കിൽ നികുതി ബാധ്യതയുണ്ട് എന്ന് കാണുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം 31.01.2024 തീയതി മുതൽ പ്രൈസ് ഓഫ് അഡ്മിഷൻ തുകയുടെ 10% നിരക്കിലുള്ള തുക വിനോദ നികുതിയായി നഗരസഭ ഈടാക്കേണ്ടിയിരുന്നു. 31.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിൽ പ്രസ്തുത ഉത്തരവ് പ്രകാരം ഈടാക്കേണ്ടിയിരുന്ന തുക (പ്രൈസ് ഓഫ് അഡ്മിഷന്റെ 10% നിരക്കിൽ) കണക്കാക്കി ടി സ്ഥാപനത്തിൽ നിന്ന് ഈടാക്കി നഗരസഭ ഫണ്ടിനുണ്ടായ ഭീമമായ നഷ്ടം നികത്തുന്നതിനുള്ള അടിയന്തിര നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. 01.04.2023 മുതൽ 30.01.2024 വരെയുള്ള കാലയളവിലെ വിനോദനികുതി ഈടാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലെ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് വിനോദ നികുതി കുടിശ്ശിക തുക ഈടാക്കുന്നതിനായി നഗരസഭ സ്വീകരിച്ച നടപടികൾക്കെതിരെ ലുലു ഇന്റർനാഷണൽ ഷോപ്പിംഗ് മാൾസ് പ്രൈവറ്റ് ലിമിറ്റഡ് ബഹു: കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 33260/2024 നമ്പർ കേസിന്റെ നടപടികൾ നടന്നു വരുന്നതിനാൽ ബഹു: കേരള ഹൈക്കോടതിയുടെ തീർപ്പിന് വിധേയമായി നഗരസഭയുടെ ഉത്തമതാൽപര്യം സംരക്ഷിക്കുന്നതിനുള്ള ഉചിത നടപടികൾ നഗരസഭാധികൃതർ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-14-1 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ട്-ലെ നിർദ്ദേശങ്ങൾ പാലിച്ചില്ല – തീയറ്ററുകളിൽ നിന്നും സിനിമാസെസ് ഈടാക്കി കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ ഒടുക്കിയില്ല – നഗരസഭ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ച – നടപടി അനിവാര്യം

തിരുവനന്തപുരം നഗരസഭയിലെ വിനോദ നികുതി കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 2023-24-ൽ നഗരസഭ പരിധിയിൽ 17 തിയറ്ററുകൾ പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു. ടി തിയേറ്ററുകളിലെ ഡെയിലി കളക്ഷൻ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ ടി തിയേറ്ററുകളിൽ നിന്നുള്ള വിനോദ നികുതി തുകകൾ നഗരസഭ യഥാസമയം പിരിച്ചിട്ടുണ്ട് എന്ന് വ്യക്തമാണ്. 1961-ലെ ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ട്, ചട്ടം 3(സി) പ്രകാരം (2013-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ഭേദഗതി നിയമപ്രകാരമുള്ള ഭേദഗതി അനുസരിച്ച്) 25/- രൂപയുടെ മുകളിൽ മൂല്യമുള്ള ഓരോ ടിക്കറ്റിനും മൂന്ന് രൂപാ ക്രമത്തിൽ സെസ് ഈടാക്കേണ്ടതും ടി തുക തദ്ദേശ സ്വയംഭരണ സ്ഥാപനം വിനോദനികുതിയോടൊപ്പം പിരിച്ചെടുത്ത് ഓരോ മാസത്തെയും സെസ് തൊട്ടടുത്ത മാസത്തെ അവസാന പ്രവൃത്തി ദിനത്തിനും കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ ഒടുക്കേണ്ടതുമാണ്. വൈകുന്ന അടവിന് 1.5% പ്രതിമാസ നിരക്കിൽ പിഴപ്പലിശ ഒടുക്കേണ്ടതും ടി തുകയ്ക്ക് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയ്ക്കും അധ്യക്ഷനും തുല്യ ബാധ്യത ഉള്ളതായി പ്രസ്തുത നിയമത്തിലെ ചട്ടം 3(സി) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്.

കൂടാതെ 18.01.2024-ലെ സ.ഉ(സാധാ) നം. 137/2024/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സെസ് തീയറ്ററുകളിൽ നിന്നും പിരിച്ച് KCWB-ൽ അടയ്ക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുള്ളതുമാണ്.

നഗരസഭയിലെ വിനോദനികുതി കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ തിയേറ്ററുകളിൽ നിന്ന് സെസ് പിരിച്ചെടുക്കുകയോ KCWB-ൽ (Kerala State Cultural Activists Welfare Fund Board) ഒടുക്കുകയോ ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നഗരസഭ സെക്രട്ടറിയ്ക്ക് നൽകിയ 14/കെ.എസ്.എ/ടിവിസി.6/2024, തീയതി.30.07.2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിൽ പ്രവർത്തിച്ച സിനിമ തിയേറ്ററുകളിൽ നിന്ന് സെസ് തുക KCWB-ൽ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സെസ് പിരിച്ച് KCWB-ൽ ഒടുക്കുന്നത് സംബന്ധിച്ച 18.01.2024-ലെ സ.ഉ(സാധാ) 137/2024/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ കൃത്യമായി പാലിക്കുന്നതിന് വേണ്ട നടപടികൾ നഗരസഭ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്.

1-15 ബിൽഡിംഗ് പെർമിറ്റ്- റഗുലറൈസേഷൻ ഫീ വരവ് - കണക്കുകളിൽ കൃത്യതയില്ല

തിരുവനന്തപുരം നഗരസഭയിൽ 2023-24 വർഷം മാന്വൽ ആയും, IBPMS, KSmart എന്നിവ മുഖാന്തിരവും പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. വാർഷികധനകാര്യപത്രിക പ്രകാരം പെർമിറ്റുമായി ബന്ധപ്പെട്ട വിവിധ ഹെഡ്ഓഫ് അക്കൗണ്ടുകളിലായി 37,39,26,474/-രൂപയാണ് പെർമിറ്റ് ഫീ ഇനത്തിലെ തൻവർഷ വരവ്. പ്രസ്തുത വരവ് തുകയുടെ ആധികാരികത പരിശോധിക്കുന്നതിലേക്ക് 2023-24 സാമ്പത്തിക വർഷത്തെ സാംഖ്യ അക്കൗണ്ടിംഗ് കാലയളവായ 01.04.2023 മുതൽ 31.12.2023 വരെയുള്ള സാംഖ്യ സ്റ്റേറ്റ്മെന്റ്, തുടർന്ന് K-Smart നിലവിൽ വന്ന ശേഷമുള്ള 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിലെ K-Smart ൽനിന്നുള്ള സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള ആകെ പെർമിറ്റ് ഫീ തുക വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല എന്ന് കണ്ടെത്തി. 01.04.2023 മുതൽ 31.12.2023 വരെയുള്ള സാംഖ്യ സ്റ്റേറ്റ്മെന്റ് പ്രകാരം 16,87,88,783/-രൂപയും, 01.01.2024 മുതൽ 31.03.2024 വരെ K-Smart പ്രകാരം 8,97,98,100/- രൂപയും ചേർത്ത് ആകെ 25,85,86,883/- രൂപയാണ് പെർമിറ്റ് ഫീ ഇനത്തിലെ ആകെ വരവ്. പ്രസ്തുത തുക വാർഷികധനകാര്യപത്രിക പ്രകാരമുള്ള വരവിൽ നിന്നും 11,53,39,591/-രൂപ കുറവാണ് (373926474-258586883). എന്നാൽ സാംഖ്യ, കെസ്മാർട്ട് എന്നിവ പ്രകാരമുള്ള മേൽവരവ് തുകയിൽ IBPMS മുഖേനയുള്ള പെർമിറ്റ് ഫീ ഉൾപ്പെട്ടിട്ടുണ്ടോ, എപ്രകാരമാണ് പ്രസ്തുത വരവ് അക്കൗണ്ട് ചെയ്തിട്ടുള്ളത് എന്ന് ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ടിട്ടും സ്ഥാപനം വ്യക്തത വരുത്തിയിട്ടില്ല.

വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിലായുള്ള പെർമിറ്റ് – റഗുലറൈസേഷൻ ഫീ വരവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഷിക ധനകാര്യപത്രിക പ്രകാരം

ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	തുക	ആകെ
140120100	Fee For Construction Of Buildings	127805403	37,39,26,474
140129900	Other Fees For Grant Of Permit	219771127	
140150100	Regularization Fee	25979107	
140140100	Development Charges	370837	

സാംഖ്യ & കെ-സ്മാർട്ട് പ്രകാരം

അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ	ഹെഡ് ഓഫ് അക്കൌണ്ട്	ഇനം	തുക	ആകെ
സാംഖ്യ പ്രകാരം (1.4.2023 To 31.12.2023)	140120100	Fee For Construction Of Buildings	8,26,08,282	16,87,88,783
	140129900	Other Fees For Grant Of Permit	7,01,38,475	
	140150100	Regularization Fee	15716439	
	140140100	Development Charges	325587	
K-Smart പ്രകാരം (1.1.2024 To 31.3.2024)	1401201	Fee For Construction Of Buildings	4,51,75,020	8,97,98,100
	1401203	Permit Application Fee	3,42,44,819	
	1401701	Regularization Fee	1,02,45,331	
	1402004	Compounding Fee	87680	
	1401601	Development Charges	45250	
Total				25,85,86,883

IBPMS മുഖേനയുള്ള പെർമിറ്റ് ഫീ കളക്ഷന് വേണ്ടിയുള്ള നഗരസഭയുടെ SBI- 40172358993 എന്ന ബാങ്ക് അക്കൗണ്ടിന്റെ 31.03.2024 വരെയുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം IBPMS മുഖാന്തിരമുള്ള പെർമിറ്റ് ഫീ കളക്ഷൻ ആകെ 13,53,02,546/- രൂപയാണ്. പ്രസ്തുത അക്കൗണ്ട് മുൻവർഷത്തെ (2022-23) വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ഓഡിറ്റ് കണ്ടെത്തിയിട്ടുള്ളതാണ് (2022-23 ഓഡിറ്റ് റിപ്പോർട്ട് ഖ.1-1-1). മുൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ IBPMS വഴിയുള്ള പെർമിറ്റ് ഫീസ് വരവായി ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ IBPMS മുഖാന്തിരമുള്ള 2023-24 സാമ്പത്തിക വർഷം വരെയുള്ള പെർമിറ്റ് ഫീ വരവ്, തൻവർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ എപ്രകാരമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത് എന്നും വ്യക്തമാക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ 25.01.2025 ലെ 165/കെ.എസ്.എ./എ.ഒ.III/2024 ഓഡിറ്റ് എൻക്വയറിക്ക് നഗരസഭയിൽ നിന്ന് മറുപടി ലഭിച്ചില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള പെർമിറ്റ് ഫീ വരവിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ/രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-15-1 IBPMS മുഖേനയുള്ള ബിൽഡിംഗ് പെർമിറ്റ് ഫീ വരവ് കറണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നു- നഗരസഭക്ക് വരുമാന നഷ്ടം

2023-24 സാമ്പത്തിക വർഷം IBPMS മുഖേനയുള്ള ബിൽഡിംഗ് പെർമിറ്റ് ഫീ വരവ് പരിശോധിക്കുമ്പോൾ ചുവടെപ്പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1)വരവ് തുക കറണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നു - നഗരസഭയ്ക്ക് ലക്ഷങ്ങളുടെ നഷ്ടം

IBPMS മുഖേനയുള്ള പെർമിറ്റ് ഫീ വരവ് നഗരസഭയുടെ SBI - 40172358993 നം കറണ്ട് അക്കൗണ്ടിലാണ് ക്രെഡിറ്റ് ആകുന്നത്. പ്രസ്തുത സോഫ്റ്റ് വെയർ പ്രവർത്തനം ആരംഭിച്ചതുമുതലുള്ള വരവ് തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുകയോ, സ്ഥിരനിക്ഷേപമാക്കി

മാറ്റുകയോ ചെയ്യാതെ കറണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതിനാൽ പലിശയിനത്തിൽ ലക്ഷങ്ങളാണ് നഗരസഭയ്ക്ക് നഷ്ടമാകുന്നത്. ഇത് സംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിട്ടും (2022-23 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-13) നാളിതുവരെ നഗരസഭ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

2) ബാങ്ക് സ്റ്റേറ്റ്മെന്റ്, IBPMS കളക്ഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള ആകെ വരവ് തമ്മിൽ പൊരുത്തമില്ല.

IBPMS ന് വേണ്ടിയുള്ള ബാങ്ക് അക്കൗണ്ട് (SBI - 40172358993) സ്റ്റേറ്റ്മെന്റ്, IBPMS സോഫ്റ്റ് വെയറിൽ നിന്ന് ലഭിക്കുന്ന പെയ്മെന്റ് ലിസ്റ്റ്/കളക്ഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിക്കുമ്പോൾ വരവ് തുകയിൽ വ്യത്യാസം കാണുന്നു. ഓഡിറ്റ് വർഷത്തെ ഈ ഇനത്തിലെ വരവ് പരിശോധിക്കുമ്പോൾ, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2024 വരെ ബിൽഡിംഗ് പെർമിറ്റ് ഫീ ഇനത്തിൽ 13,53,02,546.88 രൂപയാണ്. എന്നാൽ IBPMS കളക്ഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 13,75,28,650.30 രൂപയാണ് ഇതേ കാലയളവിലെ ഈ ഇനത്തിലെ ആകെ വരവ്. 22,26,103.42 യുടെ വ്യത്യാസം നിലനിൽക്കുന്നു. ഇത് പ്രകാരം ബാങ്ക് അക്കൗണ്ടിൽ 22,26,103.42 രൂപ കുറവാണ്. പ്രസ്തുത വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ നാളിതുവരെയുള്ള വരവ് (2024നവംബർ വരെയുള്ളത്) സംബന്ധിച്ച വ്യത്യാസം ചുവടെ ചേർക്കുന്നു.

IBPMS വരവ്		വ്യത്യാസം
Bank Statement പ്രകാരമുള്ള തുക	IBPMS കളക്ഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ്	
14,60,20,682.42 (25.11.2024 വരെ)	14,80,96,103.9 (25.11.2024 വരെ)	20,75,421.48

ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയിൽ ഓരോ ദിവസത്തെയും തുക Bulk Posting ആയിട്ടാണ് വരുന്നത് എന്നതിനാൽ അനുവദിച്ച ഓരോ പെർമിറ്റുകൾക്കുമായി വരവ് വന്ന തുകകൾ വെവ്വേറെ കണ്ടെത്താൻ കഴിയുന്നില്ല. പ്രസ്തുത വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 115/കെ.എസ്.എ./എ.ഒ.III/2024, തീയതി: 07.12.2024) നഗരസഭ മറുപടി നല്കിയില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ്, IBPMS ൽ നിന്ന് ജനറേറ്റ് ചെയ്യുന്ന കളക്ഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള കളക്ഷൻ തുകയിലെ മേൽ വ്യത്യാസം വിശദീകരിക്കുന്നതിനായി പ്രസ്തുത സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കളക്ഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള എല്ലാ അപേക്ഷകൾക്കും പെർമിറ്റ് ഇഷ്യു ചെയ്തിട്ടില്ല എന്നും, (എന്നാൽ അവയിലെല്ലാം ചെലാൻ ജനറേറ്റ് ചെയ്തിട്ടുണ്ട്), പെർമിറ്റ് ഇഷ്യു ചെയ്ത് Payment ആയ അപേക്ഷകൾ പ്രത്യേകമായി സോർട്ട് ചെയ്ത് അതിൻപ്രകാരമുള്ള കളക്ഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3) IBPMS ൽ ബിൽഡിംഗ് പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ എന്നിവ ഈടാക്കി ചെലാൻ നല്കുന്നതിൽ പെർമിറ്റിന്റെ തരം വ്യക്തമാകുന്നെങ്കിലും ഹെഡ് ഓഫ് അക്കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. ഇത് പ്രസ്തുത വരവിന്റെ കൃത്യമായ അക്കൗണ്ടിംഗിനെ ബാധിക്കുന്നു.

4)IBPMS അക്കൗണ്ട് - ചെലവ് സംബന്ധിച്ച്

IBPMSഅക്കൗണ്ടിന്റെ സാംഖ്യയിൽ നിന്നുള്ള ബാങ്ക് ബുക്ക് പരിശോധിക്കുമ്പോൾ ടി അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ്ജ് ഉൾപ്പെടെ 1,54,23,353 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയിൽ 43,571രൂപ ബാങ്ക് ചാർജ്ജ് ഇനത്തിൽ ചെലവ് വന്നിട്ടുള്ളതായാണ് കാണുന്നത്. പ്രസ്തുത വിഷയം വിശദീകരിക്കപ്പെട്ടിട്ടില്ല. പെയ്മെന്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	Voucher Number	Head Code	Description	Amount (Rs)
1	22307752/31.3.24	220100101	Rent Of Buildings	1,56,292
2	22307755/31.3.24	240700100	Bank Charges	43,571
3	22309230/31.3.24	140129900	Other Fees For Grant Of Permit	70,74,467
4	22309234/31.3.24	140129900	Other Fees For Grant Of Permit	71,51,945
5	22307750/31.3.24	28200499	Prior Period Income- Other Fees	9,97,078
Total				1,54,23,353

5)നിരക്കുകളിലെ വ്യത്യാസം.

വാണിജ്യനിർമ്മിതികൾക്ക് ഗാർഹിക/വ്യാവസായിക നിർമ്മിതികൾക്ക് ബാധകമായ നിരക്കിൽ ഫീ കണക്കാക്കുക, വെവ്വേറെ ഒക്യുപ്പൻസി ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക്, അതത് ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ പെർമിറ്റ് ഫീ ഈടാക്കുന്നതിന് പകരം ഒരേ നിരക്കിൽ പെർമിറ്റ് ഫീ കണക്കാക്കുക തുടങ്ങി ധാരാളം അപാകതകൾ IBPMS മുഖേനയുള്ള പെർമിറ്റ്ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ആയത് ചുവടെ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക്(നം. 115/കെ.എസ്.എ./എ.ഒ.III/2024. തീയതി: 7.12.2024 & നം.165/കെ.എസ്.എ./എ.ഒ.III/2024. തീയതി: 25 .01.2025) മറുപടി ലഭിച്ചില്ല.

K-Smart നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ IBPMS ന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്. എന്നാൽ IBPMS നിലവിലുണ്ടായിരുന്ന കാലയളവിൽ കെട്ടിട പെർമിറ്റുമായി ബന്ധപ്പെട്ട വരവ് സംബന്ധിച്ചുള്ള അവ്യക്തതകൾ നീക്കേണ്ടതും, ഈ ഇനത്തിലെ വരവ് കുറണ്ട് അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് പലിശയിനത്തിലെ വരുമാന വർദ്ധനവ് ഉറപ്പാക്കാൻ ഉതകുന്ന വിധത്തിൽ സ്ഥിരനിക്ഷേപമാക്കുകയോ, സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുകയോ ചെയ്യേണ്ടതും ആണ്.

1-15-2 ക്രമവൽക്കരണം,പെർമിറ്റ് പുതുക്കൽ എന്നിവയിൽ അപേക്ഷാഫീസ് ഈടാക്കിയില്ല അഥവാ കുറവായി ഈടാക്കി

നേമം, ഉള്ളൂർ സോണലുകളിലെ ബിൽഡിംഗ് പെർമിറ്റ്, ക്രമവൽക്കരണം ഫയലുകളുടെ പരിശോധനയിൽ അപേക്ഷാഫീസ് ഈടാക്കുന്നതിൽ അപാകതയുള്ളതായി കാണുന്നു.

കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 15(6), 94 എന്നിവ പ്രകാരം പെർമിറ്റ് പുതുക്കൽ, ക്രമവൽക്കരണം എന്നിവയ്ക്ക് പ്രസ്തുത ചട്ടം ഷെഡ്യൂൾ 1 പ്രകാരമുള്ള അപേക്ഷാ ഫീസ് ഈടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പിന്റെ 31.03.2023 സ.ഉ (കൈ) 85/2023/LSGD നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്/അപേക്ഷ ഫീസ്/സ്കൂട്ടിനി ഫീസ് പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷാ ഫീസ് 10.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം കോർപ്പറേഷൻ പരിധിയിൽ 100 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 300/- രൂപയും 101 മുതൽ 300 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 1000/- രൂപയും 300 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് 5000/- രൂപയുമാണ് അപേക്ഷാഫീസ്. ഇതു പ്രകാരം ചുവടെ ചേർക്കുന്ന ക്രമവൽക്കരണം, പെർമിറ്റ് പുതുക്കൽ അപേക്ഷകളിൽ അപേക്ഷാഫീസ് ഈടാക്കിയില്ല അഥവാ കുറവായി ഈടാക്കി. എന്നാൽ 30.07.2024-ലെ സ.ഉ(കൈ) നം. 97/2024/തസ്വഭവ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് അപേക്ഷാ ഫീസ്, സ്കൂട്ടിനി ഫീസ് എന്നിവ 01.08.2024 പ്രാബല്യത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. കൂടാതെ ടി ഉത്തരവ് പ്രകാരം 2023 ഏപ്രിൽ 10 മുതൽ നിലവിലുണ്ടായിരുന്ന നിരക്കിൽ തുക അടവാക്കിയവർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ തുക തിരികെ അനുവദിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു.

I) നേമം സോണൽ

ക്രമനം	ഫയൽ നം	കെട്ടിടത്തിന്റെ വിസ്തൃതി	ഈടാക്കേണ്ടിയിരുന്ന അപേക്ഷ ഫീസ് (സ.ഉ (കൈ) 85/2023/LSGD തീയതി 31.03.2023 പ്രകാരം)	ഈടാക്കിയ ഫീസ്
1	NE1/2175/2023	178.105M^2	1000	-
2	NE1/1860/2023	186.10M^2	1000	-
3	NE1/1825/2023	461.66M^2	5000	-
4	NE1/2466/2023	187M^2	1000	-
5	NE1/3311/2023	221.80M^2	1000	100

ഇതു സംബന്ധിച്ച് നൽകിയ 24.10.2024ലെ ഓഡിറ്റ് എൻകൃയറിനം.18/കെ.എസ്.എ/ ZO-നേമം/2023-24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 30.07.2024 ലെ മേൽ പരാമർശിത ഉത്തരവ് കൂടി പരിഗണിച്ച് കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

Ii) ഉള്ളൂർ സോണൽ

നഗരസഭയുടെ ഉള്ളൂർ സോണൽ ഓഫീസിന്റെ 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കെട്ടിട നിർമ്മാണ ക്രമവത്കരണം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ക്രമവത്ക്കരണവുമായി ബന്ധപ്പെട്ട് ഫീസ് ഈടാക്കുന്നതിൽ വ്യത്യാസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ചുവടെപ്പറയുന്നവയ്ക്ക് അപേക്ഷാ ഫീസും ഈടാക്കിയിട്ടില്ല.

ക്രമ നം.	ഫയൽ നം.	കെട്ടിടത്തിന്റെ ആകെ വിസ്തീർണം (M2), തരം	അനുവാദപത്രം നൽകിയ വിസ്തീർണം	ക്രമവത്കരിക്കേണ്ട വിസ്തീർണം	ഈടാക്കിയ ഫീസ്	അഭിപ്രായം
1	UE2/3165/2023, 03.07.2023	331.38	311.58	20	20*2*200+GST	അപേക്ഷാ ഫീസ് ഈടാക്കിയില്ല
2	UE2/2689/2023, 03.06.2023	130.14	103.32	27	27*2*100+GST	അപേക്ഷാ ഫീസ് ഈടാക്കിയില്ല
3	UE2/3040/2023, 04.06.2023	133.78	124.13	10	10*200+GST	അപേക്ഷാ ഫീസ് ഈടാക്കിയില്ല
4	UE2/3173/2023, 30.09.2023	312.52	309	4	4*2*200+ GST	അപേക്ഷാ ഫീസ് ഈടാക്കിയില്ല
5	UE2/3172/2023, 14.06.2023	235.97	192.56	43.41	43.41*2* 150+GST	അപേക്ഷാ ഫീസ് ഈടാക്കിയില്ല
6	UE2/2107/2023, 05.05.2023	186.64	177.64	9	9*2*150+ GST	അപേക്ഷാ ഫീസ് ഈടാക്കിയില്ല

7	UE2/1704/2023, 17.04.2023	244.20	228.73	16	16*30+GST	അപേക്ഷാ ഫീസ് +(150*2)ഇരട്ടി രാജിയാക്കൽ ഫീസ് ഈടാക്കിയില്ല
8	UE2/2481/2023, 30.09.2023	206.65	196.04	11	11*2*150+GST	അപേക്ഷാ ഫീസ് ഈടാക്കിയില്ല
9	UE2/3164/2023, 12.06.2023	213.21	203.21	10	10*150*50+ GST	അപേക്ഷാ ഫീസ് ഈടാക്കിയില്ല
10	UE2/3134/2023, 15.06.2023	99.69	94.69	5	5*2*100+ GST	അപേക്ഷാ ഫീസ് ഈടാക്കിയില്ല

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 11/കെ.എസ്.എ/ZO-ULR/2023-24, തീയതി.21.10.2024-ന് 22.02.2025ൽ ലഭ്യമാക്കിയ മറുപടി പ്രകാരം തുക നഗരസഭയിൽ ഒടുക്കി രസീത് ഹാജരാക്കുന്നതിന് ബന്ധപ്പെട്ട് കക്ഷികൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ 30.07.2024-ലെ സ.ഉ(കൈ) നം. 97/2024/തസ്വഭവ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, അപേക്ഷാ ഫീസ്, സ്കൂട്ടിനി ഫീസ് എന്നിവയിൽ വരുത്തിയ കുറവിനാനുപാതികമായി അപേക്ഷാ ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1-15-3 കെട്ടിട നിർമ്മാണ പെർമിറ്റ്- റെഗുലറൈസേഷൻ -കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കി

വിഴിഞ്ഞം സോണലിലെ ചുവടെപ്പറയുന്ന കെട്ടിടങ്ങളുടെ ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ അപാകതയുണ്ട്.

സർക്കാർ ഉത്തരവ് (കൈ) നം 85/2023/LSGD/ തീയതി, തിരുവനന്തപുരം, 31-03-2023 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഈടാക്കുന്ന അപേക്ഷാഫീസ്, പെർമിറ്റ് ഫീസ്, ലേ ഔട്ട് അപ്രൂവലിനുള്ള സ്കൂട്ടിണിഫീസ് എന്നിവയുടെ നിരക്ക് 10-04-2023 പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (സാ.ധാ) നം.588/2024/LSGD തീയതി. തിരുവനന്തപുരം 13.03.2024 പ്രകാരം 10.04.2023 ന് മുമ്പ് പെർമിറ്റ് ലഭ്യമാക്കുകയും 10.04.2023 ന് ശേഷം നിർമ്മാണം പൂർത്തിയാക്കി വിസ്തൃതി/ ഉപയോഗഗണം എന്നിവയിൽ വ്യതിയാനമുള്ള നിർമ്മാണങ്ങൾ ചട്ടം 92 പ്രകാരം ക്രമവത്കരിക്കുന്നതുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം ഒക്യുപ്പൻസി (ഉപയോഗഗണം) മാറാതെ എന്നാൽ വിസ്തൃതിയിൽ വർദ്ധനവ് വരുത്തി മാത്രം നിർമിച്ച നിർമാണങ്ങളിൽ, കംപ്ലീഷൻ (നമ്പറിംഗ്) സമയത്ത് വർദ്ധനവ് വരുത്തിയ ഭാഗത്തിന് മാത്രം ചട്ടം 92 പ്രകാരം പുതിയനിരക്കിൽ ക്രമവത്കരണ ഫീസ് ബാധകമാക്കേണ്ടതാണെന്നും ഫീസ് കണക്കാക്കുന്നതിനുള്ള സ്ലാബ് നിശ്ചയിക്കുന്നതിന് കെട്ടിടത്തിന്റെ ആകെ വിസ്തൃതി കണക്കിലെടുക്കേണ്ടതാണെന്നും വ്യക്തമാക്കുന്നു. എന്നാൽ ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫയൽ നം. A1 4996/ 20-10-2020

അപേക്ഷകന്റെ പേര്	ഷിബു.എസ്, ഷിബു നിവാസ്, മുക്കോല
അപേക്ഷാ തീയതി	17-05-2023
പെർമിറ്റ് നം	BP/86/2020-21
പെർമിറ്റ് പ്രകാരം നിർമാണത്തിന് അനുവദിച്ച ഏരിയ	122.44m^2
നിർമാണം പൂർത്തീകരിച്ച ഏരിയ	133.56m^2
അധികമായി പൂർത്തീകരിച്ച ഏരിയ	11.12m^2
ഈടാക്കിയ ഫീസ് രസീത് നം.	190/- 100813- Dtd.22-05-2023
ഈടാക്കേണ്ടിയിരുന്ന ഫീസ്	2224/- (11.12x100x2)

2. ഫയൽ നം VZA1/4660/2018

അപേക്ഷകന്റെ പേര്	അനന്തകുമാർ.എസ് കിണറുവെട്ടിയ റോഡരികത്തുവീട്, വെങ്ങാന്നൂർ, കിടാരക്കുഴി.
അപേക്ഷാ തീയതി	18/05/2023
പെർമിറ്റ് നം	A1/BP/216/18-19
പെർമിറ്റ് പ്രകാരം നിർമാണത്തിന് അനുവദിച്ച ഏരിയ	53 M^2
നിർമാണം പൂർത്തീകരിച്ച ഏരിയ	116.22m^2
അധികമായി പൂർത്തീകരിച്ച ഏരിയ	64.02 M^2
ഈടാക്കിയ ഫീസ് രസീത് നം.	1056 101326 Dtd.05/06/2023
ഈടാക്കേണ്ടിയിരുന്ന ഫീസ്	12804/- (64.02x100x2)

പെർമിറ്റ് ഫീസ് ഈടാക്കിയതിലെ കുറവ് സംബന്ധിച്ച് ഓഡിറ്റ് എൻകയറി (നം. 22/കെ.എ`സ്.എ/ZO-VZM/2023-24,തീയതി.17.10.2024) പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് പെർമിറ്റ് കാലാവധി കഴിയാത്തത് കൊണ്ടാണ് പൂജ്യക്കിയ ഫീസ് ഈടാക്കാതിരുന്നതെന്നാണ് അറിയിച്ചത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നിലവിൽ സ.ഉ(കൈ) നം.97/2024/എൽ.എസ്.ജി.ഡി/30.07.2024 പ്രകാരം നിരക്കിൽ കുറവ് വരുത്തി പെർമിറ്റ് ഫീസ് പുതുക്കിയിട്ടുണ്ട്. ആയത് പ്രകാരമുള്ള ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15-4 ക്രമവൽകരണ ഫീസ് കണക്കാക്കുന്നതിനുള്ള സ്ലാബ് നിർണ്ണയത്തിലെ അപാകത

തദ്ദേശ സ്വയംഭരണ (ആർഎ) വകുപ്പിന്റെ 31.03.2023 ലെ സ.ഉ (കൈ) 85/2023/LSGD നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്/ അപേക്ഷ ഫീസ്/സ്കൂട്ടനി ഫീസ് പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് ഫീസ് 10.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം കെട്ടിടത്തിന്റെ തരം, വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള സ്ലാബ് എന്നിവ അനുസരിച്ചാണ് ഫീസ് നിരക്ക് നിർണ്ണയിച്ചിരിക്കുന്നത്. ക്രമവൽക്കരണത്തിനുള്ള ഫീസ് ഈടാക്കുന്നത് വർദ്ധനവ് വരുത്തിയ ഭാഗത്തിനു മാത്രമാണെങ്കിലും ഫീസ് നിരക്ക് കണക്കാക്കുന്നതിനുള്ള സ്ലാബ് നിശ്ചയിക്കുന്നത് കെട്ടിടത്തിന്റെ ആകെ വിസ്തൃതി കണക്കിലെടുത്താണ്. ഇത് 13.03.2024 ലെ ജി.ഒ(ആർറ്റി) നം.588/2024/എൽഎസ്ജിഡി നമ്പർ ഉത്തരവ് പ്രകാരവും സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ നേമം സോണൽ കാര്യാലയത്തിലെ ചുവടെ ചേർക്കുന്ന ക്രമവൽക്കരണ ഫയലിൽ കെട്ടിടത്തിന്റെ ആകെ വിസ്തൃതി (157.07m^2) പരിഗണിച്ച് ചതുരശ്രമീറ്ററിന് 150 രൂപയ്ക്ക് പകരം 100/- രൂപ നിരക്കിൽ ഫീസ് കണക്കാക്കിയതിനാൽ നഷ്ടം നേരിട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമനം	ഫയൽ നം	ക്രമവൽക്കരിച്ച വിസ്തൃതി	ഈടാക്കേണ്ടിയിരുന്ന ഫീസ്(അപേക്ഷ ഫീസ് ഉൾപ്പെടെ)	ഈടാക്കിയ ഫീസ്	കുറവ്
1	NE1/2637/2023	05.81M^2	2743 (5.8*150*2+1000)	2378	365
		ആകെ			**365**

ഇതു സംബന്ധിച്ച് നൽകിയ 24.10.2024ലെ ഓഡിറ്റ് എൻക്വയറി നം.18/കെ.എസ്.എ/ZO-നേമം/2023-24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.നിലവിൽ സ.ഉ(കൈ) നം. 97/2024/എൽ.എസ്.ജി.ഡി തീയതി 30.07.2024 പ്രകാരം പെർമിറ്റ് ഫീസ് പുതുക്കിയിട്ടുണ്ട്. ആയത് പ്രകാരമുള്ള ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15-5 കെട്ടിട നിർമാണാനുമതി പുതുക്കാതെ ക്രമവൽക്കരണം നടത്തി

ശ്രീ.നെൽസൺ ബി എന്ന വ്യക്തിക്ക് ആറ്റിപ്ര വില്ലേജിൽ റീസർവേ നം. 370/4 ൽ ഉൾപ്പെട്ട 3.80 ആർ സ്ഥലത്ത് 59.6 M^2 Built Up Area യിൽ വാസഗൃഹം നിർമിക്കുന്നതിന് ZAE/TSL/13/16 നമ്പറായി 18/02/2016 ൽ One Day Permit അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പെർമിറ്റിന്റെ കാലവധി 17-02-2019 വരെയായിരുന്നു. ടിയാൻ പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷിക്കുകയോ ആയത് അനുവദിച്ച് നൽകുകയോ ചെയ്തിട്ടില്ല. എന്നാൽ റഗുലറൈസേഷൻ അനുവദിക്കുന്നതിനായി ടിയാൻ 24-04-2023 ൽ അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റഗുലറൈസേഷൻ ഫീസ് വാങ്ങാതെ ZAE/REG/09/2023 നമ്പർ ഉത്തരവ് പ്രകാരം 68.08m^2 Builtup Area ആയി കെട്ടിടം ക്രമവൽക്കരിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് (No.11/KSA/ZO-AZ, 17-10-2024) ഓഡിറ്റ് എൻക്വയറി നൽകിയതിന് റഗുലറൈസേഷൻ നടത്തുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് കക്ഷിയ്ക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. ആയതിനാൽ 2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണചട്ടങ്ങളിലെ ചട്ടം 15 അനുസരിച്ചുള്ള ക്രമവൽക്കരണ ഫീസായ 1362/- രൂപ (68.08*20) ടിയാനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15-6 2019-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് - ചട്ടങ്ങളുടെ ലംഘനം -അധിക വിസ്തീർണമുള്ള നിർമ്മിതിയ്ക്ക് പെർമിറ്റ് അനുവദിച്ചു.

താഴെപ്പറയുന്ന പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ FSI (Floor Space Index) കണക്കാക്കിയതിലെ പിശക് മൂലം 2019-ലെ KMBR ലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയമായതിലും അധികം അടിത്തറ വിസ്തീർണമുള്ള കെട്ടിട നിർമിതിയ്ക്ക് അനുമതി നൽകിയതായി കാണുന്നു.

അപേക്ഷകൻ - മാർട്ടിൻ തോമസ്, MD, ഫേവറൈറ്റ് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ്

ഫയൽ നം. - ZAE3999/2023 (ആറ്റിപ്ര സോണൽ ഓഫീസ്)

ഉപയോഗഗണം - പാർപ്പിടാവശ്യം

പെർമിറ്റ് നം. - ZAE/BA/19/2023;(ZAE3999/2023),തീയതി. 25.03.2024

തിരുവനന്തപുരം താലൂക്ക് ആറ്റിപ്ര വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ൽ റീ സർവ്വേ നമ്പർ 182/11 ൽ ഉൾപ്പെട്ട 2220 M^2 നിലം ഭവന നിർമ്മാണം/വാണിജ്യാവശ്യത്തിന് സ്വഭാവവ്യതിയാനാനുമതി ആവശ്യപ്പെട്ട് ഭൂ ഉടമ ശ്രീ. മെർലിൻ ഫെർണാണ്ടസ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം ജില്ലാ സബ് കളക്ടറുടെ 7536/2023, തീയതി. 09.01.2024-ലെ നടപടിക്രമം പ്രകാരം കേരള നെൽവയൽ തണ്ണീർത്തട (ഭേദഗതി) നിയമം 2018-ലെ വകുപ്പ് 27 എ(2), എ(3) ചട്ടം 12(9) പ്രകാരം പ്രസ്തുത ഭൂമിയിൽ 1998 M^2 ഭൂമി സ്വഭാവവ്യതിയാനം നടത്തിയ പുരയിടവും 222 M^2 ഭൂമി ജലസംരക്ഷണ നടപടികൾക്കായി മാറ്റി വച്ച ഭൂമി 'നിലം -ജലസംരക്ഷണ പ്രദേശവും' ആയി അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിൽ നിലം ആയി നിലനിർത്തിയ ഭൂമി പ്രത്യേക സബ്ഡിവിഷനായി നിലനിലർത്തേണ്ടതും പ്രസ്തുത ഭൂമിയിൽ യാതൊരു വിധത്തിലുള്ള നിർമ്മാണ പ്രവൃത്തികളും അനുവദിക്കാൻ പാടില്ലാത്തതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. തുടർന്ന് 16.01.2024-ലെ തിരുവനന്തപുരം താലൂക്ക് ഭൂരേഖ തഹസീൽദാരുടെ സി1/741578/2024 നമ്പർ നടപടിക്രമം പ്രകാരം റീസർവ്വേ നമ്പർ 182/11ൽ പെട്ട 2220m^2 വസ്തുവിൽ റീസർവ്വെ 182/27 ആയി 1998 M^2 വസ്തു സ്വഭാവവ്യതിയാനം നടത്തിയ പുരയിടമായി മാറ്റുകയും റീസർവ്വെ നമ്പർ 182/11 ൽ 222 M^2 വസ്തു നിലം ആയി നിലനിർത്തിയിട്ടുള്ളതുമാണ്.

പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ മേൽ പരാമർശിച്ച ഭൂമിയിലെ നിർമ്മിതിയ്ക്ക് മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുക്കാതെ നിലമായി നിലനിർത്തിയ ഭൂമിയുടെ വിസ്തീർണം കൂടി കണക്കിലെടുത്താണ് നിർദ്ദിഷ്ട നിർമ്മിതിയുടെ FSI കണക്കാക്കിയിട്ടുള്ളത് എന്ന് കാണുന്നു.

നിർദ്ദിഷ്ട കെട്ടിടത്തിന്റെ ആകെ അടിത്തറ വിസ്തീർണം - 12770.08 M^2

ഫയലിലെ കുറിപ്പുകളും അംഗീകൃത പ്ലാനും പ്രകാരം 2019 ലെ KMBR ചട്ടം (27) പ്രകാരമുള്ള നിയമാനുസൃത

കിഴിവുകൾ കിഴിച്ച് FSI കണക്കാക്കുന്നതിനുള്ള വിസ്തീർണം - 8698.08 M^2

ഫയൽ പരിശോധിച്ചതിൽ FSI കണക്കാക്കിയത് താഴെപ്പറയുന്ന പ്രകാരമാണ്

FSI = 8698.08 = 3.92

2220*

യഥാർത്ഥ FSI = Built Up Area = 8698.08 = 4.35

Plot Area 1998

2019-ലെ KMBR ചട്ടം 27 ടേബിൾ 6 പ്രകാരം റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് ബാധകമായ അധിക ഫീസ് ഉൾപ്പെടെ പരമാവധി FSI '4' ആണ്. ആയതിനാൽ ടി ഭൂമിയിൽ അനുവദനീയമായ പരമാവധി FSI ഏര്യ = 1998*4 = 7992 M^2മാത്രമാണ്.

അധികമായി തെറ്റായി അനുവദിച്ച തറവിസ്തീർണം = 8698.08 – 7992 = 706.08 M^2

* നിർമ്മാണ പ്രവൃത്തികൾ അനുവദനീയമല്ലാത്ത നില ഭൂമിയുടെ വിസ്തൃതി കൂടി കണക്കിലെടുത്ത് FSI കണക്കാക്കിയതായി കാണുന്നു. 2018-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 13(3) പ്രകാരം സ്വഭാവവ്യതിയാനം വരുത്തുവാൻ അനുമതി നൽകപ്പെട്ട ഭൂമി 'പൂരയിടം' എന്നും ജലസംരക്ഷണ നടപടികൾക്കായി നീക്കിവച്ചിട്ടുള്ള പത്ത് ശതമാനം ഭൂമി 'നിലം-ജലസംരക്ഷണ പ്രദേശം' എന്നും സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും 'നിലം -ജലസംരക്ഷണ പ്രദേശം' ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതായി കരുതപ്പെടുന്നതുമാണ്. ഇത്തരത്തിൽ ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതായി കണക്കാക്കുന്ന നിർമ്മാണ പ്രവൃത്തികൾ അനുവദനീയമല്ലാത്ത ഭൂമിയുടെ വിസ്തീർണം, FSI കണക്കാക്കുന്നതിനുള്ള പ്ലോട്ട് വിസ്തീർണത്തിൽ ഉൾപ്പെടുത്തിയ നടപടി അനുവദനീയമല്ല. ചട്ടപ്രകാരമുള്ളതിലും അധിക വിസ്തീർണമുള്ള നിർമ്മിതിയ്ക്ക് നഗരസഭാധികൃതർ പെർമിറ്റ് അനുവദിച്ചത് ഗുരുതരമായ ചട്ട ലംഘനമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 190/കെ.എസ്.എ/ടിവിസി.6/2024, തീയതി. 11.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ 2019-ലെ KMBR-ലെ ചട്ടങ്ങൾ പ്രകാരം അനുവദനീയമായ രീതിയിൽ മാത്രം പ്രസ്തുത നിർമ്മിതിയുടെ നിർമ്മാണാനുമതി ക്രമീകരിക്കുന്നതിനുള്ള ഉചിത നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-15-7 IBPMS മുഖേന പെർമിറ്റ് അനുവദിക്കൽ – അപാകതകൾ

IBPMS മുഖേന പെർമിറ്റ് അനുവദിച്ചിട്ടുള്ളതിൽ അനവധി അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. നിലവിൽ IBPMS സോഫ്റ്റ് വെയർ പ്രവർത്തനം അവസാനിപ്പിച്ചു എന്ന് നഗരസഭ അറിയിച്ചു എങ്കിലും, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ സോഫ്റ്റ് വെയർ സ്ഥാപനവുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

I) IBPMS മുഖേനയുള്ള ബിൽഡിംഗ് പെർമിറ്റ്/റഗുലറൈസേഷൻ -151 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണമുള്ള വാണിജ്യ നിർമ്മിതികൾക്ക് ഗാർഹിക/വ്യാവസായിക നിർമ്മിതികളുടെ നിരക്ക് ഈടാക്കി

തദ്ദേശ സ്വയംഭരണ (ആർഎ) വകുപ്പിന്റെ 31.03.2023 ലെ സ.ഉ (കൈ) 85/2023/LSGD നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് ഫീസ് 10.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ചിരുന്നു. 2023-24 കാലയളവിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള നിരക്കുകളാണ് ബാധകം. ടി ഉത്തരവ് പ്രകാരം 151 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്കും ഗാർഹിക/വ്യാവസായിക കെട്ടിടങ്ങൾക്കും വ്യത്യസ്ത നിരക്കാണ്. ഇതു പ്രകാരം 151 മുതൽ 300 ചതുരശ്ര മീറ്റർ വരെ വിസ്തൃതിയുള്ള വാണിജ്യ നിർമ്മിതികൾക്ക് ചതുരശ്ര മീറ്ററിന് 170/- രൂപയും 300 ചതുരശ്രമീറ്ററിന് മുകളിൽ വിസ്തൃതിയുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 300/- രൂപയുമാണ് പെർമിറ്റ് ഫീസ്. ഗാർഹിക/വ്യാവസായിക കെട്ടിടങ്ങൾക്ക് ഇത് ചതുരശ്ര മീറ്ററിന് യഥാക്രമം 150/- രൂപയും 200/- രൂപയും ആണ്. തുടർന്ന് സ.ഉ(കൈ) നം.97/2024/തസ്വഭവ, തീയതി.30.07.2024 മുഖേന പ്രസ്തുത നിരക്കുകളിൽ കുറവ് വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

IBPMS മുഖേനയുള്ള Building Permit/Regularisation ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വാണിജ്യ നിർമ്മിതികൾക്ക് മേൽ ഉത്തരവ് പ്രകാരമുള്ള ഗാർഹിക/വ്യാവസായിക നിർമ്മിതികളുടെ നിരക്കാണ് ഈടാക്കിയിരിക്കുന്നത്. ഈടാക്കിയ ഫീസിന്റെ കൃത്യത ഉറപ്പുവരുത്താതെയാണ് IBPMS മുഖേന Building Permitകൾ അനുവദിച്ചിരിക്കുന്നതെന്ന് കാണുന്നു. എന്നാൽ 30.07.2024-ലെ മേൽ പരാമർശിത ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് അപേക്ഷാ ഫീസ്, സ്ക്രൂട്ടിനി ഫീസ് എന്നിവ 01.08.2024 മുതൽ പ്രാബല്യത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. കൂടാതെ ടി ഉത്തരവ് പ്രകാരം 2023 ഏപ്രിൽ 10 മുതൽ നിലവിലുണ്ടായിരുന്ന നിരക്കിൽ തുക അടവാക്കിയവർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ തുക തിരികെ അനുവദിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ഈ സാഹചര്യത്തിൽ IBPMS മുഖേന നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റുകളിലെ ഫീസ് അടവിന്റെ കൃത്യത ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് നഗരസഭ പ്രത്യേകം പരിശോധിക്കേണ്ടതും 30.07.2024 ലെ സർക്കാർ ഉത്തരവ് കൂടി പരിഗണിച്ച് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. വിശദ വിവരങ്ങൾക്ക് അനുബന്ധം(4) കാണുക.

Ii) റസിഡൻഷ്യൽ ഏരിയയും കൊമേഴ്സ്യൽ ഏരിയയും ഉൾപ്പെട്ട കെട്ടിടങ്ങളുടെ പെർമിറ്റ് ഫീ കൊമേഴ്സ്യൽ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ ഈടാക്കി

A) മെയിൻ ഓഫീസ്

IBPMSമുഖേനയുള്ള ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ പരിശോധിക്കുമ്പോൾ വെവ്വേറെ ഒക്യുപെൻസി ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക്, അതത് ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ പെർമിറ്റ് ഫീ ഈടാക്കുന്നതിന് പകരം ഒരേ നിരക്കിലാണ് പെർമിറ്റ് ഫീ കണക്കാക്കി ഈടാക്കിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഫയൽ നം	റസിഡൻഷ്യൽ ഏരിയ (ച.മീ)	കൊമേഴ്സ്യൽ ഏരിയ(ച.മീ)	ആകെ ഏരിയ ച.മീ	ഈടാക്കിയ നിരക്ക്,ഫീസ്	ഈടാക്കേണ്ട ഫീസ് (സ.ഉ(കൈ) 85/2023/LSGD, തീയതി.31.03.2023 പ്രകാരം)

1	BA/1003/20580/2023	369.77	220.78	590	@200 118000	@200 & 170 111486.6
2	BA/1003/20839/2023	231.99	662.08	1185.15	@200 237030	@150 & @300 233423
3	BA/1003/22574/2023	82.62	183.21	265.81	@150 39871.5	@150&@170 43641

മേൽ പട്ടികയിൽ ക്രമ നം.3 പ്രകാരമുള്ള ഫയൽ പ്രകാരം പെർമിറ്റ് ഇഷ്യു ചെയ്തിട്ടുണ്ടെങ്കിലും പെർമിറ്റ് ഫീയുടെ ഫീ പെയ്മെന്റ് സ്റ്റാറ്റസ് Unpaid എന്നാണ് കാണിക്കുന്നത്. Fee Paid Detailsലും പ്രസ്തുത ചെലാൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. ഈ സാഹചര്യത്തിൽ പെർമിറ്റ് ഫീ ഇനത്തിലുള്ള 39871.50/- രൂപയുടെ വരവ് നഗരസഭാ ഫണ്ടിൽ വരവ് വന്നിട്ടുള്ളതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

മേൽപരാമർശിച്ച പ്രകാരം വെവ്വേറെ ഒക്യുപെൻസി ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ഒരേ നിരക്കിൽ പെർമിറ്റ് ഫീ കണക്കാക്കി ഈടാക്കിയതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടും, IBPMS മുഖാന്തിരമുള്ള അപേക്ഷകളിൽ റസിഡൻഷ്യൽ/വാണിജ്യ കെട്ടിടങ്ങൾക്കുള്ള പെർമിറ്റ് ഫീയുടെ നിരക്കുകൾ IBPMS സോഫ്റ്റ് വെയറിൽ എപ്രകാരമാണ് കണക്കാക്കി ക്രമീകരിച്ചിട്ടുള്ളത്/ കെട്ടിട ഇനത്തിനും, Built Up Area ക്കും അനുസൃതമായുള്ള നിരക്കുകൾ System Generate ചെയ്യുകയാണോ അതോ Manual Entry വരുത്തുന്നതാണോ ചെയ്യുന്നത് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടും, കോമ്പൌണ്ടിംഗ് ഫീ ഈടാക്കുന്നതിലുള്ള അപാകതസംബന്ധിച്ചും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻകൃയറി നം. 84/കെ.എസ്.എ./എ.ഒ.III/2024.തീയതി:08.11.2024.) നഗരസഭ മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട് സോഫ്റ്റ് വെയർ സ്ഥാപനവുമായി ചേർന്ന് അപാകതകൾ പരിഹരിക്കേണ്ടതും, മേൽ തുകയുടെ അടവ് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

B)ശ്രീകാര്യം സോണൽ

റസിഡൻഷ്യൽ ഏരിയയും കൊമേഴ്സ്യൽ ഏരിയയും ഉൾപ്പെട്ട ചുവടെ പറയുന്ന കെട്ടിടങ്ങളുടെ പെർമിറ്റ് ഫീ കൊമേഴ്സ്യൽ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് ഈടാക്കിയിരിക്കുന്നത്

ക്രമ നം	ഫയൽ നം	റസിഡൻഷ്യൽ ഏരിയ	കൊമേഴ്സ്യൽ ഏരിയ	ആകെ ഏരിയ	ഈടാക്കിയ ഫീസ് @300/-	ഈടാക്കേണ്ട ഫീസ് (സ.ഉ(കൈ) 85/2023/LSGD, തീയതി.31.03.2023 പ്രകാരം)
1	BA/1003/26459/2023	190.4 M2	196.28 M2	386.68	116004	61928

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് (No.18/KSA/ZO-SKZ, 29-10-2024) ഓഡിറ്റ് എൻകൃയറി നൽകിയതിന് IBPMS സോഫ്റ്റ്വെയറിൽ ഓട്ടോമാറ്റിക്ക് ആയാണ് ഫീസ് കാൽക്കുലേറ്റ് ചെയ്ത് കക്ഷികൾക്ക് അറിയിപ്പ് പോകുന്നതെന്ന് മറുപടി ലഭിച്ചു. അപാകതകൾ സോഫ്റ്റ്വെയർ സ്ഥാപനവുമായി ചേർന്ന് പരിഹരിക്കേണ്ടതാണ്.

1-15-8 ബിൽഡിംഗ് പെർമിറ്റ്- പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല

2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം രണ്ട് നിലകൾവരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനക്കായുള്ള കെട്ടിടങ്ങൾ, ഗ്രൂപ്പ് G1(Industrial-I), G2(Industrial-II), I (അപകടസാധ്യതയുള്ള സ്ഥലം- Hazardous) ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നല്കി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണ്. 2023-24വർഷം അപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നഗരസഭാ മെയിൻ ഓഫീസിന് (നം.209/കെ.എസ്.എ./എ.ഒ.III/2024.തീയതി:24.02.2025) നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ ലഭ്യമാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. ആയതിനാൽ ഇത് സംബന്ധിച്ച ഓഡിറ്റ് പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത വിവരങ്ങൾ പരിശോധനയ്ക്കായി നൽകേണ്ടതാണ്.

1-16 വസ്തുനികുതി

നഗരസഭയുടെ തനതു വരുമാന സ്രോതസ്സിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വസ്തുനികുതി. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 233, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ തനതു വരുമാനത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാക്കുന്നതിനും തദ്വാരാ ക്ഷേമ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായും തടസ്സമില്ലാതെയും നടപ്പാക്കുന്നതിനായി കാര്യക്ഷമമായി നികുതി ശേഖരണം നടത്തേണ്ടത് നഗരസഭയുടെ ഉത്തരവാദിത്തമാണ്. ആയതിനായി സർക്കാർ നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്കനുസൃതമായി പ്രാബല്യ തീയതി വ്യക്തമാക്കുന്ന വിജ്ഞാപനം പുറപ്പെടുവിച്ച് നഗരസഭയുടെ പരിധിയിലുള്ള എല്ലാത്തരം സ്ഥാപനങ്ങളെയും കൃത്യമായി നികുതി ശേഖരണ നടപടികൾക്ക് വിധേയമാക്കി നികുതി ശേഖരിക്കേണ്ടതാണ്. നഗരസഭയുടെ 2023-24 സാമ്പത്തിക വർഷത്തെ വസ്തുനികുതി ശേഖരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നികുതി നിരക്ക് കാലാനുസൃതമായി പുതുക്കി നിർണയിച്ച് ശേഖരിക്കാത്തതും വൻ കുടിശ്ശിക പിരിച്ചെടുക്കാനവശേഷിക്കുന്നതുമായ സാഹചര്യം നിലനിൽക്കുന്നതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1-16-1 നഗരസഭയുടെ വിജ്ഞാപനം പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുത്തിയില്ല – മുൻ വർഷത്തെ നിരക്കുകളിൽ വസ്തുനികുതി നിർണയം നടത്തി -32 വാർഡുകളിൽ നിന്നായി നഗരസഭാ ഫണ്ടിന്- 2,41,843/- രൂപയുടെ കുറവ്.

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023-ലെ സ.ഉ (അച്ചടി) നം. 26/2023/LSGD നമ്പർ വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ അടിസ്ഥാന വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിനുള്ള പുതുക്കിയ നിരക്കുകൾ 09.02.2024 ലെ കൗൺസിൽ തീരുമാനം 3(എ)7 പ്രകാരം അംഗീകരിച്ച് 09.02.2024 ആർ3/26859/23 ഉത്തരവ് പ്രകാരം നഗരസഭ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ തൻവർഷത്തെ വസ്തുനികുതിനിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ പഴയ നിരക്കിൽ വസ്തുനികുതി നിർണയം നടത്തിയിട്ടുള്ള ചുവടെപ്പറയുന്ന വാണിജ്യ കെട്ടിടങ്ങൾ, പ്രത്യേക പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ, 300 ചതുരശ്രമീറ്ററിലധികം തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്നിവയുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശികയുൾപ്പെടെ ഈടാക്കിയിട്ടില്ല. ഓഡിറ്റ് പരിശോധനാവേളയിൽ നികുതി നിർണ്ണയ ഫയലുകൾ പരിശോധിക്കുന്നതോടൊപ്പം, നികുതി ശേഖരണത്തിനുള്ള സോഫ്റ്റ്വെയർ ആയ സഞ്ചയ, കെ-സ്മാർട്ട് എന്നിവ കൂടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കെ-സ്മാർട്ട് മുഖാന്തിരമുള്ള പരിശോധന സാധ്യമായത് കെ-സ്മാർട്ടിലെ ഓഡിറ്റർ ലോഗിനിൽ വസ്തു നികുതി വിവരങ്ങൾ ലഭ്യമായത് 2025 ഫെബ്രുവരി മുതലാണ്. നഗരസഭ മെയിൻ ഓഫീസിലെയും സോണൽ കാര്യാലയങ്ങളിലെയും തെരഞ്ഞെടുത്ത 32 വാർഡുകളിൽ പരിശോധന നടത്തിയതിൽ പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കാത്തതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ പ്രതിവർഷം 2,41,843/- രൂപയുടെ കുറവുണ്ടാകുന്നു. ഇതു സംബന്ധിച്ച് മെയിൻ ഓഫീസിലും സോണൽ കാര്യാലങ്ങളിലും നൽകിയ ഭ്രരിഭാഗം ഓഡിറ്റ് അന്വേഷണങ്ങൾക്കും (നം.77/കെ.എസ്.എ/ടിവിസി.3/2024 തീയതി.23.10.2024,നം.81/കെ.എസ്.എ/ടിവിസി.9/2024 തീയതി.30.10.2024, നം.88/ കെ.എസ്.എ/ ടിവിസി.7/2024 തീയതി.07.11.2024, നം.100/ കെ.എസ്.എ/എ.ഒ.III/2024 തീയതി 18.11.2024, നം.112/കെ.എസ്.എ/ എ.ഒ.II/2024 തീയതി 02.12.2024, നം.7/കെഎസ്എ/ZO-NM, തീയതി.22.10.2024,നം.1/കെഎസ്എ/ZO-AZ തീയതി.14.10.2024, നം.10/ കെഎസ്എ/ZO-VZN തീയതി. 15.10.2024,നം.14/കെഎസ്എ/ZO-VZN തീയതി.16.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ മറുപടി പ്രകാരം സഞ്ചയ, കെസ്മാർട്ട് സോഫ്റ്റ് വെയറുകളിൽ നികുതി നിരക്കിൽ വന്ന മാറ്റം പ്രതിഫലിക്കാത്തതാണ് അപാകതയ്ക്ക് കാരണമെന്നും സാങ്കേതിക പ്രശ്നം പരിഹരിക്കാൻ IKM അധികൃതർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും എന്നാൽ നാളിതുവരെ പരിഹരിച്ചിട്ടില്ലെന്നും സോഫ്റ്റ് വെയറിൽ നിരക്ക് മാറുന്നതിനനുസരിച്ച് നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി പുതുക്കിയ നിരക്കിൽ പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി കൈക്കൊണ്ട് നഗരസഭയുടെ തനത് വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. വിശദാംശങ്ങൾ അനുബന്ധം (5) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-16-2 വസ്തു നികുതി കുറവായി നിർണ്ണയിച്ചു- 74,017രൂപ നഷ്ടം

നഗരസഭ മെയിൻഓഫീസ് പരിധിയിലെ തമ്പാനൂർ വാർഡിൽ ഉൾപ്പെട്ടതും, 2023-24 വർഷം നിർമ്മാണം പൂർത്തിയാക്കി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളതുമായ 81/2436(1) നം കെട്ടിടത്തിന് വസ്തുനികുതി കുറവായി നിർണ്ണയിച്ചതിനാൽ 74,017/- രൂപ നഷ്ടം നേരിട്ടു.വിശദാംശങ്ങൾക്ക് ഖ.2-2 കാണുക.

1-16-3 സേവന ഉപനികുതി, സർവ്വീസ് ചാർജ്ജ് എന്നിവ ഈടാക്കുന്നതിൽ നഗരസഭ കാര്യക്ഷമത പുലർത്തുന്നില്ല – 10,56,80,139 രൂപ ഈടാക്കാനവശേഷിക്കുന്നു.

2011-ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടം 26 പ്രകാരം ഒരു മുനിസിപ്പാലിറ്റി പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആകൃിലെ 235-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭ്രമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് പുതിയ സേവനങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ചുമത്താവുന്നതാണ്. ചട്ടം 26, 27 എന്നിവ പ്രകാരം സേവനഉപനികുതി നഗരസഭ ഈടാക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ഈടാക്കുന്നതിന്റെ നിരക്ക് സംബന്ധിച്ച കൗൺസിൽ തീരുമാനം, വിശദാംശം എന്നിവ ആവശ്യപ്പെട്ട് 17.10.2024-ലെ 68/കെ.എസ്.എ/ടിവിസി.7/2024 നമ്പർ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിൽ സേവന ഉപനികുതിയിനത്തിൽ 8,33,59,455/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു. (6,34,98,811/- രൂപ തന്നാണ്ടിലും 1,98,60,644/- രൂപ കുടിശ്ശിക ഇനത്തിലുമാണ് അവശേഷിക്കുന്നത്)

ഇതിൽ നിന്നും തനതു വരുമാനമാർഗ വർദ്ധനവിന് ഉതകുന്ന മാർഗ്ഗങ്ങളിൽ ഒന്നായ സേവനഉപനികുതി ചുമത്തി ഈടാക്കുന്നതിൽ നഗരസഭ വേണ്ടത്ര കാര്യക്ഷമത പുലർത്തുന്നില്ലെന്ന് വ്യക്തമാകുന്നു. സേവനഉപനികുതി ഇനത്തിലെ വൻ കുടിശ്ശികയുടെ വിശദാംശങ്ങൾ DCB പത്രിക സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതും കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഈ ചട്ടങ്ങളിലെ തന്നെ ചട്ടം 30 അനുസരിച്ച് കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭരണഘടനയുടെ 285-ാം അനുഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ മുനിസിപ്പാലിറ്റിയ്ക്ക് ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി ഉപചട്ടം 2(1) പ്രകാരം ഈടാക്കേണ്ട സർവ്വീസ് ചാർജ്ജ് പൂർണതോതിൽ സേവനങ്ങൾ ലഭ്യമാകുന്ന സംഗതിയിൽ കണക്കാക്കപ്പെടുന്ന വസ്തുനികുതിയുടെ 75% വും ഭാഗികമായി സേവനങ്ങൾ ലഭ്യമാകുന്ന സംഗതിയിൽ വസ്തുനികുതിയുടെ 50%വും സേവനങ്ങൾ ഒന്നും പ്രത്യേകമായി ലഭ്യമാക്കിയിട്ടില്ലാത്ത സംഗതിയിൽ വസ്തുനികുതിയുടെ 33% വും ആയിരിക്കുന്നതാണെന്ന് വ്യക്തമാകുന്നുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (17.10.2024-ലെ 68/കെ.എസ്.എ/ടിവിസി.7/2024)മറുപടി ലഭ്യമാക്കിയിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം കേന്ദ്രസർക്കാർ കെട്ടിടങ്ങളുടെ സർവ്വീസ് ചാർജ്ജിനത്തിൽ 2,23,20,684/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു. (1,24,99,255/- രൂപ (തന്നാണ്ട്)+ 98,21,429/- രൂപ (കുടിശ്ശിക). പ്രസ്തുത തുക തൻവർഷം ഡിമാന്റ്

ചെയ്തിട്ടുണ്ടോ എന്ന വിവരം വ്യക്തമാക്കിയിട്ടില്ല.

2011-ലെ മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടം 31 അനുസരിച്ച് ഏതെങ്കിലും പദ്ധതിക്കോ, പ്രോജക്ടിനോ വേണ്ടി അത് ചെലവാക്കിയിട്ടുള്ള ഏതെങ്കിലും അസാധാരണ ചെലവ് നികത്തുന്നതിന് സർചാർജ്ജ് ചുമത്തേണ്ടതാണെന്ന് കൗൺസിൽ പ്രമേയം മൂലം നിശ്ചയിച്ചതിന് ശേഷം 233-ാം വകുപ്പ് പ്രകാരം ചുമത്തിയിട്ടുള്ള വസ്തു നികുതിയിൻമേൽ 230(2) പ്രകാരം 50% ത്തിലധികമല്ലാത്ത സർചാർജ്ജ് ഒരു നിർദ്ദിഷ്ട കാലത്തേക്ക് ഈടാക്കാവുന്നതാണ്.

നഗരസഭയിൽ ഇത്തരത്തിൽ സർചാർജ്ജ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ 2023-24 വർഷത്തെ വസ്തുനികുതിയിന്മേലുള്ള സർചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (17.10.2024-ലെ 68/ കെ.എസ്.എ/ടിവിസി.7/2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

നികുതി ഈടാക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16-4 വസ്തു നികുതി -61,09,99,750/- രൂപ കുടിശ്ശിക

നഗരസഭയുടെ ഒരു പ്രധാന വരുമാന സ്രോതസ്സായ വസ്തുനികുതിയിനത്തിൽ വൻകുടിശ്ശികയാണ് പിരിച്ചെടുക്കാൻ അവശേഷിക്കുന്നത്. നഗരസഭയുടെ 30-ഓളം വാർഡുകളിലായുള്ള അനധികൃത ഹോട്ടലുകൾ, റിസോർട്ടുകൾ ഉൾപ്പെടെയുള്ള അനധികൃത കെട്ടിടങ്ങൾ, മറ്റ് വാണിജ്യകെട്ടിടങ്ങൾ, സർക്കാർ ഓഫീസ് കെട്ടിടങ്ങൾ, മൊബൈൽ ടവറുകൾ എന്നിവയുടെ വസ്തുനികുതി പരിശോധനയിൽ തന്നെ 61.09 കോടി (**61,09,99,750/-** രൂപ) രൂപ കുടിശ്ശിക ആണ്. നഗരസഭയുടെ വാർഷിക ധനകാര്യപത്രിക പ്രകാരം തൻവർഷത്തെ ആകെ കുടിശ്ശിക **107.91** കോടി രൂപയാണ് (65.47 കോടി കറണ്ട് + 42.43 കോടി അരിയർ). വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കുടിശ്ശിക തുകയെ സാധൂകരിക്കുന്ന തരത്തിൽ നഗരസഭയ്ക്ക് കീഴിലുള്ള മുഴവൻ കെട്ടിടങ്ങളെയും ഉൾപ്പെടുത്തി ഡി.സി.ബി പത്രിക തയ്യാറാക്കി ആധികാരികമായി അംഗീകരിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിൽ പരിശോധിച്ച 30-ഓളം വാർഡുകളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (6,7,8,9) ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

ക്രമ നം.	ഇനം	കുടിശ്ശിക (രൂപ)	ഖണ്ഡിക നം.	അനുബന്ധം നം.
1	ഹോട്ടൽ, റിസോർട്ടുകൾ ഉൾപ്പെടെയുള്ള അനധികൃത കെട്ടിടങ്ങൾ	76172367	1-16-4-1	6
2	സർക്കാർ ഓഫീസ് കെട്ടിടങ്ങൾ	501898383	1-16-4-2	7
3	വാണിജ്യ കെട്ടിടങ്ങൾ ഉൾപ്പെടെ വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾ	22536340	1-16-4-3	8
4	മൊബൈൽ ടവർ	10392660	1-16-4-4	9
		610999750		

1-16-4-1 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ 7.61 കോടി രൂപ കുടിശ്ശിക

സഞ്ചയ, കെസ്മാർട്ട് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവിധ സോണൽ കാര്യാലയങ്ങളിലെ അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

സോണൽ കാര്യാലയത്തിന്റെ പേര്	കുടിശ്ശിക
വിഴിഞ്ഞം	72409220
കടപ്പനകുന്ന്	2271953
കഴക്കൂട്ടം	622725
ഉള്ളൂർ	868469
ആകെ	**76172367**

ഇതു സംബന്ധിച്ച വിശദാംശങ്ങൾക്കായി അനുബന്ധം (6) കാണുക. അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതും അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും തദനുസൃതമായ മാറ്റങ്ങൾ കെസ്മാർട്ടിൽ വരുത്തേണ്ടതുമാണ്.

1-16-4-2 സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക -50,18,98,383/- രൂപ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 233 പ്രകാരം ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സെക്ഷൻ 235 പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ സർക്കാർ കെട്ടിടങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട 5.4.2023ലെ സ.ഉ(അച്ചടി)നം.26/2023/LSGD പ്രകാരം മുനിസിപ്പൽ കോർപ്പറേഷനുകളിൽ സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ ഏറ്റവും കുറഞ്ഞ നിരക്ക് 10 രൂപയും, കൂടിയ നിരക്ക് 22 രൂപയും ആണ്. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ പുറപ്പെടുവിച്ച 9/2/2024ലെ R3-26859/23 വിജ്ഞാപനം പ്രകാരം ഇത് 22 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ നികുതി വിവരങ്ങൾ സംബന്ധിച്ച പരിശോധന നടത്തുന്നതിലേക്ക് സഞ്ചയയിൽ നിന്നും, കെ-സ്മാർട്ടിൽ നിന്നും ഓഡിറ്റർ ലോഗിൻ വഴി ഡി.സി.ബി വിശദാംശങ്ങൾ ലഭിക്കുന്നില്ല. നഗരസഭയുടെ മെയിൻ ഓഫീസ്-സോണൽ പരിധികളിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെയും

വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വരുന്നത് സംബന്ധിച്ചുള്ള തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ 24.01.2025ലെ 163/കെ.എസ്.എ./എ.ഒ.III/2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് 2024 ജനുവരി 1 മുതൽ സഞ്ചയ സോഫ്റ്റ് വെയർ നിലവിൽ ഇല്ലാത്തതിനാൽ സർക്കാർ കെട്ടിടങ്ങളുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് എന്നിവ തരം തിരിച്ച് ലഭ്യമാക്കുന്നതിന് കഴിയാത്ത അവസ്ഥയാണെന്നും, ഓരോ വാർഡിലെയും ആകെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് എന്നിവ മാത്രമെ ഇപ്പോൾ കെ സ്മാർട്ട് മുഖേന എടുക്കുവാൻ കഴിയുന്നുള്ളൂ എന്നും, ആയത് പരിഹരിച്ച് സാങ്കേതിക തടസ്സം നീക്കുന്നതിന് IKM ന്റെ സേവനം ആവശ്യപ്പെട്ടിട്ടുണ്ടെന്നും നഗരസഭ മറുപടി നല്കി. സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ ഭൂരിഭാഗവും നഗരസഭ സെക്രട്ടറിയുടെ അക്കൌണ്ടിലേക്കാണ് പണം ട്രാൻസ്ഫർ ചെയ്യുന്നു എന്നതിനാൽ ടി ഇടപാടുകളുടെ UTR നമ്പർ ഉപയോഗിച്ച് പ്രസ്തുത വർഷങ്ങളിലെ നികുതി പോസ്റ്റ് ചെയ്ത് കാലികമാക്കുന്ന ജോലി ഇപ്പോൾ പുരോഗമിക്കുകയാണ് എന്നും, ആയത് പൂർത്തിയാകുന്ന മുറയ്ക്ക് DCB Statement ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ലഭ്യമാക്കിയ മറുപടി പ്രകാരം നഗരസഭ പരിധിയിൽ ഉള്ള ഓരോ വാർഡിലെയും സർക്കാർ കെട്ടിടങ്ങൾക്ക് നാളിതുവരെ ആകെ 50.18 കോടി രൂപയുടെ വസ്തുനികുതി കുടിശ്ശികയുണ്ട് (സർക്കാർ കെട്ടിടങ്ങളുടെ ആകെ എണ്ണം, നാളിതുവരെയുള്ള നികുതി കുടിശ്ശിക എന്നിവയുടെ വാർഡ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-7 ആയി ചേർക്കുന്നു).

ആയതിൽ ചുവടെപ്പറയുന്ന വാർഡുകളിൽ നിന്ന് കോടികളാണ് ഈ ഇനത്തിൽ പിരിച്ചെടുക്കാനുള്ളത്.

Sl No	വാർഡ് നം	വാർഡിന്റെ പേര്	സർക്കാർ കെട്ടിടങ്ങളുടെ എണ്ണം	കുടിശ്ശിക (കോടി)
1	27	പാളയം	827	12.90
2	81	തമ്പാനൂർ	636	7.37
3	42	പൂജപ്പുര	627	4.89
4	23	കവടിയാർ	470	2.68
5	26	കുന്നുകുഴി	61	3.03
6	28	തൈക്കാട്	91	2.02
7	31	പേരൂർക്കട	106	1.11
8	33	നെട്ടയം	24	1.80
9	86	ചാക്ക	96	1.08
10	52	പാപ്പനംകോട്	120	0.96
			3058	37.84

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസ് കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ മേൽ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടതിന് ഒഴിവാക്കിയിട്ടില്ല എന്നാണ് മറുപടി നല്കിയിട്ടുള്ളത്. എന്നാൽ ചില സർക്കാർ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതായി സഞ്ചയ, കെ-സ്മാർട്ട് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ആയതിൽ വ്യക്തതവരുത്തേണ്ടതും, ഓരോ വർഷത്തെയും DCB സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ തയ്യാറാക്കി സൂക്ഷിക്കുകയും, വിഷയം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുൾപ്പെടെ കുടിശ്ശിക നിവാരണത്തിന് വേണ്ട നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-16-4-3 വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക- 2.25 കോടി രൂപ

തിരുവനന്തപുരം നഗരസഭ മെയിൻ ഓഫീസിലെയും വിവിധ സോണൽ കാര്യാലയങ്ങളിലെയും കെ-സ്മാർട്ട് മുഖേനയുള്ള വസ്തുനികുതി പരിശോധനയിൽ വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഭീമമായ കുടിശ്ശികയുള്ളതായി കാണുന്നു. നഗരസഭ മെയിൻ ഓഫീസ് പരിധിയിലുള്ള വഞ്ചിയൂർ, തമ്പാനൂർ, കേശവദാസപുരം, നന്തൻകോട്, ജഗതി, പട്ടം, മെഡിക്കൽകോളേജ്, കുറവൻകോണം, ചാക്ക: നേമം സോണൽ പരിധിയിൽ ഉൾപ്പെടുന്ന നേമം, മേലാങ്കോട്. പൊന്നുമംഗലം: ആറ്റിപ്ര സോണൽ പരിധിയിലെ പൗണ്ട്കടവ്, പള്ളിത്തുറ എന്നീ വാർഡുകളിലെ വസ്തുനികുതി അടവ് സംബന്ധിച്ച വിവരങ്ങളാണ് പരിശോധനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പരിശോധനയിൽ പ്രസ്തുത വാർഡുകളിലെ വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ 2023 രണ്ടാം അർദ്ധവർഷം വരെയുള്ള നികുതി ചുവടെപ്പറയുംപ്രകാരം കുടിശ്ശികയുണ്ട്.

മെയിൻ ഓഫീസ്/സോണൽ കാര്യാലയത്തിന്റെ പേര്	കുടിശ്ശിക
മെയിൻ ഓഫീസ്	14048954
നേമം	7525978
ആറ്റിപ്ര	961408
ആകെ	**22536340**

കുടിശ്ശിക തുക ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

വിശദാംശങ്ങൾക്കായി അനുബന്ധം(8) കാണുക

1-16-4-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി 1,03,92,660/- രൂപ കുടിശ്ശിക

നഗരസഭ മെയിൻ ഓഫീസിന്റെ പരിധിയിലുള്ള പാളയം, വഞ്ചിയൂർ, കണ്ണമ്മൂല എന്നീ വാർഡുകളിലെ മൊബൈൽ ടവറുകളുടെയും അനധികൃത മൊബൈൽ ടവറുകളുടെയും Ksmart മുഖേനയുള്ള വസ്തുനികുതി അക്കൗണ്ടിംഗ് പരിശോധിച്ചതിൽ കുടിശ്ശിക ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. കുടിശ്ശിക തുക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.32/കെ.എസ്.എ/ടി.വി.സി.5/2024 തീയതി 02.09.2024,നം.33/കെ.എസ്.എ/ടി.വി.സി.5/2024

തീയതി 02.09.2024)) നഗരസഭ മറുപടി ലഭ്യമാക്കിയില്ല കുടിശ്ശിക തുക ഉടമകളിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്. വിശദാംശങ്ങൾ അനുബന്ധം(9) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

1-16-5 വസ്തു നികുതി -വാർഷിക ധനകാര്യ പത്രിക പ്രകാരം ഈടാക്കാനവശേഷിക്കുന്ന തുക സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ല.

01.01.2024 മുതൽ KSMART ആപ്ലിക്കേഷൻ നിലവിൽ വന്ന സാഹചര്യത്തിൽ, 2023-24 സാമ്പത്തിക വർഷത്തെ വസ്തുനികുതിയുടെ 31.12.2023 വരെയുള്ള(സഞ്ചയയിൽ നിന്നും ലഭിക്കുന്ന ത്) DCB വിവരങ്ങൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാകുന്നത്. 01.01.2024 മുതൽ 31.03.2024 വരെയുള്ള ക്യാഷ്/ചെക്ക് കളക്ഷൻ പ്രകാരമുള്ള വരവ് തുകയുടെ വിവരങ്ങൾ മാത്രമാണ് KSMART മുഖേന പരിശോധനയ്ക്ക് ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് വർഷത്തെ പൂർണ്ണമായ DCB ഓഡിറ്റിന് ലഭ്യമായിട്ടില്ല.ഇതു സംബന്ധിച്ച രണ്ട് സോണൽ ഓഫീസുകളുടെ പരിശോധനയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.കഴക്കൂട്ടം സോണൽ.

31.12.2023 വരെയുള്ള DCB പത്രിക (സ്ഥാപനം ലഭ്യമാക്കിയത്)

തനനാണ്ട് വസ്തുനികുതി			കുടിശ്ശിക വസ്തുനികുതി			ആകെ		
ഡിമാന്റ്	കളക്ഷൻ	ബാലൻസ്	ഡിമാന്റ്	കളക്ഷൻ	ബാലൻസ്	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
36409384	13240464	23168920	32929105	4743395	28185710	69338489	17983859	51354630

01.01.2024 മുതൽ 31.03.2024 വരെയുള്ള KSMART മുഖേനയുള്ള വരവ്

തനനാണ്ട് വസ്തുനികുതി	5694854
കുടിശ്ശിക വസ്തുനികുതി	2413405

മേൽ പട്ടികയിലെ 31.12.2023 വരെയുള്ള കണക്കുകൾ പ്രകാരം മുൻ വർഷത്തെ കുടിശ്ശിക ഉൾപ്പെടെ 5,13,54,630/- രൂപയാണ് തൻവർഷത്തെ ആകെ കുടിശ്ശിക. 01.01.2024 മുതൽ 31.03.2024 വരെയുള്ള വരവ് KSMART മുഖേന ആയതിനാൽ 2023-24 ലെ ഡിസിബി ലഭ്യമാക്കാൻ സാധിക്കില്ല എന്നും, നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14/കെ.എസ്.എ/ZO-KZ/2023-24, തീയതി.26.09.2024) മറുപടി ലഭ്യമാക്കിയത്. കൂടാതെ EPOS, Online Payment മുഖേനയുള്ള വരവുകൾ കൃത്യമായി കളക്ഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്തത് വരവ് തുകയിൽ വ്യത്യാസത്തിന് കാരണമാകുന്നുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 230, 231, 233 എന്നിവ 565-ാം വകുപ്പിനോട് ചേർത്ത് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് നടപ്പിലാക്കിയ ചട്ടങ്ങളിലെ ചട്ടം 13, 14 എന്നിവ പ്രകാരം വസ്തുനികുതി ഈടാക്കുന്നതിന് ഡിമാന്റ് നൽകുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളിൽ ഒന്നായ വസ്തുനികുതി ഈടാക്കുന്നതിൽ കാര്യക്ഷമമായ നടപടികൾ കൈക്കൊള്ളേണ്ടതും, ഈടാക്കാനവശേഷിക്കുന്ന തുകയുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതും EPOS, Online Payment വരവുകൾ കൂടി ഉൾപ്പെടുത്തി KSMART മുഖേന ഡിസിബി തയ്യാറാക്കുന്നതിനും ശ്രദ്ധിക്കേണ്ടതുമാണ്.

2. വട്ടിയൂർക്കാവ് സോണൽ.

വട്ടിയൂർക്കാവ് സോണലിൽ 31.03.2024ൽ ഈടാക്കാൻ അവശേഷിക്കുന്ന വസ്തുനികുതിയുടെ DCB വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/കെ.എസ്.എ/ZO-VT/2023-24, തീയതി.10.10.2024) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) 01.04.2023 മുതൽ 31.12.2023 വരെയുള്ള ഡി.സി.ബി (സ്ഥാപനം ലഭ്യമാക്കിയത്)

തനനാണ്ട്			കുടിശ്ശിക			ആകെ ബാലൻസ്
ഡിമാന്റ്	കളക്ഷൻ	ബാലൻസ്	ഡിമാന്റ്	കളക്ഷൻ	ബാലൻസ്	15395053
20881076	9858019	11023057	7839493	3467497	4371996	

2) 01.01.2024 മുതൽ 31.03.2024 വരെയുള്ള KSMART മുഖേനയുള്ള വസ്തുനികുതി വരവ്

വസ്തു നികുതി (തനനാണ്ട്) - 1790439

വസ്തു നികുതി (കുടിശ്ശിക) – 463915

31.03.2024-ൽ ഈടാക്കാൻ അവശേഷിക്കുന്ന വസ്തുനികുതി സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ല. 31.12.2023-ൽ 1,53,95,053/- രൂപയാണ് സഞ്ചയ പ്രകാരം കുടിശ്ശിക ആയി ഈടാക്കുവാൻ അവശേഷിക്കുന്നത്. 2011 ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടം 13 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി, വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി കഴിഞ്ഞാൽ അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ചട്ടത്തിനനുസൃതമായിട്ടുള്ള ഫോറം 8-ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കെ-സ്മാർട്ടിൽ ഇപ്രകാരം ചട്ടങ്ങൾക്കനുസൃതമായ രേഖപ്പെടുത്തൽ ഇല്ല എന്നാണ് പ്രാഥമിക പരിശോധനയിൽ കാണുന്നത്.

2011-ലെ മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 14 അനുസരിച്ച് ഓരോ നികുതിദായകനും ഡിമാന്റ് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം 19 ൽ നികുതി ഒടുക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ തന്നെ കുടിശ്ശിക തുക മുഴുവൻ

പിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടികൾ ചട്ടപ്രകാരം സ്വീകരിക്കേണ്ടതും അനിവാര്യമാണ്. കുടിശ്ശിക തുക മുഴുവൻ പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16-6 കേന്ദ്രസർക്കാർ കെട്ടിടങ്ങളുടെ സർവ്വീസ് ചാർജ്ജ് കുടിശ്ശിക.

വട്ടിയൂർക്കാവ് സോണൽ- സർവീസ് ചാർജ്ജിനത്തിൽ 19,08,635/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

വട്ടിയൂർക്കാവ് സോണൽ പരിധിയിലുള്ള കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ സർവ്വീസ് ചാർജ്ജിനത്തിൽ 2013-14 വർഷം മുതൽ കുടിശ്ശികയിനത്തിൽ 1908635/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു. 2013-14 വർഷം മുതലുള്ള കുടിശ്ശിക ഉൾപ്പെടെയാണ് ഇത്രയും തുക ഈടാക്കാനായി അവശേഷിക്കുന്നത്. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 അനുസരിച്ച് കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുഛേദമനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ മുനിസിപ്പാലിറ്റിക്ക് ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 2-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിലും സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗനിർദ്ദേശങ്ങൾക്കനുസരിച്ചും സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്. കേന്ദ്രസർക്കാർ കെട്ടിടങ്ങളുടെ സർവ്വീസ് ചാർജ്ജ് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(9.10.2024 ലെ 10/KSA.ZOVKY/2023-24) വട്ടിയൂർക്കാവ് സോണൽ ഓഫീസ് ചാർജ്ജ് ഓഫീസറുടെ 08.10.2024-ലെ മറുപടിയുടെ അടിസ്ഥാനത്തിൽ സർവ്വീസ് ചാർജ്ജിനത്തിൽ ഈടാക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	റ്റി.സി. നം.	സ്ഥാപനത്തിന്റെ പേര്	ഒരു വർഷത്തെ സേവന നികുതി	എന്ന് മുതൽ	ആകെ
1	33/2423(1)	ഡയറക്ടർ, മിനിസ്ട്രി ഓഫ് കമ്മ്യൂണിക്കേഷൻ ഐ.റ്റി ടെലികമ്മ്യൂണിക്കേഷൻ ഡിപാർട്ട്മെന്റ്, നെട്ടയം	17172	2013-14 മുതൽ	189751
2	33/2423(15)	ഡയറക്ടർ, വയർലെസ് മോണിട്ടറിംഗ് സ്റ്റേഷൻ	1152	2013-14 മുതൽ	12730
3	33/2475(1)	ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, നെട്ടയം	7290	2013-14 മുതൽ	80555
4	33/2475(2)	അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ	133920	2013-14 മുതൽ	1479816
5	33/2343(1)	ചെയർമാൻ, മിനിസ്ട്രി ഓഫ് സെൻട്രൽ വാട്ടർ റിസോഴ്സ്	13193	2013-14 മുതൽ	145783
	ആകെ				**1908635**

കുടിശ്ശിക ഈടാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16-7 ആറ്റിപ്ര സോണൽ - VSSC യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഇനത്തിലെ കുടിശ്ശിക-189169/-രൂപ.

ആറ്റിപ്ര സോണൽ പരിധിയിലെ പള്ളിത്തുറ വാർഡിലെ VSSC-യുടെ ഉടമസ്ഥതയിലുള്ള ചുവടെപ്പറയുന്ന കെട്ടിടങ്ങളുടെ സർവിസ് ചാർജ്ജിൽ കുടിശ്ശിക ഉള്ളതായി കാണുന്നു.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം. 9/കെ.എസ്.എ/ZO-AZ/2023-24, തീയതി.16.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും സർവ്വീസ് ചാർജ്ജിനത്തിലെ കുടിശ്ശിക ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.സഞ്ചയ സോഫ്റ്റ്വെയർ മുഖേനയുള്ള പരിശോധനയിൽ കണ്ടെത്തിയ (31.12.2023 വരെയുള്ളത്) വിശദാംശങ്ങൾ അനുബന്ധം-10 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-16-8 അനധികൃത കെട്ടിടങ്ങളെ പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി ക്രമവൽക്കരിക്കുന്നു

സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ കഴക്കൂട്ടം സോണൽ പരിധിയിലെ ചുവടെ പറയുന്ന അനധികൃത കെട്ടിടങ്ങളെ ആയവ പൊളിച്ചുകളഞ്ഞതായി കാണിച്ച് വസ്തുനികുതി ഒഴിവാക്കിയിട്ടുണ്ട്.

ക്രമ നം	ഉടമയുടെ പേര്	കെട്ടിട നം
1	ദത്തത്രേയ	1/20/UA/2020(N/5360)
2	ദത്തത്രേയ	1/21/UA/2020(N/5360)
3	വിദ്യ	3/9/UA/2019(N/2156)

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/KSA/ZO-KZ/2023/24, 24/09/2024) സഞ്ചയ സോഫ്റ്റ്വെയറിൽ ടി കെട്ടിടങ്ങൾ റഫ്രഷൈസ് ചെയ്യുന്നതിനുള്ള ഓപ്ഷൻ ഇല്ലാത്തതിനാലാണ് ഡെമാളിഷ് ചെയ്ത് പുതിയ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതെന്ന് മറുപടി ലഭിച്ചു. എന്നാൽ സഞ്ചയയിൽ Unauthorise To Authorise എന്ന ഓപ്ഷൻ നിലവിലുണ്ടായിരുന്നതാണ്. സഞ്ചയയിൽ ഇനി മാറ്റങ്ങൾ ഒന്നും വരുത്താൻ സാധിക്കാത്തതിനാൽ കെ സ്മാർട്ടിൽ വേണ്ട ക്രമീകരണങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16-9 ഓക്യുപ്പെൻസി അനുവദിക്കുന്നതിലെ കാലതാമസം - അർദ്ധവർഷത്തെ വസ്തുനികുതി നഷ്ടമായി

കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ ശേഷവും ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിലെ കാലതാമസം കാരണം വസ്തുനികുതി നിർണയം വൈകുന്നതിനാൽ നഗരസഭയ്ക്ക് നികുതി നഷ്ടം ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ.

1. മെയിൻ ഓഫീസ്

ശ്രീ. ഹരീഷ് നായർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ശാസ്തമംഗലം വാർഡിലെ 22/2463(1), (2), (3), (4), (5), (6), (7) നമ്പരിലുള്ള കെട്ടിടങ്ങളുടെ നിർമാണം പൂർത്തിയാക്കിയത് 15-01-2023 ലാണ്. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ കെട്ടിടം പൂർത്തിയാക്കുകയോ പുതുക്കിപണിയുകയോ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം കെട്ടിട ഉടമ അത് സംബന്ധിച്ച നോട്ടീസും വസ്തുനികുതി റിട്ടേണും നൽകേണ്ടതുമാണ്. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങൾക്ക് 2022-23 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണയിക്കേണ്ടതുണ്ട്. എന്നാൽ 2023-24 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണയിച്ചിട്ടുള്ളതിനാൽ ഒരു അർദ്ധ വർഷത്തെ വസ്തുനികുതി നഷ്ടമായി. മാത്രമല്ല, 2022-23 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണയിക്കേണ്ടിയിരുന്ന മേൽ കെട്ടിടങ്ങൾക്ക് 2023-24 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണയിക്കപ്പെട്ടതിനാൽ ത.സ്വ.ഭ.സ.ഉ.(അച്ചടി) നം. 26/2023 തീയതി 05-04-2023 (ആർസി) വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള 5% വർദ്ധനവ് 2023-24 ലെ വസ്തുനികുതിയിലും വരുത്താൻ സാധ്യമാകാതെ വരികയും ചെയ്തു. ആയത് തുടർന്നുള്ള വർഷങ്ങളിലെ വസ്തുനികുതിയിലും പ്രതിഫലിക്കുന്നു.

കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

ക്രമ നം	കെട്ടിട നം	തറവിസ്തീർണം	കെട്ടിടതരം	2022-23 II Half-ൽ കണക്കാക്കാത്തതിനാൽ വന്ന നഷ്ടം (ലൈബ്രറി സെസ്, സർവ്വീസ് ചാർജ്ജ് ഒഴികെ)	ഒക്യുപെൻസി വിവരം
1	22/2463 (1)	70.81 M2	വാണിജ്യം	3399	E5/5415/2023, Dated 12.05.2023
2	22/2463 (2)	179.72 M2	വാണിജ്യം	11269	
3	22/2463 (3)	70.81 M2	വാണിജ്യം	3060	
4	22/2463 (4)	180.93 M2	അസംബ്ലി കെട്ടിടം	6513	
5	22/2463 (5)	197.42 M2	പാർപ്പിടാവശ്യം	1895	
6	22/2463 (6)	197.42 M2	പാർപ്പിടാവശ്യം	1895	
7	22/2463 (7)	17.69 M2	വാണിജ്യം	807	
ആകെ				**28838**	

മേൽ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 111 /കെ. എസ്.എ/ എ ഒ 2/2024, തീയതി. 02-12-2024) കെട്ടിട നിർമാണം പൂർത്തിയാക്കിയത് 15-01-2023 ആണെങ്കിലും ഒക്യുപെൻസി ലഭ്യമായ 17-05-2023 മുതൽ നികുതി ഈടാക്കിയാൽ മതിയാകും എന്ന ആർസി2/100/2020/ ത.സ്വ.ഭ.വ തീയതി 03-05-2020 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് മറുപടി ലഭിച്ചു. എന്നാൽ മേൽ ഉത്തരവിൽ കെട്ടിടം പൂർത്തിയായതായി ഉടമ ബന്ധപ്പെട്ട ത.സ്വ.ഭ. സ്ഥാപനത്തിൽ റിപ്പോർട്ട് സമർപ്പിച്ചാൽ 15 ദിവസത്തിനകം ഉദ്യോഗസ്ഥൻ പരിശോധന നടത്തി കെട്ടിട നിർമാണത്തിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പ്രസ്തുത വിവരം സെക്രട്ടറി, കെട്ടിടഉടമയെ 15 ദിവസത്തിനകം അറിയിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിട നിർമാണം ചട്ടങ്ങൾ അനുശാസിക്കുന്ന തരത്തിൽ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ അപ്രകാരം സാക്ഷ്യപ്പെടുത്തി ഒക്യുപ്പെൻസി 15 ദിവസത്തിനകം നൽകേണ്ടതാണെന്നുമാണ് വ്യക്തത വരുത്തിയിട്ടുള്ളത്. എന്നാൽ മേൽ പരാമർശിച്ചിട്ടുള്ള കെട്ടിടനിർമാണത്തിൽ അപാകതയുണ്ടായിരുന്നുവെങ്കിൽ ആയത് സംബന്ധിച്ച അറിയിപ്പ് സെക്രട്ടറി, കെട്ടിട ഉടമയെ അറിയിക്കുമായിരുന്നു.

എന്നാൽ അത്തരത്തിലുള്ള അറിയിപ്പ് നൽകിയതായുള്ള വിവരം ഫയലിൽ ലഭ്യമല്ല. കെട്ടിട നമ്പർ അനുവദിക്കുന്നതിനായി കെട്ടിട ഉടമയായ ഹരീഷ് നായർ 23-01-2023 ൽ അപേക്ഷ നൽകിയെങ്കിലും 23-05-2023ൽ മാത്രമാണ് ഫയലിൽ മേൽ തുടർനടപടികൾ സ്വീകരിച്ചിരിക്കുന്നത്. ആയതിനാൽ നഗരസഭാ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലമാണ് വസ്തുനികുതി 2022-23 രണ്ടാം അർദ്ധ വർഷത്തിൽ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ കഴിയാത്തതിനാൽ 28,838/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത തുകയോടൊപ്പം ലൈബ്രറി സെസ്, സർവ്വീസ് ചാർജ്ജ് കൂടി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. ശ്രീകാര്യം സോണൽ.

ഫയൽ നം.- B2/TP/2958/23

മേൽ ഫയൽ പ്രകാരം ശ്രീ.ജലാലുദ്ദീൻ & ശ്രീമതി. റൗലത്ത് ബീവി എന്നിവരുടെ ഉടമസ്ഥതയിൽ ശ്രീകാര്യം സോണൽ പരിധിയിൽ നിർമ്മിച്ച 143.225 വിസ്തൃതിയിലുള്ള വാണിജ്യ കെട്ടിടത്തിന് കെട്ടിട നം. 9/3027(4) 2023-24 II-ാം അർദ്ധവർഷം മുതൽ നികുതി നിർണയിച്ച് നൽകിയിട്ടുണ്ട്. (PT-20,410/- രൂപ, SC-2041/- രൂപ, LC-1021/- രൂപ) 13.09.2023-ൽ സോണൽ കാര്യാലയത്തിൽ നിന്നും നൽകിയ ഒക്യുപെൻസി സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടനിർമ്മാണം പൂർത്തീകരിച്ചത് 05.05.2023-നാണ്. പ്രസ്തുത കെട്ടിടത്തിന് 2023-24 I-ാം അർദ്ധവർഷം പ്രാബല്യത്തിൽ നികുതി നിർണയിച്ച് നൽകേണ്ടതായിരുന്നു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയുടെ (നം.8/കെ.എസ്.എ/ZO-SKM/2023-24, തീയതി.26.10.2024) മറുപടിയിൽ അപാകം പരിഹരിച്ച് KSMART-ൽ ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്.

2023-24 I-ാം അർദ്ധവർഷം പ്രാബല്യത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ നികുതി KSMART-ൽ ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തീരുന്നതാണ്.

1-16-10 നികുതി കുടിശ്ശികയുള്ള കെട്ടിടത്തിനു വേക്കൻസി റെമിഷൻ അനുവദിച്ചു നൽകി.

കുടപ്പനക്കുന്ന് സോണൽ ഓഫീസ് പരിധിയിൽ 2023-24 സാമ്പത്തിക വർഷം വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങൾ പരിശോധിച്ചതിൽ 2020-21 I & II അർദ്ധവർഷങ്ങളിൽ നികുതി കുടിശ്ശികയുള്ള കെട്ടിടത്തിനു 2023-24 സാമ്പത്തിക വർഷത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ചു നൽകിയിരിക്കുന്നു.

ക്രിസ്തുദാസ്, റ്റി.സി 20/3074 - നികുതി കുടിശ്ശിക - 555+607

വിവരം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം. 16/കെ.എസ്.എ/ZKPK/2023-24, തീയതി.29.10.2024) ടിയാന് നികുതി കുടിശ്ശിക പിഴപലിശ ഉൾപ്പെടെ ഒടുക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

1-16-11 കെ- സ്മാർട്ട് മുഖേനയുള്ള വസ്തുനികുതി നിർണയം - മേഖലാ നിർണയത്തിലെ അപാകത

കെ - സ്മാർട്ടിലുള്ള 88741-2024 നമ്പരിലുള്ള വസ്തുനികുതി നിർണയ ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രീ. പ്രിൻസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കരിയ്ക്കകം വാർഡിൽ ഉള്ള 98.4 M2 തറവിസ്തീർണമുള്ള പാർപ്പിടഗണത്തിൽപ്പെട്ട കെട്ടിടത്തിന്റെ അടിസ്ഥാനവസ്തുനികുതി 1575/-രൂപയായി നിർണയിച്ച് നൽകിയിട്ടുണ്ട്. കരിയ്ക്കകം വാർഡ് തൃതീയമേഖലയിൽ ആയതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ 20% ഇളവ് അനുവദിക്കേണ്ടതുണ്ട്. എന്നാൽ കരിയ്ക്കകം വാർഡിനെ പ്രാഥമികമേഖലയായി കണക്കാക്കി ഇളവൊന്നും ഇല്ലാതെയാണ് വസ്തുനികുതി നിർണയം നടത്തിയിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്(18/ KSA/ZOKYZ/2023/24, 24/10/2024) സൂചികയിൽ കംപ്ലയിന്റ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഐ കെ എം വഴി തിരുത്തി നൽകിയാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളുവെന്ന് മറുപടി ലഭിച്ചു. തുടർനടപടി നിരീക്ഷിക്കുന്നതാണ്.

1-16-12 വാർഷിക വർദ്ധനവ് പ്രാബല്യത്തിൽ വരുത്തിയില്ല - വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്

സ.ഉ.(അച്ചടി) നം. 26/2023/ത.സ്വ.ഭ. തീയതി 05-04-2023 ഉത്തരവ് പ്രകാരം 01-04-2023 മുതൽ അടുത്ത 5 വർഷകാലയളവ് പൂർത്തിയാകുന്നതുവരെ തുടർന്നുള്ള ഓരോ വർഷവും അംഗീകരിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കിന്റെ 5% വീതം വർദ്ധനവ് വരുത്തേണ്ടതുണ്ട്. സഞ്ചയ/കെസ്മാർട്ട് സോഫ്റ്റ്വെയർ പരിശോധിച്ചതിൽ ചുവടെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ അപ്രകാരം വർദ്ധനവ് വരുത്തിയിട്ടില്ല.

1. മെയിൻ ഓഫീസ്

രേവതി/നവനീത് എന്നിവരുടെ ഉടമസ്ഥതയിലുള്ള 38/1220/3 നമ്പരിലുള്ള 239.27 ച.മീറ്റർ തറവിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യ ഗണത്തിലുൾപ്പെട്ടതുമായ കെട്ടിടത്തിന് 2022-23 രണ്ടാം അർദ്ധവർഷം മുതൽ 4844/- രൂപ (4212+211+421) വാർഷിക നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും 2023-24 സാമ്പത്തിക വർഷത്തിൽ മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ലായിരുന്നു. ആയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻകൃയറി നൽകിയതിന് (നം. 111/കെ.എസ്.എ/എ.ഒ.2/2024, തീയതി. 02.12.2024) അപാകത പരിഹരിച്ച് വർദ്ധനവ് വരുത്തിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. പ്രസ്തുത കെട്ടിടത്തിന് 2023-24 ൽ 5% വർദ്ധനവും 2024-25-ൽ വീണ്ടും 5% വർദ്ധനവും കൂടി വരുത്തേണ്ടതുണ്ട്. എന്നാൽ കെസ്മാർട്ട് പരിശോധിക്കുമ്പോൾ ഒരു പ്രാവശ്യം മാത്രമാണ് 5% വർദ്ധനവ് വരുത്തിയിട്ടുള്ളത്. ആയതിനാൽ വസ്തുനികുതിയിൽ വർദ്ധനവ് വരുത്തി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. കഴക്കൂട്ടം സോണൽ.

ക്രമ നം	കെട്ടിട നം	ഉടമയുടെ വിവരം	തറവിസ്തീർണം	കെട്ടിടതരം

1	1/3405	അബ്ദുൽ സലാം/ ഷറഫിനിസ	86.8m2	വാണിജ്യം
2	1/547(1)	ബിനുമോൾ ആർ	148.92m2	താമസം
3	1/3395	അബ്ദുൽ സലാം/ ഷറഫിനിസ	332.19m2	വാണിജ്യം

മേൽ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (8/ KSA/ZO-KZ/2023/24, 27/09/2024) മേൽ കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ 5% വർദ്ധനവ് വരുത്താത്തത് സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയത് കാരണമാണെന്നും ആയത് കെ സ്മാർട്ടിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്നും മറുപടി ലഭിച്ചു. കെ സ്മാർട്ട് പരിശോധിക്കുമ്പോൾ മേൽ പരാമർശിച്ചിട്ടുള്ള ക്രമ നം 1, ക്രമ നം 2, ക്രമ നം 3 ലെ കെട്ടിടങ്ങൾക്ക് യഥാക്രമം 8288/-രൂപ, 5471/- രൂപ, 53499/- രൂപ വസ്തുനികുതി കുടിശ്ശികയുണ്ട്. പ്രസ്തുത തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16-13 വേക്കൻസി റെമിഷൻ, വിമുക്തഭടൻമാരുടെ വസ്തു നികുതി ഇളവ് വിവരങ്ങൾ എന്നിവ പൂർണമായും KSMART സോഫ്റ്റ്വെയറിലേക്ക് പോർട്ട് ചെയ്തിട്ടില്ല.

1.നേമം സോണൽ.

നേമം സോണൽ പരിധിയിലെ വേക്കൻസി റെമിഷൻ/എക്സ് സർവ്വീസ് എക്സംപ്ഷൻ വിവരങ്ങൾ സംബന്ധിച്ച പൂർണവിവരങ്ങൾ KSMART ലേക്ക് പോർട്ട് ചെയ്തിട്ടില്ല. ആയതിനുള്ള കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് 22.10.2024 ന് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.6,8/.കെ.എസ്.എ/ZO-NM/2024) കെട്ടിടങ്ങളുടെ ഡേറ്റാ പ്യൂരിഫിക്കേഷൻ LDMS പോർട്ടൽ വഴിയാണ് നടത്തിയിട്ടുള്ളത് എന്നും 80%-ത്തോളം പൂർത്തീകരിച്ചിട്ടുണ്ട് എന്നുമാണ് മറുപടി നൽകിയത്. ബാക്കിയുള്ള വിവരങ്ങൾ കൂടി അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

2.വിഴിഞ്ഞം സോണൽ.

വിമുക്തഭടൻമാരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് സംബന്ധിച്ച രജിസ്റ്ററിൽ ഉൾപ്പെട്ട വിഴിഞ്ഞം സോണൽ പരിധിയിൽപ്പെട്ട ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് കെസ്മാർട്ടിൽ നികുതി ഇളവ് ചെയ്ത് നൽകിയിട്ടില്ല. ഇതു സംബന്ധിച്ച 17.10.2024ലെ ഓഡിറ്റ് എൻക്വയറി നം.23/കെ.എസ്.എ/ZO-VZM/2023-24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.കെസ്മാർട്ട് ക്വിക് പേ ഓപ്ഷൻ പ്രകാരം പരിശോധിക്കുമ്പോൾ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് 2023-24 കാലയളവിൽ വസ്തു നികുതി കുടിശ്ശിക ഉള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ടി.സി.നം./പേര്	കെസ്മാർട്ട് പ്രകാരം 2023-24 ലെ നികുതി കുടിശ്ശിക
1	59/652, രാജശേഖരൻ.കെ	175
2	59/499, അരുൺ.വി നായർ	1246
3	59/97(2), ശിവകുമാർ	6859
4	59/871, പ്രീത.എസ്.വി	224
5	59/463, സന്തിൽകുമാർ.ടി	1283
6	59/679, ആശ.വി.പി	462
7	60/176, ഹേമലത	1168
	ആകെ	**11417**

ഇത്തരത്തിൽ കെസ്മാർട്ടിൽ വിമുക്തഭടൻമാരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് ചെയ്ത് നൽകിയിട്ടില്ലാത്തതിനാൽ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക എന്നിവയിൽ 11417/-രൂപയുടെ വർദ്ധനവിനും വാർഷിക ധനകാര്യപത്രികയിൽ ഈ ഇനങ്ങളുടെ കണക്കിലെ കൃത്യത ഇല്ലായ്മയ്ക്കും കാരണമാകുന്നു.

ഈ അപാകത പരിഹരിച്ച് വാർഷിക ധനകാര്യപത്രിക കൃത്യമാക്കാൻ നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

3.തിരുവല്ലം സോണൽ.

തിരുവല്ലം സോണലിലെ വിമുക്തഭടൻമാരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് സംബന്ധിച്ച രജിസ്റ്ററിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് കെസ്മാർട്ടിൽ നികുതി ഇളവ് ചെയ്ത് നൽകിയിട്ടില്ല. ഇതു സംബന്ധിച്ച 10.10.2024ലെ ഓഡിറ്റ് എൻക്വയറി നം.13/കെ.എസ്.എ/ZO-TVLM/2023-24 നുള്ള മറുപടിയിൽ പ്രസ്തുത ഗണത്തിൽ ഉൾപ്പെടുന്ന എല്ലാ കെട്ടിടങ്ങൾക്കും കെസ്മാർട്ടിൽ ഇളവ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിരുന്നുവെങ്കിലും കെസ്മാർട്ട് ക്വിക് പേ ഓപ്ഷൻ പ്രകാരം പരിശോധിക്കുമ്പോൾ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് 2023-24 കാലയളവിൽ വസ്തു നികുതി കുടിശ്ശിക ഉള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	റ്റി.സി.നം./പേര്	നികുതി ഇളവ് നൽകിയ നടപടിക്രമം	കെസ്മാർട്ട് പ്രകാരം 2023-24 ലെ നികുതി കുടിശ്ശിക
1	57/1544(1), അനിൽകുമാർ.വി.എസ്	ZTR 50/833/2023 12.09.2023	3723
2	65/84(2), സുഭാഷ്,സന്ധ്യാറാണി	ZTR 50/833/2023 12.09.2023	3028
		ആകെ	**6751**

ഇത്തരത്തിൽ കെസ്മാർട്ടിൽ വിമുക്തഭടൻമാരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് ചെയ്ത് നൽകിയിട്ടില്ലാത്തതിനാൽ വസ്തുനികുതി ഡിമാന്റ്,കുടിശ്ശിക എന്നിവയിൽ 6751/-രൂപയുടെ വർദ്ധനവിനും വാർഷിക ധനകാര്യപത്രികയിൽ ഈ ഇനങ്ങളുടെ കണക്കിലെ കൃത്യത ഇല്ലായ്മയ്ക്കും കാരണമാകുന്നു.

ഈ അപാകത പരിഹരിച്ച് വാർഷിക ധനകാര്യപത്രിക കൃത്യമാക്കാൻ നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

1-16-14 വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് - അധിക തുക ഈടാക്കി.

കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011 ചട്ടം 6 പട്ടിക 2 പ്രകാരം പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗമുള്ള ഇടങ്ങളിൽ നികുതിയിൽ 20% വർദ്ധനവ് ആവശ്യപ്പെടുന്നു. എന്നാൽ കടപ്പനക്കുന്ന് സോണൽ ഓഫീസ് പരിധിയിൽ ചുവടെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം നടത്തിയതിൽ 5m വീതിയുള്ള പ്രവേശനമാർഗം ഇല്ലാതിരുന്നിട്ടും 20% വർദ്ധനവ് കണക്കാക്കിയിരിക്കുന്നു.

ക്രമ നം.	റ്റി.സി.നം.	ഏര്യ (M2)	വഴിയുടെ വീതി (M2)	അധികം ഈടാക്കിയ തുക
1	12/3471/2	61.93	3	198
2	12/2079/1	231.7	3.8	741
3	12/1031/3	180.49	3.2	577
4	12/645(1)	73.27	2	234
5	12/214(2)	167.44	3	536
6	12/695, 12/695(1)	224.93	2	366 176
ആകെ				**2828**

മേൽ അപാതകത ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വറിയ്ക്ക് (നം. 14/കെ.എസ്.എ/ZO-KPK/2023-24, തീയതി.29.10.2024) ഫീൽഡ് പരിശോധന നടത്തി വഴി സൗകര്യം പ്ലാനിൽ പറഞ്ഞിരിക്കുന്നത് തന്നെയാണോ എന്ന് ഉറപ്പ് വരുത്താറുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നികുതി നിർണയ ഫയൽ പരിശോധിച്ചതിൽ ഫീൽഡ് പരിശോധന നടത്തി വഴി സൗകര്യം പ്ലാനിൽ നിന്നും വ്യതിചലിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-16-15 പ്രത്യേകപാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തെ പാർപ്പിടഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണയിച്ചു.

കടകംപള്ളി സോണൽ പരിധിയിലെ അണമുഖം വാർഡിന്റെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ. ഖാലിദ് സഹീർ/ശ്രീമതി ഷെഫീന ഷാഹിർ ന്റെ ഉടമസ്ഥതയിലുള്ള 108.84.ച.മീ തറ വിസ്തീർണമുള്ള95/2510(7) നമ്പർ പ്രത്യേക പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 2022-23 രണ്ടാം അർദ്ധവർഷം മുതൽ 7510/-രൂപ വസ്തുനികുതിയായി അസസ്മെന്റ് നടത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടത്തെ 79.45M2 തറവിസ്തീർണമുള്ള പാർപ്പിടഗണത്തിൽപ്പെട്ട കെട്ടിടത്തിൽപ്പെടുത്തിയാണ് വസ്തുനികുതി നിർണയം നടത്തിയിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/KSA/ZO-KYZ/2023/24, 23/10/2024) ഫയൽ പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പരാമർശിച്ചിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ആയതിന് ബാധകമായ നിരക്കിൽ കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16-16 ഒറ്റത്തവണ നികുതി ഈടാക്കിയിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തെ വസ്തു നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ, പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരം ഹാജരാക്കേണ്ട ഒറ്റത്തവണ നികുതി രസീത് പകർപ്പോ, അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരിക രേഖയോ ഹാജരാക്കാത്ത ഫയലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.മെയിൻ ഓഫീസ്

ക്രമ നം.	ഫയൽ നം.	റ്റി.സി. നം.	പേര്
1	R35/E14/52496/23	82/4832(1)	രാജേഷ്.പി, രശ്മി.ആർ

2	R35/40482/2023	82/788(1)	സുജ കുമാരി.കെ, പ്രസന്ന കുമാർ.ആർ
3	R35/E14/88817/2022	82/5031(1)	ചന്ദ്രമോഹൻ
4	R35/67940/23	82/1017(1), 82/1017(2)	നീലകണ്ഠൻ
5	R35/E14/37222/23	82/4829	വിജയശ്രീ.എസ്
6	R35/E11/15770/23	94/685(1), 685(2), 685(3)	ഷേർളി.വി.എസ്
7	R8/86405/23	40/556	ചാൾസ്
8	R23/58276/23	23/1671	കാർത്തിക നായർ
9	LSGD/40464/23	31/997	സിനി.എസ്.ബാലൻ

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.77/കെ.എസ്.എ/ടിവിസി.3/2024) മറുപടി ലഭ്യമാക്കിയിട്ടില്ല.ഒറ്റത്തവണ നികുതി അടവാക്കിയതിന്റെ രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2.കടപ്പനക്കുന്ന് സോണൽ.

ക്രമ നം.	ഫയൽ നം./പേര്	കെട്ടിട നം.	വിസ്തീർണം (M2)
1	ZKPK/A9/2561/23, ഷീജ.എസ്	20/3606/2	99.31
2	ZKPK/A9/4214/23, പത്മകുമാരി	20/1488/4	112.32
3	ZKPK/A9/1978/23, അജിത് കുമാർ.വി.എസ്	20/2322/3	125.51
4	A9/A2/3322/23, മുഹമ്മദലി.പി, നിസ.എസ്	20/3568/5	182.63
5	A9/A2/3321/23, ജേക്കബ്.വി.എ	20/3568/4	191.11

മേൽ വിവരം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/കെ.എസ്.എ/ZO-KPK/2023-24, തീയതി.29.10.2024) കെട്ടിട ഉടമകൾക്ക് രസീത് ഹാജരാക്കാനാവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് നൽകിയത്.

1-16-17 KSMART ലേയ്ക് ഡേറ്റ പോർട്ട് ചെയ്തതിലെ അപാകത – അർദ്ധവർഷത്തെ വസ്തുനികുതി പൂർണമായും ഈടാക്കിയില്ല

ശ്രീ. ശശികുമാർ എന്ന വ്യക്തിയുടെ 235.34 M2 തറവിസ്തീർണമുള്ള ശാസ്തമംഗലം വാർഡിലെ 22/3042(5) നമ്പരിലുള്ള വാണിജ്യകെട്ടിടത്തിന്റെ 2024-25 ലെ വാർഷിക വസ്തുനികുതി കെ സ്മാർട്ട് പ്രകാരം 48947/- രൂപയാണ് (ലൈബ്രറിസെസ്, സർവീസ് ചാർജ് ഉൾപ്പെടെ). എന്നാൽ പ്രസ്തുത കെട്ടിടത്തിന് 6146/- രൂപ (രസീത് നം. R-C010100-24176784/ 16-09-2024) മാത്രമാണ് 2024-25 ഒന്നാം അർദ്ധവർഷത്തെ നികുതിയായി ഈടാക്കിയിട്ടുള്ളത്. ഈടാക്കാനവശേഷിക്കുന്ന നികുതിയായി കെ സ്മാർട്ടിൽ കാണിച്ചിട്ടുള്ളത് 2024-25 രണ്ടാം അർദ്ധവർഷത്തെ ഡിമാന്റ് തുകയായ 24472/-രൂപയാണ്. ഒന്നാം അർദ്ധവർഷത്തിൽ ഭാഗികമായി വസ്തുനികുതി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (എൻക്വയറി നം. 111 /കെ. എസ്.എ/ എ ഒ 2/ 2024 , തീയതി 02-12-2024) അർദ്ധവാർഷികനികുതി 24473/-രൂപയാണ് ഈടാക്കേണ്ടതാണെങ്കിലും കെ സ്മാർട്ട് സോഫ്റ്റ്വെയറിൽ നികുതി ഒടുക്കാൻ 6646/-രൂപ മാത്രം കാണിച്ചതിനാലാണ് ഇപ്രകാരം നികുതി ഒടുക്കിയതെന്നും IKM അധികൃതരെ വിവരം അറിയിച്ചിട്ടുണ്ടെങ്കിലും 18000/-രൂപ മുമ്പ് കളക്ഷൻ വന്നിട്ടുണ്ട് എന്നും രസീത് നമ്പർ ലഭ്യമാക്കിയിട്ടില്ലായെന്നും സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും കെ സ്മാർട്ടിലേക്ക് പോർട്ട് ചെയ്തപ്പോഴുണ്ടായ അപാകത ആകാം നികുതിയിൽ കുറവ് വന്നതെന്നും IKM അധികൃതരെ വിവരം അറിയിച്ചിട്ടുണ്ടെന്നും അപാകത പരിഹരിച്ച് ലഭിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചു. കുറവായി ഈടാക്കിയ തുക അടവാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-16-18 ഫ്ലാറ്റ് സമുച്ചയങ്ങളുടെ വസ്തുനികുതി അസസ്മെന്റ് ഫയലുകളുടെ പരിശോധന – വസ്തുനികുതി അസസ് ചെയ്ത യൂണിറ്റുകളുടെ എണ്ണത്തിൽ വ്യത്യാസം

2015-ലെ കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ & ഡെലവപ്മെന്റ്) ആക്ടിലെ ചാപ്റ്റർ II സെക്ഷൻ 3 പ്രകാരം 1000m2 ന് മുകളിൽ വിസ്തൃതിയുള്ള ഭൂമിയിൽ നടത്തുന്നതോ 12 എണ്ണത്തിൽ കൂടുതൽ ബിൽഡിംഗ് യൂണിറ്റുകളുടെ നിർമാണം ഉൾപ്പെടുന്നതോ ആയ എല്ലാ റിയൽ എസ്റ്റേറ്റ് പ്രോജക്ടുകളും K-RERA (Kerala Real Estate Regulatory Authority – ടി ആക്ട് പ്രകാരം രൂപീകൃതമായ റിയൽ എസ്റ്റേറ്റ് മേഖലയിലെ നിയന്ത്രണ സംവിധാനം) യിൽ പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകളും അനുമതി പത്രങ്ങളും സമർപ്പിച്ച് രജിസ്റ്റർ ചെയ്യേണ്ടത് റിയൽ എസ്റ്റേറ്റ് പ്രോമോട്ടർമാരുടെ നിയമപരമായ ബാധ്യത ആണ്.

തിരുവനന്തപുരം നഗരസഭാ പരിധിയിലെ താഴെപ്പറയുന്ന ഫ്ലാറ്റ് സമുച്ചയങ്ങളുടെ വസ്തുനികുതി നിർണയ ഫയലുകൾ പരിശോധിച്ചതിൽ ടി ഫ്ലാറ്റുകൾ സംബന്ധിച്ച് അവയുടെ ബിൽഡേഴ്സ് K-RERA യുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിവരങ്ങളും നഗരസഭയിലെ വസ്തുനികുതി നിർണയ ഫയലിലെ വിവരങ്ങളും തമ്മിൽ പൊരുത്തക്കേടുകൾ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നം.	റിയൽ എസ്റ്റേറ്റ് പ്രോജക്ടിന്റെ പേര്, പ്രോജക്ടിന്റെ K-RERA രജിസ്ട്രേഷൻ നമ്പർ, ബിൽഡേഴ്സിന്റെ പേര്	ഫയൽ പ്രകാരം വസ്തുനികുതി നിർണയിച്ചിട്ടുള്ള യൂണിറ്റുകളുടെ എണ്ണം	K-RERA യുടെ വെബ്സൈറ്റിലെ രേഖകൾ പ്രകാരം	
				ആകെ യൂണിറ്റുകളുടെ എണ്ണം	ബുക്ക് ചെയ്യപ്പെട്ട യൂണിറ്റുകളുടെ എണ്ണം
1	R23/Eng/68760/2023	SFS Retreat, K-RERA/PRJ/001/2020,	73	77	66 (വെബ്സൈറ്റിലെ

	പ്രോജക്ട് പൂർത്തീകരണ തീയതി - 23.09.2023	Skyline Foundations And Structures Pvt Ltd.			വിവരങ്ങൾ കാലികമാക്കിയ തീയതി. 06.04.2024)
2	R14/E8/21178/2023 പ്രോജക്ട് പൂർത്തീകരണ തീയതി - 26.10.2023	Artech Flora, K-RERA/PRJ/023/2020, Artech Realtors Private Ltd	52	53	53 (വെബ്സൈറ്റിലെ വിവരങ്ങൾ കാലികമാക്കിയ തീയതി. 29.10.2024)

ടി പ്രോജക്ടുകളിലെ ആകെ യൂണിറ്റുകളുടെ എണ്ണവും നഗരസഭ വസ്തുനികുതി നിർണയം നടത്തിയ യൂണിറ്റുകളുടെ എണ്ണവും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു. നികുതി നിർണയിക്കപ്പെടാത്ത യൂണിറ്റുകളുടെ നിർമാണമോ കെട്ടിടനിർമാണ പെർമിറ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള അനധികൃതമായ നിർമാണമോ ടി പ്രോജക്ടുകളിൽ നടന്നിട്ടുണ്ടോ എന്ന് നഗരസഭാധികൃതർ പരിശോധിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ടി വിഷയം പരിശോധിച്ച് കെട്ടിട നിർമാണ പെർമിറ്റ് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ 20.12.2024-ലെ 129/കെ.എസ്.എ/ടിവിസി.6/2024 നമ്പർ ഓഡിറ്റ് എൻക്വയറി നഗരസഭാ സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16-19 ഒക്യുപ്പൻസിയിൽ മാറ്റം വരുത്തി പരിഷ്കരിച്ച നിരക്കിൽ വസ്തുനികുതി ഈടാക്കുന്നില്ല

കെ സ്മാർട്ട് പരിശോധനയിൽ പെരുന്നാന്നി വാർഡിലുൾപ്പെട്ട TC84/383, ചോള ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം പാർപ്പിടം എന്ന ഗണത്തിലുൾപ്പെടുത്തി വാർഷിക വസ്തുനികുതിയായി 42രൂപയാണ് ഈടാക്കിവരുന്നത്.പ്രസ്തുത കെട്ടിടത്തിന്റെഒക്യുപൻസിയിൽ മാറ്റം വരുത്തി പരിഷ്കരിച്ച നിരക്കിൽ വസ്തുനികുതി ഈടാക്കിയിട്ടില്ല.

നഗരസഭയുടെ ഫോർട്ട് സോണൽ കാര്യാലയത്തിന്റെ പരിധിയിലുള്ള റോഡ്കട്ടിംഗ് അനുമതി ഫയലുകളുടെ പരിശോധനാവേളയിൽ, തൻവർഷം ബിജൂരമേശ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മേൽകെട്ടിടത്തിലേക്ക് കെ.എസ്.ഇ.ബി വൈദ്യുതി കേബിൾ സ്ഥാപിക്കുന്നതിനായി നഗരസഭാഎഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും റോഡ്കട്ടിംഗ് അനുമതി ഉത്തരവ് (2.11.2023ലെ FE2/8137/2023) നല്കിയിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ TC84/383, ചോള ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ മേൽ കെട്ടിടം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം അല്ല എന്ന് വ്യക്തമാകുന്നു. അപാകതക്ക് മറുപടി നല്കാൻ ആവശ്യപ്പെട്ട് നല്കിയ 104 /കെ.എസ്.എ./എ.ഒ.III/2024 തീ. 18.11.2024 നം ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ മറുപടി ലഭ്യമാക്കിയില്ല.

കെ-സ്മാർട്ട് പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ തറവിസ്തീർണ്ണം35ച.മീആണ്.പ്രസ്തുത കെട്ടിടത്തിൽ അധിക നിർമ്മിതി നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി, ഉണ്ടെങ്കിൽ അധികനിർമ്മിതി വിസ്തീർണ്ണം ക്രമവല്ക്കരണത്തിന് വിധേയമാക്കുകയും, തദനുസൃതമായി ക്രമപ്പെടുത്തുകയും, ഒക്യുപൻസിയിൽ മാറ്റം വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-17 തൊഴിൽ നികുതി ശേഖരണം - അപാകതകൾ

നഗരസഭയുടെ തനത് വരുമാന സ്രോതസ്സുകളിൽ സുപ്രധാനമാണ് തൊഴിൽ നികുതി. 1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245 ഉപവകുപ്പ് (1),(2),(3),(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നഗരസഭാ പരിധിയിൽ ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുകയും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി നൽകാൻ ബാധ്യതപ്പെടുകയും ചെയ്യുന്ന ഏതൊരു വ്യക്തിയിൽ നിന്നും തൊഴിൽ നികുതി ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വകുപ്പ്,2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 (ഉപചട്ടം 1മുതൽ 11 വരെ) എന്നിവ പ്രകാരം ഈടാക്കേണ്ട തൊഴിൽനികുതി നിർണയിക്കുകയും ചെയ്തിട്ടുണ്ട്.

നഗരസഭ മെയിൻ ഓഫീസിലെയും വിവിധ സോണൽ ഓഫീസുകളിലെയും തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകളും അനുബന്ധ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നികുതി ശേഖരണത്തിൽ അപാകതകൾ ഉള്ളതായും നികുതി ഇനത്തിൽ വൻ കുടിശ്ശിക ഉള്ളതായും കാണുന്നു.അപാകതകളും കുടിശ്ശിക വിവരങ്ങളും ചുവടെ ഖണ്ഡികകളിൽ പ്രത്യേകമായി ചേർത്തിരിക്കുന്നു.

1-17-1 നഗരസഭാ മെയിൻ ഓഫീസ് തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. 1994 ലെ Kerala Municipality Act 257, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ (SRO No. 539/2005) ചട്ടം 10 പ്രകാരം ഡിമാന്റ്, കളക്ഷൻ രജിസ്റ്റർ എഴുതേണ്ടതും വർഷാന്ത്യ സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കേണ്ടതുമാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തൊഴിൽ നികുതി വരവ് സംബന്ധിച്ച കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2. 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ, ചട്ടം 3(2) മുതൽ (11) വരെയുള്ള ഉപചട്ടങ്ങൾ പ്രകാരം നഗരസഭ പരിധിയിൽ തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ തുടങ്ങിയവർ അർദ്ധവാർഷിക തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. എന്നാൽ രജിസ്റ്റർ പരിശോധനയിൽ നഗരസഭാ പരിധിയിലെ അഭിഭാഷകരുടെ തൊഴിൽ നികുതി ഈടാക്കപ്പെട്ടിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 69/കെ.എസ്.എ/ടിവിസി.8/2024, തീയതി. 17.10.2024) അഭിഭാഷകരുടെ ലിസ്റ്റ് ലഭ്യമാക്കുന്നതിന് റവന്യൂ ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. ചട്ടപ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരുടെയും തൊഴിൽ നികുതി വരുമാന വിവരങ്ങൾ ശേഖരിച്ച് നിരക്കിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ, ചട്ടം 3(9) ൽ ഉൾപ്പെടുന്നതും മോട്ടോർ വാഹന നിയമപ്രകാരം വാടകയ്ക്ക്/സ്റ്റേജ് ക്യാരേജ് അല്ലെങ്കിൽ ഗുഡ്സ് ക്യാരേജ് ആയി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടതുമായ വാഹനങ്ങളുടെ ഉടമകളിൽ നിന്നും താഴെപ്പറയുന്ന നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതായിട്ടുണ്ട്.

ക്രമ നം.	വിവരങ്ങൾ	ഈടാക്കേണ്ട തൊഴിൽ നികുതി
1	Taxi Car, Van/Jeep – രണ്ടോ അതിൽ കൂടുതലോ ഉള്ളവർ	1250
2	Lorry, Truck അല്ലെങ്കിൽ Bus - രണ്ടോ അതിൽ കൂടുതലോ ഉള്ളവർ	1250
3	ഓട്ടോറിക്ഷ യാത്രക്കാരെ കയറ്റുന്നതിന് ഉള്ളതോ ചരക്ക് കയറ്റുന്നതിനുള്ളതോ (മൂന്നോ അതിൽ കൂടുതലോ ഉള്ളവർ)	1250

നഗരസഭാ പരിധിയിൽ ഇത്തരത്തിലുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കുന്നില്ല.

4.ഡിമാന്റ് രജിസ്റ്ററിൽ ഓരോ സ്ഥാപനവും ഒടുക്കേണ്ട തൊഴിൽ നികുതി എത്രയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച തൊഴിൽ നികുതിയിൽ നിന്നും കുറവ് തുകയാണ് ഈടാക്കിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്/സ്ഥാപനത്തിന്റെ പേര്/ ടി.സി. നം.	അർദ്ധവാർഷിക വരുമാനം (രൂപ)	ഈടാക്കേണ്ട വാർഷിക നികുതി (രൂപ)	ഈടാക്കിയ തുക (രൂപ)	ഈടാക്കാൻ അവശേഷിക്കുന്നത് (രൂപ)
1	രഞ്ജിതാ രാജൻ, മെഡിക്കൽസ്, 3244/1	125000	2500	1500	1000
2	വീണ ശങ്കർ, പ്രൊവിഷൻ സ്റ്റോർ, 590(7)	75000	1500	1200	300
3	ഹരിലാൽ, Devi Agennis, 378	100000	2000	1000	1000
4	മനോജ് കുമാർ, Orion Cars, 2383	60000	1200	600	600
5	ശ്രീകണ്ഠൻ, ഷോപ്പ്, 1015	45000	900	450	450

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.69/കെ.എസ്.എ/ ടിവിസി.8/2024, 17.10.2024) കുറവായ തുക ഈടാക്കിയിട്ടുണ്ടെന്നും ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഇപ്രകാരം രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമായാൽ തൊഴിൽനികുതി ഇനത്തിലെ യഥാർത്ഥ വരവ് കൃത്യമായി നിർണ്ണയിക്കാൻ സാധിക്കുകയില്ല.

5. നഗരസഭാ മെയിൻ ഓഫീസിൽ അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയത് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും പൂർത്തിയാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

6. തൊഴിൽ നികുതി രജിസ്റ്ററിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്ക് സംബന്ധിച്ച പൂർണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. കൂടാതെ നിലവിലുള്ള രേഖപ്പെടുത്തലുകളുടെ കൃത്യത ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡിന്റെ പേര്	സ്ഥാപനത്തിന്റെ പേര്	നികുതി ഒടുക്കാത്ത അർദ്ധവർഷം
കാഞ്ഞിരംപാറ	പ്രശാന്ത്, ശ്രീ കേശവ എന്റർപ്രൈസസ്	I, II
	കാനറ ബാങ്ക്, മരുതൻകുഴി	I, II
പി.റ്റി.പി നഗർ	മാനേജർ, ബാങ്ക് ഓഫ് ഇന്ത്യ	I, II
	മാനേജർ, പോസ്റ്റ് ഓഫീസ്	I, II
പുന്നയ്ക്കാമുഗൾ	സെക്രട്ടറി, കോപ്പറേറ്റീവ് സൊസൈറ്റി	I, II
	അസി. എഞ്ചിനീയർ, KSEB സബ് സ്റ്റേഷൻ	I, II
തമ്പാനൂർ	പോസ്റ്റ് മാസ്റ്റർ, AGS Office	I, II
	ഹോമിയോ, ഗവ. സെക്രട്ടേറിയേറ്റ്	I, II

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.69/കെ.എസ്.എ/ ടിവിസി.8/2024, 17.10.2024) ലഭ്യമാക്കിയ മറുപടിയിൽ ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിന് നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചു വരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

7.ട്രേഡേഴ്സിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ നികുതി ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾക്ക് അനുബന്ധം()കാണുക.

ക്രമ നം.	വാർഡിന്റെ പേര്	സ്ഥാപനത്തിന്റെ പേര്	നികുതി ഒടുക്കേണ്ട അർദ്ധവർഷം
1	തിരുമല	MRA ബേക്കറി, തിരുമല	I, II
2		Essel Home Depot	I, II
3		Supplyco Market	I, II

4	ശാസ്തമംഗലം	ശിവാജി ബിൽഡേഴ്സ്	I, II
5		കേരള ടെക്സ്റ്റൈൽസ്	I, II
6		കോട്ടയ്ക്കൽ ആര്യവൈദ്യശാല	I, II
7	വലിയശാല	PKR ചാർട്ടേഡ് അക്കൗണ്ടന്റ്	I, II
8		സ്റ്റാൻഡേർഡ് ഡ്രഗ് ഏജൻസി	I, II
9	പാൽക്കുളങ്ങര	Pepco	I, II
10		Brahma Designs Indoor Pvt Ltd	I, II
11		Noufal Travel Corporation Ltd	I, II
12	പെരുന്താന്നി	ജയശ്രീ ട്രാവൽസ്	I, II
13		പയനീർ ബജാജ് ഷോ റൂം	I, II
14	വെട്ടുകാട്	Fila Rub Pvt Ltd	I, II
15		Prime Agro Products	I, II

പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തനരഹിതമാണോ അതോ നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതാണോ എന്നതിൽ വ്യക്തതയില്ല. കെ-സ്മാർട്ട് നിലവിൽ വന്നതിനു ശേഷം ബിൽ കളക്ടർമാർക്ക് വാർഡുകളിൽ പോയി തൊഴിൽ നികുതി ഈടാക്കുന്നതിന് സംവിധാനം ഇല്ലാത്തതിനാൽ കൃത്യമായി നികുതി സ്വീകരിക്കാൻ സാധിക്കാതെ വരുന്നു. ആയതിനാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല. തൊഴിൽ നികുതി ഒടുക്കു വരുത്താത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.

8. ട്രേഡേഴ്സിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഒടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡിന്റെ പേര്	സ്ഥാപനങ്ങളുടെ എണ്ണം
1	ശാസ്തമംഗലം	138
2	തിരുമല	239
3	വലിയശാല	156
4	പെരുന്താന്നി	145

പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. ഓഡിറ്റിനായി സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി ഇനത്തിൽ 662790944/- രൂപ ഡിമാന്റും (622801481/- രൂപ Employees + 39989463/- രൂപ Traders) 654556657/- രൂപ വരവും [(61,92,46,545/- രൂപ Employees + 35310112/- രൂപ Traders (Current-26584131+ Arrear-8725981)] 35310112/- രൂപ കുടിശ്ശികയും [Employees – Nil+Traders – 15578293 (Current-13394115+Arrear-2184178] ആണുള്ളത്.

രജിസ്റ്ററുകൾ കാലികമാക്കാതെയും DCB സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതെയും തൊഴിൽ നികുതി ഇനത്തിലെ വരുമാനം കണക്കാക്കിയത് എപ്രകാരമാണ് എന്ന് വ്യക്തമല്ല.

01.01.2024 മുതൽ കെ സ്മാർട്ട് മുഖേനയാണ് തൊഴിൽ നികുതി സ്വീകരിച്ചു വരുന്നത്. ആയതിനാൽ ബിൽ കളക്ടർമാർക്ക് വാർഡുകളിൽ പോയി തൊഴിൽ നികുതി സ്വീകരിക്കാൻ സാധിക്കുന്നില്ല. കച്ചവടക്കാർ, സ്ഥാപന ഉടമകൾ എന്നിവർ നേരിട്ട് നഗരസഭാ ഓഫീസിലെത്തി ഡിമാന്റ് ചെയ്ത് നികുതി ഒടുക്കുന്നതിനുള്ള സംവിധാനം മാത്രമാണ് നിലവിലുള്ളത്. തൊഴിൽ നികുതി സംബന്ധമായ സോഫ്റ്റ്വെയർ അപ്ഡേഷൻ നടന്നു വരുന്നതിനാൽ, ആയത് പൂർത്തിയാകുന്ന മുറയ്ക്ക് തൊഴിൽ നികുതി കൂടുതൽ കൃത്യതയോടെ കൈകാര്യം ചെയ്യുന്നതിന് കഴിയുമെന്ന വിവരം ആണ് ഓഡിറ്റ് എൻകൃയറിയ്ക്ക മറുപടിയായി അറിയിച്ചിട്ടുള്ളത്. തൊഴിൽ നികുതി പിരിവ് ഊർജ്ജിതമാക്കി നഗരസഭയുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17-2 സോണൽ കാര്യാലയങ്ങൾ - ജീവനക്കാരുടെ തൊഴിൽ നികുതി നിർണയത്തിൽ അപാകം

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും (ചട്ടം-3) അടിസ്ഥാനത്തിൽ അർദ്ധവാർഷിക വരുമാനത്തിന്റെ സ്ലാബ് നിർണയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട തൊഴിൽനികുതി നിർണയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിവിധ സോണലുകളുടെ തൊഴിൽ നികുതി സംബന്ധിച്ച അപേക്ഷകളും അനുബന്ധ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിരവധി ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി നിർണയിച്ചിട്ടില്ല. വിശദവിവരങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രമനം.	സോണൽ കാര്യാലയത്തിന്റെ പേര്	കുടിശ്ശിക (രൂപ)
1.	ആറ്റിപ്ര	16,366
2.	നേമം	950
3.	കടകംപള്ളി	7,886

1-17-2-1 ജീവനക്കാരുടെ തൊഴിൽ നികുതി ആറ്റിപ്ര സോണൽ- 16,366 /-രൂപയുടെ കുറവ്.

ആറ്റിപ്ര സോണൽ കാര്യാലയത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധവാർഷിക വരുമാനത്തിനാനുപാതികമായി ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. ഇത്

സംബന്ധിച്ച് നല്കിയിയ ഓഡിറ്റ് അന്വേഷണത്തിന്(നം.6/കെ.എസ്.എ.ZO-AZ/2023-24, തീയതി.15.10.2024).ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം (11) കാണുക.

1-17-2-2 നേമം സോണൽ-950/-രൂപയുടെ കുറവ്

സ്ഥാപനം	ജീവനക്കാരന്റെ പേര് തസ്തിക	ആകെ അർദ്ധവാർഷിക വരുമാനം	ഈടാക്കിയ നികുതി	ഈടാക്കേണ്ടിയിരുന്ന നികുതി	കുറവ്
നന്ദിലത്ത്-ജി-മാർട്ട് ഫ്ലോർ നം 49	ഗിരീഷ്. എ.ആർ. സെയിൽസ് മാനേജർ	144000	1000	1250	250
	വരുൺ. ജെ.വി. അക്കൗണ്ടന്റ്	96000	600	750	150
	സ്വാതി അശോക് ഗോഡൗൺ അസിസ്റ്റന്റ്	60192	450	600	150
	വിവേക്. വി.എസ് ഗോഡൗൺ അസിസ്റ്റന്റ്	78000	600	750	150
പാപ്പനംകോട് സർവീസ് സഹകരണ ബാങ്ക്	സുഷ്മ. ഇ പി.റ്റി.എസ്. ഹയർ ഗ്രേഡ്	126552	1000	1250	250
ആകെ					**950**

തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി (നം 12 തീയതി 24.10.24) പ്രകാരം ചാർജ്ജ് ഓഫീസറെ ബോധ്യപ്പെടുത്തിയിരുന്നു. കുറവ് വന്ന തുക ഈടാക്കാൻ നടപടി സ്വീകരിച്ചു വരുന്നതായും അടവാക്കിയ ശേഷം മറുപടി ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-17-2-3 ജീവനക്കാരുടെ തൊഴിൽ നികുതി കടകംപള്ളി സോണൽ - 7,886 /- രൂപയുടെ കുറവ്.

കടകംപള്ളി സോണൽ കാര്യാലയത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധവാർഷിക വരുമാനത്തിനാനുപാതികമായി ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. ഇക്കാരണത്താൽ തൊഴിൽ നികുതി ഇനത്തിൽ 7,886/- രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്.

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (നം. 10/കെ.എസ്.എ/ZO-KYZ/, തീയതി.) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിലെ മറ്റു ജീവനക്കാരുടെയും തൊഴിൽ നികുതി നിർണയിച്ചത് പരിശോധിച്ച് അപാകത പരിഹരിക്കേണ്ടതും ഭാവിയിൽ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായാണ് ഓരോ സ്ഥാപനത്തിലേയും ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത് എന്ന് ഉറപ്പാക്കേണ്ടതുമാണ്.

വിശദാംശങ്ങൾക്ക് അനുബന്ധം (12) കാണുക.

1-17-2-4 കടകംപള്ളി സോണൽ - ജീവനക്കാരുടെ തൊഴിൽ നികുതി അധികമായി ഈടാക്കി.

കടകംപള്ളി സോണൽ കാര്യാലയത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധവാർഷിക വരുമാനത്തിനാനുപാതികമായല്ലാതെ അധികമായി ഈടാക്കിയതായി കാണുന്നു. വിശദാംശം അനുബന്ധം (13) ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (നം. 10/കെ.എസ്.എ/ZO-KYZ/, തീയതി.) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിലെ മറ്റു ജീവനക്കാരുടെയും തൊഴിൽ നികുതി നിർണയിച്ചത് പരിശോധിച്ച് അപാകത പരിഹരിക്കേണ്ടതാണ്. സോണൽ ഓഫീസിൽ നിന്നും പ്രാഥമിക പരിശോധന നടത്താതെയാണ് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നതെന്നത് വ്യക്തമാണ്. ഭാവിയിൽ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായാണ് ഓരോ സ്ഥാപനത്തിലേയും ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത് എന്ന് ഉറപ്പാക്കേണ്ടതാണ്.

1-17-2-5 വിവിധ സോണൽ പരിധിയിൽ വരുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

വിവിധ സോണലുകളുടെ തൊഴിൽ നികുതി സംബന്ധിച്ച അപേക്ഷകളും അനുബന്ധ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല.വിശദ വിവരങ്ങൾക്കായി അനുബന്ധം (14) കാണുക.

തൊഴിൽ നികുതി ഒടുക്കുവരുത്തിയ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതും ഇനിയും തൊഴിൽ നികുതി ഒടുക്കുവരുത്താത്ത സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-17-3 സോണൽ കാര്യാലയങ്ങൾ - വ്യാപാരികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

വിവിധ സോണലുകളുടെ തൊഴിൽ നികുതി സംബന്ധിച്ച അപേക്ഷകളും അനുബന്ധ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിരവധി വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല.വിശദ വിവരങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾടുത്തിയിട്ടുണ്ട്.

ക്രമ നം.	സോണൽ ഓഫീസ്	അടവാക്കാൻ അവശേഷിക്കുന്ന തൊഴിൽ നികുതി
1.	ആറ്റിപ്ര	6,63,520
2.	ശ്രീകാര്യം	4,77,200
3.	കടപ്പനകുന്ന്	15,660
4.	കടകംപള്ളി	41,800
5.	വട്ടിയൂർക്കാവ്	315420
	ആകെ	1513600

1-17-3-1 ആറ്റിപ്ര സോണൽ- 6,63,520 /-രൂപ കുടിശ്ശിക

ആറ്റിപ്ര സോണൽ ഓഫീസ് പരിധിയിലുള്ള വ്യാപാരികളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് നിരവധി പേർ അടവാക്കിയിട്ടില്ലാത്തതിനാൽ 6,63,520 /-രൂപ കുടിശ്ശികയായിട്ടുണ്ട്.വിശദാംശങ്ങൾക്കായി അനുബന്ധം(15)കാണുക.

1-17-3-2 ശ്രീകാര്യം സോണൽ- 4,77,200/-രൂപ കുടിശ്ശിക.

25.10.2024-ലെ 1-ാം നമ്പർ ഓഡിറ്റ് റിക്വസിഷൻ പ്രകാരം ശ്രീകാര്യം സോണൽ ഓഫീസിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, നികുതിദായകരുടെ ശമ്പള സ്റ്റേറ്റ്മെന്റുകൾ, അനുബന്ധ ഫയലുകൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. സോണൽ ഓഫീസിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം സോണൽ ഓഫീസ് പരിധിയിൽ 4,77,200/- രൂപ വ്യാപാരികളുടെ തൊഴിൽ നികുതി കുടിശ്ശിക ഇനത്തിൽ ശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾക്കായി അനുബന്ധം(16)കാണുക.

1-17-3-3 കടപ്പനകുന്ന് സോണൽ 15660 /-രൂപ കുടിശ്ശിക.

കടപ്പനകുന്ന് സോണലിൽ തൊഴിൽ നികുതി ഇനത്തിൽ വ്യാപാരികളിൽ നിന്നും 15,660/- ഈടാക്കാൻ അവശേഷിക്കുന്നു.കുടിശ്ശിക തുകയുടെ വിവരം അനുബന്ധം(17)ആയി ഉൾപ്പടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/കെ.എസ്.എ/ZO-KPK/2023-24, തീയതി. 26.10.2024-ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഇനത്തിൽ ഈടാക്കാൻ അവേശഷിക്കുന്ന തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച വരുന്നതായി അറിയിച്ചിട്ടുണ്ട്.

1-17-3-4 കടകംപള്ളി സോണൽ - 41800 /-രൂപയുടെ കുടിശ്ശിക.

കടകംപള്ളി സോണൽ കാര്യാലയത്തിന്റെ പരിധിയിലുള്ള വ്യാപാരികളുടെ തൊഴിൽ നികുതി പിരിച്ചെടുക്കാനവശേഷിക്കുന്നു.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 6/കെ.എസ്.എ/ZO-KZ/2023-24, തീയതി.21.10.2024) ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ 41800/- രൂപ കുടിശ്ശികയുണ്ട്.വിശദാംശങ്ങൾക്ക് അനുബന്ധം(18)കാണുക.

1-17-3-5 വട്ടിയൂർക്കാവ് സോണൽ-3,15,420/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തെ ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ, അർദ്ധ വാർഷിക വരുമാന പത്രികകൾ, സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ വട്ടിയൂർക്കാവ് സോണൽ ഓഫീസ് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ ആകെ 3,15,420/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശം അനുബന്ധം(19) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക തുക പിരിച്ചെടുത്ത് നഗരസഭയുടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-17-3-6 കഴക്കൂട്ടം സോണൽ-വ്യാപാരികളുടെ തൊഴിൽ നികുതി പൂർണമായും പിരിച്ചെടുത്തിട്ടില്ല.

കഴക്കൂട്ടം സോണലിലെ തൊഴിൽ നികുതി രജിസ്റ്ററുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ വ്യാപാരികളുടെ തൊഴിൽ നികുതി പൂർണമായും പിരിച്ചെടുത്തിട്ടില്ലെന്ന് കാണുന്നു.പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശദാംശം അനുബന്ധം(20) ആയി ചേർത്തിരിക്കുന്നു.

1-17-4 സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല.

വിവിധ സോണലുകളുടെ തൊഴിൽ നികുതി സംബന്ധിച്ച അപേക്ഷകളും അനുബന്ധ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിരവധി സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല.ഇതു സംബന്ധിച്ച വിശദാംശങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-17-4-1 ശ്രീകാര്യം സോണൽ-സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതു മൂലം നഗരസഭാ ഫണ്ടിന് 16250/- രൂപയുടെ കുറവ്

ശ്രീകാര്യം സോണൽ ഓഫീസിന്റെ പരിധിയിലെ സ്ഥാപനങ്ങളുടെ 2023-24- വർഷത്തെ തൊഴിൽ നികുതി അടവ് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത കാലയളവ്	സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക
1	കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഷോപ്പ്, ശ്രീകാര്യം	2023-24 I	1250
2	മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, പൗഡിക്കോണം	2023-24 I, II	2500
3	ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈൻഡ് ആന്റ് ബോഡി ഹോസ്പിറ്റൽ, ശ്രീകാര്യം	2023-24 I, II	2500
4	സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ഞാണ്ടൂർക്കോണം	2023-24 I, II	2500
5	സപ്ലൈകോ മാവേലി സ്റ്റോർ, കരിയം	2023-24 I, II	2500
6	സ്വസ്തിക ഹോസ്പിറ്റൽ, പുല്ലാനിവിള	2023-24 I, II	2500
7	ചെമ്പഴന്തി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ്	2023-24 I, II	2500
ആകെ			**16250**

ഈ വിഷയം സംബന്ധിച്ച് 29.10.2024-ലെ 17-ാം നമ്പർ ഓഡിറ്റ് എൻകയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.നികുതി കുടിശ്ശിക ഈടാക്കി നഗരസഭാ ഫണ്ടിനുണ്ടായ കുറവ് നികത്തേണ്ടതാണ്.

1-17-4-2 സ്ഥാപനതൊഴിൽ നികുതി ഒടുക്കിയില്ല.

കടപ്പനകുന്ന്,ആറ്റിപ്ര സോണൽ കാര്യാലയങ്ങളിലെ തൊഴിൽ നികുതി രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിരവധി സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.വിശദാംശങ്ങൾ അനുബന്ധം(21) ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

1-17-5 ഫോർട്ട് സോണൽ-സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനനികുതിയും അടവാക്കിയിട്ടില്ല.

ഫോർട്ട് സോണലിലെ തൊഴിൽ നികുതി സംബന്ധിച്ച അപേക്ഷകളും അനുബന്ധ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്കിയതായി കാണുന്നില്ല.വിശദ വിവരങ്ങൾക്കായി അനുബന്ധം (22) കാണുക.

1-17-6 തൊഴിൽ നികുതി സംബന്ധിച്ച മറ്റ് അപാകതകൾ

വിവിധ സോണലുകളുടെ തൊഴിൽ നികുതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടതും മേൽ ഖണ്ഡികകളിൽ പരാമർശിച്ചിട്ടില്ലാത്തതുമായ അപാകതകൾ ചുവടെ ചേർക്കുന്നു.

1.നേമം സോണൽ.

നേമം സോണൽ കാര്യാലയത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട പരിശോധനയിൽ ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

A.ജീവനക്കാരുടെ തൊഴിൽ നികുതി ഒരു അർദ്ധവർഷത്തിൽ മാത്രം ഇടാക്കി

തൊഴിൽ നികുതി (ജീവനക്കാർ) രജിസ്റ്റർ പരിശോധിച്ചതിൽ നേമം സോണൽ പരിധിയിലെ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഒരു അർദ്ധവർഷത്തിൽ മാത്രമെ ഈടാക്കിയിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ്	സ്ഥാപനം	2023-24	
		ഒന്നാം അർദ്ധവർഷം ഈടാക്കിയ നികുതി	രണ്ടാം അർദ്ധവർഷം ഈടാക്കിയ നികുതി
നേമം	വിദ്യാധിരാജാ ഹോമിയോ കോളേജ്	8580/-	ഈടാക്കിയിട്ടില്ല.
	ഗവ. എൽ. പി. എസ്. കോലിയക്കോട്	6000/-	ഈടാക്കിയിട്ടില്ല.
	വൈറ്റ് ഡാമർ പാപ്പനംകോട്	ഈടാക്കിയിട്ടില്ല.	19960/-
	Regional Manager Tamilnadu Marcantile Bank Papapnamcode	6250/-	ഈടാക്കിയിട്ടില്ല.
	മാനേജർ മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്.	ഈടാക്കിയിട്ടില്ല	3500/-
പാപ്പനംകോട്	മാനേജർ നന്ദിലത്ത് ജി മാർട്ട്	11600/-	ഈടാക്കിയിട്ടില്ല.
	അമൃത വിദ്യാലയം	50600/-	ഈടാക്കിയിട്ടില്ല.
	മാനേജർ ഗോകുലം ചിട്ട് ഫണ്ട്സ്	ഈടാക്കിയിട്ടില്ല.	6750/-
	മാനേജർ കതിർ ടി.വി.എസ്.	ഈടാക്കിയിട്ടില്ല.	5500/-
	മാനേജർ ശിവാജി ഓട്ടോസ്	17750/-	ഈടാക്കിയിട്ടില്ല.
	ജോയ് മോൻ ടി.വി.എസ്.	ഈടാക്കിയിട്ടില്ല	5500/-

	ഹെഡ്മിസ്ട്രസ് സെന്റ് മേരിസ് സ്കൂൾ	ഈടാക്കിയിട്ടില്ല	9630/-
	മാനേജർ കാനറാബാങ്ക്.	11250/-	ഈടാക്കിയിട്ടില്ല.
	ഹെഡ്മിസ്ട്രസ് ഗവ. യു.പി.എസ്. കരുമം	ഈടാക്കിയിട്ടില്ല	11000/-
	മാനേജർ ദിക്ഷാ കോർപ്പറേഷൻ.	7710/-	ഈടാക്കിയിട്ടില്ല.
	മാനേജർ, അപരാജിത.	38700/-	ഈടാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 15 തീയതി 24.10.2024) പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിന് മറുപടിയായി വാർഡ് തിരിച്ചുള്ള തൊഴിൽ നികുതി ഒടുക്കിയിട്ടുള്ള റിപ്പോർട്ട് K-Smart ൽ നിന്നും IKM ൽ നിന്നും ലഭ്യമായിട്ടില്ലായെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കുവരുത്തിയ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതും ഇനിയും തൊഴിൽ നികുതി ഒടുക്കുവരുത്താത്ത സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

B.തൊഴിൽ നികുതി പത്രികയിൽ എല്ലാ വരുമാനയിനങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടപ്രകാരം ഫാറം നമ്പർ VII മാതൃകയിൽ വേണം സ്ഥാപനങ്ങൾ തൊഴിൽ നികുതി പത്രികകൾ സമർപ്പിക്കേണ്ടത്. എന്നാൽ നേമം സോണൽ പരിധിയിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ഫാറം നമ്പർ VII ൽ പത്രിക സമർപ്പിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ ആകെ അർദ്ധ വാർഷിക വരുമാന പത്രികയിൽ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് വ്യക്തമല്ല.വിശദാംശങ്ങൾക്ക് ചുവടെ ചേർക്കുന്നു.

1. പുരയ്ക്കൽ ഫാഷൻസ്. (2nd Half)

2. ഐ.സി.എൽ. ഫിൻകോർപ്പ് ലിമിറ്റഡ്. (2nd Half)

3. റിലയൻസ് റീടെയ് ൽ. (2nd Half)

4. മുത്തൂറ്റ് ഫിൻ ലിമിറ്റഡ്- കാരയ്ക്കാമണ്ഡപം, (2nd Half)

5. കുന്നിൽ ഹൈപ്പർ മാർക്കറ്റ്. (2nd Half)

6. പാപ്പനംകോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്. (2nd Half)

7. Aero Rubber Corporation Industrial Unit, Pappanamcode. (2nd Half)

8. TVS Mobility Pvt Ltd. (Ist Half)

9. HHMSPB College For Women, Neeramankara. (Ist Half)

10. Secretary, INDUDIND Bank . (Ist Half)

11. Govt. Welfare LPS, Koliyakode Industrial Estate. (Ist Half)

ഈ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 13 തീയതി 24.10.2024) നൽകിയിരുന്നു. എന്നാൽ ഇതിന് മറുപടിയായി ജീവനക്കാരുടെ എല്ലാ വരുമാനവിവരങ്ങളും ഉൾപ്പെടുത്തിയാണ് (ശമ്പളം, ഡി.എ, ബോണസ് എന്നിവ) പത്രിക ലഭ്യമാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ശമ്പളം, ഡി.എ, ബോണസ് എന്നിവ പത്രികയിൽ വേർതിരിച്ച് കാണിക്കാതെ ആകെ തുക മാത്രം രേഖപ്പെടുത്തി നികുതി ഈടാക്കുന്നത് ചട്ടവിരുദ്ധമാണ്. ആയതിനാൽ തുടർ വർഷങ്ങളിൽ ചട്ടപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന തരത്തിൽ തൊഴിൽ നികുതി പത്രിക സ്വീകരിച്ച് നികുതി ഈടാക്കേണ്ടതും നികുതിചോർച്ച ഉണ്ടാകുന്നില്ലായെന്ന ഉറപ്പ് വരുത്തേണ്ടതുമാണ്.

C. വ്യാപാരികളിൽ നിന്നും ഈടാക്കുന്ന തൊഴിൽ നികുതി- ഡി.സി.ബി സംബന്ധിച്ച് അപാകത നിലനിൽക്കുന്നു.

ഡിമാന്റ് രജിസ്റ്റർ, ഡി.സി.ബി.പത്രിക എന്നിവ പരിശോധിച്ചതിൽ വ്യാപാരികളിൽ നിന്നും ഈടാക്കേണ്ട തൊഴിൽ നികുതിയിനത്തിൽ നേമം സോണലിൽ ചുവടെ സൂചിപ്പിക്കുന്ന ആപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.ട്രേഡേഴ്സ് ലിസ്റ്റ്, ഡി.സി.ബി. രജിസ്റ്റർ എന്നിവ പ്രകാരം തൊഴിൽ നികുതിയുടെ ഡിമാന്റ് പരിധിയിൽ വന്നിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നികുതി പൂർണമായും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

വാർഡ്	തൊഴിൽ നികുതി ഡിമാന്റ് ചെയ്ത വ്യാപാരികളുടെ എണ്ണം	തുക ഒടുക്കുവരുത്താത്ത വ്യാപാരികളുടെ എണ്ണം
മേലാങ്കോട്	134	60
പൊന്നുമംഗലം	131	77
നേമം	167	91
എസ്റ്റേറ്റ്	192	147
പാപ്പനംകോട്	212	135
ആകെ	**836**	**510**

ആകെ 836 സ്ഥാപനങ്ങളിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടും 326 സ്ഥാപനങ്ങൾ മാത്രമേ തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടുള്ളൂ.

2. ഓഡിറ്റിന് ലഭ്യമാക്കിയ ഡി.സി.ബി. പത്രിക പ്രകാരം തൊഴിൽ നികുതി ട്രേഡേഴ്സിൽ നിന്നും 372232/-പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. ടി തുക പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഓഡിറ്റിന് ലഭ്യമാക്കിയ ഡി.സി.ബി. പത്രിക പ്രകാരം തൊഴിൽ നികുതി (സ്ഥാപനങ്ങൾ) തൻവർഷ കളക്ഷൻ 665365/- രൂപയാണ്. എന്നാൻ സാംഖ്യ, കെ സ്മാർട്ട് പത്രിക എന്നിവ പ്രകാരം 904042/- ആണ് കളക്ഷൻ .കൂടാതെ ഡി.സി.ബി. പത്രിക പ്രകാരം തൊഴിൽ നികുതി (എംപ്ലോയീസ്) തൻവർഷ കളക്ഷൻ 4791800/- രൂപയാണ്. എന്നാൻ സാംഖ്യ, കെ സ്മാർട്ട് പത്രിക എന്നിവ പ്രകാരം 6930052/- ആണ് കളക്ഷൻ. ഈ വിവരങ്ങളിൽ പരസ്പരം പൊരുത്തപ്പെടുന്നില്ല.

4. സാംഖ്യ, കെ സ്മാർട്ട് പത്രിക എന്നിവ പ്രകാരം തൊഴിൽ നികുതി (സ്ഥാപനങ്ങൾ) ഇനത്തിലെ കളക്ഷൻ യഥാക്രമം 223960/-,15967/- ആണ്. എന്നാൽ തൊഴിൽ നികുതി (സ്ഥാപനങ്ങൾ) രജിസ്റ്ററിൽ കളക്ഷൻ സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻകൃയറി (നം.16/24.10.2024) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ആകെ 836 സ്ഥാപനങ്ങളിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടും 326 സ്ഥാപനങ്ങൾ മാത്രമേ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടുള്ളുവെന്നും K-Smart ൽ നിന്നും തൊഴിൽ നികുതിയുടെ വാർഡ് തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് രസീറ്റ് എന്നിവ റിപ്പോർട്ടായി ശേഖരിക്കാൻ സാധിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ Headwise Consolidation നടത്തിയാണ് നിലവിലുള്ള രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത് എന്നും K-Smart ൽ നിന്നും IKM ൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതാണെന്നും ഡി.സി.ബി വിവരങ്ങൾ കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകങ്ങൾ പൂർണമായും പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

D റേഷൻ കടകൾ, അഭിഭാഷകർ, വാഹന ഉടമകൾ, എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447, 2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, പട്ടിക 11ലെ ക്രമ നമ്പർ 54 എന്നിവ പ്രകാരം റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ നഗരസഭകൾക്ക് അധികാരമുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടർ 22.01.2019-ന് എല്ലാ ജില്ലാ സപ്ലൈ ഓഫീസുകൾക്കും നൽകിയ കത്ത് നമ്പർ (സി.എസ്)/എ.9-764/2019 പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷം നേമം സോണൽ പരിധിയിലെ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) എന്നിവ പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകരിൽ നിന്നും 1250/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245 ,2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (9) പ്രകാരം മോട്ടാർവാഹന നിയമപ്രകാരം വാടകയ്ക്ക് അല്ലെങ്കിൽ സ്റ്റേജ് കാരിയേജ് അല്ലെങ്കിൽ ഗ്രഡ്സ് കാരിയേജായി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിൽ ചട്ടം 3 (9) പ്രകാരമുള്ള തൊഴിൽ നികുതി തൻവർഷം ഈടാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ ഓഡിറ്റ് എൻകൃയറി (നം 17/ 24.10.2024) പ്രകാരം ചാർജ്ജ് ഓഫീസറെ ബോധ്യപ്പെടുത്തിയിരുന്നു. റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, വാടകയ്ക്ക് അല്ലെങ്കിൽ സ്റ്റേജ് കാരിയേജ് അല്ലെങ്കിൽ ഗ്രഡ്സ് കാരിയേജായി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകൾ എന്നിവരിൽ നിന്നും തുടർ വർഷങ്ങളിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

2.ആറ്റിപ്ര

ICICI Bank Ltd Tvm Phase 3 Branch എന്ന സ്ഥാപനത്തിന്റെ സ്ഥാപനനികുതി ഒന്നും രണ്ടും അർദ്ധവാർഷികത്തിലേത് ഒരുമിച്ച് 20.02.2024-ലാണ് 23055205 രസീത് പ്രകാരം ഒടുക്കിയിരിക്കുന്നത്. എന്നാൽ ഒന്നാം അർദ്ധ വാർഷികത്തിന്റെ പിഴ ഈടാക്കിയതായി കാണുന്നില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻകൃയറിയ്ക്ക് (നം. 13/കെ.എസ്.എ/ZO-AZ/2023-24, തീയതി.17.10.2024) മറുപടി ലഭ്യമക്കിയിട്ടില്ല.

3.ഉള്ളൂർ സോണൽ

ഉള്ളൂർ സോണൽ ഓഫീസിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട പരിശോധനയിൽ ചൂവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

A. മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 257 പ്രകാരം 253-ാം വകുപ്പ് 2-ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് വാർഡ് തിരിച്ച് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം ഡിമാന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

B. ഡിമാന്റ് /കളക്ഷൻ രജിസ്റ്ററിൽ നാമമാത്രമായ കളക്ഷൻ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ട്രേഡേഴ്സിന്റെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നികുതി നിർണയത്തിലെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

C. വരുമാന പത്രികകളിൽ വാർഡിന്റെ പേര്, കളക്ഷൻ വിവരങ്ങൾ തുടങ്ങിയ വിശദാംശങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ രജിസ്റ്ററുകളും പത്രികകളും തമ്മിൽ ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല.

D. വരുമാന പത്രികയോടൊപ്പം നികുതി ഒടുക്ക് രസീത് സൂക്ഷിക്കുകയോ ഒടുക്ക് വിവരങ്ങളുടെ ആധികാരികത ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

E. ചെക്ക്/ഡിഡി/ഓൺലൈനായി തൊഴിൽ നികുതി ഒടുക്കിയതിന്റെ വിവരം രജിസ്റ്ററിലും വരുമാന പത്രികയിലും രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.6/കെ.എസ്.എ/ZO-ULR/2023-24, തീയതി.18.10.2024) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് രേഖകളും, രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കേണ്ടതാണ്.

1-18 IFTE&OS ലൈസൻസ് - അപാകതകൾ

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447 - വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - പ്രകാരം നഗരസഭാ പരിധിയിൽ വ്യാപാരം നടത്തുന്നതിനായി വാണിജ്യ വ്യവസായ ലൈസൻസ് നേടിയിരിക്കണം. കൂടാതെ 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ പറയുന്ന പ്രകാരം ഓരോ വ്യാപാരത്തിനും അനുബന്ധമായ ചുമതലകളും യോഗ്യതകളും പാലിക്കുന്നുണ്ടോയെന്നു കൂടി പരിശോധിച്ചായിരിക്കണം ലൈസൻസ് നൽകേണ്ടത്.

വിവിധ സോണൽ കാര്യാലയങ്ങളിലെ IFTE & OS ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ നിരവധി സ്ഥാപനങ്ങൾക്ക് 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക III പ്രകാരം ഈടാക്കേണ്ടിയിരുന്ന ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ഇതുവഴി നഗരസഭയ്ക്ക് വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നതോടൊപ്പം നിയമപ്രകാരമുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പൊതുജനങ്ങളുടെ ജീവനും ആരോഗ്യത്തിനും പരിസ്ഥിതിക്കും ഹാനികരമാകാവുന്നതുമാണ്.ഇതു സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-18-1 IFTE&OS ലൈസൻസ്- ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു.നഗരസഭാ ഫണ്ടിന് നഷ്ടം

കടകംപള്ളി,ആറ്റിപ്ര,വട്ടിയൂർക്കാവ് സോണൽ കാര്യായങ്ങളിലെ നിരവധി സ്ഥാപനങ്ങൾ ഡിമാന്റ് ചെയ്ത IFTE & OS ലൈസൻസ് ഫീസ് ഈടാക്കി കാണുന്നില്ല.ഇതു സംബന്ധിച്ച വിശദാംശങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രമനം.	സോണൽ കാര്യാലയത്തിന്റെ പേര്	തുക
1.	കടകംപള്ളി	47,500
2.	ആറ്റിപ്ര	2,500
3.	വട്ടിയൂർക്കാവ്	14,156
	ആകെ	64,156

1-18-1-1 കടംകപള്ളി സോണൽ ഓഫീസ്- IFTE & OS ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു. നഗരസഭാ ഫണ്ടിന് 47,500/- രൂപയുടെ നഷ്ടം

കടംകപള്ളി സോണൽ കാര്യാലയത്തിലെ IFTE & OS ലൈസൻസ് ഫീസ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചതിനാൽ നഗരസഭാ ഫണ്ടിന് 47500/- രൂപയുടെ നഷ്ടം ഉണ്ടായതായി കാണുന്നു.വിശദാംശങ്ങൾക്ക് ഖ.2-3 കാണുക.

1-18-1-2 ആറ്റിപ്ര സോണൽ - IFTE & OS ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു- 2500/- രൂപ കുടിശ്ശിക.

ആറ്റിപ്ര സോണൽ പരിധിയിലെ ചില സ്ഥാപനങ്ങൾ IFTE & OS ലൈസൻസ് ഫീസ് പുതുക്കാതെ പ്രവർത്തിച്ചതിനാൽ ഫീസിനത്തിൽ കുടിശ്ശികയുണ്ട്.വിശദാംശങ്ങൾ ഖ 2-4 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-18-1-3 വട്ടിയൂർക്കാവ്- IFTE & OS ലൈസൻസ് ഫീസ് 14,000/- രൂപ കുടിശ്ശിക

വട്ടിയൂർക്കാവ് സോണൽ ഓഫീസിലെ IFTE & OS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നിരവധി സ്ഥാപനങ്ങൾ ഫീസ് അടവാക്കിയതായി കാണുന്നില്ല.വിശദാംശങ്ങൾ ഖ.2-5 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-18-2 കഴക്കൂട്ടം സോണൽ - ലൈസൻസ് ഫീസ് പൂർണമായും ഈടാക്കിയിട്ടില്ല.

കഴക്കൂട്ടം സോണലിൽ 2023-24 സാമ്പത്തിക വർഷം ചില സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശം അനുബന്ധം(25) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/26.09.2024) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 9, 16, 19 (അനുബന്ധം കാണുക) എന്നീ സ്ഥാപനങ്ങൾ 2 വർഷമായി പ്രവർത്തനരഹിതമാണെന്നും മറ്റുള്ളവയ്ക്ക് നോട്ടീസ് നൽകിയതായും അറിയിച്ചിട്ടുണ്ട്. പ്രവർത്തിക്കാത്ത സ്ഥപനങ്ങളുടെ വിശദാംശം KSMART -ൽ ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നോട്ടീസ് നൽകിയിട്ടുള്ള സ്ഥാപനങ്ങൾ ഫീസ് ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്.

1-18-3 IFTE & OS ലൈസൻസ് ഫീസ് പരിശോധന -ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

വിവിധ സോണൽ കാര്യാലയങ്ങളിലെ IFTE & OS ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ നിരവധി സ്ഥാപനങ്ങൾക്ക് 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക III പ്രകാരം ഈടാക്കേണ്ടിയിരുന്ന ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ഇതുവഴി നഗരസഭയ്ക്ക് വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നതോടൊപ്പം നിയമപ്രകാരമുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പൊതുജനങ്ങളുടെ ജീവനോ, ആരോഗ്യത്തിനോ ഹാനികരമാകാവുന്നതുമാണ്. ഈ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീകുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.വിശദാംശങ്ങൾ അനുബന്ധം 26ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-18-4 IFTE & OS ലൈസൻസ് നൽകൽ- സ്ഥാപനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ്.

2020-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പ്രകാരമാണ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ സേവനങ്ങൾക്കും ലൈസൻസ് നൽകി വരുന്നത്. തിരുവല്ലം സോണൽ കാര്യാലയത്തിലെ പ്രസ്തുത ലൈസൻസ് നൽകൽ സംബന്ധിച്ച 2022-23 ലെയും 2023-24 ലെയും രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഓഡിറ്റ് കാലയളവിൽ ലൈസൻസ് എടുത്ത ഇത്തരം സ്ഥാപനങ്ങളുടെ എണ്ണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 174എണ്ണത്തിന്റെ കുറവുണ്ട്. 2022-23 വർഷം തിരുവല്ലം സോണൽ പരിധിയിൽ ലൈസൻസ് എടുത്ത 671 സ്ഥാപനങ്ങൾ ഉണ്ടായിരുന്നു.എന്നാൽ 2023-24 ഇത് 497 ആയി കുറഞ്ഞു.ഇത് സംബന്ധിച്ച വാർഡ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്	സ്ഥാപനങ്ങളുടെ എണ്ണം (2022-23)	സ്ഥാപനങ്ങളുടെ എണ്ണം (2023-24)	വ്യത്യാസം
1	തിരുവല്ലം	203	172	31
2	പൂങ്കുളം	220	147	73
3	പുഞ്ചക്കരി	157	101	56
4	വെള്ളാർ	91	77	14
	ആകെ	671	497	174

2023-24 വർഷം ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം ഇവയിൽ നിന്നും ലഭ്യമാകേണ്ടിയിരുന്ന ലൈസൻസ് ഫീ എന്നിവ സംബന്ധിച്ച 09.10.2024 ലെ ഓഡിറ്റ് എൻക്വയറി നം.9/കെഎസ്എ/ZO-TVLM/2023-24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സോണൽ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ നഗരസഭ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-18-5 IFTE & OS ലൈസൻസ് പുതുക്കാതെ സ്ഥാപനം പ്രവർത്തിച്ചു. നഗരസഭാ ഫണ്ടിന് നഷ്ടം

കടകംപള്ളി സോണൽ ഓഫീസ് പരിധിയിലെ കരിക്കകം വാർഡിൽ കെട്ടിട നമ്പർ 91/(4 മുതൽ 35 വരെ) ശ്യാം എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേ ലിമിറ്റഡ് എന്ന സ്ഥാപനം IFTE & OS ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചതായി IFTE & OS രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തി. എന്നാൽ ടി സ്ഥാപനത്തിന് ബാധകമായ ലൈസൻസ് ഫീസ് തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടി സ്ഥാപനത്തിന് ബാധകമായ ലൈസൻസ് ഫീസ് നിർണയിച്ച് ഫീസ് ഈടാക്കേണ്ടതും നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്. ടി വിഷയം സംബന്ധിച്ച് 22.10.2024 തീയതിയിലെ 8/കെ.എസ്.എ/ZO-KYZ/2023-24നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-18-6 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി നിയമം 311 മുതൽ 314 എ വരെയുള്ള വകുപ്പുകളിൽ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	റ്റി.സി.നം	അപേക്ഷകന്റെ പേര്	ലൈസൻസിന്റെ ആവശ്യകത
1	1/3577	ഗീതാലക്ഷ്മി.കെ.എൽ	രശ്മി ക്ലിനിക്
2	1/4754(2)	ആശ നായർ	ആയൂർവ്വേദ സെന്റർ
3	1/2504	സിജോ അനിൽ	ഡെന്റൽ ക്ലിനിക്
4	1/2749(1)	ഹരിലാൽ.കെ	ഐ ക്ലിനിക് & ഒപ്റ്റിക്കൽസ്
5	1/5773, 5375, 5376	അനസ്.എം	ഐ ഹോസ്പിറ്റൽ
6	1/3602	അനിൽ കുമാർ.എസ്	ആയൂർവേദിക് ക്ലിനിക്
7	1/2797	ജിന്റോ മാത്യു	ലാബ്
8	1/3442	അർച്ചന നായർ	ഡെന്റൽ ക്ലിനിക്
9	1/2659/3	അഞ്ജന.ബി	ഫിസിയോതെറാപ്പി

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/26.09.2024 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2023-24 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് ഒടുക്കിയിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

1-19 റോഡ് കട്ടിംഗ് പ്രവൃത്തികളുടെ നിർവഹണം – സുഗമ പോർട്ടലിൽ ഓഡിറ്റർ ലോഗിൻ ലഭ്യമല്ല. ഓഡിറ്റ് പരിശോധന ഭാഗികമായി മാത്രം സാധ്യം

13.10.2021-ലെ GO (Rt) No. 1983/2021/LSGD സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ 01.01.2024 മുതൽ റോഡ് കട്ടിംഗ് അനുമതി ഫയലുകൾ പൂർണ്ണമായും കേരള സംസ്ഥാന ഐ.റ്റി മിഷൻ തയ്യാറാക്കിയ സോഫ്റ്റ്വെയറായ 'സുഗമ' പോർട്ടൽ (Http/Row Services.Kerala.Gov.In) മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ ഭാഗികമായി മാന്വൽ ഫയൽ മുഖേനയും അനുമതി നൽകിയിട്ടുണ്ട്. റോഡ് കട്ടിംഗ് അനുമതി/Right Of Way അനുമതി അപേക്ഷ സമർപ്പിച്ച് തുടർ നടപടി സ്വീകരിക്കുംവിധം രൂപ കൽപന ചെയ്തിട്ടുള്ള ഏകജാല സംവിധാനമാണ് സുഗമ പോർട്ടൽ. നിലവിൽ സുഗമ സോഫ്റ്റ്വെയർ വഴിയുള്ള റോഡ് കട്ടിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിക്കുന്നതിനുള്ള ഓഡിറ്റർ ലോഗിൻ ലഭ്യമല്ലാത്തതിനാൽ ലോഗിൻ ഐഡി, പാസ്വേഡ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി നഗരസഭ സെക്രട്ടറിക്ക് കത്ത് നൽകുകയും (കെ.എസ്.എ26/

ടിവിസി.9/2024 തീയതി 14.11.2024) തുടർന്ന് 31.01.2025-ൽ ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം. 168 /കെ. എസ്.എ/എ ഒ 2/ 2024 തീയതി 31/01/2025), നൽകുകയും ചെയ്തെങ്കിലും ഓഡിറ്റർ ലോഗിൻ അനുവദിച്ച് കിട്ടിയിട്ടില്ല. ആയതിനാൽ മാന്വൽ ഫയലുകൾ പരിശോധിക്കാൻ മാത്രമേ കഴിയുന്നുള്ളൂ. തൻ വർഷത്തെ മാന്വൽ ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്.

1-19-1 നഗരസഭ മെയിൻ ഓഫീസ് -റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ പ്രവൃത്തികൾ - അപാകതകൾ

1. 1994 ലെ മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 22 (H) ൽ മരാമത്ത് പ്രവൃത്തിയുടെ അധികാരം മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണെന്ന് വിവക്ഷിക്കുന്നുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ഭൂരിഭാഗം ഫയലുകളിലും മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം/ കൗൺസിൽ തീരുമാനം ഇല്ലാതെയാണ് റോഡ് കട്ടിംഗിന് അനുമതി നൽകിയിട്ടുള്ളത്.

2. Defect Liability Period കഴിയാത്തതും 100000/- രൂപയ്ക്ക് മുകളിൽ തുക റോഡ് കട്ടിംഗ് ചാർജ് ഈടാക്കുന്നതുമായ ഫയലുകൾ മാത്രം കമ്മിറ്റിയ്ക്ക് അയച്ചാൽ മതിയാകും എന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുള്ളതായി E4/48329/23 എന്ന ഫയലിൽ സെക്ഷൻ ക്ലർക്ക് രേഖപ്പെടുത്തിയിരിക്കുന്നു. ആയത് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

3. സുഗമ സോഫ്റ്റ്വെയർ മുഖേന ഈടാക്കുന്ന റോഡ് കട്ടിംഗ് ഫീ നഗരസഭയുടെ ഏത് ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ആകുന്നതെന്നും പ്രസ്തുത തുക വാർഷികധനകാര്യ പത്രികയിൽ ഉൾക്കൊള്ളിക്കുന്ന അക്കൗണ്ടിംഗ് രീതി വിശദമാക്കണമെന്നും 2023-24 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ പരിശോധനക്ക് ഹാജരാക്കാനും ആവശ്യപ്പെട്ടിരുന്നു. മേൽ അപാകതകളിൻ മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 168 /കെ. എസ്.എ/എ ഒ 2/ 2024 തീയതി 31/01/2025 നൽകിയെങ്കിലും മറുപടിയോ ബന്ധപ്പെട്ട രേഖകളോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന റോഡ് കട്ടിംഗ് ഫീ വരുമാനത്തിന്റെ ആധികാരികത ഓഡിറ്റിൽ അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല.

1-19-2 നഗരസഭ മെയിൻ ഓഫീസ് റോഡ് കട്ടിംഗ് ഫീ - കുറവായി ഈടാക്കി - 1,86,164/- രൂപ നഗരസഭാ ഫണ്ടിന് നഷ്ടം.

തിരുവനന്തപുരം നഗരസഭ മെയിൻ ഓഫീസിലെ മാന്വൽ ആയി തയ്യാറാക്കിയ റോഡ് കട്ടിംഗ് ഫയലുകൾ പരിശോധിച്ചതിൽ റോഡ് കട്ടിംഗ് ഫീ കുറവായി ഈടാക്കിയതായി കാണുന്നു. ഇക്കാരണത്താൽ നഗരസഭാ ഫണ്ടിന് 1,86,164/-രൂപയുടെ നഷ്ടം ഉണ്ടായി. വിശദാംശങ്ങൾ ഖ 2-6 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-19-3 തിരുവല്ലം സോണൽ-റോഡ് കട്ടിംഗ് ചാർജ് കുറഞ്ഞ നിരക്കിൽ ഈടാക്കി.നഷ്ടം-4,829/- രൂപ

തിരുവല്ലം സോണൽ കാര്യാലയത്തിലെ റോഡ് കട്ടിംഗ് ചാർജ് കുറഞ്ഞ നിരക്കിൽ ഈടാക്കിയതിനാൽ 4,829/- രൂപയുടെ നഷ്ടം ഉണ്ടായി.വിശദാംശങ്ങൾ ഖ.2-7 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

1-19-4 കടകംപള്ളി സോണൽ - ഈടാക്കിയ റെസ്റ്റോറേഷൻ ചാർജ്ജിൽ കുറവ്- നഗരസഭാ ഫണ്ടിന് 2889/- രൂപയുടെ നഷ്ടം

കടകംപള്ളി സോണൽ കാര്യാലയത്തിൽ റോഡ് കട്ടിംഗ് റെസ്റ്റൊറേഷൻ ചാർജ്കുറഞ്ഞ നിരക്കിൽ ഈടാക്കിയതിനാൽ 2,889/- രൂപയുടെ നഷ്ടം ഉണ്ടായി.വിശദാംശങ്ങൾ ഖ.2-8 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

1-19-5 കോൺക്രീറ്റ് റോഡ് കട്ടിംഗ് ഫീസ് - കുറഞ്ഞ നിരക്കിൽ ഈടാക്കി, നഷ്ടം - 2358/- രൂപ

കഴക്കൂട്ടം സോണൽ കാര്യാലയത്തിൽ റോഡ് കട്ടിംഗ് ചാർജ് കുറഞ്ഞ നിരക്കിൽ ഈടാക്കിയതിനാൽ 2,358/- രൂപയുടെ നഷ്ടം ഉണ്ടായി.വിശദാംശങ്ങൾ ഖ.2-9 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

1-19-6 നേമം-സോണൽ തെറ്റായ ശീർഷകത്തിൽ തുക വരവ് വച്ച-വാർഷിക ധനകാര്യപത്രികയിലെ കണക്കുകളിലെ കൃത്യത ഇല്ലായ്മയ്ക്ക് കാരണമാകുന്നു.

നേമം സോണൽ കാര്യാലയത്തിലെ 14007001-റോഡ് കട്ടിംഗ് ചാർജ്ജസ് എന്ന ശീർഷകത്തിൽ ഉൾപ്പെടേണ്ട ചില തുകകൾ 1401801-ആപ്ലിക്കേഷൻ ഫീസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് കെസ്മാർട്ട് ആപ്ലിക്കേഷനിൽ രസീത് നൽകിയത്.ഇത്തരത്തിൽ തെറ്റായ ശീർഷകത്തിൽ തുക വരവ് വയ്ക്കുന്നത് വാർഷിക ധനകാര്യപത്രികയിലെ കണക്കുകളിലെ കൃത്യത ഇല്ലായ്മയ്ക്ക് കാരണമാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നം.	രസീത് നമ്പരും തീയതിയും	തുക
1	NE2/4596/23	R-C010100-23012260	7883
2	NE2/4585/23	R-C010100-23012067	7649

ഇതു സംബന്ധിച്ച് നൽകിയ 25.10.2024ലെ ഓഡിറ്റ് എൻക്വയറിനം.23/കെ.എസ്.എ/ ZO-നേമം/2023-24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കി വാർഷിക ധനകാര്യപത്രിക കൃത്യമാക്കാൻ നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

1-19-7 ആറ്റിപ്ര സോണൽ- റോഡ് കട്ടിംഗ് ചാർജ് ഹെഡ് മാറി അടവാക്കി

ശ്രീമതി.ദിവ്യാ സുഗതൻ എന്ന വ്യക്തിയിൽ നിന്നും 16-02-2024 ലെ R-C010100-230-21150 എന്ന രസീത് പ്രകാരം 365600/-രൂപയും ശ്രീ.വിജയൻ. ബി എന്ന വ്യക്തിയിൽ നിന്നും 07-02-2024 ലെ R-C010100-230-11835 രസീത് പ്രകാരം 262200/- രൂപയും റോഡ് കട്ടിംഗ് ചാർജായി കെ സ്മാർട്ട് മുഖേന നഗരസഭ ഈടാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക സ്വീകരിക്കപ്പെട്ടിട്ടുള്ളത് Beneficiary Contribution (Head Of Account 3208010) എന്ന ഹെഡിലാണ്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് (No.16/KSA/ZO-AZ, തീയതി.

17-10-2024) ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. യഥാർത്ഥ ഹെഡിലേക്ക് തുക മാറ്റി അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19-8 റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് 3,06,13,869/- രൂപ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

നഗരസഭയുടെ റോഡുകളിൽ റോഡ് കട്ടിംഗ് നടത്തിയതിന് റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് ഒടുക്കുവരുത്തിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ 05.03.2025-ലെ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 239/കെ.എസ്.എ/എ.ഒ.I/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് വിവിധ ഏജൻസികൾ നഗരസഭയ്ക്ക് നൽകാനുള്ളതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നം.	പ്രോജക്ട്	തുക	2023-24 മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് Vol II പ്രകാരമുള്ള തീരുമാനങ്ങൾ
1	E4/49252/23	കണ്ണമ്മൂല വാർഡിൽ അയ്യങ്കാളി റോഡിൽ സ്വീവറേജ് പൈപ്പ് ലൈൻ KWA സ്ഥാപിക്കുന്നത് സംബന്ധിച്ച്	14296649	12.10.2023-ലെ തീരുമാനം നം. III(3)
2	ZKPK/A2/3513/23	മണ്ണന്തല എസ്. എൻ നഗറിൽ 160KVA ട്രാൻസ്ഫോർമർ KSEBസ്ഥാപിക്കുന്നതിനായി റോഡ് കട്ട് ചെയ്യുന്നത് സംബന്ധിച്ച്	1171841	12.10.2023-ലെ തീരുമാനം നം. III (24)
3	E4/69662/23	കണ്ണമ്മൂല വാർഡിൽ കൊല്ലർ ഗാർഡൻസിൽ സ്വീവറേജ് പൈപ്പ് ലൈൻ KWA സ്ഥാപിക്കുന്നത് സംബന്ധിച്ച്	4304365	18.12.2023-ലെ തീരുമാനം നം. II(1)
4	FE4/2340/2021	ബീമാപള്ളി ഈസ്റ്റ് വാർഡിൽ 110KV Under Ground Cable സ്ഥാപിക്കുന്നതിന് KSEB യുടെ അപേക്ഷ	951499	18.12.2023-ലെ തീരുമാനം നം. II(3)
5	E14/67279/2022	പട്ടം വാർഡിൽ മുറിഞ്ഞ പാലത്തിന് സമീപം ക്ഷനംകുളം ലെയിനിൽ സ്വീവറേജ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് KWA റോഡ് കട്ടിംഗ് ചാർജ്ജ് ഒടുക്കിയത് സംബന്ധിച്ച്	2506000	12.10.2023-ലെ തീരുമാനം നം.I(84)
6	പ്രോജക്ട് നം.45/23-24	മെഡിക്കൽ കോളേജ് വാർഡിൽ തോപ്പിൽ റോഡിൽ KWA നടത്തിയ റോഡ് കട്ടിംഗ് പ്രവൃത്തിക്ക് റെസ്റ്റോറേഷൻ ചാർജ്ജ് ഒടുക്കിയത് സംബന്ധിച്ച്	2000000	12.10.2023-ലെ തീരുമാനം നം. I(41)
7	E6/65660/22	ജഗതി വാർഡിലെ കുളപ്പുര ബണ്ട് റോഡിൽ KWA നടത്തിയ ഡ്രെയിനേജ് നിർമ്മാണത്തിന് റോഡ് റെസ്റ്റോറേഷൻ ഒടുക്കിയത് സംബന്ധിച്ച്	5383515	18.12.2023-ലെ തീരുമാനം നം.I(96)
		ആകെ	**30613869**	

മേൽ സൂചിപ്പിച്ചതിൽ ക്രമ നം.1, 2, 4, 6 എന്നിവയിൽ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം നഗരസഭ റോഡ് കട്ടിംഗിന് അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ ക്രമ നം.3, 5, 7-ൽ നഗരസഭയുടെ അനുമതി ഇല്ലാതെയാണ് റോഡ് കട്ടിംഗ് നടത്തിയിരിക്കുന്നത്. നഗരസഭയുടെ അനുമതി ഇല്ലാതെ റോഡ് കട്ടിംഗ് നടത്തുന്നതും റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് ഒടുക്കാതിരിക്കുന്നതും സംബന്ധിച്ച് വിശദമായ അന്വേഷണവും ഭാവിയിൽ ഇപ്രകാരം സംഭവിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. റോഡ് റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ലഭിക്കേണ്ടതായ 3,06,13,869/- രൂപയുടെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

1-20 ഭീമമായ വാടക കുടിശ്ശിക -കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി അനിവാര്യം.

തിരുവനന്തപുരം നഗരസഭ മെയിൻ ഓഫീസ്, വിഴിഞ്ഞം, കടകംപള്ളി, വട്ടിയൂർക്കാവ് മേഖല കാര്യാലയങ്ങൾ എന്നിവയുടെ പരിധിയിലുള്ള കെട്ടിടങ്ങളുടെ വാടക കുടിശ്ശിക,പിഴ പലിശ ഇനങ്ങളിൽ സാമ്പത്തിക വർഷം വൻ കുടിശ്ശികയുണ്ട്.വിശദവിവരങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രമനം.	മെയിൻ ഓഫീസ്/സോണൽ ഓഫീസ്	തുക
1.	മെയിൻ ഓഫീസ്	1,54.97,901
2.	വിഴിഞ്ഞം	70,224
3.	കടകംപള്ളി	46,020
4.	വട്ടിയൂർക്കാവ്	52,752

1-20-1 നഗരസഭ മെയിൻ ഓഫീസ് പരിധിയിലെ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക –1,54,97,901/- രൂപ.

തിരുവനന്തപുരം നഗരസഭ മെയിൻ ഓഫീസ് പരിധിയിൽ വാടകയിനത്തിൽ 1,54,97,901/- രൂപ കുടിശ്ശികയായിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ഖ.2-10 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-20-2 വിഴിഞ്ഞം പീപ്പിൾ ഹാൾ- വാടകയ്ക്ക് നൽകൽ-പിഴപ്പലിശയിനത്തിൽ 70,224/- രൂപ ലഭ്യമാകാനവശേഷിക്കുന്നു.

വിഴിഞ്ഞം മേഖല ഓഫീസ് പരിധിയിലുള്ള പീപ്പിൾസ് ഹാളിന്റെ വാടക കുടിശ്ശികയുടെ പിഴപ്പലിശ ഇനത്തിൽ 70,224/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ഖ.2-11 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-20-3 കടകംപള്ളി സോണൽ ഓഫീസ് പരിധിയിൽ കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല – നഗരസഭ ഫണ്ടിന് 46,020/- രൂപയുടെ നഷ്ടം

കടകംപള്ളി സോണൽ ഓഫീസ് പരിധിയിലെ കടമുറികളുടെ വാടകയിനത്തിൽ 46,020/- രൂപ കുടിശ്ശികയായിട്ടുണ്ട്. വിശദാംശങ്ങൾ ഖ.2-12 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-20-4 വട്ടിയൂർക്കാവ് സോണൽ-കടമുറികളുടെ വാടക കുടിശ്ശിക 52,752/-രൂപ

വട്ടിയൂർക്കാവ് സോണൽ കാര്യാലയത്തിൽ കടമുറികളുടെ വാടകയിനത്തിൽ 52,752/- രൂപ കുടിശ്ശികയായിട്ടുണ്ട്. വിശദാംശങ്ങൾ ഖ.2-13 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-20-5 കഴക്കൂട്ടം സോണൽ-ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

കഴക്കൂട്ടം മാർക്കറ്റിൽ നഗരസഭാവകയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ ഒരു കടമുറി ഒഴിഞ്ഞുകിടക്കുന്നുണ്ട്. പ്രസ്തുത കടമുറി സ്ഥിതിചെയ്യുന്ന കെട്ടിടത്തോട് ചേർന്ന് സെപ്റ്റിക് ടാങ്ക് നിർമിക്കുന്നതിനാൽ ആയതിന്റെ പണി തീർന്നതിനുശേഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം കടമുറി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻകയറിക്ക് (6/ KSA/ZO-KZ/2023/24, 24/09/2024) മറുപടി ലഭിച്ചു.

ചന്തവിള മാർക്കറ്റിലും 5 കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. ആയത് ലേലം കൊള്ളുന്നതിനുള്ള നടപടികൾ നടന്നുവരുന്നുവെന്ന് മറുപടി ലഭിച്ചു. മേൽ കടമുറികൾ ലേലം ചെയ്യുന്നതിന്റെ തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 ലേലം - നടപടിക്രമങ്ങളിലെ അപാകം - തനതു വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു.

തിരുവനന്തപുരം നഗരസഭ മെയിൻ ഓഫീസ്, ആറ്റിപ്ര സോണൽ കാര്യാലയം എന്നിവിടങ്ങളിലെ പാർക്കിംഗ് ഏര്യ, മാർക്കറ്റ്, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ ലേലത്തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രമനം.	മെയിൻ ഓഫീസ്/സോണൽ ഓഫീസ്	തുക
1.	മെയിൻ ഓഫീസ്	6,89,881
2.	ആറ്റിപ്ര	1,23,998

1-21-1 നഗരസഭ മെയിൻ ഓഫീസ് ലേലത്തുക കുടിശ്ശിക-6,89,881/- രൂപ.

തിരുവനന്തപുരം നഗരസഭ മെയിൻ ഓഫീസ് പരിധിയിലെ ലേലവുമായി ബന്ധപ്പെട്ട് 68,988/- രൂപ കുടിശ്ശികയായിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ഖ.2-14 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-21-2 ആറ്റിപ്ര സോണൽ- പബ്ലിക് മാർക്കറ്റ് ലേലം - 1,23,998/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ഓഫീസ് പരിധിയിലുള്ള കുളത്തൂർ പബ്ലിക് മാർക്കറ്റിന്റെ 2023-24 സാമ്പത്തിക വർഷത്തെ ലേല കുടിശ്ശിക 1,23,998/- രൂപയാണ് (GST, ITഉൾപ്പെടെ). കുടിശ്ശിക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ഖ.2-15 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-21-3 വിഴിഞ്ഞം സോണൽ ഓഫീസ് പരിധിയിലെ കടമുറികളുടെ ലേലം- വാടകയിനത്തിൽ കുടിശ്ശിക തുക 89,295/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.

വിഴിഞ്ഞം സോണൽ കാര്യാലയ പരിധിയിലെ ലേലം ചെയ്ത നൽകിയ കടമുറികളുടെ വാടകയിനത്തിൽ 89,295/- രൂപ 2023-24 സാമ്പത്തിക വർഷം പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ഖ.2-16ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-22 വിഴിഞ്ഞം സോണൽ -സെയിൽ ഓഫ് ഫോംസ് പരിശോധന – കണക്കുകളിൽ കൃത്യതയില്ല.

വിഴിഞ്ഞം സോണൽ ഓഫീസിലെ 2023-24 വർഷത്തെ സെയിൽ ഓഫ് ഫോംസ് സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

2023-24 സാമ്പത്തിക വർഷാദ്യം ആകെ 25,000/- രൂപ മൂല്യമുള്ള വിവിധ ഇനങ്ങളിലായുള്ള ഫോറങ്ങൾ സോണൽ കാര്യാലയത്തിന് ലഭിച്ചിട്ടുണ്ട്. 29.12.2024 വരെ ഫോറങ്ങളുടെ വില്പന നടത്തിയിട്ടുണ്ട്. 13,895/- രൂപയുടെ ഫോറങ്ങളുടെ വില്പന നടത്തിയതായി രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ Account Headwise Cosolidation Statement പ്രകാരം ഫോറം വിൽപ്പനയിലുള്ള ആകെ വരവ് 19,294/- രൂപയാണ്. 5,399/-രൂപയുടെ വ്യത്യാസം കാണുന്നു. തൻവർഷം ഓരോ ഇനങ്ങളിലായി വില്പന നടത്തിയിട്ടുള്ള ഫോറങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച Abstract തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൻവർഷം ഓരോ ഇനങ്ങളിലായി എത്ര ഫോറങ്ങൾ വില്പന നടത്തിയിട്ടുണ്ട്, വർഷാവസാനം ബാക്കിവന്ന ഫോറങ്ങൾ മെയിൻ ഓഫീസിൽ തിരികെ ഏല്പിച്ചിട്ടുണ്ടോ എന്നീ വിവരങ്ങളും ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 20/കെ.എസ്.എ/ZO-VZM/2023-24, തീയതി.17.10.2024) മറുപടി ലഭ്യമാക്കിയില്ല.

1-23 റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ വിതരണം - മുൻസിപ്പാലിറ്റി ഡി.സി.ആർ.ബി റൂൾസ് 1996 ലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

കേരള മുൻസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ 1996 ചട്ടം 7(2), 8 എന്നിവ പ്രകാരം റഗുലർ വിഭാഗം ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ 15% വരുന്ന തുക നഗരകാര്യ ഡയറക്ടറുടെ മേൽ നോട്ടത്തിലും നിയന്ത്രണത്തിലുമുള്ള സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതും ചട്ടം 9 പ്രകാരം ലഭ്യമാകുന്ന തുക സെക്രട്ടറി മുൻസിപ്പൽ പെൻഷൻ ഫണ്ടിനായുള്ള പ്രത്യേക അക്കൗണ്ട് മുഖേന പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിന് വിനിയോഗിക്കേണ്ടതുമാണ്. ചട്ടം 10 പ്രകാരം സെക്രട്ടറി പെൻഷൻ വിതരണത്തിനായുള്ള അക്കൗണ്ട് പരിപാലിക്കേണ്ടതുമാണ്. എന്നാൽ നഗരസഭ ജീവനക്കാരുടെ പെൻഷൻ വിഹിതം നിരവധി വർഷങ്ങളായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുകയോ പെൻഷൻ, കമ്മ്യൂട്ടേഷൻ, ഡിസിആർജി എന്നീ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനാവശ്യമായ കൃത്യമായ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കുകയോ ചെയ്യുന്നില്ല. 2023-24 വർഷം നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് തുക അടവാക്കുകയോ വിഹിതം നഗരസഭയ്ക്ക് ലഭിക്കുകയോ ചെയ്തിട്ടില്ല.

2023-24 കാലയളവിലെ റഗുലർ വിഭാഗം പെൻഷൻ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻകയറി നം.83/കെ.എസ്.എ/ടിവിസി 9/2023-24 തീയതി 01.11.2024 ന് ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കേണ്ട വിഹിതം സംബന്ധിച്ച് നഗരസഭയുടെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല. 31.03.2024 വരെ നഗരസഭയുടെ കണക്ക് പ്രകാരം ഈ ഇനത്തിൽ ലഭിക്കാനുള്ളത് 1,95,06,06,795/- രൂപയാണ് എന്നാൽ വകുപ്പിന്റെ കണക്ക് പ്രകാരം ഇത് 1,70,56,79,637/- രൂപയാണ്. 2023-24 സാമ്പത്തിക വർഷം ഈ ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക 25,24,01,941/-രൂപയാണ്. നഗരസഭ പെൻഷൻ, കമ്മ്യൂട്ടേഷൻ, ഡിസിആർജി ഇനത്തിൽ ചെലവഴിച്ച തുകയിൽ നിന്നും നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ട തുക കുറവ് ചെയ്താണ് നഗരസഭയ്ക്ക് ലഭിക്കേണ്ട വിഹിതം കണക്കാക്കിയിരിക്കുന്നത്. സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള അടവ് നഗരസഭ നിറുത്തിയത് എന്ന് മുതലാണെന്ന വിവരം ആരാഞ്ഞിരുന്നുവെങ്കിലും വിവരം ലഭ്യമല്ലെന്നാണ് അറിയിച്ചിരുന്നത്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2002-03 മുതൽ തന്നെ തിരുവനന്തപുരം നഗരസഭ ജീവനക്കാരുടെ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നില്ലെന്ന് കാണുന്നു. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അലോട്ട്മെന്റ് ഇനത്തിൽ ലഭിക്കേണ്ട തുക നഗരസഭയ്ക്ക് ലഭിക്കേണ്ട തുക ലഭിക്കാതിരിക്കുകയും പെൻഷൻ ഇനത്തിൽ ഭീമമായ തുക നഗരസഭാ ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്യേണ്ടി വരുന്നതിനാലാണ് പെൻഷൻ വിഹിതം അടയ്ക്കാത്തതെന്ന് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14.3 നുള്ള മറുപടിയിൽ നഗരസഭ വ്യക്തമാക്കിയിരുന്നു. 2023-24 സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്നാണ് പൂർണ്ണമായും റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ നൽകിയത്. റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ ചെലവുകൾ നിർവഹിക്കുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വികാസ് ഭവൻ ബ്രാഞ്ചിലെ അക്കൗണ്ട് നം.67191408911 മുഖേനയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1.റഗുലർ പെൻഷൻ

പെൻഷൻ വാങ്ങുന്നവരുടെ എണ്ണം(കുടുംബ പെൻഷൻ ഉൾപ്പെടെ)	പെൻഷൻ കമ്മ്യൂട്ടേഷൻ ഡിസിആർജി ഇനത്തിലെ ആകെ ചെലവ്	നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ട തുക	സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയ തുക	സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുക	പെൻഷൻ വിതരണത്തിനായി ഉപയോഗിച്ച ഫണ്ട്
935	31,15,58,093	5,78,37,211	NIL	NIL	തനത്ഫണ്ട്

2023-24 കാലയളവിൽ 32 റഗുലർ പെൻഷൻകാരാണ് മരണമടഞ്ഞത്, ഇവരിൽ 11 പേർക്കാണ് അധികമായി തുക നൽകിയത്, ഇതിൽ ശ്രീമതി.ശാന്ത.സി എന്നയാൾക്കൊഴികെ മറ്റുള്ളവർക്ക് നൽകിയ അധികം തുക തിരികെ ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. ടിയാൾക്ക് അധികമായി നൽകിയ 12,191/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ മേൽ പരാമർശിച്ച 11 പേർക്കും അധികമായി അടച്ച മെഡിസെപ് തുക തനത് ഫണ്ടിലേയ്ക്ക് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 16 പേരെ പെൻഷൻ ബില്ലിൽ നിന്നും ഒഴിവാക്കിയതായും അറിയിച്ചിട്ടുണ്ട്.

2. കണ്ടിജന്റ്

പെൻഷൻ വാങ്ങുന്നവരുടെ എണ്ണം (കുടുംബ പെൻഷൻ ഉൾപ്പെടെ)	പെൻഷൻ, കമ്മ്യൂട്ടേഷൻ, ഡിസിആർജി,മെഡിസെപ് ഇനത്തിലെ ആകെ ചെലവ്	പെൻഷൻ വിതരണത്തിനായി ഉപയോഗിച്ച ഫണ്ട്
1128	25,67,71,180	തനത് ഫണ്ട്

2023-24 കാലയളവിൽ മരണമടഞ്ഞ കണ്ടിജന്റ് പെൻഷൻകാരുടെ പേര് വിവരം, മരണതീയതി, അധികം അനുവദിച്ച പെൻഷൻ, മെഡിസെപ് തുക, ഇവ തിരികെ ഈടാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.83/കെ.എസ്.എ/ടിവിസി 9/2023-24 തീയതി 01.11.2024 ന് മറുപടിയായി ടിയാൾക്കാരുടെ പേര് വിവരം മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ. ഇത് പ്രകാരം 41 പെൻഷൻകാരാണ് ഈ കാലയളവിൽ മരണമടഞ്ഞത്, ഫയൽ പരിശോധിച്ചതിൽ ഇവരിൽ 12 പേർക്ക് നൽകിയ അധിക പെൻഷൻ തിരികെ ഈടാക്കിയിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള 29 പെൻഷൻകാർക്ക് അധിക പെൻഷൻ നൽകിയിട്ടുണ്ടോ, ഇത് തിരികെ ഈടാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമല്ല. ഇതു പരിശോധിച്ച് അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഈ കാലയളവിൽ മെഡിസെപ് ഇനത്തിൽ അടവാക്കിയ അധിക തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 108 പേരെ പെൻഷൻ ബില്ലിൽ നിന്നും ഒഴിവാക്കിയതായും അറിയിച്ചിട്ടുണ്ട്. കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ ചെലവുകൾ നിർവഹിക്കുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,വികാസ് ഭവൻ ബ്രാഞ്ചിലെ അക്കൗണ്ട് നം.67191409039 മുഖേനയാണ്.

1-23-1 നഗരസഭയിലെ സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ വിതരണം - ബിൽ തയ്യാറാക്കൽ മാനുവൽ രീതിയിൽ നിന്ന് സോഫ്റ്റ്വെയർ മുഖേനയുള്ള ഓട്ടോമേറ്റഡ് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് അടിയന്തിര നടപടി അനിവാര്യം

തിരുവനന്തപുരം നഗരസഭയിൽ നിന്നും ആയിരത്തിൽ അധികം കണ്ടിജന്റ് പെൻഷണർമാരും ഏകദേശം അത്ര തന്നെ റഗുലർ പെൻഷണർമാരും പ്രതിമാസം പെൻഷൻ ബാങ്ക് അക്കൗണ്ട് വഴി കൈപ്പറ്റി വരുന്നു. നഗരസഭയിലെ പെൻഷൻ - അക്കൗണ്ട്സ് സെക്ഷനിൽ നിന്ന് ഓരോ മാസവും മാനുവൽ ആയി തയ്യാറാക്കുന്ന പെൻഷണർമാരുടെ പേര്, പെൻഷൻ തുക, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് ബാങ്കിൽ അയച്ചു കൊടുക്കുകയും സ്റ്റേറ്റ്മെന്റ് പ്രകാരം ഉള്ള തുക പെൻഷണറുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയും ചെയ്യുന്ന രീതി ആണ് നഗരസഭയിൽ പിന്തുടർന്നു വരുന്നത്. പെൻഷണർമാരുടെ എണ്ണത്തിലെ ആധിക്യം മൂലം പെൻഷൻ തുക കൃത്യമാണോ എന്നും ഗുണഭോക്താവ് യഥാർത്ഥ പെൻഷണർ ആണോ എന്നും ഉള്ള പരിശോധന നഗരസഭ ഉദ്യോഗസ്ഥരെ സംബന്ധിച്ച് ഏറെക്കുറെ അസാധ്യം ആണ്. കൂടാതെ ബാങ്കിൽ കൊടുക്കുന്ന സ്റ്റേറ്റ്മെന്റിൽ ഗുണഭോക്താക്കളുടെ വിവരങ്ങളിൽ ഓരോ മാസവും വ്യത്യാസവും വരുന്നുണ്ട് (മരണപ്പെടുന്ന പെൻഷനേഴ്സിനെ ഒഴിവാക്കൽ/പുതിയ പെൻഷണർമാരെ കൂട്ടിച്ചേർക്കൽ മൂലം).

അർഹതയില്ലാത്ത ആളുടെ അക്കൗണ്ട് നമ്പർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നത് കൃത്യമായി ദ്രുത പരിശോധന നടത്തുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ല. കാലഹരണപ്പെട്ടതും തീരെ പ്രൊഫഷണൽ അല്ലാത്തതുമായ രീതി ആണ് പെൻഷൻ ബിൽ തയ്യാറാക്കുന്നതിന് നഗരസഭ അവലംബിക്കുന്നത്. പല നഗരസഭകളിലും പെൻഷൻ വിതരണ ക്രമക്കേടുകൾ മൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ആയതിനാൽ പെൻഷൻ തുകയുടെ കൃത്യത, ഗുണഭോക്താവിന്റെ അർഹത എന്നിവയുടെ നഗരസഭാ തലത്തിലുള്ള സൂക്ഷ്മപരിശോധന ഉറപ്പുവരുത്തേണ്ടതാണ്. തിരുവനന്തപുരം നഗരസഭയിൽ 2024 ഏപ്രിൽ മുതൽ ഒക്ടോബർ വരെ പെൻഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിലെ ക്ലറിക്കൽ എറർ മൂലം അധിക തുക പെൻഷൻ നൽകിയിട്ടുണ്ട്. ഫയൽ നം. 1346031-2024 ലെ കുറിപ്പുകൾ പ്രകാരം 142 പെൻഷണർമാർക്ക് അർഹമായതിൽ കൂടുതൽ പെൻഷനും 18 പേർക്ക് കുറവ് പെൻഷനും 2024 ഏപ്രിൽ മാസം മുതൽ ഒക്ടോബർ വരെ അനുവദിച്ചിട്ടുണ്ട്. അധികമായി കൈപ്പറ്റിയ തുക പ്രതിമാസ പെൻഷനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ 2024 ഡിസംബർ മാസം മുതൽ നടന്നു വരുന്നു. ഇത്തരം അപാകതകളും പെൻഷൻ വിതരണത്തിലെ ആസൂത്രിതമായ സാമ്പത്തിക ക്രമക്കേടുകളും ഒഴിവാക്കുന്നതിനായി പെൻഷണർമാരുടെ വിവരങ്ങളുടെ സൂക്ഷിപ്പ് പൂർണമായും ഡിജിറ്റലൈസ്ഡ് ഡേറ്റാബേസ് സംവിധാനത്തിലേക്ക് മാറേണ്ടതാണ്. സാങ്കേതികമായി പര്യാപ്തതയുള്ളതും കുറ്റമറ്റ പെൻഷൻ വിതരണ സംവിധാനത്തിന് ഉതകുന്നതുമായ സോഫ്റ്റ്വെയർ മുഖാന്തിരം പെൻഷണേഴ്സ് ഡേറ്റാ ബേസ് അധിഷ്ഠിതമായ ഓട്ടോമേറ്റഡ് പെൻഷൻ ബിൽ ജനറേഷൻ സംവിധാനം അടിയന്തിരമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ നഗരസഭാധികൃതർ സ്വീകരിക്കേണ്ടതാണ്.

1-23-1-1 കണ്ടിജന്റ് പെൻഷണർമാരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണം - നഗരസഭയിലെ പെൻഷൻ രജിസ്റ്റർ, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ കണ്ട അപാകതകൾ.

I) ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ തുക വിതരണം - തുകകൾ പൊരുത്തപ്പെടുന്നില്ല

കണ്ടിജന്റ് പെൻഷണർമാരുടെ 2023-24 ലെ പെൻഷൻ, കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി എന്നീ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പ്രസ്തുത സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ കണ്ടിജന്റ് പെൻഷൻ അക്കൗണ്ട് (SBI A/C No. 91409039) -ന്റെ ചെക്ക് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ പെൻഷൻ രജിസ്റ്ററിലെ ചെക്ക് വിശദാംശങ്ങൾ മാത്രം അടിസ്ഥാനപ്പെടുത്തിയുള്ള പ്രാഥമിക പരിശോധന മാത്രമാണ് 2023-24 സാമ്പത്തിക വർഷത്തിൽ നടത്തുവാൻ സാധിച്ചിട്ടുള്ളത്. ടി പരിശോധനയിൽ താഴെപ്പറയുന്ന ചെക്ക് നമ്പരുകൾ പ്രകാരം അധിക തുക ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ ഇനത്തിൽ നൽകിയതായി കാണുന്നു.

ക്രമ നം.	ചെക്ക് നം./ തീയതി	പെൻഷണറുടെ PPO നമ്പർ/പേര്	DCRG	കമ്മ്യൂട്ടേഷൻ	പെൻഷൻ കുടിശ്ശിക	ആകെ	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം അനുവദിച്ച തുക	അധികം
1	966029/ 18.04.2023	2756, കുമാരി.ജെ	541512		7705	549217	598437	49220
2	966045/ 16.05.2023	2755, വിശ്വംഭരൻ.റ്റി 2766, ജയ.ആർ (കേളു കുമാരൻ ഗോപിയുടെ കുടുംബ പെൻഷൻ)	376247 1098141		310772	1785160	2147248	362088
3	966040/ 05.05.2023	2760, ജലജ.എസ്	353528	541512	15410	910450	925640	15190
4	966053/ 23.05.2023	2769, സെലിൻ ഫെർണാണ്ടസ്	384719	560348	7973	953040	1315128	362088
5	966055/ 26.05.2023	2753, പി.രാധ	252858				263744	10886
6	966070/ 04.07.2023	2787, പ്രസന്നകുമാരി.വി	344968	541542	20010	906520	1003880	97360

ടി ചെക്കുകൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കേണ്ടതും അധികമായി തുകകൾ പിൻവലിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

II) പെൻഷൻ രജിസ്റ്ററിലെ PPO നമ്പർ 2808 (വിരമിച്ച തീയതി.30.09.2023) മുതൽ 2825 (വിരമിച്ച തീയതി.28.02.2024) വരെയുള്ള എൻട്രികളിൽ പല എൻട്രികളിലും ചെക്ക് നമ്പർ, DCRG, കമ്മ്യൂട്ടേഷൻ തുകകൾ എന്നിവ രേഖപ്പെടുത്താത്തതിനാൽ 2023 ഒക്ടോബർ മുതൽ 2024 മാർച്ച് വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പിൻവലിക്കലുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽപ്പറഞ്ഞ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് പെൻഷൻ രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ വിഷയങ്ങൾ സംബന്ധിച്ച് 21.02.2025-ലെ 2024/കെ.എസ്.എ/ ടിവിസി.6/2024 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1-23-1-2 കണ്ടിജന്റ് ജീവനക്കാരുടെ - പെൻഷൻ രേഖകളുടെ പരിശോധന – അർഹരായവർ മാത്രമാണോ വാങ്ങുന്നതെന്ന് ഉറപ്പാക്കുന്നില്ല

2023-24 ലെ നഗരസഭയിലെ കണ്ടിജന്റ് പെൻഷണർമാരുടെ പെൻഷൻ വിതരണം പരിശോധനയുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ നമ്പർ 92/ടിവിസി.6/2023-24, തീയതി 30.01.2025, ഓഡിറ്റ് റിക്വസിഷൻ നം.112/ടിവിസി.6/2023-24, തീയതി 25.02.2025 എന്നിവ പ്രകാരം നഗരസഭയിൽ നിന്നും കണ്ടിജന്റ് സേവനത്തിൽ നിന്നും വിരമിച്ച 84 പെൻഷണർമാരുടെ പെൻഷൻ ബുക്ക്, PPO ബുക്കിന്റെ പകർപ്പ് (സർവ്വീസ് പെൻഷൻ, കുടുംബ പെൻഷൻ എന്നീ രണ്ട് പെൻഷൻ വാങ്ങുന്നവർ ഉൾപ്പെടെ) ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. നഗരസഭ അക്കൗണ്ട് ഓഫീസറുടെ A9/513992/2025, തീയതി.10.03.2025 നമ്പർ മറുപടി കത്തിനോടൊപ്പം ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെട്ടവയിൽ 16 പേരുടെ പെൻഷൻ പുസ്തകം, PPO ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കി. 30 പേരുടെ PPO ബുക്കിന്റെ പകർപ്പ് മാത്രവും ലഭ്യമാക്കി. പെൻഷണർമാർക്ക് ലൈഫ് സർട്ടിഫിക്കറ്റ്, PPO ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കുന്നതിനുള്ള സമയപരിധി 2025മാർച്ച് 31 വരെ ഉള്ളതിനാൽ ശേഷിക്കുന്ന PPO ബുക്കുകൾ പെൻഷണർമാർ സമർപ്പിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ് എന്ന് മറുപടിയിൽ അക്കൗണ്ട്സ് ഓഫീസർ അറിയിച്ചിട്ടുണ്ട്. കൂടാതെ 2025 മാർച്ച് 31 വരെ ലൈഫ് സർട്ടിഫിക്കറ്റ്, PPO ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കാത്തവരുടെ 2025 ഏപ്രിൽ മുതലുള്ള പെൻഷൻ തടഞ്ഞു വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അക്കൗണ്ട്സ് ഓഫീസർ മറുപടിയിൽ അറിയിച്ചു. ഇതിൽ നിന്നും നിലവിൽ പെൻഷൻ പുസ്തകമോ PPO ബുക്കോ സ്ഥാപനത്തിൽ സൂക്ഷിക്കാതെയും യഥാർത്ഥത്തിൽ അർഹരായവർക്ക് തന്നെയാണോ പെൻഷൻ ലഭിക്കുന്നതെന്ന് ഉറപ്പുവരുത്താതെയും തുകയുടെ കൃത്യത പരിശോധിക്കാതെയുമാണ് പെൻഷൻ വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാകുന്നു.

പെൻഷൻ ബുക്കുകൾ പരിശോധനയ്ക്കായി ലഭ്യമാക്കാത്തതിനാൽ പെൻഷണറുടെ അർഹതയോ തുകയുടെ കൃത്യതയോ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ എല്ലാ കണ്ടിജന്റ് പെൻഷൻകാരുടെയും പെൻഷൻ ബുക്കുകൾ, PPO ബുക്കിന്റെ പകർപ്പ് എന്നിവ പൂർണമായും പരിശോധനയ്ക്കായി ലഭ്യമാക്കി പെൻഷണർമാരുടെയും പെൻഷൻ തുകകളുടെയും അർഹത ബോധ്യപ്പെടുത്തേണ്ടതാണ്. പെൻഷൻ രേഖകൾ ലഭ്യമാകാത്ത പെൻഷണർമാരുടെ വിശദാംശങ്ങൾ അനുബന്ധം (29) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-24 പൗരാവകാശരേഖ തയ്യാറാക്കിയിട്ടില്ല.

2000-ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടം 2.(ബി) പ്രകാരം മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് സമയബന്ധിതമായി ലഭ്യമാക്കാമെന്ന് മുനിസിപ്പാലിറ്റി സ്വമേധയാ വാഗ്ദാനം ചെയ്യുന്നതും അതനുസരിച്ച് അവർക്ക് അർഹമായതുമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയ പരിധിയും വിവരിച്ചുകൊണ്ട് കൗൺസിൽ അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്ന പൗരാവകാശരേഖ ചട്ടം 3(7) പ്രകാരം തയ്യാറാക്കേണ്ടതും ചട്ടം 4(1) പ്രകാരം മുനിസിപ്പാലിറ്റി ആഫീസ് ബോർഡിലും മുനിസിപ്പൽ പ്രദേശത്തെ പൊതു സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മറ്റ് നോട്ടീസ് ബോർഡുകളിലും പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും അത് അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. കൂടാതെ ചട്ടം 9 പ്രകാരം പൗരാവകാശരേഖ വർഷത്തിലൊരിക്കൽ കൗൺസിൽ ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് ഓഡിറ്റ് എൻക്വയറി (നം 189/24 തീയതി : 11.02.2025) മുഖാന്തിരം അന്വേഷിച്ചുവെങ്കിലും ആയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല.

ചട്ടങ്ങൾ അനുശാസിക്കും പ്രകാരം പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകയും ആയത് വർഷാവർഷം കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു മുമതലപ്പെട്ട ഉദ്യോഗസ്ഥരും കൗൺസിലും ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-25 യഥാസമയം മെയിന്റനൻസ് നടത്താതെ ലേലത്തിൽ പങ്കെടുപ്പിക്കാനാകാത്ത ആസ്തികൾ നിലവിൽ നിഷ്ക്രിയ ആസ്തികളായി തുടരുന്നതിലൂടെ നഗരസഭയ്ക്ക് നഷ്ടം

റവന്യൂ നോൺ ടാക്സ് വിഭാഗത്തിലെ 2023-24 വർഷത്തെ ലേല നടപടികൾ സംബന്ധിച്ച ഫയൽ R11/78893/2022 പരിശോധിച്ചതിൽ തിരുവനന്തപുരം നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും ആസ്തിയിൽ ഉൾപ്പെടുന്നതുമായ വിവിധ മാർക്കറ്റുകൾ, പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ, കമ്മ്യൂണിറ്റി ഹാൾ എന്നിവ മെയിന്റനൻസ് പ്രവൃത്തികൾക്കായി ലേല നടപടിയിൽ നിന്ന് ഒഴിവാക്കി നൽകിയിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് ആയത് മെയിന്റനൻസ് നടത്തി ഉപയോഗയോഗ്യമാക്കി കൈമാറിയിട്ടില്ല എന്ന കാരണത്താലാണ് ഇപ്രകാരം ലേലനടപടികൾ ഒഴിവാക്കി നൽകിയത് എന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. ഇത് തനതു വരുമാനത്തിലെ കുറവിന് ഇടയാക്കുന്നു. ആയതിലൂടെയുള്ള നഷ്ടം ചുവടെ ചേർക്കുന്നു.

ക്രമ നം	മാർക്കറ്റുകൾ	ലേല തുക /അവസാനമായി ലേലം കൊണ്ട വർഷം	2023-24 ലെ നഷ്ടം
1	വലിയതുറ	35000 /2022-23	38500
2	പൂന്തുറ	50000 /2022-23	55000
3	ശ്രീവരാഹം	5000 /2020-21	6050
4	തൈക്കാട്	80068/2018-19	128951
കല്യാണമണ്ഡപം			
1	പാൽക്കുളങ്ങര	210000 /2022-23	231000
2	പൂജപ്പുര	53900/2022-23	59300
പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ			
1	പൂജപ്പുര	41000 / 2022-23	45100
2	തൈക്കാട്	19000 / 2020-21	25289
3	വട്ടിയൂർക്കാവ്	11000 /2018-19	17715
4	ഊറ്റുകുഴി	15000 /2012-13	42800

ആകെ നഷ്ടം	649705/-

നഷ്ടം കണക്കാക്കിയത് ലേലത്തിൽ പങ്കെടുക്കാത്ത ഓരോ വർഷത്തിനും അവസാന ലേലം കൊണ്ട തുകയുടെ 10% വർദ്ധനവ് കണക്കാക്കിയാണ്. നഗരസഭയുടെ ആസ്തികൾ യഥാസമയം മെയിന്റനൻസ് നടത്തി ഉപയോഗയോഗ്യമാക്കാത്തതിനാൽ ലേല നടപടികളിൽ പങ്കെടുപ്പിക്കാനാകാത്ത സാഹചര്യവും ആയതുവഴി പൊതുജനങ്ങൾക്ക് ഉപകാരപ്പെടാത്ത സ്ഥിതിയും നിലനിൽക്കുന്നു. വള്ളക്കടവ് മാർക്കറ്റ്,വള്ളക്കടവ് , ശ്രീകണ്ഠേശ്വരം , വാണിയംകുളം ,പൂന്തുറ കംഫർട്ട് സ്റ്റേഷനുകൾ എന്നിവയുടെ ലേല നടപടികൾ സംബന്ധിച്ച വിവരം ലഭ്യമല്ല.

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 212/കെ.എസ്.എ/ എ.ഒ.1/2024, തീയതി.25.02.2025) റവന്യൂ ഓഫീസറുടെ 06.03.2025ലെ 448837/25 നമ്പർ മറുപടി പരിശോധിച്ചതിൽ 2023-24 ൽ ലേലത്തിൽ പങ്കെടുപ്പിക്കാത്തതിന്റെ കാരണം മെയിന്റനൻസ് നടത്തി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് കൈമാറാത്തതാണെന്ന് വ്യക്തമാകുന്നു. ചില ആസ്തികൾ പൊളിച്ച നീക്കി ഘടനാപരമായ മാറ്റങ്ങൾ വരുത്തിയിട്ടുമുണ്ട്. പുനരുദ്ധാരണ പ്രവൃത്തികൾ വർഷങ്ങളോളം നീണ്ടു പോകുന്നത് ഒഴിവാക്കേണ്ടതും, കഴിയുന്നതും ഹ്രസ്വമായ കാലയളവിൽ തന്നെ ചെയ്തു തീർത്ത് ആസ്തികൾ സംരക്ഷിക്കുന്നതിനും ഓരോ സാമ്പത്തിക വർഷവും നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-26 തിരുവല്ലം സോണൽ പരിധിയിൽ പ്രവർത്തിച്ചു വരുന്ന ഫെറി സർവ്വീസുകളുടെ നടത്തിപ്പ്- സർക്കാർ ഉത്തരവിന്റെ പിൻബലമില്ലാതെ വള്ളവാടക നല്കി.

തിരുവല്ലം സോണൽ പരിധിയിൽ പ്രവർത്തിച്ചു വരുന്ന ഇടിഞ്ഞകര, അക്കരത്തോട്ടം എന്നീ ഫെറി സർവ്വീസുകളുടെ നടത്തിപ്പ് നിലവിൽ തിരുവനന്തപുരം നഗരസഭയാണ് നിർവ്വഹിച്ചു വരുന്നത്. ഇടിഞ്ഞകര കടവിൽ ജോലി ചെയ്യുന്ന ശ്രീ.വിഷ്ണുപ്രസാദ്, 01.06.2018 മുതൽക്കും അക്കരത്തോട്ടം കടവിൽ ജോലി ചെയ്തുവരുന്ന ശ്രീ.രാഹുൽദേവൻ.എസ്.ആർ 14.06.2017 മുതൽക്കും താൽക്കാലിക ജീവനക്കാരായ ഫെറിമാൻ തസ്തികയിൽ PWD വകുപ്പ് നിയമിച്ചിട്ടുള്ളതും, കടത്തു സർവ്വീസ് നടത്തുന്നതിന് ശമ്പള ആനുകൂല്യം PWD വകുപ്പിൽ നിന്ന ലഭിക്കുന്നവരുമാണ്. എന്നാൽ ഫയൽ നം. ZTP1/MS/2232/21 പരിശോധിച്ചതിൽ ഇടിഞ്ഞകര കടത്തു സർവ്വീസ് നടത്തുന്ന ശ്രീ. വിഷ്ണു പ്രസാദിന് വള്ളവാടകയിനത്തിൽ 131111/29.04.2023, 198181/04.12.2023, 198642/27.01.2024 ചെക്കുകൾ പ്രകാരം യഥാക്രമം 42,525/- 44350/-, 15,250/- എന്നീ തുകകളും, ഫയൽ നം. ZTP1/2531/20 പ്രകാരം അക്കരത്തോട്ടം കടത്ത് സർവ്വീസ് നടത്തുന്ന ശ്രീ.രാഹുൽദേവൻ.എസ്.ആർ-ന് വള്ളവാടക ഇനത്തിൽ ചെക്ക് നം. 675319/04.09.2023 പ്രകാരം 37,100/- രൂപയും നഗരസഭയുടെ തനത് ഫണ്ടിൽ നിന്നുമാണ് അനുവദിച്ച് നൽകിയത് (ദിവസവേതനമായ 175/- രൂപ നിരക്കിൽ)

PWD കടത്തു സർവ്വീസ് നടത്തുന്നതിനായി നിയമിച്ചവർക്ക് വള്ളവാടക നഗരസഭ നൽകുന്നതിന്റെ കാരണം, പൊതുമരാമത്ത് വകുപ്പ് നഗരസഭയ്ക്ക് നിയമാനുസൃതം ഏതെങ്കിലും പൊതു കടത്തുകൾ, കടത്തുകാരൻ, കടത്തു സർവ്വീസിനാവശ്യമായ വള്ളം, ബോട്ട് എന്നിവ കൈമാറ നൽകിയിട്ടുണ്ടോ എന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 162/കെ.എസ്.എ/എ.ഒ.I/2024, തീയതി.24.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

PWD-യുടെ കീഴിൽ പ്രവർത്തിച്ചിരുന്നവർക്ക് വള്ള വാടക നൽകാറില്ലെന്ന് അസി.എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ 12.08.2021-ലെ A1-17/95/Vol III പ്രകാരം നഗരസഭയെ അറിയിച്ചിട്ടുണ്ട്. പൊതുമരാമത്ത് (എ) വകുപ്പിന്റെ 09.03.2015 ലെ സ.ഉ(എം.എസ്) 18/2015/പൊ.മ.വ ഉത്തരവിൽ സൂചിപ്പിക്കുന്ന തരത്തിൽ പൊതുകടത്തുകളുടെ നടത്തിപ്പിനാവശ്യമായ തുക നഗരസഭയ്ക്ക് നൽകണമെന്നുള്ള വ്യവസ്ഥ പാലിച്ചിട്ടില്ല. ഇപ്രകാരം പൊതുകടത്തുകളുടെ നടത്തിപ്പിനാവശ്യമായ തുക നഗരസഭയ്ക്ക് കൈമാറിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കടത്തു സർവ്വീസുകൾക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് സർക്കാർ ഉത്തരവിനു വിരുദ്ധമാണ്. പ്രസ്തുത വിഷയത്തിൽ വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

1-26-1 അമ്പലത്തറ പള്ളത്തു കടവ് കടത്ത് നടത്തിപ്പ്- 9150/-രൂപ തടസ്സപ്പെടുത്തുന്നു.

അമ്പലത്തറ പള്ളത്ത്കടവ് കടത്ത് നടത്തുന്ന വകയിൽ ശ്രീ വിനുക്കുട്ടൻ. ആർ.ബി എന്ന വ്യക്തിക്ക് വള്ളം വാടകയിനത്തിൽ 440/-രൂപ ദിവസവാടകയും വള്ളം കടത്തുകൂലിയിനത്തിൽ 760/- രൂപ ദിവസവേതനവും നൽകിവരുന്നു. വൗച്ചർ നം 22303725 പ്രകാരം ടി വ്യക്തിക്ക് വള്ളം വാടക, കടത്തുകൂലി എന്നീ ഇനങ്ങളിൽ ജൂലൈ 2023 ൽ 36,000/- രൂപയും ആഗസ്റ്റ് 2023 ൽ 36,000/- രൂപയും ഉൾപ്പെടെ ആകെ 72,000/- രൂപ നൽകിയിട്ടുണ്ട്. ടി വ്യക്തിയുടെ നിയമനം കരാടിസ്ഥാനത്തിലാണോ ദിവസവേതന അടിസ്ഥാനത്തിലാണോ എന്നും ടി വ്യക്തി നഗരസഭയുമായി കരാർ ചമച്ചിട്ടുണ്ടോയെന്നും വ്യക്തത വരുത്താനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 174/24 തീയതി 28/01/2025) മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ ഉത്തരവ് (പി) നം. 29/2021 ധന. തീയതി 11.02.2021 പ്രകാരം കാറ്റഗറി 1 ഫെറിമാന് ദിവസവേതനയിനത്തിൽ ഒരു ദിവസം 675 രൂപ നിരക്കിൽ പരമാവധി ഒരു മാസത്തേയ്ക്ക് 18225/-രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ വൗച്ചർ പ്രകാരം വള്ളം കടത്തുകൂലിയിനത്തിൽ 760/- രൂപ ദിവസവേതനം നൽകിവരുന്നു. ആയതിൻ പ്രകാരം ഫെറിമാന് രണ്ട് മാസത്തേക്ക് നൽകേണ്ട പരമാവധി തുക 36450/-രൂപയാണ്. എന്നാൽ ഇവിടെ 45,600/-രൂപ (760x30x2) നൽകിയിട്ടുണ്ട്.

കൂടാതെ വള്ളം വാടകയിനത്തിൽ 440/-രൂപ ദിവസവാടകയും നൽകിവരുന്നു. വള്ളം വാടകയിനത്തിൽ രണ്ട് മാസത്തേക്ക് 26,400/- രൂപ (440x30x2) നല്കിയിട്ടുണ്ട്. വള്ളവാടക നിശ്ചയിച്ചിരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമല്ല. ആയതിനാൽ ടി പരാമർശത്തിന് മറുപടിയും ബന്ധപ്പെട്ട ഫയലും ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം 174/24 തീയതി 28/01/2025 പ്രകാരം ആവശ്യപ്പെട്ടിട്ടും മറുപടിയോ പ്രസ്തുത ഫയലോ ലഭ്യമാക്കിയില്ല. ആയതിനാൽ സർക്കാർ ഉത്തവിൻ പ്രകാരം അനുവദനീയമായതിലും അധികം നൽകിയ തുക 9150/-(45600-36450) രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

1-27 തെരുവ് വിളക്കുകളുടെ സംരക്ഷണവും പരിപാലനവും പദ്ധതി - ആധികാരികത ഇല്ലാതെ ചെലവുകൾ - 22,71,024/- രൂപ തടസ്സപ്പെടുത്തുന്നു.

തെരുവ് വിളക്കുകളുടെ സ്ഥാപിക്കലും പരിപാലനവും എന്ന വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭയുടെ തൻവർഷത്തെ പ്രവൃത്തികളും ചെലവുകളും വിലയിരുത്തുന്നതിനായി വിവരങ്ങൾ ആവശ്യപ്പെട്ടതിൽ ലഭ്യമായ ഫയലുകളിൽ നിന്നും താഴെപ്പറയുന്ന

പദ്ധതികൾ വഴി വികസന ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടെന്ന് കണ്ടെത്തി.

ഫയൽ നം. - J4/611/21

ഓഡിറ്റ് എൻകൃയറികൾ

1. എൻകൃയറി നം. 193/കെ.എസ്.എ/ടി.വി.സി/7/2024 തീയതി : 13.02.2025

2. എൻകൃയറി നം.219/കെ.എസ്.എ/ടി.വി.സി/7/2024 തീയതി : 27.02.2025

പ്രോജക്ടുകളുടെ വിശദാംശങ്ങൾ

1

പ്രോജക്ട് നമ്പർ	S 1494/23
പ്രോജക്ടിന്റെ പേര്	നിലവിലെ ട്യൂബ് ലൈറ്റുകൾ മാറ്റി LED സ്ഥാപിക്കലും പുതിയ LED വാങ്ങി സ്ഥാപിക്കലും
അടങ്കൽ	2,00,00,000/-(വികസന ഫണ്ട്)
ചെലവ്	2,24,98,675/-(വികസന ഫണ്ട് -പദ്ധതി റിവൈസ് ചെയ്തതായി ആധികാരിക രേഖ ലഭ്യമല്ല)
നിർവ്വഹണം	ശ്രീ.ബിജു.കെ,എക്സിക്യൂട്ടീവ് എഞ്ചിനീയർ

2

പ്രോജക്ട് നമ്പർ	SO 1206/24 (ഡി.പി.സി അംഗീകൃത പ്രോജക്ടായി സൂലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.)
പ്രോജക്ടിന്റെ പേര്	നിലവിലെ ട്യൂബ് ലൈറ്റുകൾ മാറ്റി LED സ്ഥാപിക്കലും പുതിയ LED വാങ്ങി സ്ഥാപിക്കലും
അടങ്കൽ	2,75,00,000/-(തനതു ഫണ്ട്)
ചെലവ്	വിവരം ലഭ്യമാക്കിയിട്ടില്ല.
നിർവ്വഹണം	ശ്രീ.ബിജു.കെ,എക്സിക്യൂട്ടീവ് എഞ്ചിനീയർ

3.

പ്രോജക്ട് നമ്പർ	SO 1218/24
പ്രോജക്ടിന്റെ പേര്	ഹൈമാസ്റ്റ് ലൈറ്റുകളുടെ LED മെയിന്റനൻസ്
അടങ്കൽ	50,00,000/-(വികസന ഫണ്ട്)
ചെലവ്	27,69,200/-(വികസന ഫണ്ട്) 22,71,024/-(തനത് ഫണ്ട്)
നിർവ്വഹണം	ശ്രീ.ബിജു.കെ, എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നഗരസഭയുടെ മറുപടി-യഥാർത്ഥ വിവരങ്ങൾ ലഭ്യമാക്കുന്നില്ല.

2023-24 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം നഗരസഭയുടെ കീഴിൽ തെരുവ് വിളക്കുകളുടെ സംരക്ഷണവും പരിപാലനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് 13.02.2025-ൽ നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം. 193/കെ.എസ്.എ/ടിവിസി.7/2024) 2023-24 സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാങ്ങൽ നടത്തിയിട്ടില്ല എന്നും 2023-24 സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെ പരിപാലനം, സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളിലേക്ക് തുക നിക്ഷേപിച്ചിട്ടില്ല എന്നും മറുപടി നൽകിയിരുന്നു. എന്നാൽ തുടർന്ന് ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ 2022-23 ലെ S 1494 നമ്പർ പ്രോജക്ടിന്റെ ഭാഗമായി ആൽഫാ ഇലക്ട്രോണിക്സ് എന്ന സ്ഥാപനവുമായി ചമച്ച കരാറിന്റെ അടിസ്ഥാനത്തിൽ 2022-23, 2023-24 വർഷങ്ങളിലായി തെരുവ് വിളക്ക് LED ആക്കി മാറ്റി സ്ഥാപിക്കൽ, മെയിന്റനൻസ് എന്നിവയ്ക്കായി വിവിധ പ്രോജക്ടുകൾ മുഖേനയും തനത് ഫണ്ടിൽ നിന്നും വിവിധ ഏജൻസികൾക്ക് പണം നൽകിയതായി കണ്ടെത്തി. ആയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

1. 2022-23 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം. 1494 മുഖേന ആൽഫാ ഇലക്ട്രോണിക്സിന് നൽകിയ തുകയുടെ വിശദാംശം

ബിൽ നം./തീയതി	തുക
538/29.12.2022	1999141
519/23.12.2022	1999141
626/13.01.2023	3998282
2419/03.02.2023	7996564
3190/22.03.2023	6505544
ആകെ	**22498672**

2. 2023-24 ൽ പ്രോജക്ട് നം. 1218 മുഖേന നൽകിയതായി വാർഷിക ധനകാര്യ പത്രികയിലെ Repairs And Maintenance Head മുഖേന ചെലവ് ചെയ്ത വിവരങ്ങൾ

വൗച്ചർ നം./തീയതി	**തുക**

42302315/22.08.2023	19246
42302315/22.08.2023	19246
42302315/22.08.2023	38492
42302315/22.08.2023	115476
42302315/22.08.2023	2078564
ആകെ	**2271024**

3. പ്രോജക്ട് നം. 1218/24 ൽ ഉൾപ്പെടുത്തിയാണ് 29.08.2023 ലെ 675279 ചെക്ക് മുഖേന ആൽഫ ഇലക്ട്രോണിക്സിന് 2271024/- രൂപ (ഇൻവോയിസ് നം.A/075/2022-23) നൽകിയിട്ടുള്ളത്. 22,71,024/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും റീപ്പ് ചെയ്ത് തനത് ഫണ്ടിൽ ഒടുക്കുന്നതിന് മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും അപ്രകാരം റിപ്പ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. സൂലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ 2023-24 വർഷം DPC അംഗീകാരം ലഭിച്ച പ്രോജക്ടായ 1218/24 എന്നത് ഹൈമാസ്റ്റ് ലൈറ്റുകളുടെ LED മെയിന്റനൻസ് എന്ന മറ്റൊരു പ്രോജക്ടാണ്. പ്രസ്തുത പ്രോജക്ട് മുഖേന വികസന ഫണ്ടിൽ നിന്നും ആൽഫാ ഇലക്ട്രോണിക്സിന് നൽകിയ 27,69,200/- രൂപയുടെ ചെലവിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

ബിൽ നം./തീയതി	തുക
43/19.06.2023	1701080
319/23.08.2023	395600
1370/30.01.2024	237360
741/13.12.2023	435160
ആകെ	**2769200**

2.അക്രഡിറ്റ് ഏജൻസിയെ തഴഞ്ഞ് മറ്റൊരു സ്ഥാപനത്തെ തെരെഞ്ഞെടുത്ത നടപടിക്രമങ്ങൾ -വിവരങ്ങൾ ലഭ്യമാക്കിയില്ല.

2021-22 ലെ പ്രോജക്ട് നം SO 611/22 പ്രകാരമുള്ള നടപടിക്രമങ്ങളിൽ ടെണ്ടർ ക്ഷണിക്കാതെ തെരുവുവിളക്കുകൾ വാങ്ങുന്നതിനു (സ.ഉ സാധാ.നം 2330/2018 /തസ്വഭവ തീയതി 31.08.2018) അനുമതി ലഭ്യമായിട്ടുള്ള United Electrical Industries Ltd എന്ന സ്ഥാപനം നിലവാര പരിശോധനയിൽ വിജയിച്ചിട്ടും യോഗ്യതാ മാനദണ്ഡങ്ങൾ പാലിച്ച് നടപടിക്രമങ്ങൾ പൂർത്തികരിച്ചിട്ടും സ്ഥാപനത്തിന്റെ നിരക്ക് മാർക്കറ്റ് നിരക്കിനേക്കാൾ വളരെ കൂടുതലാണ് എന്ന PWSC III(6) 18/01/22 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ റദ്ദ് ചെയ്ത് പ്രോജക്ട് നം S1494/23 ന്റെ ഭാഗമായി റീടെണ്ടർ നടത്തിയാണ് ആൽഫാ ഇലക്ട്രോണിക്സിനെ തെരെഞ്ഞെടുത്തത്. യുണൈറ്റഡ് ഇലക്ട്രോണിക്സിനെ ഒഴിവാക്കിയത് സംബന്ധിച്ച് ടി സ്ഥാപനം സർക്കാരിൽ പരാതി നൽകിയിരുന്നു.

ഈ സാഹചര്യത്തിൽ പ്രസ്തുത ടെണ്ടറിലൂടെ തെരഞ്ഞെടുത്ത ആൽഫ ഇലക്ട്രോണിക്സിന് 2022-23 സാമ്പത്തിക വർഷം പ്രോജക്ട് നം. 1494/23 പ്രകാരം 2,24,98,672/- രൂപ നൽകിയതു കൂടാതെ 2023-24 സാമ്പത്തിക വർഷം പ്രോജക്ട് 1218/24 മുഖേന വിവിധ വൗച്ചറുകളിലായി തനതു ഫണ്ടിൽ നിന്നും 22,71,024/- രൂപ നൽകിയിട്ടുണ്ട്. എന്നതിനാൽ പ്രസ്തുത പദ്ധതി പ്രകാരം തുക നൽകിയതിന്റെ ആധികാരികത സംബന്ധിച്ച് പരിശോധിച്ചതിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി.

A. അക്രെഡിറ്റഡ് ഏജൻസിയായ യുണൈറ്റഡ് ഇലക്ട്രിക്കൽസിനെ നിരക്ക് കൂടുതൽ ആണെന്ന കാരണത്താൽ ഒഴിവാക്കി. റീ ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചതിന്റെ ടെണ്ടർ നോട്ടീസ്, ടെണ്ടർ സ്പെസിഫിക്കേഷൻ, കരാർ വ്യവസ്ഥകൾ, പങ്കെടുത്ത സ്ഥാപനങ്ങൾ സമർപ്പിച്ച ബിഡുകൾ, തെരഞ്ഞെടുത്ത സ്ഥാപനമായ ആൽഫ ഇലക്ട്രോണിക്സുമായി ചമച്ച കരാർ (Agt No.10/EEN/2022-23, Dated 17.10.2022), തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനമായ ആൽഫ ഇലക്ട്രോണിക്സിന് തെരുവ് വിളക്കുകൾ സപ്ലൈ ചെയ്യുന്നതിന് നൽകിയ വർക്ക് ഓർഡർ, എന്നിവ ഹാജരാക്കുന്നതിന് നിർദ്ദേശിച്ചുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് സ്ഥാപനവുമായി ചമച്ച കരാർ കാലാവധി, നൽകേണ്ടതായ ലൈറ്റുകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

B. ആൽഫാ ഇലക്ട്രോണിക്സിന് സ്പെസിഫിക്കേഷൻ പാലിച്ച് അർഹത തെളിയിച്ചിട്ടാണോ കരാർ നൽകിയത് എന്നും കരാർ പ്രകാരമുള്ള എണ്ണമോ കാലയളവോ കണക്കാക്കി തന്നെയാണോ തുക നൽകിയതെന്നും ഉറപ്പിക്കാൻ കഴിയുന്നില്ല.ആയതിനാൽ നൽകിയ തുകയുടെ ആധികാരികത അംഗീകരിക്കുവാൻ കഴിയുന്നില്ല.

3. ചെലവ് വിവരങ്ങളിൽ അവ്യക്തത -രേഖകൾ ലഭ്യമാക്കിയില്ല.

(1) 2022-23 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം. 1494 മുഖേന അംഗീകൃത പ്രോജക്ടിന് വകയിരുത്തിയത് 2,00,00,000/- രൂപയാണ്. എന്നാൽ മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം 2,24,98,672/- രൂപ നൽകിയിട്ടുണ്ട്. പ്രോജക്ട് റിവൈസ് ചെയ്ത് അധികം നൽകിയ തുകയ്ക്ക് അംഗീകാരം ലഭിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത അധിക ചെലവിന്റെ വിശദീകരണം നൽകിയിട്ടില്ല.

പ്രോജക്ട് നം.1494/23 പ്രകാരം വികസന ഫണ്ടിൽ തുക ലഭ്യമല്ല എന്ന കാരണത്താൽ 2023-24 വർഷത്തെ 918/24 പ്രോജക്ടിൽ തനത് ഫണ്ടിൽ ഉൾപ്പെടുത്തി തുക നൽകാമെന്ന് നോട്ട് ഫയലിൽ (പേജ് 68) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്തരമൊരു അംഗീകൃത പ്രോജക്ട് ചെലവ് പത്രികയിൽ ഇല്ല. പ്രോജക്ട് നം. 1494/23 റിവൈസ് ചെയ്ത് അംഗീകാരം ലഭിച്ചിട്ടുണ്ടായിരുന്നെങ്കിൽ ഇത്തരമൊരു പ്രോജക്ട് പുതിയതായി ഉൾപ്പെടുത്തേണ്ടി വരികയില്ല. ആയതിൽ നിന്നും 2022-23 ൽ 1494/23 എന്ന പ്രോജക്ട് മുഖേന 2,00,00,000/- രൂപ മാത്രമേ ചെലവഴിക്കാൻ കഴിയൂ എന്ന് വ്യക്തമാണ്. അധിക തുക ചെലവഴിച്ചതിന്റെ ആധികാരികത വ്യക്തമാക്കേണ്ട ബാധ്യത നിർവ്വഹണോദ്യോഗസ്ഥന് ഉണ്ട്.

(2). ആൽഫാ ഇലക്ട്രോണിക്സുമായിട്ടുള്ള കരാർ പ്രകാരമുള്ള തുക നൽകുന്നതിനായി തയ്യാറാക്കിയ SO 1206 എന്ന പ്രോജക്ട് അംഗീകാരം ലഭിച്ച സൂലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടതായി കാണുന്നില്ല. എന്നാൽ കൗൺസിൽ തീരുമാനം 3(ഇ) 71, തീയതി.10.11.2023 പ്രകാരം S1494/23 ന്റെ ഭാഗമായി 35Watts LED വിളക്കുകൾ സപ്ലൈ ചെയ്ത ഇനത്തിൽ ആൽഫാ ഇലക്ട്രോണിക്സ് എന്ന ഏജൻസിക്ക് S1218/24 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 22,71,024/- രൂപ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും പദ്ധതി ഭേദഗതിയിൽ ടി തുക പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി റീപ്പ് ചെയ്യുന്നതിനുള്ള മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12.10.2023-ലെ 11(14) നമ്പർ ശുപാർശ മേയറുടെ മുൻകൂർ അനുമതിയോടെ അംഗീകരിച്ചു. ഇപ്രകാരം മറ്റൊരു അംഗീകൃത പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽ 2023-24 ൽ അംഗീകാരം ലഭിക്കാത്ത ഒരു പ്രോജക്ടിന് തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുകയും റീപ്പ് ചെയ്യുന്നതിന് കൗൺസിൽ തീരുമാനം ഉണ്ടായിട്ടും

പിന്നീട് റീപ്പ് ചെയ്യാതിരിക്കുകയും ചെയ്തത് ക്രമപ്രകാരമല്ല എന്ന് വിലയിരുത്തുന്നു. ഇത്തരത്തിൽ ചെലവഴിച്ച 22,71,024/- രൂപയുടെ ചെലവിനു വ്യക്തമായ സാധൂകരണം ലഭ്യമാക്കേണ്ടതാണ്

(3). വാർഷിക ധനകാര്യ പത്രികയിലെ Repairs & Maintenance Street Light എന്ന ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ (ഹെഡ് കോഡ് - 230500600) 22.08.2023ൽ ആൽഫാ ഇലക്ട്രോണിക്സിന് നൽകിയ തുക കൂടാതെ 27.02.2024, 28.03.2024, 31.03.2024 എന്നീ തീയതികളിലായി പ്രോജക്ട് നം. SO 286/23 എന്നീ പ്രോജക്ടിൽ Street Light Maintenance, (LED) Street Light Maintenance എന്നീ ഇനങ്ങളിൽ മറ്റ് ചെലവുകൾ നടത്തിയതായി കാണുന്നു. പ്രസ്തുത ചെലവുകളുടെ ആധികാരികത സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

(4) തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, വാർഡ് തല രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, ടി ഫയലിന്റെ നോട്ട് ഫയലിൽ പരാമർശിച്ചിരിക്കുന്ന 1206/24, 918/24 എന്നീ പ്രോജക്ട് ഫയലുകളും 1226/24 (LED മെയിന്റനൻസ്) എന്ന ഫയലും ഓഡിറ്റ് പരിശോധനയ്ക്കായി ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

(5) 15.03.2023-ലെ J4/611/21 നമ്പർ ആയി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുള്ള കത്തിൽ SO 611/22 (S1494/23) പദ്ധതി പ്രകാരം 2022-23 വർഷത്തിൽ 15000 എണ്ണം 35Watts LED Light വാങ്ങിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കരാർ പ്രകാരം നൽകേണ്ടതായ എണ്ണം എത്രയാണ് എന്നോ, ആയത് സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശങ്ങളോ ലഭ്യമാക്കിയിട്ടില്ല.

(6) ആൽഫാ ഇലക്ട്രോണിക്സുമായി ഉള്ള കരാർ കാലാവധി കഴിഞ്ഞിട്ടുണ്ടോയെന്നതും ഉണ്ടെങ്കിൽ വിവിധ ബില്ലുകളിൽ നിന്നും തനതു ഫണ്ടിൽ അടവാക്കിയ റീടെൻഷൻ തുക തിരികെ നൽകിയിട്ടുണ്ടോ എന്നതും വ്യക്തമാക്കേണ്ടതാണ്.

(7) ജനകീയാസൂത്രണ പദ്ധതി പ്രകാരം തെരുവ് വിളക്കുകളായി സ്ഥാപിക്കുന്ന ട്യൂബ് ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിലേക്ക് 18 കോടി രൂപ KSEB-യിൽ ഡെപ്പോസിറ്റ് ചെയ്തതായി 26.04.2023-ൽ J4/611/21 കത്ത് പ്രകാരം KSEB Electrical Division Executive Engineer-ക്ക് നൽകിയ കത്തിൽ നിന്നും വ്യക്തമായിട്ടുണ്ട്. ടി തുകയിൽ ഉൾപ്പെടുത്തി 59492 എണ്ണം LED Light -കൾ വാങ്ങി സ്ഥാപിച്ചിട്ടുള്ളതായി ഫയലിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ടി 59492 LED Light-കൾ സ്ഥാപിച്ചതിന്റെ വിശദാംശങ്ങളും, KSEB-യിൽ നിലവിൽ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

(8) 20.11.2023-ലെ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം IV(1) പ്രകാരം തെരുവ് വിളക്കുകൾ പ്രകാശിക്കുന്നില്ലെന്ന പൊതുജന പരാതിയെ തുടർന്ന് നിലവിൽ പ്രവർത്തിക്കാത്ത ലൈറ്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനായി മുൻപ് കരാർ ഉണ്ടായിരുന്ന യുണൈറ്റഡ് ഇലക്ട്രിക്കൽസിനെ 5000 തെരുവ് വിളക്കുകൾ പരിപാലനം നടത്തുന്നതിനായി ഏൽപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതിന്മേലുള്ള തുടർ നടപടികൾ, ആവിഷ്കരിച്ച പദ്ധതി, നിരക്ക്, കരാർ പുതുക്കിയിട്ടുണ്ടോ ,തുക നൽകിയിട്ടുണ്ടോ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

മേൽ വിവരങ്ങളിൽ വ്യക്തത വരുത്താൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 219/കെ.എസ്.എ/ടിവിസി.7/2024, തീയതി. 27.02.2025) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ അംഗീകൃത പ്രോജക്ടിൽ നിന്നല്ലാതെ തനതു ഫണ്ടിൽ നിന്നും ചെവലഴിച്ച് പ്ലാൻ ഫണ്ടിൽ നിന്നും റിപ്പ് ചെയ്യണമെന്ന നിർദ്ദേശത്തോടെയുള്ള മേയറുടെ മുൻകൂർ അനുമതിയോടെ ചെലവഴിച്ച തുക നാളിതുവരെ റിപ്പ് ചെയ്തതായി കാണുന്നില്ല. മേൽ പരാമർശിച്ച അവ്യക്തത നിലനിൽക്കുന്നതിനാൽ 22,71,024/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27-1 തെരുവ് വിളക്കുകളും പരിപാലനവുമായി ബന്ധപ്പെട്ട് 2023-24 ൽ നടപ്പിലാക്കിയ പദ്ധതി - Implementation Of Energy Efficient LED Street Light Along With Centralised Control And Monitoring System (CCMS)- നടത്തിപ്പിൽ അപാകതകൾ

തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട J4/51610/21 നമ്പർ ഫയൽ പരിശോധിച്ചതിൽ തിരുവനന്തപുരം നഗരസഭയുടെ 3 ഇലക്ട്രിക്കൽ ഡിവിഷനുകളിലുമായി ഒരു ലക്ഷത്തിൽ പരം തെരുവ് വിളക്കുകൾ ഉള്ളതായും നഗരസഭ ഇവയുടെ പരിപാലനത്തിനായി ലേബർ ചാർജ്ജിനത്തിൽ 2,35,00,000/- രൂപ പ്രതിവർഷം കെ.എസ്.ഇ.ബി യ്ക്ക് നൽകി വരുന്നതായും പരാമർശിച്ചിരിക്കുന്നു. കൂടാതെ 3,47,17,464/- രൂപ എൽ.ഇ.ഡി ലൈറ്റും സ്പെയർ പാർട്സും വാങ്ങുന്നതിനായി പ്രതിവർഷം ചെലവഴിക്കേണ്ടിയും വരുന്നു. തെരുവ് വിളക്ക് 12 മണിക്കൂർ കത്തുന്നു എന്ന കണക്കിൽ പ്രതിവർഷം 7,75,17,144/- രൂപ വൈദ്യുതി ചാർജ്ജിനത്തിലും നഗരസഭയ്ക്ക് ചെലവാകുന്നുണ്ട്. കൃത്യമായി പ്രവർത്തിക്കുന്ന വിളക്കുകൾക്ക് മാത്രം വൈദ്യുത ചാർജ്ജ് അടവാക്കുന്നതിനും സമയബന്ധിതമായി റിപ്പയർ നടത്തി പൊതുജനങ്ങളിൽ നിന്നുള്ള ആക്ഷേപം ഒഴിവാക്കുന്നതിനുമായി 10 വർഷത്തേക്ക് തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിനായി ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി Implementation Of Energy Efficient LED Street Lights In Thiruvananthapuram Corporation എന്ന പദ്ധതിയ്ക്ക് രൂപം നൽകി. പ്രസ്തുത പദ്ധതി ഏതെങ്കിലും ഒരു DPC അംഗീകൃത പ്രോജക്ടിന്റെ ഭാഗമായോ വികസന ഫണ്ട് ഉപയോഗിച്ചോ അല്ല നടപ്പാക്കുന്നത് എന്ന് കാണുന്നു. പ്രസ്തുത പദ്ധതിയുടെ നാൾവഴിയും വിശദാംശങ്ങളും താഴെപ്പറയും വിധമാണ്.

1. നഗരസഭ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി 28.02.2023-ൽ താൽപര്യപത്രം ക്ഷണിക്കുകയും മൂന്ന് ഡിവിഷനുകളിലായി വിവിധ സ്ഥാപനങ്ങളുടെ ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു.

2. 29.07.2023-ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റി ടെണ്ടറുകൾ പരിശോധിച്ച് താഴെപ്പറയുന്ന മൂന്ന് കമ്പനികളെ തെരഞ്ഞെടുത്തു.

സ്ഥാപനം	ഡിവിഷൻ	പ്രതിമാസ തവണ (EMI)
AR Constructions	തിരുവനന്തപുരം	35,92,000/-
PAMIDI Projects	കഴക്കൂട്ടം	32,85,000/-
Alfa Electronics	നെയ്യാറ്റിൻകര	10,70,000/-

3. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 14.09.2023-ലെ 3(ഇ)(142) നമ്പർ തീരുമാനം പ്രകാരം ടി നിരക്ക് അംഗീകരിച്ചു. 12.02.2024-ൽ കമ്പനികളുമായി താഴെപറയുംവിധം കരാറിൽ ഒപ്പിട്ടു.

സ്ഥാപനം	കരാർ നം	തീയതി
AR Constructions	170/OF/23-24	12.02.2024
PAMIDI Projects	171/OF/23-24	12.02.2024
Alfa Electronics	172/OF/23-24	12.02.2024

4. കരാർ പ്രകാരം 10 വർഷത്തേക്ക് ലേബർ കോസ്റ്റ്, മെറ്റീരിയൽ കോസ്റ്റ്, നിലവിലുള്ള എല്ലാ വിളക്കുകളും LED യിലേക്ക് മാറ്റുന്നതിനുള്ള ചെലവ് എന്നിവ എല്ലാം ഏജൻസികൾ തന്നെയാണ് വഹിക്കേണ്ടത്.

5. കരാർ പ്രകാരം 3 ഡിവിഷനുകളിലായി പ്രതിവർഷം 9,53,64,000/- രൂപ പ്രസ്തുത പ്രവർത്തനങ്ങൾക്കായി ചെലവ് വരുന്നതാണ്. ആദ്യഘട്ടത്തിൽ നഗരസഭ തുക ചെലവ് ചെയ്യേണ്ടതും മീറ്ററും CCMS സംവിധാനവും സ്ഥാപിച്ച് വിളക്കുകൾ പ്രവർത്തിപ്പിച്ചതിനു ശേഷം മാത്രം നഗരസഭ മാസാമാസം തുക നൽകിയാൽ മതിയെന്നതുമാണ് കരാർ വ്യവസ്ഥ.

6. നഗരസഭയുടെയും കരാറുകാരന്റെയും നോഡൽ ഓഫീസറായി നഗരസഭയ്ക്ക് ഒരു Chartered Electrical Engineer/Agency യെ നിയമിക്കാവുന്നതാണ്. Implementation Of Energy Efficient LED Street Light Along With Centralised Control And Monitoring System (CCMS) എന്ന പദ്ധതിയുടെ മോണിട്ടറിംഗിനായി ചാർട്ടേഡ് ഏജൻസിയെ നിയമിക്കുന്നതിന് 04.03.2024-ന് താൽപര്യ പത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ L1 ആയി ക്വാട്ട് ചെയ്ത Ottotractions എന്ന ഏജൻസിയെ അംഗീകരിക്കുന്നതിന് 23.09.2024-ന് ബഹു. മേയർ മുൻകൂർ അനുമതി നൽകുകയും തുടർന്ന് 22.10.2024-ൽ Ottotractions എന്ന കമ്പനിയുമായി 3,24,500/- രൂപ പ്രതിമാസ നിരക്കിൽ കരാറിലേർപ്പെട്ടിട്ടുമുണ്ട്. ആയത് പ്രകാരം 50% തുക കരാറുകാരനും ബാക്കി 50% നഗരസഭയും നൽകേണ്ടതാണ്. അതായത് 162250/- രൂപ വീതം നഗരസഭയും കരാറുകാരനും നൽകണം

7. കമ്പനികളുടെ പേരിൽ Escrow Account ആരംഭിച്ച് അതിൽ തുക ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്. ഓരോ മാസവും വിളക്കുകൾ കത്തിച്ച വിവരത്തിന്റെ റിപ്പോർട്ട് ലഭിച്ച് കഴിഞ്ഞാൽ 10 ദിവസം 75% തുകയും പരിശോധിച്ചതിന് ശേഷം 25% തുകയും നൽകേണ്ടതാണ്.

8. കരാർ പ്രകാരം 3 ഡിവിഷനുകളിലുമായി 103906 എണ്ണം വിളക്കുകളാണ് (With CCMS) മാറ്റി സ്ഥാപിക്കേണ്ടത്.

കരാർ ഷെഡ്യൂൾ I പ്രകാരം കമ്പനികൾ നിലവിൽ മാറ്റി സ്ഥാപിക്കേണ്ട തെരുവ് വിളക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. AR Constructions

Street Light Item	Watt	Quanity
Flour. Tube	80	6340
SVL	250	864
Total		**7204**
LED Light	40	3599
LED Light	110	2995
LED Light	35	35866
Total		**42460**
Grand Total		**49664**

2. PAMIDI Projects

Street Light Item	Watt	Quanity
Flour. Tube	40	129
Flour. Tube	80	10301
CFL	22	127
SVL	250	85
CFL	40	71
CFL	18	30
Total		**10743**
LED	18	159
LED	40	3275
LED	45	188
LED	110	1620
LED	35	27604

LED	48	60
LED	24	48
LED	70	35
LED	100	25
Total		**33014**
Grand Total		**43757**

3. Alfa EElectronics

Street Light Item	Watt	Quanity
Flour. Tube	40	485
Flour. Tube	80	2990
CFL	22	70
SVL	250	57
MVL	125	2
MVL	400	3
Flour. Light	1000	4
Total		**3611**
LED	18	144
LED	20	150
LED	35	3427
LED	40	2611
LED	45	300
LED	110	242
Total		**6874**
Grand Total		**10485**

ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. നഗരസഭയുടെ തെരുവ് വിളക്കുകൾ LED ആക്കി മാറ്റി പരിപാലനം നടത്തുന്നതിനായി താൽപ്പര്യപത്രം ക്ഷണിച്ച് വിവിധ പത്രങ്ങളിൽ പരസ്യം നൽകിയതായി E3/J4/51610/21-ാം നമ്പർ ഫയലിലെ 02.07.2022-ലെ നോട്ടിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത പത്രപരസ്യങ്ങളുടെ പകർപ്പ്, പ്രവൃത്തിയുടെ സ്പെസിഫിക്കേഷൻ, കാലയളവ്, നിരക്ക് മുതലായ വ്യവസ്ഥകൾ പരാമർശിക്കുന്ന ടെണ്ടർ പരസ്യത്തിന്റെ പകർപ്പ്, ലഭ്യമായ ടെണ്ടറുകളുടെ വിശദാംശങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

2. തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ ലഭ്യമാക്കിയ ഇലക്ട്രിക് ഉപകരണങ്ങളുടെ ക്ഷമത, ഏത് ആധികാരിക സ്ഥാപനമാണ് സാക്ഷ്യപ്പെടുത്തിയത് എന്നീ വിവരങ്ങൾ ലഭ്യമാക്കിയില്ല.

3. 2023-24 സാമ്പത്തിക വർഷം പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി തനതു ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.

4. പ്രതിവർഷം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനും LED Lights & Spare Parts വാങ്ങുന്നതിനുമായി 58217464/- രൂപയും വൈദ്യുതി ചാർജ്ജിനത്തിൽ 7 കോടിയിലധികം രൂപയും നഗരസഭ KSEB-യ്ക്ക് നൽകി വരുന്നതിനാൽ പ്രസ്തുത ചെലവിൽ കുറവ് വരുത്തുക എന്ന ഉദ്ദേശത്തോടെയാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ 12.02.2024 ൽ നിലവിൽ വന്ന കരാർ പ്രകാരം നഗരസഭയുടെ 3 ഡിവിഷനിലുമായി Street Light Replacement നായി 3 കരാർ കമ്പനികൾക്കായി പ്രതിവർഷം 95364000/- രൂപയോളം ചെലവഴിക്കേണ്ടതായി വരുന്നുണ്ട്. ഇത് കൂടാതെ പ്രവൃത്തി മോണിട്ടർ ചെയ്യുന്ന ചാർട്ടേഡ് എഞ്ചിനീയർക്ക് നഗരസഭയുടെ വിഹിതമായി 1,62,250/- രൂപ പ്രതിമാസ നിരക്കിൽ 1 വർഷത്തേക്ക് 19,47,000/- രൂപ നൽകേണ്ടതുണ്ട്. കൂടാതെ വൈദ്യുതി ചാർജ്ജും അടവാക്കേണ്ടതുണ്ട്. കരാർ പ്രകാരമുള്ള മാറ്റി സ്ഥാപിക്കൽ 10%ൽ അധികമായാൽ പ്രോറാറ്റാ അധിക നിരക്ക് നൽകേണ്ടതായും വരുന്നുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി നിർവഹണം കൊണ്ട് നഗരസഭയ്ക്ക് എന്തെങ്കിലും സാമ്പത്തിക ലാഭം ഉള്ളതായി കാണുന്നില്ല. വിശദമായ പഠനം നടത്തിയിട്ടാണോ പദ്ധതി നടപ്പിലാക്കിയത് എന്നത് വ്യക്തമല്ല. ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5. ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനും സമയബന്ധിതമായി പ്രവൃത്തി നടപ്പിലാക്കുന്നതിനും (സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്) വേണ്ടിയാണ് ഇപ്രകാരം 3 കമ്പനികൾക്ക് കരാർ നൽകിയിട്ടുള്ളത്. എന്നാൽ നെയ്യാറ്റിൻകര ഡിവിഷനിലെ ആൽഫാ ഇലക്ട്രോണിക്സ് മാത്രമാണ് സമയബന്ധിതമായി കരാർ പൂർത്തീകരിച്ചതായി കാണുന്നത്. ഈ കരാർ കമ്പനിയും എഗ്രിമെന്റ് പ്രകാരം മാറ്റി സ്ഥാപിക്കേണ്ട 10485 ലൈറ്റുകൾക്ക് പകരം 8389 വിളക്കുകൾ മാത്രമേ മാറ്റി സ്ഥാപിച്ചിട്ടുള്ളൂ. പ്രസ്തുത കമ്പനിക്ക് ഏതെങ്കിലും തുക നൽകിയിട്ടുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

6. 3 കമ്പനികളുമായി കരാറിൽ ഏർപ്പെട്ടത് 12.02.2024-നാണ്. കരാറിൽ ഏർപ്പെട്ട് 6 മാസത്തിനകം എല്ലാ വിളക്കുകളും LED-ലേക്ക് മാറ്റേണ്ടതാണ്. ആദ്യ 3 മാസം കരാർ പ്രകാരം ചെയ്യേണ്ട പ്രവൃത്തിയുടെ 50% ഉം ബാക്കി 50% പിന്നീടുള്ള 3 മാസത്തിനകവും ചെയ്യേണ്ടതാണ്. എന്നാൽ ഇത് പാലിച്ചിട്ടില്ല. AR Constructions, PAMIDI Projects എന്നീ സ്ഥാപനങ്ങൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നതിനാൽ 30.01.2025-ലെ തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് ബഹു. മേയറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രവൃത്തി

പൂർത്തീകരിക്കാത്ത AR Constructions,PAMIDI Projects എന്നീ കമ്പനികൾക്കെതിരെ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ട്. തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

7. PAMIDI Projects ന് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 30.01.2025-വരെ സമയം അനുവദിച്ചെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ, ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റിയുടെ 04.02.2025-ലെ യോഗത്തിൽ AR Constructions- നുമായുള്ള കരാർ റദ്ദു ചെയ്യുന്നതിന് തീരുമാനിച്ചു. തുടർനടപടികൾ ഫയലിൽ ഇല്ല.

8. കരാർ വ്യവസ്ഥ 2.3(A) അനുസരിച്ച് വ്യവസ്ഥകൾ ലംഘിച്ചാൽ പെനാൽറ്റി ഈടാക്കേണ്ടതാണ്. ഇതിനുള്ള നടപടി സ്വീകരിച്ചതായുള്ള വിവരം ലഭ്യമല്ല.

9. കരാർ വ്യവസ്ഥ 4.1.1 പ്രകാരം കരാറിലേർപ്പെട്ട് 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ കരാറിലേർപ്പെട്ട് 1 വർഷത്തിന് ശേഷവും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

10. കരാർ വ്യവസ്ഥ 20.2 അനുസരിച്ച് കരാറുകാരന്റെ വീഴ്ച മൂലം പ്രവൃത്തി പൂർത്തിയാക്കാതെ വന്നാൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കണം. 3 മാസത്തെ EMI കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

11. കരാർ വ്യവസ്ഥ 13.3.1 അനുസരിച്ച് 8 മാസത്തിന് ശേഷം ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കി 2 മാസം കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സമയം നൽകാം. എന്നാൽ ഇവിടെ പിഴ ഈടാക്കിയിട്ടില്ല.

മറ്റ് അപാകങ്ങൾ താഴെപ്പറയുന്നു.

(എ) തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള 07.07.2010ലെ 43742/സിസി3/2010/തസ്വഭവ നമ്പർ സർക്കുലറിലും വൈദ്യുതി ബോർഡ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി പ്രോജക്ട് നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നു. 12.03.2013-ലെ 65529/ഡിസി.3/12/തസ്വഭവ നമ്പർ സർക്കുലറിൽ മീറ്ററിംഗ് സംവിധാനത്തിനോട് കൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ ഏർപ്പെടുത്തുന്നതിനും ടെക്നിക്കൽ സഹായം KSEB നൽകുന്നതിനും നിർദ്ദേശിച്ചിരുന്നതാണ്. ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകുകയും തുടർന്ന് സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പാക്കുകയും ചെയ്യാനുമാണ് നിർദ്ദേശിച്ചിരുന്നത്. ഈ നിർദ്ദേശം നിലവിലിരിക്കെ KSEB മുഖേന CCMS നടപ്പിലാക്കാൻ നഗരസഭ ശ്രമിച്ചിട്ടില്ല.

(ബി) തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പിന്റെ 15.09.2011-ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലറിൽ കോൺട്രാക്ട് മുഖേന തെരുവ് വിളക്കുകളുടെ പരിപാലനം നിർവ്വഹിക്കുന്നതിന് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം KSEB യുടെ അംഗീകാരമില്ലാതെ കരാറുകാരൻ/നഗരസഭ പുതുതായോ, സ്ഥിരമായോ തെരുവ് വിളക്ക് സ്ഥാപിക്കാൻ പാടില്ല. ആയതിന് KSEB യ്ക്ക് സൂപ്പർവിഷൻ ചാർജ്ജ് നൽകേണ്ടതാണ്. എന്നാൽ കരാറുകാർ ഇത് പാലിച്ചിട്ടില്ല.

(സി) തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയ്ക്കുള്ള KSEB എഞ്ചിനീയറുടെ 09.09.2024-ലെ ജിബി/സേഫ്റ്റി/2024-25 നമ്പർ കത്തിൽ AR Constructions എന്ന സ്ഥാപനത്തിലെ ജീവനക്കാർ ഗുരുതര വീഴ്ച വരുത്തുന്നതായും, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ KSEB യുടെ പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യാൻ ഈ സ്ഥാപനത്തിലെ ജീവനക്കാർക്ക് അനുമതി നൽകുന്നതല്ല എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നഗരസഭ തുടർനടപടി സ്വീകരിച്ചിട്ടില്ല.

KSEB യുടെ നിയന്ത്രണത്തിൽ നടപ്പിലാക്കേണ്ട പ്രവൃത്തിയിൽ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെ പ്രവൃത്തി നിർവ്വഹിക്കുന്നത് ഈ കമ്പനിയുടെ പ്രവൃത്തി നിർവഹണത്തിലെ കാര്യക്ഷമതയും വിശ്വാസ്യതയും നഷ്ടപ്പെടുത്തുന്നതായി കാണുന്നു. ഇത്തരം ഒരു പ്രോജക്ടിന് രൂപം നൽകിയപ്പോൾ വേണ്ടത്ര വിശകലനം നടത്തുകയോ യോഗ്യതയുള്ള കമ്പനികളെ തെരഞ്ഞെടുക്കുന്നതിനോ KSEB-യിൽ നിന്നും ആവശ്യമായ സേവനം ലഭ്യമാക്കുന്നതിനോ നഗരസഭ ശ്രമിച്ചിട്ടില്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.243/കെ.എസ്.എ/ടിവിസി.7/2024, തീയതി.10.03.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അപാകങ്ങൾ സംബന്ധിച്ച മറുപടിയും ആവശ്യപ്പെട്ട വിശദാംശങ്ങളും ലഭ്യമാക്കുന്നതോടൊപ്പം ചെലവ് തുകയുടെ ആധികാരികത കൂടി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. നഗരസഭയുടെ അനിവാര്യ ചുമതലയിൽപ്പെടുന്ന സുപ്രധാന വിഷയമായ തെരുവ് വിളക്ക് പരിപാലനത്തിലെ ജാഗ്രതക്കുറവ്, ഉത്തരവാദിത്തമില്ലായ്മ എന്നിവ ഗൗരവതരമായ അപാകതയായി വിലയിരുത്തുന്നു.
തെരുവ് വിളക്കുകളുടെ പരിപാലനം എന്ന പദ്ധതിയിൽ കൃത്യമായി പ്രവൃത്തി നടപ്പിലാക്കി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള മികവോ പ്രവൃത്തി പരിചയമോ വിലയിരുത്താതെ ഏജൻസികളെ തെരെഞ്ഞെടുത്ത് കരാർ ചമച്ചത് നഗരസഭയുടെ ഈ വിഷയത്തിലുള്ള ജാഗ്രതക്കുറവ് വ്യക്തമാക്കുന്നതിനാൽ ഓഡിറ്റിൽ ഗൗരവതരമായി വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധപതിയേണ്ടതും തുടർ വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

1-28 മുൻകൂറായി നൽകിയ 1,78,62,100/- രൂപ ക്രമീകരിച്ചിട്ടില്ല

നഗരസഭയുടെ 2023-24 കാലയളവിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ ഉദ്യോഗസ്ഥർക്ക് വിവിധ ആവശ്യങ്ങൾക്കായി നൽകിയ അഡ്വാൻസ് തുകകൾ യഥാസമയം ക്രമീകരിക്കാതെ നിൽക്കുന്നു.04.11.2011 ലെ സ.ഉ (പി)419/11/ധന നം ഉത്തരവ്, കേരള ഫിനാൻഷ്യൽ കോഡ് ഭാഗം 99 (1) പ്രകാരം ആകസ്മിക ചെലവുകൾക്കായി അനുവദിച്ച മുൻകൂർ തുകകൾ മൂന്ന് മാസത്തിനുള്ളിൽ ഫൈനൽ ബിൽ സമർപ്പിച്ച് ക്രമീകരിക്കേണ്ടതാണ്. എന്നാൽ നഗരസഭയുടെ 2023-24 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ക്രമീകരിക്കാത്ത തുകകളുടെ വിവരം സംബന്ധിച്ച് നൽകിയ 07.03.2025 ലെ നം.241/കെ.എസ്.എ/ടി.വി.സി 12/2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. 2007 ലെ കേരള കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 31 ലും അഡ്വാൻസ് തുകകൾ ചെലവ് നടന്നാലുടൻ ക്രമീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.എന്നാൽ 2024 മാർച്ച 31 വരെ നൽകിയ തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ അനുബന്ധം(30-I) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II) **മുൻകൂർ നൽകിയ തുക കാലാവധി കഴിഞ്ഞ് തിരിച്ച് അടച്ചിരിക്കുന്നു - പലിശ ഈടാക്കിയിട്ടില്ല**

കേരള ഫിനാൻഷ്യൽ കോഡ് ഭാഗം 99 (2) പ്രകാരം ആകസ്മിക ചെലവുകൾക്കായി അനുവദിച്ച മുൻകൂർ തുകകൾ മൂന്ന് മാസത്തിനുള്ളിൽ ഫൈനൽ ബിൽ സമർപ്പിച്ച ക്രമീകരിക്കേണ്ടതും വീഴ്ച്ച വരുത്തിയാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അനുവദിച്ച തീയതി മുതൽ തിരികെ ഒടുക്കുന്ന തീയതി വരെ 18% പലിശ ഉൾപ്പെടെ തിരികെ ഈടാക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിലെ അഡ്വാൻസ് രജിസ്റ്റർ

പരിശോധിച്ചതിൽ ചുവടെ ചേർക്കുന്നവരിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല. പലിശ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ അഡ്വാൻസ് തുക ക്രമീകരിക്കുമ്പോൾ നിയമപ്രകാരമുള്ള തുക ഈടാക്കുവാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.വിശദാംശങ്ങൾക്ക് അനുബന്ധം(30-II) കാണുക.

III) മുൻവർഷം അഡ്വാൻസായി നൽകിയ 3709600/- രൂപ തൻവർഷവും ക്രമീകരിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അഡ്വാൻസ് തുക നാളിതുവരെയും ക്രമീകരിക്കാത്തവരുടെ വിവരം അനുബന്ധം(30-III) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ തുകകൾ ഉത്തരവാദിയായവരിൽ നിന്നും പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സാമ്പത്തിക ക്രമക്കേടായി കണക്കാക്കി നിയമാനുസൃത നടപടി സ്വീകരിക്കുന്നതിനായി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

1-28-1 വിവിധ ചെലവുകൾക്ക് മുൻകൂറായി അനുവദിച്ച തുക ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല - 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

1. നഗരസഭയുടെ ഉടമസ്ഥതയിലുള്ള സാക്ഷാത്ക്കാരത്തിന്റെ (യാചക പുനരധിവാസ കേന്ദ്രം) പരിപാലനവുമായി ബന്ധപ്പെട്ട് അന്തേവാസികൾക്ക് ആവശ്യമായ മരുന്നുകൾ, യാത്രാചെലവുകൾ, ദിനപ്പത്രത്തിന്റെ മാസവരി, കേബിൾ കണക്ഷനുള്ള മാസവരി, 10,000/- രൂപ വരെയുള്ള റിപ്പയർ, മെയിന്റനൻസ് ഉൾപ്പെടെയുള്ള മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനായി ചാർജ്ജ് ഓഫീസറുടെ പേരിൽ 1,00,000/- രൂപ സ്റ്റാന്റിംഗ് അഡ്വാൻസായി അനുവദിച്ച് നൽകിയിട്ടുണ്ട് (വൗച്ചർ നം. 22302234, ചെക്ക് നം. 675035/20.07.2023).
സാക്ഷാത്ക്കാരം ചാർജ്ജ് ഓഫീസറുടെ പേരിൽ സാക്ഷാത്ക്കാരത്തിനായി ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ ടി തുക നിക്ഷേപിച്ച് ചെലവഴിക്കേണ്ടതാണെന്നും ചെലവുകൾ സംബന്ധിച്ച ബില്ലുകളും വൗച്ചറുകളും ചെലവ് രജിസ്റ്ററിൽ ചേർക്കേണ്ടതും ടി ബില്ലുകളും വൗച്ചറുകളും സിറ്റി പ്രോജക്ട് ഓഫീസർ സാക്ഷ്യപ്പെടുത്തി ചെലവുകൾ ക്രമീകരിക്കേണ്ടതും, 6 മാസത്തിലൊരിക്കൽ ചെലവ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുഖേന കൗൺസിലിൽ സമർപ്പിച്ച് ചെലവുകൾ സാധൂകരിക്കേണ്ടതാണെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറിയുടെ 07.07.2023-ലെ UPA1/53369/12(C) നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുൻകൂർ ക്രമീകരിച്ചതു സംബന്ധിച്ച വിശദാംശങ്ങളൊന്നും എൻക്വയറി നം.145/കെ.എസ്.എ/ടിവിസി.8/2024,തീയതി.08.01.2025 മുഖേന ആവശ്യപ്പെട്ടുവെങ്കിലും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-28-2 മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല-7,00,000രൂപ തടസ്സപ്പെടുത്തുന്നു

തിരുവനന്തപുരം നഗരസഭാ പ്രദേശത്ത് മഴക്കാല പൂർവ്വ ശുചീകരണവും, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബഹു.മേയറുടെ 28.04.2022, 27.05.2022 എന്നീ തീയതികളിലെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ, നഗരസഭാ സെക്രട്ടറിയുടെ 28.04.2022, 01.06.2022-ലെ ഉത്തരവ് നടപടികൾ പ്രകാരം രണ്ട് ഘട്ടങ്ങളിലായി 1,00,000/- രൂപ തനത് ഫണ്ടിൽ നിന്ന് ചുവടെ പറയുന്ന ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് മുൻകൂറായി അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

HI യുടെ പേര്	വാർഡ് നം	അനുവദിച്ച തുക
Sri.Sankarmani.K	78	100000
Sri. Sajeev Kumar.S	85	100000
Smt. Rajeswari.R.V	80	100000
Sri. Ajeesh Kumar.T.S	84	100000
Sri. Sajeev Kumar.S	82	100000
Sri. Arun.S.Nair	83	100000
Smt. Sreelatha.L	58	100000
ആകെ		**700000**

മുൻകൂറുകൾ അനുവദിച്ചു നൽകിയ ചെക്ക് നം./വൗച്ചർ നം./തീയതി എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.191/കെ.എസ്.എ/ടിവിസി.8/2024, തീയതി. 12.02.2025, (നം. 145/കെ.എസ്.എ/ടിവിസി.8/2024, തീയതി.08.01.2025) മറുപടി ലഭ്യമാക്കുകയോ, പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും പരിശോധനയ്ക്കായി ലഭ്യമാക്കുകയോ, മുൻകൂർ തുക ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 7,00,000/- രൂപയുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-28-3 മുൻകൂറുകൾ ക്രമീകരിക്കൽ-81000 രൂപ തടസപ്പെടുത്തുന്നു

നഗരസഭ തനത് ഫണ്ടിൽ നിന്ന് ചുവടെ സൂചിപ്പിക്കുന്ന വിവിധ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി മുൻകൂറുകൾ അനുവദിച്ചിട്ടുണ്ട്.

ക്രമ നം.	പദ്ധതിയുടെ പേര്	അനുവദിച്ച തുക	ചെക്ക് നം./ തീയതി	മുൻകൂർ അനുവദിച്ചു കിട്ടിയ ഉദ്യോഗസ്ഥൻ
1	Tree Cutting – Nemom Zonal Office	29500	675108/ 29.07.2023	Sri. Pratheesh Kumar.G, JHI
2	KL-01-BT-4353 – Swift Dezire – ബാറ്ററി വാങ്ങിയത്	7500	131568/ 05.07.23	Sri. Hareesh Kumar.M, Main Garrage Supervisor

3	അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിന് (Smt. Arya.K, Thirumala Ward)	2000	131569/ 05.07.2023	Sri. Mahesh.G.Nair, Public Works Overseer
4	Tree Cutting Jagathy Circle	7000	131571/ 05.07.2023	Sri.Anil Kumar.R, HI, Jagathy
5	Tree Cutting, മണക്കാട്, കുര്യാത്തി MSK നഗർ കോളനി	30000	675019/ 19.07.2023	Sri. Shaj Subhash, HI, Manacaud
6	അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് (Sri. Anilkumar.A.S, Thirumala Ward)	5000	131575/ 05.07.2023	Sri. Mahesh.G.Nair, Public Works Overseer
	ആകെ	**81000**		

മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 176/കെ.എസ്.എ/ടി.വി.സി.8/2024. തീയതി.30.01.2025,) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ ചെലവ് തുകയായ 81,000/- രൂപ തടസ്സപ്പെടുത്തുന്നു.

04.10.20211-ലെ സ.ഉ (പി) നം. 419/11/ധന ഉത്തരവ് പ്രകാരം ആകസ്മിക ചെലവുകൾക്കായി അനുവദിക്കുന്ന മുൻകൂർ തുകകൾ മൂന്ന് മാസത്തിനുള്ളിൽ ഫൈനൽ ബിൽ സമർപ്പിച്ച് ക്രമവൽക്കരിക്കേണ്ടതും ആയതിന് വീഴ്ച വരുത്തിയാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും ആയത് അനുവദിച്ചതു മുതൽ തിരികെ ഒടുക്കുന്ന തീയതി വരെ 18% പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നു. മുൻകൂർ തുകകൾ യഥാസമയം ക്രമവൽക്കരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ആവശ്യമായ ബില്ലുകളോ, വൗച്ചറുകളോ, മുൻകൂർ രജിസ്റ്ററോ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. മുൻകൂറുകൾ യഥാസമയം ക്രമവൽക്കരിച്ചിട്ടില്ലെങ്കിൽ 18% പിഴ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-29 വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങൾ - നഗരസഭയിൽ കൃത്യമായ കണക്കില്ല.

തിരുവനന്തപുരം നഗരസഭയുടെ ഉടമസ്ഥതയിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വ്യത്യസ്തതരം വാഹനങ്ങൾ ഉണ്ട്. നഗരസഭ മെയിൻ ഓഫീസ് മിനി ഗ്യാരേജ്, ഫോർട്ട് മെയിൻ ഗ്യാരേജ്, ശാന്തികവാടം ശ്മശാനം, വിവിധ ഹെൽത്ത് സർക്കിളുകൾ എന്നിവിടങ്ങളിലായാണ് വാഹനങ്ങൾ സൂക്ഷിച്ചിരിക്കുന്നത്. 2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ചട്ടങ്ങൾ ചട്ടം (3)(1) പ്രകാരം നഗരസഭയുടെ എല്ലാ വാഹനങ്ങളുടെയും കസ്റ്റോഡിയൻ ഓഫീസർ സെക്രട്ടറിയാണ്. ചട്ടം (3)(3) പ്രകാരം സെക്രട്ടറിയ്ക്ക് (1)-ാം ഉപചട്ട പ്രകാരം തന്നിൽ നിക്ഷിപ്തമാക്കിയിട്ടുള്ള അധികാരങ്ങൾ എഞ്ചിനീയർ, ഹെൽത്ത് ഓഫീസർ, ടൗൺ പ്ലാനിംഗ് ഓഫീസർ, റവന്യൂ ഓഫീസർ മുതലായവർക്ക് ഏൽപ്പിച്ച് കൊടുക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ അധികാരങ്ങൾ ഏൽപ്പിച്ചു കൊടുത്തു കൊണ്ടുള്ള ഉത്തരവോ നടപടിക്രമമോ ലഭ്യമല്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുഴുവൻ വാഹനങ്ങളുടെയും വിശദാംശങ്ങൾ ലഭിക്കുന്നതിന് ഒരു ഏകീകൃത സംവിധാനം നഗരസഭയിൽ ഇല്ല. ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടി, വിവിധ പരിശോധനകളിലൂടെ കണ്ടെത്തിയത്, നഗരസഭയുടെ ഭരണറിപ്പോർട്ട് എന്നിവ പ്രകാരമെല്ലാം വ്യത്യസ്ത കണക്കുകളാണ് ലഭ്യമായത്.

നഗരസഭ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിലുള്ള വാഹനങ്ങൾ, വിവിധ മാസങ്ങളിലെ വൗച്ചറുകൾ, E15 സെക്ഷനിൽ നിന്നും ലഭ്യമായ വിവരങ്ങൾ, പെട്രോൾ, ഡീസൽ, ഓയിൽ രജിസ്റ്റർ എന്നിവയുടെ പരിശോധനയിലൂടെ കണ്ടെത്തിയ വാഹനങ്ങൾ, അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട് പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ, കരാർ/വാടകയ്ക്ക് എടുക്കുന്ന വാഹനങ്ങളുടെ വിശദാംശം, നഗരസഭയിൽ സേവനമനുഷ്ഠിക്കുന്ന ഡ്രൈവർമാരുടെ വിവരം, പുതിയതായി വാങ്ങിയ വാഹനങ്ങളുടെ വിശദാംശം, ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ, രജിസ്റ്ററുകളുടെ പരിപാലനം, ഇൻഷ്വറൻസ് പുതുക്കിയിട്ടില്ലാത്ത വാഹനങ്ങൾക്ക് ഉദാഹരണങ്ങൾ, വാർഷിക ധനകാര്യ പത്രിക പ്രകാരം വാഹനങ്ങളുമായി ബന്ധപ്പെട്ട് അറ്റകുറ്റപണി, ഇന്ധനം എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഓഡിറ്റ് എൻക്വയറികൾ നൽകിയതിന്റെ വിവരം, സ്ഥലപരിശോധനയുടെ വിശദാംശങ്ങൾ, വാഹനപരിപാലനവുമായി ബന്ധപ്പെട്ട ഓഡിറ്റ് നിർദ്ദേശങ്ങൾ എന്നിവ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു

I) നഗരസഭ ലഭ്യമാക്കിയ കണക്ക് പ്രകാരമുള്ള വാഹനങ്ങൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുഴുവൻ വാഹനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.59/കെ.എസ്.എ./റ്റി.വി.സി.5/2024 തീ.01.10.2024) ലഭ്യമാക്കിയ മറുപടി പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിൽ 114 വാഹനങ്ങളാണ് ഉള്ളത്.

. മെയിൻ ഓഫീസ് മിനി ഗ്യാരേജ് -32
. ഫോർട്ട് മെയിൻ ഗ്യാരേജ് -74
. ശാന്തികവാടം ശ്മശാനം -8

നഗരസഭ ലഭ്യമാക്കിയ മറുപടി പ്രകാരം വാഹനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

A) ഫോർട്ട് മെയിൻ ഗ്യാരേജ്

Leyland/Eicher Covered Tipper Lorry

ക്രമ നം.	വാഹനത്തിന്റെ നമ്പർ/മോഡൽ	വാങ്ങിയ വർഷം	ആകെ സഞ്ചരിച്ച ദൂരം	എന്താവശ്യത്തിനാണ് ഉപയോഗിക്കുന്നത്
1	KL01 AX 4583	2010	60494	CF റിപ്പോർട്ട് ചെയ്തിരിക്കുന്നു. നിലവിൽ ഉപയോഗിക്കുന്നില്ല
2	KL01 AX 7586	2010	89746	"
3	KL01 AX 9307	12.04.2010	81229	നിലവിൽ ഉപയോഗത്തിൽ ശുചീകരണം

4	KL01 AY 0465	26.04.2010	81617.5	നിലവിൽ ഉപയോഗിക്കുന്നില്ല
5	KL01 AY 1456	2010	78592	CF റിപ്പോർട്ട് ചെയ്തിരിക്കുന്നു.
6	KL01 AY 2614	2010	74964.5	CF റിപ്പോർട്ട് ചെയ്തിരിക്കുന്നു.
7	KL01 AY 3214	2010	67764	CF റിപ്പോർട്ട് ചെയ്തിരിക്കുന്നു.
8	KL01 AY 4373	2010	60477	CF റിപ്പോർട്ട് ചെയ്തിരിക്കുന്നു.
9	KL01 AY 6485	2010	69047	CF റിപ്പോർട്ട് ചെയ്തിരിക്കുന്നു.
10	KL01 AY 7316	2010	52550	CF റിപ്പോർട്ട് ചെയ്തിരിക്കുന്നു.
Tractor				
11	KL01 CP 4868	16.06.2020	323 (Hr)	കട്ടിംഗ് മെഷീൻ, ബ്ലേഡ് തകരാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.
12	KL01 AU 1054	05.11.2008	6231 (Hr)	നിലവിൽ ഉപയോഗിക്കുന്നില്ല
Pickup Van				
13	KL01 AZ 8745	22.11.2010	88615	ഗ്യാരേജിലെ ബ്രേക്ക് ഡൗൺ സർവ്വീസിന് ഉപയോഗിക്കുന്നു
14	KL01 BU 5593	12.08.2015	65983	വർക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നു. 17.08.2024 വരെ ഉപയോഗത്തിൽ
Tanker Lorry (Septage)				
15	KL01 BB 1185 (Septage ശേഖരണ വാഹനം)	2011	188614	02.11.2020 വരെ ഉപയോഗത്തിൽ, CF റിപ്പോർട്ട് ചെയ്തിരിക്കുന്നു
16	KL01 BB 1243 (Septage ശേഖരണ വാഹനം)	2011	219525	27.02.2020 വരെ ഉപയോഗിച്ചു, CF റിപ്പോർട്ട് ചെയ്തിരിക്കുന്നു
17	KL01 BB 1279 (Septage ശേഖരണ വാഹനം)	2011	186932	15.03.2020 വരെ ഉപയോഗത്തിൽ, CF റിപ്പോർട്ട് ചെയ്തിരിക്കുന്നു
18	KL01 CM 5047 (Septage ശേഖരണ വാഹനം)	27.09.2019	83980	വർക്ക്ഷോപ്പിൽ സൂക്ഷിച്ചിരിക്കുന്നു
19	KL01 CM 5048 (Septage ശേഖരണ വാഹനം)	27.09.2019	16466	ഉപയോഗയോഗ്യമാണ്
20	KL01 BJ 6081 (Septage ശേഖരണ വാഹനം)	03.01.2013	90074	റിപ്പയർ റിപ്പോർട്ട് ചെയ്തിരിക്കുന്നു
21	KL01 CM 5079	27.09.2019	68025	21.11.2024 വരെ ഉപയോഗത്തിൽ
JCB/Excavator				
22	KL01 AZ 4053	25.09.2010	24486(Hr)	ശുചീകരണം
23	KL01 CU 9852	24.05.2022	418035(Hr)	ശുചീകരണം
24	KL01 CU 9853		41745(Hr)	ശുചീകരണം
25	TMX 20 Hitachi Mini	Poclainer	1656(Hr)	28.01.2022 വരെ ഉപയോഗത്തിൽ
Open Tipper				
26	KL01 BB 1192	31.03.2011	82111.5	ശുചീകരണം, നിലവിൽ CF റിപ്പോർട്ട് ചെയ്തിരിക്കുന്നു
27	KL01 BB 1283	31.03.2011	126049	ശുചീകരണം
28	KL01 CU 5911	06.04.2022	22851	ശുചീകരണം, CF റിപ്പോർട്ട് ചെയ്തിരിക്കുന്നു
29	KL01 CU 5915	06.04.2022	23867	ശുചീകരണം, CF റിപ്പോർട്ട് ചെയ്തിരിക്കുന്നു
Compactor				
30	KL01 BB 3444	2010	29438	നിലവിൽ ഉപയോഗത്തിൽ ഇല്ല (02.10.2014 വരെ ഉപയോഗത്തിൽ)

31	KL01 BB 3463	2010	28978	നിലവിൽ ഉപയോഗത്തിൽ ഇല്ല. 09.06.2012 വരെ ഉപയോഗത്തിൽ
32	KL01 AY 2263 (Road Sweeping Machine)	2010		നിലവിൽ ഉപയോഗത്തിൽ ഇല്ല
Water Tanker Lorry				
33	KL01 BA 1338	20.12.2010	221484	കുടിവെള്ള വിതരണം
34	KL01 BB 1299	2010	58665	CF റിപ്പോർട്ട് ചെയ്തിരിക്കുന്നു, കുടിവെള്ള വിതരണം
35	Kl01 BB 1245	2011	92576	CF റിപ്പോർട്ട് ചെയ്തിരിക്കുന്നു
36	KL01 BB 1301	2011	13740	CF റിപ്പോർട്ട് ചെയ്തിരിക്കുന്നു
37	KL01 BF 0992	27.03.2012	45012	എഞ്ചിൻ തകരാർ, വർക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നു
38	KL01 CZ 6744	04.10.2023	23041	നിലവിൽ ഉപയോഗത്തിൽ, കുടിവെള്ള വിതരണം
39	KL01 CZ 7238	10.10.2023	26617	നിലവിൽ ഉപയോഗത്തിൽ, കുടിവെള്ള വിതരണം
Electric Scooter				
40	KL01 DA 1178	21.11.2023	5800	ഓഫീസ് ഉപയോഗം

ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ

Leyland/Eicher Covered Tipper Lorry

ക്രമ നം.	വാഹനത്തിന്റെ നമ്പർ/ മോഡൽ	വാങ്ങിയ വർഷം	ആകെ സഞ്ചരിച്ച ദൂരം	എന്താവശ്യത്തിനാണ് ഉപയോഗിക്കുന്നത്
1	KL01 AP 9210	2006	245430	നിലവിൽ ഉപയോഗത്തിലില്ല, 15 വർഷ കാലാവധി പൂർത്തിയാക്കി
2	KL01 AP 9212	2006	172903	"
3	KL01 AP 9134	2006	184735	"
4	KL01 AP 9159	2006	155606	"
5	KL01 AR 0672	2007	164721	"
6	KL01 AR 0673	2007	134012	"
7	KL01 AR 2998	2007	266770	"
8	KL01 AP 9197	2006	208871	"
9	KL01 AG 0645	2004	216620	"
10	KL01 AG 0592	"	134954	"
11	KL01 AG 0665	"	228465.5	"
12	KL01 AF 7035	"	299790	"
13	KL01 AF 8626	"	171233	"
14	KL01 AF 8642	"	244243	"
15	KL01 AF 8631	"	232271	"
16	KL01 AV 3707	"	60512	"
Mahindra Tractor				
17	KL01 AU 0989	2008	5082 (Hr)	"
Tanker Lorry (Septage)				
18	KL01 AF 9509	2004	441722	"
Pickup Van				
19	KL01 AS 8193	2008	91109	"
JCB/Excavator				
20	KL01 AU 8847	2009	15696	"
21	KL01 N 10	1998	6051	"
22	KL01 AU 8853	2009	15002	"
Open Tipper				

23	KL01 AV 3690	2009	127386	"
24	Sheep Foot Roller	ലഭ്യമല്ല	9201	"
Water Tanker Lorry				
25	KL01 AW 1026	25.08.2009	233118	"
26	KL01 AW 1062	2009	236466	"
27	KL01 AW 5383	2009	173856	"
28	KL01 AR 5648	2007	221791	"
29	KL01 AG 0626	2004	40398	"
30	KL01 AG 0691	2004	189807	"
31	KL01 AG 5660	2005	235736	"
32	KL01 AM 1474	2006	162202	"
Road Roller				
33	KL01 L 316	1997		ഉപയോഗത്തിലില്ല
Mahindra Bolero				
34	KL229749			കഴക്കൂട്ടം സോണലിൽ സൂക്ഷിച്ചിരിക്കുന്നു

B)മെയിൻ ഓഫീസ് മിനി ഗ്യാരേജ്

ക്രമ നം.	വാനത്തിന്റെ നം./മോഡൽ	വാങ്ങിയ വർഷം	ആകെ സഞ്ചരിച്ച ദൂരം (കി.മീ)	നിലവിൽ എന്താവശ്യത്തിനാണ് ഉപയോഗിക്കുന്നത്
1	KL01 CD 7949 ഇന്നോവ ക്രിസ്റ്റ	2017	53187	ബഹു: മേയറുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു.
2	KL01 CS 3979 ഹോണ്ട സിറ്റി	2021	78363	ബഹു: ഡെപ്യൂട്ട മേയറുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു.
3	KL01 CS 3965 ഹോണ്ടസിറ്റി	2021	44000	ബഹു: സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു.
4	KL01 BT 4353 സ്വിഫ്റ്റ് ഡിസയർ	2015	147246	ബഹു. ഹെൽത്ത് ചെയർപേഴ്സന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു
5	KL01 BT 4237 സ്വിഫ്റ്റ് ഡിസയർ	2015	169820	ബഹു. മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു
6	KL01 BT 4296 സ്വിഫ്റ്റ് ഡിസയർ	2015	129502	ബഹു. നഗരാസൂത്രണകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു
7	KL01 BD 4847 സ്വിഫ്റ്റ് ഡിസയർ	2011	15682	ബഹു. നികുതി അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു
8	KL01 BK 9054 ബൊലേറോ	2013	195818	ബഹു. വിദ്യാഭ്യാസ – കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു
9	KL01 DC 4920 ബൊലേറോ	2024	9832	ബഹു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കും ഹെൽത്ത് രാത്രികാല സ്ക്വാഡ് ഡ്യൂട്ടിയ്ക്കും ഉപയോഗിച്ച് വരുന്നു
10	KL01 DC 4933	2024	7674	ബഹു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു. ഹെൽത്ത് രാത്രികാല സ്ക്വാഡ് ഡ്യൂട്ടിയ്ക്കും ഉപയോഗിച്ച് വരുന്നു
11	KL01 BT 7613 ബൊലേറോ	2015	145600	ബഹു. ഹെൽത്ത് ഓഫീസറുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു

12	KL 01 BK 3363 നിസ്സാൻ സണ്ണി	2013	244152	നഗരസഭയുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു
13	KL01 CA 4538 ടാറ്റാ സുമോ ഗോൾഡ്	2017	127324	നഗരസഭയുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു
14	KL01 CA 4568 ടാറ്റാ സുമോ	2017	133108	പാലിയേറ്റീവ് കെയർ
15	KL 01 BK 9168 ബൊലേറോ	2013	15369	ഹെൽത്ത് ഡേ സ്ക്വാഡിന് ഉപയോഗിച്ചു വരുന്നു
16	KL 01 BP 9263 ടാറ്റാ എയ്സ്	2014	70931	ഡോഗ് സ്ക്വാഡിന് ഉപയോഗിച്ചു വരുന്നു
17	KL 01 DA 0266 ടാറ്റാ എയ്സ്	2014	9790	ശുചീകരണം/മാലിന്യ സംസ്കരണത്തിന് ഉപയോഗിച്ച് വരുന്നു
18	KL01 BU 5661 ടാറ്റാ സുമോ	2015	112812	പാലിയേറ്റീവ് കെയറിന് വേണ്ടി ഉപയോഗിച്ച് വന്നിരുന്ന ടി വാഹനം അറ്റകുറ്റപണികൾക്ക് വേണ്ടി വർക്ക് ഷോപ്പിൽ സൂക്ഷിച്ചിരിക്കുന്നു.
19	KL01 CW 5978 ഫോഴ്സ് ട്രാവലർ	2022	6456	നഗരസഭയുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു
20	KL 01 BK 9046 സൈലോ	2013	222535	അറ്റകുറ്റപണികൾക്ക് വേണ്ടി വർക്ക് ഷോപ്പിൽ സൂക്ഷിച്ചിരിക്കുന്നു.
21	KL 01 BL 8337 ബൊലേറോ	2013	220249	അറ്റകുറ്റപണികൾക്ക് വേണ്ടി നഗരസഭ കെട്ടിട കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
22	KL 01 BL 8272 ബൊലേറോ	2013	92225	അറ്റകുറ്റപണികൾക്ക് വേണ്ടി വർക്ക് ഷോപ്പിൽ സൂക്ഷിച്ചിരിക്കുന്നു.
23	KL 01 BU 5633 ഫോഴ്സ് ട്രാവലർ	2015	50644	അറ്റകുറ്റപണികൾക്ക് വേണ്ടി നഗരസഭ കെട്ടിട കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
24	KL 01 BD 3481 വെർണ	2011	201616	അറ്റകുറ്റപണികൾക്ക് വേണ്ടി നഗരസഭ കെട്ടിട കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

15 വർഷക്കാലാവധി അവസാനിച്ച (ഉപയോഗശൂന്യമായ) ആകെ 8 വാഹനങ്ങൾ ഉണ്ട്. പ്രസ്തുത വാഹനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാഹനത്തിന്റെ നം./ മോഡൽ	വാങ്ങിയ വർഷം	ആകെ സഞ്ചരിച്ച ദൂരം	നിലവിലെ സ്ഥിതി
1	Kl 01 CA 3364 ടാറ്റാ സുമോ	2010	208052	നഗരസഭ കെട്ടിട കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
2	KL 01 AV 3584 ജീപ്പ്	2009	67480	നഗരസഭ കെട്ടിട കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
3	KL 01 AV 5690 ബൊലേറോ	2009	11951	നഗരസഭ കെട്ടിട കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

4	KL 01 AT1425 ബൊലേറോ	2008	362973	നഗരസഭ കെട്ടിട കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
5	KL 01 AV 5713 ബൊലേറോ	2009	249431	നഗരസഭ കെട്ടിട കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
6	KL 01 AV 3632 ജീപ്പ്	2009	107357	നഗരസഭ കെട്ടിട കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
7	KL 01 AT 1390 ബൊലേറോ	2008	321995	നഗരസഭ കെട്ടിട കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
8	KL 01 AQ 7318 വാൻ	2007	77381	നഗരസഭ കെട്ടിട കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

C)**ശാന്തികവാടം സ്മശാനത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ**

ക്രമ നം.	വാഹനത്തിന്റെ നമ്പർ	വാങ്ങിയ വർഷം	ആകെ സഞ്ചരിച്ച ദൂരം	നിലവിലെ ഉപയോഗം
1	KL01CU8832	2022		ശവശരീരം ശാന്തികവാടത്തിൽ എത്തിക്കുന്നതിന് ഇപയോഗിക്കുന്നു
2	KL01CU8879	2022	20600	രോഗികളെ കൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്നു
3	KL01CW5144	2022	18674	ടെസ്റ്റിന് കയറ്റിയിരിക്കുന്നു
4	KL01CS0995	2021	-	ടെസ്റ്റിന് കയറ്റിയിരിക്കുന്നു

ഉപയോഗശൂന്യമായ വാഹനങ്ങൾ

ക്രമ നം.	വാഹനത്തിന്റെ നമ്പർ	വാങ്ങിയ വർഷം	ആകെ സഞ്ചരിച്ച ദൂരം	നിലവിലെ ഉപയോഗം
1	KL01AT7158 (Force Traveller)	2008	ലഭ്യമല്ല	15 വർഷം പൂർത്തിയാക്കിയതിനാൽ കണ്ടം ചെയ്യാൻ കിടക്കുന്നു
2	KL01AY3856 (Force Traveller)	2009	"	"
3	KL01AV6019 (Force Traveller)	2009	"	"
4	KL01 AY 3858 (Force Traveller)	2009	"	"

Ii) ഓഡിറ്റ് പരിശോധനയിൽ കണ്ട മറ്റ് വാഹനങ്ങൾ

എന്നാൽ തനത് ഫണ്ടിൽനിന്നുള്ള വിവിധ ചെലവ് വൗച്ചറുകൾ, E15 സെക്ഷനിൽ നിന്നും ലഭ്യമായ വിവരങ്ങൾ, പെട്രോൾ, ഡീസൽ, ഓയിൽ രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ ഇതു കൂടാതെ നഗരസഭയിൽ 174 വാഹനങ്ങൾ കൂടി ഉണ്ടെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**വാഹനത്തിന്റെ നമ്പർ**	**ഇനം**
1	KL01CX 6396	Tata Ace
2	KL01DA 8810	"
3	KL01DA8819	"
4	KL01CX6379	"
5	KL01DA8972	"
6	KL01DA8976	"
7	KL01CX6306	"
8	KL01DA8817	"
9	KL01DA8951	"
10	KL01DA8862	"
11	KL01DA8977	"
12	KL01CX6389	"
13	KL01CA6338	"
14	KL01CX6325	"

15	KL01DA8996	"
16	KL01DA8920	"
17	KL01DA0264	"
18	KL01DA8860	"
19	KL01DA8961	"
20	KL01DA8946	"
21	KL01CX6309	"
22	KL01CX6371	"
23	KL01DA0254	"
24	KL01DA8864	"
25	KL01CX6348	"
26	KL01DA0224	"
27	KL01DA8942	"
28	KL01DA8957	"
29	KL01DA8990	"
30	KL01DA8954	"
31	KL01DA8995	"
32	KL01CC4495	Goods Auto
33	KL01CC 4458	Pick Up Auto
34	KL01CC4388	"
35	KL01 CC4413	"
36	KL01CC4395	"
37	KL01CC4456	"
38	KL01CC4435	Pick Up
39	KL01DA8917	"
40	KL01DA8925	"
41	KL01DA8931	"
42	KL01CC4405	"
43	KL01DA8646	"
44	KL 01 DA 8950	Pick Up Hedder
45	KL 01 DA 8980	"
46	KL 01DA8812	"
47	KL01AW8518	Mahindra Bolero
48	KL01BA3383	Tata Sumo
49	KL01 M 2271	Jeep
50	Kl01AV3550	"
51	KL01H2968	"
52	KL01CJ 8570	Ambulance
53	KL01CU 4251	"
54	KL01B588	"
55	KL01B589	"
56	KL01AQ9641	"
57	KL01AQ9648	"
58	KL01AQ9668	"
59	KL01AR2136	"
60	KL01AR2181	"
61	KL01AR3074	"
62	KL20-20212	Bolero Jeep
63	KL01AT9507	Sky Lift
64	KL01AZ9147	Front Loader Bull

65	KL01AZ9161	"
66	KL01BU5447	Tempo Traveller
67	KL01Z6458	Mini Lorry
68	KL-01-CC-4370	Pick Up
69	KL-01-CC-4385	"
70	KL-01-CC-4481	"
71	KL-01-AW-4561	"
72	KL-01-AW-6278	"
73	KL-01-AX-5182	"
74	KL-01-AX-5184	"
75	KL-01-AU-8960	"
76	KL-01-AP-8131	"
77	KL-01-AP-8146	"
78	KL-01-AP-8137	"
79	KL-01-AP-8149	"
80	KL-01-AP-8114	"
81	KL-01-AP-8130	"
82	KL-01-AX-3788	"
83	KL-01-AX-5190	"
84	KL-01-AZ-3530	"
85	KL-01-AM-7100	"
86	KL-01-AL-7005	"
87	KL-01-AT-6226	"
88	KL-01-AZ-3412	"
89	KL-01-AX-3193	"
90	KL-01-AX-3120	"
91	KL-01-AX-3823	"
92	KL-01-AX-3827	"
93	KL-01-AX-5168	"
94	KL-01-AW-6309	"
95	KL-01-AX-5192	"
96	KL-01-AW-4603	"
97	KL-01-AX-5196	"
98	KL-01-AW-4612	"
99	KL-01-AP-8139	"
100	KL-01-AN-1610	"
101	KL-01-AZ-3442	"
102	KL-01-AZ-3499	"
103	KL-01-AN-6300	"
104	KL-01-AZ-3465	"
105	KL-01-AT-2444	"
106	KL-01-AM-7020	"
107	KL-01-AM-7557	"
108	KL-01-AM-4114	"
109	KL-01-AW-6304	"
110	KL-01-AX-5212	"
111	KL-01-AX-3857	"
112	KL-01-AT-8050	"
113	KL-01-AS-6713	"
114	KL-01-AX-5163	"

115	KL-01-AP-8120	"
116	KL-01-AP-224	"
117	KL-01-AP-8125	"
118	KL-01-AX-3101	"
119	KL-01-AX-5139	"
120	KL-01-AZ-3420	"
121	KL-01-AM-1300	"
122	KL-01-AT-6388	"
123	KL-01-AX-5214	"
124	KL-01-AW-6328	"
125	KL-01-AW-4547	"
126	KL-01-AZ-3586	"
127	KL-01-AP-8135	"
128	KL-01-AW-6273	"
129	KL-01-AX-5156	"
130	KL-01-AX-3188	"
131	KL-01-AT-8756	"
132	KL-01-AL-6878	"
133	KL-01-AZ-3521	"
134	KL-01-AZ-3582	"
135	KL-01-AZ-3507	"
136	KL-01-AZ-3447	"
137	KL-01-AZ-3551	"
138	KL-01-AM-1188	"
139	KL-01-AT-6555	"
140	KL-01-AZ-3427	"
141	KL-01-AZ-3527	"
142	KL-01-AZ-3421	"
143	KL-01-CX-6512	Electrical Auto
144	KL-01-CX-6644	"
145	KL-01-CX-6545	"
146	KL-01-CX-6756	"
147	KL-01-CX-6510	"
148	KL-01-DA-0253	Kazhakuttam Zonal Cleaning
149	KL-01-DA-9853	"
150	KL01DA8903	Tata Ace Gold
151	KL01CX6349	"
152	KL01CC4448	Mahindra ALFA LC
153	KL01CC4381	"
154	KL01CC4361	Mahindra ALFA LC
155	KL01CC4396	"
156	KL01CC4461	"
157	KL01CC4410	"
158	KL01CC4407	"
159	KL01CC4359	"
160	KL01CC4402	"
161	KL01CC4493	"
162	KL01CC4375	"
163	KL01CC4416	"
164	KL01CC4369	"

165	KL01CC4421	"
166	KL01AV3559	M & M New CL500
167	KL20-2012	Mahindra Bolero
168	KL-01- DD-7468	Eicher Septage
169	KL-01-DD-7987	"
170	KL-01-DE-0704	Tata Jetter
171	KL-01-DE-0780	"
172	KL-01-DD-7487	Septage Sucker
173	KL01CU6097	Winger FL AMB-B
174	KL229745	Mahindra Bolero

മേൽ വാഹനങ്ങൾ നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ളതാണോ എന്നും ഏത് കാലയളവിൽ വാങ്ങിയതാണെന്നും വാങ്ങൽ പ്രക്രിയയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

Iii) അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ

നഗരസഭയുടെ ഉടമസ്ഥതയിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വ്യത്യസ്തതരം വാഹനങ്ങൾ ഉണ്ട്. ഔദ്യോഗികാവശ്യങ്ങൾ ,മാലിന്യ സംസ്കരണം/ശുചീകരണം, കുടിവെള്ള വിതരണം,സെപ്റ്റേജ് ശേഖരണം, രോഗികൾ/ശവശരീരങ്ങൾ കൊണ്ട് പോകുന്നതിനുള്ള വാഹനങ്ങൾ എന്നിങ്ങനെ പലതരത്തിനുള്ള വാഹനങ്ങൾ നഗരസഭയിൽ ഉണ്ട് . 2023-24 ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിൽ 331 വാഹനങ്ങളുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	**ഇനം**	**എണ്ണം (2023-24)**
1	ലോറി	37
2	ആംബുലൻസ്	8
3	ജീപ്പ്	6
4	കാർ	10
5	റോഡ് റോളർ	2
6	Front Load Bull	2
7	Proclainer	3
8	Sky Lift	1
9	Sweeping Machine	1
10	ടാറ്റാ സുമോ	5
11	ജെ.സി.ബി.	6
12	വാട്ടർ ടാങ്കർ	10
13	ട്രാക്ടർ	2
14	കോംപാക്ടർ	2
15	പിക്ക് അപ്പ് വാൻ	4
16	പിക്ക് അപ്പ് ഓട്ടോ	98
17	മഹീന്ദ്രാ സൈലോ	1
18	സെപ്റ്റേജ് സക്കർ	9
19	ബൊലേറോ	15
20	മിനി ലോറി	0
21	ഷീപ്പ്ഫൂട്ട് റോളർ	1
22	ഇലക്ട്രിക്ക് ഓട്ടോ	5
23	ഇലക്ട്രിക്ക് ഓട്ടോ (രജിസ്ട്രേഷൻ ഇല്ലാത്തത്)	30
24	ട്രാക്ടർ വിത്ത് ഷ്രെഡ്ഡർ	1
25	ട്രാവലർ	2
26	ഇലക്ട്രിക് സ്കൂട്ടർ	30
27	റ്റാറ്റാ എയ്സ് ഗോൾഡ്	40
ആകെ		331

. ഓടുന്ന വാഹനങ്ങൾ -158

. ഓടാത്തവാഹനങ്ങൾ - 46 (Maintenance Work)

. ഓടാത്ത വാഹനങ്ങൾ - 127 (15 വർഷം കഴിഞ്ഞത്)

നഗരസഭ ലഭ്യമാക്കിയ കണക്ക് പ്രകാരമുള്ള വാഹനങ്ങളുടെ എണ്ണവും അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരമുള്ള വാഹനങ്ങളുടെ എണ്ണവും തമ്മിൽ ഗണ്യമായ അന്തരം ഉള്ളതിനാൽ മേൽ പട്ടിക പ്രകാരമുള്ള വാഹനങ്ങളുടെ വിശദാംശങ്ങൾ (നമ്പർ,വാങ്ങിയ വർഷം, ലോഗ് ബുക്ക് ഉൾപ്പെടെ) ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 215/കെ.എസ്എ/ടിവിസി.5/2024, 27.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുഴുവൻ വാഹനങ്ങളുടെ കൃത്യമായ കണക്ക് നഗരസഭയിൽ ഇല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മെയിൻ ഓഫീസ്, സോണൽ കാര്യാലയം, ശാന്തികവാടം, വിവിധ ഹെൽത്ത് സർക്കിളുകൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന മുഴുവൻ വാഹനങ്ങളുടെയും കൃത്യമായ കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടി നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്.

Iv)വാടകയ്ക്ക് എടുക്കുന്ന വാഹനങ്ങളുടെയും കൃത്യമായ കണക്കില്ല.

സ്വന്തം ഉടമസ്ഥതയിലുള്ള വാഹനങ്ങൾക്ക് പുറമെ നഗരസഭയിൽ വാടകയ്ക്ക് എടുത്തിട്ടുള്ള വാഹനങ്ങളും ഉപയോഗിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്ന കാലയളവ്, നിരക്ക് എന്നിവയുൾപ്പെടുന്ന കരാർ ചമച്ച് അംഗീകരിച്ചതായ വിവരങ്ങൾ ലഭ്യമാക്കിയില്ല. മിനി ഗ്യരേജിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കരാർ വാഹനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. അവലംബം ഓഡിറ്റ് എൻക്വയറിയുടെ (നം. 59/കെ.എസ്.എ/ടിവിസി.5/2024, തീയതി 01.10.2024) മറുപടി.

1. KL 01 CG 9917
2. KL 02 AQ 5578
3. KL 01 CL 3540
4. KL 01 CK 9851
5. KL 01 BV 3673
6. KL 01 DA 1559
7. KL 42 T 3530
8. KL 19 J 9492
9. KL 01 CZ 9622
10. KL 22 L 6806
11. KL 01 CM 5487
12. KL 01 CW 68
13. KL 22 J 9387
14. KL 22 S 6806

ഇതിനു പുറമെ സോണൽ കാര്യാലയങ്ങളിലും വാഹനങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്. എന്നാൽ ആയതിന്റെയും വിശദാംശങ്ങൾ നഗരസഭാ മെയിൻ ഓഫീസിൽ ലഭ്യമല്ല. കൂടാതെ വൗച്ചർ പരിശോധനയിലും മേൽപ്പറഞ്ഞിരിക്കുന്ന വാഹനങ്ങൾ കൂടാതെ മറ്റ് വാഹനങ്ങളും വാടകയ്ക്ക് എടുത്തിട്ടുള്ളതായി കാണുന്നു. ചില ഉദാഹരണങ്ങൾ.

1. KL01CP 6589 - Electric Vehicle (ANERT നിന്നും വാടകയ്ക്ക് എടുത്തത്)
2. KL22Q 5825
3. KL22R 5219
4. KL01CA 4072
5. KL74D 8080 (ഉള്ളൂർ സോണൽ കാര്യാലയം)

V) ഡ്രൈവർമാരുടെ എണ്ണത്തിലും കൃത്യതയില്ല.

നം. 59/കെ.എസ്.എ/ടി.വി.സി5/202ഷ തീയതി.01.10.2024 ഓഡിറ്റ് എൻക്വയറിയ്ക്ക് നഗരസഭ ലഭ്യമാക്കിയ മറുപടി പ്രകാരം നഗരസഭയിൽ നിലവിൽ 25 സ്ഥിരം ഡ്രൈവർമാരും, 22 താൽക്കാലിക ഡ്രൈവർമാരും സേവനമനുഷ്ഠിക്കുന്നുണ്ട്. എന്നാൽ നഗരസഭയുടെ വാർഷിക റിപ്പോർട്ട് പ്രകാരമുള്ള ഡ്രൈവർമാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<u>സ്ഥിരം</u>

ഡ്രൈവർ (LDV) – 9

ഡ്രൈവർ (HDV) – 21

<u>കണ്ടിജന്റ് വിഭാഗം</u>

ടില്ലർ/ട്രാക്ടർ ഡ്രൈവർ - 2

<u>ദിവസവേതനം</u>

ഡ്രൈവർ/വാച്ച്മാൻ - 21

വിളപ്പിൽശാല (ദിവസവേതനം) - 12

കൂട്ടിച്ചേർത്ത പഞ്ചായത്തുകളിലെ ഡ്രൈവർമാർ - 5

മേൽ വസ്തുതകളിൽ നിന്നും നഗരസഭയിൽ സേവനമനുഷ്ഠിക്കുന്ന ഡ്രൈവർമാരുടെ കൃത്യമായ കണക്കും ലഭ്യമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

Vi) കൃത്യമായ കണക്കില്ലെങ്കിലും വീണ്ടും പുതിയ വാഹനങ്ങൾ വാങ്ങുന്നു.

വാഹനങ്ങളുടെ കൃത്യമായ കണക്ക് ഇല്ലാത്ത സാഹചര്യത്തിലും നഗരസഭ എല്ലാ വർഷവും പുതിയ വാഹനങ്ങൾ വാങ്ങുന്നുണ്ട്. വാങ്ങൽ പ്രക്രിയയിൽ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 19.4 പ്രകാരമുള്ള ക്ഷമതയുള്ള അധികാരിയുടെ സാക്ഷ്യപത്രമോ ആവശ്യകത നിർണയിച്ച് അംഗീകരിച്ച കൗൺസിൽ തീരുമാനമോ ലഭ്യമാക്കിയിട്ടില്ല. 2023-24 സാമ്പത്തിക വർഷം വാങ്ങിയ പുതിയ വാഹനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	നിർവ്വഹണോദ്യോഗസ്ഥൻ	വാങ്ങിയ വാഹനങ്ങളുടെ വിശദാശം	എണ്ണം
1	ഹെൽത്ത് ഓഫീസർ	മഹീന്ദ്രാ ബൊലേറോ	2
2	ഹെൽത്ത് സൂപ്പർവൈസർ	പിക്ക് അപ്പ് ഹെഡ്സ്റർ	25
3	ഹെൽത്ത് സൂപ്പർവൈസർ	ടാങ്കർ ലോറി	2

Vii) ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുള്ളനടപടികൾ സ്വീകരിക്കുന്നില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളിൽ 111 വാഹനങ്ങൾ നിലവിൽ ഉപയോഗയോഗ്യമല്ല.(അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട് പ്രകാരമുള്ള കണക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.) ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ മെയിൻ ഓഫീസ് മിനി ഗ്യാരേജ്, ഫോർട്ട് ഗ്യാരേജ് എന്നിവിടങ്ങളിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഉപയോഗശൂന്യമായ വാഹനങ്ങളുടെ കൃത്യമായ കണക്ക് എടുക്കേണ്ടതും സ.ഉ.കൈ.നം.45/2019/പൊ.മ.വ.തീ.16.10.2019 ഉത്തരവിൽ നിഷ്കർഷിച്ചിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി കയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

Viii)രജിസ്റ്ററുകളുടെ പരിപാലനം

2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ചട്ടങ്ങൾ ചട്ടം (4)(1) പ്രകാരം കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക്, പെട്രോൾ, ഡീസൽ, ഓയിൽ മുതലായവയുടെ ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ പരിപാലിക്കേണ്ടതാണ്. ചട്ടം 4(സി) (ഡി) എന്നിവ പ്രകാരം അനുബന്ധം 3 ലെ മാതൃകയിലുള്ള റിപ്പയർ രജിസ്റ്റർ, അനുബന്ധം 4 ലെ മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്റർ, അനുബന്ധം 5 ലെ മാതൃകയിലുള്ള ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന രജിസ്റ്റർ (ഫ്യൂവൽ രജിസ്റ്റർ) എന്നിവയാണ് പരിപാലിക്കേണ്ടത്.

എന്നാൽ നഗരസഭ പെട്രോൾ, ഡീസൽ, ഓയിൽ മുതലയാവയുടെ ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ പരിപാലിക്കുന്നുണ്ടെങ്കിലും ആയത് മേൽ ചട്ടത്തിൽ പറയും പ്രകാരമുള്ള മാതൃകയിലുള്ളതല്ല. സ്റ്റോക്ക് രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ പരിപാലിക്കുന്നുമില്ല.

Ix) ലോഗ് ബുക്കിന്റെ പരിപാലനം

2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ചട്ടങ്ങൾ ചട്ടം (7) (8) എന്നിവ പ്രകാരം യഥാക്രമം കസ്റ്റോഡിയൻ ഓഫീസർ ക്ലടെക്കുടെ ലോഗ് ബുക്ക് പരിശോധിച്ച് വാഹനത്തിന്റെ ഉപയോഗം തൃപ്തികരമാണെന്ന് ബോധ്യപ്പെടേണ്ടതും പരിശോധനാ വിവരം രേഖപ്പെടുത്തേണ്ടതും, ഓരോ വാഹനത്തിന്റെയും ഇന്ധനക്ഷമതാ പരിശോധന മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തിക്കേണ്ടതും ഉദ്യോഗസ്ഥൻ ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ നഗരസഭ പരിപാലിക്കുന്ന ലോഗ് ബുക്കുകളിൽ ഇത്തരം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല .

X) ഇൻഷ്വറൻസ് പുതുക്കാത്ത വാഹനങ്ങൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് യഥാസമയം പുതുക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാഹനത്തിന്റെ നമ്പർ	ഇൻഷ്വറൻസ് എക്സ്പെയറി ആയ തീയതി
1	KL01 CC 4448	29.06.2022
2	KL01 CC 4396	17.10.2024
3	KL01 CC 4461	23.08.2024
4	KL01 CC 4410	29.06.2022
5	KL01 CC 4407	29.06.2023
6	KL01 CC 4493	29.06.2024
7	KL01 AV 3559	10.05.2023
8	KL 20 2012	31.10.2023
9	KL01 CC 4375	03.07.2024

Xi)വാഹനങ്ങളുമായി ബന്ധപ്പെട്ട ചെലവ്

വാർഷികധനകാര്യ പത്രിക പ്രകാരം 2023-24 സാമ്പത്തിക വർഷം വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ചുവടെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം.	ഇനം	തുക (രൂപ)
1.	ഡീസൽ,പെട്രോൾ ഗ്യാസ്ചാർജ്ജ്	1,80,13,234/-
2.	റിപ്പയർ &മെയിന്റ്നൻസ്	3,63,553/-

Xii) ഓഡിറ്റ് എൻക്വയറി

വാഹന പരിപാലനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് ചുവടെപ്പറയുന്ന ഓഡിറ്റ് എൻക്വയറികൾ നൽകിയിട്ടുണ്ട്.

1. നം.59/കെ.എസ്.എ./റ്റി.വി.സി.5/2024 തീ.01.10.2024

2.നം.109/കെ.എസ്.എ./റ്റി.വി.സി.5/2024 തീ.30.11.2024

3.നം.149/കെ.എസ്.എ./റ്റി.വി.സി.5/2024 തീ.15.01.2025

4.നം.179/കെ.എസ്.എ./റ്റി.വി.സി.5/2024 തീ.31.01.2025

5. നം.215/കെ.എസ്.എ/റ്റി.വി.സി.5/2024, തീ. 27.02.2025

ഇതിൽ ക്രമ നം.1, 2 -ൽ പരാമർശിച്ചിരിക്കുന്ന (വാഹനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ) ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സോണൽ കാര്യാലയങ്ങൾ, വിവിധ ഹെൽത്ത് സർക്കിളുകൾ എന്നിവയുടെ പരിധിയിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ക്രമ നം.3) ഫോർട്ട്, കഴക്കൂട്ടം, ഉള്ളൂർ സോണൽ കാര്യാലയങ്ങളിൽ നിന്നും മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റിന്റെ പരിശോധനയിൽ കൂടുതൽ വാഹനങ്ങൾ ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുഴുവൻ വാഹനങ്ങളുടെയും വിശദാംശങ്ങളും നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ കസ്റ്റോഡിയൻ/പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥർ ആരെല്ലാം എന്നീ വിവരങ്ങൾ ഓഫീസ് ഉത്തരവ് സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ക്രമ നം.4) മറുപടി ലഭ്യമാക്കിയില്ല. ക്രമ നം.5 പ്രകാരമുള്ള ഓഡിറ്റ് എൻക്വയറിയ്ക്കും മറുപടി ലഭ്യമാക്കിയില്ല.

Xiii)സ്ഥലപരിശോധന വിശദാംശങ്ങൾ

നഗരസഭ ലഭ്യമാക്കിയ കണക്ക് പ്രകാരമുള്ള വാഹനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് 06.01.2025, 11.02.2025 തീയതികളിൽ മെയിൻ ഓഫീസ് മിനി ഗ്യാരേജ്, ഫോർട്ട് മെയിൻ ഗ്യാരേജ് എന്നിവിടങ്ങളിൽ സ്ഥലപരിശോധന നടത്തി. മെയിൻ ഓഫീസിൽ ആകെ 32 വാഹനങ്ങൾ ഉള്ളതിൽ 8 വാഹനങ്ങൾ ഉപയോഗശൂന്യമാണ്. പ്രസ്തുത വാഹനങ്ങൾ നഗരസഭാ കോമ്പൗണ്ടിലും, മൾട്ടി ലെവൽ കാർ പാർക്കിംഗിലുമായി സൂക്ഷിച്ചിരിക്കുകയാണ്.

ഫോർട്ട് മെയിൻ ഗ്യാരേജിൽ 74 വാഹനങ്ങൾ ഉള്ളതിൽ കേവലം 9 വാഹനങ്ങൾ മാത്രമാണ് നിലവിൽ ഉപയോഗയോഗ്യം. ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങളിൽ 40%-ഓളം വാഹനങ്ങളും തുരുമ്പ് പിടിച്ച് ഇലപടർപ്പുകൾ മൂടികിടക്കുന്ന അവസ്ഥയിലാണ്. നമ്പർ പോലും കാണാൻ കഴിയാത്ത അവസ്ഥയിൽ അടുത്തടുത്തായി കുറ്റിച്ചെടികൾക്കിടയിലാണ് പല വാഹനങ്ങളും ഇട്ടിരിക്കുന്നത്. തുറസ്സായ സ്ഥലത്തും ധാരാളം വാഹനങ്ങൾ പാർക്ക് ചെയ്തിട്ടുണ്ട്. ഇത് വാഹനങ്ങൾ നശിച്ചു പോകുന്നതിന് കാരണമാകുന്നു.

സ്ഥലപരിശോധന വേളയിൽ ഫോർട്ട് ഗ്യാരേജിലുള്ള 74 വാഹനങ്ങളിൽ 3 വാഹനങ്ങൾ വർക്ക്ഷോപ്പിൽ കൊണ്ടുപോയതായും യഥാക്രമം 2, 3 വാഹനങ്ങൾ വീതം എരുമക്കുഴി, ശാന്തികവാടം എന്നിവിടങ്ങളിലായി സൂക്ഷിച്ചിരിക്കുന്നതായും അറിയിച്ചു. Compactor പോലെ വിലകൂടിയ വാഹനങ്ങൾ വെറും 2 വർഷം മാത്രം ഉപയോഗിച്ച് നിലവിൽ ഉപയോഗശൂന്യമായ അവസ്ഥയിലാണ്. പല പദ്ധതികളുടെയും ഭാഗമായി പ്രത്യേക ആവശ്യങ്ങൾക്കായി വാങ്ങിയ വിലയേറിയ വാഹനങ്ങൾ പ്രസ്തുത പദ്ധതികാലം കഴിയുമ്പോൾ ഉപയോഗിക്കാതെ ഗ്യാരേജിൽ ഉപേക്ഷിച്ചിരിക്കുന്നത് കാണാൻ കഴിഞ്ഞു. വിളപ്പിൽശാല മാലിന്യ സംസ്കരണ പ്ലാന്റിനു വേണ്ടി വാങ്ങിയതും പ്രസ്തുത പ്രോജക്ട് നടപ്പിലാകാത്ത സാഹചര്യത്തിൽ ഉപയോഗിക്കാത്തതുമായവാഹനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഇത് സർക്കാർ ഫണ്ടിന്റെ ദുർവിനിയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. ഇവയിൽ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കാൻ കഴിയുന്ന വാഹനങ്ങൾ ഉപയോഗപ്രദമാക്കാൻ വേണ്ടുന്ന നടപടി സ്വീകരിക്കേണ്ടതാണ്.

ലിസ്റ്റിൽ ഇല്ലാത്ത വാഹനങ്ങൾ, പുതിയ വാഹനങ്ങൾ എന്നിവ ഗ്യാരേജിൽ ഉള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അമൃത് പദ്ധതിയുടെ ഭാഗമായി ലഭിച്ച രണ്ട് പുതിയ സെപ്റ്റേജ് ശേഖരണ വാഹനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	വാഹന നമ്പർ
1	KL01 DD 7468
2	KL01 DD 7487

പ്രസ്തുത വാഹനങ്ങൾ മെയിൻ ഓഫീസിൽ നിന്നും കൈമാറി കിട്ടിയിട്ടില്ല എന്നാണ് JHI അറിയിച്ചത്. ഹെൽത്ത് സ്റ്റാഡ് പിടിച്ചെടുത്ത അനധികൃത വാഹനങ്ങളും നഗരസഭയിലെ വാഹനങ്ങൾക്കൊപ്പം ഗ്യാരേജിൽ ഉണ്ട്. ഇത് സ്ഥലലഭ്യത കുറവിന് കാരണമാകുന്നു. പിടിച്ചെടുത്ത വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

Xiv) നഗരസഭ മെയിൻ ഓഫീസ് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ഉപയോഗശൂന്യമായ വാഹനങ്ങൾ





Xv) ഫോർട്ട് മെയിൻ ഗ്യാരേജിൽ സൂക്ഷിച്ചിരിക്കുന്ന ഉപയോഗശൂന്യമായ വാഹനങ്ങൾ







Xvi) ഓഡിറ്റ് നിർദ്ദേശങ്ങൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുഴുവൻ വാഹനങ്ങളുടെയും വിശദാംശങ്ങളും (നമ്പർ, ഇനം, ഉപയോഗം) ലഭ്യമാക്കുന്നതിന് ഒരു ഏകീകൃത സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

* വാഹനങ്ങളുടെ പരിപാലനത്തിന് കൃത്യമായി ഓഫീസ് ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.

* നഗരസഭാ പരിധിയിൽ ഉപയോഗിക്കുന്ന എല്ലാ വാഹനങ്ങളുടെയും വിശദാംശങ്ങൾ സ.ഉ(അ) നം. 152/2020/ധന, തീയതി. 05.11.2020 ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം VEELS പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതാണ്.

* കൃത്യമായ ഇടവേളകളിൽ വാഹനത്തിന്റെ ഫിറ്റ്നെസ് പരിശോധിക്കേണ്ടതും റിപ്പോർട്ട് സൂക്ഷിക്കേണ്ടതുമാണ്.
* ഒരു സാങ്കേതിക വിദഗ്ദനമായി കൂടി ആലോചിച്ച് ഓരോ തരത്തിലുള്ള വാഹനത്തിനും ആവശ്യമായ ഇടവേളകളിൽ ഓരോ വാഹനവും കൃത്യമായി സർവ്വീസ് നടത്തേണ്ടതാണ്.

* വാഹനങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കേണ്ടതാണ്.

* വാഹനങ്ങളുടെ ഇൻഷ്വറൻസ് കൃത്യമായ ഇടവേളകളിൽ പുതുക്കേണ്ടതാണ്.

* ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

* കൃത്യമായ ആവശ്യകതാ നിർണയം നടത്തിയതിന് ശേഷം മാത്രമേ പുതിയ വാഹനങ്ങൾ വാങ്ങാവൂ.

* 2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് വാഹനങ്ങൾ പരിപാലിക്കേണ്ടതാണ്.

വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വ്യത്യസ്ത തരം വാഹനങ്ങൾ ഉള്ള ഒരു സ്ഥാപനത്തിന് അതിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ കൃത്യമായ കണക്ക് ലഭ്യമാക്കുവാൻ കഴിയാത്തത് നിയന്ത്രണാധികാരിയുടെ ഭാഗത്ത് നിന്നുള്ള വിഴ്ചയാണ്. വാഹനങ്ങളുടെ കൃത്യമായ ഉപയോഗത്തിലൂടെയും പരിപാലനത്തിലൂടെയും സർക്കാരിനും നഗരസഭാഫണ്ടിനും ഉണ്ടാകുന്ന അധികചെലവ് തടയാൻ കഴിയും. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-30 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1) വകുപ്പ് പ്രകാരമുള്ള മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ് ഖരമാലിന്യങ്ങൾ, ദ്രവമാലിന്യങ്ങൾ എന്നിവ ശേഖരിക്കുകയും കൈയൊഴിയുകയും ചെയ്യുക എന്നത്. ഓരോ തദ്ദേശ സ്ഥാപനവും തങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ജൈവ അജൈവ മാലിന്യങ്ങൾ അതിന്റെ ഉറവിടത്തിൽ നിന്നും കണ്ടെത്തി വേണ്ട രീതിയിൽ സംസ്കരിക്കുന്ന പ്രവൃത്തി നിർവ്വഹിക്കേണ്ടത് പരിസ്ഥിതിയ്ക്കും പൊതുജനങ്ങളുടെ ആരോഗ്യത്തിനും അത്യന്താപേക്ഷിതമാണ്. ഇത് സംസ്ഥാന വ്യാപകമായി സർക്കാർ നേതൃത്വത്തിൽ തന്നെ നിർവ്വഹിക്കപ്പെടേണ്ട കർത്തവ്യമായതിനാൽ കാലാകാലങ്ങളിൽ സർക്കാർ നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങളും ഉത്തരവുകളും അനുസരിച്ച് പ്രവർത്തിക്കേണ്ടത് തദ്ദേശസ്ഥാപനത്തിന്റെ കടമയാണ്.

കേരളത്തിലെ നഗര-നഗരപ്രാന്ത പ്രദേശങ്ങളെ അലട്ടുന്ന ഗുരുതര പ്രശ്നങ്ങളിൽ ഒന്നാണ് മാലിന്യ നിർമ്മാർജനം. അതിനു പരിഹാരമായിട്ടാണ് 15.07.2017-ലെ ത.സ്വ.ഭ.വ നം.2420/2017 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ഭൂപ്രദേശം മലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മ സേന എന്ന ആശയം രൂപീകൃതമായത്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ഹരിത കേരള മിഷനും ഉപമിഷൻ കർമ്മ സമിതിയും എല്ലാ വാർഡു മെമ്പർമാരും യോഗം ചേർന്നു മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് തെരഞ്ഞെടുത്ത 'ഹരിതകർമ്മസേന' മുഖേനയാണ്. പ്രാദേശികമായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റോ സ്വയംസഹായ സ്ഥാപനങ്ങളോ ഹരിതകർമ്മ സേനയായി പ്രവർത്തിക്കാവുന്നതാണ്. ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ മാലിന്യ ശേഖരണ കാര്യക്ഷമത, റീ സൈക്ലിംഗ്, കമ്മ്യൂണിറ്റി എൻഗേജ്മെന്റ് അടിസ്ഥാന സൗകര്യ വികസനം ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.181/കെ.എസ്.എ/ടിവിസി12/2024, തീയതി.01.02.2025 ആയി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്നു കൊണ്ട് നടപ്പിലാക്കിവരുന്ന നൂതന സംരഭമാണ് ഹരിതകർമ്മ സേന. തിരുവനന്തപുരം നഗരസഭയിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ 2023-24 ലെ ഭരണ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേരളത്തിന്റെ ഏറ്റവും വലിയ മുനിസിപ്പൽ കോർപ്പറേഷനായ തിരുവനന്തപുരം നഗരസഭയിൽ നിലവിൽ 100 വാർഡുകൾ ഉണ്ട്. 2023-24 ൽ 100 വാർഡുകളും 214.ച.കി.മീ വിസ്തീർണവുമുള്ള നഗരസഭയിൽ ഏകദേശം 4,86,000 വീടുകളിലും 28000ൽ പരം സ്ഥാപനങ്ങളും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. 100 വാർഡുകളിലായി 1160 ഹരിതകർമ്മ സേനാംഗങ്ങളുണ്ട്. 2023 മാർച്ച് മാസത്തിൽ 1,44,467 വീടുകളിലും 1119 സ്ഥാപനങ്ങളിൽ നിന്നുമായി 156 ടൺ അജൈവ മാലിന്യം ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

മാലിന്യ ശേഖരണത്തിനായി നഗരസഭയിൽ ഓരോ മാസവും ശേഖരിക്കുന്ന വസ്തുക്കളുടെ വിവരങ്ങൾ അടങ്ങിയ കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ തന്നെ എല്ലാവിധ മാലിന്യങ്ങളുടെയും വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൈവമാലിന്യ സംസ്കരണം

നഗരസഭയിൽ പ്രതിദിനം ഉൽപാദിക്കപ്പെടുന്ന മൊത്തം മാലിന്യത്തിൽ 60% ജൈവമാലിന്യമാണ്. ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങളിലൂടെ 60 മുതൽ 80 ടൺ വരെ ജൈവമാലിന്യം പ്രതിദിനം പരിപാലിക്കപ്പെടുന്നു. ബാക്കിയുള്ള ജൈവമാലിന്യം പരിപാലിക്കുന്നതിലേയ്ക്ക് കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. തുമ്പൂർമൂഴി മാതൃകയിലുള്ള എയറോബിക് ബിന്നുകളാണ് തിരുവനന്തപുരം നഗരസഭ പ്രധാനമായും പ്രയോജനപ്പെടുത്തുന്നത്. എന്നാൽ 2023-24 വർഷത്തിൽ ഈ പദ്ധതിയിലുൾപ്പെടുത്തി നടത്തിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി 2023-24 വർഷത്തിൽ 51,557 വീടുകൾക്ക് ബയോഗ്യാസ് കമ്പോസ്റ്റർ ബിന്നുകൾ നൽകുകയുണ്ടായി. ഇതിനു പുറമേ 3982 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡിയും നൽകിയിട്ടുണ്ട്.

കരിയില സംഭരണി

നഗരത്തിൽ രാവിലെ ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി ലഭിക്കുന്ന കരിയിലകൾ പരിപാലിക്കുന്നതിനായി 44 സ്ഥലങ്ങളിൽ കരിയില സംഭരണി സ്ഥാപിച്ച് കരിയിലകൾ കമ്പോസ്റ്റാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ഇതുവഴി ഏകദേശം 10 ടൺ മാലിന്യം പരിപാലിക്കുകയും ചെയ്യുന്നു.

ഭക്ഷണ ശാലകളിലെയും മറ്റും മിച്ച ഭക്ഷണങ്ങൾ 18 ഏജൻസികൾ മുഖേന ശേഖരിച്ച് പന്നി ഫാമുകളുടെയും കൃഷി ഫാമുകളുടെയും ആവശ്യത്തിനു കൈമാറുകയും ഇതുവഴി ശരാശരി 60.80ടൺ മാലിന്യം സംസ്കരിക്കുകയും കൂടാതെ 7 ഏജൻസികളെ ഉപയോഗിച്ച് ചിക്കൻ വേസ്റ്റ് ശേഖരിച്ച് എറണാകുളം പാറയ്ക്കൽ ഇൻഡസ്ട്രീസിൽ റെൻഡറിംഗ് പ്ലാന്റിൽ എത്തിച്ച് ഏകദേശം 15.20 ടൺ മാലിന്യം യഥാക്രമം പരിപാലിച്ച് വരുന്നു.

തുമ്പൂർമൂഴി മാതൃകയിലുള്ള എയറോബിക് ബിന്നുകളാണ് നഗരസഭാ പ്രധാനമായും പ്രയോജനപ്പെടുത്തുന്നത്. നിലവിൽ 58 കേന്ദ്രങ്ങളിലായി 547 എയറോബിക് ബിന്നുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ നഗരസഭ തന്നെ വികസിപ്പിച്ചെടുത്ത സ്റ്റീൽ പോർട്ടബിൾ എയറോബിക്

ബിന്നുകൾ 53 എണ്ണവും പ്രവർത്തിക്കുന്നുണ്ട്. മാർക്കറ്റുകൾ സ്കൂളുകൾ എന്നിവിടങ്ങളിലായി 27 കമ്മ്യൂണിറ്റ് ബയോഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്.

3 ആർ.ആർ.എഫ്-കൾ 56 എം.സി.എഫ്-കൾ 118 മിനി എം.സി.എഫ് എന്നിവ നഗരത്തിലെ വിവിധ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നു.

ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായി നടക്കുന്നുവെങ്കിലും പൊതുസ്ഥലങ്ങളിൽ ഉണ്ടാകുന്ന ജൈവമാലിന്യം സംസ്കരിക്കുന്നതിനു നിലവിൽ സംവിധാനങ്ങളില്ല. കൂടാതെ ഗാർഹിക/സ്ഥാപന തലത്തിൽ ചോർച്ചയുണ്ടാകുന്ന ജൈവമാലിന്യം സംസ്കരിക്കുന്നതിനും കേന്ദ്രീകൃത സംവിധാനം ആവശ്യമാണ്.

അജൈവ മാലിന്യ സംസ്കരണം

ഉപയോഗശേഷം നിരവധി അജൈവ മാലിന്യങ്ങൾ നഗരത്തിൽ ഉപേക്ഷിക്കുന്നതു വഴിയുള്ള മാലിന്യം ഒഴിവാക്കുന്നതിനായി പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് വേസ്റ്റ് കളക്ഷൻ ഹബ്ബുകൾ സ്ഥാപിച്ചിട്ടുണ്ട്.

നഗരസഭയുടെ 2 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളിൽ നിന്നും ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് റോഡ് ടാറിംഗിനു ഉപയോഗിച്ച് വരുന്നു. MCF (Material Collection Facility) & RRF (Resource Recover Facility) എന്നിവിടങ്ങളിൽ നിന്നുള്ള അജൈവ മാലിന്യം ക്ലീൻ കേരള കമ്പനി, സരോജിനി പൊന്നയ്യ, MRM തുടങ്ങിയ ഏജൻസികൾക്ക് കൈമാറി വരുന്നു.

അജൈവ മാലിന്യ ശേഖരണത്തോടൊപ്പം തന്നെ ബയോ കമ്പോസ്റ്റർ കിച്ചൺ ബിന്നുകളുടെ പരിപാലന ചുമതല കൂടി ഹരിതകർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട്. നിലവിൽ 3982 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് നഗരസഭ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ടി 100 വാർഡുകളിലും ഹരിതകർമ്മസേനയെ നിയോഗിച്ചിട്ടുണ്ട്. നിലവിൽ 1160 ൽ 1068 എണ്ണം ഹരിതകർമ്മസേനാംഗങ്ങൾ സ്ത്രീകളാണ്. നഗരത്തിൽ മാലിനം. നിർമ്മാർജ്ജനം നടക്കുന്നതോടൊപ്പം സ്ത്രീ ശാക്തീകരണവും ഹരിതകർമ്മസേനയിലൂടെ നടപ്പാക്കുന്നുണ്ട്. ശരാശരി 72% മാണ് ഹരിതകർമ്മ സേന പ്രവർത്തനത്തിന്റെ ആകെ കവറേജ്. നിലവിൽ ഒരു സേനാംഗത്തിനു 20,000/- രൂപയ്ക്ക് മുകളിൽ വരുമാനം ലഭിക്കുന്നുണ്ട്.

യൂസർഫീ

പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്ന പൗരൻമാർ യൂസർഫീ നൽകേണ്ടതുണ്ട്. ഹരിതകർമ്മസേന ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയും വിധം യൂസർഫീ ലഭിച്ചു തുടങ്ങുവാൻ കാലതാമസം ഉണ്ടാകുമെന്നതിനാൽ പ്രാഥമിക ചെലവ് വഹിക്കുന്നതിനായി വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നുണ്ട്. വയബിലിറ്റി ഗ്യാപ് ഫണ്ട് ആകെ വാർഡുകളുടെ എണ്ണത്തിനാനുപാതികമായി നഗരസഭയ്ക്ക് നിശ്ചയിക്കാവുന്നതാണ്.

അടിസ്ഥാന സൗകര്യവികസനം

1. 19.04.2022-ലെ സ.ഉ(കൈ) നം.86/2022/തസ്വഭവ – നഗരസഭകൾക്കുള്ള പദ്ധതി മാർഗ്ഗരേഖ 8.1(27) പ്രകാരം മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗമാണ്. എന്നാൽ നിർമ്മാണ പ്രവൃത്തികൾ ഇല്ലാത്തതും യന്ത്ര സാമഗ്രികൾ സ്ഥാപിക്കേണ്ടതില്ലാത്തതുമായ ലളിതമായ പ്രോജക്ടുകൾ ഹെൽത്ത് ഓഫീസർക്ക്/ സൂപ്പർവൈസർക്ക് തയ്യാറാക്കാവുന്നതാണ്. 2023-24 സാമ്പത്തിക വർഷത്തെ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുകയും എന്നാൽ അതിൽ നടപ്പിലാക്കാത്തതുമായ പദ്ധതികളുടെ ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	ഫണ്ട്	അടങ്കൽ
1	1867/ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം (വനിത)	വികസന ഫണ്ട് (ജനറൽ+ തനതു ഫണ്ട്)	15,00,000+10,00,000 =25,00,000
2	1862/സഹായിമിത്ര കർമ്മചാരി കണ്ടിജന്റ് ജീവനക്കാർക്കുള്ള സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകൽ	ധനകാര്യ കമ്മീഷൻ അവാർഡ്	15,00,000

2. 2023-24 സാമ്പത്തിക വർഷത്തെ ചെലവ് പത്രികയിൽ ഹെൽത്ത് സൂപ്പർവൈസർ നടപ്പിലാക്കിയ ഹരിതകർമ്മസേനാംഗങ്ങൾക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, ഇൻഷുറൻസ് പരിരക്ഷ നൽകൽ, കൺസ്യൂമർ കാർഡ് വിതരണം നൽകൽ എന്ന പദ്ധതിയിൽ 7,30,752/- രൂപ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് നൽകിയിരിക്കുന്നു. എന്നാൽ എത്ര പേർക്ക് ഇൻഷുറൻസിന്റെ ആനുകൂല്യം ലഭിച്ചുവെന്നോ, എത്രയാണ് ഇതിന്റെ കാലാവധി എന്നോ സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല.

3. ഹരിതകർമ്മ സേനാംഗങ്ങൾക്ക് സൗജന്യ ഡ്രൈവിംഗ് പരിശീലനം നൽകാവുന്നതാണ്. ഇവർക്ക് തൊഴിൽ ജന്യ രോഗങ്ങളെ പറ്റിയും പ്രതിരോധ മാർഗ്ഗങ്ങളെപ്പറ്റിയും അവബോധം നൽകാവുന്നതുമാണ്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് മാസംതോറും നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾ മുഖേന ആരോഗ്യ നിരീക്ഷണവും അതുവഴി രോഗപ്രതിരോധവും ഉറപ്പാക്കുകയും മുഴുവൻ ഹരിതകർമ്മസേനാംഗങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുകയും ചെയ്യാവുന്നതാണ്.

പാരിസ്ഥിതിക ആഘാതം

പാരിസ്ഥിതിക ആഘാതത്തിന്റെ തോത് കുറയ്ക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 24.09.2016-ന തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ് 576/ഡിസി.1/16/തസ്വഭവ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നിരുന്നാലും നഗരസഭയിലെ പ്ലാസ്റ്റിക് ക്യാരി ബാഗുകളും ഡിസ്പോസിബിൾ കപ്പുകളും കൂപ്പികളും നിയന്ത്രിക്കാനാകാത്ത വിധം കൂടിയതിനാൽ ബഹു. കേന്ദ്ര സർക്കാർ 15 മൈക്രോൺ വരെയുള്ള എല്ലാ പ്ലാസ്റ്റിക് ക്യാരിബാഗുകളും ഉൽപ്പന്നങ്ങളും പൂർണ്ണമായി നിരോധിച്ചു (നിർമ്മാണം, സൂക്ഷിക്കൽ, വിൽപ്പന, ഉപയോഗം) കൊണ്ട് 12.06.2021 ലെ Ministry Of Environment Forest & Climate Change And Notification 2021 സെപ്റ്റംബർ 31 മുതൽ

പ്രാബല്യത്തിൽ വരുത്തികൊണ്ട് ഉത്തരവിറക്കി. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭ ശക്തമായ നടപടികൾ സ്വീകരിക്കുകയും ആയതിൻ പ്രകാരം 2022-23 കാലയളവിൽ 20219 കിലോ നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.

മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി നഗരസഭ ഡേ നൈറ്റ് സ്പെഷ്യൽ എന്ന പേരിൽ 3 സ്ക്വാഡ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുള്ളതാണ്. 2022-23 കാലയളവിൽ നിരോധിത പ്ലാസ്റ്റിക് പിടിച്ചെടുത്ത വകയിൽ 1107 പേരിൽ നിന്നും 12,01,970/- രൂപയും 64 വാഹനങ്ങൾ പിടിച്ചെടുത്തതിലൂടെ 8,05,230/- രൂപ പിഴയായും പൊതുനിരത്തിൽ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തുകയും അവർക്ക് സ്പോട്ട് ഫൈനിലൂടെ 965 പേരിൽ നിന്നായി 15,23,200/- രൂപയും ഉൾപ്പെടെ ആകെ 35,30,400/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

വേസ്റ്റ് കളക്ഷൻ ഹബുകൾ

ഉപയോഗശേഷം നിരവധി അജൈവ മാലിന്യങ്ങൾ നഗരത്തിൽ ഉപേക്ഷിച്ചു പോകുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി അവയെ സുരക്ഷിതമായി കൈയൊഴിയുന്നതിനായി നഗരത്തിലെ പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് വേസ്റ്റ് കളക്ഷൻ ഹബുകൾ സ്ഥാപിക്കുകയും ഇതിലൂടെ പൊതുജനങ്ങൾക്ക് പ്ലാസ്റ്റിക്, ചെരുപ്പ്, ബാഗ്, തുണി, പേപ്പർ, കുപ്പി എന്നിവ നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്.

Smart Trivandrum Mobile App

ഓൺലൈൻ സേവനമായ Smart Trivandrum Mobile App വഴിയുള്ള സേവനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് നഗരസഭയിൽ Call Center പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന് റസിഡൻസ് അസോസിയേഷനുകളുടെ രജിസ്ട്രേഷനും, സെപ്റ്റേജ് ടാങ്കർ വഴി മാലിന്യം നീക്കുന്നതിനും ഈ സംവിധാനം ഉപയോഗിക്കുന്നു.

നിയമങ്ങൾ പാലിക്കൽ

ജൈവ-അജൈവ മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നതു വഴി തെരുവുകളിലും പൊതു സ്ഥലങ്ങളിലും കുന്നുകൂടി അഴുകുന്നതിന്റെ ഫലമാണ് വിവിധയിനം പകർച്ചവ്യാധികൾ കേരള സമൂഹത്തെ പിടികൂടിയിരിക്കുന്നത്. തെരുവുനായ്ക്കളുടെ വർദ്ധനവിനും ഇതു കാരണമാകുന്നു. ഉറവിട മാലിന്യ സംസ്കരണം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനോടൊപ്പം മാലിന്യം തെരുവോരങ്ങളിലും പൊതുസ്ഥലങ്ങളിലും വലിച്ചെറിയുന്നത് ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.07.2017-ലെ സ.ഉ(സാധാ) നം.2511/2017 ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പുതുതായി ഡി & ഒ ലൈസൻസിനു അപേക്ഷിക്കുന്ന സ്ഥാപനങ്ങൾ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ ലൈസൻസ് നൽകാവൂ.

കേരള മുനിസിപ്പാലിറ്റി ആക്ട് 1994-ലെ ഉറവിട മാലിന്യ സംസ്കരണ സെക്ഷൻ 334, 334(എ), 334(ബി) എന്നിവ പ്രകാരം നഗരസഭയ്ക്ക് കീഴിലുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ ഉറവിട സ്ഥലത്തുതന്നെ ജൈവ-ജൈവേതര മാലിന്യങ്ങളായി സൂക്ഷിക്കേണ്ടതും ഇതിനായി സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. അപ്രകാരം സംവിധാനങ്ങൾ ഇല്ലെങ്കിൽ പ്രവർത്തനാനുമതിയോ, ലൈസൻസോ, കെട്ടിട നമ്പരോ നഗരസഭകൾ നൽകുവാൻ പാടില്ല.

നടപ്പിലാക്കാത്ത പദ്ധതികൾ

19.04.2022-ലെ സ.ഉ(കൈ) നം. 86/2022/തസ്വഭവ നഗരസഭകൾക്കുള്ള പദ്ധതി മാർഗ്ഗരേഖ 8.1(27) പ്രകാരം മാലിന്യസംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതുമാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	ഫണ്ട്	അടങ്കൽ
1	694/ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററും അനുബന്ധ ഉപകരണങ്ങളും (New)	വികസന ഫണ്ട് (ജനറൽ)	25,00,000
2	1065/തുമ്പൂർമൂഴി പ്ലാന്റിൽ MRF Laying Machine എന്നിവ സ്ഥാപിക്കൽ (SO)	വികസന ഫണ്ട് (ജനറൽ)	5,00,000
3	1058/പോർട്ടബിൾ എയറോബിൻ 100 എണ്ണം വാങ്ങുന്നതിന് (SO)	ധനകാര്യ കമ്മീഷൻ അവാർഡ്	1,00,00,000
4	1057/ശുചിത്വം സ & ഡി വേസ്റ്റ് (SO)	വികസന ഫണ്ട് (ജനറൽ)	90,65,213
5	1062/നിലവിൽ സ്ഥാപിച്ചിട്ടുള്ള നാപ്കിൻ ഡിസ്പോയർക്ക് AMC (SO)	ധനകാര്യ കമ്മീഷൻ അവാർഡ്	5,00,000
6	1061/ബയോഗ്യാസ് പ്ലാന്റ് 500 എണ്ണം (SO)	ധനകാര്യ കമ്മീഷൻ അവാർഡ്	60,00,000
7	1060/10000 വീടുകൾക്ക് ശുചിത്വ മിഷന്റെ ഫണ്ടിൽ നിന്നുംസെപ്റ്റിക്ക് ടാങ്ക് നൽകുന്നത് (SO)	വികസന ഫണ്ട് (ജനറൽ)	50,00,000
8	558/അശരണരും നിരാലംബരും ഉൾപ്പെടുന്ന വീടുകളിലെ ബയോമെഡിക്കൽ വേസ്റ്റ് എടുക്കുന്നതിന് എഗ്രിമെന്റ് വയ്ക്കുന്നതിന് തുക നൽകുന്നത്	വികസന ഫണ്ട് (ജനറൽ)	10,00,000

9	547/നഗരസഭ പ്രദേശത്തെ ശുചീകരണത്തിനാവശ്യമായ ബ്രഷ് കട്ടർ മുതലായ ഉപകരണങ്ങളുടെ റിപ്പയറും പരിപാലനവും (New)	വികസന ഫണ്ട് (ജനറൽ)	2,50,000
10	2155/ പൊതുസ്ഥസലങ്ങളിൽ ലിറ്റർബിൻസ് സ്ഥാപിക്കൽ (New)	ധനകാര്യ കമ്മീഷൻ അവാർഡ്	1,95,00,000
11	2166/ഗവ. സ്ഥാപനങ്ങളിലും സ്കൂളുകളിലും പ്ലാസ്റ്റിക് ബിൻ സ്ഥാപിക്കൽ	ധനകാര്യ കമ്മീഷൻ അവാർഡ്	9,90,000
12	2188/ഗാർഹിക ബയോഗ്യാസ് പ്ലാന്റ്	വികസന ഫണ്ട് (ജനറൽ)	30,90,750
13	2245/എയറോബിക് ബിൻ, MCF നഗരസഭ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ City Beautification നഗരസഞ്ചയം	ധനകാര്യ കമ്മീഷൻ അവാർഡ്	50,00,000
14	2139/പുതിയ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ	Central Fund-351750 State Fund-234165 Own Fund-419085	10,05,000
15	2105/വേസ്റ്റ് ശേഖരിക്കുന്നതിനായി പിക് അപ് വാൻ വാങ്ങൽ	ധനകാര്യ കമ്മീഷൻ അവാർഡ്	1,62,00,000
16	2091/MCF ന വേണ്ടിയുള്ള കണ്ടയ്നർ	വികസന ഫണ്ട് (ജനറൽ)	12,51,000
17	879/ആശുപത്രികൾക്ക് ആവശ്യമായ ശുചീകരണ സാധനങ്ങൾ വാങ്ങൽ	മെയിന്റനൻസ് ഫണ്ട്(റോഡിതരം)	2,00,00,000
18	1868/സാനിറ്ററി പാഡ് ഡിസ്പോയർ	ധനകാര്യ കമ്മീഷൻ അവാർഡ്	2,00,00,000
19	1864/പൊതുസ്ഥലങ്ങളിൽ CCTV ക്യാമറ സ്ഥാപിക്കൽ	ധനകാര്യ കമ്മീഷൻ അവാർഡ്	25,00,000
20	1870/ബോട്ടിൽ ബൂത്ത് നിർമ്മാണം	വികസന ഫണ്ട് – 2126100 ധനകാര്യകമ്മീഷൻ അവാർഡ്-1000000	31,26,100
21	1857/Mini MCF 50 യൂണിറ്റ് - നഗരസഞ്ചയം	ധനകാര്യ കമ്മീഷൻ അവാർഡ്	2,25,00,000
22	1858/Mini MCF നിർമ്മാണം 3 യൂണിറ്റ് - നഗരസഞ്ചയം	ധനകാര്യ കമ്മീഷൻ അവാർഡ്	1,00,00,000
23	1859/തുമ്പൂർമൂഴി പ്ലാന്റ് 10 യൂണിറ്റ് - നഗരസഞ്ചയം	ധനകാര്യ കമ്മീഷൻ അവാർഡ്	1,00,00,000
24	1860/തുമ്പൂർമൂഴി മെയിന്റനൻസ് - നഗരസഞ്ചയം	ധനകാര്യ കമ്മീഷൻ അവാർഡ്	42,00,000
25	1869/മെനസ്ട്രൽ കപ്പ്	ധനകാര്യ കമ്മീഷൻ അവാർഡ്	2,50,000
26	759/കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് AMC വയ്ക്കുന്നതിന്	വികസന ഫണ്ട് (ജനറൽ)	5,00,000

ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുകയും എന്നാൽ അവ നടപ്പാക്കാത്തതു വഴി വകയിരുത്തിയ തുക നഷ്ടപ്പെടുക മാത്രമല്ല പരിസ്ഥിതി, പൊതുജനാരോഗ്യം തുടങ്ങിയ പ്രധാന വിഷയങ്ങളിൽ നഗരസഭയുടെ ജാഗ്രതക്കുറവ് പ്രകടമാകുകയും ചെയ്യുന്നു. നഗരസഭ ഈ വിഷയത്തിൽ ഗൗരവമായി നിലപാട് കൈക്കൊള്ളേണ്ടതാണ്.

സ.ഉ(സാധാ) നം.1641/2017/തസ്വഭവ, തീയതി.19.05.2017 പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ പ്രോജക്ട് തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം സ്വീകരിച്ച നടപടികൾ പ്രോജക്ടുകളുടെ വിശദാംശങ്ങൾ, പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ, ഏത് തരത്തിൽ അവയെ പുനരുപയോഗം ചെയ്യുന്നു, വാർഡ് അടിസ്ഥാനത്തിൽ നഗരസഭ സ്ഥാപിച്ചതോ നവീകരിച്ചതോ ആയ മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ വിവരം, മാലിന്യം തള്ളുന്നതോ, അനധികൃതമായി തള്ളുന്നതോ ആയ സംഭവങ്ങൾ, നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം, തടയൽ എന്നിവയ്ക്കായി ഹരിതകർമ്മസേനയ്ക്ക് ലഭ്യമായ പരാതികൾ, സ്വീകരിച്ച നടപടികൾ എന്നിവയുടെ വിവരം, ഹരിതകർമ്മസേനയുടെ വരുമാന വർദ്ധനവിനായി നഗരസഭ സ്വീകരിച്ച നടപടി, ക്ലീൻ കേരള കമ്പനിയുടെ സഹായത്തോടെ Bailing, Shreding Unit-കളുടെ പ്രവർത്തനം, ഇവയുടെ അടിസ്ഥാന സൗകര്യങ്ങൾ, സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിവരം, എത്തിച്ചേരാനുള്ള റോഡ് സൗകര്യം, ഇവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ എങ്കിൽ ആയതിന്റെ

വിവരം, ലഭ്യമാകുന്ന മാലിന്യത്തിന് അനുസൃതമായി MCF & RRF -കൾക്ക് വിസ്തൃതി ഉണ്ടോ, MCF & RRF പരിസരത്ത് ദുർഗന്ധവും കീടങ്ങളും തടയുന്നതിന് ശുചിത്വ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ, വാർഡുകളിൽ കിച്ചൺ ബിൻ, ഇന്നോക്കുലം എന്നിവ വാങ്ങി വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അവയുടെ വിവരം എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 151/കെ.എസ്.എ/ടിവിസി.12/2024, തീയതി.01.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇപ്രകാരം നഗരസഭയുടെ മുഖ്യ കർത്തവ്യവും ജനങ്ങളുടെയും പരിസ്ഥിതിയുടെയും സുരക്ഷയ്ക്കും അത്യന്താപേക്ഷിതമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ നഗരസഭയുടെ ഭാഗത്ത് നിന്നും ജാഗ്രതക്കുറവ് സംഭവിക്കരുത് എന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1-31 എന്റെ കേരളം -മിനി പ്ലാന്റ് ഇൻസ്റ്റലേഷൻ - 159300/- രൂപ തടസ്സപ്പെടുത്തുന്നു.

2023-24 സാമ്പത്തിക വർഷത്തെ മെയ് മാസത്തെ വൗച്ചർ പരിശോധനയുടെ ഭാഗമായി H17/33761/2022 – എന്ന ഫയൽ പരിശോധിച്ചതിൽ കേരള സർക്കാരിന്റെ രണ്ടാം വാർഷിക ആഘോഷമായ "എന്റെ കേരള"ത്തിന്റെ ഭാഗമായി 2023 മെയ് 20 മുതൽ 27 വരെ കനകക്കുന്നിൽ വച്ച് നടക്കുന്ന എന്റെ കേരളം എക്സിബിഷനിൽ മുട്ടത്തറ STP യുടെ തനത് മാതൃകയിൽ മിനി പ്ലാന്റ് ഇൻസ്റ്റലേഷൻ ചെയ്യാൻ വേണ്ടി ക്വട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ. സാം ക്രിസ്റ്റഫറിന്റെ (പരിയാരം ഗ്രൂപ്പ്) ക്വട്ടേഷൻ അംഗീകരിക്കുകയും പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിനായി ക്വട്ടേഷൻ തുകയുടെ (318600/-) 50% ആയ 159300 രൂപ തനത് ഫണ്ടിൽ നിന്ന് ശ്രീ. സാം ക്രിസ്റ്റഫറിന് അനുവദിച്ചതായും കണ്ടു. (17.05.2023-ലെ നഗരസഭ സെക്രട്ടറിയുടെ H17/33761/2023-ാം നമ്പർ ഉത്തരവ്) PO No. 52301046, ചെക്ക് നം. 131227, പ്രകാരം 159300/- രൂപ സാം ക്രിസ്റ്റഫറിന് പ്രസ്തുത തുക നൽകിയിട്ടുണ്ട്. എന്നാൽ 31.07.2023-ന് ചേർന്ന ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം. 15-ൽ ടെണ്ടർ സ്പെസിഫിക്കേഷൻ അനുസരിച്ചല്ല പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് എന്നതുകൊണ്ട് മുൻകൂർ നൽകിയ തുക പര്യാപ്തമാണ് എന്നും, ബാക്കി തുക നൽകേണ്ടതില്ല എന്നും പരാമർശിക്കുന്നു. ചെലവ് രേഖകൾ ഹാജരാക്കിയതായി തീരുമാനത്തിൽ പരാമർശിക്കുന്നുണ്ടെങ്കിലും ആയത് ഫയലിൽ ലഭ്യമല്ല. ഇൻസ്റ്റലേഷന്റെ സ്പെസിഫിക്കേഷൻ വിശദമാക്കിയ ടെണ്ടർ നോട്ടീസ് ഫയലിൽ ലഭ്യമല്ല. ഇൻസ്റ്റലേഷൻ ചെലവ് സംബന്ധിച്ച ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനും മുൻകൂർ ആയി അനുവദിച്ച തുകയ്ക്ക് പര്യാപ്തമായ പ്രവൃത്തി ചെയ്തിട്ടുണ്ടോ എന്നതിന്റെ റിപ്പോർട്ട് ലഭ്യമാക്കാനുമായി ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.180/കെ.എസ്.എ./ടിവിസി.10/2024തീയതി:01.02.2025.) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മിനി പ്ലാന്റ് ഇൻസ്റ്റലേഷന് വേണ്ടി നൽകിയ 1,59,300/- രൂപ തടസ്സപ്പെടുത്തുന്നു.

1-32 പരസ്യചാർജ്ജ് - സർക്കാർ ഉത്തരവ് പ്രകാരമുള്ള കിഴിവ് കുറവ് ചെയ്യാതെ തുക നൽകുന്നത് നഗരസഭയ്ക്ക് അധികചെലവിന് കാരണമാകുന്നു.

സർക്കാർ ഉത്തരവ് (അച്ചടി) നം.17/15, ഐ&പി.ആർ.ഡി, തീയതി. 08.12.2015,സർക്കാർ ഉത്തരവ് (അച്ചടി) നം 2/2020/ ഐ&പി.ആർ.ഡി. 10/12/2020 എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രമുഖ പത്രങ്ങളിൽ പരസ്യം നൽകുമ്പോൾ 15% ഡിസ്കൗണ്ട് കിഴിവ് ചെയ്തതിന് ശേഷമുള്ള തുക നൽകിയാൽ മതിയെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ തിരുവനന്തപുരം നഗരസഭ ആയത് പാലിക്കുന്നില്ലെന്ന് വിവിധ ദിനപത്രങ്ങളിൽ പരസ്യം നൽകുന്നതിന് നൽകുന്ന പ്രതിഫല തുക സംബന്ധിച്ച വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം നഗരസഭയിൽ ശുചീകരണ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് പത്രപ്പരസ്യം ചെയ്ത വകയിൽ 2023-24 സാമ്പത്തിക വർഷത്തിൽ ജനയുഗം പബ്ലിക്കേഷൻസിന് വൗച്ചർ നം. 22304817, ചെക്ക് നമ്പർ.198221/05.12.2023 എന്നിവ പ്രകാരം 22,680/- രൂപ നികുതി ഉൾപ്പെടെ അനുവദിച്ചു. ടി ബിൽ തുകയിൽ നിന്നും സർക്കാർ അംഗീകരിച്ചിട്ടുള്ള 15% ഡിസ്കൗണ്ട് കിഴിവ് ചെയ്തിട്ടില്ല. ടി തുക കിഴിവ് ചെയ്യാതെയാണ് നഗരസഭ ജനയുഗം പബ്ലിക്കേഷന് തുക നൽകിയിട്ടുള്ളത്. ഇത് കൂടാതെ നഗരസഭ ആസ്തികളുടെ ലേല നടപടികൾക്കായി പരസ്യം ചെയ്ത വകയിൽ ജനയുഗം ദിനപത്രത്തിന് 75348/- രൂപ നൽകിയിട്ടുണ്ട്. (വൗച്ചർ നം. 22304755, ചെക്ക് നം. 198188/01.12.2023). എന്നാൽ ജനയുഗം ദിനപത്രത്തിന്റെ താഴെ ചേർക്കുന്ന ബില്ലുകൾ പ്രകാരമുള്ള തുകയിൽ നിന്നും അംഗീകൃത ഡിസ്കൗണ്ട് കിഴിവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ബിൽ നം./തീയതി	തുക
1	2020020439/24.02.2020	4998
2	2020110100/06.11.2020	5712
3	2021020312/12.02.2021	4998
4	2021030541/29.03.2021	5712
5	2021070242/23.07.2021	4998
6	20201070326/29.07.2021	5712
7	2021100060/06.10.2021	4284
8	20211004441/26.10.2021	4998
9	2021110016/23.10.2021	4284
10	2022010567/02.11.2021	4284
11	2022020067/27.01.2022	5376
12	2022020328/03.02.2022	4284
13	2022030434/14.03.2022	4998
14	2022090767/26.09.2022	5712
15	2022100766/31.10.2022	4998
	ആകെ	**75348**
16	2019010363/21.01.2019	11,340/-

17	2019020277 /13.02.2019	11,340/-
	ആകെ	22,680/-

ജി.ഒ(പി) നം.17/15/I&PRD, തീയതി.08.12.2015-ലെ ഉത്തരവ് പാലിച്ച് ഡിസ്കൗണ്ട് അനുവദിക്കാത്തത് മൂലം പരസ്യ ചാർജ്ജ് നൽകിയതിലൂടെ 14,704/- രൂപയുടെ നഷ്ടം നഗരസഭയ്ക്ക് ഉണ്ടായിട്ടുണ്ട്. സർക്കാർ അംഗീകരിച്ച ഡിസ്കൗണ്ട് അനുവദിച്ച് കിട്ടുന്നതിന് ജനയുഗം പബ്ലിക്കേഷനോട് ആവശ്യപ്പെടുകയോ തുടർനടപടികൾ സ്വീകരിക്കുകയോ നഗരസഭ ചെയ്തിട്ടില്ല. അർഹമായ ഡിസ്കൗണ്ട് വാങ്ങിയെടുക്കാതെ ബിൽ പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ച് നൽകിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 154/കെ.എസ്.എ/ടിവിസ.7/2024, തീയതി. 20.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികളിൽ അർഹമായ ഡിസ്കൗണ്ട് നേടി തനത് ഫണ്ടിൽ നിന്നുള്ള അധിക ചെലവ് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

1-32-1 പത്രപ്പരസ്യം-ഡിസ്കൗണ്ട് ലഭ്യമാകാത്തതിന് നഗരസഭ നടപടി സ്വീകരിക്കുന്നില്ല.

ജി.ഒ.ആർ.ടി.01/2011. പി.ആന്റ്.എ.ആർ.ഡി.തീയതി. 04.01.2011. പ്രകാരം സർക്കാർ സ്ഥാപനങ്ങൾ പി.ആന്റ്.എ.ആർ.ഡി. വകുപ്പ് മുഖേനയോ നേരിട്ടോ പരസ്യങ്ങൾ നൽകുമ്പോൾ 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (അച്ചടി) നം 2/2020/ഐ&പി.ആർ.ഡി. 10/12/2020 ഖണ്ഡിക 50, 51 എന്നിവ പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് പി.ആർ.ഡി മുഖേന അല്ലാതെ നേരിട്ട് അച്ചടി മാധ്യമങ്ങൾക്ക് പരസ്യം നല്കേണ്ട പ്രത്യേക സാഹചര്യം ഉണ്ടായാൽ ടി പരസ്യം പി.ആർ.ഡി മീഡിയാലിസ്റ്റിൽപ്പെട്ട ദിനപത്രങ്ങളിൽ മാത്രം നൽകേണ്ടതാണെന്നും ടി സ്ഥാപനങ്ങൾക്ക് പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുമെന്നും പരാമർശിക്കുന്നുണ്ട്. എന്നാൽ ഒക്ടോബർ 2023 ൽ പത്രപ്പരസ്യങ്ങൾക്ക് നൽകിയ ചെലവുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ചതിൽ, മേൽ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

വൗച്ചർ നം.	ചെക്ക് നം തീയതി	പരസ്യ തുക	തുക സ്വീകരിച്ച പത്രം	ആവശ്യം
22303741	675660/ 6-10-2023	4807	ജനയുഗം	നഗരസഭ വക വള്ളക്കടവ് മാർക്കറ്റിലെ 3-ാം നമ്പർ കടമുറിക്ക് 10-06-20 ന് ലേലം നടത്തിയതിന്റെ പരസ്യം നൽകിയത്.
22303787	675690 10-10-2023	5172	ജനയുഗം	നഗരസഭ വക വള്ളക്കടവ് മാർക്കറ്റിലെ 6-ാം നമ്പർ കടമുറിക്ക് 10-12-21 ന് ലേലം നടത്തിയതിന്റെ പരസ്യം നൽകിയത്.
22303749	575668 6-10-2023	4807	ജനയുഗം	നഗരസഭ വക വള്ളക്കടവ് മാർക്കറ്റിലെ 5-ാം നമ്പർ കടമുറിക്ക് 07-09-21 ന് ലേലം നടത്തിയതിന്റെ പരസ്യം നൽകിയത്.
22303960	675805 20-10-2023	9787	മാതൃഭൂമി	പാലിയേറ്റീവ് കെയർ ആവശ്യത്തിനുള്ള വാഹനങ്ങൾ വാടകയ്ക്ക് എടുത്തത് സംബന്ധിച്ച പരസ്യം.
22303806	675705 10-10-2023	16958	മാതൃഭൂമി	സർക്കാർ ഹോമിയോ ഡിസ്പെൻസറി വിഴിഞ്ഞം, കടകംപള്ളി എന്നിവിടങ്ങളിൽ ഇൻസ്പെക്ടർമാരെ നിയമിക്കുവാനുള്ള പരസ്യം.

പത്രപ്പരസ്യം നൽകുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമാകാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി നം 172/24 തീയതി 28/01/2025 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ട് മറുപടി ലഭ്യമായില്ല. ഭാവിയിൽ പത്രപ്പരസ്യം നൽകുമ്പോൾ സ്ഥാപനത്തിന് ലഭിക്കേണ്ട പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ലഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 സംസ്ഥാന ലൈഫ് ഇൻഷ്വറൻസ്- അടിസ്ഥാന ശമ്പളത്തിനാനുപാതികമായ പ്രീമിയം അടവ് വരുത്തുന്നില്ല.

സ.ഉ.(അ) 159/2021ധന.30.11.2021.പ്രകാരം 01.02.2022 മുതൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി ബാധകമായ എല്ലാ ജീവനക്കാരുടെയും അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, പേഴ്സണൽ പേ, ഗ്രേഡ് പേ എന്നിവയുടെ ആകെ തുകയായ പ്രതിമാസ വരുമാനത്തിന്റെ 1.5% കണക്കാക്കി 100 ന്റെ ഗുണിതമായി മുകളിലേക്ക് റൗണ്ട് ചെയ്ത് പ്രീമിയം പുതുക്കി നിശ്ചയിച്ചിരുന്നു. എന്നാൽ ജീവനക്കാരുടെ ശമ്പള ബിൽ/ ശമ്പള വൗച്ചർ പരിശോധിച്ചതിൽ ചുവടെ പറയുന്ന ജീവനക്കാരിൽനിന്നും ശമ്പളത്തിന് ആനുപാതികമായി എസ്.എൽ.ഐ പ്രീമിയം ഈടാക്കിയതായി കാണുന്നില്ല.

പേര്, തസ്തിക	അടിസ്ഥാന ശമ്പളം	ക്ഷാമ ബത്ത	ആകെ	ഈടാക്കേണ്ടിയിരുന്ന എസ്.എൽ. ഐ. പ്രീമിയം	ഈടാക്കിയ എസ്.എൽ. ഐ. പ്രീമിയം	വൗച്ചർ / ബിൽ നം തീയതി
സജീവ് കുമാർ.എം	27200	1904	29104	500	300	378/ 29.09.23

സാനിട്ടേഷൻ വർക്കർ കുടപ്പനക്കുന്ന് സർക്കിൾ.						
മഞ്ചു.ഐ സാനിട്ടേഷൻ വർക്കർ. കുടപ്പനക്കുന്ന് സർക്കിൾ.	27200	1904	29104	500	300	378/ 29.09.23
വിജയകുമാർ.ആർ സാനിട്ടേഷൻ വർക്കർ. കുടപ്പനക്കുന്ന് സർക്കിൾ	26500	1855	28355	500	300	378/ 29.09.23

അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി നം. 170/24 തീയതി. 28/01/2025 ന് 15/02/2025 ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരിൽ നിന്നും ശമ്പളത്തിന് ആനുപാതികമായ നിരക്കിൽ എസ്.എൽ.ഐ പ്രീമിയം ഈടാക്കാത്തതിനെ സംബന്ധിച്ച് മറുപടിയിൽ പരാമർശമില്ല. അപാകത പരിഹരിക്കേണ്ടതാണ്.

1-34 നഗരസഭ പരിധിയിൽ നിന്നും ലെഗസി വേസ്റ്റ് നീക്കം ചെയ്ത വകയിൽ ക്ലീൻ കേരള കമ്പനിയ്ക്ക് അധികത്തുക അനുവദിച്ചു - 28,910/- രൂപ നിരാകരിക്കുന്നു.

2023-24ലെ നഗരസഭയിലെ തനത് ഫണ്ട് ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ ബിൽ നമ്പർ 92/04.07.2023 പ്രകാരം 04.07.2023-ലെ 131553-ാം നമ്പർ ചെക്ക് മുഖേന ലെഗസി വേസ്റ്റ് നീക്കം ചെയ്ത വകയിൽ ക്ലീൻ കേരള കമ്പനിയുടെ പേർക്ക് 19,54,328/- രൂപയുടെ (ജി.എസ്.ടി ഉൾപ്പെടെ) ചെലവ് നടത്തിയിട്ടുള്ളതായി കാണുന്നു. ക്ലീൻ കേരള കമ്പനിയുടെ 20.08.2022-ലെ D23/SER22-23/256 (തുക – 13,41,400/-) 19.09.2022-ലെ D23/SER 22-23/356 (തുക – 2,62,060/-) 30.11.2022 ലെ D23/SER 22-23/625 (തുക – 52,750/-) എന്നീ ഇൻവോയിസുകൾ പ്രകാരമാണ് 19,54,328/- രൂപയുടെ ചെലവ് (ഇൻവോയിസ് പ്രകാരമുള്ള ആകെ തുക 16,56,210/- രൂപ + 18% ജി.എസ്.ടി) നടത്തിയത്. മേൽപ്പറഞ്ഞവയിൽ 19.09.2022-ലെ D23/SER22-23/356 നമ്പർ ഇൻവോയിസ് പ്രകാരം അംഗീകൃത നിരക്കിലധികരിച്ച് തുക അനുവദിച്ചതിനാൽ 18% ജി.എസ്.ടിയും ഉൾപ്പെടെ ആകെ 28,910/- രൂപയുടെ അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ഖ.3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-35 ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – ചെലവ് തുക 1331159/-രൂപ തടസ്സപ്പെടുത്തുന്നു

സെപ്റ്റംബർ മാസത്തെ വൗച്ചർ പരിശോധനയുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കുവാൻ ഓഡിറ്റ് റിക്വസിഷൻ നൽകിയിരുന്നു. (നം. 86/കെ.എസ്.എ/ടിവിസി.5/2023-24, തീയതി.01.01.2025). വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നം.	ഇനം	ചെലവ് തുക	തുക കൈപ്പറ്റിയ സ്ഥാപനം/ വ്യക്തി
1	GA2/59177/08 Volume II	സ്റ്റേഷനറി സാധനങ്ങളുടെ വാങ്ങൽ	947373	HREDC
2	C7/128793/10	പ്രിന്റിംഗ് ചാർജ്ജ്	183786	HREDC
3	E13/52567/22	സ്റ്റാഫ് ട്രെയിനിംഗ് പ്രോഗ്രാം എഞ്ചിനീയറിംഗ് വിംഗ്	200000	അൽസാജ് ഹോട്ടൽ മാനേജർ
ആകെ			**1331159**	

എന്നാൽ മേൽ പറഞ്ഞിരിക്കുന്ന ഫയലുകൾ ഓഡിറ്റിന് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 13,31,159/- രൂപ തടസ്സപ്പെടുത്തുന്നു. ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

1-35-1 ചെലവ് രേഖകൾ ഹാജരാക്കിയില്ല – 54000/- രൂപ തടസ്സപ്പെടുത്തുന്നു.

തിരുവനന്തപുരം നഗരസഭ CDSമായി ചേർന്ന് കോവിഡ്-19വാക്സിനേഷൻ സർവ്വേയുമായി ബന്ധപ്പെട്ട് ഫോമുകൾ ശേഖരിക്കാൻ പോകുന്നതിന് NULM കമ്മ്യൂണിറ്റി ഓർഗനൈസർമാർക്ക് (CO) യാത്രാബത്ത ഇനത്തിൽ ദിവസം 250/- രൂപ വീതം നൽകുന്നതിന് 18.09.2021-ൽ ഹെൽത്ത് ഓഫീസർമാരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചു. അതനുസരിച്ച് CDS I, II, III, IV ലെ മൂന്ന് കമ്മ്യൂണിറ്റി ഓർഗനൈസർമാർക്ക് 18 ദിവസത്തെ യാത്രാബത്ത അനുവദിച്ചു നൽകിയിട്ടുണ്ട് (250*18=4500).(തനത്ഫണ്ട് വൗച്ചർ പരിശോധന) ഇപ്രകാരം ഓരോ CDSലേയും CO മാർക്ക് 13,500/- രൂപ (4500*3=13500) വീതം 4 CDS ലെയും CO മാർക്ക് ആകെ 54,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

വൗച്ചർ നം.	തുക	ചെക്ക് നം.
52302107/06.07.2023	13500	675030/19.07.2023
52302110/06.07.2023	13500	675029/19.07.2023

52302112/06.07.2023	13500	675028/19.07.2023
52302113/06.07.2023	13500	675027/19.07.2023

എന്നാൽ CO മാരുടെ ഹാജർനില വ്യക്തമാക്കുന്ന രേഖകൾ, യാത്രാബത്ത അനുവദിച്ചത് സംബന്ധിച്ച ഫയൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.145/കെ.എസ്.എ/ടിവിസി.8/2024, തീയതി. 08.01.2025) മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈയിനത്തിലെ ചെലവ് തുകയായ 54,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-35-2 ചെലവ് രേഖകൾ ഹാജരാക്കിയില്ല – 1845766/-/- രൂപ തടസ്സപ്പെടുത്തുന്നു.

പള്ളിത്തെരുവ് ഹോമിയോ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ 2023-24 സാമ്പത്തിക വർഷം തനത് ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികളുടെ ചെലവ് രേഖകൾ ഓഡിറ്റ് റിക്വസിഷൻ നം. 17/കെ.എസ്.എ/ടിവിസി.8/2023-24, തീയതി.08.06.2024 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ ചെലവ് തുകയായ 18,45,766/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	ആകെ ചെലവ് തുക	ബിൽ നം./തീയതി	നിർവ്വഹണോദ്യോഗസ്ഥൻ
1	117	ശ്രദ്ധ – പക്ഷാഘാതം വന്ന രോഗികളിൽ ജീവിത നിലവാരം മെച്ചപ്പെടുത്താനും പുനരാഘാതം ഒഴിവാക്കാനുമുള്ള പദ്ധതി	3600	801/19.12.2023 Rs. 3600/-	ഡോ.സജിത.വി.എസ്
2	127	സ്വസ്തി	462531	1) 876/26.12.2023 Rs.437664/-– (TDS+GST ഒഴികെയുള്ള തുക) 2) 800/19.12.2023 Rs.11331/-	ഡോ.സജിത.വി.എസ്
3	1026	സ്വസ്തി	425319	1) 64/21.06.2023 Rs.41850/- 2)64/21.06.2023 Rs.20000/- 3) 64/21.06.2023 Rs.11469/- 4) 63/21.06.2023 Rs.344960/-	ഡോ. ഷാജികുട്ടി
4	1027	ശ്രദ്ധ – പക്ഷാഘാതം വന്ന രോഗികളിൽ ജീവിത നിലവാരം മെച്ചപ്പെടുത്താനും പുനരാഘാതം ഒഴിവാക്കാനുമുള്ള പദ്ധതി	954316	1) 51/20.06.2023 325017/- 2) 83/30.06.2023 622666/-	ഡോ. ഷാജികുട്ടി
	ആകെ		**1845766**		

ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-36 അമൃത് പദ്ധതി ഫയലുകളുടെ പരിശോധന – മൾട്ടിലെവൽ കാർ പാർക്കിംഗ് - ഫയർ ഫൈറ്റിംഗ് & ഇലക്ട്രിക്കൽ പ്രവൃത്തികൾ - പ്രവർത്തനക്ഷമത ഉറപ്പുവരുത്താതെ തുക നൽകി 49,23,907/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതി ആയ അമൃത്-ൽ ഉൾപ്പെടുത്തി പാളയം മൾട്ടിലെവൽ കാർ പാർക്കിംഗ് സംവിധാനത്തിൽ ഫയർ ഫൈറ്റിംഗ് സംവിധാനം സ്ഥാപിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ പ്രവൃത്തികൾ നഗരസഭയിൽ നിർവഹിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഫയൽ (E 162454/2018) സൂക്ഷ്മ പരിശോധനയിൽ താഴെപ്പറയുന്ന പ്രകാരമുള്ള അപാകതകൾ കണ്ടു.

1. പ്രസ്തുത പ്രവൃത്തിയുടെ നിർവഹണം പ്രയോജനകരമായി പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് നഗരസഭ പ്രായോഗിക പരിശോധന നടത്തിയില്ല.

അമൃത് സ്കീമിൽ ഉൾപ്പെട്ട പാളയം മൾട്ടിലെവൽ കാർ പാർക്കിംഗ് - ഫയർ ഫൈറ്റിംഗ്, ഇലക്ട്രിക്കൽ വർക്സ് - എന്ന പ്രവൃത്തിയുടെ നിർവഹണം 13.08.2020-ലെ 85/Amrut/2020-21 നമ്പർ കരാർ ഉടമ്പടി പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ULCCS)-നെ ഏൽപ്പിച്ചു. പദ്ധതി പൂർത്തീകരിച്ചതിനെ തുടർന്ന് 31.05.2023-ലെ C052343088114 നമ്പർ ചെക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യമായ 52,88,323/- രൂപയിൽ നിയമാനുസൃത കിഴിവുകൾ കിഴിച്ച് 49,23,907/- രൂപ ULCCS-ന് അനുവദിക്കുകയും ചെയ്തു. കരാർ അനുസരിച്ച് പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ഡോക്യുമെന്റ് ഖണ്ഡിക 4.5.2 പ്രകാരം നഗരസഭ

അധികൃതരുടെയോ ടി പ്രോജക്ടിന്റെ കൺസൾട്ടന്റായ കിറ്റ്കോ ലിമിറ്റിഡിന്റെയോ സാന്നിദ്ധ്യത്തിൽ താഴെപ്പറയുന്ന ടെസ്റ്റുകൾ നടത്തി ടെസ്റ്റ് സർട്ടിഫിക്കറ്റിലൂടെ ഫയർഫൈറ്റിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തേണ്ടിയിരുന്നു.

1. കണ്ടിന്യൂവിറ്റി ടെസ്റ്റ്

വയറിംഗ് വർക്ക്, കൺട്രോൾ ആൻഡ് ഇൻഡിക്കേറ്റിംഗ് പാനലുകൾ എന്നിവയുടെ ഇൻസുലേഷൻ റെസിസ്റ്റൻസ് ടെസ്റ്റ് ചെയ്യുന്നതിനായി.

2. ടെസ്റ്റ് ഫോർ സിസ്റ്റം ഓപ്പറേഷൻ

പരീക്ഷണാടിസ്ഥാനത്തിൽ അഗ്നിബാധ, ഷോർട്ട് സർക്യൂട്ട്/ഓപ്പൺ സർക്യൂട്ട്, ഡിറ്റക്ടറുകൾ നിർവീര്യമാക്കൽ തുടങ്ങിയ സാഹചര്യങ്ങൾ കൃത്രിമമായി സൃഷ്ടിച്ച് അഗ്നി പ്രതിരോധ സംവിധാനം പ്രവർത്തനക്ഷമമാണോ എന്നത് ടെസ്റ്റ് ചെയ്യുന്നതിനായി.

പ്രവൃത്തി ഫയൽ (E162454/18) പരിശോധിച്ചതിൽ പ്രവൃത്തിയുടെ തുക കോൺട്രാക്ടർക്ക് അനുവദിക്കുന്നതിന് മുൻപ് മേൽപ്പറഞ്ഞ ടെസ്റ്റുകൾ നടത്തി ടെസ്റ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതായി കാണുന്നില്ല. MLCP ഫയർ ഫൈറ്റിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനക്ഷമത പരീക്ഷണാടിസ്ഥാനത്തിൽ ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ച നടപടി നഗരസഭാധികൃതരുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ച ആയി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത പ്രവൃത്തിക്കായി ചെലവഴിച്ച 49,23,907/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയം സംബന്ധിച്ച് 09.10.2024 ലെ കെ.എസ്.എ/ടിവിസി.6/2024 നമ്പർ ഓഡിറ്റ് എൻകൃയറി നഗരസഭാ സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

2. *പ്രവൃത്തിയുടെ പൂർണമായ ഫയൽ ലഭ്യമാക്കിയില്ല.*

ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് ഏത് നിരക്കിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നതിന്റെ വിശദാംശങ്ങളും വർക്ക് ബിൽ അംഗീകരിച്ചതിന് ആധാരമായ ഷെഡ്യൂൾ (DSR/SOR) വിശദാംശങ്ങളും പ്രവൃത്തിയുടെ ഫയലിൽ ലഭ്യമല്ല. കൂടാതെ പ്രവൃത്തിയുടെ എം ബുക്കും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-37 സെക്രട്ടറി നിർവഹണം നടത്തിയ വിവിധ മേഖലകളിലെ പദ്ധതികൾ- ഫണ്ട് വിനിയോഗം 50%നും താഴെ- പദ്ധതിപ്പണം പാഴാകുന്നു

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2023-24വർഷം തയ്യാറാക്കിയ പദ്ധതികൾ പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉൾപ്പെടെ ഓരോ ഫണ്ടിനത്തിലും ആകെ വകയിരുത്തിയ ഫണ്ടിന്റെ 50% ത്തിലും താഴെ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ആവിഷ്കരിച്ച പദ്ധതികളിൽ 32%പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വികസനഫണ്ട്–എസ്.സി.പി ഫണ്ടിൽ നിന്ന് 78,13,333 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല. സൂലേഖയിൽ നിന്നുള്ള വാർഷിക ചെലവ് പത്രിക (Implementing Officerwise Expenditure Report) പരിശോധിക്കുമ്പോൾ 2023-24 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള വിവിധ മേഖലകളിലെ പദ്ധതികൾക്കായി വികസന ഫണ്ട് (പൊതുവിഭാഗം), വികസന ഫണ്ട് (എസ്.സി.പി), 15ാം ധനകാര്യകമ്മീഷൻ പ്രത്യേക ഗ്രാന്റ് (CFC-Tied), ഹെൽത്ത് ഗ്രാന്റ് എന്നീ ഫണ്ടുകളിൽ നിന്നായി ആകെ 77,42,85,518/- രൂപ വകയിരുത്തിയെങ്കിലും 44,24,03,890 രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ. സ്പിൽ ഓവർ ഉൾപ്പെടെ 177 പദ്ധതികൾ ആവിഷ്കരിച്ചതിൽ 57 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെയും അക്കൗണ്ടിംഗ് രേഖപ്പെടുത്തലുകളിലെയും അപാകതകൾ താഴെ പറയുന്നു.

യഥാർത്ഥ ചെലവും, ചെലവ് പത്രികയും തമ്മിലുള്ള പൊരുത്തക്കേട്

തൻവർഷത്തെ ഓരോ ഫണ്ടിനത്തിലുമായി 44,24,03,890/- രൂപയാണ് ആകെ ചെലവായി Expenditure Report (വാർഷിക ചെലവ് പത്രിക) ൽ രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) പ്രകാരം യഥാർത്ഥ ചെലവ് 34,38,20,471/- രൂപ ആണ്. ACR പ്രാകാരമുള്ള യഥാർത്ഥ ചെലവിനേക്കാൾ 9.86 കോടി കൂടുതലാണ് വാർഷിക ചെലവ് പത്രികയിൽ ചെലവ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നത്. ഓരോ ഫണ്ടുകളുടെയും ACR പ്രകാരമുള്ള ചെലവ് തുകയും Expenditure Report ൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് തുകയും ചുവടെ ചേർക്കുന്നു.

(1) ക്രമ നം	(2) ഫണ്ടിനം, ആകെ അടങ്കൽ (വാർഷിക ചെലവ് പത്രിക പ്രകാരം)	(3) പ്രോജക്ടുകളുടെ എണ്ണം		(4) ആകെ വകയിരുത്തൽ	(5) യഥാർത്ഥ ചെലവ് (ACR പ്രകാരമുള്ള Progressive Total)	(6) വാർഷിക ചെലവ് പത്രിക പ്രകാരമുള്ള ആകെ ചെലവ്	(7) ചെലവ് % (5/4 *100)
		ആവിഷ്കരിച്ചത്	നടപ്പിലാക്കിയത്				
1	വി.ഹ-ജനറൽ	17	8	13,18,11,004	2,87,93,705	11,99,89,105 *	21.8%
2	വി.ഹ-SCP	3	0	78,13,333	0	0	0%
3	CFC-Tied	97	37	53,37,63,247	26,24,39,080	26,24,39,080	49%
4	ഹെൽത്ത് ഗ്രാന്റ്	60	12	17,94,80,000	5,25,87,686	പ്രത്യേകമായി നല്കിയിട്ടില്ല	29%
	ആകെ	177	57 (32%)	852867584**	34,38,20,471	44,24,03,890	40%

(* വികസനഫണ്ട് (ജനറൽ) വകയിരുത്തി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവുകളുടെ ആകെ തുക 2,87,93,705 രൂപ ആണെങ്കിലും Expenditure Report ൽ 11,99,89,105 രൂപ എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കണക്കുകൾ പൊരുത്തപ്പെടുത്തി നിജസ്ഥിതി

വ്യക്തമാക്കേണ്ടതാണ്.

** കൂടാതെ വാർഷിക ചെലവ് പത്രികയിൽ ഓരോഫണ്ടിനങ്ങൾ വകയിരുത്തി ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഓരോന്നിനും രേഖപ്പെടുത്തിയിട്ടുള്ള വകയിരുത്തൽ തുകകളുടെ ആകെത്തുക കൂട്ടിയെടുക്കുമ്പോൾ യഥാർത്ഥത്തിൽ 85,28,67,584രൂപയാണ്(മേൽ പട്ടികയിലെ കോളം 4പ്രകാരമുള്ളത്). എന്നാൽ വാർഷിക ചെലവ് പത്രികയിൽ ആകെ പദ്ധതികളുടെ വകയിരുത്തലായി 77,42,85,518 രൂപ എന്നും, ആകെ ചെലവ് 44,24,03,890 രൂപ (സൂലേഖ വാർഷിക ചെലവ് പത്രിക-കോളം നം.19)എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.)

മേൽ വിഷയവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(എൻകയറി നം.196/കെ.എസ്.എ./എ.ഒ.III/2024.തീയതി: 17.02.2025) മറുപടി നല്കിയില്ല.

വികസനഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്നില്ല-പദ്ധതിപ്പണം പാഴാകുന്നു

മേൽ പട്ടിക പ്രകാരം വികസനഫണ്ട് ആകെ വകയിരുത്തിയ തുകയുടെ 40%മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം സർക്കാർ അനുവദിക്കുന്ന വികസനഫണ്ട് ചെലവഴിക്കാത്തതിലൂടെ ജനോപകാരപ്രദങ്ങളായ വിവിധ പദ്ധതികൾക്കായി ഉപയോഗിക്കേണ്ട വികസനഫണ്ട് പാഴാവുന്നു.

കൂടാതെ 15ാം ധനകാര്യകമ്മീഷന്റെ പ്രത്യേക ഗ്രാന്റ് ഉപയോഗിച്ച് കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം എന്നീ മേഖലകളിലായി മുൻകൂട്ടി നിശ്ചയിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കി മേഖലകളിലെ സേവനനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് ഓരോ വർഷത്തേക്കും അനുവദിച്ചിട്ടുള്ള ഗ്രാന്റ് ലഭിക്കുന്നത്. ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കാത്തത് വരുംവർഷം ലഭിക്കേണ്ട ഗ്രാന്റ് വിഹിതത്തെ സാരമായി ബാധിക്കുന്നു. മേൽ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

1-38 നഗരസഞ്ചയം- പദ്ധതികളുടെ നടത്തിപ്പും, അക്കൌണ്ടിംഗും കാര്യക്ഷമമല്ല

പതിനഞ്ചാം ധനകാര്യ കമ്മിഷൻ പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഞ്ചയങ്ങൾക്ക് 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷ കാലയളവിലേയ്ക്ക് പ്രത്യേക ഗ്രാന്റ് -മില്ല്യൺ പ്ലസ്സ് സിറ്റീസ് ചലഞ്ച് ഫണ്ട്- അനുവദിച്ചിട്ടുണ്ട്. ഒരു പ്രധാന നഗരവും അതിനോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളും ഉൾപ്പെടുന്നതാണ് ഒരു നഗരസഞ്ചയം. കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ സേവനനിലവാരം മെച്ചപ്പെടുത്തുന്നതിനും, ജലാശയങ്ങളുടെ പുനരുജ്ജീവനം, മഴവെള്ളക്കൊയ്ത്ത്, മലിനജലത്തിന്റെ പുന:ചംക്രമണം എന്നിവയുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുമാണ് ഈ ഗ്രാന്റ് ലഭ്യമാക്കുന്നത്. തിരുവനന്തപുരം നഗരസഞ്ചയത്തിന് വേണ്ടി ഗ്രാന്റ് സ്വീകരിക്കുന്നതിനുള്ള നോഡൽ തദ്ദേശസ്ഥാപനം തിരുവനന്തപുരം നഗരസഭയാണ്. നഗരസഞ്ചയം പദ്ധതിയുടെ ഭാഗമായി 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം ഇനത്തിൽ തിരുവനന്തപുരം നഗരസഭയും അതിനോട് ചേർന്ന് കിടക്കുന്ന നഗരസ്വഭാവവുമുള്ള 29 തദ്ദേശസ്ഥാപനങ്ങൾ അടങ്ങുന്ന നഗരസഞ്ചയത്തിനായി 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷകാലയളവിലെ പ്രവർത്തനങ്ങൾക്കായി ആകെ 194 കോടി രൂപ (2021-22 - 35കോടി, 2022-23 - 37കോടി, 2023-24 - 39കോടി, 2024-25- 41കോടി, 2025-26 -42കോടി) അനുവദിച്ചിട്ടുണ്ട് (സ.ഉ(കൈ)നം.272/2021/ത.സ്വ.ഭ.വ Dt.24.11.2021). കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം എന്നീ മേഖലകളിലെ മുൻകൂട്ടി നിശ്ചയിക്കുന്ന ലക്ഷ്യങ്ങൾ ഓരോ വർഷവും കൈവരിക്കുകയും ആ മേഖലകളിലെ സേവനനിലവാരം ഘട്ടം ഘട്ടമായി മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് ഓരോ വർഷത്തേക്കും അനുവദിച്ചിട്ടുള്ള ഗ്രാന്റ് ലഭിക്കുന്നത്. കൂടാതെ പ്രസ്തുത മേഖലകളിലെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നതെന്നും ആ പ്രോജക്ടുകളുടെ നിർവഹണത്തിലൂടെ മുൻകൂട്ടി ലക്ഷ്യമിടുന്ന പ്രകാരമുള്ള പുരോഗതി നിശ്ചിത സമയങ്ങളിൽ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം. ധനകാര്യകമ്മിഷൻ വിഹിതം ഓരോ നഗരസഞ്ചയത്തിലെയും മുഖ്യ നഗരസഭക്ക് അനുവദിക്കുകയും, സർക്കാർ ഉത്തരവുകൾക്കും, മാർഗ്ഗരേഖയ്ക്കും വിധേയമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും വേണം. ഗ്രാന്റ് വിനിയോഗത്തിന്റെ ഏകോപനം ഉറപ്പാക്കുന്നതിലേക്ക് മുഖ്യനഗരസഭയുടെ സെക്രട്ടറി കൺവീനറായി നഗരസഞ്ചയ പ്രദേശത്തെ തദ്ദേശസ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഒരു ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി (JPC) രൂപീകരിക്കേണ്ടതും, മുഖ്യനഗരസഭയുടെ മേയറുടെ അദ്ധ്യക്ഷതയിൽ ജില്ലാ ആസൂത്രണസമിതി രൂപീകരിക്കേണ്ടതുമാണ്. ജില്ലാ ആസൂത്രണസമിതിയും ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയും മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം യോഗം ചേരേണ്ടതും, പദ്ധതി അവലോകനം, പദ്ധതി മോണിട്ടറിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ് (24.11.2021ലെ സ.ഉ(കൈ)നം.272/2021/ത.സ്വ.ഭ.വ ഖ7) സംസ്ഥാനതലത്തിൽ നഗരസഞ്ചയം പദ്ധതിയുടെ മോണിട്ടറിംഗും, നിർവഹണപുരോഗതി വിലയിരുത്തുന്നതിന്റെയും മുഖ്യചുമതല നഗരകാര്യ ഡയറക്ടർക്കാണ്.

തിരുവനന്തപുരം നഗരസഭ മുഖ്യനഗരസഭ ആയിട്ടുള്ള നഗരസഞ്ചയത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെചേർക്കുന്നു.

ഫണ്ട് വിനിയോഗം

നഗരസഭയിൽ നഗരസഞ്ചയം പദ്ധതികൾക്കായി 2023-24 വർഷം 33.3 കോടി രൂപ (പ്രോജക്ടുകൾ ധനകാര്യകമ്മിഷൻ പ്രത്യേക ഗ്രാന്റിന്റെ വിനിയോഗത്തിന് വേണ്ടി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് - ഫെഡറൽ ബാങ്ക് അക്കൗണ്ട് നം.10300100446600 സ്റ്റേറ്റുമെന്റ് പ്രകാരം) വരവായി ലഭിച്ചിട്ടുണ്ട് (Credited On 30.5.2023). തൻവർഷം 30,08,46,144/- രൂപ ചെലവഴിക്കുകയും, (As Per ACR Progressive Total&Expenditure Report) 13,43,93,186/- രൂപ നിക്കിയിരിപ്പുമുണ്ട് (As Per Bank Statement).

എന്നാൽ CFC-Tied ഗ്രാന്റ് ഇനത്തിൽ 2023-24 വരെ ലഭിച്ച ആകെ വരവും, ചെലവും സംബന്ധിച്ച് അവ്യക്തതയുണ്ട്. 2023-24വരെയുള്ള വരവ് ചെലവ് വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് (20.12.2024ലെ 127/കെ.എസ്.എ/AO-III/2024) നഗരസഭ ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങളും, സ്ഥാപനത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷിക ചെലവ് പത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള വിവരങ്ങളിലും പൊരുത്തക്കേട് ഉണ്ട്. 2022-23 വർഷം 35കോടി രൂപ ബാങ്കിൽ വരവ് വന്നിട്ടുണ്ട്. എന്നാൽ ആ വർഷത്തെ ACR പ്രകാരം ആകെ 44,56,78,406/- (35കോടി രൂപ കൂടാതെ, G.O(Rt)No.4228/2022/Fin, 07.06.2022 പ്രകാരം 9,56,78,406 രൂപയുടെ വരവും രേഖപ്പെടുത്തിയിട്ടുണ്ട്) രൂപയാണ് വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. കൂടാതെ 2022-23, 2023-24 വർഷങ്ങളിലായി ചെലവഴിച്ച ആകെ തുക സംബന്ധിച്ചും കൃത്യമായ കണക്ക് വിവരങ്ങൾ പരിശോധിക്കാനാകുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വരവ്

ക്രമ നം.	വർഷം	നഗരസഭയുടെ മറുപടി പ്രകാരം	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം	AFS പ്രകാരം	CFC-Tied Grantവരവ് (ACR പ്രകാരം)
	2022-23	35,00,00,000	35,00,00,000 (Credited On 15.6.2022)	35,00,00,000	44,56,78,406/- [1)35,00,00,000 (GO(Rt) No.4221/2022/Fin, 06.06.2022) 2)9,56,78,406 G.O(Rt)No.4228/2022/Fin, 07.06.2022]
	2023-24	33,30,00000	33,30,00000 (Credited On 30.5.2023)	34,94,23,680	33,30,00,000 (GO(Rt) No.3918/2023/Fin, 23/5/2023)

ചെലവ്

ക്രമ നം.	വർഷം	നഗരസഭയുടെ മറുപടി പ്രകാരം	വാർഷിക ചെലവ് പത്രിക പ്രകാരം	ACR പ്രകാരം
	2022-23	27,79,30,636	31,91,60,383	5,24,14,887
	2023-24	30,14,05,443	30,08,46,144	30,08,46,144

ആയതിനാൽ നാളിതുവരെ ഗ്രാന്റിനത്തിൽ ലഭിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. വ്യത്യാസം ക്രമപ്പെടുത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്(ഖ 1-39 കാണുക)

പ്രോജക്ടുകൾ

നഗരസഞ്ചയം പദ്ധതിക്കായുള്ള Yearly Action Plan പരിശോധിച്ചതിൽ 194കോടി ധനകാര്യകമ്മിഷൻ ഗ്രാന്റ് ഉപയോഗിച്ച് കുടിവെള്ളം, ശുചിത്വം, ഖരമാലിന്യസംസ്കരണം എന്നീ വിവിധ മേഖലകളിൽ തിരുവനന്തപുരം നഗരസഞ്ചയ പ്രദേശത്ത് 2021-22 മുതൽ 2025-26വരെയുള്ള വർഷങ്ങളിലായി ആകെ 324 പ്രോജക്ടുകൾ ആവഷ്കരിച്ച് നടപ്പിലാക്കാൻ അംഗീകാരം നേടിയിട്ടുണ്ട്. 2023-24 സുലേഖ വാർഷിക ചെലവ് പത്രിക (Implementing Officerwise Expenditure Report) പരിശോധിച്ചതിൽ തൻവർഷം സെക്രട്ടറിയുൾപ്പെടെയുള്ള ഉദ്യോഗസ്ഥർ നിർവഹണ ഉദ്യോഗസ്ഥരായി ചുവടെപ്പറയും പ്രകാരം 85,33,78,784 രൂപ വകയിരുത്തി 142 പ്രോജക്ടുകൾ നടപ്പിലാക്കാൻ വിഭാവനം ചെയ്തതിൽ 47പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്.

ക്രമ നം	നിർവഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടുകളുടെ എണ്ണം			CFC ഗ്രാന്റ് ആകെ വകയിരുത്തൽ	ചെലവ്	ചെലവ്%
		ആകെ	നടപ്പാക്കിയത്	നടപ്പാക്കിയതിന്റെ%			
1	സെക്രട്ടറി	97	37	38%	533763247	262439080	49.2%
2	കോർപ്പറേഷൻ എഞ്ചിനീയർ	1	0	0	9083626	0	0
3	എക്സിക്യൂട്ടീവ് എഞ്ചിനീയർ	20	8	40	120710698	21023728	17.4%
4	ഹെൽത്ത് ഓഫീസർ	2	0	0	22500000	0	0
5	ഹെൽത്ത് സൂപ്പർവൈസർ	22	2	9	167321213	17383335	10.3%
ആകെ		142	47	33%	853378784	300846144	35.3%

തൻവർഷത്തെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 14.3.2023, 20.7.2023, 6.11.2023, 25.1.2024 തീയതികളിൽ JPC യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ പദ്ധതി നിർവഹണം സംബന്ധിച്ച ചർച്ചകളാണ് നടന്നിട്ടുള്ളത്. മോണിട്ടറിംഗ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

ധനകാര്യകമ്മിഷന്റെ പ്രത്യേക ഗ്രാന്റ് ഉപയോഗിച്ച് കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം എന്നീ മേഖലകളിലായി മുൻകൂട്ടി നിശ്ചയിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കി മേഖലകളിലെ സേവനനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് ഓരോ വർഷത്തേക്കും അനുവദിച്ചിട്ടുള്ള ഗ്രാന്റ് ലഭിക്കുന്നത്. ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കി നിർദ്ദിഷ്ട മേഖലകളിലെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിൽ വീഴ്ചയുള്ളതിനാൽ ആദ്യ വർഷം അനുവദിച്ച ഗ്രാന്റ് പൂർണ്ണമായും ലഭിച്ചെങ്കിലും തുടർവർഷങ്ങളിൽ ഗ്രാന്റ് കുറവായി ലഭിക്കാൻ ഇടയായിട്ടുണ്ട്.

നഗരസഞ്ചയം പദ്ധതികളുടെ പരിശോധനയുമായി ബന്ധപ്പെട്ടുള്ള മറ്റ് പരാമർശങ്ങൾ ഖ.1-39ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-39 നഗരസഞ്ചയം പദ്ധതി - കണക്കുകകളിൽ അവ്യക്തത- 8,27,97,297രൂപ തടസ്സപ്പെടുത്തുന്നു

15-ാം ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റിന്റെ(CFC-Tied) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററർ പ്രകാരവും, വാർഷിക ചെലവ്പത്രിക(Sulekha Implementing Officerwise Expenditure Report-2023-24) പ്രകാരവും നഗരസഞ്ചയപദ്ധതികൾക്കായി 30,08,46,144/-(30.08കോടി) രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗ്രാന്റ് വിനിയോഗത്തിന് വേണ്ടി ധനസഹായം സ്വീകരിക്കുന്നതിനും ചെലവഴിക്കുന്നതിനുമായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൌണ്ടിന്റെ (ഫെഡറൽ ബാങ്ക് അക്കൌണ്ട് നം.10300100446600) സ്റ്റേറ്റ്മെന്റ് പരിശോധിക്കുമ്പോൾ 01.04.2023 മുതൽ 31.03.2024 വരെ CFC ഗ്രാന്റ് 38,36,43,441/-(38.36കോടി) ആകെ ചെലവഴിച്ചിട്ടുണ്ട്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകയുമായി 8.28 കോടി(8,27,97,297/-)രൂപയുടെ വ്യത്യാസമുണ്ട്. നഗരസഞ്ചയം പദ്ധതിയുടെ ചെലവ് വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ 20.12.2024ലെ 127/കെ.എസ്.എ/AO(III)/2024 നമ്പർ ഓഡിറ്റ് എൻകൃയറിക്ക്, ഇതിൽ നിന്നെല്ലാം വിഭിന്നമായി 30,14,05,443/-(30.14കോടി)രൂപചെലവഴിച്ചു എന്നാണ് നഗരസഭ മറുപടി നല്കിയിട്ടുള്ളത്. നഗരസഞ്ചയം പദ്ധതിക്കായുള്ള അക്കൌണ്ട് പരിശോധനയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	വാർഷിക ധനകാര്യപത്രിക പ്രകാരം	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം
OB (As On 1.4.2023)	16,82,94,122	16,86,12,947
2023-24ലെ ഗ്രാന്റ് വരവ്	33,30,00,000	33,30,00,000
പലിശ വരവ് (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം)	1,64,23,680	1,64,23,680
2023-24ലെ ആകെ വരവ്(മുന്നിരിപ്പ്,പലിശയുൾപ്പെടെ)	51,77,17,802	51,80,36,627
തൻവർഷ ചെലവ്	38,33,24,616**	38,36,43,441
CB (As On 31.3.2024)	13,43,93,186	13,4393,186

** കെ-സ്മാർട്ടിൽ നിന്ന് പ്രസ്തുത തുകയുടെ പരിശോധനയ്ക്കായി ലെഡ്ജർ ലഭ്യമാകാത്തതിനാൽ ആകെ വരവിൽ നിന്ന് നീക്കിയിരിപ്പ് കുറച്ച തുകയാണ് ചെലവായി എടുത്തിരിക്കുന്നത്.

ഇപ്രകാരം ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് വ്യക്തതവരുത്തുന്നതിനും, മേൽ വ്യത്യാസം വിശദീകരിക്കാനാവശ്യപ്പെട്ടും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11.02.2025 ലെ നം.188/കെ.എസ്.എ./എ.ഒ.III/2024) നഗരസഞ്ചയം പദ്ധതിയുടെ ഫണ്ട് വിനിയോഗം PFMS (Public Finance Management System) മുഖേനയാണെന്നും, തൻവർഷം നഗരസഞ്ചയം പദ്ധതിയുടെ ഫണ്ട് വിനിയോഗം 30,14,05,443 രൂപയാണെന്നും, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള 38,36,43,441 രൂപ ആയതിന് കാരണം 31.3.2023ൽ Print Payment Advance(PPA) മുഖേന Initiate ചെയ്യപ്പെട്ട 7പെയ്മെന്റുകൾ (C032394312802, C032394310175, C03239430032,C032394303032, C032394350382, C032394317459,C032394307088) കളുടെ തുകകൾ 5.4.2023ലെ ബാങ്ക് സ്റ്റേറ്റ്മെന്റിലാണ് പ്രതിഫലിച്ചതിനാലാണെന്നും മറുപടി നല്കി. മേൽതുകകളുടെ ആധികാരികത പരിശോധിച്ച് ബോധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതുവരെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തൻവർഷ ചെലവിലെ വ്യത്യാസമുള്ള **8,27,97,297രൂപ** തടസ്സത്തിൽ വയ്ക്കുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-40 നഗര സഞ്ചയം പദ്ധതി-വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം-കോടികൾ കേരളവാട്ടർ അതോറിട്ടിയിൽ നിക്ഷേപിച്ചു-പദ്ധതി പൂർത്തിയാക്കുന്നതിൽ കാലവിളംബം-5,10,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

നഗരസഞ്ചയം - സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി, നഗരസഞ്ചയ പ്രദേശത്തെ കുടിവെള്ള വിതരണ സംവിധാന വിപുലീകരണം ലക്ഷ്യമിട്ട് ആറ്റിങ്ങൽ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റികളിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം, തിരുവനന്തപുരം നഗരസഭാ പരിധിയിലെ പാറമല വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പുനരുദ്ധാരണം എന്നിവ കേരള വാട്ടർ അതോറിട്ടി മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കുന്നതിനായി, ധനകാര്യകമ്മീഷൻ പ്രത്യേക ഗ്രാന്റ് വിഹിതം വകയിരുത്തി ബഹുവർഷ പ്രോജക്ടുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് തുക വാട്ടർ അതോറിട്ടിക്ക് കൈമാറിയെങ്കിലും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാത്തതിനാൽ പദ്ധതി പൂർത്തിയാക്കി ലക്ഷ്യം നേടുന്നതിന് വളരെയധികം കാലവിളംബം നേരിടുകയാണ്.

പദ്ധതികൾക്കായി പ്രസ്തുത തദ്ദേശസ്ഥാപനങ്ങൾ മുഖേന KWA യിൽ തുക ഡെപ്പോസിറ്റ് ചെയ്തതിൻ പ്രകാരമുള്ള പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങളോ, നിലവിലെ സ്ഥിതിയോ തിരുവനന്തപുരം നഗരസഭയിൽ ലഭ്യമല്ല. ഡെപ്പോസിറ്റ് വർക്കുകൾക്കായുള്ള തുക കൈമാറുമ്പോൾ പ്രസ്തുത സ്ഥാപനങ്ങൾ തയ്യാറാക്കി നല്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡെപ്പോസിറ്റ് ചെയ്യാവൂ എന്നും, ഇങ്ങനെ ഡെപ്പോസിറ്റ് ചെയ്യുന്ന അവസരത്തിൽ തന്നെ തദ്ദേശഭരണ സ്ഥാപനം പ്രസ്തുത ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്നും 9.3.2022ലെ സർക്കുലർ ഡി.എ1/64/2022-ത.സ്വ.ഭ.വ, പദ്ധതിമാർഗ്ഗരേഖ സ.ഉ(കൈ)84/2022/ ത.സ്വ.ഭ.വ/19.4.2022 ഖ 12.2 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾക്ക് തദ്ദേശ സ്ഥാപനങ്ങൾ നിർവഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടിട്ടില്ല. കൃത്യമായ ഇടവേളകളിൽ പദ്ധതി മോണിട്ടറിംഗ് നടത്തുന്നില്ല, നിർമ്മാണ പുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് വ്യക്തതയില്ല എന്നിങ്ങനെയുള്ള അപാകതകളും നിലനിൽക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഫണ്ടിനം : 15- ാം ധനകാര്യകമ്മീഷൻ പ്രത്യേക ഗ്രാന്റ്

ക്രമ നം.	പ്രോജക്ട് നം., പേര്	ആകെ അടങ്കൽ	ചെലവ്	തുക നല്കിയ സ്ഥാപനം	ബിൽനം, തീയതി (ACRപ്രകാരമുള്ളത്)
1	1706/2023-24 10MLD വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം-അവനവഞ്ചേരി, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി-	1,95,12,000	1,95,12,000	ആറ്റിങ്ങൾ മുനിസിപ്പാലിറ്റി	407/14.9.23
2	1711/2023-24 16MLD വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം-നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി	2,76,30,000	2,76,30,000	നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി	1876/2.3.24
3	1805/2023-24 തിരു.നഗരസഭ-പാറമല 5MLD വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പുനരുദ്ധാരണം	39,08,000	39,08,000	കേരള വാട്ടർ അതോറിട്ടി	1211/19.1.24

. മുൻകൂട്ടി തയ്യാറാക്കിയ പ്രോജക്ടുകൾക്കായുള്ള ധനകാര്യകമ്മീഷൻ വിഹിതം മുഖ്യനഗരസഭയായ തിരുവനന്തപുരം നഗരസഭയിൽ നിന്ന് പ്രോജക്ട് പ്രദേശം ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനത്തിന് നല്കുകയും, പ്രസ്തുത നഗരസഞ്ചയ പ്രദേശത്തെ തദ്ദേശസ്ഥാപനം പ്രോജക്ട്

നിർവഹണം നടത്തുകയുമാണ് ചെയ്യുന്നത്. മേൽ ബഹുവർഷ പ്രോജക്ടുകൾക്കായി ഓരോ വർഷവും വകയിരുത്തിയതിൻ പ്രകാരമുള്ള തുക തിരുവനന്തപുരം കോർപ്പറേഷൻ, ആറ്റിങ്ങൽ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റികൾക്ക് നേരിട്ട് കൈമാറുകയും, പ്രസ്തുത സ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിട്ടിക്ക് ഡെപ്പോസിറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്.

കൂടാതെ മുഖ്യനഗരസഭയായ തിരുവനന്തപുരം നഗരസഭാ പ്രദേശത്തെ പാറമല വാട്ടർഷീറ്റ്മെന്റ് പ്ലാന്റ് പുന:രുദ്ധാരണം പ്രോജക്ട് പ്രകാരമുള്ള തുക ഡെപ്പോസിറ്റ് പ്രവൃത്തിക്കായി തിരുവനന്തപുരം കോർപ്പറേഷൻ വാട്ടർ അതോറിട്ടിക്ക് നേരിട്ട് അനുവദിച്ച് നല്കിയിട്ടുമുണ്ട്. മേൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 2023-24വർഷം വരെ കൈമാറിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം., പേര്	അനുവദിച്ച തുക				റിമാർക്സ്
		2021-22	2022-23	2023-24	ആകെ	
1	1706/2023-24 WTPആറ്റിങ്ങൽ മുനിസിപ്പാലിറ്റി-	0	3900000	15612000	19512000	പദ്ധതി ആരംഭിച്ചില്ല.
2	1711/2023-24 WTP നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി	50065000	20000000	27630000	97695000	പദ്ധതി പ്രവർത്തനങ്ങളിൽ കാലതാമസം
3	1805/2023-24 WTPതിരു.നഗരസഭ-പാറമല	0	0	3908000	3908000	വിവരം ലഭ്യമല്ല

. ഫയൽ പരിശോധനയിൽ ബന്ധപ്പെട്ട സ്ഥാപനത്തിന് തുക കൈമാറിയ വിവരങ്ങൾ മാത്രമാണ് ഉള്ളത്. മേൽ പ്രോജക്ടുകൾ പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ, എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്, പൂർത്തീകരിച്ചോ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. ആറ്റിങ്ങൽ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റികളുടെ 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം ജില്ലാ കാര്യാലയം നടത്തിയിട്ടുള്ള പ്രസ്തുത പ്രോജക്ടുകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങളും ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.

1)1706/2023-24-WTPആറ്റിങ്ങൽ മുനിസിപ്പാലിറ്റി

പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഫയൽ പരിശോധനയിൽ ആറ്റിങ്ങൽ മുനിസിപ്പൽ സെക്രട്ടറിയുടെ 1.1.2024ലെ G4-1376/22 പ്രകാരം പദ്ധതി തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. എന്നാൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ നിന്ന് കേരള വാട്ടർ അതോറിട്ടിയിൽ പദ്ധതി തുകയായ 1,95,12,000/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്ത് കൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് മാത്രമാണ് അത്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാകാര്യാലയത്തിന്റെ 2023-24 റിപ്പോർട്ടിൻ പ്രകാരം ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, KWAയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സ്പിൽഓവർ ഉൾപ്പെടെ പദ്ധതി തുക (1,95,12,000/-) 2023 ഒക്ടോബർ മാസം (ചെക്ക് നം.882997/6.10.23) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ മുനിസിപ്പാലിറ്റി വാട്ടർ അതോറിട്ടിയുമായി കരാറിലേർപ്പെട്ടിട്ടില്ല. പദ്ധതി നിർമ്മാണം ആരംഭിച്ചത് സംബന്ധിച്ചോ, നിർമ്മാണ പുരോഗതി സംബന്ധിച്ചോ മുനിസിപ്പാലിറ്റിക്ക് വ്യക്തതയില്ല. വാട്ടർ അതോറിട്ടിയുമായി കരാറിലേർപ്പെടുന്നതാണെന്നും, പുരോഗതി വിവരം ലഭ്യമാക്കുന്നതിന് കത്ത് നല്കുന്നതാണെന്നും ഇത് സംബന്ധിച്ച ജില്ലാ ഓഡിറ്റ് ടീം നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മുനിസിപ്പാലിറ്റി മറുപടി നല്കിയിട്ടുണ്ട്.

2)1711/2023-24-WTP നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി

2023-24 ൽ കൈമാറിയ തുക വിനിയോഗിച്ചുള്ള പ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലായി നെയ്യാറിൽ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനും, പമ്പ്സെറ്റ് പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും തുക ചെലവഴിച്ചിട്ടുണ്ട്. ജലശുദ്ധീകരണ ശാലയുടെ പ്രവർത്തനത്തിനാവശ്യമായ ജലം ലഭ്യമാക്കുന്നതിനുള്ള തടയണ, കിണർ എന്നിവ നിർമ്മിക്കുന്നതിനായുള്ള 2023-24 ലെ വിഹിതം 97695000 /-ചെലാൻ നം.174533/3.7.2023, 174539/20.3.24(പ്രകാരവും KWA ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റി KWA യുമായി കരാറിലേർപ്പെട്ടിട്ടില്ല. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 2022-2024 വരെയുള്ള 2 വർഷമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധിയായി രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും കാലാവധി കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിക്കാൻ ആയിട്ടില്ല. പദ്ധതി നിർവഹണ പുരോഗതി സംബന്ധിച്ചും വ്യക്തതയില്ല. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ജില്ലാകാര്യാലയ ഓഡിറ്റ് ടീമിന് മുനിസിപ്പാലിറ്റി മറുപടി നല്കിയിട്ടുണ്ട്.

3)1805/2023-24 WTPതിരു.നഗരസഭ-പാറമല

തിരുവനന്തപുരം നഗരസഭാ പരിധിയിലെ പ്രസ്തുത പ്രോജക്ട് നിർവഹണം സംബന്ധിച്ചും അവ്യക്തതയുണ്ട്. നിർവഹണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനും, തിരുവനന്തപുരം നഗരസഭ KWAയുമായി ഏർപ്പെട്ടിട്ടുള്ള കരാർ പരിശോധനയ്ക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.226/കെ.എസ്.എ./എ.ഒ.III/2024.തീയതി: 3.3.2025) നഗരസഭ മറുപടി ലഭ്യമാക്കിയില്ല.

. പദ്ധതി തുക വാട്ടർ അതോറിട്ടിയ്ക്ക് കൈമാറുന്നതിനൊപ്പം, തുക ഡെപ്പോസിറ്റ് ചെയ്യുന്ന തീയതി മുതൽ എത്ര കാലയളവിനുള്ളിൽ പൂർത്തിയാക്കും എന്ന് വ്യക്തമാക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടെയുള്ള കരാർ തയ്യാറാക്കേണ്ടതും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും നൽകേണ്ടതും, ഫൈനൽ ബിൽ തുക ഡെപ്പോസിറ്റിനേക്കാൾ കുറവാണെങ്കിൽ ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന് തിരികെ നൽകേണ്ടതുമാണ് എന്നിരിക്കെ അപ്രകാരമുള്ള നടപടിവിവരങ്ങൾ ലഭ്യമല്ല.

ഗ്രാന്റ് വിനിയോഗത്തിന്റെ ഏകോപനം ഉറപ്പാക്കുന്നതിലേക്ക് രൂപീകരിച്ചിട്ടുള്ള ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി (JPC) പദ്ധതിമോണിട്ടറിംഗ് (24.11.2021ലെസ.ഉ(കൈ)നം.272/2021/ത.സ്വ.ഭ.വ.-ഖ7) നടത്തിയിട്ടില്ല. മേൽവിഷയങ്ങളിൽ വ്യക്തത വരുത്തുന്നതിനും, കരാർ, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.208/കെ.എസ്.എ./എ.ഒ.III/2024.തീയതി: 24.02.2025, നം.226/കെ.എസ്.എ./എ.ഒ.III/2024 തീയതി: 03.03.2025) ഫയലുകൾ ഹാജരാക്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതികൾ പൂർത്തിയാക്കി KWA യിൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം

ലഭ്യമാക്കുന്നത് വരെ തൻ വർഷത്തെ ആകെ ചെലവ് തുകയായ 5,10,50,000/- രൂപ തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്

നിർദ്ദിഷ്ട മേഖലകളിലെ സേവന നിലവാരം മെച്ചപ്പെടുത്തൽ ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഇപ്രകാരം കാലവിളംബം വരുത്തുന്നത് പെർഫോമൻസിനെ ബാധിക്കുമെന്നതിനു പുറമേ തുടർവർഷങ്ങളിലെ ഫണ്ട് ലഭ്യതയെയും ബാധിക്കുന്നു.

1-40-1 നഗരസഞ്ചയം പദ്ധതി - ഡെപ്പോസിറ്റ് വർക്കുകൾ- കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് UC ലഭിച്ചില്ല- 17769314/- രൂപ തടസ്സപ്പെടുത്തുന്നു.

നഗരസഭയുടെ വാർഷിക ചെലവ് പത്രിക പരിശോധിക്കുമ്പോൾ 2023-24 വർഷം നഗരസഞ്ചയം പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള അനുബന്ധം-31-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകൾ പ്രകാരമുള്ള ഡെപ്പോസിറ്റ് വർക്കുകൾക്കായി 15-ാം ധനകാര്യകമ്മിഷൻ ഗ്രാന്റിൽ നിന്ന് നിർവഹണ ഏജൻസിയായ കേരള വാട്ടർ അതോറിട്ടിയ്ക്ക് 22,88,19,314/- രൂപ അനുവദിച്ചു നല്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾക്കായുള്ള തൻവർഷ ധനകാര്യകമ്മിഷൻ വിഹിതം നഗരസഞ്ചയം-മുഖ്യനഗരസഭയായ തിരുവനന്തപുരം നഗരസഭയിൽ നിന്ന് പദ്ധതി നിർവഹണം നടത്തേണ്ട തദ്ദേശ സ്ഥാപനത്തിന് (പ്രോജക്ട് പ്രദേശം ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനത്തിന്) നല്കുകയും, പ്രസ്തുത തദ്ദേശസ്ഥാപനം പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിട്ടിയിൽ പ്രോജക്ട് തുക ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്യുന്നു. കൂടാതെ മുഖ്യനഗരസഭയായ തിരുവനന്തപുരം നഗരസഭാ പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന ഡെപ്പോസിറ്റ് പ്രോജക്ടുകൾ പ്രകാരമുള്ള തുക തിരുവനന്തപുരം കോർപ്പറേഷൻ വാട്ടർ അതോറിട്ടിയ്ക്ക് നേരിട്ട് കൈമാറുകയും ചെയ്യുന്നു. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് Completion Certificate, വാട്ടർ അതോറിട്ടിയ്ക്ക് നല്കിയ തുകയുടെ വിനിയോഗവിവരം, കേരളവാട്ടർ അതോറിട്ടിയിൽ നിന്ന് ലഭിച്ച ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, അവയുടെ നിർവഹണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കാക്കാൻ ആവശ്യപ്പെട്ട് നല്കിയ 06.02.2025ലെ 185 /കെ.എസ്.എ./എ.ഒ.III/2024 നം.ഓഡിറ്റ് അന്വേഷണത്തിന് 19 തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും കേരള വാട്ടർ അതോറിട്ടിയ്ക്ക് തുക കൈമാറിയെന്ന് അറിയിച്ചുകൊണ്ടുള്ള വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായി അറിയിച്ചു. എന്നാൽ പ്രസ്തുത ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരണം, നിലവിലെ നിർവഹണ പുരോഗതി എന്നിവയിൽ വ്യക്തതയില്ല. ഈ സാഹചര്യത്തിൽ തൻവർഷ ചെലവ് തുകയായ 1,77,69,314/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. കേരളവാട്ടർ അതോറിട്ടിയിൽ നിന്നുമുള്ള ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

1-41 നഗരസഞ്ചയം - ഡെപ്പോസിറ്റ് പ്രവൃത്തികൾ - എസ്റ്റിമേറ്റ്, കരാർ ഹാജരാക്കിയില്ല - ഫണ്ട് വിനിയോഗത്തിൽ 7,15,41,000രൂപയുടെ പൊരുത്തക്കേട്

ഡെപ്പോസിറ്റ് വർക്കുകൾക്കായുള്ള തുക KWA, KSEB, GWD എന്നിവയ്ക്ക് കൈമാറുമ്പോൾ പ്രസ്തുത സ്ഥാപനങ്ങൾ തയ്യാറാക്കി നല്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡെപ്പോസിറ്റ് ചെയ്യാവൂ എന്നും, ഇങ്ങനെ ഡെപ്പോസിറ്റ് ചെയ്യുന്ന അവസരത്തിൽ തന്നെ തദ്ദേശഭരണ സ്ഥാപനം പ്രസ്തുത ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്നും 9.3.2022ലെ ഡി.എ1/64/2022-ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശം നല്കിയിട്ടുണ്ട്. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള നഗരസഞ്ചയം പ്രോജക്ടുകൾ പ്രകാരമുള്ള ഡെപ്പോസിറ്റ് വർക്കുകൾക്ക് അപ്രകാരം എസ്റ്റിമേറ്റ് ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിലാണോ തുക കൈമാറിയിട്ടുള്ളത് എന്നും, നിർവഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ചും, വിവിധ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ്, കേരളവാട്ടർ അതോറിട്ടിയുമായി ഏർപ്പെട്ടിട്ടുള്ള കരാർ എന്നിവ പരിശോധനക്കായി നല്കുന്നതിലേക്കും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (06.02.2025ലെ 185 /കെ.എസ്.എ./എ.ഒ.III/2024) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയില്ല.
എന്നാൽ നഗരസഭയുടെ വിവിധ വാർഡുകളിലായി നടപ്പിലാക്കാനുള്ള മൂന്ന് പദ്ധതികൾക്ക് വേണ്ടിയുള്ള 2,67,50,000/- രൂപയുടെ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിട്ടി നോർത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ഏർപ്പെട്ടിട്ടുള്ള ഒരു കരാർ മാത്രം പരിശോധനക്ക് ഹാജരാക്കി. പൂർണ്ണമായ രേഖകളുടെ അഭാവത്തിൽ പദ്ധതികളുടെ പരിശോധന നടത്താൻ കഴിയാത്ത സാഹചര്യമാണ്. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത കരാർ KWA നോർത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18.1.2023 ലെKWA/PHDN/T(N)/ DB1/2654/ 2022/ Urban Agglomeration/GL കത്തിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന മൂന്ന് പ്രവൃത്തികൾക്കായി വാട്ടർ അതോറിട്ടിക്ക് തുക നല്കിയിട്ടുള്ളതുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇതിൻപ്രകാരം ചുവടെ പട്ടികയിലെ ക്രമ നം. 1, 2 ൽ പറഞ്ഞിട്ടുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ ഉൾപ്പെടെയുള്ള മൂന്ന് പ്രവൃത്തികൾക്കായി 2023-24 വർഷം 2,67,50,000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ തൻവർഷത്തെ 1702/24, 1703/24 (സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളത്) എന്നീ നഗരസഞ്ചയം പ്രോജക്ടുകൾ പ്രകാരം യഥാക്രമം 5,38,98,000/- രൂപയും 3,51,37,000/- ചേർത്ത് ആകെ 8,90,35,000/- രൂപയാണ് CFC-Tied ഗ്രാന്റിൽ നിന്ന് KWA-യ്ക്ക് Fund Transfer ചെയ്തിട്ടുള്ളത് എന്ന് പ്രസ്തുത ഫണ്ടിന്റെ ACR പരിശോധനയിൽ നിന്നും ബോദ്ധ്യപ്പെട്ടു. മേൽ കരാർ പ്രകാരമുള്ള തുകയും, സുലേഖ പത്രികയിൽ ഉൾപ്പെട്ട (ക്രമ നം.1&2) പ്രോജക്ടുകൾ പ്രകാരമുള്ള തുകയും തമ്മിലുള്ള വ്യത്യാസം ചുവടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് തമ്മിൽ ആകെ 7,15,41,000/- രൂപയുടെ വ്യതാസം കാണുന്നു. ഇത്ര വലിയ വ്യത്യാസം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്. മറ്റ് പ്രോജക്ടുകൾക്കും കൂടിയുള്ള തുക ഇതിൽ ഉൾപ്പെട്ട് വന്നിട്ടുണ്ടോ, എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങളും, KWAയിൽ നിന്നുമുള്ള എസ്റ്റിമേറ്റും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 207/കെ.എസ്.എ./എ.ഒ.III/2024. തീയതി. 24.2.2025) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയില്ല. കൂടാതെ ക്രമ നം.3 പ്രകാരമുള്ള പ്രോജക്ടുകൾ തൻവർഷം വാർഷിക ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടോ/ ഏത് വർഷം നടപ്പിലാക്കി എന്നതിലും വ്യക്തതക്കുറവുണ്ട്.

ക്രമ നം.	പ്രവൃത്തി	KWA ക്ക് അനുവദിച്ച തുക (കരാർ പ്രകാരം)	2023-24ലെ പദ്ധതി പ്രകാരം അനുവദിച്ച തുക	വ്യത്യാസം	ബിൽ നം, തീയതി
1	Supply & Errection 110HP Pumpset At Kudappanakkunnu	21,88,000	5,38,98,000	5,17,10,000	1931/

	Proj No. 1702/24				06.03.2024
2	Replacement & Line Extension To Ulloor Ward 1703/24	1,53,06,000	3,51,37,000	1,98,31,000	2575/ 24.03.2024
3	Replacing Damaged Pipes Towards Manchadi,Pulayanarkotta,S.N Nagar,Udaya Garden, Kunchuveedu Temple, Poomthi Road, Prasanth Nagar, Thorottukonam (വാർഷിക ചെലവ് പത്രിക പ്രകാരം പ്രോജക്ട് ഇല്ല)	92,56,000	-	-	
	ആകെ	2,67,50,000	8,90,35,000	7,15,41,000	

2021-22 മുതൽ 2025-26 വരെയുള്ള 5 വർഷ കാലയളവിലേക്ക് തിരുവനന്തപുരം നഗരസഞ്ചയത്തിനായി അനുവദിച്ചിട്ടുള്ള പ്രത്യേക ഗ്രാന്റിൽ നിന്ന് വിവിധ നഗരസഞ്ചയ പ്രദേശങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്കായി 2023-24വർഷം വരെ ഡെപ്പോസിറ്റ് വർക്കിനത്തിൽ നിർവഹണ ഏജൻസിയായ കേരള വാട്ടർ അതോറിട്ടിയ്ക്ക് ആകെ എത്ര തുക നല്കിയിട്ടുണ്ട്, എത്ര തുക വിനിയോഗിച്ചു, ബാലൻസ് എത്രയാണ്, പ്രോജക്ടുകൾ പൂർത്തീകരിച്ച് UC ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാൻ 24.2.2025ലെ മേൽ പരാമർശിച്ച ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടെങ്കിലും അപ്രകാരമുള്ള വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-42 നഗരസഞ്ചയം - തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും വിവിധ പദ്ധതികൾക്കായി നല്കിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല- 17870430രൂപ തടസ്സപ്പെടുത്തുന്നു.

നഗരസഞ്ചയം പദ്ധതിയുടെ ഭാഗമായി, നഗരസഭാ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തിരുവനന്തപുരം നഗരസഞ്ചയത്തിൽ ഉൾപ്പെട്ട വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് 2023-24 വർഷം അനുബന്ധം-32-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രകാരം വിവിധ പ്രോജക്ടുകൾക്കായി 15-ാം ധനകാര്യകമ്മിഷൻ പ്രത്യേക ഗ്രാന്റിൽ നിന്നും വിഹിതം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകളുടെ നിലവിലെ സ്ഥിതി, പ്രോജക്ട് പൂർത്തീകരിച്ച് UC ലഭ്യമാക്കിയത്, പദ്ധതി മോണിട്ടറിംഗ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ 07.02.2025ലെ നം. 186 /കെ.എസ്.എ./എ.ഒ.III/2024 ഓഡിറ്റ് എൻക്വയറിക്ക് ചുവടെപ്പറയുന്നവ ഒഴികെയുള്ള തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചു എന്ന് മറുപടി നല്കിയിട്ടുണ്ട്.

ക്രമ നം	പ്രോജക്ട്	CFCഗ്രാന്റ് -വകയിരുത്തിയ തുക	ചെലവ് തുക (വാർഷിക ചെലവ് പത്രിക പ്രകാരം)	തദ്ദേശസ്ഥാപനത്തിന് നല്കിയ തുകയുടെ വിവരം		ബിൽ നം, തീയതി
				തദ്ദേശ സ്ഥാപനം	നല്കിയ തുക	
1	1791/24കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് നവീകരിക്കുന്നതിന് വിഹിതം നല്കൽ	5,00,000	1,00,000	പോത്തൻകോട് ഗ്രാ.പ	1,00,000	514/25.10.23
2	1822/24 (SO), ഇലക്ട്രിക് വെഹിക്കിളിനായ് വിഹിതം നൽകൽ	6,57,885	43,6081	പള്ളിച്ചൽ ഗ്രാ.പ	150000	1878/02.03.24
3	827/24 (SO), തിരുവനന്തപുരം നഗരസഭ വിവിധ ഗ്രാമ പഞ്ചായത്തുകളിലെ പൊതു സ്ഥാപനങ്ങളിലെ മഴവെള്ള സംഭരണിയ്ക്കായ് വിഹിതം നൽകൽ	5132000	13,35,904		76450	393/14.09.23
4	1829/24 (SO), തിരുവനന്തപുരം നഗരസഭ കമ്പോസ്റ്റ് പിറ്റ്കൾക്കായ് വിവിധ പഞ്ചായത്തുകൾക്കായ് വിഹിതം നൽകൽ	73,44,400	11,96,587	ബാലരാമപുരം ഗ്രാ.പ	500000	148/19.07.23
				വെമ്പായംഗ്രാ.പ	196587	1094/05.01.24
5	1713/24, തിരുവനന്തപുരം നഗരസഭ പൊതു സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണിക്കായ് വിവിധ ഗ്രാമപഞ്ചായത്തുകളിൽ വിഹിതം നൽകൽ	65,00,000	15,00,000	കാഞ്ഞിരംകളം	1500000	547/02.11.23
6	1841/24, തിരുവനന്തപുരം നഗരസഭ ബയോ കമ്പോസ്റ്റ് ബിന്നിനായി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - നഗരസഞ്ചയം	1,23,79,600	26,16,800	വക്കം ഗ്രാ.പ	496800	877/26.12.23
					2120000	1713/23.02.24
7	1823/24(SO), തിരുവനന്തപുരം നഗരസഭ ലിറ്റർ ബിൻസിനായ് വിഹിതം നൽകൽ	91,00,000	47,50,249	ബാലരാമപുരം ഗ്രാ.പ	500000	146/19.07.23
				വക്കം ഗ്രാ.പ	500000	1715/23.02.24
				വെമ്പായം ഗ്രാ.പ	495000	879/26.12.23
				പള്ളിച്ചൽ ഗ്രാ.പ	287968	1070/05.01.24
8	1704/24, ആറ്റിങ്ങൽ മുനിസിപ്പിലിറ്റിയിലെ	49,50,000	49,50,000	ആറ്റിങ്ങൽ മുനിസിപ്പാലിറ്റി	49,50,000	96/03.07.23

	പൊതുകെട്ടിടങ്ങളിൽ മഴവെള്ള സംഭരണിയ്ക്കായി തിരുവനന്തപുരം നഗരസഭ വിഹിതം നൽകൽ					
9	1849/24,തിരുവനന്തപുരം നഗരസഭ സോഴ്സ് ലെവൽ സെഗ്രിഗേഷൻ-2 ബാഗ് 1 ബിൻ മോഡലിനായി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ലഭിച്ച വിഹിതംനൽകൽ - നഗരസഞ്ചയം	21559600	11229545	പള്ളിച്ചൽ	1998000	436/25.9.23
				ബാലരാമപുരം	1999900	596/16.11.23
				കാട്ടാക്കട	1999725	2177/15.324
ആകെ					17870430	

പ്രോജക്ടുകളുടെ മോണിട്ടറിംഗ് സംബന്ധിച്ച വിശദാംശങ്ങളോ, പ്രോജക്ടുകളുടെ നിലവിലെ സ്ഥിതി വിവരമോ ലഭിച്ചിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ ബാക്കിയായ തദ്ദേശസ്ഥാപനങ്ങൾക്ക് നല്കിയ ആകെ 1,78,70,430/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-43 ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-2,25,00,000 രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2023-24ൽ നടപ്പാക്കിയ ചുവടെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ ഏജൻസികൾക്ക് തുക അനുവദിച്ച് നല്കിയിട്ടുണ്ട്. വിഹിതം നല്കിയിട്ടുള്ളവയുടെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് ആകെ ചെലവ് തുകയായ 2,25,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

ക്രമ നം.	പ്രോജക്ട് നം. , പ്രോജക്ടിന്റെ പേര്	അടങ്കൽ, ഫണ്ടിനം	ചെലവ്	തുക അനുവദിച്ച് നല്കിയ സ്ഥാപനം	ബിൽ നം, തീയതി
1	10/24 വയോമിത്രം - സാമൂഹ്യസുരക്ഷാമിഷന് നഗരസഭയുടെ വിഹിതം നല്കൽ	50,00,000 വി.ഫ-ജനറൽ	50,00,000	സാമൂഹ്യസുരക്ഷാമിഷൻ	446/27.9.23
2	8/24 ഐ.കെ.എം സാങ്കേതിക സഹായ വിഹിതം	50,00,000 വി.ഫ-ജനറൽ	50,00,000	ഇൻഫർമേഷൻ കേരള മിഷൻ	638/27.11.23
3	12/24 സ്മാർട്ട് സിറ്റിക്ക് നഗരസഭാവിഹിതം നല്കൽ	1,00,00,000 വി.ഫ-ജനറൽ	1,00,00,000	സ്മാർട്ട്സിറ്റി ലിമിറ്റഡ്, തിരുവനന്തപുരം	490/17.10.23
4	595/24 അമൃത് പദ്ധതിയ്ക്ക് നഗരസഭാവിഹിതം	25,00,000 വി.ഫ-ജനറൽ	25,00,000	സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ്-അമൃത്2	424/21.9.23
ആകെ			2,25,00,000		

ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-44 തിരുവനന്തപുരം നഗരസഭ- ഹെൽത്ത് ഗ്രാന്റ് -ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല- കണക്കുകളിൽ പൊരുത്തക്കേട്

പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പിലാക്കുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2021-26 കാലയളവിലേയ്ക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ച് നല്കിയിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി PNB A/C4359001100000104 (സ്കീം 6), PNB A/C 4359001100000092(സ്കീം 5) എന്നിങ്ങനെ രണ്ട് അക്കൗണ്ടുകളാണ് നഗരസഭയ്ക്ക് ഉള്ളത്.

തൻവർഷം ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ആകെ 7,40,08,000/- (3,45,02,000/- രൂപ 104-ൽ അവസാനിക്കുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്കും, 3,95,06,000/-രൂപ 92-ൽ അവസാനിക്കുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്കും) വരവ് വന്നിട്ടുണ്ട്. എന്നാൽ തൻ വർഷം ചെലവഴിച്ച തുകയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. നഗരസഭയുടെ സുലേഖ ചെലവ് പത്രിക, ACR എന്നിവ പ്രകാരമുള്ള ചെലവ് തുകകളിൽ പൊരുത്തക്കേട് ഉണ്ട്. എന്നാൽ പ്രസ്തുത കണക്കിൽ നിന്ന് വിഭിന്നമായ കണക്കാണ് നഗരസഭ ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി പ്രകാരം ലഭ്യമാക്കിയിട്ടുള്ളത്. ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സുലേഖ വാർഷിക ചെലവ് പത്രിക പ്രകാരം	ACR പ്രകാരം	നഗരസഭയുടെ മറുപടി
6,25,26,588	6,81,40,438	7,34,51,402

ആയതിനാൽ ചെലവഴിച്ച തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത്.

നഗരസഭയുടെ തൻവർഷ വാർഷിക ചെലവ് പത്രിക (സുലേഖ)പ്രകാരം ഹെൽത്ത് ഗ്രാന്റ് വകയിരുത്തി വിവിധ നിർവഹണ ഉദ്യോഗസ്ഥർ 135 പ്രോജക്ടുകൾക്കായി ആകെ 24,66,89,457/- രൂപ വകയിരുത്തുകയും മേൽ പട്ടികയിൽ 6,25,26,588/- രൂപ ചെലവഴിച്ച് 15 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

As Per Implementing Officerwise Expenditure Report

ക്രമ നം	നിർവഹണ ഉദ്യോഗസ്ഥൻ	ആകെ പ്രോജക്ടുകളുടെ എണ്ണം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം	ആകെ അടങ്കൽ	ചെലവ്	ചെലവ്%
1	സെക്രട്ടറി	60	12	180680000	52162872	29%

2	മെഡിക്കൽ ഓഫീസർ(CHC/PHCFHC, Govt Hosp Nemom)	14	0	19907667		0
3	ഹെൽത്ത് ഓഫീസർ	5	3	18628333	10363716	56%
4	*അസി.എക്സി. എഞ്ചിനീയർ	56	0	27473457	0	0
ആകെ		135	15	246689457	62526588	25%

ഇത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു

ഹെൽത്ത് ഗ്രാന്റ് -ചെലവ് വിശദാംശങ്ങൾ വാർഷികചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

നഗരസഭയുടെ യഥാർത്ഥ വാർഷിക ചെലവ് പ്രതിഫലിക്കേണ്ടുന്ന വാർഷിക ചെലവ് പത്രികയിൽ (Sulekha Expenditure Report) പല പ്രോജക്ടുകളുടെയും ചെലവ് ഉൾപ്പെടാതിരിക്കുകയോ, യഥാർത്ഥ ചെലവ് ഉൾപ്പെടാതിരിക്കുകയോ ചെയ്തിട്ടുണ്ട്. ഉദാഹരണമായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള ചുവടെപ്പറയുന്ന പ്രോജക്ടുകൾക്ക് 2023-24 വർഷം ACR പ്രകാരം ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, പ്രസ്തുത പ്രോജക്ടുകൾ വാർഷിക ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

1. ഉൾപ്പെടുത്താത്ത പ്രോജക്ടുകൾ

ക്രമ നം	പ്രോജക്ട് നം& പേര്	ആകെചെലവ് (ACRപ്രകാരം)	ചെലവ് വിശദാംശങ്ങൾ	
			ബിൽ നം &തീയതി	തുക
സെക്രട്ടറി				
1	1951/24 എസ്റ്റേറ്റ് ഹെൽത്ത് & വെൽനസ്സ് സെന്റർ സ്ഥാപിക്കൽ-സ്കീം 6 File No.: J3/S1951/24	1,34,512	533/30.10.2023 1455/6.2.24 1459/62.24 1460/6.2.24 1706/22.2.24 2312/23.3.24	39,742/- 18,954/- 18954/- 18954/- 18,954/- 18,954/-
2	1936/24 മുടവൻമുഗൾ ഹെൽത്ത് & വെൽനസ്സ് സെന്റർ സ്ഥാപിക്കൽ- സ്കീം 6,File No.: J3/S1936/24	4,06,360	1457/6.2.24	4,06,360/-
		5,40,872		

2) വാർഷിക ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്താത്തവ

തിരുവനന്തപുരം നഗരസഭയ്ക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നഗരസഭാ പരിധിയിൽ ഹെൽത്ത് & വെൽനസ്സ് സെന്ററുകൾ (HWC) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ ചുവടെപ്പറയുന്ന പ്രോജക്ടുകളിൽ, പല പ്രോജക്ടുകൾക്കും സൂലേഖയിൽ പ്രോജക്ട് വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

ക്രമ നം	നിർവഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് നം &പേര്	ആകെ അടങ്കൽ (വാർഷിക ചെലവ് പത്രിക പ്രകാരം)	ACR പ്രകാരമുള്ള ചെലവ്
1	Dr. Babbi Narayan Nandan, Medical Officer	1891/23-24, മുക്കോല FHC യിൽ രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ Scheme5	1218333	171207
2	Dr. Koshi, Medical Officer	1892/23-24, വട്ടിയൂർക്കാവ് FHC യിൽ രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ Scheme5	1224337	1163459
3	Dr. Seema, Medical Officer	1889/23-34, ചെട്ടിവിളാകം CHCയിൽ രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ Scheme5	1218333	830142
4	Dr. Deepak Armold, Medical Officer	1884/23-24, നഗരസഭാ പ്രദേശത്തുള്ള വേളി FHCയിൽ രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ Scheme5	1218333	433789
5	Dr. Rakesh Thampi.R.S, Medical Officer (I/C)	1887/23-24, നഗരസഭാ പ്രദേശത്തുള്ള ജഗതി FHC യിൽ രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ Scheme5	1218333	451950
6	Subin Sekhar, Asst.Engineer	2030/23-24, വഞ്ചിയൂർ ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ സ്ഥാപിക്കൽ Scheme-6	400000	336413

7	Lekshmi.T.N, Asst.Engineer	2003/23-24, എസ്റ്റേറ്റ് ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ സ്ഥാപിക്കൽ Scheme-6	400000	337089
8	Arif Muhammed.M, Asst.Engineer	2010/23-24, അണമുഖം ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ സ്ഥാപിക്കൽ Scheme-6	400000	216288
9	Greeshma.A.V, Asst.Engineer	1975/23-24, മുട്ടത്തറ ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ സ്ഥാപിക്കൽ Scheme-6	400000	9782676
10	Sujith.S, Asst.Engineer, Main Office	1967/23-24, വലിയശാല ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ സ്ഥാപിക്കൽ Scheme-6	1400000	126827
11	Geethu Prasanth, Asst. Engineer	2007/23-24, ചെമ്പഴന്തി ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ സ്ഥാപിക്കൽ Scheme-6	373457	373320
12	Krishnakumar.S, Asst. Engineer. Main Office	1994/23-24, പാങ്ങോട് ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ സ്ഥാപിക്കൽ Scheme-6	400000	348552
ആകെ			**9871126**	**14571712**

മേൽ അപാകതയ്ക്ക് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 156/കെ.എസ്.എ./എ.ഒ.III/2024. തീ:18.01.2025, നം.196/കെ.എസ്.എ./എ.ഒ.III/2024.തീ: 17.02.2025) ഹെൽത്ത് ഗ്രാന്റ് വഴിയുള്ള പ്രോജക്ടുകൾക്ക് PFMS മുഖേന പെയ്മെന്റ് നടത്തുന്നതിനാൽ തുടക്കത്തിലുള്ള പെയ്മെന്റുകളുടെ വിവരങ്ങൾ സുലേഖയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല എന്ന് മറുപടി നല്കിയിട്ടുണ്ട് .

തൻവർഷം നഗരസഭ നടപ്പാക്കിയ പദ്ധതികൾ പ്രകാരമുള്ള എല്ലാ ചെലവും നഗരസഭയുടെ വാർഷിക ചെലവ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ, ചെലവ് പത്രികയിൽ 2023-24 വർഷത്തെ നഗരസഭയുടെ യഥാർത്ഥ ചെലവ് പ്രതിഫലിക്കുന്നില്ല. വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

പദ്ധതികൾ സംബന്ധിച്ച മറ്റ് വിശദാംശങ്ങൾ

പതിനഞ്ചാം ധനകാര്യകമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പിലാക്കുന്നതിനായാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. നഗരസഭാ പ്രദേശങ്ങളിൽ ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തി പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നല്കുന്ന ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളും, സ്പെഷ്യാലിറ്റി സർവ്വീസ് ലഭ്യമാക്കുന്നതിനായുള്ള അർബൻ പോളിക്ലിനിക്കുകളും സ്കീം 6 പ്രകാരം ആരംഭിക്കേണ്ടതാണെന്നും, സെന്റർ മുഖാന്തിരം പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ സംബന്ധിച്ചും നം.31.08.2022ലെ സ.ഉ (സാധാ)നം.2132/2022/LSGD ഖ-2.6 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉള്ള നഗരസഭകളിൽ ഒരു അർബൻ കുടുംബാരോഗ്യ കേന്ദ്രത്തിന് മൂന്ന് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ എന്ന നിരക്കിൽ സെന്ററുകൾ ആരംഭിക്കേണ്ടതാണ്. തിരുവനന്തപുരം നഗരസഭയിൽ തൻവർഷം അപ്രകാരമുള്ള 44 ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട് പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും 15 ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകൾ (HWC) മാത്രമാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത വെൽനസ് സെന്ററുകളുടെ പ്രവർത്തനങ്ങളും, സെന്ററുകൾ മുഖാന്തിരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളും സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് ജനറൽ ഒ.പി, എൻ.സി.ഡി (Non Communicable Disease) ക്ലിനിക്ക്, ടി.ബി റിപ്പോർട്ടിംഗ്, വെൽനെസ്സ് സെഷനുകൾ, റഫറൽ ടു ഹയർ സെന്റർ, ഇ-സഞ്ജീവനി കൺസൾട്ടേഷൻ, ഹീമോഗ്ലോബിൽ ചെക്ക് അപ്പ് എന്നിങ്ങനെയുള്ള സേവനങ്ങളും പ്രവർത്തനങ്ങളുമാണ് നടത്തി വരുന്നത് എന്ന് നഗരസഭ അറിയിച്ചു. വിവിധ വാർഡുകളിൽ പോളിക്ലിനിക്കുകൾ ആരംഭിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും നിലവിൽ പോളിക്ലിനിക്കുകൾ ആരംഭിച്ചിട്ടില്ല.

നഗരസഭാ പരിധിയിലെ വിവിധ വാർഡുകളിലായി പ്രവർത്തനം ആരംഭിച്ചിട്ടുള്ള HWCകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററിന്റെ പേര്	സ്വന്തം കെട്ടിടം/ വാടകക്കെട്ടിടം	പ്രവർത്തനം ആരംഭിച്ച തീയതി
1	അണമുഖം	വാടക കെട്ടിടം	16.2.2024
2	പാങ്ങോട്	,,	16.2.2024
3	എസ്റ്റേറ്റ്	,,	16.2.2024
4	മേലാങ്കോട്	,,	16.2.2024
5	നാലാഞ്ചിറ	,,	16.2.2024
6	വഞ്ചിയൂർ	,,	16.2.2024
7	മെഡിക്കൽ കോളേജ്	,,	16.2.2024
8	ചെമ്പഴന്തി	,,	16.2.2024
9	പേരൂർക്കട	,,	10.11.2024
10	പട്ടം	,,	16.2.2024
11	ചന്തവിള	,,	16.2.2024
12	തിരുമല	,,	16.2.2024
13	കേശവദാസപുരം	,,	16.2.2024
14	മുട്ടത്തറ	സ്വന്തം	16.2.2024
15	മുടവൻമുഗൾ	സ്വന്തം	16.2.2024

ഓരോ HWC കളിലും മെഡിക്കൽ ഓഫീസർ, നഴ്സ്, ഫാർമസിസ്റ്റ് എന്നിവരെ നിയമിച്ചിട്ടുള്ളതായും, നിലവിൽ പ്രസ്തുത വെൽനെസ്സ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഹെൽത്ത് ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.140 / കെ.എസ്.എ./എ.ഒ.III/2024. തീയതി: 06.01.2025) നല്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതുജനങ്ങളുടെ ആരോഗ്യപരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ച് നല്കിയിട്ടുള്ള ഗ്രാന്റിന്റെ കാര്യക്ഷമമായ വിനിയോഗം ഉറപ്പ് വരുത്തുന്നതിനും, ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ ആരോഗ്യ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നിർവഹണ പുരോഗതി തുടർച്ചയായി ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, ആരോഗ്യഗ്രാന്റ് വിനിയോഗിച്ച് നഗരസഭ നിർവഹണം നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുടെയും നിർവഹണമോണിട്ടറിംഗ് ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിനടത്തേണ്ടതാണെന്നും മാർഗ്ഗരേഖയിൽ (മേൽ മാർഗ്ഗരേഖ ഖ3.11, 3.12) വ്യക്തമാക്കിയിട്ടുണ്ട്. പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

1-44-1 ചെലവ് രേഖകൾ ഹാജരാക്കിയില്ല – 10,76,642/- രൂപ തടസ്സപ്പെടുത്തുന്നു

ചുവടെ സൂചിപ്പിക്കുന്ന നിർവ്വഹണോദ്യോഗസ്ഥർ 2023-24 സാമ്പത്തിക വർഷം ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ ചെലവ് തുകയായ 10,76,642/- രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത പദ്ധതികളുടെ ചെലവ് വിവരങ്ങൾ ACR-ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും നഗസഭയുടെ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ചെലവ് പത്രികയിൽ (സുലേഖ) ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.184/കെ.എസ്.എ/ടിവിസി.8/2024, തീയതി. 21.01.2025-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	പ്രോജക്ട് നം./പേര്	ആകെ ചെലവ് ACR പ്രകാരം	ബിൽ നം./ തീയതി	നിർവ്വഹണോദ്യോഗസ്ഥൻ
1	1891/24, Support For Diagnostic Infra Structure Scheme 5	171207	1687/ 22.02.2024	Dr. Babbi Narayana Nandan, MO, മുക്കോല FHC
2	1892/24, Support For Diagnostic Infra Structure Scheme-5	13642	1836/ 29.02.2024	Dr. Koshi, MO, വട്ടിയൂർക്കാവ് FHC
3	1892/24, Support For Diagnostic Infra Structure Scheme-5	20992	2053/ 12.03.2024	Dr. Koshi,MO, മുക്കോല FHC
4	1884/24, Support For Diagnostic Infra Structure Scheme-5	418851	2290/22.03.2024	Dr.Deepak Arnold, MO, വേളി FHC
5	1887/24, Support For Diagnostic Infra Structure Scheme-5	52990	2829/ 25.03.2024	Dr. Rakesh Thampi.R.S, MO In Charge, ജഗതി, FHC
6	1887/24, Support For Diagnostic Infra Structure Scheme-5	195618	2830/ 25.03.2024	"
7	1887/24, Support For Diagnostic Infra Structure Scheme-5	24621	2828/ 25.03.2024	"
8	1887/24, Support For Diagnostic Infra Structure Scheme-5	178721	2827/ 25.03.2024	"
	ആകെ	**1076642**		

ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-45 ഹെൽത്ത് & വെൽനസ്സ് സെന്ററുകളിലേക്ക് ഫർണിച്ചർ വാങ്ങൽ-അപാകതകൾ

തിരുവനന്തപുരം നഗരസഭയ്ക്ക് അനുവദിച്ച 15ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് വിനിയോഗിച്ച് നഗരസഭാ പരിധിയിൽ ഹെൽത്ത് & വെൽനസ്സ് സെന്ററുകൾ (HWC) പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി ഫർണിച്ചർ വാങ്ങുന്നതിന് സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ SIDCO, KADCO, ARTCO എന്നിവിടങ്ങളിൽ നിന്നും Invoice ലഭ്യമാക്കുകയും KADCO- Kerala Artisan's Development Corporation- എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും, 2023-24 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള ചുവടെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം മുട്ടത്തറ, വഞ്ചിയൂർ, മുടവൻമുഗൾ, മെഡിക്കൽകോളേജ്, ചെമ്പഴന്തി, പാങ്ങോട്, അണമുഖം, നാലാഞ്ചിറ എന്നീ HWCകളിലേക്ക് KADCO യിൽ നിന്ന് ഫർണിച്ചറുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഓരോ HWCയിലേക്കും 4,06,360/- രൂപയുടെ വീതം പർച്ചേസ് ആണ് നടത്തിയിട്ടുള്ളത്.

പ്രോജക്ടുകളുടെ വിശദാംശങ്ങൾ

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി				
ക്രമ നം	പ്രോജക്ട് നം& പേര്	അടങ്കൽ തുക	ആകെ ചെലവ്	ഫർണിച്ചർ വാങ്ങിയതിന്റെ ബിൽ നം &തീയതി

1	1955/24,മുട്ടത്തറ ഹെൽത്ത് &വെൽനസ്സ്സെന്റർ സ്ഥാപിക്കൽ-സ്കീം 6File No.: J3/S1955/24	5,00,000	4,06,360	1456/6.2.2024
2	1982/24,വഞ്ചിയൂർ ഹെൽത്ത് &വെൽനസ്സ് സെന്റർ സ്ഥാപിക്കൽ-സ്കീം 6 File No.: J3/S1982/24	21,00,000	4,95,893	2302/23.3.24(Rs.406360)
3	1936/24,മുടവൻമുഗൾ ഹെൽത്ത് &വെൽനസ്സ് സെന്റർ സ്ഥാപിക്കൽ-സ്കീം 6 ,File No.: J3/S1936/24 Note:(സൂലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല)	4,00,000 (പ്രോജക്ട് തുഛീകരണ ഫോറം പ്രകാരമുള്ള തുക)	4,06,360 (വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്)	1457/6.2.24
4	1941/24,മെഡിക്കൽ കോളേജ് ഹെൽത്ത് &വെൽനസ്സ് സെന്റർ സ്ഥാപിക്കൽ-സ്കീം 6 File No.: J3/S1941/24	21,00,000	5,25,338	2301/23.3.24(Rs.406360)
5	1984/24,ചെമ്പഴന്തി ഹെൽത്ത് &വെൽനസ്സ് സെന്റർ സ്ഥാപിക്കൽ-സ്കീം 6 File No.: J3/S1984/24	21,00,000	5,34,393	2303/23.3.24(Rs.406360)
6	1948/24,പാങ്ങോട് ഹെൽത്ത് &വെൽനസ്സ് സെന്റർ സ്ഥാപിക്കൽ-സ്കീം 6 File No.: J3/S1948/24	21,00,000	5,38,445	2304/23.3.24(Rs.406360)
7	1949/24,അണമുഖം ഹെൽത്ത് &വെൽനസ്സ് സെന്റർ സ്ഥാപിക്കൽ-സ്കീം 6 File No.: J3/S1949/24	21,00,000	5,42,737	2300/23.3.24(Rs.406360)
8	1995/24,നാലാഞ്ചിറ ഹെൽത്ത് &വെൽനസ്സ് സെന്റർ സ്ഥാപിക്കൽ-സ്കീം 6 File No.: J3/S1995/24	21,00,000	4,94,801	2299/23.3.24(Rs.406360)

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെചേർക്കുന്നു.

1) മേൽ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത സിഡ്കോയെ (Rs2,96,243/-) ഒഴിവാക്കി L2 ആയ കാഡ്കോ (3,80,253/-) യിൽ നിന്നാണ് പർച്ചേസ് നടത്തിയിട്ടുള്ളത്. 19 ഇനം ഫർണിച്ചറുകളുടെ വിലയായി കാഡ്കോ 3,80,253/- രൂപയും, ആർട്കോ 3,84,020/-രൂപയും ക്വാട്ട് ചെയ്യുമ്പോൾ, സിഡ്കോ എന്ന സ്ഥാപനം ഒരു ഇനത്തിലെ തന്നെ വിവിധ നിരക്കിലുള്ള ഫർണിച്ചർ ഉൾപ്പെടുത്തി ആകെ 25 ഇനം സാധന സാമഗ്രികളുടെ ആകെ വിലയായി, 2,96,243/- രൂപയാണ് ക്വാട്ട് ചെയ്തിട്ടുള്ളത് (സിഡ്കോയുടെ 6.5.2023 ലെ SSE TVM/PI/23-24/051 പ്രൊഫോർമ ഇൻവോയിസ് പ്രകാരമുള്ളത്) എന്ന് കാണുന്നു. അതായത് ആവശ്യമുള്ള ഇനങ്ങളുടെ തെരഞ്ഞെടുക്കലിന് ശേഷം മേൽപ്പറഞ്ഞ പ്രകാരമുള്ള 19 ഇന ഫർണിച്ചറുകളുടെ വില സിഡ്കോ ക്വാട്ട് ചെയ്ത ആകെ തുകയായ 2,96,243/- രൂപയിൽ നിന്നും ഇനിയും കുറയുമെന്നിരിക്കെ L2 ആയ കാഡ്കോ എന്ന സ്ഥാപനത്തിൽ നിന്ന് കൂടിയ നിരക്കിലാണ് പർച്ചേസ് നടത്തിയിട്ടുള്ളത്.

2) HWC ടെണ്ടർ ഫയൽ - J3/36183/23- പരിശോധിക്കുമ്പോൾ സിഡ്കോ എന്ന സ്ഥാപനത്തിൽ നിന്നുള്ള സാമ്പിളുകൾ കൗൺസിലർമാരായ സ്റ്റാൻലി ഡിക്രൂസ്, ഡി.ജി.കുമാരൻ എന്നിവരും ക്ലീൻ സിറ്റി മാനേജർ ശശികുമാറും ചേർന്ന് പരിശോധിച്ച്

ഗുണനിലവാരം കുറവാണെന്ന് റിപ്പോർട്ട് ചെയ്യകൊണ്ടുള്ള 20.9.2023 ലെ J3/36183/23 നമ്പർ സാമ്പിൾ പരിശോധനാ റിപ്പോർട്ട്, കാഡ്കോ എന്ന സ്ഥാപനത്തിൽ നിന്നുള്ള സാമ്പിളുകൾ കൗൺസിലർമാരായ എൻ.അജിത്കുമാർ, ഡി.ജി.കുമാരൻ, മേരിപുഷ്പം എന്നിവരും, പബ്ലിക്ക് ഹെൽത്ത് ഓഫീസർ ഗോപകുമാറും ചേർന്ന് പരിശോധിച്ച് ഗുണനിലവാരം ഉള്ളതാണെന്ന് റിപ്പോർട്ട് ചെയ്യകൊണ്ടുള്ള 19.10.2023 ലെ J3/36183/23 നമ്പർ റിപ്പോർട്ട് എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിലും, പരിശോധനാ റിപ്പോർട്ടുകളിൽ പ്രസ്തുത വ്യക്തികൾ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തുകയോ, ആയത് പർച്ചേസ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത പരിശോധനാ റിപ്പോർട്ടിൽ L1 സ്ഥാപനത്തിനെ ഒഴിവാക്കിയതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

മേൽ പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ L2 ആയ "കാഡ്കോ" യുടെ ഇൻവോയ്സ് അംഗീകരിക്കുന്നതിനായി ആരോഗ്യകാര്യസ്റ്റാന്റിംഗ് കമ്മിറ്റി (27.10.2023ലെ47(1)) നഗരസഭാ കൗൺസിലിലേക്ക് ശുപാർശ ചെയ്യകയും, 3(ഡി)1/24.11.2023 നം കൗൺസിൽ തീരുമാനപ്രകാരം കാഡ്കോ യുടെ ഇൻവോയിസ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ അംഗീകൃത സ്ഥാപനമായ L1 സ്ഥാപത്തിന്റെ ഫർണിച്ചറുകൾക്ക് ഗുണനിലവാരം ഇല്ല എന്ന് എപ്രകാരമാണ് ഉറപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. ഗുണനിലവാരം സംബന്ധിച്ച് സാക്ഷ്യപത്രം ഹാജരാക്കാൻ സിഡ്കോയോട് ആവശ്യപ്പെട്ടിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരമുള്ള (8.11.2010 ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ) Procurement Committee/ Purchase Committee യിൽ നിന്ന് ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റിന് അംഗീകാരം ലഭിച്ചിട്ടില്ല.

3) സർക്കാർ ഉത്തരവിന് വിരുദ്ധമായി സ്ഥാപനത്തിന്റെ നിർമ്മാണ പരിധിയിലുൾപ്പെടാത്ത സാധനസാമഗ്രികൾ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. വിവിധ HWC കളിലേക്ക് ഫർണിച്ചറും ഉപകരണങ്ങളും വാങ്ങുന്നതിനൊപ്പം KADCO യുടെ നിർമാണ പരിധിയിലുൾപ്പെടാത്ത പ്ലാസ്റ്റിക്ക് ചെയറുകളും, റഫ്രിജറേറ്ററും വാങ്ങിയിട്ടുണ്ട്. 2.12.2016ലെ ജി.ഒ(ആർ.ടി)നം.3299/2016/ത.സ്വ.ഭ.വ ഉത്തരവിൽ സർക്കാർ/അർദ്ധ സർക്കാർ/ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ വാങ്ങുന്നതിന് നല്കിയിട്ടുള്ള സർക്കാർ അനുമതി സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതും, അല്ലാത്തവ നിർബന്ധമായും പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

4) ഫർണിച്ചറുകളിൽ പല ഇനങ്ങളും "കാഡ്കോ" യുടെ സർക്കാർ അംഗീകൃത Price List പ്രകാരമുള്ള നിരക്കിനേക്കാളും ഉയർന്ന നിരക്കിലാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

Sl No.	Item	Qty	KADCO ഇൻവോയ്സ് പ്രകാരം നല്കിയ നിരക്ക്		സർക്കാർ അംഗീകൃത Price List പ്രകാരമുള്ള യഥാർത്ഥ നിരക്ക്		അധികമായി നല്കിയത് (A - B)
			Unit Price	GST Price (A)	Unit Price	GST Price (B)	
1	Dressing Table With Mattress Size 180*71*30cm	1	16200	19116	14300	16874	2242
2	Semi Flower Cot (1 Section) Mattress Size 190*90*60 Cm With Side Rails Both Ends	1	15200	17936	11800	13924	4012
3	Pharmacy Dispensing Table Size 150*60*76	1	18300	21594	8709	10277	11317

ടി സ്ഥാപനം നിർമ്മിക്കുന്ന ഫർണിച്ചറുകൾ, അവയുടെ വില സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കവിയാൻ പാടില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി വാങ്ങാവുന്നതാണെന്ന് 8.12.2023ലെ GO(Rt) No.141/2023/SPD ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ ഇനങ്ങൾക്ക് അംഗീകൃത Price List ലെതിനേക്കാൾ ഉയർന്ന നിരക്കിലാണ് പെയ്മെന്റ് നല്കിയിട്ടുള്ളത്.

കൂടാതെ ഫർണിച്ചറുകളിൽ ചില ഇനങ്ങൾ "കാഡ്കോ" യുടെ സർക്കാർ അംഗീകൃത Price List ൽ ഉൾപ്പെടാത്തവയാണെന്ന് കാണുന്നു. ഉദാ:

കാഡ്കോ ഇൻവോയ്സ് പ്രകാരമുള്ള 9-ാമത് ഇനം Executive Table-165x75x76(Special Type Hardwood) – Rs.19,033/-

5) 13.3.2017 ലെ GO(P)No.01/2017/SPD പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുമ്പോൾ സാധനങ്ങളുടെ വില നിലവിലുള്ള കമ്പോള വിലയിൽ കൂടുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തി നല്കണം. അപ്രകാരമുള്ള സാക്ഷ്യപത്രം കാഡ്കോയിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല.

6)കൂടിയ അളവിലുള്ള വിതരണത്തിന് ലഭിക്കുന്ന മത്സരാധിഷ്ഠിത നിരക്കിന്റെ ആനുകൂല്യം ഉറപ്പാക്കുന്നതിനായി ഒരേ തരത്തിലുള്ള വസ്തുക്കളുടെ ആവശ്യകത ഒരുമിച്ച് കണക്കാക്കി ടെണ്ടർ ക്ഷണിക്കേണ്ടതാണ്. എന്നാൽ 2023-24 വർഷം ആരംഭിച്ച എല്ലാ ഹെൽത്ത് & വെൽനസ്സ് സെന്ററുകളിലേക്കും വേണ്ടിയുള്ള ഫർണിച്ചറുകളുടെ ആവശ്യകതാ നിർണ്ണയം നടത്തി ആകെ ഫർണിച്ചറുകളുടെ എണ്ണം കണക്കാക്കി ഫർണിച്ചർ നിരക്കുകൾ ആവശ്യപ്പെടുന്നതിന് പകരം, അളവുകൾ ചെറിയ ഘടകങ്ങളായി വിഭജിച്ച് ആണ് പർച്ചേസ് നടത്തിയിട്ടുള്ളത്.

7)മുടവൻമുഗൾ ഹെൽത്ത് &വെൽനസ്സ് സെന്റർ സ്ഥാപിക്കൽ (പ്രോജക്ട് നം.936/24) പ്രോജക്ട് പ്രകാരം തൻവർഷം 4,06,360/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലുംACR പ്രകാരം),സൂലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ടി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രോജക്ട് ഫയൽ പരിശോധിക്കുമ്പോൾ പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം ടി പ്രോജക്ടിന് 4,00,000/-രൂപ വകയിരുത്തിയിരിക്കുന്നതായാണ് കാണുന്നത്. വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവഴിച്ചിരിക്കുന്നു.

അപാകതകൾക്ക് വിശദീകരണവും, ക്രമനം.7ൽ പരാമർശിച്ചിട്ടുള്ള പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 148/കെ.എസ്.എ./എ.ഒ.III/2024. തീയതി: 20.01.2025 ക്ക് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ 2023-24 സാമ്പത്തിക വർഷത്തിന്റെ പകുതിക്ക് ശേഷമാണ് ഹെൽത്ത് ഗ്രാന്റ് മുഖേന ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചതെന്നും, ആയതിനാൽ വെൽനസ്സ് സെന്റർ അടിയന്തരമായി തുടങ്ങേണ്ട സാഹചര്യത്തിൽ വാങ്ങലുകൾ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കൗൺസിൽ അംഗീകാരം നേടി നടപ്പാക്കിയതായും പറഞ്ഞിരിക്കുന്നു. 936/24 – മുടവൻമുഗൾ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ സ്ഥാപിക്കൽ പദ്ധതി പ്രകാരം അധികം തുക ചെലവായ സാഹചര്യത്തിൽ പ്രോജക്ട് റിവിഷനിൽ ഉൾപ്പെടുത്തിയിരുന്നു എന്നും പ്രസ്തുത തുക സാംഖ്യയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല എന്നും ക്രമ നം.7ൽ പരാമർശിച്ചിട്ടുള്ള വിഷയത്തിന് മറുപടി നല്കിയിരിക്കുന്നു.

വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണനടപടി ആരംഭിക്കുകയും, മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്തതിന് ശേഷം വാർഷിക പദ്ധതിയ്ക്ക് പരമാവധി നേട്ടം ഉണ്ടാകുന്ന തരത്തിൽ മാത്രം വാങ്ങൽ നടത്തുകയും ഫർണിച്ചർ പോലുള്ള ഇനങ്ങളുടെ വാർഷികാവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ചു വാങ്ങുകയും ചെയ്യേണ്ടതാണെന്ന് 8.11.2020ലെ ജി,ഒ(പി)നം.259/2010/ത.സ്വ.ഭ.വ തദ്ദേശസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം പൊതു ആവശ്യങ്ങൾക്കുള്ള വാങ്ങലുകളിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്തം ഉറപ്പാക്കേണ്ടതാണ് ബന്ധപ്പെട്ട ഉദ്യോസ്ഥന്റെ ചുമതലയാണ്. മേൽ പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങലുകൾക്ക് അപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.

1-46 ഇ ഗവേണൻസ് പദ്ധതി - ബാക്കി തുക നൽകൽ – പദ്ധതി നിർവഹണത്തിലെ അപാകത - 7300061/- രൂപ തടസ്സപ്പെടുത്തുന്നു, ബില്ലിൽ നിന്നും ടിഡിഎസ് കുറവ് ചെയ്തില്ല- 88209/- രൂപ കേന്ദ്ര സർക്കാർ സ്ഥാപനത്തിന് നഷ്ടം

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 ൽ നടപ്പിലാക്കിയ 1851/22 പദ്ധതിയിൽ എഞ്ചിനീയറിംഗ് സെക്ഷനിലേയ്ക്ക് I5 ലാപ്പ്ടോപ്പുകൾ, റവന്യൂ ഹെൽത്ത് കൗൺസിൽ I3 ലാപ്പ്ടോപ്പുകൾ സോണൽ സർക്കിൾ വിവിധ സെക്ഷനിലേയ്ക്കായി വീഡിയോ കോൺഫറൻസിംഗ് സംവിധാനമുള്ള I3 ഡെസ്ക്ടോപ്പുകൾ, മീഡിയം I3 ഡെസ്ക്ടോപ്പുകൾ Low End I3 ഡെസ്ക്ടോപ്പുകൾ, High End All In One ഡെസ്ക്ടോപ്പുകൾ, പ്രിന്ററുകൾ, എംഎഫ്എം, സർവർ അപ്ഗ്രേഡിംഗ് വാങ്ങൽ, നെറ്റ്വർക്ക് അപ്ഗ്രേഡിംഗ്, വീഡിയോ കോൺഫറസിംഗ് ഫെസിലിറ്റി കോൺഫറൻസ് ഹാളിലും എസ് ഇ, സെക്രട്ടറി, ബഹു.മേയർ (അപ്ഗ്രേഡിംഗ്) തുടങ്ങിയ പദ്ധതികൾ കെൽട്രോൺ/സിപിആർസിഎസ് വഴി നടപ്പിലാക്കുന്നതിന് 2 കോടി രൂപ വകയിരുത്തിയതാണ് പദ്ധതി. 2 കോടി രൂപ 2021-22 ൽ തന്നെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി 2023-24 ൽ പൂർത്തീകരിക്കുന്നതിനായി അഡീ. സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ആയതിലേയ്ക്കായി 84,70,620/-രൂപ വകയിരുത്തിയിട്ടുമുണ്ട്.

2021-22 ലെ ചെലവ് വിവരം

അടങ്കൽ – 20000000/-രൂപ

ഫണ്ടിനം - വികസനഫണ്ട് ജനറൽ

സ്ഥാപനത്തിന്റെ പേര്	തുക
KSEDC LTD , ITBG	4925513/- (40% Of Total Value Of Amount Rs 12313783/-)
KSEDC LTD , Manvila	4698543/- (40% Of Total Value Of Amount Rs 11746357/-)
KSITM (സിപിആർസിഎസ് വഴി നേരിട്ട്)	4410480/- (Full Payment)
Secretary Tvpm Corporation (Own Fund)	5965464/- (As Retension)
ആകെ ചെലവ്	2,00,00,000/-

2023-24 ലെ ചെലവ് വിവരം

പ്രോജക്ട് നം	74/24
വകയിരുത്തൽ	8470620/- രൂപ (വികസനഫണ്ട് ജനറൽ)
ചെലവ്	73,88,270/- രൂപ
ബിൽ വിവരം	1295/24-01-2024

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

I) 2021-22 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവഹണത്തിൽ വകയിരുത്തിയ തുക മുഴുവൻ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിക്കുന്നതിന് അഡീ. സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 2023-24 ൽ പുതിയ പ്രോജക്ട് രൂപീകരിച്ചു.

Ii) ബില്ലിൽ നിന്നും ടി ഡി എസ് കുറവ് ചെയ്തില്ല - കേന്ദ്രസർക്കാർ സ്ഥാപനത്തിന് 88209/-രൂപയുടെ നഷ്ടം

2021-22 ൽ മാറിയ 2,00,00,000/-രൂപയിൽ നിന്നും 44,10,480/-രൂപ CPRCS മുഖേന ഓൺലൈനായി Kerala State IT Missionന് ട്രഷറി മുഖേന നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും 88209/- Income Tax TDS കിഴിവ് വരുത്തേണ്ടിയിരുന്നുവെങ്കിലും അപ്രകാരം കിഴിവ് വരുത്തിയിരുന്നില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.123/കെ.എസ്.എ/എഒ 2/2024 , തീയതി 20/12/2024) നൽകിയതിന് മറുപടിയും ലഭ്യമാക്കിയില്ല. Income Tax TDS ഇനത്തിൽ കിഴിവ് വരുത്താതിരുന്ന 88209/-രൂപ കെൽട്രോണിൽ നിന്നും ഈടാക്കി ആദായനികുതിവകുപ്പിൽ അടവാക്കേണ്ടതാണ്.

Iii) വെബ് സാംഖ്യ മുഖേന തുക മാറിയത് - ആധികാരികത ബോദ്ധ്യപ്പെട്ടില്ല

ഇനം	ഇൻവോയ്സ് തുക	2021-22 ലെ ചെലവ്		ബാക്കി നൽകാനുള്ള തുക	2023-24 ൽ വകയിരുത്തിയ തുക	2023- 24 ലെ ചെലവ്	
		2021-22 ൽ നൽകിയ തുക	2021-22 ൽ റിടെൻഷൻ ആയി മാറ്റിയ തുക			2021-22 ലെ റീടെൻഷനിൽ നിന്നുള്ള ചെലവ്	വികസന ഫണ്ടിൽ നിന്നുള്ള ചെലവ്
നെറ്റ്വർക്കിംഗ് പ്രവൃത്തി	11746357	4698543	5965464	1082350	1082350	5378146/- (ചെക്ക് നം.019129/27-01-2024 (5 % ആയ 587318/- രൂപ കിഴിച്ച്)	--------
കമ്പ്യൂട്ടറും ഉപകരണങ്ങളും വാങ്ങൽ	12313783	4925513	---------	7388270	7388270	--------	7388270
			5965464		8470620 (വികസനഫണ്ട്)	5965464	7388270

നെറ്റ് വർക്കിംഗ് പ്രവൃത്തി നടത്തിയതിന് കെൽട്രോണിന് ബാക്കി നൽകേണ്ട 1082350/-രൂപയും കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും വിതരണം നടത്തിയതിന് കെൽട്രോണിന് നൽകേണ്ട 7388270/-രൂപയും നൽകുന്നതിനായി 21-09-2023 ലെ E13/1851/22 പ്രകാരം അഡീഷണൽ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 7388270/-രൂപ 1295/24.01.2024 ബിൽ പ്രകാരം മാറിയതായി വെബ്സാംഖ്യ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. എന്നാൽ വെബ്സാംഖ്യയിൽ ഗുണഭോക്താവിന്റെ പേര്, ആധാർ നമ്പർ, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല. സാംഖ്യ ചെലവ് പത്രിക പ്രകാരം 2023-24 ൽ 8470620/-രൂപ വകയിരുത്തിയ പദ്ധതിയിൽ 7388270/-രൂപയുടെ ചെലവ് മാത്രമാണ് പ്രതിഫലിച്ചിട്ടുള്ളത്. ബാലൻസ് തുകയായ 1082350/- രൂപ തുടർ വർഷം ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനും ഓഡിറ്റ് എൻകയറിലൂടെ ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

Iv)വികസനഫണ്ടിൽ നിന്നും പിൻവലിച്ച തുകയുടെ 30 ശതമാനത്തോളം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചു

ജി ഒ (പി) നം. 429/2015/ധന തീയതി 28-09-2015 ലെ ഉത്തരവ് പ്രകാരം പാർട്ട് ബില്ലിൽ നിന്നും 2.5 % തുക റിടെൻഷൻ പിടിച്ച് പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിക്കാവുന്നതാണ്. എന്നാൽ 2021-22 ൽ വികസനഫണ്ടിൽ വകയിരുത്തിയ 2,00,00,000/- രൂപയിൽ നിന്നും 30 ശതമാനത്തോളമായ 59,65,464/-രൂപ 22-03-2022 ൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് തനതുഫണ്ടിൽ നിക്ഷേപിക്കുകയും 22 മാസം കഴിഞ്ഞ് 27-01-2024 ൽ തനതുഫണ്ടിൽ നിന്നും പ്രസ്തുത തുക പിൻവലിച്ച് ചെലവഴിക്കുകയും ചെയ്തു. ജി ഒ (പി) നം. 177/2006/ഫിൻ തീയതി 12-04-2006ലെ ഉത്തരവ് ഖണ്ഡിക 6.1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ലാത്തതാണ്.

V). പദ്ധതി പ്രകാരം വാങ്ങിയ കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും സ്റ്റോക്കിലെടുത്തായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയവ എന്നാണ് വിതരണം ചെയ്തത് എന്നുള്ളതിന്റെ വിവരം ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടുമില്ല. ഉപകരണങ്ങൾ വിവിധ സെക്ഷനികളിലെ ഉദ്യോഗസ്ഥർ കൈപ്പറ്റിയതിന്റെ വിവരം കൂടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടിയും ലഭ്യമാക്കിയിട്ടില്ല.

Vi). Cprcs വഴി മുഴുവൻ പേമെന്റും നൽകിയാണ് 4410480/-രൂപ ചെലവഴിച്ച് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുള്ളത്. 2013 ലെ സ്റ്റോർ പർച്ചെയ്സ് മാന്വൽ , ഖണ്ഡിക 12.16 പ്രകാരം 40% വരെയുള്ള തുക അഡ്വാൻസ് നൽകി ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ മേൽ പരിധിയിൽ മാറ്റം വരുത്താമെങ്കിലും ആയതിന് ധനകാര്യവകുപ്പിന്റെ അംഗീകാരം വാങ്ങുകയും ആവശ്യമായ ബാങ്ക് ഗ്യാരണ്ടി വിതരണക്കാരനിൽ നിന്നും വാങ്ങേണ്ടതുമാണ്. എന്നാൽ മേൽ വ്യവസ്ഥകൾ പാലിക്കാതെയാണ് Cprcs മുഖേന വാങ്ങൽ നടത്തിയിരിക്കുന്നത്.

Vii). 21-10-2019 ലെ സർക്കുലർ നം. ഐ.റ്റി. സെൽ-1/106/2019/വി.സ.വ പ്രകാരം വിവിധ സർക്കാർ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും ആവശ്യം മുൻനിർത്തി കേരള സ്റ്റേറ്റ് ഐ റ്റി മിഷൻ തയ്യാറാക്കിയ സ്പെസിഫിക്കേഷനിലുള്ള ഐ റ്റി ഉപകരണങ്ങൾ കെൽട്രോൺ മുഖാന്തിരം ടെണ്ടർ ചെയ്ത് വില നിശ്ചയിച്ച് വകുപ്പുകളിലും സ്ഥാപനങ്ങളിലും നിന്നുള്ള വർക്ക് ഓർഡർ പ്രകാരം വിതരണം നടത്തുന്നതിനുള്ള സൗകര്യമാണ് CRPCS സംവിധാനത്തിൽ ഒരുക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രോജക്ടിൽ 1,23,13,783/-രൂപയുടെ കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും വാങ്ങുന്നതിന് മേൽ സംവിധാനം പ്രയോജനപ്പെടുത്താതെ കെൽട്രോൺ മുഖേന നേരിട്ടാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. മേൽ സർക്കാർ ഉത്തരവ് പ്രകാരം ടി സംവിധാനത്തിൽ ഉൾപ്പെടാത്ത സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് വകുപ്പ് ടെക്നിക്കൽ കമ്മിറ്റിയുടെ വ്യക്തമായ ശുപാർശയും ആവശ്യമാണ്. എന്നാൽ വകുപ്പ് ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശയുടെ അഭാവത്തിലാണ് മേൽ വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

Viii) CRPCS മുഖേനയും കെൽട്രോൺ മുഖേന നേരിട്ടും വാങ്ങിയ ഡെസ്ക്ടോപ്പ് /ലാപ്ടോപ്പ് കമ്പ്യൂട്ടറുകളുടെ വിവരം

ഏജൻസികളുടെ വിവരം	ഇനം	എണ്ണം	നിരക്ക്	ആകെ തുക (ജിഎസ്ടി ഉൾപ്പെടെ)

CRPCS മുഖേന വാങ്ങിയത്	I3 Desktop 4GB	141	31280	4410480
കെൽട്രോൺ മുഖേന നേരിട്ട് വാങ്ങിയത്	Laptop Core I5	76	92306	7015256
	Dell All In One	3	127370	382110
	Laptop Core I3	14	49251	689514
	Desktop Medium End	49	36463	1786687
	Desktop Medium End Win Pro	36	45136	1624896
ആകെ		319		15908943

വിവിധ സ്പെസിഫിക്കേഷനിലും വിവിധ നിരക്കിലുമുള്ള 319 കമ്പ്യൂട്ടറുകൾ/ ലാപ്ടോപ്പുടോപ്പുകൾ എന്നിവയാണ് CPRCS മുഖേനയും കെൽട്രോൺ വഴി നേരിട്ടും വാങ്ങിയിട്ടുള്ളത്. സ്പെസിഫിക്കേഷൻ നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്താണെന്നും വ്യക്തമല്ല. ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതും ഹാജരാക്കിയിട്ടില്ല.

Ix) 26/05/2022 ലെ നം. 3(എ) 8 കൗൺസിൽ തീരുമാനത്തിൽ നഗരസഭയിൽ ഉപയോഗിക്കുന്ന 327 കമ്പ്യൂട്ടറുകൾക്ക് ശരാശരി 4 മുതൽ 7 വർഷത്തെ പഴക്കമുള്ളതാണെന്നും ആയത് മാറ്റേണ്ടതുണ്ടെന്നും ഒരു ജീവനക്കാരന് ഒരു കമ്പ്യൂട്ടർ എന്ന രീതിയിൽ 403 എണ്ണം (327+76) ആവശ്യമുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. നഗരസഭയിൽ മുമ്പ് ഉപയോഗിച്ചുകൊണ്ടിരുന്ന കമ്പ്യൂട്ടറുകളുടെ Working Condition സാങ്കേതിക വിദഗ്ധർ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കാനും പ്രവർത്തനക്ഷമമാക്കാൻ പറ്റുന്നവ പ്രവർത്തനക്ഷമമാക്കുന്നതിനും അല്ലാത്തവ ലേലം ചെയ്യുന്ന തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും Buy Back Offer ൽ പുതിയവ വാങ്ങാൻ നടപടികൾ സ്വീകരിച്ചിരുന്നോവെന്നും ഓഡിറ്റ് എൻക്വയറിലൂടെ ആരാഞ്ഞിരുന്നു.

മുകളിൽ പരാമർശിച്ചിട്ടുള്ള അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് അഡീഷണൽ സെക്രട്ടറിക്കും എക്സിക്യൂട്ടീവ് എഞ്ചിനീയറിനും ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ ബന്ധപ്പെട്ട രേഖകളോ ഹാജരാക്കാത്തതിനാൽ 2023-24 സാമ്പത്തികവർഷത്തിൽ ചെലവഴിച്ച 73,00,061/- രൂപ തടസ്സപ്പെടുത്തുന്നു.

1-47 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി - പ്രോജക്ട് നടത്തിപ്പിലെ അപാകത – 10132000/- രൂപ തടസ്സപ്പെടുത്തുന്നു, ടിഡിഎസ് റിക്കവറി നടത്തിയതിലെ കുറവ് 68000/-രൂപ കേന്ദ്രസർക്കാരിന് നഷ്ടം

അഡീഷണൽ സെക്രട്ടറിയുടെ നിർവഹണത്തിൽ 2023-24 ൽ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

I . പ്രോജക്ട് നം 9/2024

വകയിരുത്തൽ	ചെലവ് (ചെലവ് പത്രിക പ്രകാരം)	ബിൽ വിവരം
30730582	8823000 (വി.ഫ(ജനറൽ)	1. 304/ 22-08-2023 2023000/- (IT TDS – 40460/- GST TDS 40460/- M/S Rajesh Furniture Mart 1942080/-) * # 2. 701/ 06-12-2023 3400000 (IT TDS – 34000/- GST TDS 34000/- M/S Rajesh Furniture Mart 3298000/-) * # 3. 1482/07-02-2024 3400000 (IT TDS – 34000/- GST TDS 34000/- M/S Rajesh Furniture Mart 3298000/-

2. പ്രോജക്ട് നം 1116/2024 (സ്പിൽ ഓവർ)

വകയിരുത്തൽ	ചെലവ് (ചെലവ് പത്രിക പ്രകാരം	ബിൽ വിവരം
1500000	1377000 (വി.ഫ(ജനറൽ)	162/ 24-07-2023 1377000/- (IT TDS – 27540/- GST TDS 27540/- M/S Rajesh Furniture Mart 1321920/-)

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വയോജനങ്ങൾക്ക് കട്ടിൽ നൽകൽ എന്ന പദ്ധതിയ്ക്കായി 9/24 നമ്പർ പദ്ധതിയിൽ ഉൾപ്പെടുത്തി 5,12,30,582/- രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. (അന്തിമ വകയിരുത്തൽ ആയി കാണുന്നത് 3,07,30,582/-രൂപയാണ്) എന്നാൽ 2022-23 വർഷത്തിലെ കട്ടിലിന്റെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 3000 ൽ അധികം ഗുണഭോക്താക്കൾക്ക് ഇനിയും ആനുകൂല്യം ലഭിക്കാനുണ്ടെന്നും എന്നാൽ സ്പിൽ ഓവർ പ്രോജക്ടായ 1116/24 നമ്പർ പദ്ധതി പ്രകാരം 15,00,000/- രൂപ മാത്രമേ

വകയിരുത്തിയിട്ടുള്ളവെന്നും ആയതിനാൽ 2023-24 ലെ പദ്ധതിയിൽ നിന്നും 2022-23 വർഷത്തിലെ ഗുണഭോക്താക്കൾക്കും കൂടി കട്ടിലുകൾ വാങ്ങുന്നതിനായി തുക ചെലവഴിക്കുന്നതിന് 06-07-2023 ലെ കൗൺസിൽ തീരുമാനം നം. 3 (സി) 86 പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

പ്രോജക്ട് പരിശോധനയിൽ കണ്ടെത്തിയ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

I) 2022-23 ലെ (556/23) പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കട്ടിലൊന്നിന് 3426/- രൂപ ക്വോട്ട് ചെയ്ത Abi Industries എന്ന സ്ഥാപനം L1 കരാറുകാരനും 3599/-രൂപ ക്വോട്ട് ചെയ്ത Rajesh Furniture Mart L2 കരാറുകാരനുമായിരുന്നു. എന്നാൽ 14-12-2022 ൽ കൂടിയ പർച്ചേയ്സിംഗ് കമ്മിറ്റി മീറ്റിങ്ങിൽ L1 , L2 എന്നിവർ പങ്കെടുക്കുകയും L1 ക്വേട്ട് ചെയ്ത നിരക്കിൽ തന്നെ L2 ഉം കട്ടിലുകൾ വിതരണം ചെയ്യാമെന്നറിയിക്കുകയും നെഗോസിയേഷന് ശേഷം കട്ടിലൊന്നിന് 3400/-രൂപ നിരക്കിൽ വിതരണം ചെയ്യാമെന്ന് Abi Industries ഉം Rajesh Furniture Mart ഉം അറിയിക്കുകയും പർച്ചേയ്സിംഗ് കമ്മിറ്റിയുടെ 12 ാം നമ്പർ തീരുമാനപ്രകാരം ഇരുവർക്കുമായി ടെണ്ടർ നൽകാൻ തീരുമാനിക്കുകയും 11-01-2023 ലെ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ IV (6) ാം നമ്പർ തീരുമാന പ്രകാരം ആയത് കൗൺസിൽ അംഗീകാരത്തിന് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ തുടർന്നുള്ള ഫയൽ പരിശോധനയിൽ Rajesh Furniture Mart ൽ നിന്നും മാത്രമാണ് 2022-23 ലും 2023-24 ലും (സ്പിൽ ഓവർ) കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. കട്ടിലുകൾ വിതരണം ചെയ്യുന്നതിൽ നിന്നും Abi Industries നെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല. മാത്രമല്ല കട്ടിലുകൾ വിതരണം ചെയ്യുന്നതിന് Rajesh Furniture Martന് അറിയിപ്പ് നൽകിയത് സംബന്ധിച്ച വിവരങ്ങളും ഫയലിൽ ഇല്ല. കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

Ii). 2023-24 ലെ പ്രോജക്ട് നടപ്പിലാക്കുന്നതിനായി, അംഗീകൃത വിതരണക്കാരിൽ നിന്നും മുദ്ര വച്ച ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള J8/0009/23 , തീയതി 15-09-2023 ലെ ഇ - ടെണ്ടർ നോട്ടീസിലെ രണ്ടാമത്തെ നിബന്ധന ടെണ്ടറിൽ പങ്കെടുക്കുന്നവർ പ്രാഥമിക എഗ്രിമെന്റ്, ജി എസ് ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ് എന്നിവയുടെ പകർപ്പുകൾ, ടെന്റർ ഫാറത്തിന്റെ വില , EMD, കൂടാതെ ടെണ്ടറിൽ അപ്ലോഡ് ചെയ്തിട്ടുള്ള എല്ലാ രേഖകളുടെയും പകർപ്പ് മുതലായവ സീൽ ചെയ്ത കവറിനുള്ളിലാക്കി ടെന്റർ തുറന്ന് പരിശോധിക്കുന്ന ദിവസം ഹാജരാക്കേണ്ടതാണ് എന്നുള്ളതായിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഇപ്രകാരമുള്ള രേഖകളൊന്നും കാണാൻ കഴിഞ്ഞില്ല.

Iii). രാജേഷ് ഫർണിച്ചർ മാർട്ട് എന്ന പ്രൈവറ്റ് സ്ഥാപനമാണ് 2023-24 ലും കട്ടിൽ വിതരണം പ്രോജക്ടിന്റെ വിതരണക്കാർ. പ്രസ്തുത സ്ഥാപനം EMD , സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇവ അടവാക്കിയതായി കാണുന്നില്ല. ആയവ അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനും EMD, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടവാക്കുന്നതിൽ നിന്നും സ്ഥാപനത്തിന് ഇളവ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാനും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.144/കെ. എസ്.എ/എ ഒ 2/ 2024തീയതി 07/01/2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

Iv). ടെണ്ടർ വ്യവസ്ഥ 13 പ്രകാരം പൊതുമേഖലാസ്ഥാപനങ്ങൾക്കാത്തവർക്ക് പക്ഷം പങ്കെടുക്കുന്നവർക്ക് ഈ മേഖലയിൽ 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും വർഷത്തിൽ 50 ലക്ഷത്തിന്റെ ടേണോവറും ഉണ്ടായിരിക്കേണ്ടതാണ്. ഓഡിറ്റഡ് സ്റ്റേറ്റ്മെന്റും ഹാജരാക്കേണ്ടതുമാണ്. എന്നാൽ സ്വകാര്യസ്ഥാപനമായ രാജേഷ് ഫർണിച്ചർ മാർട്ട് മേൽ പറഞ്ഞ രേഖകളൊന്നും ഹാജരാക്കിയിട്ടില്ലാത്തതാണ്.

V). വിതരണസ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

Vi). രണ്ട് പ്രോജക്ടുകളിലും കൂടി ആകെ 3000 ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങുന്നതിനുവേണ്ടി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്താക്കൾ കട്ടിലുകൾ കൈപ്പറ്റിയതിന്റെ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. കട്ടിലുകൾ വാർഡ് കൗൺസിലർമാർ സ്വീകരിച്ചതിന്റെ വിവരം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

Vii). വകുപ്പ് തലവൻമാരും ഓഫീസർമാരും ഫർണിച്ചറുകൾ വാങ്ങുമ്പോൾ അവ ഉയർന്ന നിലവാരമുള്ള തടിയിലുള്ളവയാണെന്ന് അധികാരപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ അപ്രകാരം ഉറപ്പ് വരുത്തിയിട്ടില്ല.

Viii) * # ക്രമ നം 2, 3 ബിൽ പ്രകാരം മാറിയ തുകയായി കാണിച്ചിട്ടുള്ളത് ഫയൽ പ്രകാരമുള്ള വിവരങ്ങളാണ്.

വെബ്സാംഖ്യയിൽ ചെലവ് തുക Requested Amount ആയി ചേർത്തിട്ടുണ്ടെങ്കിലും ബിൽ വിശദാംശം പരിശോധിക്കുമ്പോൾ ബിൽ നമ്പർ, തീയതി, ഗുണഭോക്താവിന്റെ പേര്, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, UTR Number എന്നിവ Blank ആയാണ് കാണുന്നത്.

Ix) **ബില്ലിൽ നിന്നും ടി ഡി എസ് കുറവായി റിക്കവറി നടത്തി- കേന്ദ്രസർക്കാർ സ്ഥാപനത്തിന് 68000/- രൂപയുടെ നഷ്ടം**

ബിൽ തുകയുടെ 2% തുകയാണ് കരാർ സ്ഥാപനത്തിൽ നിന്നും ഇൻകം ടാക്സ് ടി ഡി എസ് ആയി റിക്കവറി നടത്തേണ്ടത്. എന്നാൽ ബിൽ തുകയുടെ 1% മാത്രം തുകയാണ് പ്രോജക്ട് നം 9/2024 ലെ ക്രമ നം. 2, 3 പ്രകാരം മാറിയ ബില്ലുകളിൽ നിന്നും ടി ഡി എസ് ആയി റിക്കവറി നടത്തിയിട്ടുള്ളത്. പ്രസ്തുത ബില്ലിൽ നിന്നും യഥാക്രമം 68,000/- രൂപ വീതമായിരുന്നു റിക്കവറി നടത്തേണ്ടിയിരുന്നത്. എന്നാൽ 34,000/- രൂപ വീതമാണ് റിക്കവറി നടത്തിയിട്ടുള്ളത്. ഈ ഇനത്തിൽ സർക്കാറിന് 68,000/- രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. Income Tax TDS ഇനത്തിലെ പ്രസ്തുത തുകയായ 68,000/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ആദായനികുതി നികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

മുകളിൽ പരാമർശിച്ചിട്ടുള്ള അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ ബന്ധപ്പെട്ട രേഖകളോ ഹാജരാക്കാത്തതിനാൽ 1,01,32,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-48 ദ്രുതഗതിയിലുള്ള ദുരന്തപ്രതികരണത്തിനായി അടിയന്തിര ഉപകരണങ്ങൾ വാങ്ങൽ – പദ്ധതി നടത്തിപ്പിലെ അപാകത - 11,89,310/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം	1174/24
വകയിരുത്തൽ	30,71,950/- രൂപ (വികസനഫണ്ട്)
ചെലവ്	11,89,310/- രൂപ
ബിൽ വിവരം	1. 145/19-07-2023 9,42,663/- രൂപ (Cochin Firetech) 2. 1086/08-01-2024 2,46,647/-രൂപ (Sunrise Polycarp)
നിർവഹണം	അഡീഷണൽ സെക്രട്ടറി

തിരുവനന്തപുരം നഗരസഭയിൽ മഴക്കാലത്ത് ഉണ്ടാകുന്ന രൂക്ഷമായ കെടുതികൾ നേരിടുന്നതിനായി നഗരസഭയിലെ ദുരന്തനിവാരണ സെല്ലിലേയ്ക്ക് ആവശ്യമായ അടിയന്തിര ഉപകരണങ്ങൾ വാങ്ങുന്നതിനായി അഡീഷണൽ സെക്രട്ടറി നിർവഹണം നടത്തിയതാണ് പദ്ധതി. ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദമാക്കുന്നതിനും ജീവഹാനി ഉൾപ്പെടെയുള്ള നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനും മുനിസിപ്പൽ കോർപ്പറേഷന്റെ ദുരന്ത പ്രതികരണശേഷി കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുമാണ് പ്രോജക്ട് കൊണ്ട് ലക്ഷ്യമിട്ടിരുന്നത്. ആയതിലേയ്ക്കായി ഉപകരണങ്ങൾ വാങ്ങുന്നതിന് ഓരോ ഉപകരണങ്ങളുടെയും സ്പെസിഫിക്കേഷൻ അനുസരിച്ച് ഇ ടെണ്ടർ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 9-11-2022 ൽ കൂടിയ പർച്ചേസ് കമ്മിറ്റി തീരുമാന പ്രകാരം കൊച്ചിൻ ഫയർടെക് എന്ന സ്ഥാപനത്തിൽ നിന്നും ക്രമ നം. 3 മുതൽ 19 വരെയുള്ള ഉപകരണങ്ങളും 22-05-2023 ലെ ക്വട്ടേഷൻ നോട്ടീസിന്റെ അടിസ്ഥാനത്തിൽ 21-08-2023 ലെ പർച്ചേസ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്രമ നം. 1 , 2 ലെ ഉപകരണങ്ങൾ Sunrise Polycarp, Palarivattom എന്ന സ്ഥാപനത്തിൽ നിന്നും നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി ഹെൽത്ത് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

ക്രമ നം	ഉപകരണത്തിന്റെ പേര്	എണ്ണം /അളവ്	നിരക്ക്	തുക	ജിഎസ് ടി	ആകെ തുക (ജിഎസ് ടി ഉൾപ്പെടെ)	വിതരണം ചെയ്ത സ്ഥാപനം
1	Premier Classic Suction Hose	82.5 M	205.93	16989.23	3058.06	20047	Sunrise Polycarp, Palarivattom
2	Agriculture Canvas Hose 3” Cotton Rubber	1110 M	182.27	202321.43	24278.58	226600	Sunrise Polycarp, Palarivattom
3	Crow Bar 1.5 M 35mm Dia	11	1899.8	545403.98	49140.34	594544	Cochin Firetech
4	Crow Bar 1.5 M 35mm Dia	11	2330.5				
5	Fireman Axe - Newage	6	1460				
6	Sledge Hammer 1 Kg	11	445.77				
7	Sledge Hammer 2 Kg	11	886.91				
8	Life Jacket Adult	110	1421.43				
9	LifeBuoy With Grabline IRS Approved	110	1914.29				
10	Helmet Rachet Type Vented Yellow(PN 542) Karam	110	263.2				
11	Reflectice Jacket2” Green-120gsm	110	192				
12	First Aid Box Cabinet SJF P1	11	1750				
13	Fire Extinguisher ABC 4kg Sheyas	40	980				
14	Search Light 20W (2.4AH)	11	11179.66	296501.22	51617.92	348119	Cochin Firetech
15	Mega Phone	11	4449.25				
16	Fireman Axe Heavy	5	1460				
17	Showel	11	885				
18	Gloves Electrical Proof Joint Less 33KV	55 Pairs	900				
19	Foldable Stretcher (Resguardo)	11	5277.11				

സിറ്റി പ്രോജക്ട് കോർഡിനേറ്റർ തയ്യാറാക്കിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽപർച്ചേസ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതെങ്കിലും ഇത്തരമൊരു പദ്ധതി സബ്സിഡി മാനദണ്ഡങ്ങൾ സ. ഉ. (കൈ) നം.

115/2022/ LSGD Dated 28.05.2022 മാർഗരേഖയിൽ പരാമർശിച്ചിട്ടില്ല. മാർഗരേഖയിൽ പരാമർശിക്കാത്ത പ്രോജക്ട് നടപ്പിലാക്കുന്നതിന് നൂതന പ്രോജക്ടായി അംഗീകാരം വാങ്ങേണ്ടതാണെങ്കിലും അപ്രകാരം അംഗീകാരം വാങ്ങിയിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 44 /കെ. എസ്.എ/എ ഒ 2/ 2024 തീയതി 13/09/2024) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് നഗരസഭാ ഹെൽത്ത് ഓഫീസർക്ക് കൈമാറുന്നത് വരെയുള്ള വിവരങ്ങൾ മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. പ്രസ്തുത ഉപകരണങ്ങൾ ദുരന്ത നിവാരണ ആവശ്യത്തിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്നുള്ള വിവരം ഹെൽത്ത് ഓഫീസറിൽ നിന്നും ശേഖരിച്ച് ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിനും മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവഹണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടുമില്ല. യഥാർത്ഥ ആവശ്യം കൃത്യമായി മനസ്സിലാക്കാതെ ഇപ്രകാരം ഉപകരണങ്ങൾ വാങ്ങിക്കൂട്ടുന്നത് പദ്ധതി പണത്തിന്റെ ദുർവിനിയോഗമാണ്. ആയതിനാൽ പ്രോജക്ട് നടത്തിപ്പിനായി ചെലവഴിച്ച 11,89,310/-രൂപ തടസ്സപ്പെടുത്തുന്നു.

1-49 കൈമാറിക്കിട്ടിയസ്ഥാപനങ്ങളുടെ കുടിവെള്ളം, ടെലിഫോൺ ചാർജ് അടവാക്കൽ - രേഖകൾ ഹാജരാക്കിയില്ല - 18,34,055/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം	5/24
വകയിരുത്തൽ	1,00,00,000/- രൂപ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)
ചെലവ്	18,34,055/- രൂപ
ബിൽ വിവരം	1219/20-1-2024
നിർവഹണം	അഡീഷണൽ സെക്രട്ടറി

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വെള്ളക്കരം, ടെലഫോൺ ചാർജ് എന്നീ ഇനങ്ങളിൽ നഗരസഭ തനതുഫണ്ടിൽ നിന്നും ചെലവാക്കിയിട്ടുള്ള തുക റീകൂപ്പ് ചെയ്യുന്നതിനുവേണ്ടിയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇപ്രകാരം 01-04-2023 മുതൽ01-01-2024 വരെയുള്ള വെള്ളക്കരം, ടെലഫോൺ ചാർജ് എന്നിവ ഒടുക്കുന്നതിനായി മെയിന്റനൻസ് ഫണ്ടിൽ നിന്നും 18,34,055/-രൂപ പിൻവലിച്ച് തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ കൈമാറിക്കിട്ടിയ സ്ഥാപനമേധാവികൾ സമർപ്പിക്കേണ്ടതായ വെള്ളക്കരം, ടെലഫോൺ ചാർജ് ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം. 122 /കെ.എസ്.എ/എ ഒ 2/ 2024 തീയതി. 20/12/2024) രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 18,34,055/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-50 സേവാകേന്ദ്രം-വാർഡ് കേന്ദ്രം - മതിയായ രേഖകൾ ഹാജരാക്കിയില്ല – 12,04,000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം	11/24
വകയിരുത്തൽ	25,00,000/- രൂപ (വികസനഫണ്ട്)
ചെലവ്	12,04,000/- രൂപ
ബിൽ വിവരം	1. 405/16-09-2023 2,80,000/- രൂപ 2. 831/21-12-2023 2,75,000/- രൂപ 3. 1453/06-02-2024 2,50,000/- രൂപ 4. 2775/24-04-2024 3,99,000/-രൂപ
നിർവഹണം	അഡീഷണൽ സെക്രട്ടറി

സേവാകേന്ദ്രം-വാർഡ്കേന്ദ്രം പ്രവർത്തിക്കുന്ന വാടക കെട്ടിടങ്ങൾക്ക് വാടക നൽകുന്നതിനും വാർഡ് കേന്ദ്രങ്ങളിലെ ഫെസിലിറ്റേറ്റർമാർക്ക് വേതനം നൽകുന്നതിനുമായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. പ്രോജക്ട് നിർവഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.വാർഡ് കേന്ദ്രങ്ങളിലെ ഫെസിലിറ്റേറ്റർമാർക്ക് പ്രതിമാസം 1,000/-രൂപ വീതമാണ് ഹോണറേറിയം നൽകിയിട്ടുള്ളത്. ഈയിനത്തിൽ ക്രമ നം. 1, 4 ബിൽ പ്രകാരം യഥാക്രമം 2,80,000/-രൂപ, 399,000/- രൂപ ആകെ 6,79,000/-രൂപ 57 പേരുടെ വേതനം നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ആയതിൽ അക്ഷര, ഷൈനി ആർ, അനന്തുസുരേഷ്, കൃഷ്ണ വി എസ്, കല കെ, വിഷ്ണു പി എസ് എന്നീ 6 ഫെസിലിറ്റേറ്റർമാരുടെ ആധാർകോപ്പി/ ബാങ്ക് പാസ് ബുക്ക് കോപ്പി മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

2. ഫെസിലിറ്റേറ്റർമാർക്ക് വേതനം അനുവദിക്കുന്നതിനായി അതാത് വാർഡ് കൗൺസിലർമാർ ശുപാർശ ചെയ്യുന്നുണ്ട്. എന്നാൽ അവരുടെ ഹാജർ വിവരം, വാർഡ് യോഗം കൂടിയതിന്റെ മിനിട്സ്, പ്രവർത്തന റിപ്പോർട്ട് എന്നിവ സംബന്ധിച്ച വിവരം ഫയലിൽ ഇല്ല. ആയവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

3. സേവാകേന്ദ്രം പ്രവർത്തിക്കുന്ന 21 കെട്ടിടങ്ങൾക്ക് ക്രമ നം. 2, 3ബിൽ പ്രകാരം യഥാക്രമം 2,75,000/-രൂപ, 2,50,000/- രൂപ ആകെ 5,25,000/-രൂപ കെട്ടിട വാടകയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ വാടക നഗരസഭയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പ്രൈവറ്റ് കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ ആയതിന്റെ വാടക നിശ്ചയിക്കേണ്ടത് PWD അധികൃതരാണ്. 21 കെട്ടിടങ്ങളിൽ 2 കെട്ടിടങ്ങളുടെ വാടക മാത്രമാണ് അധികൃതർ നിശ്ചയിച്ചിട്ടുള്ളത്.
മേൽ അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ടും ഓഡിറ്റ് എൻക്വയറി (നം. 192 /കെ. എസ്.എ/എ ഒ 2/ 2024, തീയതി.13-02-2025) നൽകിയതിന് ഫെസിലിറ്റേറ്റർമാരുടെ ആധാർകോപ്പി ഹാജരാക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ടെന്നും ഫെസിലിറ്റേറ്റർമാർക്ക് പ്രത്യേക ഹാജർബുക്ക് ക്രമീകരിച്ചിട്ടില്ലായെന്നും

വാർഡ്കേന്ദ്രങ്ങൾക്ക് 2,500/- രൂപ മാത്രം വാടക അനുവദിക്കുന്ന സാഹചര്യത്തിൽ കമ്മിറ്റി മുമ്പാകെ വിഷയം ചർച്ച ചെയ്യുന്നതിന് അയയ്ക്കുന്നതാണെന്നും മറുപടി ലഭിച്ചു. മേൽ അപാകതകൾ പരിഹരിക്കുന്നതുവരെ 12,04,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-51 സ്കൂൾ സുരക്ഷാ പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകത - 14,69,746/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	1128/24
വകയിരുത്തൽ	31,20,360/- രൂപ (വികസനഫണ്ട്)
ചെലവ്	14,69,746/- രൂപ
ബിൽ വിവരം	1. 21, 14/06/2023, 165900/- രൂപ 2. 119, 07/07/2023, 55525/-രൂപ 3. 237, 09/08/2023, 54175/-രൂപ 4. 359, 05/09/2023, 54175/-രൂപ 5. 467, 07/10/2023, 54850/- രൂപ 6. 551, 02/11/2023, 54850/- രൂപ 7. 678, 04/12/2023, 56850/- രൂപ 8. 1065, 05/01/2024, 54850/- രൂപ 9. 1087, 08/01/2024, 358598/- രൂപ 10. 1412, 02/02/2024, 54850/- രൂപ 11. 1922, 05/03/2024, 56875/- രൂപ 12. 2777, 25/03/2024, 448248/- രൂപ
നിർവഹണം	അഡീഷണൽ സെക്രട്ടറി

വരും തലമുറയ്ക്ക് ദുരന്തനിവാരണപ്രവർത്തനങ്ങളിൽ പ്രാവീണ്യം ലഭിക്കുന്നതിനും അതിലൂടെ ദുരന്തനിവാരണലഘൂകരണപ്രവർത്തനങ്ങളിൽ അറിവും പരിശീലനവും ലഭിക്കുന്നതിനും വിദ്യാർത്ഥികൾക്കും സമൂഹത്തിനും സുരക്ഷ ഒരുക്കുന്നതിനൊപ്പം ദുരന്തനിവാരണ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നതിനുമായി അഡീഷണൽ സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതിയാണ് സ്കൂൾ സുരക്ഷാപദ്ധതി.
പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I) ഇത്തരമൊരു പ്രോജക്ട്, സബ്സിഡി മാനദണ്ഡങ്ങൾ സ. ഉ. (കൈ) നം. 115/2022/ LSGD Dated 28.05.2022 മാർഗരേഖയിൽ പരാമർശിച്ചിട്ടില്ല. മാർഗരേഖയിലോ സർക്കാർ വകുപ്പുകളിലോ ഉത്തരവുകളിലോ സബ്സിഡി മാനദണ്ഡങ്ങൾ അനുസരിച്ചോ തയ്യാറാക്കാൻ സാധിക്കാത്ത പ്രോജക്ടുകൾ നൂതനപ്രോജക്ടുകളായി തയ്യാറാക്കേണ്ടതാണ്. എന്നാൽ അപ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.

Ii). തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറി 26-09-2022 ൽ ഇന്ത്യൻ എക്സ്പ്രസ് എന്ന പത്രത്തിൽ കൊടുത്ത 'Expression Of Interest' ന്റെ അടിസ്ഥാനത്തിൽ Foundation For Development Action എന്ന സ്ഥാപനത്തെ L1 ആയും ന്യൂ ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന Geo Hazards Society (GHS) എന്ന NGO യെ L2 ആയും തെരഞ്ഞെടുത്തു. 28-01-2023 ലെ പ്രോജക്ട് മോണിട്ടറിംഗ് കമ്മിറ്റി യോഗത്തിന്റെ അടിസ്ഥാനത്തിൽ 50 സ്കൂളുകളിൽ സ്കൂൾ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി L1 ആയ Foundation For Development Action എന്ന സ്ഥാപനത്തെ ആദ്യം തെരഞ്ഞെടുത്തിരുന്നത്. എന്നാൽ 17-02-2023 ലെ യോഗത്തിൽ L1 വിസമ്മതം അറിയിച്ചതിനാൽ L2 ആയ Geo Hazards Society (GHS) യെ തെരഞ്ഞെടുത്തതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ L1 വിസമ്മതം അറിയിച്ചത് സംബന്ധിച്ച ആധികാരികരേഖ ലഭ്യമല്ല.

Iii). ഇ എം ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ GHS അടവാക്കിയതായി കാണുന്നില്ല. ആയവ അടവാക്കുന്നതിൽ നിന്നും GHS നെ ഒഴിവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

Iv). വികസനഫണ്ട് സർക്കാർ അനുമതിയില്ലാതെ ശമ്പളം നൽകാനായി ചെലവഴിച്ചു
സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധിച്ച സ. ഉ. (കൈ) നം. 115/2022/ LSGD Dated 28.05.2022, ഖണ്ഡിക 8.6 പ്രകാരം സർക്കാറിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല. ദുരന്ത നിവാരണപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നഗരസഭയിൽ പ്രവർത്തിക്കുന്ന സിറ്റി ഡിസാസ്റ്റർ മാനേജ്മെന്റിലെ ജീവനക്കാരുടെ ശമ്പളം നൽകുന്നതിനായി മാത്രം വികസനഫണ്ടിൽ നിന്നും 6,62,900/-രൂപ ചെലവഴിച്ചു. പ്രസ്തുത ജീവനക്കാരുടെ നിയമനം, ശമ്പളതുക നിശ്ചയിച്ചത് എന്നിവയുടെ ആധികാരിക മാനദണ്ഡം വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രവർത്തനത്തിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

V). പദ്ധതി നടത്തിപ്പിലേയ്ക്കായി പരിശീലന സ്ഥാപനമായ Geo Hazards Society യ്ക്ക് 806846/- രൂപയാണ് 2023-24 ൽ ആകെ നൽകിയിട്ടുള്ളത്. ആയതിനുപുറമെ ഒരു പാർട്ട്ബിൽ പേമെന്റ് നൽകുന്നതിനായി 537897/- രൂപയുടെ ബിൽ ട്രഷറിയിൽ നൽകിയിട്ടുണ്ടെങ്കിലും ടി ബിൽ മാർച്ച് 31 നു മുമ്പ് പാസാകാത്തതിനാൽ BDS ലേയ്ക്ക് പുഷ് ചെയ്യപ്പെട്ടിട്ടുണ്ട്. ടി ബിൽ BDS ചെയ്യപ്പെടുന്നതിനുപകരമായി അനുവദിക്കണമെന്ന് സർക്കാറിനോട് അഡീ. സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. (അഡീ. സെക്രട്ടറിയുടെ 12-08-2024 ലെ CU *65524/* 24 നം . കത്ത്) 2023-24, 2024-25 വെബ്സാംഖ്യയിൽ പ്രസ്തുത ചെലവ് പ്രതിഫലിച്ചിട്ടുമില്ല. തുടർ വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറിലൂടെ (നം. 46 /കെ. എസ്.എ/എ ഒ 2/ 2024 തീയതി 27/08/2024) ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

Vi). പ്രോജക്ട് മോണിട്ടറിംഗ് കമ്മിറ്റിയുടെ 17-11-2023 ലെ തീരുമാനപ്രകാരം പ്രോജക്ടിന്റെ കാലാവധി കഴിയുന്ന കാലഘട്ടത്തിൽ തെരഞ്ഞെടുത്ത സ്കൂളുകളിലെ രണ്ട് അദ്ധ്യാപകർ മുഖേന ദുരന്ത നിവാരണപദ്ധതിയുടെ തുടർച്ച ഉറപ്പ് വരുത്തേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. പരിപാടിയുടെ സുസ്ഥിരത നിലനിർത്തുന്നതിന് സ്കൂളുകളുമായി നഗരസഭ നിരന്തരബന്ധം ഉണ്ടാകേണ്ടതാണെന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് സെല്ലിനോട് നിർദേശിച്ചിട്ടുമുണ്ട്. അപ്രകാരമുള്ള പ്രവർത്തനം നടത്തുന്നുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (നം. 46 /കെ. എസ്.എ/എ ഒ 2/ 2024 തീയതി 27/08/2024) മറുപടി ലഭ്യമാക്കിയില്ല.

Vii). GHS തയ്യാറാക്കിയ പ്രഥമശുശ്രൂഷകൈപ്പുസ്തകത്തിന്റെ കരടിൽ, സാങ്കേതിക അഭിപ്രായം അറിയിക്കുന്നതിനായി അഡീഷണൽ സെക്രട്ടറി 18-11-23 ന് KSDMA, Tvpm ന് കത്ത് അയച്ചിട്ടുണ്ട്. എന്നാൽ അഭിപ്രായം ലഭിച്ചതിന്റെ വിവരം ഫയലിൽ ഇല്ല. കൈപ്പുസ്തകം പ്രസിദ്ധീകരിച്ചത് KSDMAന്റെ അഭിപ്രായം ലഭിച്ചതിനുശേഷമാണോ എന്നത് സംബന്ധിച്ചും വ്യക്തതക്കുറവുണ്ട്. കൈപ്പുസ്തകത്തിന്റെ പകർപ്പും ലഭ്യമാക്കിയിട്ടില്ല.

Viii). പ്രോജക്ട് മോണിട്ടറിംഗ് കമ്മിറ്റിയുടെ 17-11-2023 ലെ തീരുമാനപ്രകാരം സ്കൂൾ സുരക്ഷാ പദ്ധതി നടപ്പിലാക്കിയ 25 സ്കൂളുകളിൽ നിന്നും മികച്ച പ്രകടനം കാഴ്ച വച്ച 5 സ്കൂളുകളെ തെരഞ്ഞെടുത്ത് അവരെ മറ്റ് സ്കൂളുകൾക്ക് ടി പദ്ധതി നടത്തുന്നതിനുള്ള മാതൃകയാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

Ix). പ്രോജക്ട് മോണിട്ടറിംഗ് കമ്മിറ്റിയുടെ 01-03-2024 ലെ തീരുമാനപ്രകാരം ഓരോ സ്കൂളിലും നടത്തിയ Hazard Hunt Exercise ന്റെ വിശദമായ റിപ്പോർട്ട് GHS നൽകേണ്ടതുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ലായിരുന്നു.

X). പ്രോജക്ട് മോണിട്ടറിംഗ് കമ്മിറ്റിയുടെ 17-02-2023 ലെ തീരുമാനപ്രകാരം ഉ സ്കൂൾ വെബ് ആപ്ലിക്കേഷൻ സ്കൂൾ ദുരന്ത നിവാരണപ്ലാൻ തയ്യാറാക്കാൻ ഉപയോഗിച്ചതിന്റെ വെബ് അഡ്രസ്സ് ലഭ്യമാക്കാനും Hazard ന്റെ തോത് മനസ്സിലാക്കി Red, Yellow, Green എന്നീ കളർ കോഡിംഗ് ചെയ്ത റിപ്പോർട്ട് GHS നഗരസഭയ്ക്ക് നൽകിയിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയവ ഹാജരാക്കിയിട്ടില്ല.

Xi) പ്രോജക്ട് മോണിട്ടറിംഗ് കമ്മിറ്റിയുടെ 21-03-2024 ലെ തീരുമാനപ്രകാരം പദ്ധതിയുടെ എക്സിറ്റ് മീറ്റിംഗ് നടത്തിയതിന്റെ വിവരം ലഭ്യമല്ല.

Xii) പ്രോജക്ട് മോണിട്ടറിംഗ് കമ്മിറ്റിയുടെ 21-03-2024 ലെ തീരുമാനപ്രകാരം സ്കൂൾ സുരക്ഷാ പദ്ധതി നടപ്പിലാക്കിയതിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളുടെ ഹ്രസ്വമായ റിപ്പോർട്ടും പദ്ധതിയിലൂടെ മനസ്സിലാക്കിയ പാഠങ്ങൾ, വെല്ലുവിളികളും തുടർപ്രവർത്തനങ്ങളും മലയാളത്തിൽ രണ്ട് പേജിൽ കവിയാതെ തയ്യാറാക്കാൻ ജി എച്ച് എസ് നോടാവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറിലൂടെ (നം. 46 /കെ. എസ്.എ/എ ഒ 2/ 2024 തീയതി 27/08/2024) ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

Xiii). ഫയൽ പരിശോധനയിൽ 21-09-2023 ൽ 25 സ്കൂളുകൾ First Aid Box സ്വീകരിച്ചതായുള്ള വിവരം ഉണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം First Aid Box വാങ്ങാൻ തുക ചെലവഴിച്ചിട്ടില്ല. ആയതിൽ വ്യക്തതക്കുറവുണ്ട്.

Xiv). Orientation Programme ന്റെ Consolidation Report, GHS സമർപ്പിച്ചതായി 11-03-2024 ലെ നോട്ട് ഫയലിൽ രേഖപ്പെടുത്തലുകളുണ്ട്. എന്നാൽ റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

Xv). Mock Dril Orientation For School Disaster Management Co Ordinators And Dril Observors 05-02-2024 ൽ നടത്തിയ മീറ്റിംഗിൽ 41 പേർ പങ്കെടുത്തിട്ടുണ്ട്. Practical Exercise നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഫോട്ടോസഹിതമുള്ള റിപ്പോർട്ട് ഹാജരാക്കാനും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

പ്രസ്തുത പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ മേൽപറയുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കാനും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിനും ഓഡിറ്റ് എൻക്വയറിലൂടെ (നം. 46 /കെ. എസ്.എ/എ ഒ 2/ 2024 തീയതി 27/08/2024) നിർവഹണ ഉദ്യോഗസ്ഥനോടാവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുതസാഹചര്യത്തിൽ 14,69,746/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-52 തണൽ പാലിയേറ്റീവ് കെയർ പദ്ധതി-8,29,230/-രൂപ നിരാകരിക്കുന്നു

പ്രോജക്ട് നം	SO772/24
പേര്	തണൽ പാലിയേറ്റീവ് കെയർ
അടങ്കൽ തുക	1,10,00,000/- രൂപ
ചെലവ് തുക	1,09,21,067/-രൂപ
ഫണ്ടിനം	വികസന ഫണ്ട് (ജനറൽ)
നിർവ്വഹണോദ്യോഗസ്ഥൻ	ഡോ.ഗോപകുമാർ.ആർ.എസ്.ഹെൽത്ത് ഓഫീസർ

തണൽ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ഭാഗമായി നേഴ്സുമാർക്ക് ഹോണറേറിയം നൽകൽ വാഹന വാടക, മരുന്ന് വാങ്ങൽ അനുബന്ധ ചെലവുകൾ എന്നിവയ്ക്കായാണ് 1,10,00,000/- രൂപ അടങ്കലിൽ മേൽ പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ടുമായി ബന്ധപ്പെട്ട് വാഹന വാടക നൽകുന്നതിനായി 26,14,610/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് രേഖകളുടെ പരിശോധനയിൽ ഒരേ കാലയളവിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി രണ്ട് തവണ ടെണ്ടർ ക്ഷണിക്കുകയും വ്യത്യസ്ത നിരക്കിൽ ഒരേ കരാറുകാരന് കരാർ ഉറപ്പിച്ച് നൽകുകയും ചെയ്തതായി

കാണുന്നു. ഇതിന് പുറമേ കരാറിന് വിരുദ്ധമായി വാഹനവാടക നൽകിയതിനാൽ 8,29,230/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ ഖ.3-2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-53 ഹെൽത്ത് സ്ക്വാഡിനായി വാഹനം വാങ്ങൽ -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

തിരുവനന്തപുരം നഗരസഭ ആരോഗ്യവിഭാഗം ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് Day,Night,Special Squad നടത്തുന്നതിനായി 2 മഹീന്ദ്ര ബൊലേറോ വാഹനങ്ങൾ വാങ്ങുന്നതിനാണ് ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ SO 786/24 നം. പ്രോജക്ട് രൂപീകരിച്ചത്. വികസന ഫണ്ടിൽ നിന്നും 25,00,000/- രൂപ അടങ്കൽ തുകയിൽ രൂപീകരിച്ച മേൽ പ്രോജക്ട് പ്രകാരം രണ്ട് മഹീന്ദ്ര ബെലേറോ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിന് 60,054/- രൂപ ചെലവഴിച്ചിട്ടുണ്ട്. (BRNനം./തീയതി-2181/15.03.2024) GEM പോർട്ടൽ മുഖേനേ വാങ്ങിയ വാഹനങ്ങൾക്കായി ചെലവായ 19,77,914/- രൂപ മഹീന്ദ്ര & മഹീന്ദ്ര എന്ന സ്ഥാപനത്തിന് കൈമാറുന്നതിനായി തൻവർഷം ബില്ല് ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയതിനെ തുടർന്ന് ബില്ല് കൃവിൽ ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് 2024-25 സാമ്പത്തിക വർഷമാണ് തുക കൈമാറിയത്. പ്രസ്തുത വാഹനങ്ങളുടെ വാങ്ങലിലും ഉപയോഗത്തിലും കണ്ടെത്തിയ അപാകങ്ങളാണ് തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1.സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി

ഹെൽത്ത് സ്ക്വാഡിന് വാഹനം വാങ്ങുന്നതിന്റെ ആവശ്യകതാ നിർണ്ണയം എപ്രകാരമാണ് നടത്തിയത്, ഏത് ടെക്നിക്കൽ സമിതിയുടെ (മെക്കാനിക്കൽ വിംഗ്) നിർദ്ദേശാനുസരണമാണ് മഹീന്ദ്രാ ബൊലേറോ വാഹനങ്ങൾ വാങ്ങുവാൻ തീരുമാനിച്ചത്, Proprietary Nature-ൽ ഉള്ള വാഹനങ്ങളുടെ GEM മുഖേനയുള്ള ഇത്തരം വാങ്ങൽ സംബന്ധിച്ച സ.ഉ.(പി) നം.12/2019/SPD 18.09.19 ലെ നിബന്ധനകൾ (ധനകാര്യവകുപ്പിന്റെ അനുമതി,ഇപ്രകാരം വാഹനം വാങ്ങുന്നതിന്റെ ആവശ്യകത സംബന്ധിച്ച Asst.Exe.Engineer.Mech.-ൽ കുറയാതെയുള്ള ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ്) എന്നിവ പാലിച്ചുകൊണ്ടാണോ വാങ്ങൽ നടത്തിയിട്ടുള്ളത് എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.39/കെ.എസ്.എ./ടി.വി.സി.05/2023-24, തീയതി.07.09.24) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

ഈ സാഹചര്യത്തിൽ കൃത്യമായ ആവശ്യകതാനിർണ്ണയം നടത്താതെയും സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കാതെയുമാണ് വാഹനങ്ങൾ വാങ്ങിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2.വാഹനങ്ങൾ വികസന,ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ ഔദ്യോഗിക യാത്രകൾക്കാണ് ഉപയോഗിച്ചത്.

ഹെൽത്ത് സ്ക്വാഡിന്റെ പ്രവർത്തനത്തിനായി വാങ്ങിയ രണ്ട് വാഹനങ്ങളും (KL 01 DC 4920, KL 01 DC 4933) 25.05.24 മുതൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ലോഗ് ബുക്കിന്റെ പരിശോധനയിൽ പ്രസ്തുത വാഹനങ്ങൾ കൂടുതലായും ഉപയോഗിച്ചിട്ടുള്ളത് യഥാക്രമം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ ഔദ്യോഗിക യാത്രകൾക്കാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

ക്രമ നം	വാഹനത്തിന്റെ നം.	വാഹനം ഉപയോഗിച്ച കാലയളവ്	ആകെ സഞ്ചരിച്ച ദൂരം. (കി.മി.)	ഹെൽത്ത് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി സഞ്ചരിച്ച ദൂരം (കി.മി.)
1.	KL 01 DC 4920	25.05.2024-09.092024	6243	770
2.	KL 01 DC 4933	25.05.2024-09.092024	4744	ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. ഏകദേശം 700

നൈറ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി ചില ദിവസങ്ങളിൽ പുതുതായി വാങ്ങിയ വാഹനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ രണ്ട് വാഹനങ്ങളും ഒരു ദിവസം പോലും ഡേ സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിട്ടില്ല. മുൻ സാമ്പത്തിക വർഷം ഹെൽത്ത് സ്ക്വാഡിന്റെ (Day, Night) പ്രവർത്തനങ്ങൾക്കായി KL 01 BL 8337 നം. വാഹനം ആണ് ഉപയോഗിച്ച കൊണ്ടിരുന്നത്. പുതിയ വാഹനങ്ങൾ വാങ്ങിയതിന് ശേഷവും 06.06.2024 വരെ പ്രസ്തുത വാഹനം ആണ് ഡേ സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചത്. തുടർന്ന് 18.09.24 വരെ ഡേ സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി KL 01 BK 9168 എന്ന വാഹനം ആണ് ഉപയോഗിച്ചിരിക്കുന്നത്. ഇതേ വാഹനം ചില ദിവസങ്ങളിൽ നൈറ്റ് സ്ക്വാഡിന്റെ പ്രവർത്തനത്തിനായും ഉപയോഗിച്ചിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങിയതിന് ശേഷവും നിലവിൽ ഉപയോഗിച്ചു കൊണ്ടിരുന്ന വാഹനത്തിൽ തന്നെയാണ് ഹെൽത്ത് സ്ക്വാഡിന്റെ ഭൂരിഭാഗം പ്രവർത്തനങ്ങളും നടത്തിയിരിക്കുന്നത്.

പ്രോജക്ട് പ്രകാരം വാങ്ങിയ വാഹനങ്ങളുടെ വിശദാംശങ്ങൾ സ.ഉ.(അ) നം.152/2020 ധന തീ. 05.11.2020 ഉത്തരവ് ഖ.11-ൽ നിഷ്കർഷിക്കും പ്രകാരം VEELS പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് Day, Night, Special Squad എന്നിവ നടത്തുന്നതിനായി വികസന ഫണ്ട് വിനിയോഗിച്ച് വാങ്ങിയ രണ്ട് വാഹനങ്ങളും മറ്റ് പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചതിന് രേഖകൾ സഹിതം വിശദീകരണം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നടത്തിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.57/കെ.എസ്.എ./ടി.വി.സി.05/2023-24,തീയതി28.09.24) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

മുൻ വർഷം വരെ ഒരു വാഹനത്തിൽ നടത്തിയിരുന്ന ഹെൽത്ത് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി രണ്ട് വാഹനങ്ങൾ വാങ്ങുകയും തുടർന്നും പഴയ വാഹനത്തിൽ തന്നെ ആയതിന്റെ പ്രവർത്തനം നടത്തുകയും പുതിയ വാഹനങ്ങൾ മറ്റ് കാര്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്ത നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല . ഇത് വികസന ഫണ്ടിന്റെ ദുർവിനിയോഗമായി കാണുന്നു. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു .

1-54 പി.എച്ച്.സി., സി.എച്ച്.സി., യു.പി.എച്ച്.സി താലൂക്കാശുപത്രി എന്നിവിടങ്ങളിൽ അനധികൃത സ്റ്റാഫ് നിയമനം 66,99,924/-രൂപ തടസ്സപ്പെടുത്തുന്നു.

നഗരസഭയുടെ നിയന്ത്രണത്തിലുള്ള പി.എച്ച്.സി.,സി.എച്ച്.സി., യു.പി.എച്ച്.സി താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ഹോണറേറിയം വ്യവസ്ഥയിൽ മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കുന്നതിനാണ് ഹെൽത്ത് ഓഫീസർ ഡോ.ഗോപകുമാർ

ആർ.എസ്.നിർവഹണ ഉദ്യോഗസ്ഥനായ 573/24 നം. പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് പ്രകാരം വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	വികസന ഫണ്ട്	തനത് ഫണ്ട്	ആകെ
അടങ്കൽ തുക	30667500	1332500	32000000
ചെലവ് തുക	28372788	8032424	36405212
ബി.ആർ.നം./ചെക്ക് നം./തീയതി	15270/19.06.23 99477/11.07.23 99514/11.07.23 61510/19.08.23 05755/05.08.23 95749/23.08.23 95741/23.08.23 29346/08.09.23 53488/19.12.23 53514/19.12.23 53534/19.12.23 53550/19.12.23 53571/19.12.23 53590/19.12.23 53499/19.12.23 58008/11.01.24 58003/11.01.24 57992/11.01.24 86515/07.02.24 86482/07.02.24 86500/07.02.24 86472/07.02.24 16325/14.02.24 45173/09.03.24 61027/22.02.24 45168/09.03.24 45150/09.03.24 45165/09.03.24 45157/09.03.24	675536/25.09.23 675831/27.10.23 675832/27.10.23 198126/21.11.23	

പ്രോജക്ടുമായി ബന്ധപ്പെട്ട ഓഡിറ്റ് കണ്ടെത്തലുകൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

I) തനത് ഫണ്ടിൽ നിന്നും വകയിരുത്തിയതിനെക്കാൾ അധികം ചെലവഴിച്ച 66,99,924/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് പ്രകാരമുള്ള ആകെ അടങ്കൽ തുക 3,20,00,000/- രൂപയും ചെലവ് 3,64,05,212/-രൂപയുമാണ്. തനത് ഫണ്ടിൽ നിന്നും വകയിരുത്തിയതിനേക്കാൾ 66,99,924/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/കെ.എസ്.എ./ടി.വി.സി.05/2023-24 തീ.30.08.24) പ്രോജക്ടിൽ വകയിരുത്തിയിരുന്ന പ്ലാൻ ഫണ്ടിന്റെ അപര്യാപ്തത കാരണം ആണ് തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്ന തുകയേക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ പ്ലാൻ ഫണ്ടിൽ അടങ്കൽ തുകയിൽ 22,94,712/- രൂപ ബാക്കിയിരിക്കെയാണ് തനത് ഫണ്ടിൽ നിന്നും 66,99,924/- രൂപ ചെലവഴിച്ചത്. എന്നാൽ പ്ലാൻ ഫണ്ടിൽ തുക ലഭ്യമാകാതിരുന്ന സാഹചര്യം, പ്രസ്തുത സാഹചര്യത്തിൽ തനത് ഫണ്ട് ചെലവഴിക്കാൻ എടുത്ത കൗൺസിൽ തീരുമാനം എന്നിവ ലഭ്യമാക്കിയില്ല.

തനത് ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച തുക 66,99,924/-രൂപ തടസ്സപ്പെടുത്തുന്നു. വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചതിനാൽ പ്രോജക്ട് റിവൈസ് ചെയ്യേണ്ടതായിരുന്നു. ചെലവ് തുകയ്ക്കനുസൃതമായി പ്രോജക്ട് റിവൈസ് ചെയ്ത് ഡി.പി.സി.അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

Ii) സർക്കാർ അനുമതി ഇല്ലാതെ സ്റ്റാഫിനെ നിയമിച്ച് വേതനം നൽകി വരുന്നു.

10.05.2017-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 2.13-ാം നം.തീരുമാന പ്രകാരം ആവശ്യമുള്ള സ്ഥലങ്ങളിൽ ഒരു പി.എച്ച്.സി.യിൽ ഒരു ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാവുന്നതാണ്.സി.എച്ച്.സി.കളിൽ ആവശ്യമെങ്കിൽ 2 ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാവുന്നതാണ്. മേൽ പ്രസ്താവിച്ചിരിക്കുന്ന വ്യവസ്ഥ അനുസരിച്ച് നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം ആകെ 62 സ്റ്റാഫുകളെ നിയമിക്കാവുന്നതാണ്.

ക്രമ നം.	താലൂക്ക് ആശുപത്രി/ PHC/UPHC	അംഗീകൃത മെഡിക്കൽ ഓഫീസർമാരുടെ എണ്ണം	അംഗീകൃത പാരമെഡിക്കൽ ജീവനക്കാരുടെ എണ്ണം	ആകെ അംഗീകൃതജീവനക്കാരുടെ എണ്ണം
1	ഫോർട്ട് താലൂക്ക് ആശുപത്രി	1	1	2
2	നേമം താലൂക്ക് ആശുപത്രി	1	1	2
3	FHC കടകംപള്ളി	1	1	2
4	FHC മുക്കോല	1	1	2
5	FHC വട്ടിയൂർക്കാവ്	1	1	2
6	FHC ജഗതി	1	1	2
7	FHC വേളി	1	1	2
8	FHC തിരുവല്ലം	1	1	2
9	FHC ചെട്ടിവിളാകം	1	1	2
10	PHC കരമന	1	1	2
11	PHC ഉള്ളൂർ	1	1	2
12	CHC പൂന്തുറ	2	2	4
13	CHC ഐരാണിമുട്ടം	2	2	4
14	കവടിയാർ പാലസ് ഡിസ്പെൻസറി	1	1	2
15	CSH വലിയതുറ	1	1	2
16	UPHC ബീമാപള്ളി	1	1	2
17	UPHC കണ്ണമ്മൂല	1	1	2
18	UPHC തുക്കണ്ണാപുരം	1	1	2
19	UPHC മുട്ടട	1	1	2
20	UPHC കുര്യാത്തി-ആറ്റുകാൽ	1	1	2
21	UPHC കളിപ്പാൻകുളം	1	1	2
22	UPHC വെട്ടുകാട്	1	1	2
23	UPHC രാജാജി നഗർ	1	1	2
24	UPHC പാൽക്കുളങ്ങര	1	1	2
25	UPHC ചാക്ക	1	1	2
26	UPHC കോവളം	1	1	2
27	UPHC നന്തൻകോട്	1	1	2
28	UPHC വട്ടിയൂർക്കാവ്	1	1	2
29	UPHC ചാല	1	1	2
ആകെ		**31**	**31**	**62**

എന്നാൽ ഇതിന് വിരുദ്ധമായി നഗരസഭ കൈമാറിക്കിട്ടിയ ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് കൂടുതൽ സ്റ്റാഫിനെ നിയമിച്ച് പ്രോജക്ട് പ്രകാരം വേതനം നൽകിയതായി കാണുന്നു. ഓരോ മാസവും വേതനം കൈപ്പറ്റിയ സ്റ്റാഫുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	മാസം	വേതനം കൈപ്പറ്റിയ ആകെ ജീവനക്കാരുടെ എണ്ണം (A)	അനധികൃതമായി നിയമിച്ചജീവനക്കാരുടെ എണ്ണം

			(A)-62
1.	03/23	72	10
2.	04/23	70	8
3.	05 /23	67	5
4.	06/23	65	3
5.	07/23	104	42
6.	08/23	119	57
7.	09/23	127	65
8.	10/23	130	68
9.	11/23	130	68
10.	12/23	122	60
11.	01/24	123	61
12.	02/24	130	68

ചുവടെ പറയുന്ന നിരക്കിലാണ് ഓരോ കാറ്റഗറിയിലെയും സ്റ്റാഫിന് ഹോണറേറിയം നൽകിയിട്ടുള്ളത്.

മെഡിക്കൽ ഓഫീസർ -50,000/-രൂപ

സ്റ്റാഫ് നേഴ്സ് -20500/- രൂപ

ഫാർമസിസ്റ്റ് -17000/-രൂപ

ലാബോറട്ടറി ടെക്നീഷ്യൻ -17000/-രൂപ

26.07.23 ലെ സ.ഉ.(സാധാ) നം.1523/2023/LSGD നം.ഉത്തരവിൽ ആവർത്തന ചെലവ് വരുത്തുന്ന രീതിയിലുള്ള പദ്ധതികൾ സർക്കാർ അനുമതി ഇല്ലാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ലെന്നും എന്നാൽ സർക്കാർ അനുമതി ഇതിനകം നൽകിയിട്ടുള്ള കേസുകളിൽ അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിൽ പറയുന്ന കാലയളവിലേയ്ക്ക് ഇതിനകം തുടരാവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ നഗരസഭ മേൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി 2023-24 കാലയളവിൽ സ്റ്റാഫുകളെ പുതുതായി നിയമിക്കുകയും വേതനം നൽകുകയും ചെയ്തിട്ടുണ്ട്.

അനധികൃതമായി സ്റ്റാഫിനെ നിയമിച്ച് വികസനഫണ്ടിൽ നിന്നും വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.30/കെ.എസ്.എ./ടി.വി.സി.05/2023-24 തീ.30.08.24) മറുപടിയിൽ വിട്ടു കിട്ടിയ ആരോഗ്യസ്ഥാപനങ്ങളുടെ അപ്ഗ്രഡേഷൻ നടത്തുന്നതിന് 14.06.2022-ലെ ബഹു.കൗൺസിൽ തീരുമാനം നം. 3 (ഡി) 1 പ്രകാരം ഇരുപതിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 9 മുതൽ 4 മണി വരെ പ്രവർത്തിച്ചിരുന്ന എഫ്.എച്ച്.സി., പി.എച്ച്.സി., ഡിസ്പെൻസറി, സി.എച്ച്.സി എന്നിവിടങ്ങളിൽ 9 മണി മുതൽ 6 മണി വരെയും 8 മണി മുതൽ 2 മണി വരെ പ്രവർത്തിച്ചിരുന്ന യു.പി.എച്ച്.സി.കൾ രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയും പ്രവർത്തിക്കുന്നതിനും തീരുമാനിച്ചത് പ്രകാരം കൂടുതൽ സ്റ്റാഫുകളെ നിയമിക്കുന്നതിന് തീരുമാനിച്ചുവെന്നുമാണ് പറഞ്ഞിരിക്കുന്നത്. നിലവിലുള്ള സാഹചര്യത്തിൽ ഈ മറുപടി പരിഗണിക്കുവാൻ കഴിയില്ല. ഇത്തരം അധിക നിയമനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-55 മാർഗരേഖയ്ക്ക് വിരുദ്ധമായി സ്വകാര്യ ആശുപത്രികളിൽ ചികിത്സ നേടിയവർക്ക് സൗജന്യമായി മരുന്ന് വിതരണം ചെയ്തു

പ്രോജക്ട് നം	562/24
പേര്	ഹൃദയ സംബന്ധമായ രോഗമുള്ളവർ, ക്യാൻസർ രോഗികൾ,ഹീമോഫീലിയ രോഗമുള്ളവർ, അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഡയാലിസിസ് രോഗികൾ എന്നിവർക്ക് സൗജന്യ മരുന്ന് വിതരണം
അടങ്കൽ തുക	40,00,000/- രൂപ
ചെലവ് തുക	40,00,000/-രൂപ
ഫണ്ടിനം	വികസന ഫണ്ട് (ജനറൽ)
നിർവ്വഹണോദ്യോഗസ്ഥൻ	ഡോ .ഗോപകുമാർ.ആർ.എസ്.,ഹെൽത്ത് ഓഫീസർ

തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള ഹൃദയ സംബന്ധമായരോഗമുള്ളവർ, ക്യാൻസർരോഗികൾ, ഹീമോഫീലിയ രോഗമുള്ളവർ, അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ,ഡയാലിസിസ് രോഗികൾ എന്നിവർക്ക് സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്. രോഗികൾക്ക് വിതരണം ചെയ്യേണ്ട മരുന്നുകൾ ഇൻഹൗസ് ഡ്രഗ് ബാങ്കിൽ നിന്നുമാണ് വാങ്ങിയത്. ഇൻഹൗസ് ഡ്രഗ് ബാങ്കിന് മുൻകൂറായി തുക നൽകിയതിന് ശേഷം ആവശ്യാനുസരണം മരുന്ന് വാങ്ങി രോഗികൾക്ക് അനന്തപുരി മെഡിക്കൽ സ്റ്റോർ മുഖേന വിതരണം ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. 28.05.22 ലെ സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ. ഖ.7.6.4 (4) പ്രകാരം മാരക രോഗങ്ങൾക്ക് സർക്കാർ ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ ബന്ധപ്പെട്ട ആശുപത്രി മുഖേന രോഗികൾക്ക് മുടക്കം കൂടാതെ നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ പ്രോജക്ട് പ്രകാരമുള്ള മരുന്ന് കൈപ്പറ്റിയ 218 രോഗികളിൽ 156 പേർ സ്വകാര്യ ആശുപത്രികളിൽ ചികിത്സ നേടിയവരാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/കെ.എസ്.എ./റ്റി.വി.സി.5/2023-24 തീ.18.07.24) വാർഡ്സഭ വഴി കണ്ടെത്തിയ രോഗികൾക്ക് ബഹു. കൗൺസിൽ തീരുമാന പ്രകാരമാണ് മരുന്ന് വാങ്ങി നൽകി വരുന്നതെന്നും ഓരോ മാസവും രോഗികൾക്ക് ഡോക്ടർമാർ മരുന്ന് എഴുതുന്നതിനനുസരിച്ചേ മരുന്നുകൾ വാങ്ങിക്കുവാൻ സാധിക്കുകയുള്ളൂ എന്നുമാണ് നഗരസഭാ ഹെൽത്ത് ഓഫീസർ

അറിയിച്ചിട്ടുള്ളത്. എന്നാൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സിക്കുന്നവർക്കും ആശുപത്രി മുഖേന അല്ലാതെയും സർക്കാർ ഡോക്ടർമാരുടെ നിർദ്ദേശമില്ലാതെയും മരുന്ന് വിതരണം നടത്തിയത് സംബന്ധിച്ച് ഒന്നും തന്നെ നിർവഹണോദ്യോഗസ്ഥൻ മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

ആയതിനാൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ നേടിയ രോഗികൾക്ക് വികസന ഫണ്ട് വിനിയോഗിച്ച് വിതരണം ചെയ്ത മരുന്നുകളുടെ വില കണക്കാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും, തുടർവർഷങ്ങളിൽ മാർഗരേഖ കൃത്യമായി പാലിച്ച് അർഹരായവർക്ക് സർക്കാർ ഡോക്ടർ നിർദ്ദേശിക്കുന്ന മുറയ്ക്ക് മാത്രം മരുന്നുകൾ വിതരണം ചെയ്യുന്ന എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-56 ക്യാൻസർ കെയർ പ്രവർത്തനങ്ങൾ - രേഖകളുടെ അഭാവത്തിൽ ചെലവ് തുക 6,15,000/- രൂപ തടസ്സപ്പെടുത്തുന്നു.

നഗരസഭാ പ്രദേശത്ത് ക്യാൻസർ കെയർ പ്രവർത്തനങ്ങൾ നടത്തുന്നതിനായിട്ടാണ് ഹെൽത്ത് ഓഫീസർ ഡോ.ഗോപകുമാർ.ആർ.എസ്. നിർവ്വഹണം നടത്തിയ (1876/24 നം.) പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് പ്രകാരം ഹെൽത്ത് ഗ്രാന്റിൽ നിന്നും 6,15,000/- രൂപ NHM ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (നം.110047344710) PFMS മുഖേനേ കൈമാറിയിട്ടുണ്ട്. (Payment Advice No. CO 32476947003/31.03.24).

പ്രോജക്ട് പ്രകാരം കൈമാറിയ തുക ഉപയോഗിച്ച് 20.05.2023 ലെ സ.ഉ.(സാധാ) നം. 1078/2023/LSGD ഉത്തരവ് ഖ.2-2 സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ, NHM ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.52/കെ.എസ്.എ./റ്റി.വി.സി.5/23-24 തീ.20.09.24) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടേറ്റിൽ നിന്നുള്ള നിർദ്ദേശപ്രകാരമാണ് PFMS മുഖേനേ തുക കൈമാറിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത് .

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 6,15,000/- രൂപ തടസ്സപ്പെടുത്തുന്നു. അനുബന്ധ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ് .

1-57 നഗരമേഖലയിൽ പൊതുജനാരോഗ്യ യൂണിറ്റ് സ്ഥാപിക്കൽ-ചെലവ് തുക 80,95,000/- രൂപ തടസ്സപ്പെടുത്തുന്നു.

നഗരമേഖലയിൽ പൊതുജനാരോഗ്യ യൂണിറ്റ് സ്ഥാപിക്കൽ, രാജാജിനഗർ യു.പി.എച്ച്.സി.സ്കീം-6 ഖണ്ഡിക (2.4)-ൽ ലാബ് നവീകരണ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഫർണിച്ചർ വാങ്ങൽ, റീഏജന്റ്, പരിശോധന കിറ്റ് മുതലായവ, വിവരസാങ്കേതിക വിദ്യ ഉപകരണങ്ങൾ വാങ്ങൽ എന്നീ പ്രവർത്തനങ്ങൾക്കായിട്ടാണ് ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ S2033/24 നം. പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് പ്രകാരം ഹെൽത്ത് ഗ്രാന്റിൽ നിന്നും 80,95,000/- രൂപ NHM ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (നം.110047344710) PFMS വഴി കൈമാറിയിട്ടുണ്ട്. (Payment Advice No. CO 32476942754/31.03.24).

പ്രോജക്ട് പ്രകാരം കൈമാറിയ തുക ഉപയോഗിച്ച് 20.05.2023 ലെ സ.ഉ.(സാധാ) നം. 1078/2023/LSGD ഖ. 2-4 സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ, NHM ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.53/കെ.എസ്.എ./റ്റി.വി.സി.5/23-24 തീ.20.09.24) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടേറ്റിൽ നിന്നുള്ള നിർദ്ദേശപ്രകാരമാണ് PFMS മുഖേനേ നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 80,95,000/- രൂപ തടസ്സപ്പെടുത്തുന്നു. അനുബന്ധ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

1-58 പ്രോജക്ട്, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയില്ല - 16,53,716/- രൂപ തടസ്സപ്പെടുത്തുന്നു.

എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 സാമ്പത്തിക വർഷം ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രോജക്ട് (നം. 1874) പ്രകാരം ഹെൽത്ത് ഗ്രാന്റിൽ നിന്നും 16,53,716/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട്, അനുബന്ധ രേഖകൾ എന്നിവയൊന്നും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് റിക്വസിഷൻ (നം.5/KSA/TVC.5/2023-24, തീയതി.01.06.2024) കത്ത് (KSA.610/TVC-5/2024, തീയതി.08.08.2024) എന്നിവ നൽകിയെങ്കിലും നാളിതുവരെയും പ്രോജക്ടുമായി ബന്ധപ്പെട്ട യാതൊരു രേഖയും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 16,53,716/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്, അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കി പരിശോധനയ്ക്ക വിധേയമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

1-59 ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ് എൻറോൾമെന്റ് - പദ്ധതി നടത്തിപ്പിൽ അപാകതകൾ - 10,91,499/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം	S1071/24
പ്രോജക്ടിന്റെ പേര്	ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ് എൻറോൾമെന്റ്
ആകെ അടങ്കൽ	70,77,500/- രൂപ
ഫണ്ടിനം	പ്ലാൻ ഫണ്ട് (ജനറൽ) - 20,77,500/- തനത് ഫണ്ട് – 50,00,000/-
ആകെ ചെലവ്	1,57,775/- രൂപ (പ്ലാൻ ഫണ്ട് ജനറൽ) (തനതു ഫണ്ടിൽ നിന്നും ചെലവ് ചെയ്ത 1080352/-രൂപയുടെ വിവരം ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.)
ബിൽ നം./തീയതി	1393/23.03.2024 1,57,775/- രൂപ (പ്ലാൻ ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ	ശ്രീ. ബിജു.ബി, ഹെൽത്ത് സൂപ്പർവൈസർ
ഫയൽ നം	H18/83915/21, H19/2157/23
എൻക്വയറി നം	1. 79/കെ.എസ്.എ/ടിവിസി.8/2024, തീയതി.29.10.2024. 2. 220/കെ.എസ്.എ/ടിവിസി.8/2024, തീയതി.28.02.2025. 3. 242/കെ.എസ്.എ/ടിവിസി.8/2024, തീയതി.10.03.2025.

തദ്ദേശസ്വയംഭരണ (ഡബ്ല്യു .എം) വകുപ്പിന്റെ 26.09.2022-ലെ സ.ഉ(സാധാ) നം. 2341/22/LSGD നം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റേയും ഹരിതകേരള മിഷന്റേയും മേൽ നോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനകളുടെ Door To Door മാലിന്യ ശേഖരണത്തിന്റെ ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ സോഫ്റ്റ്വെയർ സംവിധാനമാണ് ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണ വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മ സേനകൾക്ക് Smart Phone തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നതിനുമായി പ്രോജക്ട് ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 18.11.2021-ലെ GO(Rt)No. 2307/2021/LSGD ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് 2022-24 ൽ കെൽട്രോണിന് ഒരു വർഷത്തേക്ക് സർവ്വീസ് ചാർജ്ജിനത്തിൽ 17,70,000/- രൂപയും QR കോഡ് ഇനത്തിൽ 4,00,000/- രൂപയും എസ്.എം.എസ് ഇനത്തിൽ 2,40,000/- രൂപയും ലാപ്ടോപ് മറ്റുള്ളവയ്ക്ക് 1,00,000/- രൂപയും ചേർത്ത് ആകെ 25,10,000/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്.

ഹരിതമിത്രം ആപ്ലിക്കേഷൻ നടപ്പിലാക്കുന്നതിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും QR കോഡ് പതിപ്പിച്ച് എൻറോൾമെന്റ് നടത്തുന്നതിനായി സന്നദ്ധ സംഘടനകൾ, കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ എന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് കെൽട്രോൺ മുഖേന ആപ് എൻറോൾമെന്റ് സംബന്ധിച്ച് പരിശീലനം നൽകുന്നു. ഓരോ വീടും എൻറോൾമെന്റ് നടത്തുന്നതനുസരിച്ച് ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ പ്രോജക്ട് അസിസ്റ്റന്റ് ഓൺലൈനിൽ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നത് പ്രകാരം ഓരോ അംഗങ്ങൾക്കും വീടൊന്നിന് 25/- രൂപ നിരക്കിൽ വേതനവും നൽകുന്നു. ഇപ്രകാരമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടപ്പാക്കിയിരിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. **<u>പൂർണ്ണമായ ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.</u>**

2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതിയ്ക്കായി നഗരസഭ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	2021-22	2022-23	2023-24
പ്രോജക്ട് നം	S1770/22	S1911/23	S1071/24
അടങ്കൽ തുക	25,10,000	1,00,00,000	70,77,500
ഫണ്ടിനം	പ്ലാൻ ഫണ്ട്	പ്ലാൻ ഫണ്ട് (ജനറൽ) 50,00,000 തനത് ഫണ്ട് 50,00,000	പ്ലാൻ ഫണ്ട് (ജനറൽ) 20,77,500 തനത് ഫണ്ട് 50,00,000
ചെലവ് തുക	പ്ലാൻ ഫണ്ട് 25,10,000	പ്ലാൻ ഫണ്ട് 29,22,500	പ്ലാൻ ഫണ്ട് 1,57,775/-
ബിൽ നം./ തീയതി	1.2536/19.03.2022, Rs.20,10,000/- 2. 2774/23.03.2022 Rs. 5,00,000/-	1. 2975/20.03.2023 Rs. 12,73,575/- 2. 3186/23.03.2023 Rs.16,48,925/-	1393/23.03.2024 Rs. 1,57,775/-

മേൽ പട്ടിക പ്രകാരം 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയ S1071/24 എന്ന പദ്ധതി പ്രകാരം ചെലവ് പത്രികയിൽ 1,57,775/- രൂപ മാത്രമാണ് ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ H18/83915/21, H19/2157/23 എന്നീ ഫയലുകളിൽ നിന്നും ലഭ്യമായ വിവരങ്ങളിൽ തൻവർഷം (2023-24) 1,57,775/- രൂപ കൂടാതെ തനത് ഫണ്ടിൽ നിന്നും 10,80,352/- രൂപ കൂടി ചെലവായിട്ടുണ്ട്.
പദ്ധതിയ്ക്കായി തനതുഫണ്ടിൽ നിന്നും 50,00,000/-രൂപ വകയിരുത്തിയിട്ടും സുലേഖ ചെലവ് പത്രികയിൽ 10,80,352/- രൂപയുടെ ചെലവ് പ്രതിഫലിച്ചിട്ടില്ല.

100 വാർഡുകളിലെയും കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തി QR കോഡ് അടക്കമുള്ള സ്റ്റിക്കർ പതിപ്പിച്ച വകയിൽ സർവ്വേയർമാർക്ക് പ്രതിഫലം നൽകിയ ഇനത്തിൽ 2023-24 സാമ്പത്തിക വർഷം ചെലവായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	സർവ്വേയർമാരുടെ എണ്ണം	നൽകിയ തുക	ചെക്ക് നം./തീയതി
1	344	649325	131027/13.04.2023
2	51	113350	675097/27.07.2023
3	43	157755	(ബിൽ നം./ തീയതി.1393/23.03.2024)

എ) തനത് ഫണ്ടിൽ നിന്നുമാണ് ക്രമ നം. 1, 2 എന്നിവയിലെ തുകകൾ ചെലവഴിച്ചിട്ടുള്ളത്.പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിരുന്നിട്ടും തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ കാരണവും,മേൽ തുകകൾ തനതു ഫണ്ടിലേയ്ക്ക് റീഫ്ലപ്പ് ചെയ്തതിന്റെ വിശദാംശം ലഭ്യമായിട്ടില്ല.

ബി) മേൽ ചെക്കുകൾ പ്രകാരമുള്ള തുക സർവ്വേയർമാരുടെ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകിയതിന്റെ വിശദാംശം ലഭ്യമല്ല. കൂടാതെ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ചെലവ് പത്രികയിൽ 6,49,325/- രൂപ, 1,13,350/- രൂപ എന്നീ തുകകൾ ചെലവായി കാണിച്ചിട്ടുമില്ല. ***ആയതിനാൽ 7,62,675/- രൂപയുടെ (6,49,325/- +1,13,350/-) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.***

2.<u>സർവ്വേ, കൃ.ആർ കോഡ് പതിപ്പിക്കൽ -വിശദാംശങ്ങൾ ലഭ്യമല്ല</u>

പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിനു വേണ്ടി കെട്ടിടങ്ങൾ/വീടുകൾ എന്നിവിടങ്ങളിൽ QR കോഡ് അടക്കമുള്ള സ്റ്റിക്കർ പതിപ്പിക്കുന്നതിനായി സർവ്വേയർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
1. സർവ്വേയർമാരെ തെരഞ്ഞെടുത്ത മാനദണ്ഡം, സർവ്വേയർമാരുടെ അപേക്ഷ, മേൽവിലാസം, ഫോൺ നം., അക്കൗണ്ട് നം. എന്നിവ സംബന്ധിച്ച വാർഡ് തിരിച്ചുള്ള വിശദാംശം, പദ്ധതിയുടെ മോണിട്ടറിംഗ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

2. വീടുകളിൽ/കെട്ടിടങ്ങളിൽ പതിപ്പിച്ചിട്ടുള്ള QR കോഡ് സ്കാൻ ചെയ്യുന്നതിന് മൊബൈൽ ഫോൺ നെറ്റ് കണക്ഷൻ ചാർജ്ജ് ചെയ്യുന്നതിനായി 100 വാർഡുകളിലെ 500 ഹരിതകർമ്മസേനാംഗങ്ങൾക്ക് കൂടി 220/- രൂപ നിരക്കിൽ (500*220*12) 13,20,000/- രൂപ പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിന് 11.02.2022-ൽ ചേർന്ന ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം.11(15) ശുപാർശ ചെയ്തിരുന്നു. അതനുസരിച്ച് പ്രസ്തുത തുക പ്രോജക്ടിൽ ഉൾപ്പെടുത്തി ഹരിതകർമ്മ സേനയ്ക്ക് റീചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെയും ഈ ഇനത്തിൽ ആകെ ചെലവഴിച്ച തുകയുടെ വിശദാംശം പരിശോധനയക്കായി ലഭ്യമാക്കിയിട്ടില്ല.

3. 02.03.2022-ലെ സ.ഉ(സാധാ) നം. 493/2022/തസ്വഭവ പ്രകാരം സ്വന്തമായി സ്മാർട്ട് ഫോൺ ഇല്ലാത്ത ഹരിതകർമ്മ സേനയ്ക്ക് സ്പോൺസർഷിപ്പിലൂടെയോ CSR ഫണ്ടുകളിലൂടെയോ തുക കണ്ടെത്തി ഫോൺ വാങ്ങി നൽകുന്നതിന് അനുമതി നൽകിയിരുന്നു. അപ്രകാരം ഹരിതകർമ്മ സേനാംഗങ്ങൾക്ക് സ്മാർട്ട് ഫോൺ വാങ്ങി നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

4. 2023-24 സാമ്പത്തിക വർഷം സർവ്വേ നടത്തിയ 43 പേർക്ക് വേതനമിനത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും 1,57,775/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ Beneficiary List പരിശോധിച്ചതിൽ നിന്നും ലിസ്റ്റിലുള്ള വ്യക്തികൾക്ക് അനുവദിച്ച തുകയായ 1,57,775/- രൂപ ഏത് കാലയളവിലെ പ്രവൃത്തിയുടെ വേതനമാണെന്നും, പ്രസ്തുത വ്യക്തികൾ എത്ര കെട്ടിടങ്ങൾ സർവ്വേ നടത്തിയിട്ടുണ്ടെന്ന് ആധികാരികമായി പരിശോധിച്ച് ഉറപ്പാക്കിയതെങ്ങനെയെന്നും വ്യക്തമാക്കാൻ എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

5. ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് എൻറോൾമെന്റിന്റെ സർവ്വേ സ്റ്റാറ്റസ് സംബന്ധിച്ച് ചുവടെ സൂചിപ്പിക്കുന്ന വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

എ) നാളിതുവരെയായി സർവ്വേ പൂർത്തിയാക്കിയ വാർഡുകളുടെ വിശദാംശങ്ങൾ

ബി) പൂർത്തിയാക്കാൻ അവശേഷിക്കുന്നവയുടെ വിവരം.

സി) നാളിതുവരെയായി സർവ്വേ ആരംഭിച്ചിട്ടില്ലാത്ത വാർഡുകളുടെ വിശദാംശം

6. സർവ്വേ നടത്തുന്ന ജീവനക്കാർക്ക് ഐ.ഡി കാർഡ് പ്രിന്റ് ചെയ്ത് അനുബന്ധ മെറ്റീരിയലുകൾ നൽകുന്നതിന് 01.11.2022-ലെ H18/83915/21 നമ്പർ കത്ത് പ്രകാരം HREDC-യ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

ഇനം	എണ്ണം
ഐ.ഡി കാർഡ്	1000
ഐ.ഡി കാർഡ് പൗച്ച്	1000
നോർമൽ ടാഗ്	1000

മേൽ സൂചിപ്പിച്ച ഇനങ്ങൾ HREDC യിൽ നിന്നും ലഭിച്ചതിന്റെയും ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും, ഈ ഇനത്തിൽ ആകെ ചെലവായ തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

7. പദ്ധതിയുടെ ഭാഗമായി QR Code പ്രിന്റ് ചെയ്ത് നൽകുന്നതിനും (4,00,000/- രൂ) 2 ലാപ്ടോപ് (1,00,000രൂ) ലഭ്യമാക്കുന്നതിനുമായി ബിൽ നം.2774/23.03.2022 പ്രകാരം 5,00,000/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. കെൽട്രോണിൽ നിന്നും ലാപ്ടോപുകൾ ലഭിച്ചതിന്റെയും ആയതിന്റെ സ്റ്റോക്ക് വിശദാംശവും, നിലവിൽ ലാപ്ടോപ് എവിടെ സൂക്ഷിച്ചിരിക്കുന്നു എന്നതിന്റെ വിവരവും ലഭ്യമല്ല.

3. **ടൈപാർട്ടി എഗ്രിമെന്റ് -വിശദാംശങ്ങൾ ലഭ്യമല്ല**

ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ് എൻറോൾമെന്റ് പദ്ധതിയുടെ നടത്തിപ്പിനായി കെൽട്രോണും നഗരഭയും ശുചിത്വ മിഷനും ചേർന്ന് ഏർപ്പെട്ട ടൈ പാർട്ടി എഗ്രിമെന്റ് സംബന്ധിച്ച് ചുവടെ സൂചിപ്പിക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

എ) ടൈ പാർട്ടി എഗ്രിമെന്റിൽ എഗ്രിമെന്റ് നം./തീയതി രേഖപ്പെടുത്തിയിട്ടില്ല.

ബി) ടൈ പാർട്ടി എഗ്രിമെന്റിലെ ക്രമ നം.2 പ്രകാരം കെൽട്രോണിന് ഒരു വർഷത്തേയ്ക്ക് സർവ്വീസ് ചാർജ്ജിനത്തിൽ 17,70,000/- രൂപയും എസ്.എം.എസ് ഇനത്തിൽ 2,40,000/- രൂപയും ചേർത്ത് ആകെ 20,10,000/- രൂപ (ബിൽ നം.2536/19.03.2022) നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

സേവനം	കാലാവധി	തുക	ജി.എസ്.ടി @18	ആകെ തുക
സർവ്വീസ് ചാർജ്ജ്	12 മാസം	15,00,000	2,70,000	17,70,000
എസ്.എം.എസ് ചാർജ്ജ്	12 മാസം	2,03,390	36,610.02	2,40,000
ആകെ				**20,10,000**

ഓരോ മാസത്തെയും ഇൻവോയിസ് കെൽട്രോൺ ലഭ്യമാക്കിയിട്ടുണ്ട്. ഇൻവോയിസുകൾ പ്രകാരം സർവ്വീസ് ചാർജ്ജിനത്തിൽ പ്രതിമാസം നൽകേണ്ട തുക 1,47,500/- രൂപയാണ് (നികുതി ഉൾപ്പെടെ). എന്നാൽ ഒരു വർഷത്തെ സർവ്വീസ് ചാർജ്ജായ 17,70,000/- രൂപ ഒരുമിച്ചാണ് കെൽട്രോണിന് നൽകിയിരിക്കുന്നത്. ആയത് പദ്ധതി നടത്തിപ്പിന്റെ പ്രധാന അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

4. **കരാർ കാലാവധി- അവ്യക്തതകൾ**

ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ് എൻറോൾമെന്റ് പദ്ധതി 2022 മെയ് മാസത്തിൽ കെൽട്രോണുമായി ചേർന്ന് ആരംഭിക്കുകയും 2023 മെയ് മാസത്തിൽ കെൽട്രോണിന്റെ കാലാവധി അവസാനിക്കുകയും ചെയ്തു. എന്നാൽ ഹരിതമിത്രം ആപ്പിലൂടെ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും, വിലയിരുത്തുന്നതിനും, ടെക്നിക്കൽ പിഴവുകൾ പരിഹരിക്കുന്നതിനും കെൽട്രോണിന്റെ തുടർന്നുള്ള സേവനം ആവശ്യമാണെന്ന സോണൽ ഓഫീസുകളുടെ ആവശ്യത്തെ തുടർന്ന് ബഹു.മേയറുടെ മുൻകൂർ അനുമതികൾ പ്രകാരം പലഘട്ടങ്ങളിലായി കെൽട്രോണിന്റെ കാലാവധി 6 മാസത്തേക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

തീയതി	കാലാവധി	അനുവദിച്ചു നൽകിയ തുകയുടെ വിശദാംശം
19.10.2023-18.04.2024	6 മാസം	ലഭ്യമല്ല
19.04.2024-18.09.2024	6 മാസം	ലഭ്യമല്ല

എ) 19.10.2023 മുതൽ 18.04.2024 വരെയുള്ള 6 മാസകാലയളവിലെ 01.12.2023-മുതൽ 29.02.2024 വരെയുള്ള 3 മാസത്തെ സർവ്വീസ് ചാർജ്ജിനത്തിലെ തുകയായ 2,66,208/- രൂപ 20.06.2024-ലെ 3(ഡി) 17-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം കെൽട്രോണിന്റെ പേർക്ക് കെസ്മാർട്ട് മുഖേന നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ബി) 18.11.2021-ലെ സ.ഉ(സാധാ)നം.2307/2021/തസ്വഭവ നം. ഉത്തരവ് പ്രകാരം കെൽട്രോണിന് ഒരു വർഷത്തേക്ക് സർവ്വീസ് ചാർജ്ജിനത്തിൽ 17,70,000/- രൂപ നൽകാൻ മാത്രമാണ് ഉത്തരവായിരുന്നത്. എന്നാൽ കെൽട്രോണിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകാനും സർവ്വീസ് ചാർജ്ജിനത്തിൽ തുക അനുവദിക്കാനും സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല.

സി) 03/24, 04/24, 05/24 എന്നീ മാസങ്ങളിലെ സർവ്വീസ് ചാർജ്ജ് (നികുതിയടക്കം) 2,66,208/- രൂപ കെൽട്രോണിന് അനുവദിക്കാൻ 27.11.2024-ലെ 3(ഡി) 42 നമ്പർ കൗൺസിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക കെൽട്രോണിന് നൽകിയതിന്റെ വിശദാംശം ലഭ്യമല്ല.

ഡി) ഇപ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകിയതു വഴി കെൽട്രോണിന് സർവ്വീസ് ചാർജ്ജിനത്തിൽ ആകെ അനുവദിച്ചു നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

5. **ക്യൂ.ആർ. കോഡ് പ്രിന്റിംഗ് അധിക ചെലവ്-അവ്യക്തതകൾ**

ക്യൂ.ആർ. കോഡ് അടക്കമുള്ള സ്റ്റിക്കർ പ്രിന്റ് ചെയ്തതിൽ ചുവടെ സൂചിപ്പിക്കുന്ന അവ്യക്തത നിലനിൽക്കുന്നു.

എ) വീടുകളിൽ/സ്ഥാപനങ്ങളിൽ കൃ.ആർ. കോഡ് പതിപ്പിക്കുന്നതിന് ബഹു.സർക്കാർ നിശ്ചയിച്ച റേറ്റ് പ്രകാരം കൃ ആർ കോഡ് സ്റ്റിക്കറിന്റെ അളവ് സ്റ്റാമ്പ് സൈസായിരുന്നു. അതിൽ നഗരസഭയുടെ മേൽവിലാസവും, മുദ്രയും ഉൾപ്പെടുത്താൻ സാധിക്കാത്തതിനാൽ നഗരസഭയുടെ മുദ്രയും മേൽവിലാസവും അടക്കം കൃ.ആർ കോഡ് 4 ഇഞ്ച് നീളത്തിലും, 2.5 ഇഞ്ച് വീതിയിലും 2.10/- രൂപ നിരക്കിൽ ചെയ്യാമെന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ട്. ആയതിന് നഗരസഭയിലെ ആകെ 100 വാർഡുകളിലുമായി 3,80,000 വീടിന് /സ്ഥാപനത്തിന് 7,98,000/- രൂപ ചെലവ് വരും. ബാക്കി തുകയായ 3,98,000/- രൂപ അനുവദിക്കുന്നതിന് ബഹു. മേയറുടെ 07.10.2022 ലെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനായുള്ള 23.11.2022ലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 26(1) നമ്പർ ശുപാർശ, 26.04.2023-ലെ കൗൺസിൽ തീരുമാനം നം. 3(ഡി) 3 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. QR കോഡിനായി കെൽട്രോണിന് 4,00,000/- രൂപ നൽകുന്നതിനാണ് സർക്കാർ അനുമതി ഉണ്ടായിരുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഈ ഇനത്തിൽ കെൽട്രോണിന് താഴെ പറയും വിധം തുക നൽകിയിട്ടുണ്ട്.

ഇനം	തുക (നികുതി ഒഴികെ)	തുക (നികുതി ഉൾപ്പെടെ)	ചെക്ക് നം./തീയതി
QR കോഡ് അടക്കമുള്ള സ്റ്റിക്കർ പ്രിന്റ് ചെയ്ത് നൽകി	90927	94118	198560/15.01.2024
	226750	234706	675448/16.09.2023
ആകെ	317677	328824	

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 164/കെ.എസ്.എ/ടിവിസി.8/2024, തീയതി.28.01.2025) ലഭ്യമാക്കിയ മറുപടിയിൽ സ്റ്റാമ്പ് സൈസ് ഉള്ള QR കോഡിൽ നഗരസഭയുടെ മുദ്രയും മേൽവിലാസവും ഉൾപ്പെടുത്താൻ സാധിക്കാത്തതിനാൽ നഗരസഭയുടെ പ്രത്യേക താൽപര്യാർത്ഥം ഒരു തിരിച്ചറിയൽ വരുവാനും പതിപ്പിക്കുന്ന QR കോഡ് മുദ്ര നഗരസഭയ്ക്ക് പ്രത്യേക നിലവാരം ഉയർത്തിക്കാണിക്കാൻ കൂടി വേണ്ടിയാണ് ഇത്തരം മാതൃകയിൽ QRകോഡ് തയ്യാറാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. ***സർക്കാർ അനുമതി ഇല്ലാതെ അധികമായി ചെലവഴിച്ച 3,28,824/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.***

ബി) ഫയൽ പരിശോധിച്ചതിൽ 20.04.2024, 09.08.2024 എന്നീ തീയതികളിലെ H18/83915/21-ാം നമ്പർ കത്ത് പ്രകാരം 2 Inch നീളത്തിലും 1 Inch വീതിയിലും .92 പൈസ നിരക്കിൽ യഥാക്രമം 1,00,000, 50,000 സ്റ്റിക്കർ പ്രിന്റ് ചെയ്ത് നൽകാൻ കെൽട്രോണിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. അതനുസരിച്ച് സ്റ്റിക്കർ പ്രിന്റ് ചെയ്ത് ലഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. കൂടാതെ ചെലവ് വിശദാംശങ്ങളും ലഭ്യമല്ല.

സി) ഇപ്രകാരം 0.92 പൈസ നിരക്കിൽ സ്റ്റിക്കർ പ്രിന്റ് ചെയ്യുന്നതിന് തീരുമാനിക്കാൻ ഉണ്ടായ സാഹചര്യം വ്യക്തമല്ല. 2.10 രൂപ നിരക്കിൽ QR കോഡ് അടക്കമുള്ള സ്റ്റിക്കർ പ്രിന്റ് ചെയ്യുന്നതിനു പകരം 0.92 പൈസ നിരക്കിൽ പ്രിന്റ് ചെയ്തിരുന്നുവെങ്കിൽ നഗരസഭയ്ക്ക് ഈ ഇനത്തിലെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

ഡി) കെൽട്രോൺ മുഖേന നാളിതുവരെയായി പ്രിന്റ് ചെയ്ത് ലഭ്യമായ QR കോഡ് സ്റ്റിക്കറുകളുടെ കൃത്യമായ എണ്ണം ലഭ്യമല്ലാത്തതിനാൽ സർവ്വേയർമാർ ആകെ എത്ര വീടുകൾ/കെട്ടിടങ്ങൾ എൻറോൾമെന്റ് നടത്തിയിട്ടുണ്ടെന്നും അപ്രകാരം വേതനമിനത്തിൽ അവർ ആകെ കൈപ്പറ്റിയ തുകയുടെ (ഒരു വീടിന് 25/- രൂപ നിരക്കിൽ) കൃത്യതയും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
ലെ തുകകൾ ചെലവഴിച്ചിട്ടുള്ളത്. പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിരുന്നിട്ടും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ കാരണവും, മേൽ തുകകൾ തനത് ഫണ്ടിലേക്ക് റീപ്പ് ചെയ്തതിന്റെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ തൻവർഷം ചെലവായ തുകകളുടെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ലാത്തതിനാൽ എൻറോൾമെന്റ് നടത്തിയതു വഴി സർവ്വേയർമാർക്ക് പ്രതിഫലം നൽകിയ ഇനത്തിൽ ചെലവായ 7,62,675/- രൂപയും (6,49,325+1,13,350) QR കോഡ് അടക്കമുള്ള സ്റ്റിക്കർ പ്രിന്റ് ചെയ്ത ഇനത്തിൽ നികുതി ഉൾപ്പെടെ ചെലവായ 3,28,824/- രൂപയുടെയും ***ആകെ ചെലവ് തുകയായ 10,91,499/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.***

മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 242/കെ.എസ്.എ/ടിവിസി.8/2024, 10.03.2025) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ് എൻറോൾമെന്റ് പദ്ധതി നടപ്പിലാക്കുക വഴി വാതിൽപ്പടി ശേഖരണ കവറേജിലെ ന്യൂനതകൾ കണ്ടെത്തി ശേഖരണം 100% എത്തിക്കുന്നതിനും സുസ്ഥിര പാഴ്വസ്തു ശേഖരണ സംവിധാനം രൂപപ്പെടുത്തുന്നതിനും സാധിക്കും. കൂടാതെ മാലിന്യ സംസ്കരണ പദ്ധതികൾക്കായി തുക വിനിയോഗിക്കുന്നതിനു പകരം മാലിന്യത്തിൽ നിന്നും വരുമാനം കണ്ടെത്തുന്നതിനും, തൊഴിൽ ലഭ്യത, പ്രാദേശിക സമ്പദ്വ്യവസ്ഥ, പൊതുജനാരോഗ്യം എന്നിവ മെച്ചപ്പെടുത്തുന്നതിനും പൊതുയിടങ്ങളുടെയും, ജലാശയങ്ങളുടെയും വൃത്തിയും ശുചിത്വവും ഉറപ്പാക്കുന്നതിനു സഹായകമാകും. ആയതിനാൽ പ്രസ്തുത പദ്ധതിയുമായി സഹകരിക്കാത്തവർക്ക് ആവശ്യമായ ബോധവത്ക്കരണം നടത്തേണ്ടതാണ്. പദ്ധതിപ്പണം ചെലവഴിക്കുന്നതിന് തിടുക്കം കൂട്ടുന്നതല്ലാതെ ചെലവ് സംബന്ധിച്ച കൃത്യമായ കണക്കുകളും, പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച റിപ്പോർട്ടും നഗരസഭ സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഡ് തലത്തിൽ പദ്ധതിയുടെ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും എല്ലാ വീടുകളിലും ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ് വഴി മാലിന്യശേഖരണം നടത്തുന്നുവെന്ന് ഉറപ്പുവരുത്തി സർക്കാരിന്റെ പദ്ധതിപ്പണം പാഴ്ചെലവ് ആകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-60 ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല – 12,02,752/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	453/24
പ്രോജക്ടിന്റെ പേര്	ഹരിതകർമ്മസേനയ്ക്ക്ആവശ്യമായ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, ഇൻഷുറൻസ്

	പരിരക്ഷ - കൺസ്യൂമർ കാർഡ് - 2024
ആകെ അടങ്കൽ	25,00,000/- രൂപ
ആകെ ചെലവ്	12,02,752/- രൂപ
ഫണ്ടിനം	പ്ലാൻ ഫണ്ട് (ജനറൽ)
ബിൽ നം./തീയതി	531/20.12.2023, 4,72,000/- രൂപ 857/21.03.2024, 7,30,752/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ	ശ്രീ. ബിജു.ബി, ഹെൽത്ത് സൂപ്പർവൈസർ

ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, ഇൻഷുറൻസ് പരിരക്ഷ നൽകൽ, കൺസ്യൂമർ കാർഡ് വിതരണം ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുമായി ബന്ധപ്പെട്ട് ഹരിതകർമ്മ സേനയ്ക്ക് 2,00,000 യൂസർഫീ കാർഡും 2000 രസീത് ബുക്കും പ്രിന്റ് ചെയ്ത വകയിൽ ആകെ 4,72,000/- രൂപ HREDCയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ യൂസർഫീ കാർഡും രസീത് ബുക്കും സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശങ്ങളും പ്രിന്റിംഗിനുള്ള ഓർഡർ HREDC -യ്ക്ക് നൽകിയത് ആരാണെന്നും ആയത് സംബന്ധിച്ച കൗൺസിൽ തീരുമാനവും ലഭ്യമാക്കിയിട്ടില്ല.

തിരുവനന്തപുരം നഗരസഭയിൽ ആകെ 1056 ഹരിതകർമ്മ സേനാംഗങ്ങളിൽ നിലവിൽ ഇൻഷുറൻസ് പരിരക്ഷ ഉണ്ടായിരുന്ന 706 പേർക്ക് പ്രസ്തുത പോളിസി പരിരക്ഷ പുതുക്കി നൽകുന്നതിനും ശേഷിക്കുന്ന 650 അംഗങ്ങളെ പുതുതായി ഇൻഷുറൻസ് പരിരക്ഷാ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുമായി ഒരാൾക്ക് 50% തുകയായ 692/- രൂപ (ജി.എസ്.ടി സഹിതം) വീതം നിരക്കിൽ 1056 ഹരിതകർമ്മ സേനാംഗങ്ങളുടെ സംരഭക വിഹിതമായ ആകെ 7,30,752/- രൂപ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇൻഷുറൻസ് പരിരക്ഷയുടെ കാലാവധി, നാളിതുവരെയായി എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. പോളിസിയുടെ കാലാവധി കഴിഞ്ഞിട്ടുണ്ടെങ്കിൽ ആയത് പുതുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. കെ.എസ്.എ79/ടിവിസി.8/2024, തീയതി.29.10.2024) മറുപടിയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആധികാരിക രേഖകളുടെ അഭാവത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച ആകെ തുകയായ 12,02,752/- രൂപ തടസ്സപ്പെടുത്തുന്നു.

1-61 സ്റ്റോക്ക് വിതരണ രേഖകൾ ലഭ്യമാക്കിയില്ല – 45,48,899/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	1073/2024
പ്രോജക്ടിന്റെ പേര്	ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ
ആകെ അടങ്കൽ	1,60,00,000/- രൂപ
ആകെ ചെലവ്	45,48,899/- രൂപ (ചെലവ് പത്രിക പ്രകാരം)
ഫണ്ടിനം	വികസന ഫണ്ട് (ജനറൽ)
ബിൽ നം./തീയതി	1.2445/27.3.24 Rs.198004 2.2446/27.3.24 Rs.256986 3.2447/27.3.24 Rs.260000 4.2449/27.3.24 Rs.188000 5.2546/27.3.24 Rs.260000 6.902/26.12.23 Rs.481250 7.903/18.3.24 Rs.300300 8.901/18.3.24 Rs.488959 9.906/21.3.24 Rs.1195000 10.904/21.3.24 Rs.920400
നിർവ്വഹണോദ്യോഗസ്ഥൻ	ശ്രീ.ബിജു.ബി, ഹെൽത്ത് സൂപ്പർവൈസർ

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ശുചീകരണ പ്രവൃത്തികൾക്കാവശ്യമായ ശുചീകരണ ഉപകരണങ്ങൾ വാങ്ങുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാൽ ഉചിതമായ തുടർനടപടി സ്വീകരിക്കേണ്ടതിന് 13.02.2024-ന് ബഹു. മേയറുടെ മുൻകൂർ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥയിന്മേൽ ശുചീകരണ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ടി മേഖലയിൽ പ്രവൃത്തി പരിചയം ഉള്ള സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവിടങ്ങളിൽ

നിന്നും ഇ-ടെണ്ടറുകൾ ക്ഷണിച്ചതിൻ പ്രകാരം ടെണ്ടറുകൾ സമർപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുകയും സാധനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. സാധനങ്ങൾ വാങ്ങുന്നതിനായി പ്രൊക്വയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തീരുമാനം എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആരോഗ്യം-ശുചിത്വം എന്നീ മേഖലയിൽ ഉൾപ്പെട്ടുവരുന്ന ശുചീകരണ പ്രവൃത്തി ആവർത്തന സ്വഭാവമുള്ള അനിവാര്യ പ്രവർത്തി ആയതിനാൽ ഇതിനായി പ്രത്യേകം ഒരു പ്രൊക്വയർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിയക്കുള്ള (നം. 222/കെ.എസ്.എ/ടിവിസി.8/2025, തീയതി.01.03.2025) മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ഭാവിയിൽ ഇത്തരം പർച്ചേസുകൾ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

G.O(P) No.7/19/SPD, Dated.26.04.2019 അനുസരിച്ച് വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലെങ്കിൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ, സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർ പർച്ചേസ് മാർഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണെന്ന് (ഖണ്ഡിക 19.3) വ്യക്തമാക്കുന്നുണ്ട്. എന്നാൽ ശുചീകരണ ഉപകരണങ്ങൾ GeM പോർട്ടൽ മുഖേന വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 222/കെ.എസ്.എ/ടിവിസി.8/2025, തീയതി.01.03.2025) ലഭ്യമാക്കിയ മറുപടിയിൽ ശുചീകരണ സാമഗ്രികൾ പലതും GeM പോർട്ടലിൽ ലഭ്യമല്ലാത്തതിനാലും ലഭ്യമായിരുന്ന സാധനങ്ങളുടെ സാമ്പിൾ പരിശോധിച്ച് ഗുണമേൻമ ഉറപ്പുവരുത്തുന്നതിനുള്ള സൗകര്യം ഇല്ലാത്തതിനാലും, സാധന സാമഗ്രികൾ സമാഹരിച്ചതിനു ശേഷം ഉൽപ്പന്നങ്ങളിൽ കണ്ടെത്തുന്ന ന്യൂനത ചൂണ്ടിക്കാട്ടി നിയമാനുസൃതം ആയവ മാറ്റി വാങ്ങുന്നതിനുള്ള സൗകര്യം ലഭ്യമല്ലാത്തതിനാലുമാണ് GeM പോർട്ടൽ മുഖേന പർച്ചേസ് നടത്താതിരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. GeM പോർട്ടൽ മുഖേനയുള്ള വാങ്ങൽ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ സ്റ്റോറുകൾ സമാഹരിക്കുമ്പോൾ ഒരു വർഷത്തേക്കുള്ള ആവശ്യകത കഴിയുന്നതു മുൻകൂട്ടി കാണേണ്ടതും കഴിഞ്ഞ 3 മുതൽ 5 വരെയുള്ള വർഷങ്ങളിലെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷത്തേക്ക് വകയിരുത്താൻ സാധ്യതയുള്ള ബജറ്റ് വിഹിതം കൂടി കണക്കിലെടുത്ത് ഓരോ സാമ്പത്തിക വർഷാവസാനവും അടുത്ത സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ സാധനങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതാണെന്നും സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1-ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയിൽ സാധനങ്ങളുടെ വാർഷിക ആവശ്യകതാ നിർണയം നടത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.222/കെ.എസ്.എ/ടിവിസി.8/2025, തീയതി.01.03.2025) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ എണ്ണം സംബന്ധിച്ച ആവശ്യകത നിർണയിച്ചത് ഫീൽഡ് തല ശുചീകരണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന അതത് സർക്കിൾ/സോണൽ ഹെൽത്ത് ഇൻസ്പെക്ടർ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണെന്നും പ്രസ്തുത റിപ്പോർട്ടുകൾ ക്രോഡീകരിച്ച് പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുകയ്ക്ക് ആനുപാതികമായി ഉപകരണങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി നിയമാനുസൃത ടെണ്ടർ മുഖേന അവ സമാഹരിക്കുകയാണ് ചെയ്ത് വരുന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉപകരണങ്ങളുടെ വാർഷിക ആവശ്യകതാനിർണയം സംബന്ധിച്ച റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ വാങ്ങലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ഇൻവേയിസ് നം./ തീയതി	വാങ്ങിയ സാധനം	എണ്ണം	വില	ജി.എസ്.റ്റി (%)	ഇൻവോയിസ് പ്രകാരമുള്ള ആകെ തുക
1	Headco	M000086/ 25.09.2023	Gloves	12700	32.63	18	488959
2	Headco	M000089/ 30.09.2023	Gloves	12500	32.63	18	481250
3	Headco	M000095/ 03.10.2023	Gloves	7800	32.63	18	300300
4	EDWCCS	E/781/23-24/10.10.23	Plastic Sack/Woven Bag With Printing	50000	20.25	18	1195000
5	Soorya Trading Company	A114/22.09.2023	Lemon Grass Oil	1000 Ltr	780	18	920400
6	EDWCCS	E/134/23-24/ 22.02.2024	Bleeching Powder	10000Kg	16.780	18	198004
7	Shibu Distributors	084/7.3.24	Bush Cutter Blade Plastic Kotta Metal Thakid	500 Nos 1000 Nos 500 Nos	116.94 125.42 67.79	18 18 18	256986
8	Shibu Distributors	101/11.03.2024	Wheel Barrow	50 Nos	4642.85	12	260000

			Double Wheel				
9	Shibu Distributors	106/19.03.2024	Wheel Barrow Double Wheel	50 Nos	4642.85	12	260000
10	Headco	M000229/ 23.02.2024	Gloves	4000	39.83	18	188000
ആകെ							**4548899**

പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള സാധനങ്ങൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശവും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 103/16.11.2024) മറുപടിയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ ചെലവ് തുകയായ 45,48,899/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-62 മാനദണ്ഡങ്ങൾ പാലിക്കാതെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വി ജി എഫ് നൽകി - 14,77,009/ രൂപ തടഞ്ഞുവെയ്ക്കുന്നു.

പ്രോജക്ട് നം.	483/24
പ്രോജക്ടിന്റെ പേര്	ഹരിതകർമ്മസേനാംഗങ്ങൾക്ക് വി ജി എഫ് നൽകൽ
ആകെ അടങ്കൽ	25,00,000/- രൂപ
ആകെ ചെലവ്	14,77,009/- രൂപ
ഫണ്ടിനം	പ്ലാൻ ഫണ്ട് (ജനറൽ)
ബിൽ നം./തീയതി	123/15.07.2023
നിർവ്വഹണോദ്യോഗസ്ഥൻ	ശ്രീ. ബിജു.ബി, ഹെൽത്ത് സൂപ്പർവൈസർ

ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം വേതനം ഇനത്തിൽ നഗരസഭ നിശ്ചയിച്ചിട്ടുള്ളത് 10,500/- രൂപയാണ്. പ്രസ്തുത തുകയിൽ 4000/- രൂപ ഹരിതകർമ്മ സേനാംഗങ്ങൾ യൂസർഫീ ഇനത്തിൽ കളക്ട് ചെയ്യേണ്ടതും പ്രതിമാസം നൽകേണ്ടതിൽ 10500/- രൂപയിൽ കുറവ് വരുന്ന തുക വി ജി എഫ് -ൽ നിന്നും നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണിത്. അതനുസരിച്ച് ഹരിതകർമ്മ സേനാംഗങ്ങൾക്ക് 2022 ആഗസ്റ്റ് മുതൽ 2023 ഫെബ്രുവരി വരെയുള്ള മാസങ്ങളിലെ പ്രതിഫലമായി (വി ജി എഫ്) തനതു ഫണ്ടിൽ നിന്നും ആകെ 14,77,009/- രൂപ നൽകിയിട്ടുണ്ട്.

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ യൂസർഫീ ഇനത്തിലെ വരുമാന കുറവ് പരിഹരിക്കുന്നതിനാണ് ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്ലാൻ/തനത് ഫണ്ടിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചു നൽകാൻ ഉത്തരവായിരുന്നത്. ഹരിതകർമ്മസേനാംഗങ്ങൾക്ക് വി ജി എഫ് അനുവദിക്കുന്നതിലെ നിബന്ധനകൾ സംബന്ധിച്ച് 21.03.2022 ലെ സ.ഉ(സാധാ) നം. 684/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്.

28.05.2022-ലെ GO(MS)No. 115/2022 സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഹരിതകർമ്മസേനകൾക്ക് പരമാവധി 2022 നവംബർ 30 വരെ വി ജി എഫ് അനുവദിക്കുന്നതാണ്. കൂടാതെ പുതുതായി രൂപീകരിക്കുന്ന ഹരിതകർമ്മ സേനകൾക്ക് വാതിൽപ്പടി ശേഖരണം ആരംഭിക്കുന്ന തീയതി മുതൽ ഒരു വർഷം വരെ വി ജി എഫ് അനുവദിക്കാവുന്നതാണെന്നും മാർഗരേഖയിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 2022 ആഗസ്റ്റ് മുതൽ 2023 ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ വി ജി എഫ് ഇനത്തിൽ ആകെ 14,77,009/- രൂപ ചെലവഴിച്ചിട്ടുള്ളതായി കണ്ടു. ഹരിതകർമ്മ സേനകൾ വാതിൽപ്പടി ശേഖരണം ആരംഭിച്ച തീയതിയും അവരുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടും, ഓരോ ഹരിതകർമ്മസേനയ്ക്കും തുക അനുവദിച്ചു നൽകിയത് സംബന്ധിച്ച ഫയലും ഓഡിറ്റ് എൻക്വയറി നം. 79/29.10.2024 പ്രകാരം ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അവരുടെ വരുമാനനില പരിശോധിച്ച് തന്നെയാണോ വി ജി എഫ് അനുവദിച്ചിരിക്കുന്നത് എന്നും മാർഗരേഖയിൽ വ്യക്തമാക്കിയിരിക്കുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്നും ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ 2023-24 സാമ്പത്തിക വർഷം ഈയിനത്തിൽ ചെലവഴിച്ച 14,77,009/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-63 ടാങ്കർ ലോറി വാങ്ങൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല – 45,83,336/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	S1861/24
പ്രോജക്ടിന്റെ പേര്	ടാങ്കർ ലോറി വാങ്ങൽ 3 എണ്ണം - നഗരസഞ്ചയം
ആകെ അടങ്കൽ	63,16,000/- (ധനകാര്യ കമ്മീഷൻ അവാർഡ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്)
ആകെ ചെലവ്	45,83,336/-രൂപ
ബിൽ നം./തീയതി (ACR പ്രകാരം)	1483/08.02.2024, 1829771/- രൂപ 1851/29.02.2024, 2753565/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ	ശ്രീ. ബിജു.ബി, ഹെൽത്ത് സൂപ്പർവൈസർ

തിരുവനന്തപുരം നഗരസഭയുടെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് 3000L, 6000L, 9000L എന്നിങ്ങനെ സംഭരണ ശേഷിയുള്ള 3 ടാങ്കർ ലോറികൾ GeM Portal മുഖേന വാങ്ങുക എന്നതായിരുന്ന പദ്ധതിയുടെ ലക്ഷ്യം.3000 ലിറ്റർ സംഭരണ ശേഷിയുള്ള ടാറ്റ ടാങ്കർ ലോറിയും 9000 ലിറ്റർ സംഭരണ ശേഷിയുള്ള ഐഷർ ടാങ്കർ ലോറിയും GeM പോർട്ടൽ മുഖേന വാങ്ങിയിട്ടുണ്ട്. വാഹനം വാങ്ങൽ സംബന്ധിച്ച കൗൺസിൽ തീരുമാനം ,വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ്, നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ പ്രസ്തുത വാഹനങ്ങൾ ഉൾപ്പെടുത്തിയതിന്റെ വിശദാംശം എന്നിവ ഓഡിറ്റ് എൻക്വയറി നം. 89/07.11.2024 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല.

GeM മുഖേനയുള്ള വാഹനം വാങ്ങൽ സംബന്ധിച്ച സ.ഉ (പി) നം. 12/2019/SPD തീയതി.18.09.2019-ലെ ഉത്തരവിൽ നിഷ്കർഷിക്കും വിധം വാഹനം വാങ്ങുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി, വാഹനം വാങ്ങുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ (അസി.എക്സി.എഞ്ചിനീയർ, മെക്കാനിക്കൽ റാങ്കിൽ കുറയാത്ത) സാക്ഷ്യപത്രം എന്നിവയും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകളും വാഹനത്തിന്റെ ലോഗ് ബുക്കും ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പദ്ധതി പ്രകാരം ചെലവഴിച്ച 45,83,336/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-64 ഉറവിടമാലിന്യ സംസ്കരണം - ബയോകമ്പോസ്റ്റർ ബിൻ സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ - 1,39,45,571/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	SO 475/24
പ്രോജക്ടിന്റെ പേര്	ഉറവിടമാലിന്യ സംസ്കരണം വീടുകളിൽ ബയോകമ്പോസ്റ്റർ കിച്ചൻ ബിൻ സ്ഥാപിക്കൽ.
ഫണ്ടിനം	വികസന ഫണ്ട്, കേന്ദ്ര ഫണ്ട്.
അടങ്കൽ	3,12,50,000/-(വികസന ഫണ്ട് 25,00,000/-, കേന്ദ്ര ഫണ്ട് 2,87,50,000/-)
ചെലവ്	1,39,45,571/- (വികസന ഫണ്ട് 25,00,000/-, കേന്ദ്ര ഫണ്ട് 1,14,45,571/-)
ബിൽ നം	(വികസനഫണ്ടിൽ നിന്നുള്ള തുക) 108/07.07.2023] 15,25,000/- 457/7.10.2023] 9,75,000/- (കേന്ദ്ര ഫണ്ടിൽ നിന്നുള്ള തുക) PFMS Payment Advice No C012419929257- 50,07,270/-, Dated.12.01.2024 PFMS Payment Advice No C0112304789298- 9,99,875/-, Dated.07.11.2023 PFMS Payment Advice No C022459655431- 48,80,602/-, Dated.23.02.2024 PFMS Payment Advice No C022459642065- 5,57,824/-, Dated.23.02.2024
നിർവഹണോദ്യോഗസ്ഥൻ	അജയകുമാർ.ബി,ഹെൽത്ത് സൂപ്പർവൈസർ

2023-24 സാമ്പത്തിക വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി ഉറവിട മാലിന്യ സംസ്കരണത്തിനായി 25000 ബയോകമ്പോസിറ്റിംഗ് കിച്ചൺ ബിന്നുകൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം നെഗോസിയേഷനു ശേഷം ബിൻ ഒന്നിനു 1,525/- രൂപ നിരക്കിൽ IRTC-PUI (Project Implementation Unit,Mundur,Palakkad) എന്ന സ്ഥാപനവുമായി നഗരസഭ 17.03.2023 ലെ 3(ഡി)9 കൗൺസിൽ തീരുമാന പ്രകാരം 23.03.2023 ൽ കരാറിൽ ഏർപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ 04.04.2023 നു 5000 കിച്ചൻ ബിന്നുകൾ സപ്ലൈ ഓർഡർ നൽകുകയും ചെയ്തു.

പ്രോജക്ട് നടപ്പിലാക്കിയതിന്റെ ഭാഗമായി ഒന്നാം ഘട്ടം എന്ന രീതിയിൽ 5000 ബിന്നുകൾ വാങ്ങുന്നതിനായി അടങ്കലിന്റെ 20% തുകയായ 15,25,000/-രൂപ (5000 X 1525 = 7625000/-)മുൻകൂറായി നൽകി. ബിൻ ഒന്നിന്റെ നിരക്കായ 1,525/- രൂപയുടെ 10% ഗുണഭോക്തൃവിഹിതമായി നഗരസഭയിൽ ഒടുക്കേണ്ടതിനും 5.08.2023 ലെ 3(ഡി)2 കൗൺസിൽ തീരുമാനം പ്രകാരം അംഗീകരിച്ചു. മേൽ വ്യവസ്ഥകൾ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ 12323 കിച്ചൻ ബിന്നുകൾ IRTC-PUI നഗരസഭയ്ക്കു വിതരണം ചെയ്തതായി ഫയലിൽ നിന്നും വ്യക്തമായിട്ടുണ്ട്. നഗരസഭ IRTC-PUI സ്ഥാപനത്തിനു നൽകിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

തുക നൽകിയ തീയതി	നൽകിയ തുക

28.07.2023	1525000/-
7.11.2023	999875/-
6.12.2023	975000/-
15.01.2024	5007270/-
23.02.2024	4880602/-
ആകെ	1,33,87,747/-രൂപ

1,33,87,747/- രൂപയുടെ വിവരങ്ങൾ മാത്രമാണ് സ്ഥാപനത്തിനു കൊടുത്തതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രോജക്ട് ചെലവ് പത്രിക പ്രകാരം 1,39,45,571/-രൂപയുടെ ചെലവ് നടന്നിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൻ പ്രകാരം ടി.ഡി.എസ്, IT എന്നിവയ്ക്കായി 5,57,824/- രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

പ്രോജക്ട് നടത്തിപ്പിലെ മറ്റ് അപാകതകൾ

പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കിച്ചൻ ബിന്നുകൾ എത്രയെണ്ണം ലഭ്യമായെന്നോ ആയത് സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തി ആർക്കൊക്കെയാണ് വിതരണം ചെയ്തതെന്ന വിവരം ലഭ്യമല്ല. 10673 കിച്ചൻ ബിന്നുകൾ നൽകിയതിന്റെ ലിസ്റ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു. 29.04.2023 മുതൽ 26.12.2023 വരെയുള്ള വിവിധ കാലയളവിൽ വിവിധ സർക്കിളുകളിൽ വിതരണം ചെയ്തതിന്റെ ലിസ്റ്റാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.എന്നാൽ അവയുടെ കൈപ്പറ്റ് രസീതോ പേരു വിവരമോ ലഭ്യമായിട്ടില്ല.

2. ഗുണഭോക്താക്കളെ എങ്ങനെ തെരഞ്ഞെടുത്തുവെന്നോ അവരുടെ അപേക്ഷയോ ഫയലിൽ ലഭ്യമല്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് തന്നെയാണോ ബിൻ വിതരണം നടത്തിയതെന്നും വ്യക്തമല്ല. ഫയലിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന 24.05.2023 ലെ നഗരസഭാ ഹെൽത്ത് ഓഫീസറുടെ H19/3607/22 നമ്പർ കത്ത് പ്രകാരം 1342 അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് പരാമർശിച്ചിട്ടുണ്ട് എന്നാൽ ലിസ്റ്റിൽ ആകെ 3581 ഗുണഭോക്താക്കളുടെ എണ്ണമാണ് കാണിച്ചിരിക്കുന്നത്. ബാക്കിയുള്ള ബിൻ ലഭ്യമായ മുഴുവൻ ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. H19/3607/22 ഫയലിൽ 17.06.23 ലെ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം നൽകിയ 15,25,000/-രൂപ തനതു ഫണ്ടിൽ നിന്നും മുൻകൂറായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.വികസന ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിലാണോ അപ്രകാരം ഉത്തരവായതെന്നും അത്തരത്തിൽ ചെലവ് ചെയ്യുകയും പിന്നീട് റീഫ്ലപ്പ് ചെയ്യുകയും ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

4. IRTC യുടെ ബാങ്ക് അക്കൗണ്ട് സ്ഥാപനം ലഭ്യമാക്കിയ ഇൻവോയിസ് പ്രകാരം സ്ഥാപനത്തിന്റെ അക്കൗണ്ട് നമ്പർ SBI A/C No.35951276401 എന്നതും സ്ഥാപനം ധാരണാപത്രം ഒപ്പിടുന്നതിനായി ലഭ്യമാക്കിയ കത്ത് പ്രകാരം അക്കൗണ്ട് നം CANARA Bank ന്റെ 0812201002322 എന്നതുമാണെന്ന് കാണുന്നു. സ്ഥാപനം നൽകിയ തുകയുടെ വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ 9,99,875/-രൂപ PFMS അക്കൗണ്ടിൽ നിന്നും Parishad Production Centreന്റെ 6271 ൽ അവസാനിക്കുന്ന അക്കൗണ്ട് നമ്പരിലും 48,80,602/-രൂപ PFMS അക്കൗണ്ടിൽ നിന്നും IRTC യുടെ തന്നെ 6401 ൽ അവസാനിക്കുന്ന നമ്പരിലും 15,25,000/-രൂപ വികസനഫണ്ടിൽ നിന്നും Parishad Production Centre ന്റെ 12500146271 നമ്പരിലും ട്രാൻസ്ഫർ ചെയ്തതായി കാണുന്നു.ഇപ്രകാരം സ്ഥാപനം ലഭ്യമാക്കിയ നമ്പരില്ലാതെ വിവിധ അക്കൗണ്ടുകളിലേയ്ക്ക് പണം നൽകിയിരിക്കുന്നത് ക്രമപ്രകാരമല്ല.

5. 13.03.2024 തീയതിയിലെ H18/87169/2023 നം ഹെൽത്ത് ഓഫീസറുടെ അറിയിപ്പിൽ വിവിധഘട്ടങ്ങളിലായി വിതരണം ചെയ്ത ബയോകമ്പോസ്റ്റർ ബിന്നുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സർക്കിൾ/സോണൽ ഓഫീസുകളിൽ സൂക്ഷിക്കണമെന്നും കൂടാതെ ഉപഭോക്താക്കളുടെ ലിസ്റ്റ്, അപേക്ഷാ ഫോറം (കൌൺസിലർ സാക്ഷ്യപ്പെടുത്തിയത്) ആധാർ കാർഡിന്റെ പകർപ്പ് ,ഫീസ് അടച്ച രസീത് എന്നിവ കൌൺസിൽ തീരുമാനത്തിനായി പ്രോജക്ട് സെക്രട്ടേറിയേറ്റിൽ എത്തിക്കണമെന്ന് നിർദ്ദേശമുണ്ട്.എന്നാൽ ആയതു പാലിച്ചു കാണുന്നില്ല.

6. ഹരിതകർമ്മസേനാംഗങ്ങൾ വഴി ഗുണഭോക്താക്കൾക്ക് എത്തിക്കുന്ന ബയോകമ്പോസ്റ്റർ കിച്ചൺ ബിന്നുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. 22.07.2023 ലെ സെക്രട്ടറിയുടെ H19/3607/2022 നം ഉത്തരവിൽ ബയോകമ്പോസ്റ്റർ ബിന്നിന്റെ വിതരണവും ഗുണഭോക്തൃ വിഹിതവും ഒടുക്കുന്നതും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പ്രകാരം ഓരോ ബിന്നിനോടൊപ്പം 10കി.ഗ്രാം ഇനോക്കുലം സൗജന്യമായി വിതരണം ചെയ്യണമെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല.

7. ഗുണഭോക്തൃവിഹിതമായ 153/- രൂപ ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് നഗരസഭയുടെ ഫണ്ടൽ ഒടുക്കണമെന്ന 5.08.2023 ലെ 3 (ഡി2) നം കൌൺസിൽ തീരുമാനം പാലിച്ചിട്ടില്ല.ഗുണഭോക്തൃ വിഹിതം പിരിക്കുകയോ ആയത് നഗരസഭയിൽ ഒടുക്കിയതായ യാതൊരു വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനായി രസീതു ബുക്കുകൾ നഗരസഭയിൽ നിന്നും കൈപ്പറ്റണമെന്നും നിർദ്ദേശമുണ്ടെങ്കിലും ആയതു പാലിച്ചതായി കാണുന്നില്ല. ഗുണഭോക്തൃ വിഹിതം ഉൾപ്പെടെയുള്ള തുകയാണ് വികസന ഫണ്ടിൽ നിന്നും കേന്ദ്ര ധനകാര്യ കമ്മിഷൻ ഫണ്ടിൽ നിന്നുമായി നൽകിയിട്ടുള്ളത്.ആയതിനാൽ ആകെ ചെലവഴിച്ച തുകയിൽ നിന്നും ഗുണഭോക്തൃ വിഹിതം കണക്കാക്കി ഈടാക്കി ചെലവഴിച്ച ഫണ്ടിനങ്ങളിൽ തന്നെ അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്.

8. 16.09.2022 ലെ 2869/സി2/2016 എസ്.എം നം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ബിന്നുകളുടെ പ്രവർത്തനത്തെക്കുറിച്ച് ഗുണഭോക്താവിനു പരിശീലനവും യൂസർ മാന്വലും ലഭ്യമാക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും അത്തരത്തിൽ പരിശീലനം നൽകിയതായിട്ടുള്ള വിവരം ഫയലിൽ ലഭ്യമല്ല.

9. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ടോ വർക്കിംഗ് കമ്മിറ്റി റിപ്പോർട്ടോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി തുക വകയിരുത്തി ചെലവ് ചെയ്യുമ്പോൾ അതു യഥാർത്ഥ ഗുണഭോക്താക്കൾക്ക് എത്തുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ ബാദ്ധ്യസ്ഥരായ ജനപ്രതിനിധികളുടെ സാന്നിദ്ധ്യം ഈ പദ്ധതി നടത്തിപ്പിൽ കാണുവാൻ സാധിച്ചിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട

രജിസ്റ്ററുകൾ മറ്റ് രേഖകൾ എന്നിവ ഓഡിറ്റിനു സമയബന്ധിതമായി ഹാജരാക്കുവാനും ഉദ്യോഗസ്ഥരുടെ തലത്തിലും ശ്രമങ്ങൾ നടന്നിട്ടില്ല. പദ്ധതി നടത്തിപ്പിലെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 177/കെ.എസ്.എ/ടിവിസി 2/2024 തീയതി 31.01.2025 നു മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ വ്യക്തമായ ആസൂത്രണമില്ലാതെ നടപ്പിലാക്കിയ പദ്ധതിക്കായി ചെലവഴിച്ച 1,39,45,571/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-65 അനന്തപുരി മെഡിക്കൽസ് നടത്തിപ്പും പരിപാലനവും - മരുന്നുകൾ ലഭ്യമാക്കിയില്ല - പദ്ധതി ലക്ഷ്യം കണ്ടില്ല – 92,300/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം	0791/24
പ്രോജക്ടിന്റെ പേര്	അനന്തപുരി മെഡിക്കൽസ് നടത്തിപ്പും പരിപാലനവും
നിർവ്വഹണ ഉദ്യോഗസ്ഥൻ	ശശി കുമാർ.എ, ഹെൽത്ത് സൂപ്പർവൈസർ
അടങ്കൽ തുക	10,00,000/- (2023-24)
ചെലവ് തുക	92,300/- രൂപ
ഫണ്ടിനം	പ്ലാൻ ഫണ്ട്
ബിൽ നം./തീയതി	1390/31.01.2024 – 92,300/- രൂപ

സാധാരണ ജനങ്ങൾക്ക് സൗജന്യമായി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നഗരസഭയുടെ സ്ഥാപനമാണ് അനന്തപുരി മെഡിക്കൽ സ്റ്റോർ. ഡ്രഗ് ലൈസൻസോടു കൂടി നിലവിൽ വന്ന അനന്തപുരി മെഡിക്കൽ സ്റ്റോറിനെ റീട്ടെയിൽ /ഹോൾസെയിൽ ഫാർമസി ആയി ഉയർത്തുക, എല്ലാവിധ മരുന്നുകളും നഗരസഭാ സ്ഥാപനങ്ങൾക്കും, നഗരസഭയിലെ ജനങ്ങൾക്കും ലാഭേച്ഛയില്ലാതെ വിതരണം ചെയ്യുക എന്നീ ലക്ഷ്യത്തോടു കൂടി ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ 'അനന്തപുരി മെഡിക്കൽസ് നടത്തിപ്പും പരിപാലനവും' - എന്ന ബഹുവർഷ പദ്ധതിയ്ക്കായി പ്ലാൻ ഫണ്ടിൽ നിന്നും 2023-24 സാമ്പത്തിക വർഷം 10,00,000/- ലക്ഷം രൂപ അടങ്കൽ തുകയായി വകയിരുത്തിയിട്ടുണ്ട്. 2023-24 വർഷം 92,300/- രൂപ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി ലക്ഷ്യമിട്ട പ്രകാരമുള്ള പ്രവർത്തനങ്ങൾ നാളിതുവരെ നടപ്പായിട്ടില്ല. നഗരസഭഫണ്ട് /പ്ലാൻഫണ്ട് ഉപയോഗിച്ച് അർഹരായവർക്ക് സൗജന്യ മരുന്ന് വിതരണം ലക്ഷ്യമിട്ട് തുടങ്ങിയ സ്ഥാപനം റീടെയിൽ /ഹോൾസെയിൽ ഫാർമസിയായി ഉയർത്തുന്നതിന് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നതും ഇപ്രകാരം നൂതന പ്രോജക്ടായി പദ്ധതി രൂപീകരിക്കുന്നതിന് ഭരണസമിതി തീരുമാനമുണ്ടെങ്കിൽ ആയതും ലഭ്യമാക്കേണ്ടതാണ്.

ഫയൽ പരിശോധനയിൽ അനന്തപുരി മെഡിക്കൽസ് ഫാർമസിസ്റ്റ് 14.09.2023-ൽ നൽകിയ റിപ്പോർട്ട് പ്രകാരം സർക്കാർ അംഗീകൃത സ്ഥാപനമായ In House Drug Bank (IHDB) സമർപ്പിച്ച ഇൻവോയിസ് നമ്പർ 11730 @N/2023/10 Dated.24.10.2023 പ്രകാരം 92,300/- രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട് (ബിൽ നം. 1390/31.01.2024) എന്ന് കണ്ടെത്തി. എന്നാൽ കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. ആയത് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 134/കെ.എസ്.എ/ടിവിസി.2/2024, തീയതി.27.12.2024) ഡ്രഗ് ലൈസൻസ് ഇല്ലാത്തതിനാൽ ഡ്രഗ് കൺട്രോൾ ഓഫീസ് അനന്തപുരി മെഡിക്കൽസ് പൂട്ടുകയും, ലൈസൻസ് എടുത്തതിനെ തുടർന്ന് ടി സ്ഥാപനം വീണ്ടും തുറന്നിട്ടുള്ളതുമാണെന്നും, സ്ഥാപനം തുടങ്ങുന്നതിനുള്ള നടപടിയ്ക്കായാണ് മരുന്ന് വാങ്ങുന്നതിനുള്ള തുക IHDB-യ്ക്ക് നൽകിയതെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി. എന്നാൽ നിലവിൽ ഫ്രീ മെഡിസിൻ മാത്രമാണ് അനന്തപുരി മെഡിക്കൽസ് നൽകി വരുന്നതെന്നും അറിയിച്ചു. പ്രസ്തുത മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

തൻവർഷം 10,00,000/- ലക്ഷം രൂപ അടങ്കൽ വകയിരുത്തിയ പദ്ധതി ഫണ്ടിന്റെ 9.23% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ വിനിയോഗിച്ച തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടുമില്ല. കൂടാതെ പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തിയിട്ട് വിനിയോഗിക്കാത്തതിനാൽ മറ്റ് പദ്ധതികൾക്ക് ഫലപ്രദമായി വിനിയോഗിക്കാമായിരുന്ന തുക ഫണ്ടിൽ കുറവ് വരികയാണ് ചെയ്തിരിക്കുന്നത്.

മരുന്ന് ലഭിക്കുന്നതിലെ കാലതാമസം ആവശ്യകതാനുസരണം മരുന്ന വിതരണം ചെയ്യുന്നതിന് തടസ്സമാകുകയും മരുന്നുകൾ ഉപയോഗ്യശൂന്യമാകുന്നതിലേക്കും അതിലൂടെ സ്ഥാപനത്തിന് നഷ്ടം ഉണ്ടാകുന്നതിനും കാരണമാകുന്നു. പദ്ധതി നടത്തിപ്പിൽ വന്ന അപാകതകൾ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൗൺസിലും പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 92,300/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

1-66 ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല - 6,52,224 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	SO 113/24,
പ്രോജക്ടിന്റെ പേര്	നഗരസഭാ പരിധിയിലെ 12 ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ
അടങ്കൽ തുക	30,00,000/-
ചെലവ് തുക	30,00,000/-
ബിൽ നം./തീയതി	650/16.01.2024
നിർവ്വഹണോദ്യോഗസ്ഥൻ	ഡോ. സീമ മുരളി, മെഡിക്കൽ ഓഫീസർ, ഹോമിയോ

പ്രസ്തുത പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷം ആകെ 30,00,000/- രൂപ ഹോംകോയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/കെ.എസ്.എ/ടിവിസി.8/2024, തീയതി 07.08.2024 ന് ലഭ്യമാക്കിയ മറുപടിയിൽ 30,00,000/- രൂപ 16.01.2024 നാണ് ഹോംകോയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുള്ളതെന്നും ബാക്കി മരുന്നുകൾ ലഭിക്കാൻ 22.01.2024, 12.07.2024 എന്നീ തീയതികളിൽ ഹോംകോയ്ക്ക് ഇ-മെയിൽ ചെയ്തിരുന്നുവെന്നും തുടർന്ന് ഫോൺ മുഖേന ബന്ധപ്പെട്ടതായും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥ ഹോംകോയുമായി കരാർ ചമച്ചിട്ടില്ല. മുദ്രപത്രം മുഖേനയുള്ള കരാർ ഉടമ്പടി ഹോംകോ നിർത്തലാക്കി

എന്നാണ് ഓഡിറ്റ് എൻകയറിയ്ക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം ഇനി ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുകയായ 6,52,224/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ വർഷങ്ങളിൽ കൃത്യമായ കരാർ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം തുക ചെലവഴിക്കേണ്ടതാണ്.

1-67 സർക്കാർ ഉത്തരവ് പ്രകാരം ഈടാക്കാവുന്ന പരമാവധി വിലയിലധികരിച്ച തുകയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി മൾട്ടി മീഡിയ പ്രൊജക്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി -32,46,197/-രൂപ നിരാകരിക്കുന്നു.

ക്രമ നം	പ്രോജക്ട് നം,പേര്	അടങ്കൽ തുക,ഫണ്ടിനം	ചെലവ് തുക	ബിൽ നം,തീയതി
01	822/2024,തീരദേശ മേഖലയിലെ കുട്ടികൾക്ക് സായാഹ്ന പഠിപ്പുരകൾ	6,50,000/- വികസന ഫണ്ട് (പൊതു വിഭാഗം)	6,49,076/-	362/07.09.2023 570/07.11.2023 1756/27.02.2024 1757/27.02.2024.
നിർവ്വഹണോദ്യോഗസ്ഥൻ:തങ്കമണി.ജെ (09.08.2023AN-05.02.2024 FN),സുരേഷ്ബാബു.ആർ.എസ് (05.02.2024 AN-31.03.2024),ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം				
02	823/24,സ്കൂളുകൾക്ക് ആവശ്യമായ പ്രിന്റർ, പ്രൊജക്ടർ, സൌണ്ട് സിസ്റ്റം,ഫയർ എക്സ്റ്റിംഗ്യൂഷർ വാങ്ങി നൽകൽ.	43,00,000,വികസനഫണ്ട് (പൊതു വിഭാഗം),തനത്ഫണ്ട്	42,96,268	52/20.06.2023 227/08.08.2023 277/18.08.2023 281/19.08.2023
നിർവ്വഹണോദ്യോഗസ്ഥൻ - കൃഷ്ണകുമാർ.സി.സി (01.04.2023-09.08.2023 FN),തങ്കമണി.ജെ (09.08.2023AN-05.02.2024 FN),ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം				
03	SO1034/24,സ്കൂളുകൾക്ക് ആവശ്യമായ പ്രിന്റർ, പ്രൊജക്ടർ, സൌണ്ട് സിസ്റ്റം, ഫയർ എക്സ്റ്റിംഗ്യൂഷർ വാങ്ങി നൽകൽ	68,49,880,വികസനഫണ്ട് (പൊതു വിഭാഗം)	68,46,970	27/15.06.2023 282/19.08.2023
നിർവ്വഹണോദ്യോഗസ്ഥൻ-കൃഷ്ണകുമാർ.സി.സി (01.04.2023-09.08.2023FN), തങ്കമണി.ജെ (09.08.2023AN-05.02.2024FN), ഡെപ്യൂട്ടി ഡയറക്ടർ,പൊതു വിദ്യാഭ്യാസം				
04	SO 1032/2024 തീരദേശ മേഖലയിലെ കുട്ടികൾക്ക് സായാഹ്ന പഠിപ്പുരകൾ	3,50,217/-വികസനഫണ്ട് (പൊതു വിഭാഗം)	3,50,217/-	26/15.06.2023
നിർവ്വഹണോദ്യോഗസ്ഥൻ- കൃഷ്ണകുമാർ.സി.സി (01.04.2023-09.08.2023FN), ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം				

822/24 നമ്പർ പദ്ധതി പ്രകാരം 6,49,076/- രൂപ ചെലവഴിച്ച് തീരദേശത്തെ 05 വിദ്യഭ്യാസ സ്ഥാപനങ്ങൾക്ക് 5 വീതം, ലാപ് ടോപ്പുകൾ, മൾട്ടി മീഡിയ പ്രൊജക്ടറുകൾ, പ്രൊജക്ടർ സ്ക്രീനുകൾ എന്നിവയും ബെഞ്ച്, ഡെസ്ക്, വൈറ്റ് ബോർഡ് മുതലായവയും 823/24 നമ്പർ പദ്ധതി പ്രകാരം 42,96,268/- രൂപ ചെലവഴിച്ച് നഗരസഭയ്ക്ക് കീഴിലുള്ള വിവിധ സ്കൂളുകളിലേയ്ക്ക് 25 മൾട്ടി മീഡിയ പ്രൊജക്ടറുകൾ,194 പ്രൊജക്ടർ സ്ക്രീനുകൾ എന്നിവയും 1034/24 നമ്പർ പദ്ധതി പ്രകാരം 68,46,970/- രൂപ ചെലവഴിച്ച് വിവിധ സ്കൂളുകളിലേയ്ക്ക് 145 മൾട്ടി മീഡിയ പ്രൊജക്ടറുകൾ,2 പ്രൊജക്ടർ സ്ക്രീനുകൾ, 62 എച്ച്പി ലേസർ പ്രിന്ററുകൾ എന്നിവയും വാങ്ങി. ഇവയിൽ ലാപ് ടോപ്പ് ഒഴികെയുള്ളവ ടെണ്ടർ ഒഴിവാക്കി KADCO യിൽ നിന്നാണ് വാങ്ങിയത്.822/24 നമ്പർ പദ്ധതി പ്രകാരം 5 ലാപ് ടോപ്പുകൾ കെൽട്രോണിൽ നിന്നാണ് വാങ്ങിയത്.1032/24 നമ്പർ പദ്ധതി പ്രകാരം 3,50,217/- രൂപ ചെലവഴിച്ച് തീരദേശത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 06 വീതം മൾട്ടി മീഡിയ പ്രൊജക്ടറുകൾ, പ്രൊജക്ടർ സ്ക്രീനുകൾ എന്നിവ ടെണ്ടർ ഒഴിവാക്കി SIDCO യിൽ നിന്നാണ് വാങ്ങിയത്.

സർക്കാർ നിശ്ചയിച്ചിട്ടുള്ള പരമാവധി വിലയിലധികരിച്ചാണ് മേൽ സ്ഥാപനങ്ങളിൽ നിന്ന് ഇവ വാങ്ങിയിട്ടുള്ളത്. വിശദ വിവരങ്ങൾ ഖ.3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-68 സർക്കാർ ഉത്തരവ് പാലിക്കാതെ സ്കൂളുകൾക്കായി ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ നഗരസഭയ്ക് നഷ്ടം-20,12,827/-രൂപ,ജിഎസ് ടി രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് ജിഎസ് ടി നൽകി- നഷ്ടം-92,973/-

ക്രമ നം	പ്രോജക്ട് നം,പേര്	അടങ്കൽ തുക,ഫണ്ടിനം	ചെലവ് തുക	ബിൽ നം,തീയതി
01	790/2024,സ്കൂളുകളിൽ ലാപ് ടോപ് കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകൽ	75,00,000/- വികസന ഫണ്ട് (പൊതു വിഭാഗം)	74,99,985/-	209/05.08.2023 337/24.08.2023 1161/16.01.2024 1162/16.01.2024
നിർവ്വഹണോദ്യോഗസ്ഥൻ - കൃഷ്ണകുമാർ.സി.സി(01.04.2023-09.08.2023 FN), തങ്കമണി.ജെ(09.08.2023 AN-05.02.2024 FN), , ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം				

02	SO 1166/24,സ്കൂളുകളിൽ ലാപ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങി നൽകൽ	60,52,574,വികസനഫണ്ട് (പൊതു വിഭാഗം)	60,52,574	42/19.06.2023
നിർവ്വഹണോദ്യോഗസ്ഥൻ - കൃഷ്ണകുമാർ.സി.സി (01.04.2023-09.08.2023 FN),ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം				

സ്കൂളുകളിൽ ലാപ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങി നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച മേൽ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

790/24 നമ്പർ പദ്ധതി പ്രകാരം 161 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്കും 193 യുപിഎസുകൾക്കുമായി 74,99,985/- രൂപ വിനിയോഗിച്ചു. ഇതിൽ 32 യുപിഎസുകൾ ക്വട്ടേഷൻ മുഖേന VAG Solutions Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നും 161 എണ്ണം Begin 4 Solutions എന്ന സ്റ്റാർട്ട് അപ് കമ്പനിയിൽ നിന്നുള്ള പ്രൊപ്പോസൽ പരിഗണിച്ച് നേരിട്ടും 161 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ കെൽട്രോണിൽ നിന്നും വാങ്ങി. സ്കൂളുകൾക്ക് ലാപ് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങി നൽകൽ എന്ന 1166/24 പദ്ധതി പ്രകാരം 69 ലാപ് ടോപ്പുകൾക്കും 83 ഡെസ്ക് ടോപ്പുകൾക്കുമായി 60,52,574രൂപ ചെലവഴിച്ചു. ഇത് 2022-23 വർഷം ആരംഭിച്ച ബഹു വർഷ പദ്ധതിയാണ്. 2022-23 വർഷത്തെ 515/23 എന്ന പദ്ധതി പ്രകാരം 25 ലാപ് ടോപ്പ് കമ്പ്യൂട്ടറുകളുടെ വിലയായ 9,97,100 രൂപ നൽകിയിരുന്നു. ഇ-ടെണ്ടർ മുഖേന പാഴൂർ ഐഡിയൽ സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നാണ് കമ്പ്യൂട്ടറുകൾ വാങ്ങിയത്. എന്നാൽ സർക്കാർ ഉത്തരവുകൾക്കും പദ്ധതി ലക്ഷ്യത്തിനും വിരുദ്ധമായി ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും യുപിഎസുകളും വാങ്ങിയതിലൂടെ നഗരസഭയ്ക് നഷ്ടം ഉണ്ടായി.വിശദ വിവരങ്ങൾ ഖ.3-4 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-69 ടെണ്ടർ ഒഴിവാക്കിയുള്ള വാങ്ങൽ -സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിലധികരിച്ച് തുക ഈടാക്കി നഗരസഭയ്ക് നഷ്ടം-6116/-രൂപ,KADCO യുടെ പ്രൊപ്പോസലിലെ വിലയിലധികരിച്ച് തുക നൽകി നഷ്ടം-4961/-രൂപ

പ്രോജക്ട് നം	732/2024
പ്രോജക്ടിന്റെ പേര്	ഭിന്ന ശേഷി സൌഹൃദ നഗരം-ചികിത്സാ ഉപകരണങ്ങളും പഠനോപകരണങ്ങളും വാങ്ങി നൽകൽ
അടങ്കൽ തുക	10,00,000/-രൂപ
ചെലവ് തുക	9,98,484/-രൂപ
ഫണ്ടിനം	വികസനഫണ്ട് (പൊതു വിഭാഗം)
ബിൽനം.തീയതി	472/11.10.2023 966/01.01.2024 1751/27.02.2024 1752/27.02.2024 1753/27.02.2024 1754/27.02.2024 1755/27.02.2024
നിർവ്വഹണോദ്യോഗസ്ഥൻ	തങ്കമണി.ജെ (09.08.2023AN-05.02.2024FN) സുരേഷ്ബാബു.ആർ.എസ് (05.02.2024AN-31.03.2024) ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം

732/24 നമ്പർ പദ്ധതി പ്രകാരം 9,98,484/- രൂപ ചെലവഴിച്ച് വിവിധ ചികിത്സാ ഉപകരണങ്ങളും പഠനോപകരണങ്ങളും ടെണ്ടർ ഒഴിവാക്കി KADCO യിൽ നിന്ന് വാങ്ങി വിവിധ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പത്ത് ലക്ഷം രൂപ അടങ്കൽ തുകയുള്ള ഈ പ്രോജക്ട് പ്രകാരമുള്ള വാങ്ങലിന് ഇ-ടെണ്ടർ,ജെം മുഖേനയുള്ള വാങ്ങൽ മുതലായവ സ്വീകരിച്ചിട്ടില്ല. പദ്ധതി പ്രകാരം വാങ്ങിയ വീൽചെയർ മാത്രമാണ് സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 ൽ ഇളവ് നൽകി ടെണ്ടർ കൂടാതെ KADCO യിൽ നിന്നും വാങ്ങാവുന്നത്. സ്റ്റോർ പർച്ചേയ്സ് മാന്വൽ അധ്യായം19 പ്രകാരം 25,000/- രൂപയിലധികരിച്ച സാധനങ്ങളും സേവനങ്ങളും ജെം മുഖേനയെ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ പദ്ധതി പ്രകാരമുള്ള വാങ്ങലിൽ ഈ നടപടി ക്രമങ്ങൾ പാലിച്ചു കാണുന്നില്ല.കൂടാതെ സർക്കാർ നിശ്ചയിച്ച അംഗീകൃത നിരക്കിലധികരിച്ച് സാധനം വാങ്ങിയതിലൂടെ നഗരസഭയ്ക് നഷ്ടം ഉണ്ടായി. വിശദാംശങ്ങൾക്ക് ഖ.3-5 കാണുക.

1-70 സ്കൂളുകളിൽ സിസിടിവി സ്ഥാപിക്കൽ-അനുബന്ധരേഖകളുടെ അഭാവത്തിൽ 4,91,050/-രൂപ തടസ്സപ്പെടുത്തുന്നു.ജിഎസ് ടി റ്റിഡിഎസ് ഈടാക്കുകയോ നികുതി അടവ് ഉറപ്പാക്കുകയോ ചെയ്തിട്ടില്ല.

പ്രോജക്ട് നം.	1167/2024
പ്രോജക്ടിന്റെ പേര്	സ്കൂളുകളിൽ സിസിടിവി സ്ഥാപിക്കൽ
അടങ്കൽ തുക	4,91,050/-രൂപ
ചെലവ് തുക	4,91,050/-രൂപ
ഫണ്ട്	വികസന ഫണ്ട് (പൊതു വിഭാഗം)
ബിൽനം.തീയതി	25/15.06.2023

നിർവ്വഹണോദ്യോഗസ്ഥൻ	കൃഷ്ണ കുമാർ.സി.സി(01.04.2023-09.08.2023FN) ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം

2022-23 വർഷം ആരംഭിച്ച ഈ ബഹു വർഷ പദ്ധതി പ്രകാരം തൻ വർഷം 4,91,050 രൂപ ചെലവഴിച്ച് നഗരസഭയ്ക്ക് കീഴിലുള്ള വിവിധ സ്കൂളുകളിലേയ്ക്കായി 42 സിസിടിവി ക്യാമറകളും 14 മോണിറ്ററുകളും അനുബന്ധ ഉപകരണങ്ങളും "ഡൈം സെക്യൂരിറ്റി സൊല്യൂഷൻസ്" എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി. സിസിടിവി ക്യാമറകളുടെ ആവശ്യകതാ നിർണ്ണയം അംഗീകാരം ഇവ സംബന്ധിച്ച വിവരം, ഇ-ടെണ്ടർ ഡോക്യുമെന്റ്, സിസിടിവി ക്യാമറകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് നൽകിയ സപ്ലൈ/വർക്ക് ഓർഡർ,സ്ഥാപനവുമായി ഏർപ്പെട്ട കരാർ,സ്റ്റോക് രജിസ്റ്റർ,(01.04.2023-09.08.2023FN) സ്കൂളുകളിൽ നിന്നുള്ള Acceptance Certificate/Installation Report, വാങ്ങൽ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി, സാങ്കേതിക സമിതി എന്നിവയുടെ അംഗീകാരം, ലഭിച്ച ഉപകരണങ്ങളുടെ സ്പെസഫിക്കേഷൻ, വാറന്റി കാലയളവ്, AMC വിവരങ്ങൾ എന്നിവയൊന്നും ഓഡിറ്റിൽ പരിശോധിക്കാനായി ഹാജരാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

GST TDS ഈടാക്കുകയോ നികുതി അടവ് ഉറപ്പാക്കുകയോ ചെയ്തിട്ടില്ല.

CGST Act 2017 സെക്ഷൻ 51(1) ,SGST Act 2017സെക്ഷൻ 51(1) എന്നിവ പ്രകാരം 2.50ലക്ഷത്തിൽ അധികം മൂല്യമുള്ള സാധനത്തിന്റെ ബില്ലിൽ നിന്നും CGST,SGST ഇനത്തിൽ 1% വീതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്.എന്നാൽ മേൽ പരാമർശിച്ച വാങ്ങലുകളിൽ നിന്നും GST TDS കുറവ് ചെയ്തിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

സ്ഥാപനം -ഡൈം സെക്യൂരിറ്റി സൊല്യൂഷൻസ്

GSTIN/UIN;32AMQPA7825D1ZA

(ഇൻ വോയ്സ് നം.DSS12021280/19.03.2023)

നികുതി ഒഴികെയുള്ള ബിൽ തുക 4,16,144/-

GST TDS CGST (1%) 4161/-

SGST (1%) 4161/-

ആകെ 8,3,22/

സ്ഥാപനം GST ഇനത്തിലെ തുക കൃത്യമായി ഒടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുതകുന്ന TDS കിഴിവ് നടത്താതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.പദ്ധതി നടത്തിപ്പിലെ അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.117/കെഎസ്എ/ടിവിസി 9/2023-24 തീയതി 10.12.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച ഇൻവോയ്സ് പ്രകാരം സ്ഥാപനത്തിന് GST(18%) ഇനത്തിൽ ആകെ നൽകിയ 74,906/-രൂപ സർക്കാരിൽ അടച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-71 സ്കൂളുകളിൽ ഡിജിറ്റൽ ലൈബ്രറി സജ്ജമാക്കൽ പദ്ധതി -സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായതിനാലും രേഖകൾ ഹാജരാക്കാത്തതിനാലും ചെലവ് തുകയായ 1,72,63,400/-രൂപ തടസ്സപ്പെടുത്തുന്നു. ആദായനികുതി 2,92,600/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തില്ല കേന്ദ്രസർക്കാരിന് നഷ്ടം

ക്രമ നം	പ്രോജക്ട് നം,പേര്	അടങ്കൽ തുക,ഫണ്ടിനം	ചെലവ് തുക	ബിൽ നം,തീയതി,പ്രോമിസറി നോട്ട് നം.
01	1168/2024,ഡിജിറ്റൽ ലൈബ്രറി	24,66,200/- വികസന ഫണ്ട് (പൊതു വിഭാഗം)	24,66,200/-	60/21.06.2023
നിർവ്വഹണോദ്യോഗസ്ഥൻ - കൃഷ്ണകുമാർ.സി.സി,(01.04.2023-09.08.2023 FN), ഡെപ്യൂട്ടി ഡയറക്ടർ,പൊതു വിദ്യാഭ്യാസം				
02	787/2024,ഡിജിറ്റൽ ലൈബ്രറി	1,50,00,000/- വികസനഫണ്ട് (പൊതു വിഭാഗം)	1,47,97,200/-	3739-3743/2023-24, 6264-6288/2023-24
നിർവ്വഹണോദ്യോഗസ്ഥൻ - സുരേഷ്ബാബു.ആർ.എസ്,(05.02.2024 AN-31.03.2024), ഡെപ്യൂട്ടി ഡയറക്ടർ,പൊതു വിദ്യാഭ്യാസം				

സ്കൂളുകളിൽ ഡിജിറ്റൽ ലൈബ്രറി സജ്ജമാക്കലിന് 1168/24,787/24 പദ്ധതികൾ പ്രകാരം ആകെ 1,72,63,400/രൂപ 14 സ്കൂളുകൾക്കായി ചെലവഴിച്ചു.ടെണ്ടർ ഇല്ലാതെ SIDCO മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്.6 വീതം ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, മേശകൾ, കസേരകൾ, 1 യുപിഎസ്സ്, 2 ബാറ്ററികൾ, സോഫ്റ്റ് വെയർ എന്നിവ ഉൾപ്പെടുന്ന ഒരു യൂണിറ്റാണ് ഒരു സ്കൂളിൽ സ്ഥാപിച്ചിട്ടുള്ളത് ഇതിന്റെ ചെലവ് 12,33,100/-രൂപയാണ്.ഇത്തരത്തിലുള്ള പതിനാല് യൂണിറ്റുകൾക്കായാണ് പദ്ധതികൾ പ്രകാരം SIDCO യ്ക്ക് തുക നൽകിയത്. പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

1) സർക്കാർ ഉത്തരവ്(എം.എസ്)നം.24/2017/ഐറ്റിഡി തീയതി 18.11.2017, 18.03.2019 സർക്കുലർ നം.ഐ,റ്റി.സെൽ-1/26/2019/ വി.സ.വ എന്നിവ പ്രകാരം വിവിധ സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഐറ്റി ഉപകരണങ്ങൾ 'CPRCS' മുഖേനയെ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഇതര മാർഗ്ഗത്തിലൂടെ കൂടിയ വിലയ്ക്ക് വാങ്ങുകയാണെങ്കിൽ ഉപകരണങ്ങൾക്ക് അധികം നൽകേണ്ടി വരുന്ന വില പർച്ചേയ്സിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥന്റെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി തിരികെ ഈടാക്കണമെന്നും മേൽ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

2) സർക്കാർ ഉത്തരവ്(സാധാ)നം.3847/2019/പൊ.വി.വ തീയതി 27.09.2019 വ്യവസ്ഥ 3 പ്രകാരം സ്കൂളുകളിൽ വിന്യസിക്കുന്ന എല്ലാ ഐ.റ്റി ഉപകരണങ്ങൾക്കും അഞ്ച് വർഷ വാറന്റി ഉറപ്പാക്കണമെന്നും വ്യവസ്ഥ 5 പ്രകാരം സ്കൂളുകളിൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വിന്യസിക്കേണ്ടതില്ലെന്നും വ്യവസ്ഥ 10 പ്രകാരം "എസ്.സി.ഇ.ആർ.ടിയും" "കൈറ്റും" (KITE-Kerala Infrastructure And Technology For Education) സംയുക്തമായി അംഗീകരിച്ചശേഷം മാത്രമെ സ്കൂളുകളിൽ ഡിജിറ്റൽ ഉള്ളടക്കം,ഡിജിറ്റൽ ലൈബ്രറികൾ തുടങ്ങിയ അക്കാഡമിക് കണ്ടന്റ് ലഭ്യമാക്കാവൂ എന്നും നിർദ്ദേശിച്ചിരുന്നു.മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ എല്ലാ വ്യവസ്ഥകളും സർക്കാർ ഉത്തരവ് (സാധാ) നം.830/2022/GEDN തീയതി 14.02.2022,സർക്കാർ ഉത്തരവ് (സാധാ)നം.818/2023/GEDN തീയതി 30.01.2023 എന്നിവ പ്രകാരം നിലനിറുത്തി നിരക്കുകൾ മാത്രമാണ് പുനർ നിർണ്ണയിച്ചിരിക്കുന്നത്.

3) 02.12.2016ലെ സർക്കാർ ഉത്തരവ് (സാധാ) നം.3299/2016/തസ്വഭവ പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ഒഴിവാക്കി വാങ്ങാവുന്നത് ടി സ്ഥാപനങ്ങൾ നിർമ്മിക്കുന്ന സാധനങ്ങൾക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്.അല്ലാത്തവ നിർബന്ധമായും പരസ്യടെണ്ടർ മുഖേന വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഈ പദ്ധതികളിൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെയും ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെയും SIDCO യിൽ നിന്നും ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ,യുപിഎസ് മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയിരിക്കുന്നു.SIDCO യുടെ ബിൽ പ്രകാരം ലഭ്യമാക്കിയ കമ്പ്യൂട്ടറുകളുടെ വാറന്റി കാലാവധി 3 വർഷം മാത്രമാണ്.മേൽ സർക്കാർ ഉത്തരവ് പ്രകാരം വേണ്ട 5 വർഷ വാറന്റി കാലാവധി ഉറപ്പ വരുത്തിയിട്ടില്ല. ഡിജിറ്റൽ ലൈബ്രറിക്ക് SIDCOലഭ്യമാക്കിയ ഡിജിറ്റൽ കണ്ടന്റിന് "എസ്.സി.ഇ.ആർ.ടിയുടെയും" "കൈറ്റിന്റെയും" അംഗീകാരം ലഭിച്ചതായി കാണുന്നുമില്ല. കൂടാതെ SIDCO യുടെ ബില്ലിൽ കമ്പ്യൂട്ടറുകൾ, യുപിഎസ്, ബാറ്ററി, സോഫ്റ്റ് വെയർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിലയും ഇൻസ്റ്റലേഷൻ ചാർജ്ജും പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല.ഇക്കാരണത്താൽ കമ്പ്യൂട്ടറുകൾക്ക് CPRCS പോർട്ടലിലെ വിലയിലധികരിച്ചോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.കൂടാതെ പ്രോജക്ട് നം 787/2024 പ്രകാരമുള്ള ഡിജിറ്റൽ ലൈബ്രറികളുടെ ഡെലിവറി ചെലാൻ ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.കൂടാതെ പദ്ധതി പ്രകാരം വാങ്ങിയ മുഴുവൻ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച 01.11.2024 ലെ ഓഡിറ്റ് അന്വേഷണം നം.24/കെഎസ്എ/ ടിവിസി-9/2023-24ന് ലഭ്യമാക്കിയ മറുപടി പ്രകാരം 03.12.2019 ലെ സർക്കാർ ഉത്തരവ്(സാധ.)നം.2742/2019/തസ്വഭവ പ്രകാരമാണ് SIDCO യുടെ ഡിജിറ്റൽ ലൈബ്രറിക്ക് വർക്ക് ഓർഡർ നൽകിയിട്ടുള്ളതെന്നും, CPRCS നെക്കാൾ കുറഞ്ഞ നിരക്കാണ് SIDCO ഈടാക്കിട്ടുള്ളതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.കൂടാതെ ഡിജിറ്റൽ അക്കാഡമിക് കണ്ടന്റ് അല്ല ലഭ്യമാക്കിയതെന്നും, പുസ്തക വായന ആയതിനാൽ ലാപ് ടോപ്പുകളെക്കാൾ ഡെസ്ക് ടോപ്പുകളാണ് അനുയോജ്യമെന്നും 5വർഷ വാറന്റി നൽകാമെന്ന് SIDCO അറിയിച്ചിട്ടുണ്ടെന്നും മറുപടിയിൽ പരാമർശിച്ചിരിക്കുന്നു.

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയിൽ പരാമർശിച്ചിരിക്കുന്ന മേൽ സർക്കാർ ഉത്തരവ് ഒരുപ്രത്യേക പദ്ധതി സംബന്ധിച്ചുള്ളതാണ്. പ്രസ്തുത ഉത്തരവിന് ശേഷമുള്ളതും മുൻ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതുമായ 14.02.2022,30.01.2023 തീയതികളിലെ സർക്കാർ ഉത്തരവുകളിൽ ഡിജിറ്റൽ ലൈബ്രറികൾ "എസ്.സി.ഇ.ആർ.ടിയുടെയും" "കൈറ്റിന്റെയും" അംഗീകാരത്തോടു കൂടി മാത്രമെ ലഭ്യമാക്കാവൂ എന്ന് ആവർത്തിച്ച് നിർദ്ദേശിച്ചിട്ടുമുണ്ട്.

ഈ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണം സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായതിനാലും രേഖകൾ ഹാജരാക്കാത്തതിനാലും ചെലവ് തുകയായ 1,72,63,400/-രൂപ തടസ്സപ്പെടുത്തുന്നു.
മേൽ പരാമർശിച്ച രേഖകൾ ഹാജരാക്കിയും കമ്പ്യൂട്ടറുകൾക്ക് സർക്കാർ നിശ്ചയിച്ച വാറന്റി കാലാവധിയും CPRCS പോർട്ടലിലെ വിലയിലധികരിക്കുന്നില്ലെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

ആദായനികുതി സ്രോതസ്സിൽ നിന്നും നികുതി കുറവ് ചെയ്തില്ല 2,92,600/-രൂപ കേന്ദ്രസർക്കാരിന് നഷ്ടം

ആദായ നികുതി നിയമം 1961 വകുപ്പ് 194സി പ്രകാരം പ്രവൃത്തി നടത്തുന്ന സ്ഥാപനത്തിൽ നിന്ന് പ്രവൃത്തി മൂല്യത്തിന്റെ 2% എന്ന നിരക്കിൽ സ്രോതസ്സിൽ നിന്നും നികുതി ഈടാക്കേണ്ടതുണ്ട്.ഇവിടെ 'Library Modernisation Work' നിർവ്വഹിച്ച SIDCO യിൽ നിന്നും ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല.മേൽ വകുപ്പിന്റെ ഉപവകുപ്പ് 3(Ii) പ്രകാരം സാധനങ്ങളുടെ വില പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ മുഴുവൻ ഇൻവോയ്സ് തുകയുടെയും ആദായനികുതി സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്.ഇവിടെ പദ്ധതി പ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിലയും ഇൻസ്റ്റലേഷൻ ചാർജ്ജും പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജി എസ് ടി ഒഴികെയുള്ള ആകെ ഇൻവോയ്സ് തുകയുടെ ആദായ നികുതി റ്റിഡിഎസാണ് കണക്കാക്കിയിരിക്കുന്നത്.വിശദവിവരം ചുവടെ ചേർക്കുന്നു.

ആകെ ഇൻവോയ്സ് തുക (ജിഎസ് ടി ഒഴികെ) 1,46,30,000/-രൂപ

ആദായ നികുതി റ്റിഡിഎസ് (2%) 2,92,600/-രൂപ

പ്രസ്തുത തുക ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

1-72 സാക്ഷരത തുടർ വിദ്യാഭ്യാസ പദ്ധതി-അനുബന്ധ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു-40,00,000/-രൂപ

പ്രോജക്ട് നം.	54/2024
പ്രോജക്ടിന്റെ പേര്	സാക്ഷരത തുടർ വിദ്യാഭ്യാസ പദ്ധതി
അടങ്കൽ തുക	30,00,000/-രൂപ Revised 40,00,000/-
ചെലവ് തുക	40,00,000/-രൂപ
ഫണ്ട്	വികസന ഫണ്ട് (പൊതു വിഭാഗം)
ബിൽനം.തീയതി	53/20.06.2023,1596/17.02.2024
നിർവ്വഹണോദ്യോഗസ്ഥൻ	കൃഷ്ണകുമാർ.സി.സി (01.04.2023-09.08.2023FN) തങ്കമണി.ജെ (09.08.2023AN-05.02.2024FN) ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം

പദ്ധതി രൂപീകരണ ഫോറം പ്രകാരം 2023-24 ലും 2024-25 ലും 30,00,000/-രൂപ വീതം അടങ്കൽ കണക്കാക്കിയ ഒരു ബഹു വർഷ പ്രോജക്ടാണിത്.എന്നാൽ പദ്ധതി പ്രകാരം തനത് വർഷം തന്നെ 40,00,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.പദ്ധതി പൂതുക്കിയത് സംബന്ധിച്ചും ഇതിന് അംഗീകാരം നേടിയത് സംബന്ധിച്ചുമുള്ള വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല.സുലേഖ ചെലവ് പത്രികയിൽ ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ പദ്ധതികളിൽ മേൽ പദ്ധതി ഉൾപ്പെട്ട് കാണുന്നില്ല. എന്നാൽ ACR-ൽ ടി പദ്ധതി വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രകാരം 20.06.2023 ൽ 30,00,000/-രൂപയും 17.02.2024ൽ 10,00,000/-രൂപയും കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിക്ക് നൽകിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാ)നം.2117/2023/LSGD തീയതി 30.10.2023 ലെ വ്യവസ്ഥകൾക്ക് അനുസൃതമായാണോ പദ്ധതി വിഹിതം വർദ്ധിപ്പിക്കുന്നതിനായി തുക കണ്ടെത്തിയതും തുടർപ്രവർത്തനങ്ങൾ നടത്തിയതും എന്നത് സംബന്ധിച്ചും വ്യക്തതയില്ല. കൂടാതെ പദ്ധതി പ്രകാരമുള്ള ചെലവ് വൌച്ചറുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

കേരള സംസ്ഥാന സാക്ഷരതാമിഷൻ സമർപ്പിച്ച പദ്ധതി ചെലവ് വിവരം പ്രകാരം 1210പഠിതാക്കൾക്ക് പത്താംതരം,ഹയർ സെക്കൻഡറി തുല്യതാപഠന ക്ലാസ്സ് 400 പഠിതാക്കൾക്ക് ഭാഷ പഠനം, നഗരസഭയിലെ മുഴുവൻ വാർഡുകളിലും ഡിജി സാക്ഷരതാ പരിജ്ഞാന പരിപാടി,നഗര തലത്തിൽ ഭരണഘടന സാക്ഷരതാ പരിപാടി എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കാനായിരുന്നു പദ്ധതി വിഭാവന ചെയ്തതെന്ന് കാണുന്നു. എന്നാൽ പത്താംതരം,ഹയർ സെക്കൻഡറി തുല്യതാപഠന ക്ലാസ്സുകളിലെ പഠിതാക്കൾ,പരീക്ഷ എഴുതിയവർ,തുല്യതാ പരീക്ഷ വിജയിച്ചവർ എന്നിവരുടെ എണ്ണമോ ഇതു സംബന്ധിച്ച വിശദാംശങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഡിജി സാക്ഷരതാ പരിപാടിയ്ക്കായി 10 ലക്ഷം രൂപയും, ഹൃഡ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സിന് 7.5ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.എന്നാൽ ഇവയിൽ പങ്കെടുത്ത പഠിതാക്കളുടെ എണ്ണം,ഇവരെ തെരെഞ്ഞെടുത്തതിനുള്ള മാനദണ്ഡം എന്നീ വിവരങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സാക്ഷരതാമിഷൻ ജില്ലാ അസി.കോ-ഓർഡിനേറ്ററുടെ 20.01.2024 ലെ 0125/എകെഎസ് പി/03/റ്റിവിപിഎം23 കത്ത് പ്രകാരം 26 സെന്റർ കോ-ഓർഡിനേറ്റർമാരുടെ പട്ടികയാണ് വിദ്യാഭ്യാസ കായികകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത്,എന്നാൽ സാക്ഷരത മിഷൻ സമർപ്പിച്ച പദ്ധതി ചെലവ് വിവരം പ്രകാരം 30 സെന്റർ കോ-ഓർഡിനേറ്റർമാരുടെ ഓണറേറിയം നൽകിയതായി കാണുന്നു.ഇത്തരത്തിൽ 04 സെന്റർ കോ-ഓർഡിനേറ്റർമാരുടെ വേതന ഇനത്തിലെ 50,000/-രൂപ (12500*4) അധികം നൽകിയതായി കാണുന്നു.ഇത് സംബന്ധിച്ച പരിശോധനയ്ക്കായി വേതന വിതരണ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.ഇത്തരത്തിൽ അനുബന്ധരേഖകളുടെ അഭാവത്തിൽ വേതന ഇനത്തിൽ നൽകിയ തുകയുടെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ 10.12.2024 ലെ ഓഡിറ്റ് അന്വേഷണം നം.116/കെ.എസ്.എ/ടിവിസി.9/2023-24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ ചെലവ് തുകയായ 40,00,000/-രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട അനുബന്ധ രേഖകൾ ഹാജരാക്കിയും സെന്റർ കോ-ഓർഡിനേറ്റർമാർക്ക് അനുവദിച്ച വേതനത്തിന്റെ കൃത്യത ബോധ്യപ്പെടുത്തിയും തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-73 എസ്എസ്എൽസി,+2പരിഹാരബോധനം-സർക്കാർ മാർഗ്ഗരേഖയ്ക്ക് വിധേയമായി പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

ക്രമ നം	പ്രോജക്ട് നം,പേര്	അടങ്കൽ തുക,ഫണ്ടിനം	ചെലവ് തുക	ബിൽ നം,തീയതി

01	SO626/2024,എസ്എസ്എൽസി പരിഹാരബോധനം	10,00,000/- വികസന ഫണ്ട് (പൊതു വിഭാഗം)	2,06,301/-	1419/03.02.2024 1721/23.02.2024 2043/12.03.2024
നിർവ്വഹണോദ്യോഗസ്ഥൻ - തങ്കമണി.ജെ (09.08.2023AN-05.02.2024FN), സുരേഷ്ബാബു.ആർ.എസ് (05.02.2024AN-31.03.2024), ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം				
02	SO658/2024, +2 പരിഹാരബോധനം	10,00,000/- മെയിന്റൻസ് ഫണ്ട് (റോഡിതരം)	3,30,302/-	1744/26.02.2024 1854/01.03.2024 1855/01.03.2024 1892/04.03.2024 2044/12.03.2024 2127/14.03.2024
നിർവ്വഹണോദ്യോഗസ്ഥൻ - സുരേഷ്ബാബു.ആർ.എസ് (05.02.2024 AN-31.03.2024), ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം				

എസ്എസ്എൽസി, +2 ക്ലാസ്സുകളിൽ പരിഹാരബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ)നം 84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 8.6(10) പ്രകാരം സന്നദ്ധ പ്രവർത്തകരായ യുവതീ യുവാക്കൾ, അധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് പഠന പരിപോഷണം ഉൾപ്പെടെയുള്ള പരിപാടികൾ ആവിഷ്കരിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അധ്യാപകർക്ക് വേതനം നൽകിയാണ് പദ്ധതികൾ നടപ്പിലാക്കിയത്. പദ്ധതി പ്രകാരം ക്ലാസ്സുകൾ കൈകാര്യം ചെയ്ത അധ്യാപകരുടെ വേതനം,മറ്റ് ചെലവുകൾ എന്നിവയുടെ ധനവിനിയോഗ പരിധി സംബന്ധിച്ച് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ 13.02.2024ലെ C3/4825/2023/DDEഉത്തരവിന് അടിസ്ഥാനമായ സർക്കാർ ഉത്തരവ്/വകുപ്പ് തല ഉത്തരവ്/വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം/ കൗൺസിൽ തീരുമാനം ഇവയൊന്നും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ക്ലാസ്സുകൾ കൈകാര്യം ചെയ്ത അധ്യാപകർക്കുള്ള വേതനം ഉൾപ്പെടെ നിശ്ചയിച്ചതിനുള്ള മാനദണ്ഡം വ്യക്തമല്ല.

626/24പദ്ധതി പ്രകാരം 2023-24 സാമ്പത്തിക വർഷം പരിഹാരബോധന ക്ലാസ്സുകളൊന്നും സംഘടിപ്പിച്ചു കാണുന്നില്ല.മുൻ സാമ്പത്തിക വർഷത്തെ(2022-23) പരിഹാരബോധന ക്ലാസ്സുകളുമായും 10/2023 ൽ അധ്യാപകരെ ഉൾപ്പെടുത്തി സംഘടിപ്പിച്ച പരിഹാരബോധന ശിൽപ്പശാലയുമായും ബന്ധപ്പെട്ട ചെലവുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 10/2023 ലെ പരിഹാരബോധന ശിൽപ്പശാലയ്ക്കായി 71,520/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുപ്രകാരം തയ്യാറാക്കിയ പഠന സഹായികൾ എപ്രകാരം ഉപയോഗിച്ചു, ഇവ ഉപയോഗിച്ച് പരിഹാരബോധന ക്ലാസ്സുകൾ എന്നാണ് സംഘടിപ്പിച്ചത്,എത്ര വിദ്യാർത്ഥികൾക്ക് ഇവ വിതരണം ചെയ്തു എന്നീ വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഈ പദ്ധതിയോടൊപ്പം സമർപ്പിച്ചിട്ടുള്ള അക്വിറ്റൻസ് പ്രകാരം പരിഹാരബോധന ശിൽപ്പശാലയിൽ പങ്കെടുത്ത ശ്രീമതി.ഗീതാനായർക്ക് 2250/രൂപയാണ് അനുവദനീയമായത്.എന്നാൽ 1419/03.02.2024 നമ്പർ ബിൽ പ്രകാരം ടിയാൾക്ക് 9470/രൂപ ബാങ്ക് അക്കൌണ്ടിൽ നൽകിയിട്ടുണ്ട്.അക്വിറ്റൻസ് പ്രകാരം അനുവദനീയമായതിൽ അധികരിച്ച് കൈപ്പറ്റിയ 7220/-രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പദ്ധതി പ്രകാരം അവന്തീസ് കുടുംബശ്രീ ക്യാന്റീനിന്റെ ക്യാഷ്ബിൽ പ്രകാരമുള്ള 12150/-രൂപ ടി സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് അല്ല പകരം ശ്രീ.അഖിൽ.സി.എസ് എന്ന വ്യക്തിയുടെ ബാങ്ക് അക്കൌണ്ടിലാണ് നൽകിയിരിക്കുന്നത്.ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

658/24 പദ്ധതിയിൽ ഉൾപ്പെടുന്ന ജഗതി, ഗവ.വിഎച്ച്എസ്എസ് സ്കൂളിലെ വൌച്ചറുകൾ പരിശോധിച്ചതിൽ 06.03.2023,07.03.2023,08.03.2023 തീയതികളിൽ ഇംഗ്ലീഷ്, ഇക്കണോമിക്സ്,പൊളിറ്റിക്കൽ സയൻസ് എന്നീ വിഷയങ്ങളിൽ പരിഹാര ബോധന ക്ലാസ്സ് സംഘടിപ്പിച്ചിട്ടുണ്ടെന്ന് കാണുന്നു.വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം Resource Person Remuneration ഇനത്തിൽ പരമാവധി അനുവദനീയമായത് ഒരു സെഷന് 500/-രൂപയാണ്.ഇത്തരത്തിൽ ഒരു ദിവസം 2 സെഷൻ എന്ന ക്രമത്തിൽ 6 സെക്ഷന് 3000/-രൂപയാണ് അനുവദനീയം.എന്നാൽ 9000/-രൂപ Remuneration ഇനത്തിൽ നൽകിയിട്ടുണ്ട്.അധികമായി നൽകിയ 6000/-രൂപ തിരികെ ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്.കല്ലിംഗൽ ഗ്രാഫിക്സിന്റെ ക്യാഷ്ബിൽ പ്രകാരമുള്ള 15100/-രൂപ ടി സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് അല്ല പകരം ശ്രീ.അഖിൽ.സി.എസ് എന്ന വ്യക്തിയുടെ ബാങ്ക് അക്കൌണ്ടിലാണ് നൽകിയിരിക്കുന്നത്.ഇത്തരം അപാകതകൾ തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിൽ ഒഴിവാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണങ്ങൾക്ക് - നം.118/കെ.എസ്.എ/ടിവിസി.9/2023-24തീയതി18.12.2024,നം.138/കെ.എസ്.എ/ടിവിസി.9/2023-24 തീയതി 03.01.2025 - മറുപടി ലഭ്യമാക്കിയിട്ടില്ല.

വരും വർഷങ്ങളിൽ പദ്ധതി മാർഗ്ഗരേഖ നിർദ്ദേശ പ്രകാരം പദ്ധതി രൂപീകരിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-74 സ്കൂളുകളിൽ ശുദ്ധമായ കുടിവെള്ളം - വാട്ടർ പ്യൂരിഫയർ ഇൻസ്റ്റലേഷൻ റിപ്പോർട്ടിന്റെ അഭാവത്തിൽ 1,84,454/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം	695/2024
പ്രോജക്ടിന്റെ പേര്	സ്കൂളുകളിൽ ശുദ്ധമായ കുടിവെള്ളം
അടങ്കൽ തുക	10,00,000/-
ചെലവ് തുക	9,96,050/-
ഫണ്ടിനം	മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ബിൽ നം./തീയതി	387/14.09.2023,777/19.12.2023
നിർവ്വഹണോദ്യോഗസ്ഥൻ	തങ്കമണി.ജെ (09.08.2023AN-05.02.2024FN) ഡെപ്യൂട്ടിഡയറക്ടർ,പൊതു വിദ്യാഭ്യാസം

പദ്ധതി പ്രകാരം നഗരസഭ പരിധിയിലെ 19 സ്കൂളുകളിലേയ്ക്ക് 27 വാട്ടർ പ്യൂരിഫയറുകൾ ജെം മുഖേന വാങ്ങുന്നതിനും ഇൻസ്റ്റലേഷനുമായി 9,96,050/- രൂപ വിനിയോഗിച്ചു.

Bid Document പ്രകാരം Installation And Commissioning സപ്ലൈയുടെ ഭാഗമാണെന്ന് രേഖപ്പെടുത്തിയിരുന്നുവെങ്കിലും ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ 20000/-രൂപ ചെലവഴിച്ചിട്ടുണ്ട്. വാട്ടർ പ്യൂരിഫയറുകളുടെ ആവശ്യകതാ,സ്പെസഫിക്കേഷൻ എന്നിവ നിർണ്ണയിച്ചതെങ്ങനെ, വാറന്റി കാലയളവിന് ശേഷം AMC യ്ക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്നീ വിവരങ്ങൾ പരിശോധിക്കിന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സ്ഥാപനവുമായി ഏർപ്പെട്ട കരാർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവയും ലഭ്യമാക്കിയിട്ടില്ല. 27 വാട്ടർ പ്യൂരിഫയറുകൾക്ക് തുക വിനിയോഗിച്ചിട്ടുണ്ടെങ്കിലും 22 വാട്ടർ പ്യൂരിഫയറുകളുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ.ഈ സാഹചര്യത്തിൽ 5 വാട്ടർ പ്യൂരിഫയറുകളുടെ ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെയുള്ള വിലയായ 1,84,454/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇൻസ്റ്റലേഷൻ റിപ്പോർട്ടും അനുബന്ധരേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

GST TDS ഈടാക്കുകയോ സ്ഥാപനത്തിന്റെ GST അടവ് ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല.

CGST Act 2017 സെക്ഷൻ 51(1) ,SGST Act 2017സെക്ഷൻ 51(1) എന്നിവ പ്രകാരം 2.50ലക്ഷത്തിൽ അധികം മൂല്യമുള്ള സാധനത്തിന്റെ ബില്ലിൽ നിന്നും CGST,SGST ഇനത്തിൽ 1% വീതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്.എന്നാൽ മേൽ പരാമർശിച്ച വാങ്ങലുകളിൽ നിന്നും GST TDS കുറവ് ചെയ്തിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

സ്ഥാപനം -ആർ.ജെ എന്റർപ്രൈസസ്

GSTIN/UIN;32AFRPJ2581D1ZK

(ഇൻ വോയ്സ് നം.RJE01388/2023-24/11.09.2023)

നികുതി ഒഴികെയുള്ള ബിൽ തുക 8,27,160/-

GST TDS CGST 8272/-

SGST 8272/-

ആകെ 16,544/

സ്ഥാപനം GST ഇനത്തിലെ തുക കൃത്യമായി ഒടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുതകുന്ന TDS കിഴിവ് നടത്താതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.സ്ഥാപനത്തിന് GST ഇനത്തിൽ മേൽ പരാമർശിച്ച ബിൽ പ്രകാരം നൽകിയ 1.48,890/-രൂപ സർക്കാരിൽ അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.130/കെ.എസ്.എ/ടിവിസി.9/2024 തീയതി 23.12.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-75 ജെൻഡർ എജ്യൂക്കേഷൻ-ചെലവ് വൌച്ചറുകളുടെ അഭാവത്തിൽ 2,70,000/ രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം,പേര്	അടങ്കൽ തുക,ഫണ്ടിനം	ചെലവ് തുക	ബിൽ നം,തീയതി
SO704/2024,ജെൻഡർ എജ്യൂക്കേഷൻ	5,00,000/- വികസന ഫണ്ട് (പൊതു വിഭാഗം)	3,06,105/-	2362/23.03.2024 2363/23.03.2024 2596/24.03.2024 2597/24.3.2024
നിർവ്വഹണോദ്യോഗസ്ഥൻ - സുരേഷ്ബാബു.ആർ.എസ് (05.02.2024 AN-31.03.2024), ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം			

പദ്ധതി രൂപീകരണ ഫോറം പ്രകാരം കോർപ്പറേഷൻ അധീനതയിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ജെൻഡർ എജ്യൂക്കേഷൻ ആന്റ് കൌൺസിലിംഗ് നടത്തുന്നതിന് ബന്ധപ്പെട്ട മേഖലയിലെ പ്രഗൽഭരെക്കൊണ്ട് ക്ലാസ്സുകളും കൌൺസിലിംഗും നടത്തുകയായിരുന്നു പദ്ധതി ലക്ഷ്യവും പ്രവർത്തനവും.എന്നാൽ അധ്യാപകർക്ക് പരിശീലനത്തിനായാണ് പദ്ധതി പ്രകാരം തുക ചെലവഴിച്ചത്.പദ്ധതി പ്രകാരം 18 സ്കൂളുകൾക്ക് 15000/-രൂപ വീതം നൽകിയിട്ടുണ്ട്,എന്നാൽ ഇതുമായി ബന്ധപ്പെട്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ,ചെലവ് വൌച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഈ സാഹചര്യത്തിൽ ചെലവ് വൌച്ചറുകളുടെ അഭാവത്തിൽ 2,70,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

ഈ പദ്ധതിയോടൊപ്പം സമർപ്പിച്ചിട്ടുള്ള അക്വിറ്റൻസ് പ്രകാരം Work Sheet Preparation,Training എന്നിവയിൽ പങ്കെടുത്ത ശ്രീമതി.ഗീതാനായർ,ഡയറ്റ്,തിരുവനന്തപുരം 4200/രൂപയ്ക്ക് അർഹതയുള്ളതായി കാണുന്നു.എന്നാൽ 2596/24.03.2024 നമ്പർ ബിൽ പ്രകാരം ടിയാൾക്ക് 10050/രൂപ ബാങ്ക് അക്കൌണ്ടിൽ നൽകിയിട്ടുണ്ട്.ഇത്തരത്തിൽ അക്വിറ്റൻസ് പ്രകാരം അർഹതയുള്ളതിൽ അധികരിച്ച് 5850/-രൂപ നൽകി.അക്വിറ്റൻസ് പ്രകാരമുള്ളതിൽ 12 അധ്യാപകർക്ക്(5850/-രൂപ) ബിൽ പ്രകാരം ബാങ്ക് അക്കൌണ്ടിൽ തുക നൽകിയതായും കാണുന്നില്ല.പദ്ധതി പ്രകാരം അവന്തീസ് കുടുംബശ്രീ ക്യാന്റീൻ,കോഫി ഹൌസ് എന്നിവയുടെ ബിൽ പ്രകാരമുള്ള 21855/-

രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് അല്ല പകരം ശ്രീ.അഖിൽ.സി.എസ് എന്ന വ്യക്തിയുടെ ബാങ്ക് അക്കൌണ്ടിലാണ് നൽകിയിരിക്കുന്നത്. തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.130/കെ.എസ്.എ/ടിവിസി.9/2024 തീയതി 23.12.2024 നുള്ള മറുപടി പ്രകാരം പ്രഗൽഭരെക്കൊണ്ട് ക്ലാസ്സെടുക്കാനാണ് പദ്ധതിയിൽ തീരുമാനിച്ചിരുന്നതെങ്കിലും ഭാവിയിൽ കുട്ടികൾക്ക് ഉപകാരപ്പെടുന്നതിനുവേണ്ടിയാണ് അധ്യാപകർക്ക് ക്ലാസ്സുകൾ നൽകിയതെന്നും ചെലവ് വൌച്ചറുകൾ ഹാജരാക്കാൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കിയിരുന്നു.വൌച്ചറുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-76 പ്രീ പ്രൈമറി വിദ്യാലയങ്ങൾക്ക് പഠനോപകരണങ്ങൾ,കളിക്കോപ്പുകൾ വാങ്ങലിൽ സർക്കാർ ഉത്തരവുകളും സ്റ്റോർ പർച്ചേയ്സ് മാനുവലിലെ നിബന്ധനകളും പാലിച്ചില്ല.

ക്രമ നം	പ്രോജക്ട് നം,പേര്	അടങ്കൽ തുക,ഫണ്ടിനം	ചെലവ് തുക	ബിൽ നം,തീയതി
01	SO717/2024, പ്രീ പ്രൈമറി വിദ്യാലയങ്ങൾക്ക് പഠനോപകരണങ്ങൾ, കളിക്കോപ്പുകൾ വാങ്ങി നൽകൽ.	10,00,000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം)	9,99,536/-	485/16.10.2023 803/19.12.2023 804/19.12.2023 1693/22.02.2024
നിർവ്വഹണോദ്യോഗസ്ഥൻ - തങ്കമണി.ജെ (09.08.2023 AN-05.02.2024 FN), സുരേഷ്ബാബു.ആർ.എസ് (05.02.2024 AN- 31.03.2024), ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം				
02	SO719/2024, പാചകപ്പുരയ്ക്ക് ആവശ്യമായ പാത്രങ്ങളും അനുബന്ധ സാധനങ്ങളും.	10,00,000/- മെയിന്റൻസ് ഫണ്ട് (റോഡിതരം)	9,99,400/-	484/16.10.2023
നിർവ്വഹണോദ്യോഗസ്ഥൻ - തങ്കമണി.ജെ (09.08.2023AN-05.02.2024FN), ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം				

സർക്കാർഉത്തരവ് (എംഎസ്) നം.13/2015/ITDതീയതി 12.05.2015 പ്രകാരം 5 ലക്ഷം രൂപയിലധികരിച്ച വാങ്ങലുകൾക്ക് ഇ-പ്രൊക്യൂർമെന്റ് ബാധകമാക്കിയിരുന്നു. 09.05.2022 ലെ സർക്കുലർ നം.എസ്.പിഡി-എ2/9/2022-എസ്.പിഡി പ്രകാരം സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ 25,000/-രൂപയിലധികരിച്ച വാങ്ങലുകൾ ജെം മുഖേന നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. സ്റ്റോർ പർച്ചേയ്സ് മാനുവൽ ഖണ്ഡിക 19.7 പ്രകാരം 5 ലക്ഷം രൂപയിലധികരിച്ച വാങ്ങലുകൾക്ക് ജെം പോർട്ടലിൽ ലഭ്യമായ ഓൺലൈൻ ബിഡിംഗ്/റിവേഴ്സ് ഓക്ഷൻ രീതി വിനിയോഗിക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.എന്നാൽ പത്ത് ലക്ഷം രൂപ അടങ്കൽ തുകയുള്ള മേൽ പ്രോജക്ടുകളിൽ മേൽ പരാമർശിച്ച മാർഗ്ഗങ്ങളൊന്നും സ്വീകരിക്കാതെ യഥാക്രമം KADCO, KSIE എന്നീ സ്ഥാപനങ്ങളിൽ നിന്നും പദ്ധതി പ്രകാരമുള്ള സാധനങ്ങൾ ടെണ്ടർ ഇല്ലാതെ വാങ്ങുകയാണ് ചെയ്തത്. സ്റ്റോർ പർച്ചേയ്സ് മാനുവൽ ഖണ്ഡിക 9.23 ൽ ഇളവ് അനുവദിച്ച് KADCO യിൽ നിന്നും ടെണ്ടർ ഇല്ലാതെ വാങ്ങാവുന്ന സാധനങ്ങളുടെ ലിസ്റ്റിൽ പദ്ധതി പ്രകാരം വാങ്ങിയ പഠനോപകരണങ്ങളും കളിയുപകരണങ്ങളും ഉൾപ്പെടുന്നുമില്ല.719/24 നമ്പർ പദ്ധതി പ്രകാരമുള്ള സാധനങ്ങൽ KSIEയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങുന്നതിന് സർക്കാർ അനുമതിയുള്ളതായി കാണുന്നില്ല.ഇത്തരത്തിൽ സർക്കാർ ഉത്തരവുകളും സ്റ്റോർ പർച്ചേയ്സ് മാനുവലിലെ നിബന്ധനകളും പാലിക്കാതെയാണ് പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകൾ നടത്തിയിരിക്കുന്നത്.ഓരോ സ്കൂളുകളിലെയും 2023-24 കാലയളവിലെ പ്രീപ്രൈമറി ക്ലാസ്സിലെ കുട്ടികളുടെ എണ്ണം എത്രയാണ്, പഠനോപകരണങ്ങളുടെയും കളിക്കോപ്പുകളുടെയും മറ്റ് സാധനങ്ങളുടെയും അവശ്യകത നിർണ്ണയിച്ചതെങ്ങനെയാണ്. പദ്ധതി പ്രകാരം വാങ്ങി നൽകിയ പഠനോപകരണങ്ങളും,കളിക്കോപ്പുകളും പ്രീപ്രൈമറി ക്ലാസ്സിലെ കുട്ടികൾക്ക് അനുയോജ്യമാണെന്ന് ഉറപ്പു വരുത്തിയതെങ്ങനെ എന്നീ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.133/കെ.എസ്.എ/ടിവിസി.9/2023-24തീയതി; 31.12.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററുകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം.717/2024 സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.28/കെഎസ്എ ടിവിസി.9/2023-24 തീയതി : 27.08.2024 നുള്ള മറുപടി പ്രകാരം ഇനിയുള്ള വാങ്ങലുകളിൽ സ്റ്റോർ പർച്ചേയ്സ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ സർക്കാർ ഉത്തരവുകളും സ്റ്റോർ പർച്ചേയ്സ് മാനുവലിലെ നിബന്ധനകളും പാലിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം ഉറപ്പു വരുത്തേണ്ടതുമാണ്.

1-77 "ഉണർവ് - പ്രഭാത ഭക്ഷണം" പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല-ചെലവ് തുക 3,68,62,441/- രൂപ തടസ്സപ്പെടുത്തുന്നു.

പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണം നടത്തിയ "ഉണർവ്- പ്രഭാത ഭക്ഷണം" പദ്ധതികളുടെ ഫയലുകൾ ഹാജരാക്കുന്നതിന് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, സെക്ഷൻ 11, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 8 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന് 04.06.2024-ന് 07/2023-24 നമ്പർ റിക്വസിഷൻ നൽകിയിരുന്നു. റിക്വസിഷൻ പ്രകാരമുള്ള നിർദ്ദിഷ്ട

സമയത്തിനുള്ളിൽ രേഖകൾ ഹാജരാക്കാത്തതിനാൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 11 പ്രകാരം 21.102024ന് 01/2023-24 നമ്പർ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നൽകിയിരുന്നു. ഇതിനുശേഷവും ഓഡിറ്റിന് ഹാജരാക്കാത്ത ഫയലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	ചെലവ് തുക	നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരും കാലയളവും	ഫണ്ടിനം
1	50/2024	ഉണർവ് പ്രഭാത ഭക്ഷണം	3,38,35,729	കൃഷ്ണകുമാർ.സി.സി (01.04.2023-09.08.2023FN) തങ്കമണി.ജെ (09.08.2023AN-05.02.2024FN) സുരേഷ്ബാബു.ആർ.എസ് (05.02.2024AN- 31.03.2024) ഡെപ്യൂട്ടിഡയറക്ടർ, പൊതു വിദ്യാഭ്യാസം	വികസന ഫണ്ട്(പൊതു വിഭാഗം), തനത്ഫണ്ട്
2	1033/24	ഉണർവ് പ്രഭാത ഭക്ഷണം	30,26,712	കൃഷ്ണകുമാർ.സി.സി (01.04.2023-09.08.2023FN) തങ്കമണി.ജെ (09.08.2023AN-05.02.2024FN) ഡെപ്യൂട്ടിഡയറക്ടർ, പൊതു വിദ്യാഭ്യാസം	വികസന ഫണ്ട്(പൊതു വിഭാഗം)
		ആകെ	**3,68,62,441**		

മേൽ പ്രോജക്ട് ഫയലുകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 3,68,62,441/-രൂപ തടസ്സപ്പെടുത്തുന്നു.

1-78 കായികാരോഗ്യം Open Gym ലൂടെ - പദ്ധതി ആസൂത്രണത്തിലെ പാളിച്ചകൾ

പ്രോജക്ട് നം.	1054/24
പ്രോജക്ടിന്റെ പേര്	Open Gym
അടങ്കൽ തുക	13,97,744രൂപ
ചെലവ് തുക	6,89,518 രൂപ
ഫണ്ടിനം	പ്ലാൻ ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം
ബിൽ നം./തീയതി	2060/12.03.2024, 3,54,113/- രൂപ 2627/24.03.2024, 3,35,405/- രൂപ
നിർവ്വഹണോദ്യോഗസ്ഥ	ശ്രീമതി. ബിന്ദു ശിവദാസ് പ്രിൻസിപ്പാൾ GGHSS പേരൂർക്കട

നഗരസഭ പരിധിയിലെ വേളി, പൂജപ്പുര. കനകക്കുന്ന്, മ്യൂസിയം, ആറ്റുകാൽ, കവടിയാർ പാർക്ക് എന്നിവിടങ്ങളിൽ എത്തിച്ചേരുന്ന പൊതുജനങ്ങൾക്ക് ആരോഗ്യപരിപാലന സൗകര്യം ഒരുക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ ആയതിനാൽ കനകക്കുന്ന്, മ്യൂസിയം എന്നിവിടങ്ങൾ ഒഴിവാക്കി മുട്ടട വാർഡിലെ ആലപ്പുറം കുളം പാർക്ക്, കവടിയാർ വാർഡ്, പൂജപ്പുര വാർഡ്, ആറ്റുകാൽ വാർഡ്, വേളി ബോട്ട് ക്ലബ്ബ്, മെഡിക്കൽ കോളേജ് വാർഡ് എന്നിവിടങ്ങളിൽ Open Gym സ്ഥാപിക്കാൻ തീരുമാനിക്കുകയുണ്ടായി. ഓപ്പൺ ജിം -ന് ആവശ്യമായ സാധനങ്ങൾ പർച്ചേസ് ചെയ്യുന്നതിനായി നിർവ്വഹണോദ്യോഗസ്ഥ ഈ-ടെണ്ടർ ക്ഷണിച്ചത് പ്രകാരം ലഭ്യമായ ഇൻവോയിസുകൾ പർച്ചേസ് കമ്മിറ്റി പരിശോധിച്ച്, L1 ആയ DELTA Engineering System എന്ന സ്ഥാപനം ഹാജരാകാത്തതിനാൽ L2 ആയ FORGE FITNESS AND WELLNESS എന്ന സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ നിരക്കിന് 19.01.2023-ൽ കൂടിയ പർച്ചേസ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനം, വിദ്യാഭ്യാസ കായിക സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 30.01.2023-ലെ 1-ാം നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ കൗൺസിൽ തീരുമാനം നം. 3(എച്ച്)5 തീയതി.07.02.2023 പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. 29.11.2024 ന് ഓഡിറ്റ് ടീം നിർവ്വഹണോദ്യഗസ്ഥയുമായി നടത്തിയ സ്ഥലപരിശോധനയിൽ മെഡിക്കൽ കോളേജ് വാർഡ്, വേളി ബോട്ട് ക്ലബ്ബ് എന്നിവയൊഴികെ മറ്റ് സ്ഥലങ്ങളിൽ Open Gym സ്ഥാപിച്ചിട്ടുള്ളതായി കണ്ടു.

ചുവടെ സൂചിപ്പിക്കുന്ന ഉപകരണങ്ങളാണ് Forge Fitness And Wellness എന്ന സ്ഥാപനത്തിൽ നിന്നും Open Gym-ലേയ്ക്കായി വാങ്ങിയിട്ടുള്ളത്.

Sky Walker Double	Airo Rider
Back Extension	Ab Trainer

Monkey Bar	Standing Twister Double
Pull Up Bar	Sit Up Station
Shoulder Exercise Single	Two Level Chinup
Pendulam Double	Situpper Double
Galvanised Iron Push Chair	

പദ്ധതി ആസൂത്രണത്തിലെ പാളിച്ചകൾ ചൂവടെചേർക്കുന്നു.

1. G.O(P) No.7/19/SPD, Dated.26.04.2019 അനുസരിച്ച് വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലെങ്കിൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ, സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർ പർച്ചേസ് മാർഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണെന്ന് (ഖണ്ഡിക 19.3) വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഓപ്പൺ ജിമ്മിലേക്ക് ആവശ്യമായ ഉപകരണങ്ങൾ GeM പോർട്ടൽ മുഖേന വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

2. വാങ്ങിയ ഉപകരണങ്ങളുടെ ആവശ്യകത, സ്പെസിഫിക്കേഷൻ എന്നിവ നിർണ്ണയിച്ചത് എപ്രകാരമാണെന്ന് ഫയലിൽ വ്യക്തമല്ല.

3. 11.10.2023-ൽ Forge Fitness Center ഉം Purchasing Officer ഉം തമ്മിൽ ഏർപ്പെട്ട കരാറിൽ വ്യക്തമാക്കിയിരിക്കുന്ന ചൂവടെ സൂചിപ്പിക്കുന്ന നിബന്ധനകൾ പാലിക്കാതെയാണ് Open Gym സ്ഥാപിച്ചിട്ടുള്ളത്.

എ) ചതുപ്പു നിലങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിക്കരുതെന്ന് കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുട്ടട വാർഡ് ഒഴികെ മറ്റ് സ്ഥലങ്ങളിലെല്ലാം ഇന്റർലോക്ക് പ്ലാറ്റ്ഫോം സജ്ജമാക്കാതെയാണ് ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ ഉപകരണങ്ങൾ വേഗം നശിച്ചുപോകുന്നതിനുള്ള സാധ്യതയുണ്ട്.

പൂജപ്പുര വാർഡിലെ ഓപ്പൺ ജിം



ബി) 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായാണ് ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. മൂന്ന് മാസത്തിൽ ഒരിക്കൽ ഉപകരണത്തിന്റെ അവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് നൽകണമെന്ന് 11.10.2023-ൽ ഏർപ്പെട്ട കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അത്തരത്തിൽ ഒരു റിപ്പോർട്ട് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സി)6 മാസത്തിൽ ഒരിക്കൽ (ഒരു വർഷം വരെ) ഉപകരണങ്ങളുടെ സർവ്വീസ് (Touch Painting, Tightening Nuts And Bolts, Cleaning The Machine And Bearing Lubrication) കോൺട്രാക്ടർ (Forge Fitness & Wellness) നടത്തണമെന്ന് കരാറിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ അപ്രകാരം സർവ്വീസ് നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 62/കെ.എസ്.എ/ടിവിസി.8/2023-24, തീയതി.03.10.2024) മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4. മുട്ടട വാർഡ് ഒഴികെ മറ്റ് സ്ഥലങ്ങളിൽ ഉപകരണങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ മേൽക്കൂര സ്ഥാപിച്ചിട്ടില്ല. വെയിലും മഴയും ഏറ്റ് ഉപകരണങ്ങൾ പലതും തുരുമ്പ് പിടിച്ച അവസ്ഥയിലാണ്.

5. താരതമ്യേന ജനസഞ്ചാരം കുറഞ്ഞ ഭാഗത്താണ് പൂജപ്പുര, കവടിയാർ എന്നീ വാർഡുകളിൽ Open Gym സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ Open Gym ന്റെ സൗകര്യം പ്രയോജനപ്പെടുത്തുന്നവർ കുറവായിരിക്കും.

6. ആറ്റുകാൽ റൗണ്ട് എബൗട്ടിൽ സജ്ജമാക്കിയിരിക്കുന്ന Open Gym ഉപയോഗിക്കുന്ന പൊതുജനങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ജി.ഐ ഫെൻസിംഗ് സ്ഥാപിച്ചിട്ടില്ല. ഇന്റർലോക്ക് പ്ലാറ്റ്ഫോം സജ്ജമാക്കാതെയാണ് ഇവിടെയും ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ളത്.

ആറ്റുകാൽ റൗണ്ട് എബൗട്ടിലെ ഓപ്പൺ ജിം



7. Forge Fitness And Wellness എന്ന സ്ഥാപനത്തിന് ISO Certification ഉള്ളതായി ഉറപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8. 2023-24 സാമ്പത്തിക വർഷം 6,89,518/- രൂപ ചെലവഴിച്ച് സ്ഥാപിച്ച ഓപ്പൺ ജിം പരിപാലിക്കുന്നതിനായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

ജീവതശൈലി രോഗങ്ങൾ കുറയ്ക്കുന്നതിനും കായികക്ഷമതയുള്ള ജനതയെ വാർത്തെടുക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി Open Gym ഉപയോഗപ്രദമാണ്. ഇന്റർലോക്ക് പ്ലാറ്റ്ഫോം, മേൽക്കൂര തുടങ്ങിയ അനുബന്ധ സൗകര്യങ്ങളുടെ അഭാവത്തിൽ ഓപ്പൺ ജിം സജ്ജമാക്കിയിരിക്കുന്നതിനാൽ ഉപകരണങ്ങൾ തുരുമ്പിച്ച് ഉപയോഗയോഗ്യമല്ലാതായി തീരുന്നതിനുള്ള സാധ്യത വളരെയേറെയാണ്. 6,89,518/- രൂപ ചെലവഴിച്ച നടപ്പാക്കിയ പ്രസ്തുത പദ്ധതി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ സജ്ജമാക്കിയിട്ടില്ല. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സ്ഥാപിച്ച ഉപകരണങ്ങൾ വരുന്ന 5 വർഷങ്ങൾക്കുള്ളിൽ ഉപയോഗശൂന്യമായി സർക്കാരിന്റെ പദ്ധതിപ്പണം പാഴ്ച്ചെലവായി മാറുന്ന അവസ്ഥയിലാകും എന്നാണ് സ്ഥലപരിശോനയിൽ ബോധ്യമായത്. ഉപകരണങ്ങൾ സംരക്ഷിക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതും സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ ഒഴിവു സമയങ്ങളിൽ എല്ലാവർക്കും വ്യായാമം ചെയ്യാൻ കഴിയുന്ന ജനസഞ്ചാര മേഖലയിൽ ഓപ്പൺ ജിം സജ്ജമാക്കേണ്ടതും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഇതിന്റെ നടത്തിപ്പ് യഥാസമയം മോണിറ്റർ ചെയ്യേണ്ടതുമാണ്. പദ്ധതിയുടെ നിർവ്വഹണം നടത്തിയിരിക്കുന്നത് സ്കൂൾ പ്രിൻസിപ്പാൾ ആണ്. ഇത്തരം പദ്ധതികൾ ഈ മേഖലയിൽ സാങ്കേതിക വൈദഗ്ദ്യമുള്ളവരെക്കൊണ്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-79 സ്കൂൾ എസ്.എം.എസ് - സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി - 24,14,186/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	S1040/24
പ്രോജക്ടിന്റെ പേര്	സ്കൂൾ എസ് എം എസ് പദ്ധതി
ഫണ്ടിനം	വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം
ആകെ അടങ്കൽ	24,14,186
ആകെ ചെലവ്	24,14,186
ബിൽ നം./തീയതി	895/20.03.2024
നിർവ്വഹണോദ്യോഗസ്ഥൻ	ഡോ.കെ.ലൈലാസ്, പ്രിൻസിപ്പാൾ, ഗവ.ജി.എച്ച്.എസ്.എസ്, പട്ടം

നഗരസഭ പരിധിയിലെ ഗവ/എയ്ഡഡ് സ്കൂളുകൾക്കും നഗരസഭാ നഴ്സറികൾക്കും ഐ.കെ.എം-ന്റെ സഹായത്തോടെ സ്കൂൾ എസ്.എം.എസും, ഐ.ഡി കാർഡ് വിതരണവും നഗരസഭാ HREDC മുഖേന നടപ്പിലാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്കൂൾ എസ്.എം.എസ് എന്നാണ് പദ്ധതിയുടെ പേര് എങ്കിലും നിലവിൽ ഐ.ഡി കാർഡ് വിതരണം മാത്രമാണ് നടത്തിവരുന്നത്. മുൻ വർഷങ്ങളിൽ സ്കൂളുകളിലെ കുട്ടികളുടെ ഹാജർ, പഠനനിലവാരം എന്നിവ ഓൺലൈനായി അധ്യാപകർക്കും, രക്ഷകർത്താക്കൾക്കും തൽസമയം മോണിറ്റർ ചെയ്യുന്നതിനും കുട്ടികൾക്ക് ഐ.ഡി കാർഡ് നൽകുന്നതിനുമായാണ് നഗരസഭ പദ്ധതി നടപ്പിലാക്കി വന്നിരുന്നത്. ആയതിൽ സോഫ്റ്റ്വെയർ ഭാഗം ഐ കെ എം -ഉം, ഡാറ്റാ എൻട്രി, ട്രെയിനിംഗ്, ഐ.ഡി കാർഡ് എന്നിവ HREDCയും നിർവ്വഹിച്ചു വന്നിരുന്നു. പ്രസ്തുത സാഹചര്യത്തിലാണ് പദ്ധതിയുടെ പേര് എസ്.എം.എസ് എന്ന് നൽകിയിട്ടുള്ളത്. കോവിഡാനന്തരം എസ് എം എസ് സംവിധാനം വിദ്യാലയങ്ങളിൽ പലപ്പോഴും ഉപയോഗിക്കാത്തതിനാൽ ഐഡി കാർഡ് വിതരണം മാത്രമാണ് നിലവിൽ നിർവ്വഹിച്ചു വരുന്നത്. ആയതിന്റെ തുക മാത്രമാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്.

2022-23 സാമ്പത്തിക വർഷം കുട്ടികളുടെ ഐഡി കാർഡ് നിർമ്മാണത്തിനായി ഒരു കുട്ടിക്ക് 80/- രൂപ +ജി.എസ്.ടി നിരക്കിൽ നഗരസഭാ പരിധിയിലെ 93 സ്കൂളുകളിലെ 25574 കുട്ടികൾക്കായി ആകെ 24,14,186/- രൂപ HREDC ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം പ്രോജക്ട് നം.228/23 ആയി നടപ്പാക്കിയിരുന്ന പദ്ധതി പ്രകാരമുള്ള ആകെ ചെലവ് തുകയായ 24,14,186/- രൂപ നഗരസഭ HREDC-യ്ക്ക് കൈമാറിയിരിക്കുന്നത് 20.03.2024-നാണ്. ഫയൽ പരിശോധിച്ചതിൽ സ്കൂളുകൾ ID കാർഡ് കൈപ്പറ്റിയിരിക്കുന്നത്

2022-23 സാമ്പത്തിക വർഷം ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള മാസങ്ങളിലാണ്. ഭീമമായ തുക ചെലവഴിച്ച് വർഷങ്ങളായി നടപ്പാക്കി വരുന്ന പ്രസ്തുത പദ്ധതിയുടെ പ്രയോജനം അധ്യയന വർഷാരംഭത്തിൽ തന്നെ കുട്ടികൾക്ക് ലഭിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.54/കെ.എസ്.എ/ടിവിസി.8/2024, തീയതി. 20.09.2024) ലഭ്യമാക്കിയ മറുപടിയിൽ ഐ.ഡി കാർഡിന് വേണ്ടിയുള്ള അപേക്ഷാ ഫോമുകൾ സ്കൂളുകളിൽ വിതരണം ചെയ്താലും കുട്ടികളുടെ വിവരങ്ങൾ യഥാസമയം ലഭിക്കാത്തതിനാൽ ഐ.ഡി കാർഡ് പ്രിന്റ് ചെയ്ത് നൽകുന്നതിന് കാലതാമസം നേരിടുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. വരും വർഷങ്ങളിൽ ഈ പ്രവണത ഒഴിവാക്കി അധ്യയന വർഷാരംഭത്തിൽ തന്നെ കുട്ടികൾക്ക് ഐ.ഡി കാർഡ് ലഭിക്കത്തക്കവണ്ണം പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

തസ്വഭ (ഐബി)വകുപ്പിന്റെ 12.08.2015 ലെ സ.ഉ(സാധാ)നം.2486/2015/തസ്വഭവ ഉത്തരവ് പ്രകാരം വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് IKM ന്റെ 'സഹായ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം' വെബ് പോർട്ടൽ ഉപയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യവസ്ഥകളോടെ അനുമതിയും മറ്റ് സ്വകാര്യ സോഫ്റ്റ്വെയറുകൾ ഉപയോഗിക്കാൻ പാടില്ലെന്ന നിർദ്ദേശവും നൽകി ഉത്തരവായിട്ടുണ്ട്. പരാമർശിത സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം ഓരോ 250 കുട്ടികൾക്കും 1000/- രൂപ വീതം വാർഷിക വിഹിതമായി IKM-ൽ അടയ്ക്കണമെന്നും തിരിച്ചറിയൽ കാർഡ് 'സഹായ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം' സോഫ്റ്റ്വെയറിൽ നിന്നും ആവശ്യമുള്ളവർക്ക് കാർഡ് ഒന്നിന് 50/- രൂപ നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം IKMൽ ഒടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ സർക്കാർ ഉത്തരവ് പാലിക്കാതെയാണ് 2023-24 സാമ്പത്തിക വർഷവും പദ്ധതി നടപ്പാക്കിയിരിക്കുന്നത്. പ്രസ്തുത വിഷയം 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും ആയത് 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുകയും ആയത് നിലവിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലുമാണ്.കൂടാതെ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.നം.3.29 പ്രസ്തുത വിഷയം പരാമർശിച്ചിരുന്നുവെങ്കിലും ആയത് നടപ്പിലാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 54/കെ.എസ്.എ/ടിവിസി.8/2024,തീയതി.20.09.2024) സർക്കാർ ഉത്തരവനുസരിച്ച് IKM-ന് കത്ത് നൽകിയിരുന്നതിൽ യാതൊരു മറുപടിയും ലഭിക്കാത്ത സാഹചര്യത്തിലാണ് നഗരസഭയുടെ തീരുമാനപ്രകാരം പദ്ധതി നിർവ്വഹണം HREDC-യെ ഏൽപ്പിക്കാനിടയായത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവ് നിലനിൽക്കെ HREDC-യെ പ്രവൃത്തി ഏൽപ്പിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 24,14,186/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-80 കുട്ടികൾക്ക് കളരി പരിശീലനം - പദ്ധതി നടത്തിപ്പിൽ അപാകതകൾ - 4,71,842/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	1044/24	1052/24
പ്രോജക്ടിന്റെ പേര്	കളരി ജനറൽ	കളരി എസ്.സി
ഫണ്ടിനം	പ്ലാൻ ഫണ്ട് - ജനറൽ	പ്ലാൻ ഫണ്ട് - എസ് സി പി
ആകെ അടങ്കൽ	30,00,000	327092
ആകെ ചെലവ്	8,00,370	327092
ബിൽ നം./തീയതി	548/02.11.2023	549/02.11.2023
നിർവ്വഹണോദ്യോഗസ്ഥൻ	ശ്രീമതി. ബിന്ദുശിവദാസ്,പ്രിൻസിപ്പാൾ GGHSS, പേരൂർക്കട	ശ്രീമതി. ബിന്ദു ശിവദാസ്, പ്രിൻസിപ്പാൾ GGHSS, പേരൂർക്കട

നഗരസഭ പരിധിയിലെ ഗവൺമെന്റ് /എയ്ഡഡ് സ്കൂളുകളിലെ 5 മുതൽ 10 വരെ ക്ലാസുകളിലുള്ള കുട്ടികളിൽ നിന്നും കായിക ഇനത്തിൽ താത്പര്യമുള്ള 300 കുട്ടികളെ കണ്ടെത്തി 50 ദിവസത്തെ പരിശീലനം നൽകി മികച്ച കായിക പ്രതിഭകളെ വാർത്തെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. രണ്ട് പദ്ധതികളിലുമായി ആകെ 420 കുട്ടികൾക്ക് 45 ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രണ്ട് പദ്ധതികളിലെയും കുട്ടികളുടെ ഹാജർ ബുക്കിൽ വൈറ്റ്നർ ഉപയോഗിച്ച് ധാരാളം തിരുത്തൽ വരുത്തിയിട്ടുണ്ട്.

2. കളരി ജനറൽ പദ്ധതിയിൽ സേവനമനുഷ്ഠിച്ച വോളന്റിയർമാരുടെയും (ആകെ 9 വോളന്റിയർമാർ) കോച്ചുമാരുടെയും (ആകെ 13 കോച്ചുമാർ) യോഗ്യത തെളിയിക്കുന്ന രേഖകളും ഹാജർ രേഖകളും ഇവരുടെ സേവന വേതന വ്യവസ്ഥകളും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

3. കളരി ജനറൽ പദ്ധതിയിൽ റിഫ്രെഷ്മെന്റ് നടത്തിയ ഇനത്തിൽ ആകെ 4,08,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 4,08,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

4. കളരി എസ് സി പദ്ധതിയിൽ, കുട്ടികൾ എസ്.സി വിഭാഗത്തിൽ ഉള്ളവരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകളും, കോച്ചുമാരുടെ യോഗ്യത തെളിയിക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല.

5. മേൽ രണ്ട് പദ്ധതികൾക്കുമായി നൽകിയിരിക്കുന്ന പേര് കളരി എന്നാണെങ്കിലും കുട്ടികൾക്ക് പരിശീലനം നൽകിയിരിക്കുന്നത് ഫുട്ബോൾ, അത്ലറ്റിക്സ്, ഹാന്റ്ബാൾ, വോളിബാൾ, ബാസ്കറ്റ്ബാൾ എന്നിവയിലാണ്. ഇതിനായി സച്ചിൻ സ്പോർട്സിൽ നിന്നും ഇൻവോയിസ് നം. 184/16.12.2022 പ്രകാരം വാങ്ങിയ സ്പോർട്സ് ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

Sl No.	Item	Rate Of Tax	Quantity	Rate	Amount
1	Nivia – Football Astrix	12%	8	491	3928
2	Nivia – Cross World	"	12	670	8040
3	Nivia - Shiningstar	"	15	875	13125
4	Basketball - Coscotriple	"	10	687.5	6875
5	Handball - Nivia	"	10	625	6250
6	Volleyball - Net	"	1	1786	1786

7	Air Pump	"	3	268	804
8	Soccercone	18%	100	14.5	1450
9	Ladder	12%	5	446.5	2232.5
10	Hurdles 6 Inch	"	10	196.5	1965
11	Hurdles 9 Inch	"	10	223	2230
12	Marker Cone - 6inch	18%	40	42	1680
13	Marker Cone – 9 Inch	"	10	635	635
14	Volleyball	12%	10	580	5800
					56800.5
				SGST	3521
				CGST	3521
	ആകെ				**63842.5**

പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഈ ഉപകരണങ്ങൾ 'കളരി' യുടെ പരിശീലനത്തിന് ഉപയോഗയോഗ്യമല്ലെന്ന് വ്യക്തമാണെന്നിരിക്കെ, ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.49/കെ.എസ്.എ/ടിവിസി.8/2023-24, തീയതി.20.09.2024-ന് ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയത് കളരി പരിശീലനത്തിന് യോഗ്യമാണെന്ന് കോച്ചുമാർ ഉറപ്പുവരുത്തിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പരിശോനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 63,842/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
മേൽ ക്രമ നം 3,5 എന്നിവ പ്രകാരമുള്ള ആകെ ചെലവ് തുകയായ 4,71,842/-രൂപയുടെ തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-81 യോഗ പരിശീലനം - യോഗ മാറ്റുകൾ സ്കൂളിൽ സൂക്ഷിക്കാതെ കുട്ടികൾക്ക് സ്വന്തമായി നൽകി.

പ്രോജക്ട് നം.	1046/24
പ്രോജക്ടിന്റെ പേര്	യോഗ മെഡിറ്റേഷൻ
ഫണ്ടിനം	പ്ലാൻ ഫണ്ട് (ജനറൽ)
ആകെ അടങ്കൽ	2,00,520/-
ആകെ ചെലവ്	2,00,520/-
ബിൽ നം.	1166/16.01.2024,160920/-രൂപ 1167/16.01.2024, 39600/- രൂപ
നിർവ്വഹണോദ്യോഗസ്ഥ	ശ്രീമതി.ബിന്ദു ശിവദാസ്, പ്രിൻസിപ്പാൾ GGHSS, പേരൂർക്കട

നഗരസഭ പരിധിയിലെ തെരഞ്ഞെടുത്ത 5 സ്കൂളുകളിൽ നിന്നും 200 കുട്ടികൾക്ക് യോഗ പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അതനുസരിച്ച് പേരൂർക്കട GHSS, പട്ടം GHSS, മണക്കാട് GHSS, കോട്ടൺഹിൽ GHSS, Dr. AMMRHSS കട്ടേല എന്നീ സ്കൂളുകളിലെ കുട്ടികൾക്ക് യോഗപരിശീലനം നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് റിഫ്രെഷ്മെന്റ് നടത്തിയ ഇനത്തിലും യോഗ പരിശീലകർക്ക് പ്രതിഫലം നൽകിയ ഇനത്തിലുമായി ആകെ 2,00,520/- രൂപ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. യോഗപരിശീലനം നൽകുന്നതിനായി അട്ടക്കുളങ്ങര രാമചന്ദ്രൻ ടെക്സ്റ്റൈൽസിൽ നിന്നും 2022-23 സാമ്പത്തിക വർഷം യോഗമാറ്റുകൾ വാങ്ങിയിട്ടുണ്ട്.ആയതിന്റെ വിശദാശം ചുവടെ ചേർക്കുന്നു.

ഇൻവോയിസ് നം./തീയതി	സ്ഥാപനത്തിന്റെപേര്	യോഗാമാറ്റിന്റെ എണ്ണം	ഒരെണ്ണത്തിന്റെ വില	ആകെ തുക (രൂപ)
IN10-2223052310/ 01.02.2023	രാമചന്ദ്രൻ ടെക്സ്റ്റൈൽസ്, അട്ടക്കുളങ്ങര	210	450	94500/-
IN10-2223052993/ 09.02.2023	രാമചന്ദ്രൻ ടെക്സ്റ്റൈൽസ്, അട്ടക്കുളങ്ങര	70	450	31500/-

യോഗപരിശീലനം നൽകുന്നതിനായി വാങ്ങിയ 280 യോഗമാറ്റുകൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ വിശദാശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 49/കെ.എസ്.എ/ടിവിസി.8/2024, തീയതി.20.09.2024) ലഭ്യമാക്കിയ മറുപടിയിൽ, യോഗമാറ്റുകൾ പ്രധാനാധ്യാപകൻ കൈപ്പറ്റി പരിശീലനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് കൈമാറി എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതിപ്പണം ചെലവഴിച്ചു വാങ്ങിയ യോഗമാറ്റുകൾ സ്റ്റോക്കിൽ എടുത്ത് സ്കൂളുകളിൽ സൂക്ഷിച്ച് തുടർവർഷങ്ങളിലും ഈ പദ്ധതി നടപ്പിലാക്കാതെ പരിശീലനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് കൈമാറിയ നടപടി പദ്ധതി ആസൂത്രണത്തിലെ പാളിച്ചയായി വിലയിരുത്തുന്നു.

തെരഞ്ഞെടുത്ത സ്കൂളുകളിലെ തെരഞ്ഞെടുത്ത കുട്ടികൾക്ക് മാത്രമാണ് യോഗപരിശീലനം നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.49/കെ.എസ്.എ/ടിവിസി.8/2024, തീയതി.20.09.2024) സ്കൂളുകളിലെ പ്രധാനാധ്യാപകൻ തെരഞ്ഞെടുത്ത് നൽകിയ കുട്ടികൾക്കാണ് പരിശീലനം നൽകിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. കുട്ടികളുടെ ശാരീരിക, മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് യോഗ പരിശീലനം നൽകാവുന്നതും, മുഴുവൻ കുട്ടികൾക്കും പ്രയോജനപ്പെടുന്നവിധം പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-82 വോളന്റിയർമാർക്ക് അധിക വേതനം നൽകി - 8500/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	1053/24
പ്രോജക്ടിന്റെ പേര്	ബീച്ച് ഗെയിംസ്
ഫണ്ടിനം	പ്ലാൻ ഫണ്ട് - (പൊതുവിഭാഗം സാധാരണ വിഹിതം)
ആകെ അടങ്കൽ	7,62,852/-
ആകെ ചെലവ്	7,62,852/-
ബിൽ നം.	1408/02.02.2024 – 5,00,000/- രൂപ 1409/02.02.2024 – 62,746/- രൂപ 1762/27.02.2024- 2,00,106/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ	ശ്രീ. സജൻ.എസ്.ബെൻസൺ, പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, മണക്കാട്

തീരദേശ പ്രദേശങ്ങളിൽ കായിക മത്സരങ്ങളിൽ താത്പര്യമുള്ളവരുടെ പ്രോത്സാഹത്തിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. അതനുസരിച്ച് 2023 ഫെബ്രുവരി 16 മുതൽ 24 വരെ (9ദിവസം) ശംഖുമുഖത്ത് വച്ച് ബീച്ച് ഗെയിംസ് (ഫുട്ബോൾ, വോളിബോൾ) നടത്തുകയുണ്ടായി. പദ്ധതിയുടെ നടത്തിപ്പിനായി ടെന്റ് നിർമ്മിച്ചത്, കോച്ചുമാർ, വോളന്റിയർമാർ എന്നിവരുടെ പ്രതിഫലം, പദ്ധതി സംബന്ധിച്ച പരസ്യ ചെലവ്, റിഫ്രെഷ്മെന്റ് ഇനത്തിലെ ചെലവ് എന്നിവയുൾപ്പെടെ ആകെ 7,62,852/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ സുതാര്യതയ്ക്കുവേണ്ടി വോളന്റിയർമാരെയും തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ കളിക്കു ശേഷവും ഗ്രൗണ്ട് ലെവൽ ചെയ്യുക, വോളിബാൾ നെറ്റ് കെട്ടുക, ഗ്രൗണ്ടിന്റെ ബൗണ്ടറി ലൈൻ കൃത്യമായി സൂക്ഷിക്കുക, ബാൾ കടലിൽ വീഴാതെ സൂക്ഷിക്കുക, മത്സരശേഷം ഗ്രൗണ്ടും പരിസരവും മാലിന്യമുക്തമാക്കുക എന്നിവയാണ് വോളന്റിയർമാരുടെ സേവനങ്ങൾ. ഇവരുടെ ഡ്യൂട്ടി സമയം വൈകുന്നേരം 4 മണി മുതൽ രാത്രി 12 മണി വരെയാണ്. സ്പോർട്സ് കൗൺസിൽ നിർദ്ദേശപ്രകാരമാണ് വോളന്റിയർമാരെ നിയോഗിച്ചിട്ടുള്ളത്. ഓരാൾക്ക് 850/- രൂപയാണ് ഒരു ദിവസത്തെ പ്രതിഫലം. എന്നാൽ ചുവടെ സൂചിപ്പിക്കുന്ന വോളന്റിയർമാർക്ക് ജോലി ചെയ്യാത്ത ദിവസങ്ങളിലും (16.02.2023 മുതൽ 24.02.2023 വരെ) പ്രതിഫലം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	വോളന്റിയറുടെ പേര്	പ്രതിഫലം നൽകിയിട്ടുള്ള ദിനങ്ങളുടെ എണ്ണം/ഒരു ദിവസത്തെ പ്രതിഫലം	ആകെ നൽകിയ തുക
1	ഗൗതം	1/850	850
2	കൃപ	9/850	7650
	ആകെ		**8500**

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.50/20.09.2024-ന് ലഭ്യമാക്കിയ മറുപടിയിൽ വോളന്റിയർമാർ ജോലിയ്ക്ക് ഹാജരായതായി ബോധ്യമുണ്ടെന്നും ഹാജർ രേഖപ്പെടുത്തിയതിൽ അപാകത കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയ വോളന്റിയർമാരുടെ അറ്റൻഡൻസ് രജിസ്റ്ററിൽ അപാകതയുണ്ട്. ആയതിനാൽ അധികമായി നൽകിയ 8,500/- രൂപ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-83 പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പിലായില്ല, പദ്ധതിപ്പണം പാഴായി.

സർക്കാർ ഉത്തരവ് (കൈ) നം.86/2012 ത.സ്വ.ഭ.വ. തീയതി. 19.04.2022 ഖണ്ഡിക 6.1 (1) പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലായെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്തി ഏറ്റെടുത്ത 7 പ്രോജക്ടുകളിൽ ഒരു പ്രോജക്ടിനുമാത്രമെ ചെലവ് ഉണ്ടായിട്ടുള്ളൂ. മറ്റ് പ്രോജക്ടുകൾ നിർവഹണം നടത്താത്തതിനാൽ വകയിരുത്തിയ തുക പൂർണമായും പാഴായി. അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാന്റ് വിഹിതം പാഴായ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് നം	പ്രോജക്ടിന്റെ പേര്	വകയിരുത്തിയ തുക/ പാഴായ തുക
1	1156	സ്വയം തൊഴിൽ സംരംഭങ്ങൾ-വ്യക്തിഗതം പുരുഷൻ	400000/-
2	1154	ആട്ടോറിക്ഷാ, പിക്അപ് ആട്ടോറിക്ഷാ-പുരുഷൻ	100000/-
3	284	സ്വയംതൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ-വനിത ,എസ്.സി.	7500000/-
4	293	പരമ്പരാഗത കൈത്തൊഴിലുകൾ ചെയ്യുന്നവർക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള സബ്സിഡി.	1000000/-
5	138	ആട്ടോറിക്ഷാ, പിക്അപ് ആട്ടോറിക്ഷാ-പുരുഷന്	500000/-
6	154	സ്വയം തൊഴിലിന് ഇരുചക്രവാഹനം- സ്കൂട്ടർ- എസ്സി.	2000000/-
		ആകെ	**11500000**

2. പട്ടികജാതി ഉപപദ്ധതി വിഹിതം ഇനത്തിൽ ആകെ 7 പദ്ധതികൾക്കായി തുക വകയിരുത്തിയതിൽ ഒരു പദ്ധതിയ്ക്കുമാത്രമെ തുക ചെലവഴിച്ചിട്ടുള്ളൂ. ഈ പദ്ധതിയ്ക്കായി (പദ്ധതി നം 1151/2024) 5,00,000/- രൂപ വകയരുത്തിയതിൽ 2,40,000/- മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. 48% മാത്രമാണ് ചെലവ്.

3. പട്ടികജാതി ഉപപദ്ധതി വിഹിതം ഇനത്തിൽ എല്ലാ പ്രോജക്ടുകൾക്കുമായി 1,20,00,000/- വകയിരുത്തിയതിൽ ആകെ 2,40,000/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ആകെ ചെലവ് 2% മാത്രമാണ്. 1,15,00,000/- രൂപയുടെ പദ്ധതി പണം പാഴായി.

4.സ്പിൽ ഓവർ പദ്ധതികൾ ഏറ്റെടുക്കുകയും നിർവഹണം നടത്തുകയും ചെയ്യുന്നത് സംബന്ധിച്ച് പദ്ധതിരൂപീകരണ മാർഗരേഖ ഖണ്ഡിക 11 ൽ വിശദീകരിച്ചിട്ടുണ്ട്. ഖണ്ഡിക 11.1.4 ൽ നിർബന്ധമായും തുടരേണ്ടതുണ്ടെന്ന പ്രോജക്ടുകൾ മാത്രമെ തുടർവർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടതുള്ളൂ എന്ന് വ്യക്തമാക്കുന്നുണ്ട്. തൻവർഷം ഏറ്റെടുത്ത പദ്ധതികളിൽ 1151/24, 1156/24, 1154/24 എന്നിവ സ്പിൽ ഓവർ പദ്ധതികളാണ്. എന്നാൽ ഇതിൽ ഒരു പദ്ധതിയ്ക്ക് മാത്രമെ (1151/24,) തുക (48%) ചെലവഴിച്ചിട്ടുള്ളൂ. മറ്റ് രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം 82/2024 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായില്ല. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം മേൽ വിഷയത്തിൽ കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-84 ഭവനപുനരുദ്ധാരണം-ജനറൽ മുഴുവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല- അർഹതയില്ലാത്ത ഗുണഭോക്താവിന് പദ്ധതി ആനുകൂല്യം നൽകി-100000/- രൂപ നിരാകരിക്കുന്നു.

പദ്ധതിയുടെ പേര്-	ഭവനപുനരുദ്ധാരണം-ജനറൽ
പദ്ധതി നം-	16/2024
അടങ്കൽ (ഫണ്ട്)	73699970/-വികസനഫണ്ട് ജനറൽ.
ചെലവ്-	62107276/-
നിർവഹണം-	പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമാർജനസെൽ
സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം	ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി- 1 (1) Dtd. 09.05.2023.
ഭരണാനുമതി.	3 (B) 3/Dtd. 15.05.2023.

ഭവനപുനരുദ്ധാരണം-ജനറൽ (പദ്ധതി നം16/2024)- പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഈ പദ്ധതി പ്രകാരമുള്ള പരമാവധി ധനസഹായം 1,00,000/- രൂപയാണ്. 56 ഗുണഭോക്താക്കൾ ആദ്യഗഡുമാത്രം കൈപ്പറ്റിശേഷം ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു.

2. സർക്കാർ ഉത്തരവ് (കൈ) നം.115/2022/LSGD തിരുവനന്തപുരം 28.05.2022 ഖണ്ഡിക 2.15പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് ഗുണഭോക്താക്കൾക്ക് ബാധകമായ വരുമാന പരിധി നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വരുമാനം തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കാത്ത ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയതായി കാണുന്നു.

3. ഈ പദ്ധതി പ്രകാരം ശ്രീമതി. ഉമാദേവി. എസ്. (വാർഡ് 72 മണക്കാട്) എന്ന ഗുണഭോക്താവിന് 1,00,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ അപേക്ഷ പരിശോധിച്ചതിൽ റേഷൻകാർഡിൽ ഗുണഭോക്താവിന്റെ തൊഴിൽ സർക്കാർ ജീവനം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആകെയാൽ ടി ഗുണഭോക്താവ് കൈപ്പറ്റിയ 1,00,000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

ഖണ്ഡികയെ സംബന്ധിക്കുന്ന വിശദവിവരം ഭാഗം 3-6 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-85 ലൈഫ് ഭവനപദ്ധതി- വസ്തുവാങ്ങൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്.

പ്രോജക്ട് നം	14/2024-
അടങ്കൽ	181188484-വികസനഫണ്ട്-ജനറൽ
ചെലവ്	123832234-വികസനഫണ്ട്-ജനറൽ
നിർവഹണം	പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജന സെൽ.

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട വസ്തുവാങ്ങൽ ഫയലുകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ ആരും തന്നെ വസ്തുവാങ്ങിയശേഷം അവരുടെ പേരിൽ വസ്തു പോക്കുവരവ് ചെയ്ത വിവരം ഉൾപ്പെടുത്തിയിട്ടില്ല.

2. കൂടാതെ ആധാരം പേരിൽ കൂട്ടി കരം ഒടുക്കിയ ശേഷം കരമടച്ച രസീതും കൈവശാവകാശ സർട്ടിഫിക്കറ്റും വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഇവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. ലൈഫ് ഭവനപദ്ധതി പ്രകാരം ഒരാളുടെ ഭൂമി പരമാവധി മൂന്ന് സെന്റ് വീതം അഞ്ച് പേർക്ക് വാങ്ങാവുന്നതാണ്. അതിൽ കൂടുതൽ വാങ്ങണമെങ്കിൽ തദ്ദേശ സ്ഥാപന തലത്തിൽ രൂപീകരിക്കുന്ന പർച്ചേസ് കമ്മിറ്റി സ്ഥല ഉടമയുമായി നെഗോഷ്യേറ്റ് ചെയ്ത് വില നിശ്ചയിക്കണം. കൂടാതെ തദ്ദേശസ്ഥാപനത്തിൽ നിന്നും ഡെവലപ്മെന്റ് പെർമ്മിറ്റും എടുക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം ശ്രീ.കൃഷ്ണകുമാർ. പി.ജെ., പദ്മാലയം എന്ന വ്യക്തിയിൽ നിന്നും (ആധാർ നം- 271087816771) 6 ഗുണഭോക്താക്കൾ ഭൂമി വാങ്ങിയിട്ടുണ്ട്. (525000x2 &1050000x2) ഈ പർച്ചേസിൽ നെഗോഷ്യേറ്റ് ചെയ്ത് വില നിശ്ചയിച്ചതായി കാണുന്നില്ല.

പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ/രേഖകൾ ലഭ്യമാക്കുവാൻഓഡിറ്റ് എൻക്വയറി നം 71 തീയതി 21/10/2024 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി വസ്തുവാങ്ങൽ പ്രോജക്ടിൽ ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ കഴിഞ്ഞ് അസ്സൽ പ്രമാണമാണ് നഗരസഭയിൽ ഹാജരാക്കുന്നതെന്നും തുടർന്ന് വരുന്ന പി.എം.എ.വൈ. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് പരിഗണിക്കുന്നതിന് കരം അടച്ച രസീത്, കൈവശാവകാശ സാക്ഷ്യപത്രം ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കിയതിന് ശേഷമാണ് ആനുകൂല്യം നൽകി വരുന്നത് എന്നുമാണ് മറുപടിയിലൂടെ അറിയിച്ചിരിക്കുന്നത്. കൂടാതെ നഗരസഭ നേരിട്ട്

വസ്തു വാങ്ങാത്തതിനാൽ പർചേസ് കമ്മിറ്റി രൂപീകരിച്ച് വസ്തു വാങ്ങുന്ന കാര്യം അപ്രായോഗികമാണെന്നാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ വസ്തു രജിസ്ട്രേഷൻ കഴിഞ്ഞാലുടൻതന്നെ വസ്തുവിന്റെ കരം ഒടുക്കു വരുത്തി പോക്കുവരവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും, ഒരാളുടെ ഭൂമി പരമാവധി മൂന്ന് സെന്റ് വീതം അഞ്ച് പേരിൽ കൂടുതൽ വാങ്ങുന്നെങ്കിൽ തദ്ദേശ സ്ഥാപന തലത്തിൽ രൂപീകരിക്കുന്ന പർച്ചേസ് കമ്മിറ്റി സ്ഥല ഉടമയുമായി നെഗോഷ്യേറ്റ് ചെയ്ത് വില നിശ്ചയിക്കണം എന്ന നിർദ്ദേശം പാലിക്കേണ്ടതുമാണ്.

1-86 സായാഹ്നം-വൃദ്ധസദനത്തിലെ ഭക്ഷണവും തുടർനടത്തിപ്പും- ചെലവുരേഖകൾ പൂർണമായും ഹാജരാക്കിയില്ല. 36409/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്	സായാഹ്നം-വൃദ്ധസദനത്തിലെ ഭക്ഷണവും തുടർനടത്തിപ്പും
പദ്ധതി നം	20/2024
അടങ്കൽ (ഫണ്ട്)	1000000/-വികസനഫണ്ട് ജനറൽ.
ചെലവ്	8,68,151/-
നിർവഹണം	വിനോദ് കുമാർ.എസ്.എ, പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാജനസെൽ,
സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം	ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി- 11 (1) Dtd. 22.03.2023.
ഭരണാനുമതി	1 (B) 1/Dtd. 23.03.2023.

ടി പദ്ധതിയുടെ 53,136/- രൂപയുടെ ചെലവിൽ (ബിൽ നം 1204 തീയതി 18.01.2024) 12,650/-രൂപ മിൽമ തിരുവനന്തപുരം ഡയറി യൂണിറ്റിന് നൽകിയിട്ടുണ്ട്. ഇതിൽ 31.12.2023 തീയതിയിൽ മിൽമ ക്ലയിം ചെയ്തിരിക്കുന്ന 4,056/- രൂപയുടെ ബിൽ /വൗച്ചർ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. തുക ചെലവഴിച്ചിട്ടുണ്ട്.

ടി പദ്ധതിയുടെ 1,56,238/- രൂപയുടെ ചെലവിൽ (ബിൽ നം 1735 തീയതി 24.02.2024) 12,720/- രൂപ മിൽക്ക് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ടി ചെലവിന്റെ ബിൽ വൗച്ചർ (5എണ്ണം) ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ പച്ചക്കറികൾ വാങ്ങിയ വകയിൽ ചെലവഴിച്ചിരിക്കുന്ന 19,633/- രൂപയുടെ ചെലവ് രേഖകളും (16 വൗച്ചറുകൾ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി ഇനങ്ങളിൽ തുക നൽകിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം 73 പ്രകാരം അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് രേഖകൾ ലഭ്യമാക്കുന്നുവെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആവശ്യപ്പെട്ട വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വൗച്ചറുകറുടെ അഭാവത്തിൽ ചെലവഴിച്ച 36,409/- രൂപ (4056+12720+19633) രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-87 യാചകപുനരധിവാസ കേന്ദ്രത്തിന് ഭക്ഷണം നൽകലും തുടർനടത്തിപ്പും. ചെലവ് രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 4602/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്	യാചകപുനരധിവാസ കേന്ദ്രത്തിന് ഭക്ഷണം നൽകലും തുടർനടത്തിപ്പും.
പദ്ധതി നം	22/2024
അടങ്കൽ (ഫണ്ട്)	1000000/-വികസനഫണ്ട് ജനറൽ.
ചെലവ്	965267/-
നിർവഹണം	പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാജനസെൽ,
സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം	ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി- 11(1) Dtd. 22.03.2023.
ഭരണാനുമതി	1 (B) 1/Dtd. 23.03.2023.

ടി പദ്ധതിയുടെ 62,772/- രൂപയുടെ ചെലവിൽ (ബിൽ നം 1205 തീയതി 18/01/2024) 15,336/- രൂപ മിൽമയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ ക്രമ നം 24 പ്രകാരം ചെലവഴിച്ചിരിക്കുന്ന 4,602/- രൂപയുടെ ബിൽ /വൗച്ചർ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് (ഓഡിറ്റ് എൻക്വയറി നം. 74 തീയതി 21/10/2024) നൽകിയപ്പോൾ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നുവെന്ന് മറുപടിയിലൂടെ അറിയിച്ചുവെങ്കിലും പരാമർശ വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വൗച്ചറിന്റെ അഭാവത്തിൽ ചെലവഴിച്ച 4,602/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-88 അഗതിരഹിത കേരളം പ്രോജക്ട്- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. 3000000/- രൂപ

പദ്ധതിയുടെ പേര്	അഗതിരഹിത കേരളം-
പദ്ധതി നം	1149/2024
അടങ്കൽ (ഫണ്ട്)	30,00,000/-വികസനഫണ്ട് ജനറൽ
ചെലവ്	30,00,000/- ബിൽ നം-318-തീയതി. 28/03/2024
നിർവഹണം	പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജനസെൽ,
സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം	No 1(1) Dtd.09/05/2023 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി.
ഭരണാനുമതി	3(B)3/Dtd. 15/05/2023

മേൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതി പ്രകാരം പോഷകാഹാരകിറ്റ്, ചികിത്സ, കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകൽ എന്നിവയ്ക്കായി 30,00,000/-രൂപ (7,50,000/- രൂപ വീതം 4 സി.ഡി.എസ്സുകൾക്ക്) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് സാധൂകരിക്കുന്ന ചെലവ് രേഖകളോ വിനിയോഗ സാക്ഷ്യപത്രങ്ങളോ ഫയലിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

തുക കൈപ്പറ്റിയവർ	സി.ഡി.എസ് വിവരങ്ങൾ	തുക
ശ്രീമതി.ലേഖ കുമാരി. എസ്	സി.ഡി.എസ്-1	750000/-
ശ്രീമതി. ബിന്ദു. റ്റി.	സി.ഡി.എസ്-2	750000/-
ശ്രീമതി.സുമി. എസ്.റ്റി.	സി.ഡി.എസ്-3	750000/-
ശ്രീമതി.ഹേമ. ജി.റ്റി.	സി.ഡി.എസ്-4	750000/-

ഓഡിറ്റ് എൻക്വയറി നം 75 തീയതി 21/10/2024പ്രകാരം അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ പരാമർശ വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ വൗച്ചറുകറുടെ അഭാവത്തിൽ ചെലവഴിച്ച 30,00,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-89 പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാജനസെൽ, നിർവഹണം നടത്തിയ പ്രോജക്ടുകൾ-ഫയലുകൾ ലഭ്യമാക്കിയില്ല-3144535/-രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാജനസെൽ, നിർവഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന പ്രോജക്ട് ഫയലുകൾ നാളിതുവരെയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ക്രമ നം	പ്രോജക്ട് നം	പ്രോജക്ടിന്റെ പേര്	അടങ്കൽ തുക	ചെലവ് തുക
1.	1148/24	അതിദരിദ്രർ	3000000/-	1225535/-
2.	32/24	അഗതിരഹിത കേരളം	10000000/-	1919000/-

ഓഡിറ്റ് റിക്വസിഷൻ നം 41/ കെ.എസ്.എ / ടി.വി.സി.11/2023-24 തീയതി 09.08.2024 പ്രകാരം ഫയലുകൾ 16.08.2024 ന് മുമ്പ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രോജക്ടുഫയലുകൾ ലഭ്യമാക്കിയില്ല. തുടർന്ന് ഓഡിറ്റ് എൻക്വയറി നം 110/24 തീയതി 30.11.2024. പ്രകാരം പ്രോജക്ട് ഫയലുകൾ ലഭ്യമാക്കാത്തതിന് എന്തെങ്കിലും കാരണം ബോധ്യപ്പെടുത്തുവാനുണ്ടെങ്കിൽ 10 ദിവസത്തിനകം മറുപടി ലഭ്യമാക്കാവുന്നതാണെന്ന് അറിയിച്ചിട്ടും മേൽ പട്ടികയിൽ സൂചിപ്പിക്കുന്ന ഫയലുകളോ മറുപടിയോ ലഭ്യമാക്കിയില്ല. ആയതിനാൽ പരാമർശ പ്രോജക്ടുകളുടെ ചെലവ് തുക 31,44,535/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ടി ഫയലുകൾ ഓഡിറ്റ് കാലയളവിൽ ലഭ്യമാക്കാത്തതിന് തൃപ്തികരമായ മറുപടി ഉൾപ്പെടെ ഫയലുകൾ ലഭ്യമാക്കേണ്ടതാണ്. ഫയലുകൾ ലഭ്യമാക്കാത്ത പക്ഷം തടസ്സം ചെയ്തിരിക്കുന്ന തുക നിരാകരിച്ച് നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണയിക്കുന്നതാണ്.

1-90 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള നന്മ സ്കോളർഷിപ്പ് വിതരണം- തുക നൽകിയതിൽ ഇരട്ടിപ്പ് വിശദീകരണം ലഭ്യമാക്കിയില്ല-3021000/-രൂപ തടസ്സപ്പെടുത്തുന്നു

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നല്കുന്ന പദ്ധതിയാണ് "നൻമ സ്കോളർഷിപ്പ് പദ്ധതി". ഇതിൻ പ്രകാരം ഗുണഭോക്താക്കൾക്ക് പ്രതിവർഷം 28,500/- രൂപ സ്കോളർഷിപ്പ് ആയി നല്കുന്നു. പദ്ധതിയുടെ ഫയൽ പരിശോധനയിൽ ഒരേ ഗുണഭോക്താക്കൾക്ക് ഒന്നിലധികം തവണ സ്കോളർഷിപ്പ് ആനുകൂല്യം അനുവദിച്ചത് അടക്കം നിരവധി അപാകതകൾ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 30,21,000/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-7 ൽ ചേർത്തിട്ടുണ്ട്.

1-91 അംഗനവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ - പദ്ധതി നടത്തിപ്പിൽ അപാകതകൾ-809140/- തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം	177/24
പ്രോജക്ടിന്റെ പേര്	അംഗനവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ
ഡിപിസി നം.	PLG/1925/23-24/DPO/TVPM.03.05.2023
ഫണ്ട്	മെയിന്റനൻസ് ഫണ്ട് റോഡിതരം
ചെലവ്	809140
നിർവ്വഹണോദ്യോഗസ്ഥൻ	ശ്രീമതി. സുജ.എസ്.ജെ, സി.ഡി.പി.ഒ, അർബൻ I

തിരുവനന്തപുരം നഗരസഭയിലെ Urban-I, വിഭാഗത്തിലെ അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ തയ്യാറാക്കിയ മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, പദ്ധതി നടത്തിപ്പിൽ അപാകതയുള്ളതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായി വാങ്ങൽ നടത്തി

അംഗനവാടികൾക്ക് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്ന പ്രോജക്ടിൽ അംഗനവാടികൾക്കാവശ്യമായ Mixer Grinder, Storage Container, Kitchen Rack, Almirah, Steel Table എന്നിവ വാങ്ങുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. ഈ ആവശ്യത്തിനായി 10,00,000/- രൂപ വകയിരുത്തുകയും, വാങ്ങലുകൾ സർക്കാർ സ്ഥാപനത്തിൽ നിന്നും നടത്തുന്നതിനും പ്രോജക്ടിൽ വിഭാവനം ചെയ്തു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23.03.2023-ലെ 1(B) നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പ്രോജക്ടിനായി 31.07.2023-ലെ ICDS/UI/762/2023 നമ്പർ പ്രകാരം ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചു. ഇ-ടെണ്ടറിംഗ് നടത്തിയിട്ടുണ്ടെങ്കിലും ഫയലിൽ കൂടുതൽ വിവരങ്ങൾ

ലഭ്യമല്ല. ഇ-ടെണ്ടർ സമർപ്പിച്ച ഏജൻസികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 8 സ്വകാര്യ ഏജൻസികളുടെ വിവരങ്ങൾ വെള്ള പേപ്പറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. 27.11.2023-ലെ പർച്ചേസ് കമ്മിറ്റി യോഗതീരുമാനത്തിലെ തീരുമാനം നമ്പർ (6) പ്രകാരം കുറഞ്ഞ ടെണ്ടർ (നെഗോസിയേറ്റ് ചെയ്തത്) ഹാജരാക്കിയ KPM Stores, New Chamayam എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടത്താൻ തീരുമാനിക്കുകയും വാങ്ങൽ നടത്തുകയും ചെയ്തതായി ഫയലിൽ കാണുന്നു. പ്രോജക്ടിൽ വിഭാവനം ചെയ്തത് പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ നിന്നുമായിരുന്നു വാങ്ങൽ നടത്തേണ്ടിയിരുന്നത്. SIDCO പോലുള്ള സ്ഥാപനങ്ങൾ ഉള്ളപ്പോൾ ഇതിന് പകരം സ്വകാര്യ ഏജൻസിയിൽ നിന്നും വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. കൂടാതെ 28.04.2018-ലെ സ.ഉ(സാധാ) നം.02/2018/SPD ഉത്തരവനുസരിച്ച് GeM പോർട്ടൽ വഴിയല്ല സാധനങ്ങൾ വാങ്ങൽ നടത്തിയിട്ടുള്ളതും. തടി/സ്റ്റീൽ ഫർണിച്ചറുകൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിനും Store Purchase Manual ഖണ്ഡിക 9.23-ന് റിലാക്സേഷൻ (അയവ്) അനുവദിച്ച് കൊണ്ട് 14.11.2019-ലെ സ.ഉ(സാധാ) നം.49/2019/SPD ഉത്തരവിലും സിഡ്കോ മുഖേന തടി/സ്റ്റീൽ ഫർണിച്ചറുകൾ വാങ്ങുന്നതിന് അനുമതി ഉണ്ടായിട്ടുകൂടിയും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും മേൽ സാധനങ്ങൾ വാങ്ങിയതിന് വിശദീകരണം ഇല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 38/കെ.എസ്.എ/ടിവിസി7/2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ടെണ്ടർ സമർപ്പിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

ടി പ്രോജക്ടുമായി ബന്ധപ്പെട്ട ടെണ്ടർ സമർപ്പിച്ചതിൽ ഏഴ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമല്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് 05.08.2024-ൽ നൽകിയ 38/കെ.എസ്.എ/ടിവിസി7/2024 നമ്പർ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

3. പ്രോജക്ടിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായി അധികം സാധനങ്ങൾ വാങ്ങിയത് അധിക ചെലവിന് കാരണമായി

ഈ പ്രോജക്ട് പ്രകാരം വാങ്ങൽ നടത്തേണ്ട സാധനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്. എന്നാൽ ഇവയുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല.

Mixer Grinder - 100 എണ്ണം

Storage Container - 103 എണ്ണം

Kitchen Rack - 177 എണ്ണം

Almirah - 25 (പ്രോജക്ട് പ്രകാരം)

Steel Table - 25

എന്നാൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതായി പറയുന്ന KPM Store-ൽ നിന്നും വാങ്ങിയ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം/എണ്ണം	ഇൻവോയിസ്/തീയതി	ബിൽ നം./തീയതി/തുക
1	Kitchen Rack/89	1021/01.02.2021	1489/08.02.2024/ 81880/-
2	Kitchen Rack/88	022/01.02.2024	1487/08.02.2024/ 80960/-
3	Steel Almirah/7	17/19.02.2024	1913/05.03.2024/60200/-
4	Steel Almirah/10	18/19.02.2024	1914/05.03.2024/86000/-
5	Steel Almirah/6	28/04.03.2024	2046/12.03.2024/51600/-
6	Steel Almirah/10	26/04.03.2024	2047/12.03.2024/86000/-
7	Table/40	054/01.03.2024	1932/06.03.2024/98000/-
8	Table/10	053/01.03.2024	1933/06.03.2024/24500/-
9	Mixie	13/16.01.2024	1485/08.02.2024/240000/-

പ്രോജക്ട് തയ്യാറാക്കിയതിൻ പ്രകാരം 25 Almirah വാങ്ങുന്നതിന് പകരം 33 Almirah-ഉം 25 Steel Table വാങ്ങുന്നതിന് പകരം 50 Table ഉം വാങ്ങിയിട്ടുണ്ട്. ഇപ്രകാരം പ്രോജക്ടിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായി അധികമായി വാങ്ങൽ നടത്തിയതിന് കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 38/കെ.എസ്.എ/ടിവിസി.7/2024, തീയതി.05.08.2024-ന് മറുപടി ലഭ്യമാക്കിയില്ല.

4. ജി.എസ്.ടി കുറവ് ചെയ്യാതെ തുക നൽകി

അലമാര, ടേബിൾ, മിക്സി എന്നിവ വാങ്ങുന്നതിനായി ആകെ 809140/- രൂപ ചെലവഴിച്ചതിൽ ജി.എസ്.ടി തുക കൂടി ഉൾപ്പെടുന്നു. ബില്ലിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്യാതെയാണ് വിതരണക്കാർക്ക് തുക നൽകിയിട്ടുള്ളത്. ജി.എസ്.ടി ഒടുക്കുവരുത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

5. സ്റ്റോക്ക് രജിസ്റ്റർ/വിതരണ രജിസ്റ്റർ ഹാജരാക്കിയില്ല

ടി പ്രോജക്ടിൽ വാങ്ങിയ സാധനങ്ങളുടെ കിച്ചൺ റാക്ക്, സ്റ്റീൽ അലമാര, ടേബിൾ, മിക്സർ ഗ്രൈന്റർ എന്നിവയുടെ സ്റ്റോക്ക് വിതരണ രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല. സ്റ്റോക്ക് രജിസ്റ്ററും വിതരണ രജിസ്റ്ററും ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.38/കെ.എസ്.എ/ടിവിസി.7/2024, 05.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടിന് വിരുദ്ധമായും സർക്കാർ ഉത്തരവ് പാലിക്കാതെയുമുള്ള വാങ്ങൽ രീതികൾ പദ്ധതിമാർഗരേഖയുടെ ലംഘനമായി കണക്കാക്കാവുന്നതാണ്. ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സുതാര്യമായ രീതിയിലുള്ള വാങ്ങൽ രീതികൾ അവലംബിക്കേണ്ടതും, കൂടുതൽ രീതിയിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവഴിച്ച 809140/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-92 അംഗനവാടി കുട്ടികൾക്ക് സ്കൂൾ യൂണിഫോം - വർണപകിട്ട് എന്ന പേരിൽ നടപ്പിലാക്കിയ പദ്ധതിയുടെ ആവശ്യകത വിലയിരുത്തേണ്ടത് അനിവാര്യം

തിരുവനന്തപുരം നഗരസഭയുടെ അർബൻ - I, അർബൻ - II ഡിവിഷനുകളിൽ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വർണപകിട്ട് എന്ന പേരിൽ അംഗനവാടികൾക്ക് സ്കൂൾ യൂണിഫോം വിതരണം നടത്തുന്നതിനായി പ്രോജക്ട് തയ്യാറാക്കുകയും അർബൻ - I വിഭാഗത്തിൽ സി.ഡി.പി.ഒ-I നിർവ്വഹണം നടത്തിയ പ്രോജക്ട് SO1087/24-ാം പ്രകാരം പ്രോജക്ടിനായി 10,00,000/- രൂപ തനത് ഫണ്ടിൽ വകയിരുത്തി. ഇ-ടെണ്ടർ ക്ഷണിച്ച് തെരഞ്ഞെടുത്ത ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 2900 കുട്ടികൾക്കുള്ള യൂണിഫോം വാങ്ങിയ ഇനത്തിൽ 6,72,792/- രൂപ ബിൽ നം.1/17.06.2023 പ്രകാരം ജി എസ് ടി ഉൾപ്പെടെ അനുവദിച്ചു നൽകിയിട്ടുണ്ട്. അർബൻ-II വിഭാഗത്തിലെ അംഗനവാടി കുട്ടികൾക്ക് സ്കൂൾ യൂണിഫോം വാങ്ങുന്നതിനായി സ്പിൽ ഓവറായി നടപ്പാക്കിയ 1082/24-ാം നമ്പർ പ്രോജക്ട് പ്രകാരം 2569 കുട്ടികൾക്കുള്ള സ്കൂൾ യൂണിഫോം ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്നും തന്നെ വാങ്ങിയതിന് 596001/- രൂപ ജി എസ് ടി ഉൾപ്പെടെ ബിൽ നം.30/17.06.2023 പ്രകാരം അനുവദിച്ചിട്ടുണ്ട്. അർബൻ -I വിഭാഗത്തിലെ സ്കൂൾ യൂണിഫോം സ്റ്റോക്ക് രജിസ്റ്ററും വിതരണ രേഖകളും ആവശ്യപ്പെട്ട് കൊണ്ട് 02.08.2024-ൽ ഓഡിറ്റ് എൻകയറി നം. 39/കെ.എസ്.എ/ടിവിസി.7/2024-ന് മറുപടി ലഭ്യമാക്കിയില്ല. അർബൻ -II വിഭാഗത്തിൽ ഈ പ്രോജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് നൽകിയ 21.08.2024-ലെ ഓഡിറ്റ് എൻകയറി നം.22/കെ.എസ്.എ/ടിവിസി.7/2024 നുള്ള മറുപടിയിൽ ടി പ്രോജക്ട് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതു മൻഗണനകൾ ആസ്പദമാക്കി തയ്യാറാക്കിയിട്ടുള്ളതാണെന്നും, സാമൂഹ്യനീതി ഉറപ്പാക്കുന്നതിന് കുട്ടികൾക്ക് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം ആകയാൽ ജെൻഡർ ന്യൂട്രൽ എന്ന അവബോധം കുട്ടികളിൽ സൃഷ്ടിക്കുന്നതിനായാണ് ഈ നൂതന പ്രോജക്ട് ആവിഷ്കരിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്.

എന്നാൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 2.3 പൊതുമൻഗണനയിലെ ഖണ്ഡിക 2.3.13-ലെ മാനദണ്ഡമനുസരിച്ച് കുട്ടികളിലെ ലിംഗതുല്യത ഉറപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുക എന്നത് കുട്ടികൾക്ക് യൂണിഫോം നൽകി സമത്വം ഉറപ്പിക്കുക എന്നതല്ലാതെ കുട്ടികളെ ആൺ-പെൺ വ്യത്യാസമില്ലാതെയുള്ള എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുപ്പിക്കുകയും ഇത്തരത്തിൽ വ്യത്യാസമില്ലാതെ ജെൻഡർ ന്യൂട്രൽ ആയിട്ടുള്ള കളിപ്പാട്ടങ്ങളും മറ്റും ഉപയോഗിക്കാനുള്ള അവസരം അവർക്ക് നൽകാനും ലിംഗസമത്വം ഉറപ്പുവരുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാനുമാണ്. എന്നാൽ ഇവിടെ അംഗനവാടി കുട്ടികൾ 5 വയസ്സിൽ താഴെ മാത്രം പ്രായമുള്ള കുട്ടികളിൽ യൂണിഫോം ധരിച്ച് ലിംഗസമത്വം ഉണ്ടാക്കുന്നത് പ്രയോഗികമല്ല. കൂടാതെ പൂമ്പാറ്റകളെ പോലെ പാറി നടക്കുന്ന കുട്ടികൾക്ക് യൂണിഫോം നൽകുന്നതിന് പകരം അവർക്കാവശ്യമായ കളിപ്പാട്ടങ്ങൾ നൽകുകയും അവരുടെ ബുദ്ധിവികാസത്തിനും മാനസികോല്ലാസത്തിനും വളർച്ച നൽകുന്ന തരത്തിലുള്ള മറ്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതായിരിക്കും കൂടുതൽ ഉചിതം.

അംഗനവാടികളിൽ സ്കൂൾ യൂണിഫോം എന്ന പദ്ധതി ആവിഷ്കരിക്കുന്നതിന് പകരം കൊച്ചു കുട്ടികളുടെ ബുദ്ധി വളർച്ചയും അവരുടെ വിനോദത്തിനും ഉതകുന്ന തരത്തിൽ പരിപാടികൾ സംഘടിപ്പിക്കുകയോ അതിനാവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിനോ ആവണം ഇത്തരം പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ മുൻഗണന നൽകേണ്ടത്.

1-93 ജാഗ്രതാ സമിതിയുടെ പ്രവർത്തനം

പതിനാലാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖയിലെ (സ.ഉ(കൈ) നം.86/2022/തദ്ഭവ, തീയതി.19.04.2022) ഖണ്ഡിക 6.3(4) പ്രകാരം സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുക, അവരുടെ പരാതികൾക്ക് പരിഹാരം കാണുക എന്നിവയ്ക്കായി സ.ഉ(എം.എസ്) നം. 31/07/സ.ക്ഷേ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതും ആവശ്യമായ പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

മേൽ ഉത്തരവ് പ്രകാരം ജാഗ്രതാ സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും ഉത്തരവാദിത്വങ്ങളും താഴെ ചേർക്കുന്നു.

1. സ്ത്രീകളും പെൺകുട്ടികളും കക്ഷികളായിട്ടുള്ള പരാതികൾ സ്വീകരിക്കുക, പരിഹരിക്കുക.

2. സ്വയം പ്രശ്നങ്ങൾ ഏറ്റെടുത്ത്/കണ്ടെത്തി പരിഹരിക്കുക.

3. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സജ്ജമാകാൻ പ്രയത്നിക്കുക.

4. സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക.

5. ആവശ്യമായ നിയമസഹായവും ഉപദേശവും പ്രചരണവും നൽകുക.

കോർപ്പറേഷൻ തല ജാഗ്രതാസമിതികൾ

വാർഡുകളുടെ എണ്ണം കൊണ്ടും പരിധി കൊണ്ടും ജനസംഖ്യ കൊണ്ടും കോർപ്പറേഷനുകൾ വളരെ വലുതായതിനാൽ കോർപ്പറേഷൻ തല ജാഗ്രത സമിതിക്കും വാർഡു തല ജാഗ്രതാ സമിതിക്കും വളരെ പ്രാധാന്യമുണ്ട്. കോർപ്പറേഷനിലെ ജാഗ്രതാ സമിതിയുടെ ചെയർപേഴ്സൺ മേയറും വാർഡ് തല ജാഗ്രതാ സമിതിയുടെ ചെയർപേഴ്സൺ വാർഡ് കൗൺസിലറും ആയിരിക്കും.

അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ ഉത്തരവാദിത്വവും നേതൃത്വവും കോർപ്പറേഷൻ ഭരണസമിതിക്കാണ്. സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് നാമനിർദ്ദേശത്തിലൂടെയായിരിക്കും.

വാർഡ് തല ജാഗ്രതാസമിതികൾ

കോർപ്പറേഷൻ തല ജാഗ്രതാ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കി തീർക്കുന്നതിനാണ് ഓരോ വാർഡിലും കൗൺസിലർമാരുടെ നേതൃത്വത്തിൽ വാർഡ് ജാഗ്രതാ സമിതികൾ രൂപവത്കരിക്കുന്നത്. കേർപ്പറേഷനിൽ അതിന്റെ വലിപ്പവും ജനബാഹുല്യവും തിരക്കും കണക്കിലെടുത്ത് വാർഡ് ജാഗ്രതാ സമിതികൾ കൂടുതൽ പരാതികൾ കൈകാര്യം ചെയ്യുന്ന പ്രശ്നങ്ങളിൽ ഇടപെടുന്ന ശക്തമായ തലമായി മാറണം എന്നതിന്റെ അടിസ്ഥാനത്തിലാണ് വാർഡ് ജാഗ്രതാസമിതി ഘടനയ്ക്ക് രൂപം നൽകിയിട്ടുള്ളത്.

കോർപ്പറേഷനിൽ വാർഡ് തല ജാഗ്രതാ സമിതിക്കാണ് സഹായ സമിതിയുള്ളത്. കോർപ്പറേഷൻ തലത്തിലുള്ള സമിതിയുടെ പ്രവർത്തനം കാര്യക്ഷമവും സുഗമവും ആകണമെങ്കിൽ വാർഡ് തല സമിതി പ്രവർത്തനം കരുത്തുറ്റതാകണം. വാർഡ് തലം കരുത്തുറ്റതാകണമെങ്കിൽ അതിന്റെ ജനകീയതലവും കാര്യശേഷിയും വർദ്ധിക്കണം. അതിനുതകുന്ന തരത്തിലാണ് വാർഡ് തല സഹായ സമിതികൾ വിഭാവനം ചെയ്തിരിക്കുന്നത്.

ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ

1. കോർപ്പറേഷൻ ജാഗ്രതാ സമിതിയുടെയും, വാർഡ് ജാഗ്രതാ സമിതിയുടെയും ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ സഹായവും പിൻതുണയും ഉപദേശവും നൽകുക.

2. സ്ത്രീകളുടെയും പെൺകുട്ടികളുടെയും ഉന്നമനത്തിനും ശ്രേയസ്സിനും സംരക്ഷണത്തിനുമായി പദ്ധതികൾ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സഹായത്തോടെ രൂപവത്ക്കരിക്കുക, അങ്ങനെ ലഭ്യമാകുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊള്ളുക. കോർപ്പറേഷന്റെ പദ്ധതി വഴി ജാഗ്രതാ സമിതി കണ്ടെത്തുന്ന പ്രശ്ന പരിഹാരത്തിനുള്ള മാർഗം കണ്ടെത്തുകയും നടപ്പിലാക്കുകയും ചെയ്യുക.

3. 10 ശതമാനം ഫണ്ട് സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന നടപടികൾക്കായി ഉപയോഗിക്കുക.

4. കോർപ്പറേഷൻ വാർഡ് ജാഗ്രത സമിതിയും വിവിധ വകുപ്പുകളും തമ്മിലുള്ള ബന്ധം ദൃഢമാക്കുക, പ്രാദേശിക മാധ്യമ പ്രവർത്തകരെ ജാഗ്രതാ സമിതി പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.

5. കോർപ്പറേഷൻ ജാഗ്രതാ സമിതിയുടെയും വാർഡു ജാഗ്രതാ സമിതികളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് സഹായകരമായി പ്രവർത്തിക്കുക.

6. ജാഗ്രതാ സമിതിയുടെ പരിഗണനയിലുള്ള വിഷയങ്ങളിൽ ആവശ്യാനുസരണം വേണ്ട സഹായം നൽകുക.

7. കോർപ്പറേഷൻ, വാർഡ് ജാഗ്രതാ സമിതി പ്രവർത്തന റിപ്പോർട്ട് വിലയിരുത്താൻ വേണ്ട സഹായം നൽകുക.

8. പ്രശ്നങ്ങൾ തീർക്കാൻ വേണ്ട സഹായം നൽകൽ.

മേൽപ്പറഞ്ഞ പ്രകാരത്തിലാണ് ജാഗ്രത സമിതി പ്രവർത്തിക്കേണ്ടത്. തിരുവനന്തപുരം നഗരസഭയിൽ ജാഗ്രതാ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തിലെ പ്രവർത്തനം സംബന്ധിച്ചും വാർഡ് തല ജാഗ്രതാ സമിതിയുടെ രൂപീകരണം സംബന്ധിച്ചും, സഹായ സമിതിയുടെ പ്രവർത്തനം, യോഗങ്ങൾ, സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനും ശ്രേയസ്സിനും സംരക്ഷണത്തിനുമായി പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ, ജാഗ്രത സമിതിയുടെ മിനിട്ട്സ് ബുക്ക്, പരാതി രജിസ്റ്റർ, ഇൻവേർഡ്/ഔട്ട്വേർഡ് രജിസ്റ്റർ എന്നിവ ആവശ്യപ്പെട്ടുകൊണ്ടും 17.02.2025-ൽ നൽകിയ ഓഡിറ്റ് എൻകൃയറി നം. 200/ടിവിസി.7/2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജാഗ്രതാ സമിതി രൂപീകരിച്ചതായോ നിർദ്ദേശാനുസൃതമായി യോഗങ്ങൾ ചേർന്നതായോ കാണുന്നില്ല.

തിരുവനന്തപുരം നഗരസഭയുടെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി റിപ്പോർട്ടിലും ജാഗ്രതാ സമിതി നടപ്പിലാക്കിയ പദ്ധതികൾ ഉൾപ്പെട്ടിട്ടില്ല. മേൽ സാഹചര്യത്തിൽ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന തരത്തിൽ നഗരസഭയിൽ ജാഗ്രത സമിതി രൂപീകരിച്ചിട്ടുണ്ടോ എന്നതിനും അവ്യക്തത നിലനിൽക്കുന്നു. ഇല്ലാത്തപക്ഷം സ്ത്രീകളുടെ സുരക്ഷയിലൂടെ സാമൂഹ്യ ഉന്നമനം ലക്ഷ്യമിടുന്ന ജാഗ്രതാ സമിതി രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-94 സ്മാർട്ട് സിറ്റി പ്രോജക്ട്-അവലോകനം

തിരുവനന്തപുരം നഗരസഭയുടെ ജനകീയാസൂത്രണം 2019-20 ഭാഗമായി നഗരസഭയുടെ പരിധിയിൽ വരുന്ന ബസ്സ് സ്റ്റോപ്പുകളെ സ്മാർട്ട് സിറ്റി ബസ്സ് സ്റ്റോപ്പുകളാക്കുന്നതിനും ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ നിർമ്മിക്കാനും പബ്ലിക് ടോയ്ലറ്റുകൾ നിർമ്മിക്കാനുമായി 2019-20 വർഷം 1 കോടി രൂപ വകയിരുത്തി രൂപീകരിച്ച പദ്ധതിയാണ് സമാർട്ട് സിറ്റി പദ്ധതി. 2024 ജൂണിലാണ് പദ്ധതിയുടെ കാലാവധി അവസാനിക്കുന്നത്. തിരുവനന്തപുരം നഗരത്തിന്റെ കേന്ദ്രഭാഗത്ത് സ്ഥിതിചെയ്യുന്ന 9 വാർഡുകളുടെ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നത്.

തിരുവനന്തപുരത്ത് 1403 ഏക്കറോളം വരുന്ന പൈതൃക കേന്ദ്രവും നഗര ഹൃദയഭാഗവുമായ പ്രദേശം ആകർഷകവും എല്ലാ വിഭാഗത്തിലുള്ള ജനങ്ങളെ ഉൾക്കൊള്ളുന്നതുമാക്കി മാറ്റുന്നതിനാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. മിശ്രിത ഭൂവിനിയോഗം, പൈതൃകം, സംസ്കാരം, സവിശേഷത, സംയുക്ത നഗര സേവനം, പരിസ്ഥിതി സൗഹൃദമായ ദൃഢത, സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വികസനം എന്നീ ലക്ഷ്യങ്ങൾ കേന്ദ്രീകരിച്ചു കൊണ്ടുള്ള പദ്ധതികളാണ് ഇതിൽ പെടുന്നത്. സ്മാർട്ട് സിറ്റി കമ്പനിയായി രജിസ്റ്റർ ചെയ്തത് 30.08.2017 ൽ ആണ്. ഗൈഡ് ലൈൻസ് പ്രകാരം അഞ്ചു വർഷമാണ് പദ്ധതി പൂർത്തീകരണ കാലാവധി. കേന്ദ്ര/സംസ്ഥാന/നഗരസഭാ വിഹിതം ഉൾപ്പെടുത്തിക്കൊണ്ടാണ് പ്രവൃത്തി നിർവഹിക്കുന്നത്.

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നാളിതുവരെ ഏറ്റെടുത്ത ആകെ പ്രോജക്ടുകളുടെ എണ്ണം, വിശദാംശങ്ങൾ, ഏറ്റെടുത്ത പ്രോജക്ടുകളിൽ പൂർണമായും പൂർത്തിയാക്കിയ പ്രോജക്ടുകളുടെ എണ്ണം, ഏറ്റെടുത്ത പ്രോജക്ടുകളിൽ ഭാഗികമായി പൂർത്തിയാക്കിയ പ്രോജക്ടുകളുടെ എണ്ണം, ഏറ്റെടുത്ത പ്രോജക്ടുകളിൽ ഇതുവരെയും പൂർത്തിയാക്കാത്ത പ്രോജക്ടുകളുടെ എണ്ണം എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം 195. തീയതി 15.02.2025) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ നാളിതുവരെ ലഭ്യമായ പദ്ധതി വിഹിതം സംബന്ധിച്ച് (കേന്ദ്ര, സംസ്ഥാന, നഗരസഭാ വിഹിതം) വിവരങ്ങൾ ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

പദ്ധതിയെ സംബന്ധിച്ച് നഗരസഭ ലഭ്യമാക്കിയ ഫയലിലെ വിവരങ്ങൾ പൂർണമായും ആശ്രയിക്കത്തക്കതല്ല. നഗരസഭയുടെ വാർഷിക റിപ്പോർട്ട് പ്രകാരം കേന്ദ്രവിഹിതമായി 292 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 292 കോടി രൂപയും മുനിസിപ്പൽ കോർപ്പറേഷന്റെ വിഹിതമായി 14.49 കോടി രൂപയും ഇതുവരെ ലഭിച്ചതിൽനിന്നും 511.63 കോടി രൂപ വിനിയോഗിച്ചതായി പറയുന്നുണ്ട്. ടി പദ്ധതിയുടെ ഭാഗമായി ഓരോവർഷവും നഗരസഭ നൽകിയ പദ്ധതി വിഹിതവും അവയിൽ വിനിയോഗം ലഭ്യമായതു സംബന്ധിച്ചുമുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻകൃയറിക്കും (നം 195. തീയതി 15.02.2025) മറുപടി ലഭ്യമായില്ല.

74 പ്രോജക്ടുകൾക്കായി ആകെ 1242.47 കോടി രൂപ വകയിരുത്തിയതിൽ 38 പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികളിൽ തമ്പാനൂർ മൾട്ടിലെവൽ കാർ പാർക്കിംഗ്, പൂത്തരിക്കണ്ടം മൈതാനം ഓപ്പൺ എയർ തീയറ്റർ, ശ്രീചിത്രാ പാർക്ക്, ട്രാഫിക് സർവലൈൻസ് കമാന്റ് ആന്റ് കൺട്രോൾ സെന്റർ ബിൽഡിംഗ്, ആർ.കെ.വി.വെൻഡിംഗ് സോൺ, ചിൽഡ്രൻസ് പാർക്ക് കെ.ഡബ്ല്യു.എ, സോളാർ പവർ പ്ലാന്റ്, സ്മാർട്ട് EV ചാർജർ, 25 സ്ഥലങ്ങളിൽ കുടിവെള്ള കിയോസ്കുകൾ, പൊന്നറ ശ്രീധരൻ പാർക്ക്, രാജാജി നഗറിലെ പബ്ലിക് ഹെൽത്ത് സെന്റർ എന്നിവ ഉൾപ്പെടുന്നതായി നഗരസഭയുടെ വാർഷിക റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ ഈ പദ്ധതിയിലെ വിവിധ പ്രോജക്ടുകൾക്കായി നഗരസഭ ഓരോവർഷവും നൽകിയ വിഹിതവും അവയിൽ വിനിയോഗം ലഭ്യമായ പ്രോജക്ടുകളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാകാനുണ്ട്. കൂടാതെ തൻവർഷം പദ്ധതി നം 547/2023-24 പ്രകാരം 25,00,000/- രൂപ

ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി ചെലവിന്റെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.
ആയതിനാൽ സ്മാർട്ട്സിറ്റി പദ്ധതിയുടെ ഭാഗമായി നഗരസഭ നാളിതുവരെ ഓരോ പ്രോജക്ടിനായും ചെലവഴിച്ച തുക സംബന്ധിച്ചും അവയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ തുകകളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ഈ റിപ്പോർട്ട് ലഭ്യമായി രണ്ട് മാസത്തിനകം അറിയിക്കേണ്ടതാണ്.

1-95 കാർഷിക മേഖലയിലെ പദ്ധതികൾ- ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി - 2,00,050/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 19.04.2022-ലെ സ.ഉ(കൈ) നം.86/2022/തസ്വഭവ ഉത്തരവിലെ ഖ.12.3 ൽ വിശദമാക്കിയിട്ടുണ്ട്. കൂടാതെ 08.12.2014-ലെ സർക്കുലർ 42128/എബി.1/14/തസ്വഭവ പ്രകാരം ഭരണസമിതി കൈമാറുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുവെങ്കിൽ ആയതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കാർഷിക മേഖലയിൽ നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I) കഴക്കൂട്ടം കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ

1)

പ്രോജക്ട് നം.	245/24
പ്രോജക്ടിന്റെ പേര്	പച്ചക്കറി കൃഷി വികസന പദ്ധതി
നിർവ്വഹണ ഉദ്യോഗസ്ഥൻ	വിപിത.വി.പി, കഴക്കൂട്ടം കൃഷി ഓഫീസർ
അടങ്കൽ തുക	13,20,500/- രൂപ
ഫണ്ട്	വികസന ഫണ്ട് - 9,99,000/- മറ്റുള്ളവ – 3,21,500/-
ചെലവ് തുക	8,70,875/- രൂപ
ബിൽ നം./തീയതി	888/26.12.2023, 65,625/-
	798/19.12.2023, 75,000/-
	799/19.12.2023, 75,000/-
	882/26.12.2023, 65,625/-
	883/26.12.2023, 65,625/-
	890/26.12.2023, 90,000/-
	891/26.12.2023, 90,000/-
	892/26.12.2023, 90,000/-
	893/26.12.2023, 30,000/-
	1434/06.02.2024, 85,000/-
	1435/06.02.2024, 85,000/-
	2607/24.03.2024, 54,000/-

2)

പ്രോജക്ട് നം.	365/24
പ്രോജക്ടിന്റെ പേര്	പുഷ്പകൃഷി വികസന പദ്ധതി
നിർവ്വഹണ ഉദ്യോഗസ്ഥൻ	വിപിത.വി.പി, കഴക്കൂട്ടം കൃഷി ഓഫീസർ
അടങ്കൽ തുക	3,35,000/- രൂപ
ഫണ്ട്	വികസന ഫണ്ട് - 2,01,625/-, മറ്റുള്ളവ – 1,33,875/-
ചെലവ് തുക	1,88,625/- രൂപ
ബിൽ നം./തീയതി	1673/22.02.2024, 1,01,625/-
	1676/22.02.2024, 87,000/-

കഴക്കൂട്ടം കൃഷി ഭവൻ നടപ്പിലാക്കിയ മേൽ പ്രോജക്ടുകളിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ജനറൽ കൗൺസിൽ എന്നിവർ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പരിശോധിച്ച കൗൺസിൽ തീരുമാനങ്ങൾ:-

1. കൗൺസിൽ തീരുമാനം നം. 1(4) 13(I) തീയതി.27/07/2023

2. കൗൺസിൽ തീരുമാനം നം. 3(ബി) 3(1) (G) തീയതി.11/01/2024

ക്രമ നം.	പ്രോജക്ട് നം./പേര്	വാർഡ്	ഗുണഭോക്താവിന്റെ പേര്	നല്കിയ തുക	ബിൽ നം./ തീയതി
1	245/24	കാട്ടായിക്കോണം	ഭദ്രൻ.എം	20,000	2607/24.03.2024
			ഹരിത സംഘകൃഷി	9,500,	

	പച്ചക്കറി കൃഷി വികസന പദ്ധതി		ഭ്രമിക	9,000	
			തെങ്ങുവിള ഫാർമേഴ്സ് ഗ്രൂപ്പ്	6,000	
2	365/24 പുഷ്പകൃഷി വികസന പദ്ധതി	കഴക്കൂട്ടം	ഡോൾസ്റ്റൻ.ജി	35,000	1676/22.02.2024

മേൽപ്പട്ടികയിൽ ഉൾപ്പെട്ടവർ ആരും തന്നെ 23-24 ലെ പ്രസ്തുത പദ്ധതിക്കുള്ള അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 92/കെ.എസ്.എ/എ.ഒ.I/2024, തീയതി.07.11.2024) 28.02.2025-ന് നൽകിയ മറുപടി പ്രകാരം 15.02.2025-ലെ നം. 3(ബി)1, 2 എന്നീ കൗൺസിൽ തീരുമാന പ്രകാരം പ്രോജക്ട് നം.365/24-ലെ ശ്രീ. ഡോൾസ്റ്റൻ.ജി, പ്രോജക്ട് നം. 245/24ലെ ഹരിത സംഘകൃഷി, ഭ്രമിക, തെങ്ങുവിള ഫാർമേഴ്സ് ഗ്രൂപ്പ് എന്നിവയെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായി അറിയിക്കുകയും കൗൺസിൽ തീരുമാനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2023-24 ലെ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ അപേക്ഷകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തയ്യാറാക്കിയ തൻവർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് 15.02.2025 ലെ കൗൺസിൽ തീരുമാന പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയത് സാധൂകരിച്ച പ്രവൃത്തി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഭാവിയിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ഒഴിവാക്കാൻ ഭരണസമിതി തലത്തിൽ ശ്രദ്ധ പുലർത്തണം.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഭദ്രൻ.എം എന്ന വ്യക്തിയ്ക്ക് 2023-24 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭ്യമാകാത്ത Rain Shelter Construction എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് 20,000/- രൂപ നൽകിയിരിക്കുന്നത്. പ്രസ്തുത ഗുണഭോക്താവിനെ ഉൾപ്പെടുത്തിയുള്ള കൗൺസിൽ തീരുമാനം ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്ന് കൃഷി ഓഫീസർ 21.11.2024ൽ KZM-04/2024-25 കത്ത് പ്രകാരം അറിയിച്ചിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല. വാർഡ് സഭ അംഗീകരിച്ച് കൗൺസിൽ പരിശോധിച്ച് അംഗീകരിച്ച ലിസ്റ്റ് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി പ്രോജക്ടുകൾ മുഖേന ഗുണഭോക്താക്കൾക്ക് നൽകിയ 79,500/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

II) ഉള്ളൂർ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ

1)

പ്രോജക്ട് നം.	625/24
പ്രോജക്ടിന്റെ പേര്	സംയോജിത കൃഷി
നിർവ്വഹണ ഉദ്യോഗസ്ഥൻ	സഞ്ജീവ്.എസ്.ജെ, ഉള്ളൂർ കൃഷി ഓഫീസർ
അടങ്കൽ തുക	3,00,000/- രൂപ
ഫണ്ട്	വികസന ഫണ്ട്
ചെലവ് തുക	3,00,000/- രൂപ
ബിൽ നം./തീയതി	2435/23.03.2024, 95,000/- 2436/23.03.2024, 95,000/- 2437/23.03.2024, 65,000/- 2750/25.03.2024, 45,000/-

2)

പ്രോജക്ട് നം.	638/24
പ്രോജക്ടിന്റെ പേര്	തരിശുനിലങ്ങളിൽ കൃഷി വ്യാപനം
നിർവ്വഹണ ഉദ്യോഗസ്ഥൻ	സഞ്ജീവ്.എസ്.ജെ, ഉള്ളൂർ കൃഷി ഓഫീസർ
അടങ്കൽ തുക	2,00,000/- രൂപ
ഫണ്ട്	വികസന ഫണ്ട്
ചെലവ് തുക	2,00,000/- രൂപ
ബിൽ നം./തീയതി	1240/22.01.2024, 1,00,000/- 2816/25.03.2024, 60,000/- 2817/25.03.2024, 40,000/-

3)

പ്രോജക്ട് നം.	872/24
പ്രോജക്ടിന്റെ പേര്	ജലസേചന പമ്പ്സെറ്റ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	സഞ്ജീവ്.എസ്.ജെ, ഉള്ളൂർ കൃഷി ഓഫീസർ
അടങ്കൽ തുക	4,00,000/- രൂപ
ഫണ്ട്	വികസന ഫണ്ട് - 2,00,000/-, മറ്റുള്ളവ – 2,00,000/-
ചെലവ് തുക	1,70,287/- രൂപ
ബിൽ നം./തീയതി	1499/12.02.2024, 39,973/-

	676/01.12.2023, 40,398/-
	2815/25.03.2024, 17,845/-
	2434/23.03.2024, 72,071/-

ഉള്ളൂർ കൃഷി ഭവൻ നടപ്പിലാക്കിയ മേൽ പ്രോജക്ടുകളിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ജനറൽ കൗൺസിൽ എന്നിവർ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പരിശോധിച്ച കൗൺസിൽ തീരുമാനങ്ങൾ:-

1. കൗൺസിൽ തീരുമാനം നം.1(4) 13(J) തീയതി.27.07.2023

2. കൗൺസിൽ തീരുമാനം നം. 3(ബി) 3(1)(C) തീയതി.11.01.2024

4)

ക്രമ നം.	പ്രോജക്ട് നം./പേര്	വാർഡ്	ഗുണഭോക്താവിന്റെ പേര്	നല്കിയ തുക	ബിൽ നം./ തീയതി
1	625/24,സംയോജിത കൃഷി	ആക്കുളം	ജയശ്രീ. വി.വാമൻ	5000	2750/25.03.2024
		ഇടവക്കോട്	ഗോപാലകൃഷ്ണൻ.എം	10000	2750/25.03.2024
			അശോകൻ ചെട്ടിയാർ	5000	
		മണ്ണന്തല	ജോസഫ് മൈലാഡൂർ	10000	2434/23.03.2024
2	872/24, ജലസേചന പമ്പ് സെറ്റ്	ഉള്ളൂർ	പി.ശിവപ്രസാദ്	11150	2815/25.03.2024
3	638/24, തരിശു നിലങ്ങളിൽ കൃഷി വ്യാപനം	ആക്കുളം	സജിത.എസ്.ആർ	800	2816/25.03.2024
			വിനിത കുമാരി.ജി	800	
			ദേവപാലൻ.പി	2400	
			ആതിരദേവി	800	
			മനോജ് കുമാർ.എസ്	1600	
		ആക്കുളം	സനിത.എസ്.ആർ	800	2817/25.03.2024
			രോഹിണി.ആർ.വൈ	800	
			കമലമ്മ വിക്രമൻ	800	
		ആക്കുളം	ബിന്ദുലേഖ	1600	1240/22.01.2024
			അംബികബായി	800	
			ശ്യാമള അമ്മ	4000	
			രാധാകൃഷ്ണൻ.ടി.എസ്	4000	
			സോമൻ.ജി	3200	
			സനൽ കുമാർ.ടി.ആർ	3200	
		മണ്ണന്തല	സന്തോഷ് കുമാർ.എസ്	800	2816/25.03.2024
			ലീലാമ്മ സൂസൻ ജോർജ്ജ്	800	
		ഇടവക്കോട്	സുരേന്ദ്രൻ.പി	800	2816/25.03.2024
		ഉള്ളൂർ	പി.സനൽകുമാർ	2400	2817/25.03.2024
			അനിത.എസ്	1600	
			ബീന റോസ്	1600	1240/22.01.2024
			സലില രവി	800	

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽഉൾപ്പെടാത്തവർക്ക് ആകെ 75,550/- രൂപ മേൽ പ്രോജക്ടുകൾ പ്രകാരം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഉള്ളൂർ കൃഷി ഭവൻ നടപ്പിലാക്കിയ സ്പിൽ ഓവർ പ്രോജക്ടുകളിലെ അംഗീകൃത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	ഗുണഭോക്താവിന്റെ പേര്	നല്കിയ തുക	ബിൽ നം./ തീയതി
1	111/24, സുഫലം- കാർഷിക ഉത്പാദനം മൂല്യവർദ്ധിത നിർമ്മാണം വിപണന ശൃംഖല രൂപീകരിക്കൽ	കാർഷിക കർമ്മസേന	9270	2438/23.03.2024
2	1112/24, മഴമറയിൽ പച്ചക്കറി കൃഷി	രാജീവ്.ആർ	26130	586/14.11.2023
3	1113/24, മഴമറയിൽ UV പോളിത്തീൻ പഴയ ഷീറ്റ് മാറ്റി പുതിയത് സ്ഥാപിക്കൽ	ഷാ.എ.കെ	9600	2521/24.03.2024

ആകെ തുക -1,20,550/-

മേൽ പ്രോജക്കുകളിലെ അംഗീകൃത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കാത്ത സാഹചര്യത്തിൽ ആകെ 45,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ ഖണ്ഡികകളിലെ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 161/കെ.എസ്.എ/എ.ഒ.I/2024, തീയതി.22.01.2025) മേൽ പദ്ധതിയിലെ ഗുണഭോക്താക്കളുടെ അംഗീകൃത ലിസ്റ്റ് കൃഷിഭവനിൽ നിന്നും ജനകീയാസൂത്രണം സെക്ഷന്റെ Tvmdsc@Gmail.Com ൽ അയച്ചിട്ടുണ്ടെന്ന് 30.01.2025 ലെ യു.കെ.ബി 23/24-25 കത്ത് ലഭ്യമാക്കിയെങ്കിലും പ്രസ്തുത ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ ഖണ്ഡിക I പ്രകാരം 79,500/- രൂപയും, ഖണ്ഡിക II പ്രകാരം 1,20,550/- രൂപയും ഉൾപ്പെടെ ആകെ 2,00,050/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-96 കാലിത്തീറ്റ വിതരണ പദ്ധതി- അപാകങ്ങൾ

പദ്ധതി നം./പേര്	19/24, കാലിത്തീറ്റ വിതരണ പദ്ധതി
അടങ്കൽ	1,04,65,000 (49,00,000 വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം, 55,65,000 മറ്റുള്ളവ)
ചെലവ്	25,76,700/- (വികസന ഫണ്ട്)
ബിൽ നം/ തീയതി, തുക	1559/15.02.2024, 2576700
നിർവഹണം	ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ

ക്ഷീര സംഘങ്ങൾ മുഖേന കാലിത്തീറ്റ വാങ്ങുന്ന കർഷകർക്ക് ഒരു പശുവിന് പ്രതിമാസം 2 ബാഗ് കാലിത്തീറ്റ നിരക്കിൽ ഒരു വർഷത്തിൽ പരമാവധി 10,000/- രൂപയുടെ സബ്സിഡിയോട് കൂടിയ കാലിത്തീറ്റ പൊതുമേഖല കാലിത്തീറ്റ സ്ഥാപനമായ കേരള ഫീഡ്സിൽ നിന്നും കർഷകർക്ക് ക്ഷീരസംഘം മുഖേന വിതരണം ചെയ്യുന്നതിന് ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ നിർവഹണോദ്യോഗസ്ഥയായി മേൽ പദ്ധതി നടപ്പിലാക്കി. 1,540/- രൂപ നിരക്കിൽ കേരള ഫീഡ്സ് നൽകുന്ന ഒരു ബാഗിന് 700/- രൂപ നിരക്കിലാണ് സബ്സിഡി നൽകുന്നത്. ഗുണഭോക്തൃ വിഹിതം സംഘങ്ങൾ മുഖേന നേരിട്ട് കേരള ഫീഡ്സിൽ അടവാക്കുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടെത്തി.

1. പദ്ധതി പ്രകാരം 3681 കാലിത്തീറ്റ ബാഗുകളാണ് കേരള ഫീഡ്സിൽ നിന്നും വാങ്ങിയത്. എന്നാൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 27/11/2023-ലെ എഫ്/599/2023 നമ്പർ സപ്ലൈ ഓർഡർ പ്രകാരം 1480 ബാഗ് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് അപേക്ഷ നൽകിയിരിക്കുന്നത്. ആയതിന്റെ ഇന്റന്റ് ലഭ്യമാക്കിയിട്ടുണ്ട്. ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടറുടെ 26/02/2024-ലെ എഫ്/599/2024 നമ്പർ ഉത്തരവ് പ്രകാരം 3681 ബാഗ് കാലിത്തീറ്റ വാങ്ങിയതിന്റെ സബ്സിഡി തുകയായ 25,76,700/- രൂപ കേരള ഫീഡ്സിന് നൽകുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നു. ബിൽ നം. 1559/15.02.2024 പ്രകാരം ടി തുക കേരള ഫീഡ്സിന് നൽകിയിട്ടുണ്ട്.

അപേക്ഷ നൽകിയതിൽ നിന്നും അധികമായി വാങ്ങിയ 2201 എണ്ണം കാലിത്തീറ്റ ബാഗുകൾ വാങ്ങുന്നതിനുള്ള അപേക്ഷയോ, ഇന്റന്റോ ഹാജരാക്കിയിട്ടില്ല.

2. ഒരു ബാഗിന് 1540 രൂപ നിരക്കിലാണ് കേരള ഫീഡ്സ് കാലിത്തീറ്റ നൽകിയിരിക്കുന്നത്. ആയതിൽ 700 രൂപ സബ്സിഡിയും 840 രൂപ ഗുണഭോക്തൃവിഹിതവുമാണ്. 3681 ബാഗ് കാലിത്തീറ്റ വാങ്ങിയതിൽ ഗുണഭോക്തൃവിഹിതമിനത്തിൽ ക്ഷീരസംഘങ്ങൾ 30,92,040 രൂപ കേരള ഫീഡ്സിൽ അടവാക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ രേഖകൾ ഹാജരാക്കിയതിൽ 7,81,200/- രൂപ മാത്രമാണ് കേരള ഫീഡ്സിൽ അടവാക്കിയതായി ബാങ്കുകളുടെ Pay Slip ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ച 23,10,840/- രൂപ കേരള ഫീഡ്സിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. അപേക്ഷാ ഫോമുകളിൽ പലതിലും കന്നുകാലികളുടെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷാ ഫോമുകൾ പൂർണമല്ല. ഏത് പ്രോജക്ടിനാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്നത് തെറ്റായാണ് പല അപേക്ഷകളിലും രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.146/കെ.എസ്.എ./ടിവിസി.10/2024. തീയതി: 20.01.2025.) മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികമായി വാങ്ങിയ 2201 എണ്ണം കാലിത്തീറ്റ ബാഗുകൾ വാങ്ങുന്നതിനുള്ള അപേക്ഷയും ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖകളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികമായി വാങ്ങിയ 2201 എണ്ണം കാലിത്തീറ്റ ബാഗുകളുടെ സബ്സിഡിയായ 15,40,700 രൂപ നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1-97 തെരുവ് നായ പ്രജനന നിയന്ത്രണവും വാക്സിനേഷനും - വൻ തുക ചെലവഴിക്കുന്നു. നഗരസഭയുടെ അനിവാര്യ ചുമതലയുടെ നടത്തിപ്പ് ലക്ഷ്യം നേടുന്നില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് 30(1)-10 വകുപ്പ് പ്രകാരമുള്ള ഒന്നാം പട്ടികയിൽ 27ാം നമ്പരായി പ്രതിപാദിച്ചിരിക്കുന്നതും മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലകളിൽപ്പെടുന്നതും ജനങ്ങളുടെയും മൃഗങ്ങളുടെയും ആരോഗ്യസുരക്ഷയുമായി ബന്ധപ്പെടുന്നതുമായ പ്രവൃത്തിയാണ് തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണവും വാക്സിനേഷനും. മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേയ്ക്ക് പകരുന്ന ജന്തുജന്യ രോഗമായ റാബിസ് അഥവാ പേവിഷബാധ മരണം സംഭവിക്കുന്ന രോഗാവസ്ഥ സൃഷ്ടിക്കുന്ന ഗുരുതരമായ ഒന്നാണ്. തെരുവ് നായ്ക്കളുടെ അനിയന്ത്രിതമായ പെരുപ്പവും അവയുടെ ആക്രമണം മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും ഒഴിവാക്കേണ്ടത് സർക്കാർ തലത്തിലും തദ്ദേശ സ്ഥാപന തലത്തിലും ജാഗ്രതയോടെ നടപ്പാക്കേണ്ട ഒരു പ്രവൃത്തിയാണ്. മാധ്യമ റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷങ്ങളിലായി 8ലക്ഷത്തിൽപരം ആളുകൾ തെരുവ് നായ ആക്രമണത്തിനിരയായി, 2024 വർഷം മാത്രം 3,16,793 ആളുകളെ തെരുവ് നായ ആക്രമിച്ചു എന്നും തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ ആളുകൾ ആക്രമണത്തിനിരയായത് എന്നും കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. ലൈവ്സ്റ്റോക്ക് സെൻസസ് പ്രകാരം കേരളത്തിൽ മൂന്ന ലക്ഷത്തോളവും തിരുവനന്തപുരം നഗരസഭയിൽ നിന്നും ലഭിച്ച

റിപ്പോർട്ട് പ്രകാരം നഗരസഭാ പരിധിയിൽ 8679 ഉം തെരുവ് നായ്ക്കളുള്ളതായാണ് വ്യക്തമാകുന്നത്.
തെരുവ് നായകളുടെ ആധിക്യം മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സർക്കാർ വിവിധ കാലയളവുകളിൽ ഉത്തരവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും യാതൊന്നും തന്നെ പൂർണതയിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. 2001-ൽ രാജ്യമൊട്ടാകെ Animal Birth Control പദ്ധതി ആവിഷ്കരിച്ചു. 23 വർഷത്തിനപ്പുറവും കേരളം തെരുവ് നായകളുടെ ആക്രമണത്തിൽ വലയുകയാണ്. തിരുവനന്തപുരം നഗരസഭാ പരിധിയിൽ തൻവർഷം പേവിഷബാധയും മരണവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്നത് അത്യന്തം ഖേദകരമാണ്.
തിരുവനന്തപുരം നഗരസഭ 2013 കാലഘട്ടത്തിലാണ് ABC പദ്ധതിയിക്ക് തുടക്കമിടുന്നത്. പേട്ട, തിരുവല്ലം, വണ്ടിത്തടം എന്നീ ആശുപത്രികളിലായാണ് ABC പദ്ധതി നടത്തി വന്നിരുന്നത്. ആശുപത്രികളുടെ സൌകര്യക്കുറവ്, പരിസരവാസികളുടെ എതിർപ്പ് എന്നിവ കാരണം ഓരോ ആശുപത്രികളിലും ടി പദ്ധതി പാതിവഴിയിൽ നിർത്തുകയാണ് ചെയ്തത്. നിലവിൽ പേട്ട മൃഗാശുപത്രിയിൽ മാത്രമാണ് ABC സർജറികൾ നടത്തി വരുന്നത്. ആധുനിക രീതിയിലുള്ള പ്രീ ഓപ്പറേഷൻ, ഓപ്പറേഷൻ, പോസ്റ്റ് ഓപ്പറേഷൻ സംവിധാനത്തോടു കൂടിയുള്ള ABC Hospital വണ്ടിത്തടത്ത് തന്നെ ഒരുക്കുവാനായി 2.47 കോടി രൂപയുടെ പദ്ധതിയ്ക്ക് തിരുവനന്തപുരം നഗരസഭ ബഹു. മേയറുടെ മുൻകൂർ അനുമതി ലഭിച്ചതിൻപ്രകാരം നിലവിൽ നിർമ്മാണ പ്രവർത്തി ആരംഭിച്ചിട്ടുണ്ട്.
2023-24 സാമ്പത്തിക വർഷം തെരുവ് നായ്ക്കളുടെ നിയന്ത്രണം മുന്നിൽ കണ്ട് തിരുവനന്തപുരം നഗരസഭ വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി തെരുവ് നായ വാക്സിനേഷൻ, RABC എന്നീ പദ്ധതികൾക്കായി 66,96,520/- രൂപ അടങ്കൽ വയ്ക്കുകയും 56,73,198/- രൂപ ചെലവാക്കുകയും ചെയ്തു. 3849 നായ്ക്കളെ വാക്സിനേഷൻ നടത്തുകയും 1087 നായ്ക്കളെ വന്ധ്യംകരണം നടത്തുകയും ചെയ്തു. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന കാരണങ്ങളാൽ ടി പദ്ധതികൾ വലിയ വിജയമായി മാറിയില്ല.
* കൃത്യമായ മോണിട്ടറിംഗ് ഇല്ലായ്മ
* കൃത്യമായ പ്ലനിംഗ് ഇല്ലായ്മ
* പരിചയ സമ്പന്നരായ വെറ്ററിനറി ഡോക്ടർമാരുടെയും പാരവെറ്റുകളുടെയും സേവനത്തിന്റെ അഭാവം
* ഡോഗ് ക്യാച്ചർമാരുടെ അഭാവം
* തെരുവ് നായ്ക്കളുടെ എണ്ണത്തിൽ കൃത്യമായ കണക്കെടുപ്പ് നടത്താത്തത്.
നഗരസഭയുടെ 2023-24 സ്റ്റാറ്റസ് റിപ്പോർട്ടിൽ മൃഗസംരക്ഷണം/ക്ഷീരവികസനം എന്ന ഭാഗത്ത് തെരുവ് നായ നിയന്ത്രണം ഒരു പ്രശ്നമായി പോലും പരിഗണിച്ചിട്ടില്ല. നായ്ക്കളുടെ എണ്ണവും ABC നടത്തിയവയുടെ എണ്ണവും പുതുക്കിയിട്ടു പോലുമില്ല.

നഗരസഭയുടെ നടപടികൾ - അവലോകനം

2020-21, 2021-22, 2022-23, 2023-24 വർഷങ്ങളിലായി ABC പദ്ധതിയ്ക്കായി നഗരസഭ ചെലഴിച്ച തുകയുടെ കണക്ക് താഴെ ചേർക്കുന്നു.

		2020-21	2021-22	2022-23	2023-24
RABC	അടങ്കൽ	7728031	6104000	61,51,455	4255676
	ചെലവ്	7269932	5152362	5810818	3905931
വാക്സിനേഷൻ	അടങ്കൽ			2000000	2440848
	ചെലവ്			1559152	1767267
ആകെ ചെലവ്		7269932	5152362	7369970	5673198

നിലവിൽ ഒരു വർഷം ശരാശരി 1000 മുതൽ 1200 നായ്ക്കളെ വന്ധ്യംകരണം നടത്തുവാൻ സാധിക്കുന്നുണ്ടെന്നും, ഈ സംഖ്യ പ്രതിവർഷം 4000 മുതൽ 4500 വരെ വർദ്ധിച്ചാൽ മാത്രമേ തെരുവ് നായ്ക്കളുടെ എണ്ണത്തിൽ കുറവ് വരുത്താൻ സാധിക്കുകയുള്ളൂ എന്നും മറുപടിയിൽ വ്യക്തമാക്കുന്നു. നഗരസഭയുടെ എബിസി സെന്ററുകൾ പൂർണമായി സജ്ജമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. കഴിഞ്ഞ 3 വർഷങ്ങളിലായി 2,42,39,162/- രൂപ RABC പ്രോജക്ടിനായി വകയിരുത്തുകയും 2,21,39,043/- രൂപ ചെലവഴിക്കുകയും ചെയ്തു. നിലവിൽ ABC പ്രോഗ്രാം പ്രകാരം ഒരു നായയുടെ പ്രജനന നിയന്ത്രണത്തിന് 2,500/- രൂപ വീതം ചെലവഴിക്കുകയാണെങ്കിൽ പോലും കഴിഞ്ഞ 3 വർഷത്തെ കണക്കെടുക്കുകയാണെങ്കിൽ വകയിരുത്തിയ തുകയുടെ കണക്കിൽ 9695 നായ്ക്കളെ വന്ധ്യംകരിക്കാമായിരുന്നു. ചെലവഴിച്ച തുകയുടെ കണക്കു പ്രകാരം 8855 നായ്ക്കളെ വന്ധ്യംകരിക്കാമായിരുന്നു. അപ്രകാരം വന്ധ്യംകരണം നടത്തിയിരുന്നെങ്കിൽ ഇപ്പോഴത്തെ എണ്ണം ഗണ്യമായി കുറയുമായിരുന്നു. ആയതിനാൽ പ്രസ്തുത തുകയുടെ ചെലവിന്റെ അടിസ്ഥാനത്തിൽ നഗരസഭ ഈ വിഷയത്തിൽ ചെയ്ത പ്രവൃത്തികളെ തരം തിരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. തെരുവ് നായ വാക്സിനേഷനു വേണ്ടി 44,40,848/- രൂപ വകയിരുത്തുകയും 33,26,419/- രൂപ ചെലവഴിക്കുയും ചെയ്തു.
തെരുവ് നായ നിയന്ത്രണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭയിലെ നിർവഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജന് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 199/കെ.എസ്.എ/ടിവിസി.10/2024, തീയതി. 17.02.2025) ലഭിച്ച മറുപടിയിൽ ഉൾപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.
റാബീസ് ഫ്രീ തിരുവനന്തപുരം പദ്ധതിയുടെ ഭാഗമായി Compassion For Animal Welfare Association, CAWA എന്ന സംഘടന നഗരസഭയുമായി MOU (Memmorandum Of Understanding)ൽ ഏർപ്പെടുകയും 2023 ജൂലൈ മുതൽ 2023 ഡിസംബർ വരെയുള്ള മാസങ്ങളിലായി 50 വാർഡുകളിലായി 3236 തെരുവ് നായ്ക്കളെ വാക്സിനേറ്റ് ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സംഘടനയും നഗരസഭ ഹെൽത്ത് ഓഫീസറും തമ്മിലുണ്ടായ പ്രശ്നങ്ങളെ തുടർന്ന് CAWA യെ വാക്സിനേഷൻ പ്രോഗ്രാമിൽ നിന്ന് സസ്പെന്റ് ചെയ്തിരുന്നു. നിലവിൽ CAWA നഗരസഭയിൽ പ്രവർത്തനം നടത്തുന്നുണ്ട്.
നഗരസഭ പദ്ധതി പ്രകാരവും CAWA സംഘടന വഴിയും നടത്തിയ വാക്സിനേഷനുകളിൽ ചില അവസരങ്ങളിൽ ഡ്യൂപ്ലിക്കേഷൻ ഉണ്ടാകാറുണ്ടെന്നും വാക്സിനേഷന് വിധേയമാക്കിയ നായ്ക്കളെ തിരിച്ചറിയാനായി സ്പ്രേ പെയിന്റ് ഉപയോഗിച്ച് മാർക്ക് ചെയ്യാറുണ്ടെങ്കിലും നാലോ അഞ്ചോ ദിവസങ്ങൾക്ക് ശേഷം ടി പെയിന്റ് ഇളകി പോകുകയും പിന്നീട് വാക്സിനേഷൻ വിധേയമാക്കിയ നായ്ക്കളെ തിരിച്ചറിയാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്നും വെറ്ററിനറി സർജൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.
നഗരസഭയിൽ ഡോഗ് കൺട്രോൾ സെൽ രൂപീകരിച്ചിട്ടില്ല. തെരുവ് നായ ശല്യം മൂലമുണ്ടാകുന്ന പരാതികളുടെ പ്രാധാന്യം കണക്കിലെടുത്ത് പരിമിതമായ പരാതികൾ മാത്രമാണ് നിലവിൽ പരിഹരിക്കുനുള്ള എന്നും നഗരസഭയ്ക്ക് ലഭിക്കുന്ന പരാതികൾക്കനുസരിച്ചാണ് വന്ധ്യംകരണം നടത്തി വരുന്നത് എന്നും വെറ്ററിനറി സർജൻ മറുപടിയിൽ വ്യക്തമാക്കി.

പ്രശ്ന പരിഹാരത്തിനുള്ള നിർദേശങ്ങൾ

1. ABC, വാക്സിനേഷൻ പ്രവർത്തനങ്ങൾ കുറ്റമറ്റതും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതും, എ.ബി.സി ഡോഗ് റൂൾസ് 2023 പ്രകാരമുള്ള മോണിട്ടറിംഗ് കമ്മിറ്റി പുനക്രമീകരിച്ച് പ്രവർത്തനങ്ങൾ മോണിട്ടറിംഗ് നടത്തേണ്ടതും, പ്രവർത്തന ലക്ഷ്യം ഉറപ്പാക്കേണ്ടതുമാണ്. ഇതിനായി ABC, വാക്സിനേഷൻ പ്രവർത്തനങ്ങൾക്ക് സജ്ജരും, സന്നദ്ധരുമായിട്ടുള്ള നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുമായി (ഉദാ.

People For Animals (PFA), Street Dog Watch Association തുടങ്ങിയവ) ചേർന്ന് പ്രവർത്തിക്കാവുന്നതും, തെരുവുനായയകളുടെ എണ്ണം നിയന്ത്രണവിധേയമാക്കാവുന്നതുമാണ്. നിലവിൽ നഗരസഭ ഇത്തരത്തിലുള്ള സംഘടനകളുമായി യോജിച്ച് പ്രവർത്തിക്കുന്നില്ല എന്നാണ് കാണുന്നത്.

2.തെരുവ് നായ്ക്കളെ അക്രമോത്സുകരാക്കുന്ന ഘടകങ്ങളെ തിരിച്ചറിഞ്ഞ് പരിഹാരം കണ്ടെത്താവുന്നതാണ്. ആയതിലേക്ക് അഭയകേന്ദ്രങ്ങൾ സജ്ജമാക്കാവുന്നതും, തെരുവ് നായക്കളെ ന്യൂട്ടർ ചെയ്ത് അഭയകേന്ദ്രങ്ങളിലേക്ക് മാറ്റാവുന്നതോ, സന്നദ്ധ സംഘടനകളുമായി ചേർന്ന് പ്രവർത്തിച്ചുകൊണ്ട് ന്യൂട്ടർ ചെയ്ത നായക്കൾക്ക് ഫീഡിംഗ് സ്പോട്ടുകൾ ക്രമീകരിക്കാവുന്നതുമാണ്.
3.തെരുവ് നായ്ക്കളെ വാക്സിനേറ്റ് ചെയ്യുമ്പോൾ ഒരേ നായയെ തന്നെ പിന്നീടും കാലാവധി തീരുന്നതിനു മുന്നേ വീണ്ടും വാക്സിനേറ്റ് ചെയ്യുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. വ്യക്തമായ ആസൂത്രണത്തിന്റെ അഭാവമാണ് ഇവിടെ കാണുന്നത്. വാക്സിനേറ്റ് ചെയ്ത നായ്ക്കൾക്ക് ഒരു Ear Tag നൽകുകയോ മറ്റേതെങ്കിലും തരത്തിലുള്ള മാർക്കിംഗ് നൽകുകയോ ചെയ്യുക വഴി ഇത്തരത്തിലുള്ള കുറവുകൾ പരിഹരിക്കാവുന്നതാണ്.
എ.ബി.സി ഡോഗ് റൂൾസ് 2023 പ്രകാരം മോണിട്ടറിംഗ് കമ്മിറ്റി പുനക്രമീകരിച്ച് നഗരസഭ ഉത്തരവ് നൽകിയിട്ടുണ്ട്. ടി കമ്മിറ്റിയിൽ ജില്ലാ എസ്.പി.സി.എ രൂപീകരിക്കാത്തതിനാൽ എസ്.പി.സി.എ പ്രതിനിധികളെ ലഭിച്ചിട്ടില്ല എന്നും ഇക്കാരണത്താൽ കമ്മിറ്റി പുനക്രമീകരണത്തിനു ശേഷം യോഗം കൂടിയിട്ടില്ല എന്നും മറുപടി ലഭിച്ചിട്ടുണ്ട്. യാഥസമയങ്ങളിൽ യോഗം കൂടി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും നൂതന ആശയങ്ങൾ കൊണ്ടുവരാനും ശ്രദ്ധിക്കേണ്ടതാണ്.
സ.ഉ(സാധാ) നം. 2244/2022/തസ്വഭവ, തീയതി. 15.09.2022-ൽ തെരുവ് നായ്ക്കൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കും അഭയകേന്ദ്രങ്ങൾ സജ്ജമാക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്. എന്നാൽ അത്തരത്തിൽ അഭയകേന്ദ്രങ്ങൾ ഒന്നും തന്നെ നഗരസഭാ പ്രദേശത്ത് ഒരുക്കിയിട്ടില്ല. പിടികൂടുന്ന തെരുവ് നായ്ക്കളെ വാക്സിനേറ്റ് ചെയ്ത് എ.ബി.സി സർജറി നടത്തി അഭയകേന്ദ്രങ്ങളിൽ പാർപ്പിക്കണം. നരസഭയുടെ അധീനതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന പ്രദേശങ്ങളിലോ ഒറ്റപ്പെട്ട കെട്ടിടങ്ങളിലോ ഇത്തരത്തിൽ അഭയകേന്ദ്രങ്ങൾ രൂപീകരിക്കാവുന്നതാണ്. മൃഗസ്നേഹികൾക്ക് അഭയകേന്ദ്രങ്ങളിൽ നിന്നും നായ്ക്കളെ ദത്തെടുക്കാനുള്ള സൗകര്യവും ചെയ്ത് നൽകാവുന്നതാണ്.
വരും വർഷങ്ങളിൽ തെരുവ് നായ്ക്കളുടെ എണ്ണത്തിലുള്ള വർദ്ധനവ്, തെരുവ് നായ ആക്രമണം എന്നിവ ഗുരുതരമായ പ്രശനങ്ങളായി കണ്ട് നഗരസഭയുടെ ഭാഗത്തുനിന്നും ഊർജ്ജിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പണം ചെലവഴിക്കുക എന്നതിലുപരി പദ്ധതി ലക്ഷ്യം കൈവരിക്കുക എന്നതിന് പ്രാധാന്യം നൽകേണ്ടതാണ്.

1-98 പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണവും നിർവഹണവും-അവലോകനം

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി, നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം 2023-24 സാമ്പത്തിക വർഷം നിർവഹണത്തിനായി 1131 പദ്ധതികൾ ഏറ്റെടുത്തു. ഇതിൽ 437പദ്ധതികൾ തൻവർഷം നടപ്പിലാക്കി. സുലേഖ ചെലവ് പത്രിക പ്രകാരം ആകെ 2487260247/-രൂപാ വകയിരുത്തിയതിൽ 577209053/-രൂപാ ചെലവഴിച്ചിട്ടുണ്ട്. നിർവഹണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

	പുതിയ പദ്ധതികൾ	സ്പിൽഓവർ പദ്ധതികൾ	ആകെ പദ്ധതികൾ
ഏറ്റെടുത്തവ	700	431	1131
നടപ്പിലാക്കിയവ	213	224	437
നടപ്പിലാക്കാത്തവ	487	207	694

1.സ്റ്റാറ്റസ് റിപ്പോർട്ട്- പൊതുമരാമത്ത് മേഖലയിൽ കൂടുതൽ പ്രവർത്തനങ്ങൾ അനിവാര്യം

സ്ഥാപനത്തിന്റെ അവസ്ഥാ റിപ്പോർട്ട് പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ നിലവിലെ അവസ്ഥയും ഇനിയും പരിഹരിക്കപ്പെടേണ്ടതും/ വികസനം എത്തപ്പെടേണ്ട മേഖലകളും ഉണ്ടെന്ന് മനസിലായി. അവസ്ഥാറിപ്പോർട്ടിലെ വികസനം ആവശ്യമായ മേഖലകളിലെ പരിഹരിക്കപ്പെടേണ്ട വിഷയങ്ങൾക്കാസ്പദമായി പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവഹിക്കാൻ പ്രഥമ പരിഗണന നൽകേണ്ടതാണ്.

2.പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം മെച്ചപ്പെടണം.

2023-24ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് -(കുടിവെള്ളം) 19.03.2023 ന് യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ ചർച്ച ചെയ്ത് ക്രോഡീകരിച്ചിട്ടില്ല. ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻ വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4 ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന വാർഡ്സഭാ/വാർഡ് കമ്മിറ്റി യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ ഈ നിർദ്ദേശം പാലിച്ചു കാണുന്നില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള ചുമതലകൾ വർക്കിംഗ് ഗ്രൂപ്പ് നിർവഹിക്കേണ്ടതാണ്.

3.വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾ പദ്ധതികളായി രൂപപ്പെടേണ്ടതുണ്ട്.

2023-24ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് -(കുടിവെള്ളം) 19.03.2023 ന് കൈക്കൊണ്ട തീരുമാനങ്ങളിൽ പലതും പദ്ധതികളായി രൂപപ്പെട്ടിട്ടില്ല. ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

A. വിവിധ ആവശ്യങ്ങൾക്കായി നഗരത്തിൽ എത്തുന്ന പൊതുജനങ്ങൾക്കും മറ്റും കുടിവെള്ളം ലഭിക്കുന്നതിനായി വാട്ടർ കിയോസ്ക് സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയ പദ്ധതി.

B. കുടിവെള്ള ദൗർലഭ്യം നേരിടുന്ന നഗരത്തിലെ എല്ലാ പ്രദേശങ്ങളിലും ചെറിയ ടാങ്കുകൾ സ്ഥാപിച്ച് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതി.

C. എസ്.സി, എസ്.ടി കോളനികളുടെ ലിസ്റ്റ് തയ്യാറാക്കി ജലദൗർലഭ്യം ഉള്ള കോളനികളിൽ മുൻഗണന നൽകി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

D. 100% കുടിവെള്ള കണക്ഷൻ ലഭ്യമായ വാർഡുകളിൽ പൊതു ടാപ്പുകൾ പൂർണമായും ഒഴിവാക്കുന്നതിനും മറ്റു സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി പൊതു ടാപ്പുകൾ കുറയ്ക്കുന്നതിനുമുള്ള പദ്ധതി.

പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന നിർദ്ദേശങ്ങൾ തൻവർഷം പദ്ധതികളായി രൂപപ്പെട്ടിട്ടില്ല. പദ്ധതി രൂപീകരണ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടതും വാർഡ്സഭാ/വാർഡ് കമ്മിറ്റി നിർദ്ദേശങ്ങളുടെയും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കേണ്ടതുമാണ്. നഗരസഭാ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

4.റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല.

പതിനാലാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നമ്പർ 86/2022/ ത.സ്വ.ഭ.വ /19-04-2022 ലെ ഖണ്ഡിക 8.14(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. നഗരസഭ തൻവർഷം ധാരാളം റോഡ് അനുബന്ധ പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ട്. നിർവഹണം നടത്തിയ റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ്, റോഡ് പുനരുദ്ധാരണം പ്രവൃത്തികൾ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയാണോ ഏറ്റെടുത്തിരിക്കുന്നത് എന്നത് വ്യക്തമല്ല. റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.237) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ്, പ്ളാൻ എന്നിവ തയ്യാറാക്കി റോഡ് നിർമ്മാണം, പുനരുദ്ധാരണം പ്രവൃത്തികൾ റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ മേൽ സൂചിപ്പിച്ച ഉത്തരവ് ഖണ്ഡിക 8.14(8) പ്രകാരം ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരോ വാർഷിക പദ്ധതിയിലും കുറഞ്ഞത് ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നിർമ്മിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ സാമ്പത്തിക വർഷം ഇത്തരം റോഡ് പദ്ധതി ഏറ്റെടുത്തതിനെ സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

5.നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നില്ല.

ജി.ഒ (എം.എസ്)നമ്പർ 86/2022/ ത.സ്വ.ഭ.വ /19-04-2022 ലെ ഖണ്ഡിക 11 പ്രകാരം നിർബന്ധമായും തുടരേണ്ടുന്ന പദ്ധതികൾ മാത്രം സ്പിൽ ഓവറായി ഏറ്റുടുക്കുവാനും ഏപ്രിൽ 1 മുതൽ തുടരാവുന്നതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഇത്തരത്തിൽ വിവിധ ഫണ്ടുകൾ വകയിരുത്തി ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികൾ അതേവർഷം തന്നെ പൂർത്തീകരിച്ചില്ലെങ്കിൽ ഗ്രാന്റ് നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടാകും. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത് എഞ്ചിനീയറിംഗ് വിഭാഗം 431 പ്രോജക്ടുകൾ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ 224 പ്രോജക്ടുകൾ മാത്രമെ നടപ്പിലാക്കിയിട്ടുള്ളൂ.

നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്ടുകൾ ഏറ്റെടുത്ത വർഷം തന്നെ നടപ്പിലാക്കാത്തത് ഗ്രാന്റ് നഷ്ടപ്പെടുന്ന സാഹചര്യത്തിന് വഴിതെളിക്കുമെന്നതിനാൽ ദീർഘ വീക്ഷണത്തോടെ സ്പിൽ ഓവർ പദ്ധതികൾ ഏറ്റെടുക്കേണ്ടതും സർക്കാർ നിർദ്ദേശം കർശനമായി പാലിച്ച് ആയവ നടപ്പിലാക്കേണ്ടതുമാണ്..

6.എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

തൻവർഷം അംഗീകാരം ലഭിച്ച സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളിൽ പലതും റിവൈസ് ചെയ്തതായി കാണുന്നു. 2023-24-ൽ ആകെ 437 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. ഇതിൽ ഭൂരിഭാഗം പദ്ധതികളും വിവിധ കൗൺസിൽ തീരുമാനങ്ങൾ പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. സൈറ്റ് കണ്ടിഷൻ മനസിലാക്കാതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു. തൻമൂലം പല എസ്റ്റിമേറ്റുകളിലും വ്യാപകമായ വ്യതിയാനം വരുത്തേണ്ടി വരുന്നു. ചില ഇനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ശരിയായ ആവശ്യകത നിർണ്ണയിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാകുന്നു. ഇത് GO(P)13/2012pwd Dt.01.02.2012 പ്രകാരമുള്ള 2012 ലെ റിവൈസ്ഡ് പി.ഡബ്ളു.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് എതിരാണ്.

കൂടാതെ സർക്കുലർ നം.ഇ.20/6699/2018/സി.ഇ/ത.സ്വ.ഭ.വ/21.06.2018 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥലസന്ദർശനം നടത്തണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ശരിയായ പഠനം നടത്താതെയും ആവശ്യകത മനസിലാക്കാതെയുമുള്ള മരാമത്ത് പദ്ധതികളുടെ രൂപീകരണം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും ആയതിന്റെ ചുമതല നിർവഹിക്കുന്നില്ലാ എന്നതിന്റെ ഉദാഹരണമാണ്. ശരിയായ സൈറ്റ് കണ്ടിഷൻ മനസിലാക്കിയും ആവശ്യകത നിർണ്ണയിച്ചും പദ്ധതികൾരൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7.പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷവും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നു.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 Go(P)13/2012/Pwd/Dtd 01.02.2012സെക്ഷൻ 1601-1-6പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജി.ഒ. (എം.എസ്) 86/2022 ത,സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ലാ എന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പാങ്ങോട് വാർഡിലെ ഉദിയന്നൂർ തമ്പുരാൻ റോഡ് കൂട്ടാംവിള ശ്രീചിത്ര നഗർ ഇന്റർലോക്ക് മെയിന്റനൻസ്, കോൺക്രീറ്റിംഗ്, റീകോൺക്രീറ്റിംഗ്, യൂറോക്കോൺ പാകൽ അനശ്വര റോഡ് പൈപ്പ് കഴലിട്ട് ഓടനിർമ്മാണം, റീകോൺക്രീറ്റിംഗ് എന്ന പ്രവൃത്തി പൂർത്തീകരിച്ച ശേഷമാണ് എസ്റ്റിമേറ്റ് പുതുക്കിയിരിക്കുന്നത്. എസ്റ്റിമേറ്റ് റിവിഷന് മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

8.ഇൻഷ്വറൻസ് സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നില്ല.

PWD Bidding Document (GO(P) No.3/2017 PWD.Dtd.9.8.0217) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യേണ്ടതാണ്. സ്ഥാപനം നൽകിയ Letter Of Acceptance/Selection Notice പ്രകാരം കരാറുകാരൻ കോൺട്രാക്ട് തുകയുടെ 0.5%

മൂല്യമുള്ള (മിനിമം 200000/- പരമാവധി 500000/-) ഇൻഷ്വറൻസ് ഹാജരാക്കേണ്ടതാണ്. എന്നാൽ 2023-24 ൽ കരാർ ചമയ്ച്ചിട്ടുള്ള മിക്ക പ്രവൃത്തികളിലും ഇൻഷ്വർ ചെയ്തിട്ടില്ല. ഇൻഷ്വറൻസ് ലഭ്യമാക്കിയില്ലെങ്കിൽ പി.എ..സി. യുടെ 0.2% പിഴയായി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഇൻഷ്വറൻസ് സാക്ഷ്യപത്രം ലഭ്യമാക്കാതെയും പിഴ തുക ഈടാക്കാതെയും ഫൈനൽ ബിൽ അനുവദിച്ചിട്ടുണ്ട്. ഏതാനും പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രവൃത്തിയുടെ പേര്	കരാറുകാരൻ	കരാർ തുക	ഇൻഷ്വറൻസ് മൂല്യം
1	അമ്പലത്തറ വാർഡിലെ അമ്പലത്തറ യു.പി.എസ്. മെയിന്റനൻസും പെയിന്റിംഗും	പ്രദീപ്. ജി	671350	200000
2	മുട്ടത്തറ വാർഡിലെ തരംഗിണി ലൈൻ-തരംഗിണി ലൈനിലെ ലൈനിലെ വീതിയേറിയ ഇടവഴി എന്നിവിടങ്ങളിൽ മഴ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി സ്ലാബ് മൂടിയ ഓട മാതൃകയിലുള്ള മഴക്കുഴി നിർമ്മാണം.	എം.ബാബു.	845429	200000
3	ബീമാപള്ളി ഈസ്റ്റ് വാർഡിലെ വി.ഐ.പി. കോളനി റോഡ് സദാം നഗർ റോഡ് പത്തേക്കർ സുനാമി കോളനി റോഡ് ചെറിയതുറ ഫിഷർമെൻ കോളനി റോഡ് പുനരുദ്ധാരണം.	എം.റഷീദ്.	2770133	200000
4	ഉള്ളൂർ വാർഡിലെ വലിയകുളം പൂർത്തീകരണം.	മോഹൻ.കെ	3227016/-	200000

9.ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ജി.ഒ (എം.എസ്)നമ്പർ 86/2022/ ത.സ്വ.ഭ.വ /19-04-2022 ലെ ഖണ്ഡിക നം. 6.8.1 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ തൻവർഷം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതികൾ പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി നഗരസഭ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, നഗരസഭ കൗൺസിൽ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ വർഷങ്ങളിൽ മാർഗരേഖയിലെ നിർദ്ദേശത്തിന് അനുസൃതമായി ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

10.ആസ്തിയുടെ യൂണീക്ക് നമ്പർ രേഖപ്പെടുത്തുന്നില്ല.

ആസ്തികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട മെയിന്റനൻസ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ അവ തദ്ദേശ സ്ഥാപനത്തിന്റെ ആസ്തിതന്നെയെന്ന് ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. സ്ഥാപനത്തിന്റെ ആസ്തിയല്ലാത്തതോ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതോ ആയ ഒരു മെയിന്റനൻസ് പ്രവൃത്തിയും ഏറ്റെടുക്കാൻ പാടില്ല. പ്രവൃത്തികളുടെ അംഗീകാരവുമായി ബന്ധപ്പെട്ട പരിശോധനയിൽ ആസ്തിയുടെ യൂണീക്ക് നമ്പർ പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നതായി കാണുന്നില്ല. ഇതിൽ നിന്നും നഗരസഭയുടെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തതെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

11.തനത് ഫണ്ട് ചെലവ് സുലേഖയിൽ ഉൾപ്പെടുത്തുന്നില്ല.

തനത് ഫണ്ട് വകയിരുത്തി ഏറ്റെടുത്ത് പൂർത്തീകരിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. ആയതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ആകെ ചെലവ് തുകയിൽ കൃത്യത ഇല്ലാതാകുന്നു. തനത് ഫണ്ട് വകയിരുത്തി ചെലവ് ചെയ്തതും എന്നാൽ സുലേഖ പത്രികയിൽ ഉൾപ്പെടാത്തതുമായ ഏതാനും ചില പ്രവൃത്തികളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ടിന്റെ പേര്	പ്രോജക്ട് നം	ചെലവ് തുക (ചെക്ക് പ്രകാരം)	ചെക്ക് നം തീയതി.
1.	ഉദിയന്നൂർ തമ്പുരാൻ റോഡ് കൂട്ടാംവിള ശ്രീചിത്ര നഗർ ഇന്റർലോക്ക് മെയിന്റനൻസ്, കോൺക്രീറ്റിംഗ്, റീകോൺക്രീറ്റിംഗ്, യൂറോക്കോൺ പാകൽ അനശ്വര റോഡ് പൈപ്പ് കഴലിട്ട് ഓടനിർമ്മാണം, റീകോൺക്രീറ്റിംഗ്-	229/24	483052/-	875701 തീയതി. 16/02/2024
2.	ഏറത്ത് ലെയ്ൻ മഠത്തിൽ നട നെല്ലിയോട് റോഡ് കോൺക്രീറ്റിംഗ്	505/24	500000/-	875715 തീയതി. 07/03/2024

12.പിഴ ഈടാക്കാനുള്ള വ്യവസ്ഥ—കരാറിൽ ചേർക്കേണ്ടതാണ്.

പുതുക്കിയ പിഡബ്ല്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഈടാക്കേണ്ട പിഴ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ 2023-24 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, പ്രവൃത്തികളുടെ കരാർ പത്രങ്ങളിൽ മരാമത്ത് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതായി

ശ്രദ്ധയിൽപ്പെട്ടു. പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ കരാറിൽ ചേർക്കേണ്ടത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമാകേണ്ടതാണ്.

13.പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല.

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമായി പരിഗണിക്കാവുന്നതാണ്. എന്നാൽ മാന്വലിൽ നിഷ്കർഷിക്കും പ്രകാരമുള്ള പ്രവർത്തനകലണ്ടർ കരാറുകാരുംതന്നെ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

14.പ്രവൃത്തികളുടെ ബോർഡ് വയ്ക്കാൻ തുക വകയിരുത്തുന്നില്ല.

ജി.ഒ (എം.എസ്)നമ്പർ 86/2022/ ത.സ്വ.ഭ.വ /19-04-2022 ലെ ഖണ്ഡിക 14(7) പ്രകാരം നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രവൃത്തിയുടെ പേര്, വർഷം പ്രവൃത്തി നടത്തുന്ന നിർവ്വഹണ ഏജൻസിയുടെ /കരാറുകാരന്റെ പേര്, എഞ്ചിനീയറുടെ പേര് അടങ്കൽതുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണം. ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ ഓഡിറ്റ് വർഷം നിർവ്വഹണം ചെയ്ത ഭൂരിഭാഗം പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിലും ബോർഡ് വയ്ക്കുന്നതിനാവശ്യമായ തുക ഉൾപ്പെടുത്തുകയോ പ്രവൃത്തിയുടെ ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

15.മോണിറ്ററിംഗ് സമിതി റിപ്പോർട്ടില്ല.

പൊതുമരാമത്ത് പദ്ധതികളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പാണ്. അതിനായി പദ്ധതിരൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ തൻ വർഷം പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയ പദ്ധതികളുടെ ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.
പൊതു അവലോകനത്തിൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ അപാകതകളും പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

1-99 ഓടയുടെ സൈഡ് വാൾ (വശങ്ങളിലെ കോൺക്രീറ്റ്) നിർമ്മാണം ഉയർന്ന നിരക്കിലുള്ള കോൺക്രീറ്റ് ഉപയോഗിച്ചു. നഷ്ടം- 28802.06/- രൂപ

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നം.ഡി.ബി1/3727/2021/സി.ഇ/ത.സ്വ.ഭവ. തീയതി. 05.04.2021 കത്ത് ഖണ്ഡിക 5 പ്രകാരം ഓടകളുടെ വശങ്ങളിലെ കോൺക്രീറ്റ് MoRD സ്പെസിഫിക്കേഷൻ 11.4.2.1 ഉപയോഗിച്ച് നിർവഹിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മുട്ടട വാർഡിലെ മൂലത്തോപ്പ് ഗ്രീൻ ലെയ്ൻ മിനിലെയ്ൻ ചെഷയർഹോം ആലപ്പുറം അമ്പല നഗർ എക്സ്റ്റൻഷൻ റോഡുകളിലെ റീടാറിംഗ് ടൈലിംഗ് ഓട നിർമ്മാണം (പ്രവൃത്തി നം-1335/2023-24) എന്ന പ്രവൃത്തിയിൽ MoRD സ്പെസിഫിക്കേഷൻ 12.5.1.1 ഉപയോഗിച്ച് വശങ്ങൾ കോൺക്രീറ്റ് ചെയ്തതായി കാണുന്നു. ഉയർന്ന സ്പെസിഫിക്കേഷൻ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധിക തുകയ്ക്ക് സാങ്കേതികാനുമതി ലഭിക്കുകയും അധിക തുക കരാറുകാരനും ജി.എസ്.റ്റി. ഇനത്തിലും നല്കേണ്ടതായും വന്നു. ആയതിനാൽ ഈ ഇനത്തിൽ 28802.06/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. നഷ്ടതുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ/ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക 3-8 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-100 ഉദിയന്നൂർ തമ്പുരാൻ റോഡ്, കുട്ടാംവിള ശ്രീചിത്ര നഗർ റോഡ്, അനശ്വര റോഡ് എന്നീ പ്രവൃത്തികളുടെ നിർവഹണത്തിലെ അപാകതകൾ-1100000/-രൂപ തടസ്സം ചെയ്യുന്നു.

പ്രോജക്ടിന്റെ പേര്	പാങ്ങോട് വാർഡിലെ ഉദിയന്നൂർ തമ്പുരാൻ റോഡ് കുട്ടാംവിള ശ്രീചിത്ര നഗർ ഇന്റർലോക്ക് മെയിന്റനൻസ്, കോൺക്രീറ്റിംഗ്, റീകോൺക്രീറ്റിംഗ്, യൂറോക്കോൺ പാകൽ അനശ്വര റോഡ് പൈപ്പ് കഴലിട്ട് ഓടനിർമ്മാണം, റീകോൺക്രീറ്റിംഗ്-
പ്രോജക്ട് നം	229/2023-24
അടങ്കൽ	11,00,000/-Plan Fund-6,00,000/- Own Fund-5,00,000/-
ചെലവ്	Plan Fund-600000/- Own Fund-500000/-
കരാറുകാരൻ	എ. ജലജകുമാർ
നിർവഹണം	ശ്രീമതി.സുമ.എസ്- അസിസ്റ്റന്റ്. എക്സി.എഞ്ചിനീയർ.

1.പ്രവൃത്തി പൂർത്തീകരിച്ചശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി. പൊതുമരാമത്ത് വകുപ്പ് മാന്വൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 Go(P)13/2012/Pwd/Dtd 01.02.2012സെക്ഷൻ 1601-1-6പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജി.ഒ. (എം.എസ്) 86/2022 ത,സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ലാ എന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച പ്രവൃത്തി 27/12/2023 ന് പൂർത്തിയായി എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകിയിരിക്കുന്നത് 17/01/2024 നാണ്.

2.എം.ബുക്ക് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ടി പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്ക് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. പരിശോധനയിൽ ഇ-എംബുക്ക് സംബന്ധിക്കുന്ന വിവരങ്ങൾ പ്രൈസിൽ ലഭ്യമല്ല. മാന്വൽ എംബുക്കാണ് ഉപയോഗിച്ചിരിക്കുന്നതെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നു. ഫയൽ പരിശോധനയിൽ ഈ പ്രവൃത്തിയ്ക്കായി ആകെ 1976052/--രൂപ(ജി.എസ്.റ്റി) ഉൾപ്പെടെ ചെലവുണ്ട്. ഇതിൽ തൻവർഷം 600000/-രൂപ പ്ലാൻ ഫണ്ടിൽ നിന്നും 500000/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവുണ്ട്. 876052/-രൂപ 2024-25ലാണ് ചെലവഴിച്ചിരിക്കുന്നത്.

3. തനത് ഫണ്ട് ചെലവ് സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സുലേഖ പത്രിക പ്രകാരം ടി പ്രോജക്ടിനായി 500000/-രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ചെക്ക് നം 875701 തീയതി. 16/02/2024 പ്രകാരം 483052/-രൂപ കരാറുകാരന് അനുവദിച്ചതായി കാണുന്നു. എന്നാൽ ടി ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന് കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

4. ഇൻഷ്വറൻസ് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

PWD Bidding Document (GO(P) No.3/2017 PWD.Dtd.9.8.0217) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യേണ്ടതാണ്.സ്ഥാപനം നൽകിയ Letter Of Acceptance പ്രകാരം കരാറുകാരൻ കോൺട്രാക്ട് തുകയുടെ 0.5% മൂല്യമുള്ള (മിനിമം 200000/- പരമാവധി 500000/-) ഇൻഷ്വറൻസ് ഹാജരാക്കേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ ഇൻഷ്വറൻസ് ഹാജരാക്കിയിട്ടില്ല. ഇൻഷ്വറൻസ് ലഭ്യമാക്കിയില്ലെങ്കിൽ പി.എ..സി. യുടെ 0.2% പിഴയായി ഈടാക്കേണ്ടതുണ്ട്. എന്നാൽ തുക അനുവദിച്ചപ്പോൾ പിഴ ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ 3523/-രൂപ (0.2% Of 1761742 PAC) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

പ്രവൃത്തിയുടെ നിർവഹണത്തെ സംബന്ധിച്ച് മേൽ സൂചിപ്പിച്ചിരിക്കുന്ന പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം 235 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല. എം.ബുക്കിന്റെ അഭാവത്തിൽ ഇയിനത്തിൽ തൻവർഷം ചെലവഴിച്ച് 1100000/-രൂപ തടസ്സം ചെയ്യുന്നു. ഖണ്ഡികയിലെ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-101 എൽ.പി.എസ് കോമ്പൗണ്ടിലെ അംഗനവാടി കെട്ടിടനിർമ്മാണം-അണമുഖം വാർഡ്- പ്രവൃത്തിയിലെ അപാകതകൾ- 1214712/-രൂപ തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം	1233/2023-24
അടങ്കൽ	3500000/- വികസനഫണ്ട് ജനറൽ
ചെലവ്	1118155/-വികസനഫണ്ട് ജനറൽ
കറാറുകാരൻ	രവീന്ദ്രൻ.
നിർവഹണം	ശ്രീ.ബിജു.ഡി-എക്സി.എഞ്ചിനീയർ.

ഈ പ്രവൃത്തിയുടെ മെഷർമെന്റുകൾ രേഖപ്പെടുത്തിയിരിക്കുന്ന എം.ബുക്ക് ലഭ്യമാക്കിയിട്ടില്ല. 1454/23-24 എന്ന ഒരു എം-ബുക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ പാർട്ട് ബില്ലുകൾ പ്രകാരം തുക അനുവദിച്ച വിവരം മാത്രമെ ഉള്ളൂ. മെഷർമെന്റുകൾ രേഖപ്പെടുത്തിയിരിക്കുന്ന എം.ബുക്ക് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ അളവുകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. തൻ വർഷം 1214712/-രൂപ പ്രവൃത്തിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

സർക്കുലർ നം.ഇ.20/6699/2018/സി.ഇ/ത.സ്വ.ഭ.വ/21.06.2018 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥലസന്ദർശനം നടത്തണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. 29/06/2022 ൽ ഭരണാനുമതി ലഭിച്ച ടി പ്രവൃത്തി 16/03/2024 ൽ റിവൈസ് ചെയ്തിട്ടുണ്ട്. ആദ്യ എസ്റ്റിമേറ്റിൽ 49 ഇനങ്ങൾ ഉണ്ടായിരുന്ന ഈ പ്രവൃത്തി റിവൈസ് ചെയ്തപ്പോൾ 21 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി ചെലവ് ചെയ്തിട്ടുണ്ട്. കൂടാതെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം അനുമതി ലഭിച്ച 19 ഇനങ്ങളുടെ അളവ് 25% ൽ അധികം നിർവഹണം നടത്തിയും ചെലവ് ചെയ്തിട്ടുണ്ട്. ഇത് ശരിയായ രീതിയിൽ സൈറ്റ് സന്ദർശനം നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല എന്നത് വ്യക്തമാക്കുന്നു.

PWD Bidding Document (GO(P) No.3/2017 PWD.Dtd.9.8.0217) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യേണ്ടതാണ്.സ്ഥാപനം നൽകിയ Letter Of Acceptance പ്രകാരം കരാറുകാരൻ കോൺട്രാക്ട് തുകയുടെ 0.5% മൂല്യമുള്ള (മിനിമം 200000/- പരമാവധി 500000/-) ഇൻഷ്വറൻസ് ഹാജരാക്കേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ ഇൻഷ്വറൻസ് ഹാജരാക്കിയിട്ടില്ല. ഇൻഷ്വറൻസ് ലഭ്യമാക്കിയില്ലെങ്കിൽ പി.എ..സി. യുടെ 0.2% പിഴയായി ഈടാക്കേണ്ടതുണ്ട്. എന്നാൽ തുക അനുവദിച്ചപ്പോൾ പിഴ ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ 4316/-രൂപ (0.2% Of 2158121 PAC) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

എസ്റ്റിമേറ്റ് റിവിഷനിലൂടെ കരാറുകാരന് അധികലാഭം ഉണ്ടാകുന്നു. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം എസ്റ്റിമേറ്റ് പി.എ.സി. 2707243/- രൂപയും കരാറുകാരന്റെ പി.എ.സി. 2158121/-രൂപയും ആയിരുന്നു. ഇത് എസ്റ്റിമേറ്റ് പി.എ.സി യുടെ 20.28% കുറവാണ്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ എസ്റ്റിമേറ്റ് പി.എ.സി. 2239770/- രൂപയും പ്രവൃത്തി മൂല്യം (പി.എ.സി.) 1977006/-രൂപയും ആയി മാറി. ഇത് എസ്റ്റിമേറ്റ് പി.എ.സി യുടെ 11.73% മാത്രമാണ് കുറവ്. ആയതിനാൽ എസ്റ്റിമേറ്റ് റിവിഷനിലൂടെ ഉണ്ടായ ലാഭം ശതമാനാടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ സ്ഥാപനത്തിന് ലഭ്യമായിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി (നം 224/24) നൽകിയിട്ടും മറുപടി ലഭ്യമായില്ല. എം.ബുക്ക് ലഭ്യമാക്കാത്തതിനാൽ പ്രവൃത്തിയ്ക്കായി തൻവർഷം ചെലവഴിച്ച 1214712/-രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. ഖണ്ഡികയിലെ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-102 പ്രവൃത്തി ഭാഗികമായി മാത്രം പൂർത്തീകരിച്ചു - തുടർനടപടി സ്വീകരിച്ചില്ല – പദ്ധതിപ്പണം പാഴാകുന്നു.

പദ്ധതിയുടെ പേര്	പട്ടം വാർഡിൽ തേക്കുംമൂട് ബണ്ട് സൈഡ് പ്രൊട്ടക്ഷൻ മതിൽ നിർമാണം
പദ്ധതി നം	1910/22-23, S1393/23-24
അടങ്കൽ തുക	35,00,000
ഫണ്ടിനം	വികസന ഫണ്ട് (SCP)10,00,000 തനത് ഫണ്ട് 17,32,800
PAC തുക	29,65,282
കരാറുകാരൻ	സതീശൻ കെ
അംഗീകരിച്ച തുക	23,15,885.59(-21.90%)
എം ബുക്ക്	792/22-23
പാർട്ട് ബിൽ I	7,76,100
പാർട്ട് ബിൽ II	8,18,484
നിർവഹണോദ്യോഗസ്ഥ	സുമ , അസിസ്റ്റന്റ് എക്സി എഞ്ചിനീയർ

പട്ടം വാർഡിലെ തേക്കുംമൂട് ബണ്ട് കോളനിയുടെ സംരക്ഷണത്തിനായി പട്ടം തോടിന് സൈഡ് പ്രൊട്ടക്ഷൻ വാൾ നിർമാണം നടത്തുന്നതിനായുള്ള പദ്ധതി നം - 1910/22-23 പ്രവൃത്തി ശ്രീ സതീശൻ കെ 21.9% ടെന്റർ കുറവിൽ ഏറ്റെടുക്കുകയും 23/2/2023 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ കാലാവധി 6 മാസം കാലയളവ് (23/8/2023) ആയിരുന്നെങ്കിലും ടിയാൻ നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ടി പ്രവൃത്തിയുടെ പവർ ഓഫ് അറ്റോണി ശ്രീ സതീശന്റെ മകനായ ശ്രീ സബിത്തിന്റെ പേർക്ക് മാറ്റുകയും പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ച് പാർട്ട് ബില്ലുകൾ I,II കൈമാറിയിട്ടുള്ളതുമാണ്. ആകെ ചെയ്ത പ്രവൃത്തി 15,81,525 രൂപയുടെ (G S T 18% ഉൾപ്പെടാതെ)യാണ്. ബാലൻസ് പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്. ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 23/8/2023ൽ അവസാനിച്ചിട്ടുള്ളതും ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 27/9/2023, 26/10/2023, 9/11/2023 എന്നീ തീയതികളിൽ കരാറുകാരനായ ശ്രീ സബിത്ത് എസ്.ബിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ സമയപരിധി ദീർഘിപ്പിച്ചു നൽകുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുമില്ല. പ്രവൃത്തി പുനരാരംഭിക്കാത്ത സാഹചര്യത്തിൽ കരാറുകാരനെ ഒഴിവാക്കുന്നതിനും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ബാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിനും 9/1/24ൽ കൂടിയ മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശുപാർശ 1(56), , ജനറൽ കൗൺസിൽ തീരുമാനം നം 3(ഇ)97 പ്രകാരം അംഗീകരിച്ചതാണ്. മേൽ നടപടിക്കുള്ള മറുപടിയായി 31.1.24ൽ ബാക്കിയുള്ള പ്രവൃത്തി പവർ ഓഫ് അറ്റോണി വേറൊരു കരാറുകാരനു നൽകി പൂർത്തീകരിക്കാമെന്ന് ശ്രീ സതീശൻ അറിയിച്ചിരുന്നു.

ശ്രീ സതീശൻ പൂർത്തീകരിക്കാനുള്ള ബാലൻസ് പ്രവൃത്തി എസ്റ്റിമേറ്റ് നിരക്ക് പ്രകാരം 936600/- രൂപ ആണ്. നിലവിൽ ടി പ്രവൃത്തി ചെയ്യുന്നതിന് ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്? പൂർത്തീകരിക്കാൻ അനുവദിച്ച കാലാവധി എത്രയാണ്? പ്രസ്തുത പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്ത സാഹചര്യത്തിലും പൂർത്തീകരണ സമയം കഴിഞ്ഞും കാലാവധി നീട്ടുന്നതിന് ടിയാൻ അപേക്ഷിക്കാത്തതിനാലും ടിയാനിൽ നിന്ന് നഷ്ടം ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? നിലവിൽ ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ? എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം 236/കെ എസ് എ/എ ഒ 1/24 തീയതി 05.03.2025) മറുപടി ലഭ്യമാക്കിയില്ല. 11/1/2024 ലെ കൗൺസിൽ തീരുമാനം നം 3(ഇ) 97 പ്രകാരം കരാറുകാരനെ ഒഴിവാക്കുന്നതിനും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ബാക്കി പ്രവൃത്തി പൂർത്തിയാക്കുന്നതിനുമാണ് നിർദേശിച്ചിട്ടുള്ളത്. ആയത് പ്രകാരം കരാറുകാരൻ പൂർത്തിയാക്കാനുള്ള ബാലൻസ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിരക്കിലെ തുകയായ 9,36,600/- രൂപയുടെ 30% 280980/- രൂപയും പ്രവൃത്തി മറ്റ് രീതിയിൽ പൂർത്തീകരിക്കുമ്പോൾ ആദ്യ കരാറുകാരനിൽ നിന്ന് ഈടാക്കുന്ന നഷ്ടത്തേക്കാൾ കൂടുതൽ തുക സ്ഥാപനത്തിന് അധികച്ചെലവ് വരുന്നുണ്ടെങ്കിൽ ടി തുക കൂടി ആദ്യത്തെ കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-103 ടെണ്ടർ വർദ്ധനവ് രേഖപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾ റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല

കേരള മുനിസിപ്പാലിറ്റി പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ ചട്ടം 11 , ഉപചട്ടം 1 ൽ ടെണ്ടർ നിരക്കുകൾ സ്വീകാര്യമല്ലായെന്ന് തോന്നുകയോ ന്യായമായ എണ്ണം ടെണ്ടറുകൾ ലഭിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ റീടെണ്ടർ ചെയ്യാവുന്നതാണ് എന്ന വ്യവസ്ഥയുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തിയിട്ടുള്ള ചുവടെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർ ടെണ്ടർ വർദ്ധനവ് രേഖപ്പെടുത്തിയിട്ടും മേൽ ചട്ടങ്ങൾ പാലിച്ചുകൊണ്ട് റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രോജക്ടിന്റെ പേര് / നമ്പർ	വകയിരുത്തൽ	ചെലവ്	ആകെ ചെലവ്	കരാറുകാരൻ	ടെണ്ടർ വർദ്ധനവ്
പുഞ്ചക്കരി വാർഡിലെ ഏറത്ത് ലൈൻ മഠത്തിൽ നട നെല്ലിയോട് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി	2023-24 11,00,000/- (600000വികസനഫണ്ട്, 500000 തനതുഫണ്ട്) 2024-25 1079794 (വികസന ഫണ്ട്)	2023-24 11,00,000/- 6,00,000വികസനഫണ്ട് 5,00,000 തനതുഫണ്ട് 2024-25 10,79,264	21,79,264/-	സെൽവരാജ് എ	9.021 % Above Tender

സംബന്ധിച്ച് 505/2024 (23-24) 1785/2025 (24-25) സ്പിൽ ഓവർ					
നെടുങ്കാട് വാർഡ് ശ്രീകോവിൽ ഭഗവതി റോഡ് ഓടനിർമാണം. ശ്രീറാം റോഡ് യൂറോകോൺ പാകൽ, ആനത്തറ ബൈലൈൻ കോണക്രീറ്റിംഗ് ഇന്റർലോക്കിംഗ് യൂറോകോൺ പാകൽ, ചിത്രാ നഗർ ഓട നിർമാണം, കുന്നുംപുറം ബൈറോഡ് ഓടനിർമാണവും ഇന്റർലോക്കിംഗും (1455/24)	2150000/- (തനതുഫണ്ട്)	2361896/- രൂപ	2361896/- രൂപ	മഹേഷ് ഡി	8.999% Above

തൻവർഷം എക്സിക്യൂട്ടീവ് എഞ്ചിനീയർ തന്നെ നിർവഹണം നടത്തിയിട്ടുള്ള തുണ്ടുവിളറോഡ് ശിവാജി നഗർ പൊന്നുമംഗലം വാർഡ് ഓടനിർമാണവും റോഡ് ഉയർത്തി ടാറിംഗ് (പ്രോജക്ട് നം. 1422/24) പ്രവൃത്തിയിൽ 26.77% ടെണ്ടർ കുറവും മറ്റൊരു പ്രവൃത്തിയായ പുഞ്ചക്കരി വാർഡിലെ മുട്ടളക്കുഴി വെട്ടുവിളറോഡ് കോൺക്രീറ്റിംഗും, കന്നുകാൽച്ചണ്ട് ബണ്ട്റോഡ് ടാറിംഗും (പ്രോജക്ട് നം. 1434/24) എന്ന പ്രവൃത്തിയിൽ 20.1% ടെണ്ടർ കുറവുമാണ് L1 കേട്ട് ചെയ്തിട്ടുള്ളത്. എന്നാൽ 8.999 %, 9.021% ടെണ്ടർ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുള്ളതും മുകളിലെ കോളത്തിൽ പരാമർശിച്ചിട്ടുള്ളതുമായ പ്രവൃത്തിനിർവഹണം നടത്തുന്നതിന് പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ച് ആദ്യ ടെണ്ടർ റദ്ദ് ചെയ്ത് റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 231, 232, /കെ. എസ്.എ/എ ഒ 2/ 2024, തീയതി 04/03/2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിഷയം മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും ഭാവിയിൽ ടെണ്ടർ വർദ്ധനവ് രേഖപ്പെടുത്തുന്ന പ്രവൃത്തികൾ പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചുകൊണ്ട് റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-104 എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ ആവശ്യകത ആധികാരികമായി ഉറപ്പിക്കാതെ കൂടിയ നിരക്ക് നൽകി.

പ്രോജക്ട് നം	1107/23, SO 1016/24
പ്രോജക്ടിന്റെ പേര്	Concreting And Reconcreting Of Various Roads In Perunthanni Ward.
ഫണ്ടിനം	വികസന ഫണ്ട്
അടങ്കൽ	20,00,000/-
ചെലവ്	15,02,601/- ബിൽ, എം.ബുക്ക് എന്നിവ പ്രകാരം 20,00,000/- ചെലവ് പത്രിക പ്രകാരം
കരാറുകാരൻ	അനിൽകുമാർ.സി
എം.ബുക്ക് നമ്പർ	694/2022-23
നിർവഹണോദ്യോഗസ്ഥൻ	എക്സിക്യൂട്ടീവ് എഞ്ചിനീയർ

മേൽ പ്രവൃത്തിയ്ക്ക് ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ക്രമ നം.1.004 ലെ ഇനമായ Providing And Laying Factory Chamfered Edgecement Concrete Paver Block.....Design And Amp Pattern Made എന്ന ഇനം പ്രകാരം ശാന്ത മുട്ടമ്പിൽ ലെയിൻ ഉൾപ്പെടെ മൂന്ന് റോഡുകൾക്കായി 565m^2 അളവിൽ 60mm കനത്തിലുള്ള കോൺക്രീറ്റ് ബ്ലോക്ക് ഉപയോഗിച്ച് ഇന്റർലോക്ക് പ്രവൃത്തി ചെയ്യുന്നതിനായി Abstract Estimate-ൽ ഉൾപ്പെടുത്തിയിരിക്കുന്ന നിരക്ക് OD235444/22-23 പ്രകാരം 1120.9/M^2 ആണ്. ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത അനിൽ കുമാർ.സി എന്ന കരാറുകാരൻ പ്രസ്തുത ഇനം Item Rate Contract പ്രകാരം 910.21 എന്ന നിരക്കിൽ ആണ് ക്വാട്ട് ചെയ്ത അംഗീകാരം ലഭിച്ചത്. എന്നാൽ പ്രവൃത്തി പുരോഗമിക്കെ ഇതിൽ ഇന്റർലോക്ക് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരുന്ന ERA 104 Lane -ലെ നിലവിലുള്ള ഓടയ്ക്ക് നാശം സംഭവിക്കുകയും ചില അധിക മെയിന്റനൻസ് ആവശ്യമായി വരികയും ഇതേ തുടർന്ന് സൈറ്റ് സാഹചര്യം കണക്കിലെടുത്ത് ശാന്ത മുട്ടമ്പിൽ ലൈനിന്റെ ഇന്റർലോക്ക് ഒഴിവാക്കി മറ്റ് രണ്ട് റോഡുകൾ നിലനിർത്തി പ്രവൃത്തിക്ക് റിവൈസ്ഡ്

എസ്റ്റിമേറ്റ് അംഗീകരിച്ച് ലഭ്യമാക്കുകയും ചെയ്യ. റിവൈസ്ഡ് എസ്റ്റിമേറ്റിൽ എക്സ്ട്രാ ഐറ്റം 1 ആയി ചേർത്തിരിക്കുന്ന OD 2040014 ആയ പ്രസ്തുത ഇനത്തിൽ കോൺക്രീറ്റ് ബ്ലോക്കിന്റെ കനം 80mm ആണ്. പ്രസ്തുത ഇനത്തിന്റെ സ്പെസിഫിക്കേഷൻ താഴെ പറയുന്നു.

Providing And Laying Of Inter Locking Concrete Block Pavements Using 80mm Thick Paver Blocks Of M30 Grade With Approved Colour And Design Over A 50mm Thick Layer.

പ്രസ്തുത ഇനത്തിന്റെ എസ്റ്റിമേറ്റ് നിരക്ക് 1005.26 ആണ്. എന്നാൽ 2023-24 സാമ്പത്തിക വർഷം പ്രോജക്ട് നം. S401/24 മുഖേന നടപ്പാക്കിയ ഇന്റർലോക്കിംഗ് പ്രവൃത്തിയിൽ OD32265/23-24-ന്റെ അടിസ്ഥാനത്തിൽ 60mm കനത്തിൽ ഇന്റർലോക്കിംഗിന് 961.47/Sq.M നിരക്ക് ആണ് നൽകിയിരിക്കുന്നത്. ഈ നിരക്കിൽ പ്രവൃത്തി ചെയ്യാമായിരുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ അധിക കനം ആവശ്യമാകുന്ന റോഡ് സാഹചര്യത്തെ കുറിച്ച് സൂചനയില്ലാതെ ഉയർന്ന കനത്തിലും നിരക്കിലുമുള്ള ഇന്റർലോക്ക് പ്രവൃത്തി ചെയ്തതിലൂടെ അധിക തുക ചെലവഴിച്ചു.

അധിക തുക സംബന്ധിച്ച വിവരം

നൽകേണ്ട നിരക്കും, തുകയും - 426.675*780.72 (961.47-ന്റെ 18.8% ടെണ്ടർ കുറവ്)

- 3,33,113.70/-

നൽകിയ നിരക്കും തുകയും - 426.675*816.28 (1005.26ന്റെ 18.8% ടെണ്ടർ കുറവ്)

- 348286.27

അധിക തുക - 15172/-

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൃയറി നം.225/കെ.എസ്.എ/എ.ബി/എ.ഒIII/2024, തീയതി. 28.02.2025-ന് ലഭ്യമായ മറുപടി പ്രകാരം എസ്റ്റിമേറ്റ് എടുത്ത സമയത്ത് റോഡിലെ ട്രാഫിക് വോള്യം പരിഗണിക്കാതെയാണ് എടുത്തതെന്നും പിന്നീട് സൈറ്റ് പരിശോധിച്ചപ്പോൾ പ്രസ്തുത കാര്യത്തിന്റെ ആവശ്യകത ബോധ്യപ്പെട്ടു എന്നുമാണ് മറുപടി ലഭ്യമാക്കിയത്. സൈറ്റ് പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും റിവൈസ് ചെയത സന്ദർഭത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ആവശ്യകത പരാമർശിക്കാതെ കൂടിയ നിരക്കിലുള്ള ഇനം ഉൾപ്പെടുത്തുകയും ചെയ്തത് വ്യക്തമായ ആസൂത്രണമില്ലാതെ പ്രവൃത്തി നടപ്പാക്കുന്നതിലൂടെ അധിക ചെലവിനുള്ള സാദ്ധ്യത ചൂണ്ടിക്കാട്ടുന്നു.

1-105 കളിസ്ഥലങ്ങൾ സജ്ജമാക്കൽ (ടർഫ് നിർമാണം) പ്രോജക്ട് നിർവഹണത്തിലെ അപാതകൾ - 2453949/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം	1435/2024 (സ്പിൽ ഓവർ)
വകയിരുത്തൽ	30,00,000 /- (തനതുഫണ്ട്)
ചെലവ്	2453949/-
കരാറുകാരന് നൽകിയത്	2370765/- (ചെക്ക് നം. 076183/01/09/2023)
കരാറുകാരൻ	സന്ദീപ് എസ് ടി (11.414% Below Tender)
എം ബുക്ക് നം	334/22-23
എഗ്രിമെന്റ് നം	70/AEE/NE/22-23, 23-2-23
നിർവഹണം	രമകുമാരി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

നഗരസഭാ പ്രദേശത്തെ വിവിധ സ്ഥലങ്ങൾ കണ്ടെത്തി കുട്ടികളുടെയും ചെറുപ്പക്കാരുടെയും ആരോഗ്യത്തിനും മാനസിക ഉല്ലാസത്തിനുമായി കളിസ്ഥലമൊരുക്കുകയാണ് (ടർഫ് നിർമാണം) പദ്ധതി ലക്ഷ്യം. പദ്ധതി നിർവഹണത്തിൽ കണ്ടെത്തിയ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പ്രോജക്ട് പൂർണമാകുന്നതിനുമുമ്പ് സ്കൂൾ അധികൃതർക്ക് കൈമാറി

പ്രോജക്ടിൽ 132600/- രൂപ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് വകയിരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ നിർവഹിച്ചതായി ഫയൽ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. നഗരസഭാ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരുമായി 07-03-2025 ൽ നടത്തിയ സ്ഥലപരിശോധനയിലും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്തിയിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 21-02-2024 ലെ NE1/1452/23 നടപടിക്രമങ്ങൾ പ്രകാരം കളിസ്ഥലത്തിന്റെ പൂർണചുമതലയും തുടർപരിപാലനവും നടത്തുന്നതിനായി HM, Govt. HS കാലടിയ്ക്ക് കൈമാറിയിട്ടുമുണ്ട്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ കൂടി നിർവഹിച്ചെങ്കിൽ മാത്രമേ പ്രോജക്ട് അതിന്റെ ലക്ഷ്യം കൈവരിക്കുകയുള്ളൂ. കളിസ്ഥലം പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ തുറന്നുകൊടുത്തിട്ടുണ്ടോയെന്നും തുടർപരിപാലനം സംബന്ധിച്ച വിവരം സ്കൂൾ അധികൃതരിൽ നിന്നും ശേഖരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ടും ഓഡിറ്റ് എൻകൃയറി (നം. 211 /കെ. എസ്.എ/എ ഒ 2/ 2024, തീയതി 24/02/2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2. സ്ഥാപിക്കപ്പെട്ട നെറ്റിന്റെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുകയോ ബിൽ ഹാജരാക്കുകയോ ചെയ്തില്ല

1997ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ , ചട്ടം 6-6 ൽ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സാധനസാമഗ്രികളുടെ അളവ്, അവയുടെ ഗുണനിലവാരവും വിലയും മുതലായവ എന്നിവ പ്രാദേശികഭാഷയിൽ തയ്യാറാക്കി എസ്റ്റിമേറ്റിന്റെ ഭാഗമാക്കേണ്ടതാണ്. മേൽ പ്രവൃത്തിയിൽ ഇനം 10 പ്രകാരം ടർഫ് നിർമാണത്തിന്റെ ഭാഗമായി 1007. M^2 നെറ്റ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിലും എം ബുക്കിലും നെറ്റിന്റെ ഗുണനിലവാരം നിർവഹണഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല. നെറ്റ് സ്ഥാപിക്കുന്നതിനായി 100740/- രൂപ + 18 % ജി എസ് ടി ചെലവഴിച്ചിട്ടുണ്ട്. നെറ്റ് വാങ്ങിയതിന്റെ ബിൽ കരാറുകാരൻ ഹാജരാക്കിയിട്ടില്ല.

3. കളിസ്ഥലത്തിന്റെ ഗ്രൗണ്ടിൽ പിടിപ്പിച്ച പുല്ലിന്റെ വാറണ്ടി പീരീഡ് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല

ഇനം 13 ആയി കളിസ്ഥലത്തിന്റെ ഗ്രൗണ്ടിൽ 486.59 M^2 പുല്ല് പിടിപ്പിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 997509.50/-രൂപ + 18 % ജി എസ് ടി ചെലവഴിച്ചിട്ടുണ്ട്. പുല്ലിന്റെ Warranty, Specification എന്നിവയെപ്പറ്റിയെല്ലാം എസ്റ്റിമേറ്റിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ Specification സബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. മാത്രമല്ല പുല്ല് വാങ്ങിയതിന്റെ ബിൽ കരാറുകാരൻ ഹാജരാക്കാത്തതിനാൽ വാറണ്ടി പീരീഡ് സംബന്ധിച്ചും അവ്യക്തതയുമുണ്ട്. എഗ്രിമെന്റിൽ ഗ്രൗണ്ടിൽ സ്ഥാപിച്ച പുല്ലിന്റെ വാറണ്ടി സംബന്ധിച്ച് കരാറുകാരനുമായി നിർവഹണ ഉദ്യോഗസ്ഥ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല.

4. ബില്ലിൽ നിന്നും റിക്കവറി നടത്തിയ തുകകൾ അതാതു വകുപ്പിൽ ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.

മേൽ പ്രവൃത്തി സംബന്ധിച്ച ബില്ലിൽ നിന്നും വിവിധ വകുപ്പിൽ നികുതി അടവാക്കുന്നതിനായി ചുവടെ പറയും പ്രകാരമുള്ള കുറവുകൾ വരുത്തിയാണ് കരാറുകാരന് 2370765//-രൂപ അനുവദിച്ചിട്ടുള്ളത്.

ആദായനികുതി 20796/-രൂപ

നിർമാണതൊഴിലാളിക്ഷേമനിധിവിഹിതം 20796/-രൂപ

SGST 20796/-രൂപ

CGST 20796/-രൂപ

ആകെ 83184/- രൂപ

എന്നാൽ ബില്ലിൽ നിന്നും കുറവ് ചെയ്ത **83184/- രൂപ** അതാത് വകുപ്പിൽ ഒടുക്കിയതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. പ്രസ്തുത തുക തനതുഫണ്ടിൽ തന്നെ നിലനിർത്തിയിട്ടുള്ളതായാണ് മനസ്സിലാക്കാൻ കഴിയുന്നത്.

മേൽ അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻകയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കുട്ടികളുടെയും ചെറുപ്പക്കാരുടെയും ആരോഗ്യത്തിനും മാനസിക ഉല്ലാസത്തിനുമായി കളിസ്ഥലമൊരുക്കുക എന്നതായിരുന്നു പദ്ധതി ലക്ഷ്യമെങ്കിലും കളിസ്ഥലം പൊതുസ്ഥലത്ത് സജ്ജമാക്കാതെ സ്കൂൾ കോമ്പൗണ്ടിൽ സ്ഥാപിച്ചതിനാൽ പൊതുജനങ്ങൾക്ക് അത്കൊണ്ട് പ്രയോജനം ലഭിക്കുകയില്ല. ആയതിനാൽ 25 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമിച്ചിട്ടുള്ള കളിസ്ഥലം പൊതുജനങ്ങൾക്ക് കൂടി പ്രയോജനം ലഭിക്കത്തക്കവിധം ഉപയോഗിക്കാനുള്ള അവസരമൊരുക്കുന്നതിന് മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

1-106 റോഡ് കോൺക്രീറ്റിന് തെറ്റായ നിരക്ക് അനുവദിച്ചു

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (നേമം, വിഴിഞ്ഞം, തിരുവല്ലം) നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ ഉയർന്ന നിരക്ക് അനുവദിച്ചതുമൂലം അധികം തുക കരാറുകാരന് നൽകാനിടയായിട്ടുണ്ട്.

Specification Code 75.8.1 ലുള്ള പ്രവൃത്തിയിൽ (Providing Plain Cement Concrete For Road Work CC 1:2:4 Laid To Required Slope And Camber In Panels As Required Including Compaction Finishing And Tamping Etc.Complete, Maximum Size Of Course Aggregate Not Exceeding 25mm, Mixed In Concrete Mixer Etc Complete As Per Specification) Additional Charge ആയി ഫോം വർക്കിനുള്ള നിരക്ക് കൂടി ഉൾപ്പെടുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രസ്തുത പ്രവൃത്തിയിൽ ഫോം വർക്കിന്റെ ആവശ്യകതയുള്ളതായി പറയുന്നില്ല. എഞ്ചിനീയറിംഗ് വിഭാഗവുമായി ചേർന്ന് 07-03-2025 ൽ നടത്തിയ വിവിധ സ്ഥലപരിശോധനകളിൽ (പുഞ്ചക്കരി വാർഡിലെ മുട്ടളക്കുഴി വെട്ടുവിള റോഡ് കോൺക്രീറ്റിംഗും കന്നുകാൽച്ചണ്ട് ബണ്ട് റോഡ് ടാറിംഗും പ്രവൃത്തി-1434/24, പുഞ്ചക്കരി വാർഡിലെ മേനിലം - കൊടിതൂക്കിക്കുന്നുവിള റോഡ് മൈത്രീ നഗർ റോഡ് പേരകം കുട്ടിക്കരി റോഡ് തിരുവഴിമുക്ക് വട്ടവിളറോഡ് കോൺക്രീറ്റിംഗ് - 1448/24) റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി നിർവഹിച്ചിട്ടുള്ള ഭൂരിഭാഗം പ്രദേശങ്ങളിലും ഫോം വർക്ക് നടത്തിയിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഇടവഴിറോഡുകളിൽ കോൺക്രീറ്റിംഗ് പ്രവൃത്തി നിർവഹിച്ചിരിക്കുന്നത് മതിലിനോട് ചേർന്നായതിനാൽ അവിടെ ഫോം വർക്ക് നിർവഹിക്കാനും സാധ്യമല്ല. എന്നാൽ ഫോം വർക്കും കൂടി നിർവഹിച്ചതായി കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതനുസരിച്ച് തുക അനുവദിക്കുകയും ചെയ്തു. ആയതിനാൽ ഫോം വർക്കിനുള്ള നിരക്ക് ഒഴിവാക്കി Observed Data തയ്യാറാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്.

അപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ അധികം തുക കരാറുകാർക്ക് നൽകാനിടയായിട്ടുണ്ട്

1. പുഞ്ചക്കരി വാർഡിലെ മുട്ടളക്കുഴി വെട്ടുവിള റോഡ് കോൺക്രീറ്റിംഗും കന്നുകാൽച്ചണ്ട് ബണ്ട് റോഡ് ടാറിംഗും പ്രവൃത്തി

പ്രോജക്ട് നം	1434/2024 (സ്പിൽ ഓവർ)
വകയിരുത്തൽ	25,55,144/- രൂപ (വികസനഫണ്ട് ജനറൽ)
ചെലവ്	**2022-23 ലെ ചെലവ്** 15,79,812 (ബിൽ നം. 3245/23-3-23) **2023-24 ലെ ചെലവ്** 9,70,500/- രൂപ (ബിൽ നം. 317/23-8-23)

	ആകെ ചെലവ് 2550312/- രൂപ
കരാറുകാരൻ	രാജേഷ് കുമാർ സി (20.1% Below Tender)
എം ബുക്ക് നം	583/22-23
നിർവഹണം	രമകുമാരി ബി ആർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് - 8306.23 /- (Per M^3)

ഫോം വർക്ക് ഒഴിവാക്കിയാലുള്ള നിരക്ക് - 7986.76/- (Per M^3)

ടെണ്ടർ കിഴിവ് (20.1%) വരുത്തുമ്പോൾ

അനുവദിക്കാവുന്ന നിരക്ക് - 6381.42/- (Per M^3)

ഇനം 2 പ്രകാരം നിർവഹിച്ച പ്രവൃത്തിയുടെ അളവ് - 56.085m^3

56.085 M^3 പ്രവൃത്തി നിർവഹിച്ചതിന് അനുവദിച്ച തുക – 372218.19 (6636.68X56.085)

ക്വോട്ട് ചെയ്ത നിരക്ക് - 6636.68/-

അനുവദിക്കാവുന്ന തുക - 357901.94 (6381.42 X 56.085) വ്യത്യാസം - 14316.25 /- രൂപ

18% ജി എസ് ടി കൂടി ചേർക്കുമ്പോൾ അധികമായി അനുവദിച്ച

തുക - **16893.17/-രൂപ**

2. പുഞ്ചക്കരി വാർഡിലെ ഏറത്ത് ലൈൻ മഠത്തിൽ നട നെല്ലിയോട് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി

പ്രോജക്ട് നം	505/2024 (2023-24) 1785/2025 (2024-25) സ്പിൽ ഓവർ
വകയിരുത്തൽ	2023-24 11,00,000/-(600000വികസനഫണ്ട്, 500000 തനതുഫണ്ട്) 2024-25 1079794 (വികസനഫണ്ട്)
ചെലവ്	2023-24 6,00,000 വികസനഫണ്ട് (ബിൽനം.1819/28-02-2024 5,00,000 തനതുഫണ്ട് (ചെക്ക് നം. 875715/7-3-24) 2024-25 10,79,264/- (ബിൽനം.942/7-9-24)
ആകെ ചെലവ്	21,79,264/-
കരാറുകാരൻ	സെൽവരാജ് എ (9.021 % Above Tender)
എം ബുക്ക്	ഇ എം ബുക്ക്
എഗ്രിമെന്റ് നം	25/AEE/NE/23-24, 26-09-2023)
ടി എസ്	6557/23-24, 12-06-2023
റിവൈസ്ഡ് ടി എസ്	6557 (A)/23-24, 13-02-2024

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് - 8306.23 /- (Per M^3)

ഫോം വർക്ക് ഒഴിവാക്കിയാലുള്ള നിരക്ക് - 7986.76/- (Per M^3)

ടെണ്ടർ വർദ്ധനവ് (9.021%) വരുത്തുമ്പോൾ

അനുവദിക്കാവുന്ന നിരക്ക് - 8705.56/- (Per M^3)

ക്വോട്ട് ചെയ്ത നിരക്ക് - 9053.79/-

ഇനം 2 പ്രകാരം നിർവഹിച്ച പ്രവൃത്തിയുടെ അളവ് - 125.018m^3

125.08 M^3 പ്രവൃത്തി നിർവഹിച്ചതിന് അനുവദിച്ച തുക – 1131886.72 (9053.79X 125.018)

അനുവദിക്കാവുന്ന തുക - 1088351.7 (8705.56 X 125.018) വ്യത്യാസം - 43535.72/- രൂപ

18% ജി എസ് ടി കൂടി ചേർക്കുമ്പോൾ അധികമായി അനുവദിച്ച

തുക - **51372.15/-രൂപ**

3. ഓട നിർമാണവും റോഡ് ഉയർത്തി ടാറിംഗ് പ്രവൃത്തികളും - തുണ്ടുവിളറോഡ് ശിവാജി നഗർ പൊന്നുംമംഗലം വാർഡ്

പ്രോജക്ട് നം	1422/24
വകയിരുത്തൽ	28,00,000 (വികസനഫണ്ട്)

ചെലവ്	2022-23 ബിൽ നം. 3695/27-03-2023, തുക 972733/- 2023-24 ബിൽ നം. 200/04-08-2023, തുക 717063/- ആകെ ചെലവ് 1689796/-രൂപ
കരാറുകാരൻ	ബിസിൽദാസ് കെ (26.77% Below)
എം ബുക്ക്	325/22-23
എഗ്രിമെന്റ് നം	39/AEE/NE/22-23, 05-11-2022
പൂർത്തീകരണ കാലയളവ്	3 മാസം
പി എ സി തുക	2371217/- രൂപ
ടി എസ്	8665/22-23, 25-08-2023

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് - 8306.23 /- (Per M^3)

ഫോം വർക്ക് ഒഴിവാക്കിയാലുള്ള നിരക്ക് - 7986.76/- (Per M^3)

ടെണ്ടർ ഇളവ് (26.77%) വരുത്തുമ്പോൾ

അനുവദിക്കാവുന്ന നിരക്ക് - 5848.70/-(Per M^3)

അനുവദിക്കാവുന്ന തുക - 347412.78 (5848.70 X 59.4)

ക്വോട്ട് ചെയ്ത നിരക്ക് - 6082.65/-

ഇനം 3 പ്രകാരം നിർവഹിച്ച പ്രവൃത്തിയുടെ അളവ് - 59.4m^3

59.4 M3 പ്രവൃത്തി നിർവഹിച്ചതിന് അനുവദിച്ച തുക – 361309.41 (6082.65 X 59.4)

അധികം അനുവദിച്ചത് - 13896.63

18% ജി എസ് ടി കൂടി ചേർക്കുമ്പോൾ അധികമായി

അനുവദിച്ച തുക **16398.02/-രൂപ**

4. നേമം വാർഡ് പറങ്കിമല ലക്ഷം വീട് കോളനിയിൽ ഓടനിർമാണവും മിൽ റോഡ് കോൺക്രീറ്റിംഗും യൂറോകോൺ പാകൽ, മണ്ണാംവിള റോഡ് റീകോൺക്രീറ്റിംഗ്

പ്രോജക്ട് നം	1438/24
വകയിരുത്തൽ	20,00,000/- രൂപ
പി എ സി	1691115/-രൂപ
ചെലവ്	2022-23 ബിൽ നം. 295/21-08-2023, തുക 699615/- 2023-24 776/18-12-2023, 785609/- (ACR പ്രകാരം) ആകെ ചെലവ് 1485224/- രൂപ
കരാറുകാരൻ	സതീഷ്
ക്വോട്ട് ചെയ്ത തുക	1381132.96 (18.33% Below)
എം ബുക്ക്	348/22-23
എഗ്രിമെന്റ് നം	66/AEE/NE/22-23, 19-01-2023
പൂർത്തീകരണ കാലയളവ്	4 മാസം
ടി എസ് നം	4333/22-23, 29-10-2022

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് - 8306.23 /- (Per M^3)

ഫോം വർക്ക് ഒഴിവാക്കിയാലുള്ള നിരക്ക് - 7986.76/- (Per M^3)

ടെണ്ടർ ഇളവ് (18.33%) വരുത്തുമ്പോൾ

അനുവദിക്കാവുന്ന നിരക്ക് - 6522.78/-(Per M^3)

ഇനം 8 പ്രകാരം നിർവഹിച്ച പ്രവൃത്തി - 28.146 M^3

അനുവദിക്കാവുന്ന തുക - 183590.16 (6522.78 X 28.146)

ക്വോട്ട് ചെയ്ത നിരക്ക് - 6783.7/-

28.146 M^3 പ്രവൃത്തി നിർവഹിച്ചതിന് അനുവദിച്ച തുക – 190934.02 (6783.7 X 28.146)

അധികം അനുവദിച്ചത് - 7343.86/-രൂപ

18% ജി എസ് ടി കൂടി ചേർക്കുമ്പോൾ അധികമായി

അനുവദിച്ച തുക **8665.75/-രൂപ**

5.പുഞ്ചക്കരി വാർഡിലെ മേനിലം - കൊടിയുക്കികുന്നുവിള റോഡ് മൈത്രീ നഗർ റോഡ് പേരകം കുട്ടിക്കരി റോഡ് തിരുവഴിമുക്ക് വട്ടവിളറോഡ് കോൺക്രീറ്റിംഗ്

പ്രോജക്ട് നം	1448/24
എസ്റ്റിമേറ്റ്	5000000
പി എ സി	4237217.92/-രൂപ
ചെലവ്	3508264/- (നികുതി അടവ് ഉൾപ്പെടെ) കരാറുകാരന് നൽകിയത് 3383235/-രൂപ (ചെക്ക് നം. 01915/28-03-2024)
കരാറുകാരൻ	ആർ സുരേഷ്കുമാർ
ക്വോട്ട് ചെയ്ത തുക	3051189.27 /-(27.99% Below)
എം ബുക്ക്	ഇ എം ബുക്ക്
എഗ്രിമെന്റ് നം	66/AEE/NE/23-24, 25-09-2023
പൂർത്തീകരണ കാലയളവ്	3 മാസം
സ്ഥലം കൈമാറിയത്	05-10-2023
ടി എസ് നം	22533/23-24, 02-08-2023

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് - 8306.23 /- (Per M^3)

ഫോം വർക്ക് ഒഴിവാക്കിയാലുള്ള നിരക്ക് - 7986.76/- (Per M^3)

ടെണ്ടർ ഇളവ് (27.999%) വരുത്തുമ്പോൾ

അനുവദിക്കാവുന്ന നിരക്ക് - 5751.27/-(Per M^3)

ക്വോട്ട് ചെയ്ത നിരക്ക് - 5981.3/-

ഇനം 2 പ്രകാരം നിർവഹിച്ച പ്രവൃത്തി - 235.411 M^3

235.411 M^3 പ്രവൃത്തി നിർവഹിച്ചതിന് അനുവദിച്ച തുക – 1408063.81 (5981.3 X 235.411)

അനുവദിക്കാവുന്ന തുക - 1353912.22(5751.27X235.411) വ്യത്യാസം - 54151.59/- രൂപ

18% ജി എസ് ടി കൂടി ചേർക്കുമ്പോൾ അധികമായി അനുവദിച്ച

തുക - **63899.13/-രൂപ**

6. നെടുങ്കാട് വാർഡ് ശ്രീകോവിൽ ഭഗവതി റോഡ് ഓടനിർമാണം. ശ്രീറാം റോഡ് യൂറോകോൺ പാകൽ, ആനത്തറ ബൈലൈൻ കോണക്രീറ്റിംഗ് ഇന്റർലോക്കിംഗ് യൂറോകോൺ പാകൽ, ചിത്രാ നഗർ ഓട നിർമാണം, കുന്നംപുറം ബൈറോഡ് ഓടനിർമാണവും ഇന്റർലോക്കിംഗും

പ്രോജക്ട് നം	1455/24
എസ്റ്റിമേറ്റ്	2150000/-
വകയിരുത്തൽ	2361896/- രൂപ (തനതുഫണ്ട്)
പി എ സി	1821298/-രൂപ
ചെലവ്	2181819/-രൂപ (ചെക്ക് നം. 198340/21-12-2023)
കരാറുകാരൻ	മഹേഷ് ഡി
ക്വോട്ട് ചെയ്ത തുക	20,01,606 /-(9.899% Above)
എം ബുക്ക്	324/22-23
എഗ്രിമെന്റ് നം	66/AEE/NE/22-23, 19-01-2023
പൂർത്തീകരണ കാലയളവ്	4 മാസം
ടി എസ് നം	4333/22-23, 29-10-2022

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് - 8306.23 /- (Per M^3)

ഫോം വർക്ക് ഒഴിവാക്കിയാലുള്ള നിരക്ക് - 7986.76/- (Per M^3)

ടെണ്ടർ വർദ്ധനവ് (9.899%) വരുത്തുമ്പോൾ

അനുവദിക്കാവുന്ന നിരക്ക് - 8777.36/-(Per M^3)

ക്വോട്ട് ചെയ്ത നിരക്ക് - 9128.55/-

ഇനം 3 പ്രകാരം നിർവഹിച്ച പ്രവൃത്തി - 17.618m^3

17.618 M3 പ്രവൃത്തി നിർവഹിച്ചതിന് അനുവദിച്ച തുക – 160826.79 (9128.55X 17.618

അനുവദിക്കാവുന്ന തുക -154639.7(8777.36X17.618) വ്യത്യാസം 6187.09/- രൂപ

18% ജി എസ് ടി കൂടി ചേർക്കുമ്പോൾ അധികമായി അനുവദിച്ച

തുക - **7300.76/-രൂപ**

മുകളിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് **164528.98/-രൂപ** (16893.17, 51372.15, 16398.02, 8665.75, 63899.13, 7300.76) അധികമായാണ് അനുവദിച്ചിട്ടുള്ളത്. മേൽ പരാമർശവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻകയറികൾ (നം. 211 /കെ. എസ്.എ/എ ഒ 2/ 2024, തീയതി 24/02/2025, നം. 231, 228, 230, 232, 234 /കെ. എസ്.എ/എ ഒ 2/ 2024, തീയതി 04/03//2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികമായി അനുവദിച്ച തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-107 പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - പിഴ ഈടാക്കിയില്ല/ഈടാക്കിയതിൽ കുറവ്

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിതസമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പ് അപേക്ഷിക്കേണ്ടതും ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്. ത.സ്വ.ഭ.വ. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018 ലെ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണം. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50% ൽ അധികരിക്കാനും പാടില്ല.

ചുവടെ പരാമർശിച്ചിരിക്കുന്ന മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നെങ്കിലും പിഴ ഈടാക്കാതിരിക്കുകയും / കുറവായി ഈടാക്കുകയുമാണുണ്ടായത്.

1.

പ്രവൃത്തി	ഓട നിർമാണവും റോഡ് ഉയർത്തി ടാറിംഗ് പ്രവൃത്തികളും - തുണ്ടുവിളറോഡ് ശിവാജി നഗർ പൊന്നുംമംഗലം വാർഡ്
പ്രോജക്ട് നം	1422/24
വകയിരുത്തൽ	28,00,000 (വികസനഫണ്ട്)
ചെലവ്	2022-23 ബിൽ നം. 3695/27-03-2023, തുക 972733/- 2023-24 ബിൽ നം. 200/04-08-2023, തുക 717063/- ആകെ ചെലവ് 1689796/-രൂപ
കരാറുകാരൻ	ബിസിൽദാസ് കെ (26.77% Below)
എം ബുക്ക്	325/22-23
എഗ്രിമെന്റ് നം	39/AEE/NE/22-23, 05-11-2022
പൂർത്തീകരണ കാലയളവ്	3 മാസം
പി എ സി തുക	2371217/- രൂപ
ടി എസ്	8665/22-23, 25-08-2023
നിർവഹണം	ശ്രീമതി രമകുമാരി ബി ആർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രസ്തുത പ്രവൃത്തി നിർവഹണത്തിനായി കരാറുകാരന് സ്ഥലം കൈമാറിയത് 05-11-2022 ൽ ആയിരുന്നു. കരാർ പ്രകാരം 04-02-2023 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 15-05-2023 ൽ ആണ്.

മേൽ പ്രവൃത്തിയിൽ അതിർത്തി പ്രശ്നം കാരണം പ്രവൃത്തി നിർവഹണത്തിൽ കാലതാമസം വന്നു എന്ന കാരണത്താൽ ആദ്യത്തെ എക്സ്റ്റൻഷൻ 04-04-2023 വരെയും Requires GSB Consolidation ' എന്ന കാരണത്താൽ രണ്ടാമത്തെ എക്സ്റ്റൻഷൻ 25-05-2023 വരെയും ഭരണസമിതിയുടെ അംഗീകാരമില്ലാതെ നീട്ടി നൽകിയിട്ടുണ്ട്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കാലതാമസം വന്നതിന് ഗ്രേസ് പീരീഡ് കൂടി കണക്കിലെടുക്കുമ്പോൾ 27-02-2023 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രസ്തുത തീയതിയിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല. രണ്ടാംഘട്ടത്തിൽ പ്രവൃത്തി ദീർഘിപ്പിച്ചു നൽകിയത് ' Requires GSB Consolidation ' എന്ന കാരണത്താലാണ്. ആയത് പ്രവൃത്തി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള മതിയായ കാരണവുമല്ല. മാത്രമല്ല രണ്ട് ഘട്ടത്തിലും പ്രവൃത്തി ദീർഘിപ്പിച്ച് നൽകിയതിന് ഭരണസമിതിയുടെ അംഗീകാരവും ലഭ്യമായിട്ടില്ല. ഇക്കാരണങ്ങളാൽ ചുവടെ പറയും പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്നു.

പി എ സി തുക - 2371217/- രൂപ

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 04-02-2023

ഗ്രേസ് പീരീഡ് കൂടി കണക്കാക്കുമ്പോൾ

പൂർത്തികരിക്കേണ്ട തീയതി - 27-02-2023

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 15-05-2023

ഈടാക്കേണ്ടിയിരുന്ന പിഴ - **20023/-രൂപ**

2.

പ്രവൃത്തി	നേമം വാർഡ് പറങ്കിമല ലക്ഷം വീട് കോളനിയിൽ ഓടനിർമാണവും മിൽ റോഡ് കോൺക്രീറ്റിംഗും യൂറോകോൺ പാകൽ, മണ്ണാംവിള റോഡ് റീകോൺക്രീറ്റിംഗ് പ്രവൃത്തി
പ്രോജക്ട് നം	1438/24
വകയിരുത്തൽ	20,00,000/- രൂപ
പി എ സി	1691115/-രൂപ
ചെലവ്	2022-23 ബിൽ നം. 295/21-08-2023, തുക 699615/- 2023-24 776/18-12-2023, 785609/- (ACR പ്രകാരം) ആകെ ചെലവ് 1485224/- രൂപ
കരാറുകാരൻ	സതീഷ്
ക്വോട്ട് ചെയ്ത തുക	1381132.96 (18.33% Below)
എം ബുക്ക്	348/22-23
എഗ്രിമെന്റ് നം	66/AEE/NE/22-23, 19-01-2023
പൂർത്തീകരണ കാലയളവ്	4 മാസം
ടി എസ് നം	4333/22-23, 29-10-2022
നിർവഹണം	ശ്രീമതി രമകുമാരി ബി ആർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രസ്തുത പ്രവൃത്തി നിർവഹണത്തിനായി കരാറുകാരന് സ്ഥലം കൈമാറിയത് 19-01-2023 ൽ ആയിരുന്നു. കരാർ പ്രകാരം 19-05-2023 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 11-10-2023 ൽ ആണ്.

മേൽ പ്രവൃത്തിയിൽ സൈറ്റിലെ തർക്കം കാരണം പ്രവൃത്തി നിർവഹണത്തിൽ കാലതാമസം വന്നു എന്ന കാരണത്താൽ ആദ്യത്തെ എക്സ്റ്റെൻഷൻ 19-07-2023 വരെയും "70% പൂർത്തിയാക്കി" എന്ന കാരണത്താൽ രണ്ടാമത്തെ എക്സ്റ്റെൻഷൻ 19-10-2023 വരെയും ഭരണസമിതിയുടെ അംഗീകാരമില്ലാതെ നീട്ടി നൽകിയിട്ടുണ്ട്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കാലതാമസം വന്നതിന് ഗ്രേസ് പീരീഡ് കൂടി കണക്കിലെടുക്കുമ്പോൾ 19-08-2023 നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രസ്തുത തീയതിയിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല. രണ്ടാംഘട്ടത്തിൽ പ്രവൃത്തി ദീർഘിപ്പിച്ചു നൽകിയത് "70% പൂർത്തിയാക്കി" എന്ന കാരണത്താലാണ്. ആയത് പ്രവൃത്തി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള മതിയായ കാരണവുമല്ല. മാത്രമല്ല രണ്ട് ഘട്ടങ്ങളിലും പ്രവൃത്തി ദീർഘിപ്പിച്ച് നൽകിയതിന് ഭരണസമിതിയുടെ അംഗീകാരവും ലഭ്യമായിട്ടില്ല.

പി എ സി തുക - 16,91,115/-രൂപ

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 19-05-2023

ഗ്രേസ് പീരീഡ് കൂടി കണക്കാക്കുമ്പോൾ

പൂർത്തികരിക്കേണ്ട തീയതി - 19-06-2023

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 11-10-2023

ഈടാക്കേണ്ടിയിരുന്ന പിഴ - 25178 രൂപ (ആദ്യത്തെ3 മാസം 16911/-രൂപ,

അടുത്ത 22 ദിവസത്തേയ്ക്ക് 8267 /- രൂപ)

ഈടാക്കിയത് - 16911/- രൂപ

ഇനി ഈടാക്കാൻ ശേഷിക്കുന്നത് - **8267/- രൂപ**

3.

പ്രവൃത്തി - കല്ലടിമുഖം അംഗനവാടി - മെയിന്റനൻസ്

പ്രോജക്ട് നം . - 1812/23

എസ്റ്റിമേറ്റ് - 600000/-

(മെയിന്റനൻസ് ഫണ്ട് - റോഡിതരം)

നിർവഹണ ഉദ്യോഗസ്ഥൻ - ജലജകുമാർ.വൈ, അസി.എഞ്ചിനീയർ

TS No. - 18347/2022/12.09.2022

എഗ്രിമെന്റ് നം./തീയതി - 07/AE/ATK/FZ/2022-23

PAC - 506333

Amount Of Contract - 378714/-

കരാറുകാരൻ - ഗോപകുമാർ.കെ

പ്രവൃത്തി മൂല്യം - 378624/-

ജി.എസ്.ടി ഉൾപ്പെടെ - 446776/-

എം.ബുക്ക് നം. - LSGD/CELSGD/EB/18347/22-5-1-Final

HOS - 23.01.2023

എഗ്രിമെന്റ് പ്രകാരം പ്രവൃത്തി -

പൂർത്തീകരിക്കേണ്ട തീയതി - 23.07.2023

പൂർത്തിയാക്കിയ തീയതി - 22.01.2024

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി കഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ല. അസി. എഞ്ചിനീയറുടെ ശുപാർശയോടെ 25% ഗ്രേസ് പിരീഡ് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ അതിനുശേഷമുള്ള ദീർഘീകരണത്തിന് പിഴ ഈടാക്കേണ്ടതുണ്ട് (PWD മാനുവൽ 2112)

താഴെപ്പറയും പ്രകാരം ടി പ്രവൃത്തിക്ക് പിഴ ഈടാക്കേണ്ടതുണ്ട്.

ആദ്യ ദീർഘിപ്പിക്കൽ -

23.07.2023 മുതൽ 05.09.2023 വരെ (45 ദിവസം) - പിഴ ഇല്ല

പിന്നീടുള്ള പിഴയോട് കൂടിയ 3 മാസത്തെ ദീർഘിപ്പിക്കൽ

06.09.2023 മുതൽ 04.12.2023 വരെ - 1% Of 506333

- 5063/-

രണ്ടാം തവണ പിഴ (2%)

അവശേഷിക്കുന്ന 48 ദിവസം 05.12.2023 മുതൽ 22.01.2024 വരെ

= 48/90*2/100*506333

= 5400.88

= 5401

ആകെ പിഴ = 5063+5401

= 10464

4

പ്രവൃത്തി - ആനവാൽ സ്ട്രീറ്റിൽ ഓടനിർമ്മാണം

പ്രോജക്ട് നം . - 1150/23 (New 761/24)

ഫണ്ട് - തനത് ഫണ്ട്

നിർവഹണ ഉദ്യോഗസ്ഥൻ - ജലജകുമാർ.വൈ, അസി.എഞ്ചിനീയർ

എസ്റ്റിമേറ്റ് - 15,00,000/-

PAC - 12,69,474.97/-

കരാറുകാരൻ - ബാബു.എസ്,

TS No. 58054/2022, 26.10.2022

Amount Of Contract - 1040970/-

എഗ്രിമെന്റ് നം./തീയതി - 11/AE/ATK/FZ/22-23, 18.01.2023

എം.ബുക്ക് നം. - 1260/23-24

പ്രവൃത്തി ആരംഭിച്ച തീയതി - 28.01.2023

പ്രവൃത്തി പൂർത്തീകരണ കാലാവധി - 6 മാസം

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 27.07.2023

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 15.11.2023

മേൽ പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിക്കേണ്ട തീയതി 27.07.2023-ൽ ആയിരുന്നു. എന്നാൽ യഥാർത്ഥത്തിൽ പൂർത്തീകരിച്ചിരിക്കുന്നത് 15.11.2023-ലാണ്. ആദ്യമായി സമയം ദീർഘിപ്പിച്ച് നൽകിയത് 26.10.2023 വരെയാണ്. (ഗ്രേഡ് പിരീഡ് യഥാർത്ഥ കാലയളവിന്റെ 25% ആണെന്നിരിക്കെ 10.09.2023 വരെയായിരുന്നു ആദ്യത്തെ കാലാവധി ദീർഘിപ്പിക്കൽ അനുവദിക്കേണ്ടിയിരുന്നത്) 10.09.2023 വരെ മാത്രം മതിയായ കാരണമുണ്ടെങ്കിൽ പിഴ ഇല്ലാതെ കാലാവധി ദീർഘിപ്പിക്കാവൂ. എന്നാൽ

രണ്ടാമതും 45 ദിവസത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകിയിരിക്കുന്നു. 10.09.2023-ന് ശേഷം പ്രവൃത്തി പൂർത്തീകരിച്ച 15.11.2023 വരെ 1% പിഴ ഈടാക്കേണ്ടതായിരുന്നു. പിഴ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27.02.2025-ലെ ഓഡിറ്റ് എൻക്വയറി നം.217/കെ.എസ്.എ/ടിവിസി.7/2024 ന് മറുപടി ലഭ്യമാക്കിയില്ല.

ഈടാക്കേണ്ട പിഴ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ

ആദ്യ തവണ ദീർഘിപ്പിക്കൽ പിഴയോട് കൂടി = 1% Of 1269474

(11.09.2023 മുതൽ 15.11.2023 വരെ - 65ദിവസം) = 1% Of 1269474*65/90

= 9168.42

5.

പ്രവൃത്തി - ആറ്റുകാൽ വാർഡിലെ തേരകം ടി എൻ പുരം

ഓട നിർമ്മാണം

പ്രോജക്ട് നം . - 1743/2023

എസ്റ്റിമേറ്റ് - 10,00,000/-

PAC - 8,46,853/-

നിർവഹണ ഉദ്യോഗസ്ഥൻ - ജലജകുമാർ.വൈ, അസി.എഞ്ചിനീയർ

കരാറുകാരൻ - കൃഷ്ണൻ.ബി

HOS - 10.03.2023

എഗ്രിമെന്റ് നം./തീയതി - 20/AE/ATK/F2-22-23/28.02.2023

ബിൽ നം./തുക - FE2/9434/22/ 22.03.2024, 8,21,964/-

എം.ബുക്ക് നം. - LSGD/CELSGD/MB/

73961/2022-5-1-1

പ്രവൃത്തി പൂർത്തീകരണ കാലാവധി - 6 മാസം

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 10.09.2023

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 01.03.2024

10.03.2023-ൽ സൈറ്റ് കൈമാറ്റം ചെയ്ത് ആരംഭിച്ച പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 10.09.2023-ൽ ആണെന്നിരിക്കെ ഗ്രേസ് പിരീഡ് 45 ദിവസം കൂടി അനുവദിച്ചാൽ 25.10.2023-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ആദ്യം ദീർഘിപ്പിക്കൽ 10.12.2023 വരെ നീട്ടി നൽകിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാതെ 01.03.2024-ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. ആയതിന് പിഴ ഈടാക്കിയിട്ടില്ല.

ഈടാക്കേണ്ട പിഴ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തി ആരംഭിച്ച തീയതി - 10.03.2023

AE യുടെ Recommendation പ്രകാരം

25% (Grace Period Without Fine) - 10.09.2023

അനുവദിച്ച തീയതി

Ist Fine With Extension - 25.10.2023-22.01.2024 (3 Months)

(1%) Upto 3 Months 1% Of 846853

8468.53

IInd Fine For Extension (2%) - 23.01.2024-01.03.2024

2%*846853*39/90

7339.40

ആകെ പിഴ - 8468.53+7339.40

15807.93

15808/-

പിഴ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറികൾ നം. 228, 230 /കെ. എസ്.എ/എ ഒ 2/ 2024, തീയതി 04/03/2025 , ഓഡിറ്റ് എൻക്വയറി നം.216/കെ.എസ്.എ/ടിവിസി.7/2024, തീയതി 27-02-2015, ഓഡിറ്റ് എൻക്വയറി നം.218/കെ.എസ്.എ/ടിവിസി.7/2024, 27.02.2025 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

മുകളിൽ പരാമർശിച്ച 5 പ്രവൃത്തികളിൽ പിഴ ഈടാക്കാത്തതിനാലും ഈടാക്കിയതിൽ കുറവ് വന്നതിനാലും ആകെ 63730.42/-രൂപയുടെ നഷ്ടം വന്നിട്ടുണ്ട് (20023+ 8267+10464+9168.42+15808) പ്രസ്തുത തുക അതാത് കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-108 ഓടനിർമ്മാണത്തിലെ മണ്ണ് കഴിച്ചെടുക്കൽ പ്രവൃത്തിക്ക് ഉയർന്ന നിരക്കിലുള്ള സ്പെസിഫിക്കേഷൻ കോഡ് ഉപയോഗിച്ചതിലൂടെ അധിക നിരക്ക് നൽകാനിടയായി

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഓടനിർമ്മാണം/ റിപ്പയറിംഗ് എന്നിവയുടെ ഫയലുകൾ പരിശോധിച്ചതിൽ ടി പ്രവൃത്തികളിലെ മണ്ണ് കഴിച്ചെടുക്കൽ എന്ന ഇനത്തിന് ഉപയോഗിക്കേണ്ടതായ മോർഡ് സ്പെസിഫിക്കേഷൻ 3.5.1 ന് പകരം മോർഡ് സ്പെസിഫിക്കേഷൻ 11.1.1.1 ആണ് ഉപയോഗിച്ചിട്ടുള്ളത്. ആയതിലൂടെ മണ്ണ് കഴിച്ചെടുക്കൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകാനിടയായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മണ്ണ് കഴിച്ചെടുക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷൻ 11.1.1.1 പ്രകാരമുള്ള Excavation For Structures – Earth Work Excavation For Structures As Per Drawing And Technical Specifications Clause 305.1 Including Setting Out Construction Of Shorting And Bracing, Removal Of Stumps And Other Deletarious Material And Disposal Upto A Lead Of 50m, Dressing Of Sides And Bottom And Backfilling In Trenches With Excavated Suitable Material എന്ന ഇനമാണ് നൽകിയത്. സ്ട്രക്ചർ കെട്ടിപ്പടുക്കുന്ന പ്രവൃത്തികളിൽ മണ്ണ് കഴിച്ചെടുക്കുന്നതിനാണ് മേൽ നിരക്ക് ബാധകമായിട്ടുള്ളത്. എന്നാൽ Earth Work, Erosion Control And Drainage പ്രവൃത്തി നിർവഹിക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷൻ 3.5.1 ഇനമായ Excavation In Cutting Soil By Manual Means With Lead Upto 50m Excavtion For Roadway In Soil Using Manual Means For Carrying Out Cut Earth To Embankment Site With A Lift Upto 1.5 Mand Lead Upto 50m As Per Technical Specification Clause 302.3 എന്ന ഇനം പ്രകാരമുള്ള നിരക്ക് പരാമർശിത പ്രവൃത്തിയിൽ ഉപയോഗിക്കാവുന്നതാണ്. അപ്രകാരമുള്ള നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ ചുവടെ ചേർക്കും പ്രകാരം അധികം തുക നൽകാനിടയായി.

വിശദാംശം ചുവടെ ചേർക്കുന്നു

1)

പ്രവൃത്തി	ഹാർബർ വാർഡിലെ ഓടകളുടെ അറ്റകുറ്റപ്പണി -
പ്രോജക്ട് നം	1442/24
നിർവഹണ ഉദ്യോഗസ്ഥ	രമകുമാരി ബി ആർ
വകയിരുത്തൽ	1499335 (വികസനഫണ്ട് മെയിൻറനൻസ് റോഡ്)
ചെലവ്	979725
കരാറുകാരൻ	അനൂപ് എ.എസ് (19.10% Below)
എം ബുക്ക്	623/22-23
എഗ്രിമെന്റ് നം	14/AEE/NE/22-23, 11-10-2022
ടി എസ്	10116/22-23, 10-11-2023

മേൽ പ്രവൃത്തിയിൽ ഇനം 1 ആയി ഓട നിർമാണത്തിന് 94.865 M3 അളവിൽ മണ്ണ് കഴിച്ചെടുത്തിട്ടുണ്ട്.

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് - 764.77 /- (Per M3)

കണക്കാക്കേണ്ട നിരക്ക് - 358.49/-(മോർഡ് സ്പെസിഫിക്കേഷൻ 3.5.1 പ്രകാരം)

ടെണ്ടർ ഇളവ് (19.10%) വരുത്തുമ്പോൾ

അനുവദിക്കാവുന്ന നിരക്ക് - 290.02/- (Per M3)

അനുവദിക്കാവുന്ന തുക - 27529.82/- (290.20X 94.865)

ക്വോട്ട് ചെയ്ത നിരക്ക് - 618.70/- (Per M3) (മോർഡ് സ്പെസിഫിക്കേഷൻ 11.1.1.1)

94.865 M3 പ്രവൃത്തി നിർവഹിച്ചതിന്

അനുവദിച്ച തുക - 58692.98 (618.70X 94.865)

(എം ബുക്ക് പേജ് നം 84)

അധികമായി അനുവദിച്ചത് - 31163.16 (58692.98 – 27512.75)

18% ജി എസ് ടി കൂടി ചേർക്കുമ്പോൾ

അധികമായി അനുവദിച്ച തുക - **36772.52/-രൂപ**

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.233/കെ.എസ്.എ/ടിവിസി.7/2024, തീയതി. 04.03.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2)

പ്രവൃത്തി -	ആറ്റുകാൽ വാർഡിലെ തേരകം ടി എൻ പുരം ഓട നിർമ്മാണം

നിർവഹണ ഉദ്യോഗസ്ഥൻ	ജലജകുമാർ.വൈ, അസി.എഞ്ചിനീയർ
പ്രോജക്ട് നം	1743/2023
വകയിരുത്തൽ	10,00,000/- (വികസനഫണ്ട് മെയിൻറനൻസ് റോഡ്)
ചെലവ്	FE2/9434/22/ 22.03.2024, 8,21,964/-
കരാറുകാരൻ	കൃഷ്ണൻ.ബി(7% Below)
എം ബുക്ക്	LSGD/CELSGD/MB/73961/2022-5-1-1
എഗ്രിമെന്റ് നം	20/AE/ATK/F2-22-23/28.02.2023
ടി.ടി എസ്	10116/22-23, 10-11-2023

മേൽ പ്രവൃത്തിയിൽ ഇനം 1 ആയി ഓട നിർമാണത്തിന് 71.653 M3 അളവിൽ മണ്ണ് കഴിച്ചെടുത്തിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് - 764.77 /- (Per M3)

കണക്കാക്കേണ്ട നിരക്ക് -358.49/-(മോർഡ് സ്പെസിഫിക്കേഷൻ 3.5.1 പ്രകാരം)

ടെണ്ടർ ഇളവ് (7%) വരുത്തുമ്പോൾ

അനുവദിക്കാവുന്ന നിരക്ക് - 331.80/- (Per M3)

അനുവദിക്കാവുന്ന തുക - 23774.46/- (331.80X 71.653)

ക്വോട്ട് ചെയ്ത നിരക്ക് - 705.88/- (Per M3) (മോർഡ് സ്പെസിഫിക്കേഷൻ 11.1.1.1)

71.653 M3 പ്രവൃത്തി നിർവഹിച്ചതിന്

അനുവദിച്ച തുക - 50578.42(705.88 X 71.653)(ഇബുക്ക്)

അധികമായി അനുവദിച്ചത് - 26803.96 (50578.42 – 23774.46)

18% ജി എസ് ടി കൂടി ചേർക്കുമ്പോൾ

അധികമായി അനുവദിച്ച തുക **31628.67-രൂപ**

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27.02.2025-ലെ ഓഡിറ്റ് എൻക്വയറി നം.216/കെ.എസ്.എ/ടിവിസി.7/2024 ന് മറുപടി ലഭ്യമാക്കിയില്ല.

3,

പ്രവൃത്തി -	ആനവാൽ സ്റ്റീറ്റിൽ ഓടനിർമ്മാണം
നിർവഹണ ഉദ്യോഗസ്ഥൻ	ജലജകുമാർ.വൈ, അസി.എഞ്ചിനീയർ
പ്രോജക്ട് നം	1150/23 (New 761/24)
വകയിരുത്തൽ	15,00,000/- (തനത് ഫണ്ട്)
ചെലവ്	FE2/9434/22/ 22.03.2024, 8,21,964/-
കരാറുകാരൻ	ബാബു.എസ്, ((18%Below)1260/23-24
എം ബുക്ക്	1260/23-24 11/AE/ATK/FZ/22-23, 18.01.2023
എഗ്രിമെന്റ് നം	11/AE/ATK/FZ/22-23, 18.01.2023
ടി എസ്	TS No. 41151/22-23, 26.10.2022

മേൽ പ്രവൃത്തിയിൽ ഇനം 3 ആയി ഓട നിർമാണത്തിന് 133 M3 അളവിൽ മണ്ണ് കഴിച്ചെടുത്തിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് - 764.77 /- (Per M3)

കണക്കാക്കേണ്ട നിരക്ക് -358.49/-(മോർഡ് സ്പെസിഫിക്കേഷൻ 3.5.1 പ്രകാരം)

ടെണ്ടർ ഇളവ് (18%) വരുത്തുമ്പോൾ

അനുവദിക്കാവുന്ന നിരക്ക് - 294.78/- (Per M3)

അനുവദിക്കാവുന്ന തുക -39205.74/- (294.78X 133)

കോട്ട് ചെയ്ത നിരക്ക് - 627.11/- (Per M3) (മോർഡ് സ്പെസിഫിക്കേഷൻ 11.1.1.1)

133 M3 പ്രവൃത്തി നിർവഹിച്ചതിന്

അനുവദിച്ച തുക – 83405.63 (627.11 X 133)

(എം ബുക്ക് പേജ് നം)

അധികമായി അനുവദിച്ചത് - 44199.89 (83405.63 – 39205.74)

18% ജി എസ് ടി കൂടി ചേർക്കുമ്പോൾ

അധികമായി അനുവദിച്ച തുക **52155.87/-രൂപ**

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27.02.2025-ലെ ഓഡിറ്റ് എൻക്വയറി നം.217/കെ.എസ്.എ/ടിവിസി.7/2024 ന് മറുപടി ലഭ്യമാക്കിയില്ല.

4,

പ്രവൃത്തി	മേലാംകോട് വാർഡിലെ പാണക്കര കരിത്തലയ്ക്കൽ തമ്പുരാൻ റോഡ് സംരക്ഷണഭിത്തി , സ്ലാബ് നിർമാണം, ഇന്റർലോക്കിംഗ്
പ്രോജക്ട് നം	819/24
വകയിരുത്തൽ	1500000 (വികസനഫണ്ട് എസ് സി പി)
ചെലവ്	967212
കരാറുകാരൻ	അരുൺകുമാർ സി (15.3% Below)
എം ബുക്ക്	ഇ എം ബുക്ക്
എഗ്രിമെന്റ് നം	53/AEE/NE/23-24, 11-10-2023
ടി എസ്	32507/23-24, 25-08-2023

<u>വിശദാംശം ചുവടെ ചേർക്കുന്നു</u>

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് - 764.77 /- (Per M3)

കണക്കാക്കേണ്ട നിരക്ക് - 358.49/-

ടെണ്ടർ ഇളവ് (15.3%) വരുത്തുമ്പോൾ

അനുവദിക്കാവുന്ന നിരക്ക് - 303.64/- (Per M3)

അനുവദിക്കാവുന്ന തുക - 5131.51 (303.64X 16.9)

കോട്ട് ചെയ്ത നിരക്ക് - 647.74/- (Per M3)

കുഴിച്ച് മാറ്റിയ മണ്ണിന്റെ അളവ് (ഇനം 1) - 16.9 M3

16.9 M3 പ്രവൃത്തി നിർവഹിച്ചതിന് അനുവദിച്ച തുക - 10946.81 (647.74X 16.9) അധികമായി അനുവദിച്ചത് 5815.3 (10946.81 - 5131.51)

18% ജി എസ് ടി കൂടി ചേർക്കുമ്പോൾ

അധികമായി അനുവദിച്ച തുക **6862.05/-രൂപ**

5,

പ്രവൃത്തി	ഓട നിർമാണവും റോഡ് ഉയർത്തി ടാറിംഗ് പ്രവൃത്തികളും - തുണ്ടുവിളറോഡ് ശിവാജി നഗർ പൊന്നുംമംഗലം വാർഡ്
പ്രോജക്ട് നം	1422/24
വകയിരുത്തൽ	28,00,000 (വികസനഫണ്ട്)
ചെലവ്	<u>2022-23</u> ബിൽ നം. 3695/27-03-2023, തുക 972733/- <u>2023-24</u>

	ബിൽ നം. 200/04-08-2023, തുക 717063/- ആകെ ചെലവ് 1689796/-രൂപ
കരാറുകാരൻ	ബിസിൽദാസ് കെ (26.77% Below)
എം ബുക്ക്	325/22-23
എഗ്രിമെന്റ് നം	39/AEE/NE/22-23, 05-11-2022
പൂർത്തീകരണ കാലയളവ്	3 മാസം
പി എ സി തുക	2371217/- രൂപ
ടി എസ്	8665/22-23, 25-08-2023

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് - 764.76 /- (Per M3)

കണക്കാക്കേണ്ട നിരക്ക് - 358.49/-

ടെണ്ടർ ഇളവ് (26.77%) വരുത്തുമ്പോൾ

അനുവദിക്കാവുന്ന നിരക്ക് - 262.52/- (Per M3)

അനുവദിക്കാവുന്ന തുക - 41244.25 (262.52 X 157.109)

ക്വോട്ട് ചെയ്ത നിരക്ക് - 560.04/- (Per M3)

കുഴിച്ച് മാറ്റിയ മണ്ണിന്റെ അളവ് (ഇനം 1) - 157.109 M3

157.109 M3 പ്രവൃത്തി നിർവഹിച്ചതിന് അനുവദിച്ച തുക - 87987.32 (560.04X 157.109) അധികമായി അനുവദിച്ചത് 46743.07 (87987.32 - 41244.25)

18% ജി എസ് ടി കൂടി ചേർക്കുമ്പോൾ

അധികമായി അനുവദിച്ച തുക **55156.82/-രൂപ**

6.

പ്രവൃത്തി	വിഴിഞ്ഞം വാർഡിലെ ടൗൺഷിപ്പ് ആമ്പൽക്കുളം ചെന്നവിളാകം ഓടകളുടെ പുനരുദ്ധാരണം
പ്രോജക്ട് നം	1450/24
വകയിരുത്തൽ	2250000 (വികസനഫണ്ട്)
പി എ സി	2541551
ചെലവ്	2208359
കരാറുകാരൻ	കരാറുകാരൻ (15.12% Below)
എം ബുക്ക്	905/22-23
എഗ്രിമെന്റ് നം	45/AEE/NE/23-24, 29-12-2022
ടി എസ്	23940/22-23, 01-10-2022

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് - 764.77 /- (Per M3)

കണക്കാക്കേണ്ട നിരക്ക് - 358.49/-

ടെണ്ടർ ഇളവ് (15.12%) വരുത്തുമ്പോൾ

അനുവദിക്കാവുന്ന നിരക്ക് - 304.28/- (Per M3)

അനുവദിക്കാവുന്ന തുക - 41534.22 (304.28 X 136.5)

ക്വോട്ട് ചെയ്ത നിരക്ക് - 649.14/- (Per M3)

കുഴിച്ച് മാറ്റിയ മണ്ണിന്റെ അളവ് (ഇനം 1) - 136.5 M3

136.5 M3 പ്രവൃത്തി നിർവഹിച്ചതിന് അനുവദിച്ച തുക - 88607.61 (649.14X 136.5) അധികമായി അനുവദിച്ചത് 47073 (88607.61-41534.22)

18% ജി എസ് ടി കൂടി ചേർക്കുമ്പോൾ

അധികമായി അനുവദിച്ച തുക **55546.60/-രൂപ**

7.

പ്രവൃത്തി	നേമം വാർഡ് പറങ്കിമല ലക്ഷം വീട് കോളനിയിൽ

	ഓടനിർമാണവും മിൽ റോഡ് കോൺക്രീറ്റിംഗും യൂറോകോൺ പാകൽ, മണ്ണാംവിള റോഡ് റീകോൺക്രീറ്റിംഗ്
പ്രോജക്ട് നം	1438/24
വകയിരുത്തൽ	20,00,000/- രൂപ
പി എ സി	1691115/-രൂപ
ചെലവ്	2022-23 ബിൽ നം. 295/21-08-2023, തുക 699615/- 2023-24 776/18-12-2023, 785609/- (ACR പ്രകാരം) ആകെ ചെലവ് 1485224/- രൂപ
കരാറുകാരൻ	സതീഷ്
ക്വോട്ട് ചെയ്ത തുക	1381132.96 (18.33% Below)
എം ബുക്ക്	348/22-23
എഗ്രിമെന്റ് നം	66/AEE/NE/22-23, 19-01-2023
പൂർത്തീകരണ കാലയളവ്	4 മാസം
ടി എസ് നം	4333/22-23, 29-10-2022

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് - 764.77 /- (Per M3)

കണക്കാക്കേണ്ട നിരക്ക് - 358.49/-

ടെണ്ടർ ഇളവ് (18.33%) വരുത്തുമ്പോൾ

അനുവദിക്കാവുന്ന നിരക്ക് - 292.78/- (Per M3)

അനുവദിക്കാവുന്ന തുക - 7506.29 (292.78X 25.638)

ക്വോട്ട് ചെയ്ത നിരക്ക് - 624.59 /- (Per M3)

കുഴിച്ച് മാറ്റിയ മണ്ണിന്റെ അളവ് (ഇനം 1) - 25.638 M3

25.638 M3 പ്രവൃത്തി നിർവഹിച്ചതിന്

അനുവദിച്ച തുക -16013.24 (624.59X 25.638)

അധികമായി അനുവദിച്ചത് 8506.95 (16013.24 – 7506.29

18% ജി എസ് ടി കൂടി ചേർക്കുമ്പോൾ

അധികമായി അനുവദിച്ച തുക **10038.20/-രൂപ**

8.

പ്രവൃത്തി	നെടുങ്കാട് വാർഡ് ശ്രീകോവിൽ ഭഗവതി റോഡ് ഓടനിർമാണം. ശ്രീറാം റോഡ് യൂറോകോൺ പാകൽ, ആനത്തറ ബൈലൈൻ കോണക്രീറ്റിംഗ് ഇന്റർലോക്കിംഗ് യൂറോകോൺ പാകൽ, ചിത്രാ നഗർ ഓട നിർമാണം, കുന്നുംപുറം ബൈറോഡ് ഓടനിർമാണവും ഇന്റർലോക്കിംഗും
പ്രോജക്ട് നം	1455/24
എസ്റ്റിമേറ്റ്	2150000/-
വകയിരുത്തൽ	2361896/- രൂപ (തനതുഫണ്ട്)
പി എ സി	1821298/-രൂപ
ചെലവ്	2181819/-രൂപ (ചെക്ക് നം. 198340/21-12-2023)
കരാറുകാരൻ	മഹേഷ് ഡി

കോട്ട് ചെയ്ത തുക	20,01,606 /-(8.999% Above)
എം ബുക്ക്	324/22-23
എഗ്രിമെന്റ് നം	66/AEE/NE/22-23, 19-01-2023
പൂർത്തീകരണ കാലയളവ്	4 മാസം
ടി എസ് നം	4333/22-23, 29-10-2022

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് - 764.77 /- (Per M3)

കണക്കാക്കേണ്ട നിരക്ക് - 358.49/-

ടെണ്ടർ വർദ്ധനവ് (9.899%) വരുത്തുമ്പോൾ

അനുവദിക്കാവുന്ന നിരക്ക് - 393.97/- (Per M3)

അനുവദിക്കാവുന്ന തുക - 40578.91 (393.97X 103)

കോട്ട് ചെയ്ത നിരക്ക് - 840.48 /- (Per M3)

* കുഴിച്ച് മാറ്റിയ മണ്ണിന്റെ അളവ് (ഇനം 6) - 103 M3

103 M3 പ്രവൃത്തി നിർവഹിച്ചതിന്

അനുവദിച്ച തുക - 86569.44 (840.48X 103)

അധികമായി അനുവദിച്ചത് 45990.53 (86569.44 - 40578.91)

18% ജി എസ് ടി കൂടി ചേർക്കുമ്പോൾ

അധികമായി അനുവദിച്ച തുക **54268.82/-രൂപ**

മുകളിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് 302429.55/-രൂപ (36772.52, 31628.67, 52155.87 ,6862.05, 55156.82, 55546.6, 10038.20, 54268.82) അധികമായാണ് അനുവദിച്ചിട്ടുള്ളത്. ക്രമ നം 4മുതൽ 8 വരെയുള്ള പരാമർശങ്ങൾക്ക് ഓഡിറ്റ് എൻക്വയറികൾ (നം. 227, 228, 229, 230, 232 /കെ. എസ്.എ/എ ഒ 2/ 2024, തീയതി 04/03//2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികമായി അനുവദിച്ച തുക അതാത് കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

*മേൽ പ്രവൃത്തിയിൽ 103 M3 മണ്ണ് കുഴിച്ച് മാറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തിയിലെ മറ്റ് ഫില്ലിംഗ് പ്രവൃത്തികൾക്ക് ആയത് വിനിയോഗിച്ചിട്ടില്ല. പ്രസ്തുത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തിനിർവഹണവുമായി ബന്ധപ്പെട്ട എം ബുക്ക് നം. 324/22-23 ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതാണ്. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-109 വിവിധ സ്ഥലങ്ങളിൽ എയ്റോബിൻ/എം ആർ എഫ് സ്ഥാപിക്കൽ - എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് അധിക അളവിൽ പ്രവൃത്തി ചെയ്യ - പദ്ധതി നടത്തിപ്പിൽ അവ്യക്തത- സമഗ്ര പരിശോധന അനിവാര്യം

പ്രോജക്ട്	2533/20,1758/21, 1428/22, 235/23 , 1187/24
പ്രോജക്ടിന്റെ പേര്	വിവിധ സ്ഥലങ്ങളിൽ എയ്റോബിൻ/എം ആർ എഫ് സ്ഥാപിക്കൽ
വകയിരുത്തൽ	11,97,50,000/- രൂപ (41912500/- കേന്ദ്രാവിഷ്കൃതം, 27901750/-രൂപ സംസ്ഥാനാവിഷ്കൃതം, 49935750/- തനതുഫണ്ട്)
ഭരണാനുമതി ലഭിച്ച തുക	11,00,00,000/- രൂപ
ചെലവ്	2019-20 - ചെലവ് ഇല്ല 2020-21 ലെ ചെലവ് 2000685/-രൂപ (ചെക്ക് നം. 029107/31-03-21) 2021-22 ലെ ചെലവ് 78,09,211 /- രൂപ (ചെക്ക് നം. 029127/31-03-22) 2022-23 - ചെലവ് ഇല്ല 2023-24 ലെ ചെലവ്

	1,60,29,012/- (PFMS മുഖേന , 24-02-2024 ഇതുവരെയുള്ള ചെലവ് 25838908/-
കരാറുകാരൻ	എസ് കൃഷ്ണകുമാർ (സിവിൽ വർക്ക്) കരാർ തുക 79193495/-
ക്വോട്ട് ചെയ്ത തുക	78741973.33 (0.57% ടെണ്ടർ കുറവ്)
എം ബുക്ക്	637/20-21, 1279/20-21, 1297/20-21, 1304/20-21, 169/22-23, 179/22-23, 818/22-23)
എഗ്രിമെന്റ് നം	3/SE/20-21, 28-05-20
സൈറ്റ് കൈമാറിയ തീയതി	27-07-2020
പൂർത്തീകരണ കാലയളവ്	12 മാസം
ടി എസ് നം	LSGD /TS / 40517/ 06-02-2020
നിർവഹണം	സൂപ്രണ്ടിംഗ് എഞ്ചിനീയർ

വിവിധ വാർഡുകളിൽ എയ്റോബിൻ യൂണിറ്റുകൾ നിർമിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. 50.10 M2 ഏരിയ വരുന്ന 5 യൂണിറ്റ് ഉള്ള 99 എയ്റോബിക് ഷെഡാണ് നിർമിക്കുന്നത്. ഷെഡിന്റെ ഫൗണ്ടേഷൻ ബേസ്മെന്റ് എന്നിവ സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് നിർമിച്ചതിന് ശേഷം ആവശ്യമായ പ്ലംബിംഗ് വർക്ക് ചെയ്ത് ശേഷം പി സി സി ചെയ്ത് അതിന് മുകളിൽ പ്രീകാസ്റ്റ് കോൺക്രീറ്റ് എയ്റോബിൻ 5 എണ്ണം ഒരു ഷെഡിൽ സ്ഥാപിക്കുന്നു. ഷെഡിന്റെ ബേസ്മെന്റിന് മുകളിൽ RCC ബെൽറ്റ് ചെയ്ത് അതിനു മുകളിൽ 40cm പൊക്കത്തിൽ Solid BlocK Masonary ചെയ്യുന്നു. ട്രസ് വർക്ക് ചെയ്യുന്നത് സ്ട്രക്ചറൽ സ്റ്റീൽ ഉപയോഗിച്ചുമാണ്. GI പോസ്റ്റിനെ CC ബ്ലോക്കിൽ ഫിക്സ് ചെയ്യുകയും മേൽക്കൂര GI പ്രൊഫൈൽ ഷീറ്റും ഉപയോഗിച്ചും നിർമിക്കുന്നു. ഷെഡിന്റെ വശങ്ങൾ കവർ ചെയ്യുന്നതിന് ഫെൻസിംഗ് മെഷ് ഉപയോഗിക്കുന്നു. ഷെഡിനെ മോടിപിടിപ്പിക്കുന്നതിനായി ടൈൽസ്, പെയിന്റിംഗ്, ഇന്റർലോക്ക്, ചെടികൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ അനുബന്ധപ്രവൃത്തികൾ ആയിട്ട് ഇലക്ട്രിഫിക്കേഷൻ, വാട്ടർ കണക്ഷൻ, FRP Portable Toilet, Chair, Sticker എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ പ്രവൃത്തിക്ക് ചുവടെ പറയും പ്രകാരമാണ് തുക വകയിരുത്തിയിട്ടുള്ളത്

ഇനം	തുക
സിവിൽ വർക്ക്	79193495
ഇലക്ട്രിഫിക്കേഷൻ	6000000
FRP Portable Toilet	6000000
വാട്ടർ കണക്ഷൻ	400000
Other Accessories	6612500
ജി എസ് ടി	11784719.31
ലംപ്സം	9286.41
ആകെ	11,00,00,000

2019-20 ലാണ് പദ്ധതി നിർവഹണം ആരംഭിക്കുന്നത്. പദ്ധതി നിർവഹണത്തിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.അംഗീകൃത പ്ലാനിലും എസ്റ്റിമേറ്റിലും ഉൾപ്പെടാത്ത പ്രവൃത്തികൾ നിർവഹിച്ചു

50.1 M^2 വലിപ്പമുള്ള 99 എയ്റോബിക് ഷെഡ് നിർമിച്ച് ഓരോ ഷെഡിലും 5 എണ്ണം വീതമുള്ള എയ്റോബിക് ബിന്നുകൾ (ആകെ 495 ബിന്നുകൾ) സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. നിലവിൽ എത്ര യൂണിറ്റുകൾ സ്ഥാപിച്ചുവെന്നും ആയവ ഏതെല്ലാം സ്ഥലങ്ങളിൽ സ്ഥാപിച്ചുവെന്നുമുള്ള വിവരങ്ങൾ സ്ഥാപനമേധാവിയുടെ സാക്ഷ്യപ്പെടുത്തലുകൾ സംബന്ധിച്ച വിവരങ്ങളും യൂണിറ്റുകളുടെ പ്രവർത്തനക്ഷമതാ റിപ്പോർട്ടും ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ടും ഓഡിറ്റ് എൻകയറി (നം 245 /കെ. എസ്.എ/എ ഒ 2/ 2024 തീയതി 12/03/2025) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. എം ബുക്ക് പരിശോധിച്ചതിൽ 10 ഷെഡുകളിലായി 84 എയ്റോബിൻ മാത്രമാണ് നിർമിച്ചിട്ടുള്ളതെന്ന് മനസ്സിലായിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത 72 Mini MCF കൾ നിർമിക്കുന്നതിനായും MRF നിർമാണത്തിനുവേണ്ടിയും തുക ചെലവഴിച്ചതായി എം ബുക്ക് പരിശോധനയിൽ കണ്ടു. എന്നാൽ 72 Mini MCF കൾ നഗരസഭയുടെ

ഏതെല്ലാം ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട് എന്നതിന്റെ വിവരം ലഭ്യമല്ല. മാത്രമല്ല, എസ്റ്റിമേറ്റിലോ റിവൈസ്ഡ് എസ്റ്റിമേറ്റിലോ Mini MCF, MRF എന്നിവയുടെ നിർമാണവുമായി ബന്ധപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുമില്ല.

2. റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമായതിന്റെ വിവരം ലഭ്യമല്ല

പദ്ധതി നിർവഹണത്തിൽ നിർമാണത്തിന് മരം മുറിയ്ക്കുന്നതിനുള്ള തടസ്സം, പുറമ്പോക്ക് സ്ഥലത്ത് ഇലക്ട്രിസിറ്റി ലഭ്യതയുടെ തടസ്സം, ഹൈവേ റോഡ് സൈഡിലും PWD Widening ഉള്ള സ്ഥലങ്ങളിലെ നിർമാണതടസ്സം, ജനവിരോധം മൂലമുള്ള തടസ്സം എന്നിവ കാരണം സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി നിർവഹണത്തിന് തടസ്സം നേരിടുന്ന സാഹചര്യത്തിൽ 18-01-2022 ലെ സെക്രട്ടറിയുടെ പദ്ധതി അവലോകനയോഗത്തിൽ 50 Portable Mini MRF കളും 20 Portable ബിന്നുകളും ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ച് 70 Portable MRF ചെയ്യുന്നതിനായും നിലവിൽ നിർമാണം നടത്തുന്ന MRF കളുടെ കാര്യക്ഷമമായ നടത്തിപ്പിനായി Office, Toilet, സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ചില എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തിയും ചില ഐറ്റങ്ങളുടെ അളവുകളിൽ വരുന്ന മാറ്റം ഭേദഗതിക്കനുസരിച്ച് ചില എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തിയും റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് 14-03-2024 ലെ കൗൺസിൽ തീരുമാനം 3(E) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം സിവിൽ വർക്കിനായി 7,91,93.495/-രൂപ വകയിരുത്തിയതിൽ ഇതുവരെ (I, Ii And III Part Bill) 2,58,38,908/- രൂപ ചെലവായിട്ടുണ്ട്. ചില എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തിയും ചില ഐറ്റങ്ങൾ ഒഴിവാക്കിയും ഇനം 14, 28 എന്നിവ പ്രകാരം എസ്റ്റിമേറ്റിൽ നിന്നും അധികമായി ചെയ്ത പ്രവൃത്തികൾ നിർവഹിക്കുന്നതിനുമായി 26984494.21/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ സാങ്കേതികാനുമതി ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയില്ല.

3. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് മാന്വൽ വ്യവസ്ഥ പാലിച്ചില്ല

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥലസന്ദർശനം നടത്തി അതിനനുസൃതമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹണം നടത്തേണ്ടതാണെന്ന് 21-06-2018 ലെ ഇ20/ 6699/2018/സി ഇ/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം നിർദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD Manual ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. 06-02-2020 ൽ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തിയ്ക്ക് നാല് വർഷം കഴിഞ്ഞ് മാത്രമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങുന്നത്. സാങ്കേതികാനുമതി ലഭ്യമായിട്ടുമില്ല. KPWD Manual ഖണ്ഡിക 1601.1.6 പ്രകാരം പ്രവൃത്തി റിവൈസ് ചെയ്യേണ്ടതായ സാഹചര്യമുണ്ടായാൽ ആയത് പൂർത്തീകരിക്കുന്നതിനോ പുരോഗമിക്കുന്നതിനോ കാത്തിരിക്കാതെ ഉടൻ തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

4. എയ്റോബിൻ സ്ഥാപിക്കുന്നതിന് സ്ഥാപനമേധാവികളുടെ അനുമതി ലഭ്യമായതിന്റെ വിവരം ലഭിച്ചില്ല

99 സ്ഥലങ്ങളിൽ (ഓരോന്നിലും 5 യൂണിറ്റ് വീതം) എയ്റോബിൻ സ്ഥാപിക്കുന്നതിനായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളിലാണ് എയ്റോബിൻ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നത്. ആയവ സ്ഥാപിക്കുന്നതിന് അതാത് സ്ഥാപനമേധാവിയുടെ അനുവാദം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കാനും സ്ഥാപനമേധാവികളിൽ നിന്നും അനുവാദം ലഭിച്ചതിനുശേഷമാണോ ടെണ്ടർ നടപടികൾ സ്വീകരിച്ചത് എന്നുള്ള വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

5.സ്ഥാപിക്കപ്പെട്ട എയ്റോബിനുകൾ ഉപയോഗിക്കപ്പെടുന്നില്ല.

എഞ്ചിനീയറിംഗ് വിഭാഗവുമായി ചേർന്ന് 19-03-2025 ൽ നടത്തിയ സ്ഥലപരിശോധനയിൽ ചാക്ക ഐഐടി യിൽ രണ്ട് ഷെഡുകളിലായി 11 എയ്റോബിനുകളും കല്ലടിമുഖത്ത് സ്ഥിതിചെയ്യുന്ന RRF കെട്ടിടത്തോട് ചേർന്ന് ഒരു വലിയ ഷെഡിലായി 32 എയ്റോബിനുകളും സ്ഥാപിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഒരു സ്ഥലത്ത് 5 എയ്റോബിനുകൾ സ്ഥാപിക്കുക എന്ന പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വിരുദ്ധമായാണ് കല്ലടിമുഖത്ത് മാത്രമായി 32 ഷെഡുകൾ സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത എയ്റോബിനുകൾ ഉപയോഗിക്കപ്പെടുന്നെങ്കിലും ഒരു സ്ഥലത്ത് മാത്രം വളരെയധികം ബിന്നുകൾ സ്ഥാപിച്ചതിനാൽ പദ്ധതി പ്രാദേശികമായി ഒതുങ്ങിപ്പോകുന്നതിന് കാരണമാകുന്നു.

ചാക്ക ഐഐടി യിൽ 11 എയ്റോബിനുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നില്ല എന്നാണ് ഭൗതികപരിശോധനയിൽ ബോദ്ധ്യപ്പെട്ടത്. 8 ബിന്നുകളിൽ കരിയിലമാലിന്യമെങ്കിലും നിറച്ചിട്ടുണ്ടെങ്കിലും 3 എയ്റോബിനുകൾ ശൂന്യമായാണ് കാണാൻ കഴിഞ്ഞത്. ഓരോ സ്ഥാപനത്തിന്റെയും യഥാർത്ഥമായ ആവശ്യം മനസ്സിലാക്കാതെ ബിന്നുകൾ സ്ഥാപിച്ചതിനാലാണ് ആയത് ഉപയോഗശൂന്യമാകാൻ കാരണം. ആയതിനാൽ നഗരസഭാ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ബാക്കി എയ്റോബിനുകളുടെ പ്രവർത്തനം ഉപയോഗയോഗ്യമാണെന്നുള്ള വിവരം പരിശോധിച്ച് അല്ലാത്തപക്ഷം ആയത് ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ പതിയേണ്ടതാണ്.

6. പ്രവൃത്തി ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയില്ല

27-07-2020 നാണ് സ്ഥലം കരാറുകാരന് കൈമാറിയിട്ടുള്ളത്. സാങ്കേതികാനുമതി ഉത്തരവിൽ 8 മാസം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ കരാറിൽ പ്രവൃത്തി പൂർത്തീകരണകാലയളവ് ഒരു വർഷമാണ് അനുവദിച്ചിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രണ്ട് പ്രാവശ്യമായി പ്രവൃത്തി 31-1-2023 വരെ നീട്ടി നൽകിയിട്ടുണ്ടുമുണ്ട്. എന്നാൽ പിഴ ഈടാക്കിയിട്ടില്ല. പ്രവൃത്തി ഇനിയും പൂർത്തിയായിട്ടില്ല.

7. അനുബന്ധ പ്രവൃത്തികൾ നടപ്പിലായതിന്റെ വിവരം ലഭ്യമല്ല

സാങ്കേതികാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ള സിവിൽ പ്രവൃത്തികൾ ഒഴികെയുള്ള ഇനങ്ങളായ ഇലക്ട്രിഫിക്കേഷൻ, FRP Portable Toilet, Water Connection, Other Accessories എന്നിവയ്ക്ക് TS ലഭിക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നിർദേശം നൽകുന്നതിനായി 18-02-2020 ൽ എക്സി. എഞ്ചിനീയർ ഉത്തരവിട്ടിട്ടുണ്ട്. ഓരോ ഷെഡിലും ഇലക്ട്രിക്, വാട്ടർ കണക്ഷനുകൾ, FRP Portable Toilet തുടങ്ങിയ പ്രവൃത്തികൾ കൂടി നിർവഹിച്ചെങ്കിൽ മാത്രമേ എയ്റോബിനുകൾ സ്ഥാപിച്ചതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ. അനുബന്ധഫയൽ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

8. എസ്റ്റിമേറ്റിലെ അളവിനെക്കാൾ അധികം പ്രവൃത്തി ചെയ്തു

എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ഇനം നം. 14 (10.16.1) (Steel Work In Built Up Tubular (Round, Square, Rectagular Or Hollow Tubes Etc) Trusses Etc. Including Cutting, Hoisting Fixing Position, And Applying A Priming Coat Of Approved Steel Promer

Including Welding And Bolted With Special Shaped Washers Etc. Complete. Hot Finished Welded Type Tubes) പ്രകാരമുള്ള പ്രവൃത്തി **60184.635 Kg** സ്റ്റീൽ ഉപയോഗിച്ച് നിർവഹിക്കുന്നതിന് 79,91,783.36/- രൂപ വകയിരുത്തിയിട്ടുണ്ട്. 99 ഷെഡുകളിൽ മേൽ ഇനം പ്രകാരമുള്ള പ്രവൃത്തി നിർവഹിക്കുന്നതിനായാണ് 79,91,783.36/-രൂപ വകയിരുത്തിയിട്ടുള്ളത്. CC 3rd And Partbill, എം ബുക്ക് 818/22-23 (പേജ് നം. 31) എന്നിവ പരിശോധിച്ചതിൽ ഇനം 14 ലെ പ്രവൃത്തികൾ നിർവഹിക്കുന്നതിന് **89045.26 Kg** മെറ്റീരിയൽ ഉപയോഗിച്ചതായും എന്നാൽ എസ്റ്റിമേറ്റ് Quantity ആയ 60184.635 Kg ആയി ലിമിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിലേയ്ക്കായി 72,22,156/-രൂപ (ജി എസ് ടി ഒഴികെ) ചെലവഴിച്ചിട്ടുമുണ്ട്. എന്നാൽ 89048.78 Kg മെറ്റീരിയൽ ഉപയോഗിച്ചതായി കാണിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുമുണ്ട് (എം ബുക്കിൽ 89045.26 Kg മെറ്റീരിയൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്)

ഇനം നം. 28 (13.61.) Painting With Synthetic Enamel Paint Of Approved Brand And Manufacture To Give An Even Shade : Two Or More Coats On New Work പ്രവൃത്തി **6599.460 M^3**ചെയ്യുന്നതിന് 7,13,665/- രൂപ വകയിരുത്തിയിട്ടുണ്ട്. 99 ഷെഡുകളിൽ മേൽ ഇനം പ്രകാരമുള്ള പ്രവൃത്തി നിർവഹിക്കുന്നതിനായാണ് 7,13,665/- രൂപ വകയിരുത്തിയിട്ടുള്ളത്. CC 3rd And Partbill, എം ബുക്ക് 818/22-23, പേജ് നം. 42 പരിശോധിച്ചതിൽ ഇനം 28 ലെ പ്രവൃത്തികൾ **8188.994 M^3** ചെയ്യുകയും എന്നാൽ എസ്റ്റിമേറ്റ് Quantity ആയ 6599.46 M^3 ആയി ലിമിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിലേയ്ക്കായി 7,12,741.68/-രൂപ (ജി എസ് ടി ഒഴികെ) ചെലവഴിച്ചിട്ടുമുണ്ട്. എന്നാൽ **8190.49m^3** ഉപയോഗിച്ചതായി കാണിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുമുണ്ട്.(എം ബുക്കിൽ **8188.994 M^3** മെറ്റീരിയൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്)

495എയ്റോബിനുകൾ 9 ഷെഡിലായി സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും എന്നാൽ എയ്റോബിനുകളുടെ നിർമാണം നാമമാത്രമായി നടത്തുകയും സ്റ്റീൽ വർക്കുകൾ, പെയിന്റിംഗ് (ഇനം 14, ഇനം 28) എന്നീ ഇനങ്ങളിൽ വരുന്ന പ്രവൃത്തികൾ എസ്റ്റിമേറ്റിലും അധികമായ അളവിൽ ചെയ്യുകയും ചെയ്തു. 99 ഷെഡുകളിലായി 495 എയ്റോബിനുകൾ സ്ഥാപിക്കുന്നതിന് വേണ്ടി എസ്റ്റിമേറ്റ് പ്രകാരം ഉപയോഗിക്കേണ്ടത് **60184.635 Kg** സ്റ്റീൽ ആണ്. എന്നാൽ ആയതിന് പുറമെ **28860.625 Kg** സ്റ്റീലും കൂടി ഉപയോഗിച്ചാണ് ഇനം 14 ലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്.

ആയതുപോലെ ഇനം 28 പ്രകാരം പെയിന്റിംഗ് പ്രവൃത്തി നിർവഹിക്കേണ്ടത് **6599.460 M^3** അളവിലാണ്. എന്നാൽ എസ്റ്റിമേറ്റിൽ നിന്നും അധികരിച്ച് **1589.534 M^3** അളവിൽ കൂടി പെയിന്റിംഗ് പ്രവൃത്തി നിർവഹിച്ചിട്ടുണ്ട്. നിലവിൽ 84 എയ്റോബിനുകൾ മാത്രമാണ് നിർമിച്ചിട്ടുള്ളത്. 5 യൂണിറ്റ് വീതമുള്ള 99 എയ്റോബിൻ ഷെഡുകൾ നിർമിക്കുന്നതിനുവേണ്ടി വിനിയോഗിക്കേണ്ട സ്റ്റീലും ആയതിന് ആനുപാതികമായി പെയിന്റിംഗിനുവേണ്ടി ഉപയോഗിക്കേണ്ട മെറ്റീരിയലും ഉപയോഗിച്ചാണ് 72 Mini MCF, MRF കൾ എന്നിവ നിർമിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും Mini MCF, MRF എന്നിവ നിർമിക്കുന്നതിനുവേണ്ടിയുള്ള Abstract Estimate, Detailed Estimate എന്നിവ തയ്യാറാക്കാത്തതിനാൽ പ്രവൃത്തി നിർവഹണം സംബന്ധിച്ച് അവ്യക്തതയുണ്ട്.

9. അനുബന്ധ പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താതെ മുഴുവൻ തുകയും ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി

ആദ്യ എസ്റ്റിമേറ്റ് പ്രകാരം സിവിൽ പ്രവൃത്തികൾക്കായി വകയിരുത്തിയത് 79193494/- രൂപയും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം വകയിരുത്തിയിട്ടുള്ളത് 26984498/-രൂപയുമാണ് (ആദ്യ എസ്റ്റിമേറ്റിന്റെ 34.07%)

ആദ്യ എസ്റ്റിമേറ്റ് പ്രകാരം മറ്റ് പ്രവൃത്തികൾക്കായി (ലംപ്സം) വകയിരുത്തിയിരുന്ന തുകകൾ ചുവടെ പറയുന്നവയായിരുന്നു.

ഇലക്ട്രിഫിക്കേഷൻ	6000000
FRP Portable Toilet	6000000
വാട്ടർ കണക്ഷൻ	400000
Other Accessories	6612500

എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും പ്രസ്തുത തുക തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സിവിൽ വർക്കുകളുടെ അളവ് കുറഞ്ഞതിനാൽ ആനുപാതികമായ കുറവ് മറ്റ് പ്രവൃത്തികളിലും വരുന്നതാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വേളയിൽ മറ്റ് പ്രവൃത്തികൾ നിർവഹിക്കുന്ന സെക്ഷനുമായി ഇടപെടലുകൾ നടത്തിയാണോ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് എൻകയറി (നം 245 /കെ. എസ്.എ/എ ഒ 2/ 2024 തീയതി 12/03/2025) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഭരണാനുമതി 06-02-2020 ൽ ലഭിക്കുകയും സിവിൽ വർക്കുകൾക്കായി 7,91,93,495/- രൂപ വകയിരുത്തുകയും 2,58,38,908/-രൂപ മാത്രം ചെലവഴിക്കുകയും ചില ഐറ്റങ്ങൾ എസ്റ്റിമേറ്റിൽ അധികവും ചെലവഴിച്ച പദ്ധതി ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളത്. 5 വർഷമായിട്ടും പദ്ധതി പൂർത്തീകരിച്ച് അന്തിമബിൽ സമർപ്പിച്ചിട്ടുമില്ല. എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയതിനാലും എസ്റ്റിമേറ്റിലെ പൂർത്തിയാകാത്ത ഇനങ്ങൾക്ക് ചെലവഴിക്കേണ്ടതിലധികം ചെലവ് നടത്തിയതായി കാണുന്നതിനാലും പദ്ധതി നടത്തിപ്പിൽ അവ്യക്തത നിലനിൽക്കുന്നതിനാലും പരാമർശിത പ്രോജക്ടിൻമേൽ സമഗ്രമായ പരിശോധന അനിവാര്യമാണ്.

1-110 ഇൻഷ്വറൻസ് സാക്ഷ്യപത്രം ലഭ്യമാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കുന്നില്ല..

PWD Bidding Document (GO(P) No.3/2017 PWD.Dtd.9.8.0217) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യേണ്ടതാണ്. സ്ഥാപനം നൽകുന്ന Letter Of Acceptance/Selection Notice പ്രകാരം കരാറുകാരൻ കോൺട്രാക്ട് തുകയുടെ 0.5% മൂല്യമുള്ള (മിനിമം 200000/- പരമാവധി 500000/-) ഇൻഷ്വറൻസ് ഹാജരാക്കേണ്ടതാണ്. എന്നാൽ ചില 'പദ്ധതികൾ' ഏറ്റെടുത്ത് നിർവഹണം നടത്തുന്ന കരാറുകാർ പ്രസ്തുത പ്രവൃത്തികൾ ഇൻഷ്വർ ചെയ്തതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇൻഷ്വറൻസ് ലഭ്യമാക്കിയില്ലെങ്കിൽ പി.എ..സി. യുടെ 0.2% പിഴയായി ഈടാക്കേണ്ടതുണ്ട്. എന്നാൽ അന്തിമ ബിൽതുക അനുവദിച്ചപ്പോൾ പിഴ ഈടാക്കിയതായി കാണുന്നില്ല. ഏതാനും പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

1.അമ്പലത്തറ വാർഡിലെ അമ്പലത്തറ യു.പി.എസ്. മെയിന്റനൻസും പെയിന്റിംഗും

പ്രോജക്ട് നം	752/2024
ഫണ്ട്	മെയിന്റനൻസ് ഫണ്ട് (റോഡിതരം)
അടങ്കൽ	792373- 400000/-
ചെലവ്	742194/-
കരാറുകാരൻ	പ്രദീപ്. ജി.
എഗ്രീഡ് പി.എ.സി.	671350
ഈടാക്കേണ്ടിയിരുന്ന പിഴ	1342

2. മുട്ടത്തറ വാർഡിലെ തരംഗിണി ലൈൻ-തരംഗിണി ലൈനിലെ വീതിയേറിയ ഇടവഴി എന്നിവിടങ്ങളിൽ മഴ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി സ്ലാബ് മൂടിയ ഓട മാതൃകയിലുള്ള മഴക്കുഴി നിർമ്മാണം.

പ്രോജക്ട് നം	534/24
ഫണ്ട്	വികസന ഫണ്ട്-ജനറൽ
അടങ്കൽ	1000000/-
ചെലവ്	1000000/-
കരാറുകാരൻ	എം.ബാബു.
എഗ്രീഡ് പി.എ.സി.	845429
ഈടാക്കേണ്ടിയിരുന്ന പിഴ	1691/-

3.ബീമാപള്ളി ഈസ്റ്റ് വാർഡിലെ വി.ഐ.പി. കോളനി റോഡ് സദാം നഗർ റോഡ് പത്തേക്കർ സുനാമി കോളനി റോഡ് ചെറിയതുറ ഫിഷർമെൻ കോളനി റോഡ് പുനരുദ്ധാരണം.

പ്രോജക്ട് നം	961/24
ഫണ്ട്	വികസനഫണ്ട്-ജനറൽ
അടങ്കൽ	3208673/-
ചെലവ്	2892592/-
കരാറുകാരൻ	എം.റഷീദ്.
എഗ്രീഡ് പി.എ.സി.	2770133
ഈടാക്കേണ്ടിയിരുന്ന പിഴ	5540/-

4.ഉള്ളൂർ വാർഡിലെ വലിയകുളം പൂർത്തീകരണം.

പ്രോജക്ട് നം	1821/24
ഫണ്ട്	ധനകാര്യ കമ്മിഷൻ അവാർഡ്
അടങ്കൽ	3500000/-
ചെലവ്	3500000/-
കരാറുകാരൻ	മോഹൻ.കെ
എഗ്രീഡ് പി.എ.സി.	3227016/-
ഈടാക്കേണ്ടിയിരുന്ന പിഴ	6454

ആയതിനാൽ മറ്റ് മരാമത്ത് ഫയലുകളും പരിശോധനാ വിധേയമാക്കി ഇൻഷ്വറൻസ് സാക്ഷ്യപത്രം ലഭ്യമാക്കാത്തതും എന്നാൽ പിഴ ഈടാക്കാത്തതുമായ മുഴുവൻ കരാറുകാരിൽനിന്നും പിഴ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇൻഷ്വറൻസ് സാക്ഷ്യപത്രം പ്രവൃത്തിക്കൊപ്പം ഹാജരാക്കേണ്ടത് കരാറിന്റെ ഭാഗമാക്കേണ്ടതും വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

1-111 മുട്ടക്കുഴി വെട്ടുവിള റോഡ് കോൺക്രീറ്റിംഗും കന്നുകാൽച്ചണ്ട് ബണ്ട് റോഡ് ടാറിംഗും പ്രവൃത്തി എസ്റ്റിമേറ്റ് പുതുക്കി നിർവഹിച്ച പ്രവൃത്തിയിനങ്ങൾ – അപാകത - 262828/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം	1434/2024 (സ്പിൽ ഓവർ)
വകയിരുത്തൽ	25,55,144/- രൂപ (വികസനഫണ്ട് ജനറൽ)
ചെലവ്	2022-23 ലെ ചെലവ് 15,79,812 (ബിൽ നം. 3245/23-3-23) 2023-24 ലെ ചെലവ്

	9,70,500/- രൂപ (ബിൽ നം. 317/23-8-23) ആകെ ചെലവ് 2550312/- രൂപ
കരാറുകാരൻ	രാജേഷ് കുമാർ സി (20.1% Below Tender)
എം ബുക്ക് നം	583/22-23
നിർവഹണം	രമകുമാരി ബി ആർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പുഞ്ചക്കരി വാർഡിലെ മുട്ടളക്കുഴി വെട്ടുവിള റോഡിൽ സംരക്ഷണഭിത്തി നിർമ്മിച്ച് റോഡ് കോൺക്രീറ്റിംഗും കന്നുകാൽച്ചണ്ട് ബണ്ട് റോഡ് ടാറിംഗും ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിനുമായാണ് ആദ്യം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ കന്നുകാൽച്ചണ്ട് ബണ്ട് റോഡ് മഴ സമയത്ത് വലിയ രീതിയിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന അവസ്ഥയിലായതിനാൽ റോഡ് ഉയർത്തി ടാർ ചെയ്യേണ്ടി വരുന്നതിനാലും മുട്ടളക്കുഴി റോഡിലെ ബാലൻസ് തുക ഉപയോഗിച്ച് കന്നുകാൽച്ചണ്ട് ബണ്ട് റോഡിന് സമീപമുള്ള ഇടവഴി കോൺക്രീറ്റ് ചെയ്യേണ്ടി വരുന്നതിനാലും എസ്റ്റിമേറ്റ് 3 (ഇ) 63/6-7-23 കൗൺസിൽ തീരുമാനം പ്രകാരം റിവൈസ് ചെയ്തു.

പ്രസ്തുത പ്രവൃത്തി നിർവഹണത്തിൽ ആദ്യ എസ്റ്റിമേറ്റ് പ്രകാരം ഇനം നം. 2 പ്രകാരം 33 M3 അളവിൽ മുട്ടളക്കുഴി വെട്ടുവിള റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം കന്നുകാൽച്ചണ്ട് ബണ്ട് റോഡിന് സമീപമുള്ള ഇടവഴി കൂടി കോൺക്രീറ്റ് ചെയ്യുന്നതിന് തീരുമാനിക്കുകയും 56.085 M3 അളവിൽ പ്രവൃത്തി നിർവഹിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു.

എം ബുക്ക് പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം പ്രവൃത്തി നിർവഹിച്ചിട്ടുണ്ട്.

പ്രവൃത്തി	എം ബുക്ക് പ്രകാരം ചെയ്ത അളവ്
മുട്ടളക്കുഴി വെട്ടുവിള റോഡ് കോൺക്രീറ്റ്	23.01 M3 (പേജ് നം. 24)
കന്നുകാൽച്ചണ്ട് ബണ്ട് റോഡിന്റെ സമീപമുള്ള ഇടവഴി കോൺക്രീറ്റ്	35.04 M3 (21.72 M3 + 13.32 M3) (പേജ് നം. 50)

ഇടവഴി കോൺക്രീറ്റിംഗ് ചെയ്യേണ്ടതിന്റെ ആവശ്യകത എന്താണെന്നുള്ളതിനുള്ള വ്യക്തമായ കാരണങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, പ്രസ്തുത റോഡ് നഗരസഭയുടെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതും സംബന്ധിച്ചും വ്യക്തതയില്ല. 35.04 M3 അളവിൽ നിർവഹിച്ച പ്രസ്തുത കോൺക്രീറ്റ് പ്രവൃത്തിയിൽ 13.32 M3 അളവ് ബേം കോൺക്രീറ്റ് പ്രവൃത്തി നിർവഹിക്കുന്നതിനുവേണ്ടിയാണ് വിനിയോഗിച്ചിട്ടുള്ളത്. ബേംകോൺക്രീറ്റ് കന്നുകാൽച്ചണ്ട് ബണ്ട് റോഡിന്റെ സൈഡിലാണ് ചെയ്തിരിക്കുന്നത്. എന്നാൽ ബേം കോൺക്രീറ്റ് ചെയ്യേണ്ടതിന്റെ ആവശ്യകത എസ്റ്റിമേറ്റിലും എസ്റ്റിമേറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടില്ല.

ഇടവഴി കോൺക്രീറ്റിംഗ് ചെയ്ത റോഡ് ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനും മറ്റ് അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും ഓഡിറ്റ് എൻകയറി (നം. 210 /കെ. എസ്.എ/എ ഒ 2/ 2024, തീയതി 24/02/2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഇടവഴി കോൺക്രീറ്റിംഗ്പ്രവൃത്തിക്കും ബേം കോൺക്രീറ്റിംഗ് പ്രവൃത്തിക്കും വേണ്ടി എം ബുക്ക് പേജ് നം. 47 (3227.69/-), എം ബുക്ക് പേജ് നം. 52 (219508.20/-) പ്രകാരം ചെലവഴിച്ച 222735.89 + 18% ജി എസ് ടി ആയ 262828/- രൂപ തടസ്സപ്പെടുത്തുന്നു.

1-112 പ്രോജക്ടുകളുടെ എം.ബുക്ക് ലഭ്യമാക്കിയിട്ടില്ല- 4153916 രൂപ തടസ്സം ചെയ്യുന്നു.

1.മെഡിക്കൽ കോളേജ് വാർഡിലെ കോയിക്കൽ ലെയ്ൻ ഈസ്റ്റ് റോഡ് ബർമ്മാറോഡ് ബൈലെയിൻ റീടാറിംഗ് കോയിക്കൽ ബൈലെയ്ൻ കോൺക്രീറ്റ് ഇന്റർലോക്ക് ബർമറോഡ് ഓട മെയിന്റനൻസ്. **(പ്രോജക്ട് നം 1391/24)** ഈ പ്രവൃത്തിയിൽ 748/22-23 എന്ന ഒരു എം.ബുക്ക് മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ. ഇതിൽ പ്രവൃത്തി നിർവഹിച്ച എല്ലാ അളവുകളും രേഖപ്പെടുത്തിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ 763/22-23 എന്ന എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നതായി പരാമർശിച്ചിരിക്കുന്നു. ഈ എം.ബുക്ക് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധനയിൽ ഈ പ്രവൃത്തിയ്ക്കായി ആദ്യബിൽ ഇനത്തിൽ 8,94,106/-രൂപയും അന്തിമ ബിൽ പ്രകാരം തൻവർഷം 23,38,668/-രൂപയും ചെലവഴിച്ചിട്ടുണ്ട്. എം.ബുക്കിന്റെ അഭാവത്തിൽ ചെലവ് തുക 23,38,668/-രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. (നിർവഹണം-സുമ.എസ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)

A.ബിൽ നം 77/ തീയതി 27/06/23 തുക 3,38,668/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)

B.ബിൽ നം 77/ തീയതി 27/06/23 തുക 20,00,000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)

2. വട്ടിയൂർക്കാവ് വാർഡ് ലേക്ക് വ്യൂ ലെയ്ൻ കരിമൺകുളം റോഡ് പ്രീത ലെയ്ൻ നേതാജി റോഡ് റീടാറിംഗ് ടാറിംഗും ഓട മെയിന്റനൻസും **(പ്രോജക്ട് നം 1361/24)** എന്ന പ്രവൃത്തിയ്ക്കായി ആദ്യബിൽ ഇനത്തിൽ 779286/-രൂപയും അന്തിമ ബിൽ ഇനത്തിൽ തൻവർഷം 18,15,248/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ 503/22-23 എന്ന ഒരു എം.ബുക്ക് മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ. ഫയൽ പരിശോധിച്ചതിൽ 501/22-23 എന്ന എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നതായി പരാമർശിച്ചിരിക്കുന്നു. എന്നാൽ ഈ എം.ബുക്ക് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. എം.ബുക്കിന്റെ അഭാവത്തിൽ തൻവർഷം ചെലവഴിച്ച 18,15,248/-രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. (നിർവഹണം-സുമ.എസ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)

A.ബിൽ നം 79/ തീയതി 27/06/23 തുക 18,15,248/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്)

മേൽ വിഷയം നിർവഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 126 തീയതി തീയതി. 20.12.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ രണ്ട് പ്രവൃത്തികളിലുമായി ചെലവഴിച്ച 41,53,916/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. എം.ബുക്കുകൾ ഹാജരാക്കുന്നപക്ഷം നാളിതുവരെ ഇവ ഹാജരാക്കാത്തതിന് മറുപടി ഉൾപ്പെടെ ലഭ്യമാക്കേണ്ടതും ആയവ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1-113 മരാമത്ത് പ്രവൃത്തി -നിർവ്വഹണത്തിൽ അപാകതകൾ

മരാമത്ത് പ്രവൃത്തിയുടെ ഓഡിറ്റുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തി നിർവ്വഹണത്തിൽ അപാകതകൾ നിലനിൽക്കുന്നതായി ബോദ്ധ്യപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തി

1. ആറ്റുകാൽ ക്ഷേത്ര മുൻവശത്തുള്ള അവിട്ടം തിരുനാൾ റോഡ് ഇൻറർലോക്കിംഗ്, ഓടനിർമ്മാണം - മൂന്ന് വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം.	1843/2022-23
ഫണ്ടിനം	തനത് ഫണ്ട് (പൊതുവിഭാഗം)
കരാറുകാരൻ	ബൈജു തമ്പി
ടി.എസ്. നം	86378/21-22, തീയതി.20.02.2022
എസ്റ്റിമേറ്റ്	25,00,000/- രൂപ
കരാർ തുക	1848491.59 (17.05% Below)
കരാർ നം./തീയതി	76/EE/South/21-22, 18.03.2022
പൂർത്തീകരണ കാലാവധി	1 വർഷം
CC 1st Part Bill	13,18,815/-
എം.ബുക്ക് നം	1614/23-24

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ബോധ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2021-22 കാലയളവിൽ ആരംഭിച്ച ടി പ്രോജക്ടിനായി 18.03.2022-ൽ കരാർ വയ്ക്കുകയും 21.03.2022-ൽ സൈറ്റ് കൈമാറുകയും ചെയ്തു. ഫയൽ പരിശോധിച്ചതിൽ, സ്ഥലപരിശോധന നടത്തിയതായും ഓട നിർമ്മിക്കുമ്പോൾ പുറത്തിടുന്നതിന് കവറിംഗ് സ്ലാബ് നിർമ്മിച്ചതായും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തുടർനടപടികൾ പിന്നീട് സ്വീകരിച്ചിട്ടില്ലെന്നും കോൺട്രാക്ടർ Power Of Attorney 21.11.2022-ൽ സമർപ്പിച്ചിട്ടുള്ളതും മാത്രമാണ് ഫയലിൽ കാണുന്നത്. പിന്നീട് ആറ്റുകാൽ ക്ഷേത്ര ഭാരവാഹികൾ എതിർത്തതിനെ തുടർന്ന് യോഗം വിളിച്ച് കൂട്ടി 03.12.2022-ലെ മീറ്റിംഗിൽ പ്രവൃത്തി തുടരാൻ തീരുമാനിച്ചതായും 12.12.2022-ന് കരാറുകാരൻ പണിക്കാരുമായി വന്നെങ്കിലും ഓട നിർമ്മിക്കുകയാണെങ്കിൽ പ്രവൃത്തി തുടർന്നാൽ മതി എന്ന വാർഡ് കൗൺസിലറുടെ നിർദ്ദേശത്തിൽ പ്രവൃത്തി തടസ്സപ്പെട്ടു എന്നാണ് ഫയലിൽ കാണുന്നത്. 05.01.2024-ൽ പ്രവൃത്തി പുരോഗമിച്ച് വരുന്നതായും എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല.

എം.ബുക്ക് പരിശോധിച്ചതിൽ 04.01.2024-ൽ ആണ് പ്രവൃത്തി ആരംഭിച്ചിരിക്കുന്നത്. കരാർ പ്രകാരം സൈറ്റ് കൈമാറിയ തീയതി മുതൽ 1 വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 21.03.2022-ൽ സൈറ്റ് കൈമാറി 3 വർഷത്തോളമായിട്ടും മേൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി നിശ്ചിത സമയത്ത് പൂർത്തിയാകാത്തതിന് കാരണം ഉള്ളതായോ, സമയ ദീർഘീകരണത്തിന് കരാറുകാരൻ അപേക്ഷ നൽകിയതായോ കാണുന്നില്ല. ഇത്രയും കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമല്ല.

പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം 1601.1.2 പ്രകാരം എല്ലാ മരാമത്ത് പ്രവൃത്തികൾക്കും സാങ്കേതികാനുമതി ലഭിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് നിർബന്ധമാണ്. വിശദമായ സൈറ്റ് പരിശോധനയ്ക്ക് ശേഷമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപ് സ്ഥലപരിശോധന നടത്തുകയും വാർഡ്തല ചർച്ച നടത്തുകയും ചെയ്തിട്ടില്ലെന്ന് വ്യക്തമാണ്.

2021-22 ഏകവർഷ പ്രോജക്ടായി ആരംഭിച്ച പ്രവൃത്തി 3 സാമ്പത്തിക വർഷം പിന്നിട്ടിട്ടും പൂർത്തീകരിക്കാതെ നിൽക്കുന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഓരോ വർഷവും ഏകവർഷ പ്രോജക്ടായി (2022-23, 2023-24, 2024-25) ഈ പ്രവൃത്തി തുടർന്നു വരികയാണ് ചെയ്യുന്നത്. 12.03.2024-ൽ CC1st Bill പേയ്മെന്റിനായി ബഹു. മേയർ അംഗീകാരം നൽകിയിട്ടുണ്ട്.

പ്രവൃത്തി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 187/കെ.എസ്.എ/ടിവിസി.7/2024, തീയതി.06.02.2025) മറുപടി ലഭ്യമാക്കിയില്ല. പൊതുമരാമത്ത് മാന്വൽ ഖ.2116 ന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും അവശേഷിക്കുന്ന തുകയുടെ 30% തുക പിഴയായി ഈടാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2. ആറ്റുകാൽ വാർഡിലെ റ്റി.എൻ പുരം വടക്കേകോട്ട മുട്ടുക്ക് - ഓടനിർമ്മാണം - നഗരസഭയുടെ ആസ്തിയിലാണോ പ്രവൃത്തി എന്ന് വ്യക്തമാക്കിയിട്ടില്ല.

പ്രോജക്ട് നം	1965/23 (New Project-771/24)
ഇ-ബുക്ക്	LSGD/CELSGD/MB/13907/2023,
എസ്റ്റിമേറ്റ്	10,00,000/-
പിഎസി	708729/-
കരാറുകാരൻ	രാജേഷ് കുമാർ.സി
ചെക്ക്	619192, 30.032024 -114274/- രൂപ
നികുതി ഉൾപ്പെടെ ബിൽ തുക	120936/-
സൈറ്റ് കൈമാറിയ തീയതി	19.10.2023
കാലാവധി	6 മാസം
പ്രവൃത്തി പൂർത്തീകരണ തീയതി	30.03.2024

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ സൈറ്റ് കൈമാറിയതിന് ശേഷം സ്ഥലപരിശോധന നടത്തിയപ്പോൾ നാട്ടുകാർ ഈ പ്രവൃത്തിയെ എതിർത്തതായും ആയതിനാൽ ടി പ്രവൃത്തി നിശ്ചയിച്ച സ്ഥലത്ത് ആവശ്യമില്ലെന്നും ഇടവഴി കോൺക്രീറ്റിംഗും

മെയിൻ റോഡ് ഓട മെയിന്റനൻസും നടത്താമെന്നും ഫയലിൽ പറയുന്നു. എന്നാൽ എവിടെയാണെന്ന് വ്യക്തമല്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയത് പ്രകാരം റ്റി.എൻ പുരം വടക്കേകോട്ട മുട്ടക്ക് ഓട നിർമ്മാണം ആണ് പ്രവൃത്തി.

പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം 1601.1.2 പ്രകാരം എല്ലാ മരാമത്ത് പ്രവൃത്തികൾക്കും സാങ്കേതികാനുമതി ലഭിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് നിർബന്ധമാണ്. വിശദമായ സൈറ്റ് പരിശോധനയ്ക്ക് ശേഷം പ്രവൃത്തിയുടെ ഡിസൈൻ, സ്പെസിഫിക്കേഷൻ, സാധനങ്ങളുടെയും സേവനങ്ങളുടെയും ലഭ്യത എന്നിവ പരിഗണിച്ചാണ് ഇത് തയ്യാറാക്കേണ്ടത്.

എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപ് സ്ഥലപരിശോധന നടത്തി പ്രവൃത്തി ആവശ്യമാണോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല.

ഈ പ്രവൃത്തിക്കായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. (329000/- രൂപയുടെ) പ്രവൃത്തി തുടർന്നുവരുന്നതായാണ് ഫയലിൽ നിന്നും മനസ്സിലാകുന്നത്. റ്റി.എൻ പുരം വടക്കേകോട്ട മുട്ടക്ക് റോഡിൽ തന്നെയാണോ ഈ പ്രവൃത്തി നടത്തുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല.

പ്രവൃത്തി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 153/കെ.എസ്.എ/ടിവിസി.7/2024, തീയതി.20.01.2025) മറുപടി ലഭ്യാക്കിയില്ല. നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുന്ന റോഡിലാണ് മേൽ പ്രവൃത്തി നിർവ്വഹണം നടത്തിയതെന്ന് തെളിയിക്കുന്നതിന് ആസ്തി രജിസ്റ്റർ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വിശദമായ സൈറ്റ് പരിശോധന ആവശ്യമാണെന്നിരിക്കെ ആയത് നഗരസഭയിൽ പാലിക്കുന്നില്ലെന്ന് വ്യക്തമാകുന്നു. കൂടാതെ വാർഡ് സഭയിൽ പ്രവൃത്തി സംബന്ധിച്ച ചർച്ച നടത്തുകയും ചെയ്യുന്നില്ല. പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവൃത്തി നിർവ്വഹണം നടത്താത്തത് മരാമത്ത് ചട്ടങ്ങളുടെ ലംഘനമായി കണക്കാക്കാവുന്നതാണ്.

1-114 മരാമത്ത് ഫയലുകൾ ഹാജരാക്കിയില്ല 101406880/-രൂപ തടസ്സത്തിൽ വയ്ക്കുന്നു

മരാമത്ത് പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കിയിട്ടില്ല. 10,14,06,880/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ അനുബന്ധം 33 കാണുക

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 പണമാകാത്ത ചെക്കുകൾ/ഡി ഡികൾ-13,64,306/-രൂപ നഗരസഭാ ഫണ്ടിൽ വരവ് വന്നില്ല

1.പണമാകാത്ത ചെക്കുകൾ

01.04.2023 മുതൽ 31.12.2023 വരെ നികുതി നികുതിയേതര ഇനങ്ങളിലെ വരവ് സംബന്ധിച്ച സാംഖ്യ ചെക്ക്/ഡിഡി രജിസ്റ്റർ പരിശോധിച്ചതിൽ 5,83,657/- രൂപ മൂല്യമുള്ള ചെക്കുകൾ/ഡിഡികൾ നഗരസഭയുടെ എസ്.ബി.ഐ സേവിംഗ്സ്/കറണ്ട്/സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ 3 ബാങ്ക് അക്കൗണ്ടുകളിലും വരവ് വന്നതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 159/ കെ.എസ്.എ/ടി.വി.സി.3/2024, തീയതി 18.01.2025) ഭാഗികമായ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി ലഭ്യമാക്കാത്തവയുടെ വിശദാംശങ്ങൾ അനുബന്ധം 3-1 ആയി ചേർക്കുന്നു.

ചെക്കുകൾക്ക് ബാങ്കിൽ പണമാകുന്നതിനു മുൻപു തന്നെ സാംഖ്യ സോഫ്റ്റ്വെയറിൽ രസീതുകൾ നൽകിയതിനാൽ, പണമാകാതെ തന്നെ നഗരസഭയുടെ കണക്കുകളിലും രേഖകളിലും ബന്ധപ്പെട്ട ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തുന്ന സാഹചര്യം ഉണ്ടായി. ബാങ്ക്/ക്യാഷ് ബുക്ക്/ ബാങ്ക് സ്റ്റേറ്റ്മെന്റുമായി റീക്കൺസിലിയേഷൻ നടത്താത്തതിനാൽ ഇത് യഥാസമയം കണ്ടെത്താതെ പോകുന്നതിനും നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുന്നതിനും കാരണമായി.

പണമാകാത്ത ചെക്കുകൾ/ഡിഡികൾ പ്രകാരമുള്ള കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ , ചട്ടം 20 അനുസരിച്ച് തുടർനടപടികളിലൂടെ ഈടാക്കേണ്ടതാണ്. അപ്രകാരം പണം ഈടാക്കാൻ കഴിയാത്ത പക്ഷം പ്രസ്തുത ചെക്കുകൾ/ഡിഡികൾ രസീത് നൽകി രജിസ്റ്ററിൽ ചേർത്ത് ബാങ്കിൽ സമർപ്പിച്ച് ആയത് പണമാകുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

2.പണമാകാത്ത ചെക്കുകൾ - കെ സ്മാർട്ട്

01.01.2024 മുതൽ 31.03.2024 വരെ കെസ്മാർട്ട് മുഖേനയുള്ള നികുതി നികുതിയേതര ഇനങ്ങളിലെ വരവ് സംബന്ധിച്ച ചെക്ക്/ഡിഡി രജിസ്റ്റർ പരിശോധിച്ചതിൽ 7,80,649 രൂപ മൂല്യമുള്ള ചെക്കുകൾക്ക് നഗരസഭയിൽ നിന്നും റസീപ്റ്റ് നൽകിയിട്ടുണ്ടെങ്കിലും തുക അക്കൗണ്ടിൽ (SBI- 67041351385, SIB-0721053000002893) വരവ് വന്നതായി കാണുന്നില്ല. വിശദാംശം അനുബന്ധം 3-2ൽ നൽകിയിരിക്കുന്നു.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 213/ കെ.എസ്.എ/ ടി.വി.സി.3/2024, തീയതി 25.02.2025) മറുപടി ലഭ്യമാക്കിയില്ല.

3. ചെക്ക് സ്വീകരിച്ച് രസീത് നൽകുന്നതിൽ അപാകം

2023-24 സാമ്പത്തിക വർഷം ചെക്ക് റിസീവ്ഡ് രജിസ്റ്റർ പരിശോധിച്ചതിൽ അനുബന്ധം 3-3ൽ പറയുന്ന ചെക്കിന് 2 തവണ രസീത് നൽകിയതായി കാണുന്നു. തൻമൂലം യഥാർത്ഥ വരുമാനത്തേക്കാളും കൂടുതൽ വരവ് രേഖപ്പെടുത്തുന്ന സാഹചര്യം ഉണ്ടായി.

4. അക്കൗണ്ടിൽ വരവ് വന്ന തുകയിൽ വ്യത്യാസം

അനുബന്ധം 3-4ൽ പറയുന്ന രസീതുകൾ പ്രകാരമുള്ള തുകയും ചെക്ക് പ്രകാരം അക്കൗണ്ടിൽ വരവ് വന്ന തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 159/ കെ.എസ്.എ/ടി.വി.സി.3/2024, തീയതി 18.01.2025) മറുപടി ലഭ്യമാക്കിയില്ല.

വരവ് തുകയിൽ നിന്നും വ്യത്യസ്തമായി തുകയ്ക്ക് ഇപ്രകാരം രസീത് നൽകുക വഴി നഗരസഭയുടെ കണക്കിൽ വന്ന തുകയും ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. ചെക്കുകൾ പണമാകാതെ മടങ്ങി

അനുബന്ധം 3-5ൽ പറയുന്ന ചെക്കുകൾ South India Bankന്റെ 072105300002893 എന്ന അക്കൗണ്ടിൽ പണമാകാതെ മടങ്ങിയതായി കാണുന്നു. പ്രസ്തുത ചെക്കുകൾക്ക് നൽകിയ രസീതുകൾ Cancel ചെയ്തിട്ടുണ്ടോ, ചെക്കുകൾ സമർപ്പിച്ച സ്ഥാപനങ്ങൾ പകരം ചെക്കുകൾ ഹാജരാക്കിയിട്ടുണ്ടോ, പകരം തുക അടവാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 159/ കെ.എസ്.എ/ ടി.വി.സി.3/2024, തീയതി 18.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

2-2 വസ്തു നികുതി കുറവായി നിർണ്ണയിച്ചു- 74,017രൂപ നഷ്ടം

നഗരസഭ മെയിൻഓഫീസ് പരിധിയിലെ തമ്പാനൂർ വാർഡിൽ ഉൾപ്പെട്ടതും, 2023-24 വർഷം നിർമ്മാണം പൂർത്തിയാക്കി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളതുമായ 81/2436(1) നം കെട്ടിടത്തിന് വസ്തുനികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു. വസ്തുനികുതി നിർണ്ണയ ഫയൽ പരിശോധിക്കുന്നതോടൊപ്പം, സഞ്ചയ, കെ-സ്മാർട്ട് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)വാർഡ് : തമ്പാനൂർ(81)

ഫയൽ നം : R7/E6/63159/2023

TC No, ഉടമയുടെ പേര് : 81/2436(1), ധനഞ്ജയൻ ഉണ്ണിത്താൻ എൻ,

സൈമൺ മാത്യൂ

Total Plinth Area : 2574.55 ച.മീ

വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്ന നിരക്ക് : 150രൂ/ച.മീ

വാർഷിക വസ്തു നികുതി : 5,55,139രൂ

(തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ്, എയർകണ്ടിഷൻ-10% വർദ്ധനവ്, ലൈബ്രറി സെസ്സ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടെയുള്ള തുക)

അസ്സസ്സ്മെന്റ് വർഷം : 2023-24 I Half

2574.55 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള മേൽ വാണിജ്യകെട്ടിടത്തിന്റെ നികുതി നിർണ്ണയ ഫയൽ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടം Special Residence Building(Hotel Building) എന്ന ഗണത്തിൽ ഉൾപ്പെടുത്തി ഒക്യുപ്പൻസി നല്കുകയും, 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകളുടെ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ബാധകമായ 150/- രൂപ നിരക്കിൽ വസ്തുനികുതിനിർണ്ണയം നടത്തി 5,55,139രൂപ വാർഷിക വസ്തു നികുതിനിശ്ചയിച്ചിട്ടുമുണ്ട്. ഫയൽ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യാവശ്യം- Special Residence Building(Hotel Building) എന്നും സഞ്ചയ, കെ-സ്മാർട്ട് എന്നിവ പ്രകാരം ഉപയോഗക്രമം 'ഷോപ്പിംഗ് മാളുകൾ" എന്നും ഉപയോഗക്രമത്തിന്റെ വിവരണം ഹോട്ടൽ ബിൽഡിംഗ് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

05.04.2023 ലെ സ.ഉ(അച്ചടി)നം.26/2023/LSGD നമ്പർ വസ്തു നികുതി പരിഷ്കരണ ഉത്തരവ് പ്രകാരം മാളുകളുടെ വസ്തുനികുതി 170രൂപ/ ച.മീ എന്ന് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം മാൾ ഗണത്തിൽ ഉൾപ്പെടുന്നതിനാൽ 170 രൂപ നിരക്കിൽ വസ്തുനികുതി പരിഷ്കരിച്ച് കുടിശ്ശിക ഈടാക്കേണ്ടതാണ്. 2574.55 ച.മീ വിസ്തീർണ്ണം ഉള്ള പ്രസ്തുത മാൾകെട്ടിടത്തിന് 170 രൂപ നിരക്കിൽ വസ്തുനികുതി കണക്കാക്കുമ്പോൾ 6,29,156 രൂപ നികുതി അടക്കേണ്ടതുണ്ട്.

കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി @170	:437674 (170 *2574.55)
വർദ്ധനവ് 1) തറ നിർമ്മിതി 15% 2) എയർകണ്ടിഷൻ 10%	 : 65651 : 43767
ഇളവുകൾ	: ഇല്ല
ആകെ	: 547092
ലൈബ്രറിസെസ്സ്	: 27355
സർവ്വീസ് ചാർജ്ജ്	: 54709
ആകെ	**:629156**

പ്രസ്തുത വിഷയം സംബന്ധിച്ച് 18.11.2024 ന് നല്കിയ 104 /കെ.എസ്.എ./എ.ഒ.III/2024 നം ഓഡിറ്റ് അന്വേഷണത്തിന് നഗരസഭമറുപടി ലഭ്യമാക്കിയില്ല. കുറവായി കണക്കാക്കിയ 74017രൂപ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

2-3 കടംകപള്ളി സോണൽ ഓഫീസ്- IFTE & OS ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു. നഗരസഭാ ഫണ്ടിന് 47,500/- രൂപയുടെ നഷ്ടം

കടംകപള്ളി സോണൽ കാര്യാലയത്തിലെ 01.04.2023 മുതൽ 31.12.2023 വരെയുള്ള കാലയളവിലെ IFTE & OS ലൈസൻസ് ഫീസ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ 2023-24-ൽ നഗരസഭ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഫീസ് ഒടുക്കി ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചതിനാൽ നഗരസഭാ ഫണ്ടിന് 47,500/- രൂപയുടെ നഷ്ടം ഉണ്ടായതായി കാണുന്നു. 1.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിലെ IFTE & OS ലൈസൻസ് അനുവദിച്ചതിന്റെ വിശദാംശങ്ങൾ കെ-സ്മാർട്ട്

സോഫ്റ്റ്വെയറിൽ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ആ കാലയളവിൽ അനുവദിച്ച ലൈസൻസ് വിശദാംശങ്ങൾ ഓഡിറ്റ് ലോഗിനിൽ ലഭ്യമല്ല. വിശദാംശങ്ങൾ അനുബന്ധം (23) ആയി ഉൾപ്പെടുത്തുന്നു.
മേൽ വിഷയം സംബന്ധിച്ച് 22.10.2024 തീയതിയിലെ 8/കെ.എസ്.എ/ZO-KYZ/2023-24നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. ടി തുക ഈടാക്കി നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം നികത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2-4 ആറ്റിപ്ര സോണൽ - IFTE & OS ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു- 2500/- രൂപ കുടിശ്ശിക.

ആറ്റിപ്ര സോണൽ ഓഫീസിലെ IFTE & OS ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ 2023-24 ൽ ലൈസൻസ് പുതുക്കിയിട്ടില്ല എന്ന് കാണുന്നു. ഇക്കാരണത്താൽ ഫീസിനത്തിൽ ഡിമാന്റ് ചെയ്ത 2,500/- രൂപ കുടിശ്ശികയായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്	സ്ഥാപനത്തിന്റെ പേര്/ഉടമയുടെ പേര്	ലൈസൻസ് ഫീസ് തുക
1	ആറ്റിപ്ര (98)	റോൾ കഫേറ്റീരിയ & ജ്യൂസ് സ്റ്റാൾ, സോണിറാം	500
2	കുളത്തൂർ (97)	എ.എം.ആർ. ടെയിലറിംഗ് ഷോപ്പ്, അനിൽകുമാർ.റ്റി	500
3	"	സ്റ്റേഷനറി ഷോപ്പ് (97/2423), ഗുരുകുമാർ.എസ്	500
4	"	പടിപ്പുര സ്റ്റേഷനറി സ്റ്റോർ, ശ്രീജിത്.എസ്	500
5	"	രമ്യ ഇലക്ട്രിക്കൽസ്, രാജീവ് കുമാർ.എസ്.ആർ	500
ആകെ			**2500**

ടി ഫീസ് കുടിശ്ശിക തുക ഈടാക്കാത്തത് സംബന്ധിച്ച് 17.10.2024-ലെ 15/കെ.എസ്.എ/ZO-AZ നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

2-5 വട്ടിയൂർക്കാവ്- IFTE & OS ലൈസൻസ് ഫീസ് 14,000/- രൂപ കുടിശ്ശിക

വട്ടിയൂർക്കാവ് സോണൽ ഓഫീസിലെ IFTE & OS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നിരവധി സ്ഥാപനങ്ങൾ ഫീസ് അടവാക്കിയതായി കാണുന്നില്ല. ഇക്കാരണത്താൽ 14,000/- രൂപ ലൈസൻസ് ഫീസിനത്തിൽ കുടിശ്ശികയായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (24) ആയി ഉൾപ്പെടുത്തിയിരിക്കുന്നു.
പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതായി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

2-6 നഗരസഭ മെയിൻ ഓഫീസ് റോഡ് കട്ടിംഗ് ഫീ - കുറവായി ഈടാക്കി - 1,86,164/- രൂപ നഗരസഭാ ഫണ്ടിന് നഷ്ടം

തിരുവനന്തപുരം നഗരസഭ മെയിൻ ഓഫീസിലെ മാന്വൽ ആയി തയ്യാറാക്കിയ റോഡ് കട്ടിംഗ് ഫയലുകൾ പരിശോധിച്ചതിൽ റോഡ് കട്ടിംഗ് ഫീ കുറവായി ഈടാക്കിയതായി കാണുന്നു.ഇക്കാരണത്താൽ നഗരസഭാ ഫണ്ടിന് 1,86,164/-രൂപയുടെ നഷ്ടം ഉണ്ടായി.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

PWD റോഡ്സ് , തിരുവനന്തപുരം ചീഫ് എഞ്ചിനീയറുടെ 10-02-2023 ലെ No. CEPWD/2675/2021-C4(W) -RD സർക്കുലർ പ്രകാരം ട്രഞ്ച് വിഡ്ത്തിന്റെ 1.5 മടങ്ങ് റിസ്റ്റോറേഷൻ വിഡ്ത്ത് കണക്കാക്കി ടാർ കട്ടിംഗ് ഫീ കണക്കാക്കാത്തതിനാലും ട്രഞ്ച് വിഡ്ത്ത് 90cm ൽ കുറവായ റോഡുകൾക്ക് ആയതിന് ബാധകമായ നിരക്ക് കണക്കാക്കി ടാർ കട്ടിംഗ് ഫീ കണക്കാക്കാത്തതിനാലും റോഡ് കട്ടിംഗ് ഫീസ് ഇനത്തിൽ ഈടാക്കിയ തുകയിൽ കുറവ് വന്നിട്ടുള്ളതായി ചുവടെ പറയുന്ന ഫയലുകൾ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ക്രമ നം	ഫയൽ നം. പേര്	കണക്കാക്കിയ റോഡ് കട്ടിംഗ് ഏരിയ	കണക്കാക്കിയ റിസ്റ്റോറേഷൻ ഏരിയ	കണക്കാക്കേണ്ട റിസ്റ്റോറേഷൻ ഏരിയ	ഈടാക്കിയ ഫീസ്	ഈടാക്കേണ്ട ഫീസ്	കുറവ്
1	E4/48329/23, ഡി രാജൻ സഹായി	12.5m Xo.7m= 8.75m2 (Tar)	13.125 M2	13.125 M2	44618 (@ 3090.40	50937 (@ 3880.91)	6319
2	E4/33500/23 ശ്രീലേഖ വി ആർ	21m Xo.7m= 14.7m2 (Tar)	22.05m2	22.05m2	71880 (@ 3259.8)	85574 (@ 3880.91)	13694
3	E4/29177/23 കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ	65.5m Xo.3m= 19.65m2 (Berm Cutting)	19.65 M2	29.475m2	7721 (@ 392.96)	11582	3861
4	E4/27345/23, കേരള സ്റ്റേറ്റ് ഐ ടി മിഷൻ	100m X1m= 100m2 (Tar)	100m2	150 M2	309057 (@ 3090.57)	463585	154528
5	E4/34042/23, ആദിത്യ ലക്ഷ്മി	2m2	2m2	3 M2	7762 (@ 3880.91)	11643	3881

6	E4/37878/23, ദിവ്യ ജി	2m2	2m2	3 M2	7762 (@ 3880.91)	11643	3881
							186164/-

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി (നം. 168 /കെ.എസ്.എ/എ ഒ 2/ 2024 തീയതി 31/01/2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈടാക്കാൻ ബാക്കിയായ തുക ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൌണ്ടിൽ ഒടുക്കേണ്ടതാണ്.

2-7 തിരുവല്ലം സോണൽ-റോഡ് കട്ടിംഗ് ചാർജ് കുറഞ്ഞ നിരക്കിൽ ഈടാക്കി.നഷ്ടം-4,829/-രൂപ

തിരുവല്ലം സോണൽ കാര്യാലയത്തിലെ റോഡ് കട്ടിംഗ് ചാർജ് കുറഞ്ഞ നിരക്കിൽ ഈടാക്കിയതിനാൽ 4,829/- രൂപയുടെ നഷ്ടം ഉണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഉത്തരവ് നം സി.ഇ.പി.ഡബ്ല്യു.ഡി/2675/2021-സി4(ഡബ്ല്യു)-ആർ.ഡി. തീയതി.10-02-2023 പ്രകാരം റോഡ് കട്ടിംഗിനുള്ള പുതുക്കിയ നിരക്കുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം മെക്കാനിക്കൽ കോംപാക്ഷൻ സാധ്യമല്ലാത്തതും 90 സെ.മീറ്ററിൽ കുറവായതുമായ ട്രഞ്ച് വീതിയുള്ള റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ നിരക്കുകൾ പ്രത്യേകം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ തിരുവല്ലം സോണൽ ഓഫീസിൽ റോഡ് കട്ടിംഗിനായി ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ കുറഞ്ഞ നിരക്കിൽ റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതായി കണ്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	അപേക്ഷ നം.	റോഡിന്റെ തരം	ഏരിയ	നിരക്ക്	ഈടാക്കിയ തുക	ഈടാക്കേണ്ടിയിരുന്ന നിരക്ക്	ഈടാക്കേണ്ടിയിരുന്ന തുക	കുറവ്
1	ZTP1/1419/23	Tar Road	0.75m2 (1x0.75)	3090.4	2781	3880.9	2911	130
2	ZTP1/1572/23	Concrete Road	0.75m2 (1x0.75)	4771.21	3935	5567.73	4176	241
3	ZTP1/523/23	Tar Road	0.75m2 (1x0.75)	3090.40	2781	3880.9	2910	129
4	ZTP1/32006/E/2003	Tar Road	2.02m2 (2.7x0.75)	3090.40	7491	3880.9	7839	348
5	ZTP1/1291/23	Tar Road	0.75m2 (1x0.75)	3090.40	2781	3880.9	2910	129
6	ZTP1/1886/23	Tar Road	0.75m2 (1x0.75)	3090.4	2549	3880.9	2910	361
7	ZTP1/1684/23	Tar Road	3m2 (4x0.75)	3090.4	10199	3880.9	11643	1444
8	ZTP1/2821/23	Interlock	1.05m2 (1.4x0.75)	3711.25	4286	4499.28	4724	438
9	ZTP1/2099/23	Tar Road	1.12m2 (1.5x0.75)	3090.40	4154	3880.9	4347	193
10	ZTP1/946/23	Tar Road	1.5m2 (2x0.75)	3090.40	5559	3880.9	5821	262
11	ZTP1/816/23	Tar Road	0.75m2 (1x0.75)	3090.40	2781	3880.9	2910	129
12	ZTP1/815/23	Tar Road	0.75m2 (1x0.75)	3090.40	2781	3880.9	2910	129
13	ZTP1/941/23	Tar Road	1.12m2 (1.5x0.75)	3090.40	4154	3880.9	4347	193
14	ZTP1/995/23	Tar Road	1.10m2 (1.5x0.75)	3090.40	4079	3880.9	4269	190
15	ZTP1/994/23	Tar Road	1.10m2 (1.5x0.75)	3090.40	4079	3880.9	4269	190
16	ZTP1/1286/23	Tar Road	0.75m2 (1x0.75)	3090.4	2781	3880.9	2910	129

17	ZTP1/2229/23	Tar Road	1.12m2 (1.5x0.75)	3090.4	4153	3880.9	4347	194
ആകെ								4829

മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 19 തീയതി 10.10.2024 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടുക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2-8 കടകംപള്ളി സോണൽ - ഈടാക്കിയ റെസ്റ്റോറേഷൻ ചാർജ്ജിൽ കുറവ്- നഗരസഭാ ഫണ്ടിന് 2889/- രൂപയുടെ നഷ്ടം

കടകംപള്ളി സോണൽ പരിധിയിലെ റോഡ് കട്ടിംഗ് ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന വ്യക്തികളിൽ നിന്ന് നഗരസഭ ഈടാക്കിയ റെസ്റ്റോറേഷൻ ചാർജ്ജ് PWD ചീഫ് എഞ്ചിനീയറുടെ 10.02.2023-ലെ CEPWD/2675/2021-C4(W)-RD നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ കുറഞ്ഞ നിരക്കിലാണ് കണക്കാക്കിയിട്ടുള്ളത്. ഇതുമൂലം നഗരസഭാ ഫണ്ടിന് നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നം.	ഉപഭോക്താവിന്റെ പേര്	റോഡ് കട്ടിംഗ് ഇനം	കട്ടിംഗ് ഏര്യ (M^2)	റെസ്റ്റോറേഷൻ ചാർജ്ജ്		കുറവ്
					ഈടാക്കേണ്ടത്.	ഈടാക്കിയത്	
1	ZKZ/1131/2023	ജേക്കബ്.പി.വി	കോൺക്രീറ്റ് കട്ടിംഗ്	2*.60 =1.20m^2	1.2*1.5*5567.73=10021.91+10% സർവ്വീസ് ചാർജ്ജ്=11024	9447	1577
2	ZKZ/731/2023	സുകുമാരൻ.വി.പണിക്കർ	കോൺക്രീറ്റ് കട്ടിംഗ്	1*0.5 =.5m^2	0.5*1.5*5567.73=4175.80+10%സർവ്വീസ് ചാർജ്ജ്=4593	3937	656
3	ZKZ/738/2023	പ്രകുലേന്ദ്രകുമാർ	കോൺക്രീറ്റ് കട്ടിംഗ്	1*.5=.5m^2	0.5*1.5*5567.73=4175.80+10%സർവ്വീസ് ചാർജ്ജ്=4593	3937	656
ആകെ							2889

ടി വിഷയം സംബന്ധിച്ച് 22.10.2024-ലെ 9/കെ.എസ്.എ/ZO-KYZ/2023-24 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒടുക്കിയതിൽ കുറവ് വന്ന തുക 2,889/- രൂപ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2-9 കോൺക്രീറ്റ് റോഡ് കട്ടിംഗ് ഫീസ് - കുറഞ്ഞ നിരക്കിൽ ഈടാക്കി, നഷ്ടം - 2358/- രൂപ

കഴക്കൂട്ടം സോണൽ കാര്യാലയത്തിൽ റോഡ് കട്ടിംഗ് ചാർജ്ജ് കുറഞ്ഞ നിരക്കിൽ ഈടാക്കിയതിനാൽ 2,358/- രൂപയുടെ നഷ്ടം ഉണ്ടായി.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

KPWD ചീഫ് എഞ്ചിനീയറുടെ 10.02.2023-ലെ CEPWD/2675/2021-C4(W)-RD നമ്പർ ഉത്തരവ് പ്രകാരം 90 Cm ൽ കുറവ് Trench Width വരുന്ന അവസരങ്ങളിൽ കോൺക്രീറ്റ് റോഡ് കട്ടിംഗിന് $1m^2$ ന് 5567.73/- രൂപ നിരക്കിലാണ് Restoration Charge ഈടാക്കേണ്ടത്. കൂടാതെ Restoration Width, Trench Width-ന്റെ 1.5 മടങ്ങായി കണക്കാക്കുകയും വേണം. എന്നാൽ കഴക്കൂട്ടം സോണൽ പരിധിയിലെ ചില പ്രവർത്തികൾക്ക് കുറഞ്ഞ നിരക്കിലാണ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയിരിക്കുന്നത്. അതിനാൽ നഗരസഭാ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫയൽ നം. ZKZM3/4974/23		
പ്രവർത്തി : Concrete Berm Cutting		
ഉടമ : ശ്രീമതി. സിമി.എൽ.എസ്		
ഈടാക്കിയത്	**ഈടാക്കേണ്ടത്**	**നഷ്ടം**
Berm Cut Area-1*0.3m^2	Berm Cut Area-1*0.3m^2	392/-
1.5 മടങ്ങ് = 1*0.3*1.5	1.5 മടങ്ങ് = 1*0.3*1.5	
ഫീസ് @4777.21 =0.45*4777.21= 2150	ഫീസ് @5567.73 = 0.45*5567.73= 2506	
സർവ്വീസ് ടാക്സ് (10%) = 215	സർവ്വീസ് ടാക്സ് (10%) = 251	
ആകെ = 2365	ആകെ = 2757	

2. ഫയൽ നം. ZKZM3/5397/23		
പ്രവർത്തി : Concrete Berm Cutting		
ഉടമ : ശ്രീ. ജോയ് സെബാസ്റ്റ്യൻ		
ഈടാക്കിയത്	**ഈടാക്കേണ്ടത്**	**നഷ്ടം**
Berm Cut Area-1*0.5m^2	Berm Cut Area-1*0.5m^2	1966/-
1.5 മടങ്ങ് കണക്കാക്കിയിട്ടില്ല	1.5 മടങ്ങ് = 1*0.5*1.5	
ഫീസ് @4777.21	ഫീസ് @5567.73 = 0.75*5567.73= 4176	

=0.5*4777.21= 2389	
സർവ്വീസ് ടാക്സ് (10%) = 239	സർവ്വീസ് ടാക്സ് (10%) = 418
ആകെ = 2628	ആകെ = 4594

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/കെ.എസ്.എ/ZO-KZM/2023-24, തീയതി.25.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

നഷ്ടത്തുക ഉടമയിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

2-10 നഗരസഭ മെയിൻ ഓഫീസ് പരിധിയിലെ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക-1,54,97,901/-രൂപ

തിരുവനന്തപുരം നഗരസഭ മെയിൻ ഓഫീസ് പരിധിയിൽ വാടകയിനത്തിൽ1,54,97,901/-രൂപ കുടിശ്ശികയായിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം 7(I) പ്രകാരം മുനിസിപ്പാലിറ്റിയുടെ സ്വന്തമായ കെട്ടിടങ്ങൾ 1994-ലെ മുനിസിപ്പാലിറ്റി ആക്ടിന്റെ 215-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് വിധേയമായ കൗൺസിൽ നിശ്ചയിക്കുന്ന കാലയളവിലേയ്ക്ക് ലേല വ്യവസ്ഥയിൽ വാടകയ്ക്കോ പാട്ടത്തിനോ നൽകാവുന്നതാണ്.

2023-24 സാമ്പത്തിക വർഷത്തിൽ മെയിൻ ഓഫീസിനു കീഴിൽ നിന്ന് വൻതുക വാടക കുടിശ്ശിക ഇനത്തിൽ ഈടാക്കാനുള്ളതായി കാണുന്നു. ആയത് സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കുന്നതിനായി 07.01.2024 ൽ ഓഡിറ്റ് എൻക്വയറി നം. 97/കെ.എസ്.എ/ടിവിസി.1/2024 നൽകിയിരുന്നതിന്റെ മറുപടിയായി വാടക കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കിയിരുന്നു. നഗരസഭാ മെയിൻ ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എയർ ട്രാവൽ എന്റർപ്രൈസസ് എന്ന സ്ഥാപനം 56 ലക്ഷത്തിലധികം രൂപ വാടക ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ബഹു: കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 36204/2022 നമ്പർ കേസിലെ തീർപ്പിന് വിധേയമായി കുടിശ്ശിക ഈടാക്കുന്നതോടൊപ്പം കുടിശ്ശിക വരുത്തിയ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി കൂടി സ്വീകരിക്കേണ്ടതാണ്. വിശദ വിവരങ്ങൾ അനുബന്ധം(27) ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

2-11 വിഴിഞ്ഞം ഫീപ്പിൾ ഹാൾ- വാടകയ്ക്ക് നൽകൽ-പിഴപ്പലിശയിനത്തിൽ 70224/- രൂപ ലഭ്യമാകാനവശേഷിക്കുന്നു.

വിഴിഞ്ഞം മേഖല ഓഫീസ് പരിധിയിലുള്ള ഫീപ്പിൾസ് ഹാളിന്റെ വാടക കുടിശ്ശികയുടെ പിഴപ്പലിശ ഇനത്തിൽ 70,224/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിഴിഞ്ഞം മേഖല ഓഫീസ് പരിധിയിലുള്ള ഫീപ്പിൾസ് ഹാൾ 2 ൽ സപ്ലൈകോ സൂപ്പർമാർക്കറ്റ് (അസിസ്റ്റന്റ് മാനേജർ, KSTSC താലൂക്ക് ഡിപ്പോ നെയ്യാറ്റിൻകര) എന്ന സ്ഥാപനമാണ് പ്രവർത്തിച്ച് വരുന്നത്. ടി സ്ഥാപനത്തിന്റെ വാടക നിരക്ക് 11,550/- രൂപയാണ്. ടി സ്ഥാപനം സമയബന്ധിതമായി വാടക ഒടുക്കു വരുത്തുന്നില്ല. ആയതിനാൽ 06/2018 മുതൽ 05/2021 വരെ വാടക ഒടുക്കു വരുത്തിയതിലെ കാലതാമസത്തിന് 70,224/-രൂപ പിഴപ്പലിശ കണക്കാക്കി തുക ഒടുക്കുവാൻ സ്ഥാപനം നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും പിഴപ്പലിശ ഒടുക്കുവരുത്തിയിട്ടില്ല. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയിലൂടെ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ടി സ്ഥാപനവുമായി ബന്ധപ്പെട്ട് 06/2018 മുതൽ 05/2021 വരെ പിഴപ്പലിശ 70,224/- രൂപ ഒടുക്കുന്നതിന് നിരവധി നോട്ടീസുകൾ നൽകിയിട്ടുള്ളത് പ്രകാരം പിഴപ്പലിശ ഒഴിവാക്കുന്നതിനായി മേഖലാ മാനേജർ മുഖാന്തിരം സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് 21.03.2023 ലെ കത്ത് നം A4/445/2010 പ്രകാരം സ്ഥാപനം അറിയിച്ചിട്ടുണ്ടെന്നും ചാർജ്ജ് ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. സർക്കാർ തീരുമാനം ലഭ്യമാകുന്നമുറയ്ക്ക് സ്വീകരിക്കുന്ന തുടർ നടപടികൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

2-12 കടകംപള്ളി സോണൽ ഓഫീസ് പരിധിയിൽ കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല – നഗരസഭ ഫണ്ടിന് 46020/-രൂപയുടെ നഷ്ടം

കടകംപള്ളി സോണൽ ഓഫീസ് പരിധിയിലെ കടമുറികളുടെ വാടകയിനത്തിൽ 46020/-രൂപ കുടിശ്ശികയായിട്ടുണ്ട്.

കടകംപള്ളി സോണൽ ഓഫീസിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കടകംപള്ളി വാർഡിലെ ഊളൻകഴി മാർക്കറ്റിലെ താഴെപ്പറയുന്ന കടമുറികളുടെ വാടക കുടിശ്ശികയായിട്ടുണ്ട് എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഷോപ്പ് നം., കെട്ടിട നം.	വാടകക്കാരന്റെ പേര്	പ്രതിമാസ വാടക	കുടിശ്ശിക കാലയളവ്	കുടിശ്ശികയായ തുക
1	6, 92/3189(7)	വസന്തകുമാരി	2310+ 18%GST	01.04.2023 മുതൽ 31.03.2024 വരെ	27720+ 18%GST
2	9, 92/3189(10)	വിജിത് മോഹൻ	1525+ 18%GST	01.09.2023 മുതൽ 31.03.2024 വരെ	9150+ 18%GST
3	11, 92/3189(12)	വിജിത് മോഹൻ	1525+ 18%GST	01.09.2023 മുതൽ 31.03.2024 വരെ	9150+ 18%GST
ആകെ					**46020+ 18%GST**

ടി വിഷയം സംബന്ധിച്ച് 21.10.2024 തീയതിയിലെ 1/കെ.എസ്.എ/ZO-KYZ/2023-24 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുകയായ 46,020/- രൂപയും 18% ജി.എസ്.ടി യും കുടിശ്ശികയായ കാലയളവിലെ

പിഴപലിശയും വാടകക്കാരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2-13 വട്ടിയൂർക്കാവ് സോണൽ-കടമുറികളുടെ വാടക കുടിശ്ശിക 52,752/-രൂപ

വട്ടിയൂർക്കാവ് സോണൽ കാര്യാലയത്തിൽ കടമുറികളുടെ വാടകയിനത്തിൽ 52,752/-രൂപ കുടിശ്ശികയായിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാടകകാരന്റെ പേര്	ഷോപ്പ് നം./ഷോപ്പിന്റെ പേര്/ബിൽഡിംഗ്	അഡ്വാൻസ്	പ്രതി മാസം വാടക	തൻ വർഷം ലഭിക്കേണ്ട വാടക	ലഭിച്ച വാടക	ബാക്കി
1	ബഷീർ.എ	1/റ്റി.സി.33/905(1)	20000	2198	26376	8792	17584
2	നിഹാസുദ്ദീൻ	2/33/905(2)	10001	2198	26376	8792	17584
3	സെയ്ദ് കുഞ്ഞ്	4/33/905(4)	10000	2198	26376	17584	8792
4	സെയ്ദ് കുഞ്ഞ്	4/33/905(5)	9000	2198	26376	17584	8792
ആകെ							52752

കരാർ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വാടക കുടിശ്ശിക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അഡ്വാൻസ് നിലനിൽക്കുന്ന സാഹചര്യത്തിൽ ടി വിവരം വാടകക്കാരെ അറിയിക്കുകയും, കുടിശ്ശിക അഡ്വാൻസിൽ നിന്ന് പലിശ സഹിതം ഈടാക്കുകയും ചെയ്യേണ്ടതാണ്.

2-14 നഗരസഭ മെയിൻ ഓഫീസ് ലേലത്തുക കുടിശ്ശിക-6,89,881/- രൂപ.

തിരുവനന്തപുരം നഗരസഭ മെയിൻ ഓഫീസ് പരിധിയിലെ ലേലവുമായി ബന്ധപ്പെട്ട് 6,89,881/- രൂപ കുടിശ്ശികയായിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ മെയിൻ ഓഫീസിനു കീഴിലുള്ള പാർക്കിംഗ് ഏര്യ,മാർക്കറ്റ് ,കമ്മ്യൂണിറ്റി ഹാൾ എന്നിവയിൽ നിന്ന് ഈടാക്കാനുള്ള ലേലത്തുകയുടെ വിവരങ്ങൾ ലേല രജിസ്റ്ററിൽ നിന്നും ലഭ്യമായത് ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 107/KSA/TVC-1/2024, Dated 23.11.2024).

ക്രമ നം.	ഇനം	കോൺട്രാക്ടർ	ലേലതുക	ആകെ ഈടാക്കിയത്	ബാക്കി
1	പാർക്കിംഗ് ഏര്യ (ഗാന്ധി പാർക്ക്)	വി. രാധാകൃഷ്ണൻ	1655001	1103354	551647
2	മാർക്കറ്റ് (പേരൂർക്കട)	സലിം.എ	1052000	1021550	30450
3	മാർക്കറ്റ് (കുന്നപ്പുഴ)	റ്റി.വി. ജയമോഹൻ	6000	5215	785
4	കമ്മ്യൂണിറ്റി ഹാൾ (മുടവൻമുഗൾ)	നസീർ.എ	321001	214002	106999
	ആകെ				6,89,881

കരാർ ചമച്ചിട്ടുണ്ടെങ്കിലും വ്യവസ്ഥകൾ പാലിച്ചു കാണുന്നില്ല.കരാർ വ്യവസ്ഥകൾ പ്രകാരം തുടർനടപടി സ്വീകരിച്ച് കുടിശ്ശികയായ 6,89,881/- രൂപ അടിയന്തിരമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-15 ആറ്റിപ്ര സോണൽ- പബ്ലിക് മാർക്കറ്റ് ലേലം - 1,23,998/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ഓഫീസ് പരിധിയിലുള്ള കുളത്തൂർ പബ്ലിക് മാർക്കറ്റിന്റെ 2023-24 സാമ്പത്തിക വർഷത്തെ ലേല കുടിശ്ശിക 1,23,998/- രൂപയാണ് (GST,ITഉൾപ്പെടെ). കുടിശ്ശിക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ഓഫീസ് പരിധിയിലുള്ള കുളത്തൂർ പബ്ലിക് മാർക്കറ്റിന്റെ 2023-24 സാമ്പത്തിക വർഷത്തെ ഫീസ് പിരിവിനുള്ള ലേലം 1,55,000/- രൂപയ്ക്ക് (GST,IT ഒഴികെ) ശ്രീ. ശിവപ്രസാദ് എന്ന വ്യക്തിയ്ക്ക് ഉറപ്പിച്ചു നൽകി. 31.03.2023-ൽ സെലക്ഷൻ നോട്ടീസ് നൽകുകകയും 31.03.2023-ന് ശ്രീ.ശിവപ്രസാദ് 122010110749-ാം നമ്പർ രസീത് പ്രകാരം ആദ്യ ഗഡു ആയി 62003 രൂപ അടവാക്കിയിട്ടുണ്ട്. (51667+GST+IT) എന്നാൽ ലേല നോട്ടീസിലെ 6-ാം നമ്പർ നിബന്ധന പ്രകാരം 200/- രൂപ മുദ്രപത്രത്തിൽ കരാർ ഉടമ്പടി സമർപ്പിച്ചിട്ടില്ല. ഫീസ് പിരിവിനുള്ള അവകാശം നൽകിയതു സംബന്ധിച്ച രേഖകൾ, ലേലത്തിന്റെ ബാക്കി തുക അടവാക്കിയതു സംബന്ധിച്ച രേഖകൾ എന്നിവ ഫയലിനൊപ്പം ലഭ്യമല്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 17.10.2024-ൽ നൽകിയ എൻക്വയറിയ്ക്ക് (നം. 17/കെ.എസ്.എ/ZO-AZ/2023-24) മറുപടി ലഭ്യമാക്കിയില്ല. അടവാക്കാനുള്ള ബാക്കി തുക അടവാക്കി ഓഡിറ്റിനെ രസീതു സഹിതം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ലേല നിബന്ധന പാലിക്കാതെയും കരാർ ഉടമ്പടി ഇല്ലാതെ ലേലം ഉറപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ അടവാക്കാനുള്ള ബാക്കി തുകയായ 1,23,998/- രൂപ(GST,IT ഉൾപ്പെടെ) ആറ്റിപ്ര സോണൽ ഓഫീസ് ചാർജ്ജ് ഓഫീസറുടെ ബാധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

2-16 വിഴിഞ്ഞം സോണൽ ഓഫീസ് പരിധിയിലെ കടമുറികളുടെ ലേലം- വാടകയിനത്തിൽ കുടിശ്ശിക തുക 89295/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.

വിഴിഞ്ഞം സോണൽ കാര്യാലയ പരിധിയിലെ ലേലം ചെയ്ത നൽകിയ കടമുറികളുടെ വാടകയിനത്തിൽ 89,295/- രൂപ 2023-24 സാമ്പത്തിക വർഷം പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കോവളം ഫെസിലിറ്റേഷൻ സെന്ററിലെ 20 കടമുറികൾ, ആമ്പക്കുളം മാർക്കറ്റ് സ്റ്റാളിലെ 10 മുറികൾ, വിഴിഞ്ഞം ഷോപ്പിംഗ് കോംപ്ലക്സിലെ 7 മുറികൾ, വിഴിഞ്ഞം പീപ്പിൽസ് ഹാൾ (2 എണ്ണം) എന്നിവയാണ് വിഴിഞ്ഞം സോണൽ പരിധിയിൽ ലേലം ചെയ്ത് നൽകുന്ന കടമുറികൾ. 2023-24 സാമ്പത്തിക വർഷത്തേക്ക് കടമുറികൾ ലേലം കൊണ്ട എല്ലാ വ്യക്തികളും കൃത്യമായി ലേലത്തുക ഒടുക്കു വരുത്തിയിട്ടില്ല. കടമുറികളുടെ വാടക കുടിശ്ശിക സംബന്ധിക്കുന്ന വിവരം അനുബന്ധം (28) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ലേലത്തുക ഒടുക്കുവരുത്തുന്നതിൽ വീഴ്ചയുണ്ടായതും തുക പിരിച്ചെടുക്കാത്തതും സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 11, 12, 13 തീയതി 15/10/2024 പ്രകാരം ചാർജ്ജ് ഓഫീസറോട് വിശദീകരണം ചോദിച്ചിരുന്നു. എൽക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങളിൽ ഇനിയും വാടക കുടിശ്ശിക പിരിച്ചെടുക്കുവാനവശേഷിക്കുന്ന കടമുറികളെ സംബന്ധിക്കുന്ന വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പിരിച്ചെടുക്കാനവശേഷിക്കുന്ന തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ആകെ 89,295/- രൂപയും ആയതിന്റെ 18% GST തുകയും ഉൾപ്പെടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 നഗരസഭ പരിധിയിൽ നിന്നും ലെഗസി വേസ്റ്റ് നീക്കം ചെയ്ത വകയിൽ ക്ലീൻ കേരള കമ്പനിയ്ക്ക് അധികത്തുക അനുവദിച്ചു - 28,910/- രൂപ നിരാകരിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തെ നഗരസഭയിലെ തനത് ഫണ്ട് ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ ബിൽ നമ്പർ 92/04.07.2023 പ്രകാരം 04.07.2023-ലെ 131553-ാം നമ്പർ ചെക്ക് മുഖേന ലെഗസി വേസ്റ്റ് നീക്കം ചെയ്ത വകയിൽ ക്ലീൻ കേരള കമ്പനിയുടെ പേർക്ക് 19,54,328/- രൂപയുടെ (ജി.എസ്.ടി ഉൾപ്പെടെ) ചെലവ് നടത്തിയിട്ടുള്ളതായി കാണുന്നു. ക്ലീൻ കേരള കമ്പനിയുടെ 20.08.2022-ലെ D23/SER22-23/256 (തുക – 13,41,400/-) 19.09.2022-ലെ D23/SER 22-23/356 (തുക – 2,62,060/-) 30.11.2022 ലെ D23/SER 22-23/625 (തുക – 52,750/-) എന്നീ ഇൻവോയിസുകൾ പ്രകാരമാണ് 19,54,328/- രൂപയുടെ (ഇൻവോയിസ് പ്രകാരമുള്ള തുക 16,56,210/- രൂപ + 18% ജി.എസ്.ടി) ചെലവ് നടത്തിയത്. മേൽപ്പറഞ്ഞവയിൽ 19.09.2022-ലെ D23/SER22-23/356 നമ്പർ ഇൻവോയിസിലെ രേഖപ്പെടുത്തലുകൾ പ്രകാരം ആകെ 23,756 കി.ഗ്രാം വേസ്റ്റ് ആണ് ക്ലീൻ കേരള കമ്പനി നീക്കം ചെയ്തിട്ടുള്ളത്. അംഗീകൃത നിരക്കായ 10 രൂപ/കി.ഗ്രാം നിരക്കിൽ ആകെ 2,37,560/- രൂപയാണ് നൽകേണ്ടിയിരുന്നത് എന്നിരിക്കെ ഇൻവോയിസിൽ തുക 2,62,060/- രൂപ എന്നാണ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത്. ഇതുമൂലം 24,500/- രൂപയും (262060-237560) 18% ജി.എസ്.ടിയും ഉൾപ്പെടെ ആകെ 28,910/- രൂപയുടെ അധിക ചെലവുണ്ടായി. ടി വിഷയം സംബന്ധിച്ച് 04.10.2024-ലെ 64/കെ.എസ്.എ/ടിവിസി.6/2024 നമ്പർ ഓഡിറ്റ് എൻക്വയറി സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക ചെലവ് ആയ തുക 28,910/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

3-2 തണൽ പാലിയേറ്റീവ് കെയർ പദ്ധതി-8,29,230/-രൂപ നിരാകരിക്കുന്നു

പ്രോജക്ട് നം	SO772/24
പ്രോജക്ടിന്റെ പേര്	തണൽ പാലിയേറ്റീവ് കെയർ
അടങ്കൽ തുക	1,10,00,000/- രൂപ
ചെലവ് തുക	1,09,21,067/-രൂപ
ഫണ്ടിനം	വികസന ഫണ്ട് (ജനറൽ)
നിർവ്വഹണോദ്യോഗസ്ഥൻ	Dr.ഗോപകുമാർ. ആർ. എസ്, ഹെൽത്ത് ഓഫീസർ

തണൽ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ഭാഗമായി നേഴ്സുമാർക്ക് ഹോണറേറിയം നൽകൽ വാഹന വാടക, മരുന്ന് വാങ്ങൽ അനുബന്ധ ചെലവുകൾ എന്നിവയ്ക്കായാണ് 11000000/- രൂപ അടങ്കലിൽ മേൽ പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ടുമായി ബന്ധപ്പെട്ട് വാഹന വാടക നൽകുന്നതിനായി 26,14,610/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് രേഖകളുടെ പരിശോധനയിൽ ഒരേ കാലയളവിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി രണ്ട് തവണ ടെണ്ടർ ക്ഷണിക്കുകയും വ്യത്യസ്ത നിരക്കിൽ ഒരേ കരാറുകാരന് കരാർ ഉറപ്പിച്ച് നൽകുകയും ചെയ്തതായി കാണുന്നു. ഇതിന് പുറമേ കരാറിന് വിരുദ്ധമായി വാഹനവാടക നൽകിയതായും കാണുന്നു. ഇതുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. ഒരേ കാലയളവിൽ രണ്ട് കരാറുകൾ -വ്യത്യസ്ത നിരക്ക്

തണൽ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായുള്ള ഗൃഹ സന്ദർശനത്തിന് ഉപയോഗിച്ചിരിക്കുന്ന വാഹനങ്ങൾക്ക് വ്യത്യസ്ത നിരക്കിലാണ് വാടക കരാർ ഉറപ്പിച്ച് നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കരാറുകാരൻ - ശ്രീ.ബിനോയ്.റ്റി.പി.

ക്രമ നം.	കരാറിന്റെ വിശദാംശം	കരാർ ചമച്ച തീയതി	അംഗീകരിച്ച നിരക്ക്. (രൂപ)	കൗൺസിൽ തീരുമാനം/തീയതി
1.	പുതുതായി ആരംഭിച്ച 5 യൂണിറ്റുകൾക്കുള്ളത്.	18.04.2023	പ്രതിമാസം 1500 കി.മി.ന് 34,343/-	3 (ഡി)15,തീ.31.10.22
2.	പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 8 യൂണിറ്റുകൾക്കുള്ളത്.	31.05.2023	പ്രതിമാസം 1500	3 (ഡി)6,തീ.09.10.23

			കി.മി.ന്38,800/-	

മേൽ കരാറുകളുടെ അടിസ്ഥാനത്തിൽ പുതുതായി ആരംഭിച്ച 5 യൂണിറ്റുകളിലെ ഉപയോഗത്തിന് 34,343/ രൂപ നിരക്കിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 8 യൂണിറ്റുകൾക്ക് 38,800/-രൂപ നിരക്കിലുമാണ് വാഹന വാടക അനുവദിച്ചിരിക്കുന്നത്. ഒരേ കാലയളവിൽ ഒരേ ആവശ്യത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് രണ്ട് പ്രാവശ്യം ടെണ്ടർ ക്ഷണിക്കുകയും വ്യത്യസ്ത നിരക്കിൽ വാടക ഈടാക്കുന്നതിനുള്ള കരാറിൽ ഏർപ്പെടുകയും ചെയ്തതിന് വ്യക്തത വരുത്തേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.09/കെ.എസ്.എ./റ്റി.വി.സി.5/2023-24,തിയതി 25.07.2024) മറുപടിയിൽ പുതിയ 5 യൂണിറ്റുകൾ തുടങ്ങുന്നതിന് തീരുമാനിച്ചത് പ്രകാരം 17.10.2022 -ന് നടത്തിയ ടെണ്ടർ നടപടി പ്രകാരമാണ് പുതിയ ഹോംകെയർ വാഹനത്തിന്റെ ടെൻഡർ ലഭ്യമായതെന്നും ആ സമയത്ത് 2022-23 ലേയ്ക്ക് നേരത്തെ തന്നെ 8 വാഹനങ്ങൾ എഗ്രിമെന്റ് വച്ച് ഹോംകെയർ നടത്തി വന്നിരുന്നുവെന്നും, പ്രസ്തുത എഗ്രിമെന്റ് കാലാവധി തീർന്നതിന് ശേഷമാണ് വീണ്ടും ടെണ്ടർ നടത്തി ശ്രീ.ബിനോയ്.ടി.പി. യ്ക്ക് കരാർ ഉറപ്പിച്ച് നൽകിയതെന്നും അതിനാലാണ് രണ്ട് ടെണ്ടർ നടപടിയും രണ്ട് തരം വാടകയും വന്നത് എന്നാണ് പറഞ്ഞിരിക്കുന്നത് .

കരാർ പ്രകാരം ഉപയോഗിക്കേണ്ട വാഹനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

ക്രമ നം.	18.04.2023-ലെ കരാർ പ്രകാരമുള്ള വാഹനങ്ങൾ	18.04.2023-ലെ കരാർ പ്രകാരം **പകരം** വാഹനമായി ഉപയോഗിക്കാവുന്നത്.	31.05.2023-ലെ കരാർ പ്രകാരമുള്ള വാഹനങ്ങൾ
1.	KL 01 CF 4310 (Maruti Ertiga)	KL 01 AP 5197 (Maruti Omini)	KL 22 J 7997 (Chevrolet Enjoy)
2.	KL 65 G 6808 (Toyota Innova)	KL 01 CM 7742(Maruti Wagnor)	KL 22 F 0155 (Chevrolet Enjoy)
3.	KL 36F 1527 (Maruti Ertiga)	KL 21 M 9261 (Honda Mobilio)	KL 01 BH 6069 (Maruti Ertiga)
4.	KL 01 CL 3766 (Maruti Ertiga)		KL 36F 1527 (Maruti Ertiga)
5.	KL 21R 9104 (Maruti Ertiga)		KL01 BQ 2025(Toyota Innova)
6.	-		KL 01 CK 6592 (Innova Crysta)
7.	-		KL 21 R 9104 (Maruti Ertiga)
8.	-		KL 22 D 4704 (Tavera)

മേൽ പട്ടികയിൽ നിന്നും KL 36F 1527 (Maruti Ertiga) എന്ന വാഹനം രണ്ട് കരാറിലും ഉൾപ്പെട്ടിട്ടുണ്ട് എന്ന് കാണാൻ കഴിയും. പ്രസ്തുത വാഹനം 06/2023-ൽ ചെട്ടിവിളാകം പി.എച്ച്.സി.യിൽ ഗൃഹസന്ദർശനം നടത്തുന്നതിനായി ഉപയോഗിക്കുകയും 38,800/- രൂപ നിരക്കിൽ വാടക നൽകുകയും ചെയ്തിട്ടുണ്ട്. ഇതേ വാഹനം 07/23,09/23,10/23എന്നീ മാസങ്ങളിൽ തിരുവല്ലം പി.എച്ച്.സി.യിൽ ഉപയോഗിച്ച അവസരത്തിൽ 34,343/-രൂപ നിരക്കിലാണ് വാടക നൽകിയത്. ഒരേ വാഹനത്തെ തന്നെ വ്യത്യസ്ത നിരക്കിൽ ഉപയോഗിക്കുന്നതിനുള്ള രണ്ട് കരാറുകളിലും ഉൾപ്പെടുത്തി കരാർ ഉറപ്പിച്ച് നൽകിയതിനാലാണ് വ്യത്യസ്ത നിരക്കുകളിൽ വാടക നൽകേണ്ടി വന്നത്. (ബിൽ നം .269/18.08.23,512/21.10.23,621/18.11.23).

18.04.2023, 31.05.2023 തീയതികളിലെ കരാർ പ്രകാരം യഥാക്രമം 34,343/-രൂപ, 38,800/-രൂപ വീതമാണ് പ്രതിമാസ വണ്ടിവാടക. പാലിയേറ്റീവ് കെയർ പരിചരണപദ്ധതിയിൽ ഹോംകെയർ അനിവാര്യഘടകമാണെങ്കിലും ഏകദേശം ഒരേ കാലയളവിൽ ഒരേ കരാറുകാരന് തന്നെ പ്രതിമാസം 4,457/- രൂപ അധികം നിരക്കിൽ കരാർ ഉറപ്പിച്ച് നൽകിയതിനാൽ വാഹനവാടകയിനത്തിൽ വികസന ഫണ്ടിൽ നിന്നും അധികം തുക ചെലവഴിക്കേണ്ടി വന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. കരാറിന് വിരുദ്ധമായി വാടക നൽകി -8,29,230/- രൂപ നിരാകരിക്കുന്നു

രേഖകളുടെ പരിശോധനയിൽ കരാറിന് വിരുദ്ധമായി ഗൃഹപരിചരണത്തിന് 5 പേർക്ക് സഞ്ചരിക്കാവുന്ന ചുവടെപ്പറയുന്ന വാഹനങ്ങൾ ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇതിൽ ക്രമ നം. 3 മുതൽ 6 വരെയുള്ള വാഹനങ്ങൾ മേൽ പറഞ്ഞിരിക്കുന്ന രണ്ട് കരാറുകളിലും ഉൾപ്പെട്ടിട്ടില്ല.

1. KL 01 AP 5197 (Maruti Omini)
2. KL 01 CM 7742(Maruti Wagnor)
3. KL 21R 8873 (Maruti Wagnor)
4. KL 20J 4957 (Toyota Etios)
5. KL 01 CP 2259 (Datsun Go) A(O)
6. KL 22R 5219 (Maruti Tour)
7. KL 01 BQ 2292 (Maruti Eeco)

പ്രസ്തുത വാഹനങ്ങൾക്ക് വാടകയിനത്തിൽ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു .

ക്രമ നം.	ബിൽ നം./തീയതി	ഉപയോഗിച്ച വാഹനം	നൽകിയ തുക(രൂപ)

1.	62079/05.06.2023 (മാർച്ച് 2023 ലെ വാഹന വാടക)	KL 21R 8873	24242 *
		KL 01 AP 5197	24242
		KL 20J 4957	24242
		KL 01 CM 7742	24242
2.	62086/05.06.2023 (ഏപ്രിൽ 2023 ലെ വാഹന വാടക)	KL 21R 8873	24242
		KL 01 AP 5197	24242
		KL 20J 4957	24242
		KL 01 CM 7742	24242
		KL 01 CP 2259	24242
3.	99586/11.07.2023 (മെയ് 2023 ലെ വാഹന വാടക)	KL 21R 8873	24242
		KL 22R 5219	24242
		KL 01 AP 5197	24242
		KL 20J 4957	24242
		KL 01 CM 7742	24242
		KL 01 CP 2259	24242
4.	55502/18.08.23 (ജൂൺ 2023 ലെ വാഹന വാടക)	KL21R 8873	38800
		KL 01 AP 5197	38800
		KL 01 CP 2259	38800
5.	8243/21.10.23 (ജൂലൈ 2023 ലെ വാഹന വാടക)	KL 01 CP 2259	38800
		KL 01 AP 5197	38800
		KL 21R 8873	38800
6.	8243/21.10.23 (ഓഗസ്റ്റ് 2023 ലെ വാഹന വാടക)	KL 01 CP 2259	38800
		KL 01 BQ 2292	38800
7	8243/21.10.23 (സെപ്റ്റംബർ 2023 ലെ വാഹന വാടക)	KL 01 CP 2259	38800
		KL 01 BQ 2292	38800
8	8144/18.11.23 (ഒക്ടോബർ 2023 ലെ വാഹന വാടക)	KL 01 BQ 2292	38800
		KL 01 CP 2259	38800
ആകെ			8,29,230/-

(*2022-23 ലെ വാഹന വാടക കരാർ തുക24242/-രൂപയാണ്)

പാലിയേറ്റീവ് പരിചരണത്തിന് ആവശ്യമായ സൗകര്യങ്ങളില്ലാത്ത ചെറുവാഹനങ്ങൾക്ക് കരാറിന് വിരുദ്ധമായി വാടക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/കെ.എസ്.എ./ടി.വി.സി.5/2023-24,തീയതി 25.07.24) ചെറിയ റോഡുകളിൽ ഹോംകെയർ നടത്തുന്നതിനാണ് 5 സീറ്റുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നത് എന്ന മറുപടിയാണ് നൽകിയത്. കരാറിൽ വളരെ വ്യക്തമായി 7 പേർക്ക് സഞ്ചരിക്കാവുന്ന വാഹനങ്ങൾ എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതിനാൽ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. അതിനാൽ പാലിയേറ്റീവ് പരിചരണത്തിന് ഹോംകെയർ ടീമിന് സഞ്ചരിക്കുവാൻ പര്യാപ്തമല്ലാത്ത ചെറു വാഹനങ്ങൾക്ക് പദ്ധതി പ്രകാരം വാടക അനുവദിച്ച 8,29,230/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവഹണോദ്യോഗസ്ഥന്റെ ബാധ്യത ആയിരിക്കും.

3) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യഥാസമയം യോഗം ചേർന്നിട്ടില്ല.

സ.ഉ.(സാധാ) നം.553/2019 ത.സ്വ.ഭ.വ തീ.07.03.19 ഖ.2.9.2 പ്രകാരം പി.എം.സി. രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റിവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഓരോ മാസത്തെയും പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് -ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാ മൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

എന്നാൽ ഹാജരാക്കിയ മിനിട്ട്സ് പ്രകാരം 2023-24സാമ്പത്തിക വർഷം ഒരു തവണ (08.12.2023ൽ) മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

പാലിയേറ്റീവ് കെയർ പരിചരണ പ്രവർത്തനങ്ങളുടെ മാർഗരേഖയിൽ നിഷ്കർഷിക്കും പ്രകാരം പി.എം.സി. യഥാവിധി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുവെന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

3-3 സർക്കാർ ഉത്തരവ് പ്രകാരം ഈടാക്കാവുന്ന പരമാവധി വിലയിലധികരിച്ച തുകയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി മൾട്ടി മീഡിയ പ്രൊജക്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി -32,46,197/-രൂപ നിരാകരിക്കുന്നു.

ക്രമ നം	പ്രോജക്ട് നം,പേര്	അടങ്കൽ തുക,ഫണ്ടിനം	ചെലവ് തുക	ബിൽ നം.,തീയതി
01	822/2024,തീരദേശ മേഖലയിലെ കുട്ടികൾക്ക് സായാഹ്ന പഠിപ്പുരകൾ	6,50,000/- വികസന ഫണ്ട് (പൊതു വിഭാഗം)	6,49,076/-	362/07.09.2023 570/07.11.2023 1756/27.02.2024

				1757/27.02.2024.
നിർവ്വഹണോദ്യോഗസ്ഥൻ:തങ്കമണി.ജെ (09.08.2023AN-05.02.2024FN),സുരേഷ്ബാബു.ആർ.എസ് (05.02.2024AN-31.03.2024),ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം				
02	823/24,സ്കൂളുകൾക്ക് ആവശ്യമായ പ്രിന്റർ, പ്രൊജക്ടർ, സൌണ്ട് സിസ്റ്റം,ഫയർ എക്സ്റ്റിംഗ്യൂഷർ വാങ്ങി നൽകൽ.	43,00,000,വികസനഫണ്ട് (പൊതു വിഭാഗം),തനത്ഫണ്ട്	42,96,268	52/20.06.2023 227/08.08.2023 277/18.08.2023 281/19.08.2023
നിർവ്വഹണോദ്യോഗസ്ഥൻ - കൃഷ്ണകുമാർ.സി.സി (01.04.2023-09.08.2023FN),തങ്കമണി.ജെ (09.08.2023AN-05.02.2024FN),ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം				
03	SO1034/24,സ്കൂളുകൾക്ക് ആവശ്യമായ പ്രിന്റർ, പ്രൊജക്ടർ, സൌണ്ട് സിസ്റ്റം, ഫയർ എക്സ്റ്റിംഗ്യൂഷർ വാങ്ങി നൽകൽ	68,49,880,വികസനഫണ്ട് (പൊതു വിഭാഗം)	68,46,970	27/15.06.2023 282/19.08.2023
നിർവ്വഹണോദ്യോഗസ്ഥൻ-കൃഷ്ണകുമാർ.സി.സി,(01.04.2023-09.08.2023FN),തങ്കമണി.ജെ(09.08.2023AN-05.02.2024FN), ഡെപ്യൂട്ടി ഡയറക്ടർ,പൊതു വിദ്യാഭ്യാസം				
04	SO 1032/2024 തീരദേശ മേഖലയിലെ കുട്ടികൾക്ക് സായാഹ്ന പഠിപ്പുരകൾ	3,50,217/-വികസനഫണ്ട് (പൊതു വിഭാഗം)	3,50,217/-	26/15.06.2023
നിർവ്വഹണോദ്യോഗസ്ഥൻ - കൃഷ്ണകുമാർ.സി.സി,(01.04.2023-09.08.2023FN) ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം				

822/24 നമ്പർ പദ്ധതി പ്രകാരം 6,49,076രൂപ ചെലവഴിച്ച് തീരദേശത്തെ 05 വിദ്യഭ്യാസ സ്ഥാപനങ്ങൾക്ക് 5 വീതം, ലാപ് ടോപ്പുകൾ,മൾട്ടി മീഡിയ പ്രൊജക്ടറുകൾ,പ്രൊജക്ടർ സ്ക്രീനുകൾ എന്നിവയും ബെഞ്ച്,ഡെസ്ക്,വൈറ്റ് ബോർഡ് മുതലായവയും 823/24 നമ്പർ പദ്ധതി പ്രകാരം 42,96,268രൂപ ചെലവഴിച്ച് നഗരസഭയ്ക്ക് കീഴിലുള്ള വിവിധ സ്കൂളുകളിലേയ്ക്ക് 25 മൾട്ടി മീഡിയ പ്രൊജക്ടറുകൾ,194 പ്രൊജക്ടർ സ്ക്രീനുകൾ എന്നിവയും 1034/24 നമ്പർ പദ്ധതി പ്രകാരം 68,46,970രൂപ ചെലവഴിച്ച് വിവിധ സ്കൂളുകളിലേയ്ക്ക് 145മൾട്ടി മീഡിയ പ്രൊജക്ടറുകൾ,2 പ്രൊജക്ടർ സ്ക്രീനുകൾ,62 എച്ച്പി ലേസർ പ്രിന്ററുകൾ എന്നിവയും വാങ്ങി. ഇവയിൽ ലാപ് ടോപ്പ് ഒഴികെയുള്ളവ ടെണ്ടർ ഒഴിവാക്കി KADCO യിൽ നിന്നാണ് വാങ്ങിയത്.822/24 നമ്പർ പദ്ധതി പ്രകാരം 5 ലാപ് ടോപ്പുകൾ കെൽട്രോണിൽ നിന്നാണ് വാങ്ങിയത്.1032/24 നമ്പർ പദ്ധതി പ്രകാരം 3,50,217രൂപ ചെലവഴിച്ച് തീരദേശത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 06വീതം മൾട്ടി മീഡിയ പ്രൊജക്ടറുകൾ, പ്രൊജക്ടർ സ്ക്രീനുകൾ എന്നിവ ടെണ്ടർ ഒഴിവാക്കി SIDCO യിൽ നിന്നാണ് വാങ്ങിയത്.

സർക്കാർ നിശ്ചയിച്ചിട്ടുള്ള പരമാവധി വിലയിലധികരിച്ചാണ് മേൽ സ്ഥാപനങ്ങളിൽ നിന്ന് ഇവ വാങ്ങിയിട്ടുള്ളത് .വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

